65,000 കോപ്പികൾ വിറ്റഴിഞ്ഞ നോവൽ

സ്മാരക ശിലകൾ

പുനത്തിൽ കുഞ്ഞബ്ദുള്ള

dcb

പുനത്തിൽ കുഞ്ഞബ്ദുള്ള

1940-ൽ ജനിച്ചു. അലിഗഢ് മുസ്‌ലിം സർവ്വകലാശാലയിൽനിന്ന് എം.ബി.ബി.എസ്. ബിരുദം നേടി. നോവൽ, കഥകൾ, നോവലെറ്റുകൾ, അനുഭവങ്ങൾ, യാത്രാവിവരണം എന്നീ വിഭാഗങ്ങളിലായി 35 കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, മുട്ടത്തുവർക്കി അവാർഡ്, വിശ്വദീപം അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

സ്മാരകശിലകൾ

പുനത്തിൽ കുഞ്ഞബ്ദുള്ള

സ്മാരകശിലകൾ

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും
കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ച നോവൽ

ഡിസി ബുക്സ്

MALAYALAM LANGUAGE
Smārakasilakal

LITERATURE/NOVEL
by Punathil Kunhabdulla

Rights Reserved
First Published March 1977
First DCB Edition August 1993
19th impression February 2013

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-mail: customercare@dcbooks.com

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C Books Library Cataloging in Publication Data

Kunhabdulla, Punathil.
Smarakasilakal / Punathil Kunhabdulla.
264p., 21cm.
ISBN 81-7130-181-9.
1. Malayalam novel. I. Title.
8M3*–dc 22

*(This is local variation of DDC Number for Malayalam literature: Smarakasilakal.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-181-9

765/12-13-Sl.No. 12539-dcb 1416-(19)3000-4000-02-13-Sir. 18.1-p as-r(t) pm-d(t) aj

ആസ്വാദനത്തിൻറെ ആരംഭം

വിശാലമായ പള്ളിക്കു ചുറ്റും പള്ളിപ്പറമ്പാണ്. പറമ്പു നിറയെ ശ്മശാനം. കെട്ടുകഥകൾ പറയാൻ കഴിയുന്ന അത്രയുംപേർ ആ ശ്മശാനത്തിൽ കുടികൊള്ളുന്നു.

ഇങ്ങനെയാണ് സ്മാരകശിലകൾ ആരംഭിക്കുന്നത്.

ശ്മശാനത്തിൽ കുടികൊള്ളുന്ന അസംഖ്യം കഥാപാത്രങ്ങൾ നോവലിൻറെ രസതന്ത്രശാലയിൽ ഉയിർത്തെണീക്കുകയും അവരവരുടെ ജീവിതം ഒരിക്കൽക്കൂടെ ആടിത്തീർക്കുകയും ചെയ്യുന്നു. ഇവിടെ നോവലിസ്റ്റിന് ശില്പശാല ഇല്ല, രസതന്ത്രശാലയേ ഉള്ളൂ. രാസപരിണാമത്തിൽ ജീവിതകഥകൾ കെട്ടുകഥകളായി രൂപാന്തരപ്പെടുന്നു. ഈ പരിണാമത്തിലേക്കുള്ള ജീവിതത്തിൻറെയും നോവലിൻറെയും പ്രയാണമത്രേ സ്മാരകശിലകളിൽ കണ്ടെത്താവുന്ന സവിശേഷദൃശ്യം.

ചോരക്കുഞ്ഞിൻറെ ചുണ്ടുകളിൽ തേനിൽ സ്വർണനാണയം ചാലിച്ചു കൊടുത്തശേഷം ഖാൻബഹദൂർ പൂക്കോയതങ്ങൾ വിളിച്ചു: പൂക്കുഞ്ഞിബീ...

അറയ്ക്കൽ തറവാട്ടിൽ പിറന്ന അരുമപ്പെൺകുഞ്ഞിന് പൂക്കുഞ്ഞി ബീയാകാനേ വൈക്കൂ. അവളുടെ അമ്മ ആറ്റബീ. പൂക്കോയതങ്ങൾ ആറ്റേ എന്നു മാത്രം ബീവിയെ സ്നേഹപൂർവം വിളിക്കുന്നു.

പൂക്കുഞ്ഞിബീ വളർന്നു. അവളുടെ മനസ്സുനിറയെ കഥകളായിരുന്നു; ജിന്നിൻറെയും രാജകുമാരൻറെയും കഥകൾ. കഥയിൽ രാജകുമാരൻ കുതിരപ്പുറത്തേറി വരുന്നു; രാജകുമാരിയെ റാഞ്ചിയെടുത്തു കുതിരപ്പുറത്തിരുത്തി തന്നോടടുപ്പിച്ചു പിടിച്ച് കുതിരയെ പായിക്കുന്നു.

രാജകുമാരൻറെയും രാജകുമാരിയുടെയും കഥകൾ കേട്ടു വളർന്ന പൂക്കുഞ്ഞിബീയുടെ വിവാഹം നടന്നു. അവളുടെ മണവാളൻ നിസ്സഹായനായ ഒരു ക്ഷയരോഗിയായിരുന്നു. അവൻ കട്ടിലിൽ കിടന്നു ചുമച്ചു ചോര തുപ്പി, പിന്നെ മയങ്ങി. മണിയറയുടെ ജനൽപാളികളിൽ കൈ മടക്കി മുട്ടിക്കൊണ്ട് എത്രയോ കാലമായി അവൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന രാജകുമാരൻ പൂക്കുഞ്ഞിബീയെ വിളിച്ചു:

വാ!

പുറത്തു പതിന്നാലാം രാവ്. ആ നിലാവിൽ രാജകുമാരനും അരികെ കുതിരയും നില്ക്കുന്നു.

കാന്തവിളക്കിൻറെ ഒച്ചപോലെ രാജകുമാരൻ വിളിച്ചു: വാ...വാ...വാ...

മണിയറയുടെ വാതിൽ തുറന്ന്, എല്ലാ വാതിലുകളും ഒന്നിനു പുറകേ ഒന്നായി തുറന്ന്, പൂക്കുഞ്ഞിബീ വെളിയിൽ കടന്നു. രാജകുമാരൻ അവളെ റാഞ്ചിയെടുത്തു. രാജകുമാരനും കുതിരയും പൂക്കുഞ്ഞിബീയും പാഞ്ഞുപോകുന്നു.

ഗോസായിക്കുന്നിൻറെ താഴ്വരയിൽ കടപ്പുറത്തെ വിജനതയിൽ ഒരു സ്വർണമത്സ്യംപോലെ പൂക്കുഞ്ഞിബീ അടിഞ്ഞുകിടന്നു. നനഞ്ഞ പൂഴിയിൽ നുരയ്ക്കുന്ന തിരമാലകൾ തണുത്ത ശരീരത്തെ ഇടയ്ക്കിടെ നനച്ചുകൊണ്ടിരുന്നു.

പൂക്കുഞ്ഞിബീ കടലിൽ ചാടി ആത്മഹത്യചെയ്തു. പക്ഷേ, പൂക്കുഞ്ഞിബീ കടലിൽ ചാടിയെന്നോ തർക്കൊലചെയ്തു എന്നോ കുഞ്ഞബ്ദുള്ള പറയുന്നില്ല. യഥാതഥത്തെ അയഥാർഥമെന്നു തോന്നും മട്ടിൽ പറഞ്ഞുതീർക്കാൻ കുഞ്ഞബ്ദുള്ളയുടെ കഥനവൈഭവം വളർന്നുകഴിഞ്ഞിട്ടുണ്ട്; അത്രത്തോളം മലയാള നോവലും. പൂക്കുഞ്ഞിബീയെയും കൂട്ടരെയും മലയാണ്മയുടെ മുലപ്പാൽ കൂടുതൽ മണക്കുന്നുണ്ടെന്നും പറയട്ടെ. അവർ വടകരയിൽനിന്നായതുകൊണ്ടാവാം, തച്ചോളിപ്പാട്ടുകളുടെ, വടക്കൻപാട്ടുകളുടെ നാട്ടിൽനിന്ന്, കടത്തനാട്ടിൽ നിന്ന്.

കെട്ടുകഥകൾ ചമയ്ക്കുന്ന ഈ സിദ്ധിയുടെ ഉറവിടവും കണ്ടെത്താൻ കഴിയും. സ്മാരകശിലകൾ എഴുതിത്തീർന്നിട്ടാണ് 'തകർന്ന മുരളി ' എന്നൊരു ലേഖനം കുഞ്ഞബ്ദുള്ള എഴുതിയത്. താനെഴുതിയ ആദ്യത്തെ കഥ 'ഒരു സ്മാരകശിലയായി ഇപ്പോഴും മനസ്സിൽ തറച്ചുനില്ക്കുന്നു' എന്നു പ്രസ്തുത ലേഖനത്തിൽ കുഞ്ഞബ്ദുള്ള ഏറ്റുപറഞ്ഞിട്ടുണ്ട്. ആദ്യത്തെ കഥ നഷ്ടപ്പെട്ടുപോയി, കഥയുടെ ഓർമ ഒരു മീസാൻ കല്ലിൻറെ ഭാരത്തോടെ മനസ്സിൽ തറച്ചുനില്ക്കുന്നു.

കുഞ്ഞബ്ദുള്ളയുടെ മനസ്സിൽ ഒരു ശ്മശാനംതന്നെ കിടന്നുറങ്ങുന്നുണ്ടായിരിക്കണം; ജീവനുള്ള ഒരു ശ്മശാനം. ശ്മശാനത്തിൽ കെട്ടുകഥകൾ പറഞ്ഞുകിടക്കുന്നവരിൽ ഒരാൾ തൻറെ അമ്മയാകുന്നു. എത്രയോ കഥകൾ അമ്മ മകനെ കേൾപ്പിച്ചിട്ടുണ്ട് ! കുഞ്ഞുമോനെ വയറോട് ഒട്ടിക്കിടത്തി ചന്തിയിൽ താളംപിടിച്ചുകൊണ്ട് അമ്മ പറഞ്ഞു:

കുഞ്ഞുമോനുറങ്ങ്.

ഒരു കത പറഞ്ഞുതാ.

എന്തു കത?

ജിന്നിൻറെ.

ജിന്നിൻറെ കഥകൾ

മലക്കുകളുടെ കഥകൾ

ഇഫരീത്തിൻറെ കഥകൾ

ശൈത്താൻറെ കഥകൾ

ഉറുഹാനിയുടെ കഥകൾ

പള്ളിപ്പറമ്പുകളുടെയും പള്ളികളുടെയും ശേഖുമാരുടെയും കഥകൾ.

ഇതൊക്കെ നോവലിസ്റ്റിൻറെ നാലാമത്തെ വയസ്സിലും നാലു വയസ്സിനു മുമ്പും സംഭവിച്ചിട്ടുള്ളതാകുന്നു. കുഞ്ഞബ്ദുള്ളയുടെ അഞ്ചാമത്തെ വയസ്സിൽ അമ്മ മരിച്ചു. അമ്മ മരിച്ചതോ പോകട്ടെ, അമ്മയുടെ കാലിൽ കുഞ്ഞുമോൻ ചങ്ങലയിടുകയുമുണ്ടായി. അമ്മയ്ക്കു ഭ്രാന്തായിരുന്നു. ചങ്ങലയ്ക്കിട്ടു പൂട്ടാൻ ഇനിയൊരാൾക്കും അടുക്കാൻ വയ്യാത്ത കൊടുംഭ്രാന്തിലും അമ്മ ഈ മകനെ ഉപദ്രവിച്ചില്ല. മനസ്സിൻറെ നിഗൂഢരഹസ്യങ്ങൾ ആരറിഞ്ഞു! മകൻ തളച്ചിട്ട ചങ്ങലയിൽ അഞ്ചു ദിവസം കിടന്ന് അമ്മ മരിച്ചുപോയി.

വിവാഹം കഴിഞ്ഞിട്ട് അഞ്ചാംപക്കം പൂക്കുഞ്ഞിബീ മരിക്കുന്നു.

പള്ളിപ്പറമ്പിനെക്കാൾ വിശാലമായ ഒരു ലോകം മടപ്പള്ളി ഹൈസ്കൂളിൽ പഠിക്കുമ്പോൾ കുഞ്ഞബ്ദുള്ള കണ്ടെത്തി. ഉറുഹാനിയുടെയും മലക്കുകളുടെയും കെട്ടുകഥകൾ കേട്ടു വളർന്ന കുട്ടി.

കാളിന്ദിയാറ്റിൻകരയിൽ

കണ്ണിന്നമൃതധാരയായ്

പരപ്പിലുണ്ടോരാരാരോമൽ

പച്ചപ്പുൽത്തകിടിപ്പുറം

എന്നു പാടി നടക്കാൻതുടങ്ങി. അന്ന് കാളിന്ദീനദിയും വൃന്ദാവനവും ഗോപവാടങ്ങളും മഥുരയും വളരെവളരെ അകലെയായിരുന്നു. അന്നത്തെ വിദൂരാത്ഭുതാഭിനിവേശങ്ങൾ അലിഗഢിൽ പഠിക്കാൻ പോയപ്പോൾ പുനത്തിൽ കുഞ്ഞബ്ദുള്ള സ്വയം സാക്ഷാത്കരിച്ചിട്ടുണ്ട്.

മടപ്പള്ളിയിലെ കൂട്ടുകാരനായിരുന്ന സ്വാമിനാഥനാണ് കാളിന്ദിയുടെയും കൃഷ്ണൻറെയും കഥകൾ കുഞ്ഞബ്ദുള്ളയോടു പറഞ്ഞത്. സ്വാമിനാഥൻറെ ദുരന്തവും കുറഞ്ഞ വാക്കുകളിൽ കുഞ്ഞബ്ദുള്ള വിവരിച്ചിട്ടുണ്ട്. സ്വാമിനാഥനും ഭ്രാന്തനായി കലാശിച്ചു! ചിരികൾക്കിടയിൽ കനത്ത ദുഃഖങ്ങൾ ഒളിച്ചുവെക്കുന്ന ഈ കലാകാരൻ സ്വാമിനാഥൻറെ ദുരന്തത്തെക്കുറിച്ചു പറയുന്നു. അവനു വെളിപാടുണ്ടായി.

യഥാതഥം അയഥാർഥമായും അയഥാർഥം യഥാതഥമായും തോന്നുന്ന വെളിപാടുണരുമ്പോൾ പുനത്തിൽ കുഞ്ഞബ്ദുള്ള കഥകൾ എഴുതുന്നു; അതെ, പുരാതനമായ ആ പള്ളിയുടെയും പള്ളിപ്പറമ്പിൻറെയും കഥ തന്നെ.

പക്ഷേ, ഏതു പള്ളി ?

പുരാതനമായ പള്ളി എന്നു മാത്രം കുഞ്ഞബ്ദുള്ള പറയുന്നു.

പള്ളിയുടെ പരിവട്ടത്തിൽ അമ്പലമുണ്ട്. അറയ്ക്കലമ്പലം. അമ്പലത്തിൽ നിന്ന് ആണ്ടിമലയൻറെ ചെണ്ടകൊട്ട് പൂക്കുഞ്ഞിബീ കേൾക്കുന്നുണ്ട്. തിറയുടെ ദിവസം അവൾ ഉറങ്ങാറുമില്ല. കരിമരുന്നിൻറെ ഒച്ച കേൾക്കുമ്പോൾ ഉറക്കം ഞെട്ടും. അറയ്ക്കലമ്പലം പള്ളിയിൽനിന്നും ഏറെ ദൂരത്തല്ല. പള്ളിപ്പറമ്പിനും അറയ്ക്കൽ തറവാടിനും തമ്മിലാകട്ടെ, പ്രാചീനമായ ഒരു കന്മതിലിൻറെ അകലമേ ഉള്ളൂ. പ്രശസ്തമായ ഈ തറവാടിന് അമ്പലത്തിൻറെതന്നെ പേരാണു വീണത്. അറയ്ക്കലമ്പലം അറയ്ക്കൽ തറവാട്.

അറയ്ക്കലമ്പലം പള്ളിയെക്കാൾ പുരാതനമായിരുന്നു. അമ്പലത്തിനുംമുമ്പ് അവിടെ എന്താണുണ്ടായിരുന്നതെന്ന് കുഞ്ഞബ്ദുള്ള യാതൊന്നും പറഞ്ഞില്ല. കേരളത്തിലെ മനുഷ്യപാരമ്പര്യത്തിന് അമ്പലങ്ങളെക്കാൾ പഴക്കമുണ്ട്. പക്ഷേ, അത്തരം ഒരു ഐതിഹ്യത്തിൻറെ കെട്ടുകഥ അമ്മ പറഞ്ഞിട്ടുണ്ടാവില്ല.

സിങ്കപ്പൂരിൽനിന്നു കൊണ്ടുവന്ന ബുദ്ധമതക്കാരനായ ഒരാശാരിയാണ് അറയ്ക്കൽതറവാടിൻറെ കൊട്ടാരംപോലുള്ള കെട്ടിടം പണിതത്. താമസക്കാർ കയറി പാലുകാച്ചും മുമ്പ് ബുദ്ധനാശാരി മരിച്ചു. ഇതൊരു ദുർലക്ഷണംതന്നെ.

പ്രതാപശാലിയായ ഖാൻബഹദൂർ പൂക്കോയത്തങ്ങളുടെ കുതിരയും കുതിരക്കാരൻ ബുദ്ധനദ്രാമാനും സിങ്കപ്പൂരിൽനിന്നു വന്നവരാകുന്നു. പടിപ്പുര കാവൽക്കാർ ബുഹാരി ഗുർഖയാണ്; അവൻറെ മകൻ കുട്ടി ഹൈദ്രോസാകട്ടെ, അടുക്കളപ്പയ്യനും. ഇവർക്കെല്ലാമുണ്ട് മംഗോളിയൻ മുഖച്ഛായകൾ. പൂക്കോയത്തങ്ങൾക്കോ അറബിക്കണ്ണുകളും.

തറവാട്ടിൽ കടപ്പുറംപോലെ പരന്നുകിടക്കുന്ന മുറ്റത്തിൻറെ മൂന്നരികിലും പഴവർഗങ്ങളുടെ ചെടികളാണ്. ഇന്ത്യൻ ചെടികളും അറേബ്യൻ ചെടികളും. ഇന്ത്യൻചെടികൾ വീട്ടുകാരനെപ്പോലെയും

അറേബ്യൻ ചെടികൾ വന്നവനെപ്പോലെയും വളർന്നുനിന്നു.

ഈ തറവാട്ടിലാണ് നീലി എന്ന കന്യക പെറ്റിട്ടുപോയ കുഞ്ഞാലി പൂക്കുഞ്ഞിബീയോടൊപ്പം വളരുന്നത്. മകനെക്കണക്കെ പൂക്കോയതങ്ങൾ അവനെ വളർത്തി. ആറ്റബീക്കാകട്ടെ, ആറു മാസം മുല കൊടുത്തിട്ടുണ്ടെങ്കിലും, കുഞ്ഞാലി ഹറാത്തായിരുന്നു, തന്തയില്ലാത്തവൻ. നോവൽ മുഴുവൻ ചികഞ്ഞാലും കുഞ്ഞാലിയുടെ പിതൃത്വം തെളിഞ്ഞു കിട്ടുകയില്ല. മനുഷ്യപുത്രൻ ഇങ്ങനെയും ജനിക്കുന്നു.

ഒരു രാത്രിയിൽ പടിപ്പുരകാവൽക്കാരൻ ബുഹാരിയെ കറമൂസക്കാര്യം പറഞ്ഞറിയിക്കാൻ പൂക്കോയതങ്ങൾ യാദൃച്ഛികമായി അന്വേഷിക്കുന്നുണ്ട്. എന്നും പടിപ്പുരത്തിണ്ണയിൽ കിടന്നുറങ്ങാറുള്ള ബുഹാരി എവിടെയും ഇല്ല. ഒറ്റനോട്ടത്തിൽ അനാവശ്യമെന്നു തോന്നാവുന്ന ഈ നിസ്സാരസാഹചര്യത്തിൽ അറിയപ്പെടാത്ത പിതൃത്വബന്ധങ്ങളുടെ സാദ്ധ്യതയുണ്ട്; പ്രജനനശൈലിയുടെയും. നാമെല്ലാം നടിക്കുന്ന നമ്മുടേതല്ലാത്ത ആഢ്യത്വത്തെ അരങ്ങിൽത്തന്നെ പുനത്തിൽ കുഞ്ഞബ്ദുള്ള വേഷമഴിപ്പിച്ചു നിർത്തുന്നു.

പൂക്കുഞ്ഞിബീയുടെ ദുരന്തം സർവഥാ ഇതിവൃത്തബന്ധുരമത്രേ. ഖാൻ ബഹദൂർ പൂക്കോയതങ്ങൾ പരസ്ത്രീതൽപരനായിരുന്നു. പൂക്കോയതങ്ങളുടെ ബാപ്പ ജീവിച്ചിരുന്നപ്പോൾ അത്ഭുതങ്ങൾ കാണിച്ച ദിവ്യനായിരുന്നു, ആറ്റക്കോയതങ്ങൾ. ആറ്റക്കോയതങ്ങൾക്കും പിഴച്ചിട്ടുണ്ട്. അതിൽ പിറന്ന സന്തതിയാണ് കാണപ്പെട്ട വില്ലൻറെ വേഷം കെട്ടിയാടുന്ന പട്ടാളം ഇബ്രായി. യഥാർഥത്തിൽ, പ്രതാപത്തിൻറെ തീട്ടൂരവും തിണ്ണബലവും താന്തോന്നിത്തരങ്ങളും നിർബാധം പുലർത്തിപ്പോന്ന അവിഹിതബന്ധങ്ങളാണ്, പുരുഷൻറെ കാലബാധയാണ്, വില്ലൻ. പൂക്കോയതങ്ങളുടെ ദുഷ്ചെയ്തികൾക്കു നേരിടേണ്ടിവന്ന അനിവാര്യമായ പരിസമാപ്തിയത്രേ അയാളുടെ ക്ഷണികവിനാശം, കൊലപാതകം. ഒരു കൊലപാതകത്തോടൊപ്പം സാധാരണ ശൈലികളിൽ സങ്കല്പിക്കാവുന്നതൊന്നും പ്രസ്തുത സാഹചര്യത്തിലും നോവലിസ്റ്റ് നിരത്തിവെക്കുന്നില്ല. അറയ്ക്കൽത്തറവാട്ടിൽ കയറി ഭരിക്കാനുള്ള ജന്മാവകാശം, അവസരം ശരിക്കും ഉപയോഗിച്ച് പട്ടാളം ഇബ്രായി പിടിച്ചെടുക്കുന്നു. അവന്നാവശ്യം സമ്പത്തു മാത്രമായിരുന്നു. സമ്പന്നനെ ചുറ്റിപ്പറ്റി പൊട്ടിവിരിയുന്ന പരിവേഷമാണല്ലോ ആഢ്യത്വം. മാളികപ്പുറത്തു വാഴുന്ന കുഞ്ഞാലിയെ പടിപ്പുരയിലേക്കിറക്കിക്കെട്ടാൻ നിഷ്പ്രയാസം സാധിച്ചു. ആറ്റബീ ഒരു പകപോക്കിയ നിർവൃതികൊള്ളുകയേ ഉണ്ടായുള്ളൂ. പരസ്ത്രീതൽപരനായിരുന്നുവെങ്കിലും പൂക്കോയതങ്ങൾ പുലർത്തിപ്പോന്ന സർവസാഹോദര്യം ആറ്റബീക്കു പിടിയെത്താത്തത്ര ഉയരത്തിലായിരുന്നു. കുഞ്ഞാലി എന്ന ജിന്നിനെ കാണിച്ചുതന്നെ പൂക്കുഞ്ഞിബീയുടെ വിവാഹവും ഇബ്രായി ക്ഷിപ്രത്തിൽ നടത്തി. അകാലവൈധവ്യത്തോടൊപ്പം പൂക്കുഞ്ഞിബീയിൽ ലയിക്കാൻ കിടക്കുന്ന ഭർത്താവിൻറെ ഭൂസ്വത്തുക്കളുടെ പ്രമാണങ്ങളും കണക്കും ഇബ്രായിക്കു മനഃപാഠമായിട്ടുണ്ട്. പതിനായിരം പറ നെല്ലു പാട്ടം, അമ്പത്തൊന്നു കണ്ടി പറമ്പിൻറെ ജന്മം, നോക്കിയാൽ നോക്കെത്താത്ത തെങ്ങിൻതോപ്പുകളുടെ പച്ചക്കുളിർമ. മണവാളൻ ചോര ഛർദിച്ചാൽ എന്താ കുഴപ്പം? ഏറിയാൽ ഒന്നോ രണ്ടോ മാസം സഹിക്കണം.

ഇവിടെ പട്ടാളത്തിൻറെ ഇൻറലിജൻസ് തോറ്റുപോയി. യുദ്ധം നടന്നത് പൂക്കുഞ്ഞിബീയുടെ മനസ്സിലാണല്ലോ. മണിയറയും തറവാടും ഒരുമ്പെട്ടിറങ്ങി പടിപ്പുരകടന്നു ഗോസായിക്കുന്നിൻറെ താഴ്വരയോളം ഈ കൊച്ചുപെണ്ണു രായ്ക്കുരാമാനം ഒളിച്ചുപോകുമെന്ന് ഇബ്രായി ഓർത്തതേയില്ല.

അറയ്ക്കൽതറവാടും തറവാടിൻറെ പതനം വരുത്തിവെക്കുന്ന അന്തർനാടകങ്ങളും നോവലിൽ വിദൂരപശ്ചാത്തലങ്ങൾ മാത്രമാകുന്നു. നോവലിൻറെ ജീവൻ മനുഷ്യനാകുന്നു. അസംഖ്യം മനുഷ്യർ സ്മാരക ശിലകളിൽ ജീവിക്കുന്നുണ്ട്. സ്മാരകശിലകളോടൊപ്പം അനശ്വരരായിത്തീരുന്ന ചിരഞ്ജീവികളിൽ രണ്ടു കുതിരകൾ മുൻപന്തിയിലുണ്ട്; ദിവ്യന്മാരുണ്ട്; വയറ്റുപിഴപ്പിൻറെ പേരിൽ ദിവ്യവേഷം പൂണ്ടവരും ഉണ്ട്.

കോമപ്പൻ വൈദ്യരുണ്ട്.

കോമപ്പൻ വൈദ്യർ ദിവ്യനല്ല. പക്ഷേ, ദിവ്യനും ആകുന്നു. മനുഷ്യനാകട്ടെ മൃഗമാകട്ടെ, ആയുസ്സുശേഷിപ്പുണ്ടെങ്കിൽ ഏതു രോഗത്തിനും വൈദ്യർ ചികിത്സ നിശ്ചയിക്കുന്നു; മരുന്നുകൊണ്ടു രോഗം മാറുന്നു.

പൂക്കുഞ്ഞിബീ കൈക്കുഞ്ഞായിരുന്നപ്പോൾ ഒരു പതിന്നാലാം രാവിൽ നിർത്താതെ നിലവിളിച്ചു. എന്തുപറ്റി കുഞ്ഞിനെന്നു തറവാട്ടിൽ ഒരാൾക്കും മനസ്സിലായില്ല. രായ്ക്കുരാമാനം കോമപ്പൻവൈദ്യർ വന്നു. ഒരു കൊച്ചുകണ്ണാടിയിൽ പൂർണചന്ദ്രനെ പിടിച്ചെടുത്തു വൈദ്യർ കുഞ്ഞിനെ കാണിച്ചു. അവൾ കരച്ചിൽ നിർത്തി.

ഇതു കെട്ടുകഥയോ കേട്ടുകേൾവിയോ ഐതിഹ്യമോ ആകുന്നു. ഈ കഥയ്ക്ക് ആദികാവ്യത്തോളം പഴക്കമുണ്ടത്രേ. പക്ഷേ, ഇത്തരം ഒരു സാഹചര്യം വാല്മീകിരാമായണത്തിൽ ഇല്ല. ഇതിഹാസപുരുഷനായിത്തീർന്ന ഒരു ഭിഷഗ്വരനെക്കുറിച്ചുള്ള കഥകൾ കുഞ്ഞബ്ദുള്ള കേട്ടിട്ടുണ്ടാകാം; ഈ മഹാവൈദ്യൻ കടത്തനാട്ടിൽ എവിടെയോ തലമുറകൾക്കുമുമ്പു ജീവിച്ചിരുന്നിട്ടുണ്ടാകാം. തൻറെ നോവലിൽ ഡോക്ടർ പുനത്തിൽ കുഞ്ഞബ്ദുള്ള ആചാര്യൻറെ പേരിലും ഒരു സ്മാരകശില നിർമിച്ചു. കെട്ടുകഥകളിലേക്കുള്ള നോവലിൻറെ രൂപപരിണാമപ്രയാണം കോമപ്പൻവൈദ്യരിൽനിന്നാണല്ലോ ആരംഭിക്കുന്നത്.

അറയ്ക്കൽ തറവാട്ടിലെ നിത്യനിദാനങ്ങൾ കെട്ടുകഥകളെയും വെല്ലുന്നു. ഇത്രയും സമൃദ്ധവും സമ്പന്നവുമായ മെനു സമഗ്ര പോഷകാഹാരപദ്ധതിക്കാർപോലും വിഭാവനം ചെയ്തിട്ടില്ല.

അലിഗഡിൽ ഹോസ്റ്റലിൽ താമസിച്ചു പഠിച്ചിരുന്നപ്പോൾ ആഴ്ചയിൽ ഒരുവട്ടമെങ്കിലും നിറച്ചുണ്ണണമെന്നാശിച്ച് സുഹൃത്തുക്കളെ തേടിപ്പിടിച്ചു വിരുന്നുപോയിട്ടുണ്ട് എന്ന് കുഞ്ഞബ്ദുള്ള പ്രസ്താവിച്ചിട്ടുണ്ട്. ആഹാരത്തെ പുരസ്കരിച്ചെഴുതിയ ഒരു കഥയും അദ്ദേഹത്തിൻറേതായിട്ടുണ്ട്, കൊലച്ചോറ്.

പ്രത്യക്ഷത്തിൽ കൊലച്ചോറ് അസംബന്ധകഥയാകുന്നു; വെറും കെട്ടുകഥ. യജമാനൻറെ വീട്ടിൽ പണിക്കാരത്തിയായി പാർക്കുന്ന മകളുടെ വിശേഷങ്ങൾ അറിയാൻ അച്ഛൻ അന്വേഷിച്ചുവന്നു. അച്ഛനെ മൃഷ്ടാന്നം സൽക്കരിക്കാൻ യജമാനൻ കല്പനയായി, അച്ഛനുണ്ണാൻ മകൾ കുന്നാരം ചോറു വിളമ്പി, കല്പന അങ്ങനെയാകുന്നു, ചോറു മുഴുവൻ അച്ഛൻ ഉണ്ണണം, നെകളംമുട്ടി കണ്ണു തുറിച്ച് ശ്വാസം മുട്ടി അച്ഛൻ മരിക്കുകയേ ഉള്ളൂ, കൊലച്ചോറ്.

കൊലച്ചോറെന്ന കഥയും അലിഗഡിലെ വിരുന്നുംകൂടി വായിച്ചാൽ ആഹാരത്തെക്കുറിച്ചുള്ള കുഞ്ഞബ്ദുള്ളയുടെ സങ്കല്പം (അവബോധം) ഊഹിച്ചെടുക്കാം. പിറപ്പിച്ച തന്ത മകളെ വീട്ടുപണിക്കയയ്ക്കരുത്, അവളെ പോറ്റണം. ആഹാരം സമൃദ്ധവും സമ്പന്നമാവുകയും വേണം.

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥകൾ വായിച്ചാൽ പോരാ, വരികൾക്കിടയിലൂടെയും വായിക്കണം.

മലയാളനോവലിൻറെ വികാസപരിണാമ പ്രയാണത്തിൽ സ്മാരകശിലകൾ എവിടെ എത്തിനില്ക്കുന്നു എന്നോ എത്രത്തോളം വളരുന്നു എന്നോ വരുംകാലങ്ങളിൽ കൊണ്ടുപിടിച്ച സർവേകൾ നടക്കുമ്പോൾ, ലഘുരൂപമായ ഈ ആസ്വാദനം നിരീക്ഷണ സൗകര്യങ്ങൾ നല്കുന്ന ഒരു ചവിട്ടുകല്ലായിത്തീരുമെങ്കിൽ എനിക്കും ചരിതാർഥനാകാമല്ലോ. നിങ്ങളുടെ മുന്നിൽ ഇതാ സ്മാരകശിലകൾ നിരന്നുനില്ക്കുന്നു.

കോവിലൻ

സ്മാരകശിലകൾ

ഉള്ളടക്കം

[ഒന്ന്]
[രണ്ട്]
[മൂന്ന്]
[നാല്]
[അഞ്ച്]
[ആറ്]
[ഏഴ്]
[എട്ട്]
[ഒമ്പത്]
[പത്ത്]
[പതിനൊന്ന്]
[പന്ത്രണ്ട്]
[പതിമ്മൂന്ന്]
[പതിന്നാല്]
[പതിനഞ്ച്]
[പതിനാറ്]
[പതിനേഴ്]
[പതിനെട്ട്]
[പത്തൊമ്പത്]
[ഇരുപത്]
[ഇരുപത്തൊന്ന്]

ഇരുപത്തിരണ്ട്

ഇരുപത്തിമൂന്ന്

ഇരുപത്തിനാല്

ഇരുപത്തഞ്ച്

ഇരുപത്താറ്

ഇരുപത്തേഴ്

ഇരുപത്തെട്ട്

ഇരുപത്തൊമ്പത്

മുപ്പത്

മുപ്പത്തൊന്ന്

മുപ്പത്തിരണ്ട്

മുപ്പത്തിമൂന്ന്

മുപ്പത്തിനാല്

മുപ്പത്തഞ്ച്

മുപ്പത്താറ്

മുപ്പത്തേഴ്

മുപ്പത്തെട്ട്

മുപ്പത്തൊമ്പത്

നാല്പത്

നാല്പത്തൊന്ന്

നാല്പത്തിണ്ട്

നാല്പത്തിമൂന്ന്

നാല്പത്തിനാല്

നാല്പത്തഞ്ച്

നാല്പത്താറ്

നാല്പത്തേഴ്

നാല്പത്തെട്ട്

നാല്പത്തൊമ്പത്

അമ്പത്

അമ്പത്തൊന്ന്

ഒന്ന്

അതെ. പുരാതനമായ ആ പള്ളിയുടെയും പള്ളിപ്പറമ്പിൻറെയും കഥ തന്നെ.

നാട്ടിൽ കോളറ പടർന്നുപിടിച്ചപ്പോൾ പുതുതായി പണിത ശവക്കല്ലറകൾ പൊളിച്ചു കുഴിച്ച് അതിൽ ശവങ്ങളും ജീവച്ഛവങ്ങളും കുഴിച്ചിട്ട പള്ളിയുടെയും പള്ളിപ്പറമ്പിൻറെയും കഥ.

ജീർണ്ണിച്ച വലിയ പള്ളിക്ക് ഉയർന്നുനില്ക്കുന്ന വലിയ മിനാരവും അതിന്നു മീതെ കിഴക്കാന്തൂക്കായി നില്ക്കുന്ന ഒരു ഗോപുരവുമുണ്ട്. മിനാരത്തിനും ഗോപുരത്തിനും ചുവട്ടിലാണ് പള്ളി.

പള്ളി എന്നു പറഞ്ഞാൽപ്പോരാ. പുറത്തെപ്പള്ളിയും അകത്തെപ്പള്ളിയുമുണ്ട്. അത്രയും വലുതും ഗഹനവുമാണ് അതിൻറെ അകങ്ങൾ. പഴയ ചെങ്കല്ലുകെട്ടിയതാണ് കൂറ്റൻ പുറംപള്ളിയുടെ പൂപ്പുപിടിച്ച മതിൽ. അതിനകത്തുതന്നെ അനേകായിരം ആളുകൾക്ക് ഒരുമിച്ചിരുന്നു പ്രാർത്ഥന നടത്താം. ഗർഭപാത്രംപോലെ ചെറിയ ഒരു അകം. അതിലിരുന്നാണ് ദിവ്യന്മാർ പ്രാർത്ഥന നടത്തുക. അന്നേരം മച്ചിന്മേൽനിന്നു കടവാതിലും മാടപ്പിറാവുകളും ചിറകിട്ടടിക്കുന്ന ശബ്ദം കേൾക്കാം.

വിശാലമായ പള്ളിക്കുചുറ്റും പള്ളിപ്പറമ്പാണ്. പറമ്പുനിറയെ ശ്മശാനം. കെട്ടുകഥകൾ പറയാൻ കഴിയുന്ന അത്രയുംപേർ ആ ശ്മശാനത്തിൽ കുടികൊള്ളുന്നു.

പള്ളിയോടു തൊട്ടുതന്നെയാണ് വീതിയേറിയ വൃത്തിയുള്ള നടപ്പാത. നടപ്പാതകൾക്കപ്പുറത്തു നൊച്ചിൽക്കാടുകൾ. നൊച്ചിൽക്കാടുകൾ കൂട്ടംകൂട്ടമായി വളരുന്ന കാടുകളല്ല. പ്രത്യേക സമൂഹങ്ങളെപ്പോലെ ഏതാനും വാര ചതുരശ്ര അളവിൽ വിട്ടുവിട്ട് അതു നിലകൊണ്ടു. അവയ്ക്കിടയിൽ പനകൾ. പനകൾക്കു ചുവട്ടിൽ കൊതിയുടെ മണം പരത്തുന്ന പഴുത്തലിഞ്ഞ പനന്തേങ്ങകൾ. അതിനു താഴെ മണ്ണിൽ നിസ്സാരങ്ങളായ കുഴിയാനകളും, പൃഷ്ഠത്തോടു പൃഷ്ഠം ചേർത്ത് ഇണചേർന്നിഴയുന്ന ഒട്ടനവധി മാക്കുപ്പൊട്ടന്മാരും.

ഇതു കഴിഞ്ഞാൽ അപ്പുറം ഇരുട്ടാണ്. പടർന്നു പന്തലിച്ച മരങ്ങൾ. ഒരുപാടു ശവക്കല്ലറകൾ. അവയെപ്പൊതിഞ്ഞുകൊണ്ടു മുറ്റിവളരുന്ന യഥാർത്ഥ കാട്. അതു നിറയെ വിഷജീവികളും അസംഖ്യം പ്രേതങ്ങളും; ഗതി കിട്ടിയവയും ഗതി കിട്ടാത്തവയും.

നടപ്പാതയിൽ ഇറങ്ങിയാൽ ഏത്തം കരയുന്നതു കേൾക്കാം. എത്രയോ വർഷങ്ങളായി കൽത്തുറുങ്കിലാക്കിയ വൃദ്ധനായ ഒരു തടവുകാരൻറെ വിലാപംപോലെ തോന്നും അതിൻറെ ഒച്ച.

പള്ളിയോടു തൊട്ടടുത്തുതന്നെയാണു കിണർ. കിണറിന് ആൾ മറയില്ല. എന്നാൽ കിണറിൻറെ വക്കിനോടു ചേർത്ത് അരയടി ഉയരത്തിൽ നെടുനീളൻ ചെങ്കല്ലുകൾ ചുറ്റിപ്പാകിയിരിക്കുന്നു. അത്രയും വീതിയേറിയ ഒരു കിണർ ആ നാട്ടിലില്ല.

എങ്ങുനിന്നോ വരുത്തിയ വിദഗ്ദ്ധരായ കുഴിയന്മാരാണ് ആ കിണർ പണിതത്. നോക്കിയാൽ നോക്കെത്താത്ത ആഴം. പടവുകളില്ലാത്ത ചെങ്കല്ലുകളുടെ നിറഭേദം. താഴെ നോക്കിയാൽ ഇരുട്ട്. അതിൽ കറുത്തതാണെങ്കിലും നെയ്പ്പശയുള്ള വെള്ളം. അതിനു താഴെ പാതാളം...മാത്രം.

വീതിയേറിയ ചെങ്കല്ലുകളിൽനിന്നുകൊണ്ട് മെലിഞ്ഞു ശുഷ്കിച്ച, തോർത്തുമാത്രമുടുത്ത ഒരു കോലം ഏത്തം ഇറക്കുന്നു. അയാളാണ് മുക്രി എറമുള്ളാൻ. ഏത്തം കരുത്തേറിയ ഒരു മാവിൻകൊമ്പിനോടാണ് ബന്ധിച്ചിരിക്കുന്നത്. എത്രയോ വർഷങ്ങളായിട്ടും ആ മാവ് പൂത്തിട്ടില്ല. അത്രയും വർഷങ്ങൾ മരിച്ച ശരീരങ്ങൾമാത്രമാണ് ആ മാവു കണ്ടത്. കണ്ട ശരീരങ്ങളത്രയും മാവു നില്ക്കുന്ന പറമ്പിൽ കുടികൊണ്ടു.

ഏത്തം വലിച്ചുവലിച്ചു മുക്രി എറമുള്ളാൻ തളർന്നു. അന്നേരമാണ് വെള്ളം കവിഞ്ഞൊഴുകുന്നത് അയാൾ കണ്ടത്.

പള്ളിക്കകത്തെ സിമിൻറ് ടാങ്കിലാണ് വെള്ളം കോരിയൊഴിക്കുന്നത്. സിമിൻറ് ടാങ്ക് നിറയുന്നതുവരെ വെള്ളം ഒഴിക്കലല്ല എറമുള്ളാൻറെ ജോലി. ക്ഷീണിക്കുന്നതുവരെ വെള്ളംകോരലാണ്. മിക്കവാറും ടാങ്ക് നിറയും. ഇടയ്ക്ക കവിഞ്ഞൊഴുകും. ഇടയ്ക്ക നിറയാതെയുമിരിക്കും.

അവസാനത്തെ തൊട്ടി ചെങ്കല്ലുപടവിൽവച്ച് എറമുള്ളാൻ അതിൽ കൈയിട്ടു വെള്ളം വാരി മുഖം കഴുകി.

നീണ്ടുമെലിഞ്ഞ ശരീരം. മിന്നിത്തിളങ്ങുന്ന തല. ഒട്ടിയ കവിളുകൾ. നരച്ച താടി. ഇവയെല്ലാംകൂടി കഴുകി വൃത്തിയാക്കി. പിന്നെ കാൽ കഴുകി.

പള്ളിക്കകത്തു കയറി തോർത്തുമുണ്ട് മാറ്റി മലമലിൻറെ കുപ്പായവും കള്ളിമുണ്ടുമുടുത്തു. അവസാനം കുപ്പായക്കീശയിൽനിന്ന് ഒരു കഷണം പുകയിലയെടുത്തു കരിപിടിച്ച പല്ലുകളുള്ള മോണയിൽ തിരുകി.

പള്ളിക്കകത്തു കയറി പടിഞ്ഞാറോട്ടു തിരിഞ്ഞ് മുണ്ട് ഒന്നുകൂടി കുടഞ്ഞ് മുറുക്കി ഉടുത്തു. ചെവിട്ടിൽ കൈവിരലുകൾ തിരുകി എറമുള്ളാൻ ബാങ്കുവിളിച്ചു:

"അള്ളാഹ അക്ബർ... അള്ളാഹ അക്ബർ..."

എറമുള്ളാൻറെ ശബ്ദം പള്ളികടന്ന് ആകാശങ്ങളിലൂടെ പറന്നു. ആ നാട്ടിൽ എറമുള്ളാനോളം ഉച്ചത്തിലും സ്ഫുടതയിലും ബാങ്കുവിളിക്കുന്ന മുക്രിമാർ അക്കാലത്തില്ലായിരുന്നു. അങ്ങു ചാലിയ തെരുവുകളിൽ പണി കയറുന്നതുകൂടി എറമുള്ളാൻറെ വിളി കേട്ടുകൊണ്ടാണ്.

ബാങ്കുവിളി കേട്ട മാപ്പിളമാർ തലേക്കെട്ടുകൾ മുറുക്കിയശേഷം പള്ളിയോടടുക്കാൻ തുടങ്ങി.

ഖാളിയാർ മുന്നിൽ നിന്നു. നീളക്കുപ്പായം. മൈലാഞ്ചിതേച്ചു ചുവപ്പിച്ച താടി ഇടയ്ക്കിടെ ഇളകി. ദൈവത്തിൻറെ മുമ്പിൽ ഖാളിയാരുടെ മറവിൽ അവരെല്ലാം ഒന്നായി.

നിസ്കാരം കഴിഞ്ഞ് എല്ലാവരും പോകാൻ പുറപ്പെട്ടപ്പോൾ ഏതോ ഒരു കുട്ടി ഓടിവന്നു. അവൻറെ തല വിയർത്തു കുളിച്ചിരിക്കുന്നു. മുഖത്തു പരിഭ്രമം. കണ്ണുകളിൽ പരാധീനത.

സങ്കടാധിക്യത്താൽ അവൻ തേങ്ങിത്തേങ്ങി പറഞ്ഞൊപ്പിച്ചു:

"പാലപ്പുരയിലെ മമ്മതുഹാജി മരിച്ചു." എല്ലാവരും ഞെട്ടി. വൃദ്ധന്മാർ ശരിക്കും ഞെട്ടി. ഇന്നലെവരെ ഇതിലെ നടന്നുപോയ മമ്മതുഹാജി ! മൂന്നു റുപ്പിക കുപ്പായക്കീശയിൽനിന്നു കട്ടതിനു സ്വന്തം മരുമകനെ വീട്ടിൽനിന്നു പുറത്താക്കിയിട്ട് ഒരാഴ്ച കഴിഞ്ഞില്ല. അമ്പത്താറാം വയസ്സിൽ പതിനാറുവയസ്സുള്ള ബീയ്യാത്തുവിനെ കല്യാണം കഴിച്ചത് ഒരു മാസം മുമ്പാണ്. എന്തെല്ലാം അത്ഭുതങ്ങളാണ് ഈ ലോകത്തിൽ സംഭവിക്കുന്നത് ! ഇതെല്ലാം ഓർത്തുനില്ക്കുമ്പോൾ പട്ടാളം ഇബ്രായിചോദിച്ചു; അവൻ വലിയ പാട്ടുകാരനാണ്.

"എന്തിനാടാ നീ കൂക്കിയിടുന്നത് ? മരിച്ച കാര്യം അച്ചടക്കത്തിൽ പറഞ്ഞാൽ പോരേ?"

അന്നേരം കുട്ടി പറഞ്ഞു:

"വിളിച്ചു പറയാനാ എന്നെ ഏല്പിച്ചിരിക്കുന്നത്."

പള്ളിയിൽ കൂടിയ പലരും ഈ അത്യാഹിതം കേട്ടു. പലരുടെ മനസ്സിലൂടെയും പലമാതിരി ആലോചനകൾ പാഞ്ഞു. ഏറ്റവും സന്തോഷിച്ചത് മുക്രി എറമുള്ളാനാണ്.

ശരിയായ ഒരു തത്ത്വചിന്തകനാണ് മുക്രി എറമുള്ളാൻ. മരണം ഒരു ലാഭമാണെന്ന തത്ത്വം ജീവിതത്തിൻറെ സ്ഥായിയായ ഭാഗമാക്കിയ മനുഷ്യൻ.

അയാൾ ഉള്ളേറെ ചിരിച്ചു.

മരണം പറയാൻവന്ന കുട്ടി പോകാതെ നില്ക്കുമ്പോൾ ഖാളിയാർ ചോദിച്ചു:

“എന്താ കുന്തംപോലെ നിക്കുന്നത്?”

“എറമുള്ളാനിക്കാനെ കൂട്ടിച്ചെല്ലാനാ പറഞ്ഞിരിക്കുന്നത്.”

എറമുള്ളാൻ മുക്രി ചെന്നിട്ടുവേണം ശവം കുളിപ്പിക്കാൻ. എറമുള്ളാനെ ആർക്കും വേണ്ട—പക്ഷേ, അവസാനത്തെ കർമ്മത്തിനെല്ലാവരും അയാളെ ആശ്രയിക്കുന്നു.

കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായി ആ നാട്ടിൽ എറമുള്ളാൻ കൈവയ്ക്കാത്ത ഒരു ശവശരീരവുമില്ല. അത്രയും തൻറെ ജോലിയിൽ അയാൾ വൈദഗ്ദ്ധ്യവും കീർത്തിയും ഇതിനകം നേടിക്കഴിഞ്ഞു.

വിളിക്കുവാൻവന്ന കുട്ടിയുടെ പിന്നാലെ എറമുള്ളാൻ നടന്നു. റോഡ് ഒരു നാഴികയോളം പിന്നിട്ടശേഷം ഇടവഴിയായി. ഇടവഴികൾ താണ്ടിത്താണ്ടി അവസാനം വയലിലെത്തി. വയലിലിറങ്ങേണ്ട താമസം, കുട്ടി പറയുകയായി :

“ഇതു മുഴുവൻ മമ്മതു ഹാജിയുടേതാ.”

നോക്കെത്താത്ത വയൽ.

ഇതിലെ ഓരോ വരമ്പിലൂടെയും മമ്മതുഹാജി നടന്നിരിക്കണം. കുനിഞ്ഞു പണിയെടുക്കുന്ന ഓരോ പെണ്ണിനെയും അയാൾ സസൂക്ഷ്മം നോക്കിയിരിക്കണം. ഒരൊറ്റ മണി നെല്ലും താഴെപ്പോകാതെ കറ്റകൾ മുഴുവൻ പാലപ്പുരയിലെ പത്തായത്തിൽ എത്തിക്കാനും അയാൾ മിനക്കെട്ടിരിക്കണം.

വരണ്ടുവിണ്ടുകീറിയ വയലിലൂടെ എറമുള്ളാൻ നടന്നു. നോക്കെത്താത്ത ചക്രവാളത്തിനപ്പുറത്തു സൂര്യൻ പഴുത്ത കിണ്ണംപോലെ തിളങ്ങി.

വയലിനെ നെടുകെ പിളർന്നു നീണ്ടുപോകുന്ന മലവെള്ളം കുത്തി യൊഴുകുന്ന തോട്, ചത്തുണങ്ങിയ പെരുമ്പാമ്പിനെപ്പോലെ ശുഷ്ക്കിച്ചു കിടക്കുന്നു. കഴിഞ്ഞകൊല്ലത്തെ കരകവിഞ്ഞൊഴുകിയ ഈ തോട്ടിലാണ് തേങ്ങാക്കാരൻ കോയോട്ടി വീണു മരിച്ചത്. തേങ്ങാക്കച്ചവടം മാത്രമല്ല, അവന് അപസ്മാരവുമുണ്ടായിരുന്നു. ആരും തൊടാത്ത മയ്യത്ത് കൈകൊണ്ടു പിടിച്ചെടുത്തത് എറമുള്ളാനും കൃഷ്ണൻനായരും കൂടിയായിരുന്നു. കൃഷ്ണൻനായർ പി.സി. നാനൂറ്റിരുപതായിരുന്നു. ആ മയ്യത്ത് കുളിപ്പിച്ചതും താൻതന്നെ. പക്ഷേ, ആസ്പത്രിയിലെ ആ കീറി മുറിക്കൽ! സഹിക്കാൻ വയ്യ. ചോരവറ്റിയ ശവത്തിന്മേൽ പഹയന്മാർ വെച്ച കത്തി ! റബ്ബേ!

നടന്നുനടന്ന് എറമുള്ളാൻ കരകയറി. നാലഞ്ച് ഇടവഴി പിന്നിട്ടാൽ പാലപ്പുരയിലെ മമ്മതുഹാജിയുടെ തറവാടായി. ദൂരെദൂരെ നിന്നെന്ന പോലെ കൂട്ടക്കരച്ചിലിൻറെ അലയൊലി എറമുള്ളാൻ കേട്ടു. കരയുന്നവർ അത്രയും ക്ഷീണിച്ചു കാണണം.

“ഒന്നു വേഗം നടക്ക്!”

പിന്നിൽനിന്ന്, വിളിക്കാൻവന്ന കുട്ടി തിരക്കുകൂട്ടി.

അവസാനം അവർ പടിപ്പുര കയറി. വീടും ചുറ്റുപാടും നിറയെ തലേക്കെട്ടുകളും മൊട്ടത്തലകളും! മുറ്റം നിറയെ മുറുക്കാൻറെ തുപ്പലും കെട്ടുപോയ ചുരുട്ടിൻറെ കഷണങ്ങളും.

എറമുള്ളാൻ അകത്തേക്കാണ് നേരേ കയറിപ്പോയത്. കോലായിൽ നില്ക്കുന്ന പലരും എറമുള്ളാനെ ശ്രദ്ധിച്ചു. താമസിച്ചുവന്നതിനു ചിലർ അയാളെ പിരാകി.

നടുവക്കത്തിട്ട മാപ്പലകയുടെ കട്ടിലിൽ പാലപ്പുരയിലെ മമ്മതുഹാജി നീണ്ടു മലർന്നു കിടക്കുന്നു. വിരിച്ചവെള്ള പൊക്കി ശവത്തിൻറെ മുഖം നോക്കിയതും എറമുള്ളാൻ ഭയന്നു. വായ തുറന്നു കിടക്കുന്നു! ഗതി കിട്ടാത്ത പ്രേതത്തിൻറെ ലക്ഷണം. മരിച്ചിട്ടും കൊതിതീരാത്ത വായ.

ഏറെനേരം എറമുള്ളാൻ താടിപിടിച്ചമർത്തി. മന്ത്രിച്ച നൂലെടുത്തു തലയും താടിയും ബന്ധിക്കാൻ ശ്രമിച്ചു. എല്ലാ മിനക്കെടലുകളും തോറ്റപ്പോൾ എറമുള്ളാൻ പറഞ്ഞു:

"താമസിച്ചുപോയി." പക്ഷേ, എറമുള്ളാൻ തുടർന്നു:

"തുറന്നുകിടന്നിട്ടും മണക്കാത്ത ഒരു വായ." ഭാഗ്യമെന്നല്ലാതെമറ്റെന്തു പറയാൻ!

മയ്യത്ത് കുളിപ്പിക്കേണ്ട ശ്രമമായി പിന്നെ. നാലഞ്ചാളുകൾ താങ്ങി മയ്യത്ത് തെക്കേ മുറ്റത്തിട്ട കട്ടിലിൽ കൊണ്ടുവന്നു കിടത്തി. പത്തു പറകൊള്ളുന്ന രണ്ടു ചെമ്പുപാത്രങ്ങളിൽ വെള്ളം നിറഞ്ഞുകിടന്നു. ഒന്നിൽ ചൂടും മറ്റതിൽ പച്ചയും.

ശുചിയാക്കിയ ശവത്തെ നടുവക്കത്തു വിരിച്ച പുലയൻ മെടഞ്ഞ, പുതിയ പായയിൽ കിടത്തി. കോറത്തുണിയിൽ ശവം പൊതിഞ്ഞു. പൊതിയുന്നതിനു മുമ്പ് നഗ്നമായ ശരീരത്തിൽ മൈലാഞ്ചിയിലകൾ വിതറി.

മൂന്നു കെട്ടും എറമുള്ളാൻതന്നെ കെട്ടി. ഒച്ചപ്പാടുണ്ടാക്കാതെ ജനക്കൂട്ടം എല്ലാം നോക്കിനിന്നു.

ശവം മയ്യത്തുകട്ടിലിലേക്കു നീക്കിക്കിടത്തി. കട്ടിലിൻറെ പോളകൾ അടച്ചു.

"എന്നാൽ പുറപ്പെടുകയല്ലേ?"

"ലാ ഇലാഹ ഇല്ലള്ളാ..."

അകത്തുനിന്നു വീണ്ടും കൂട്ടക്കരച്ചിൽ മുഴങ്ങി. തഴഞ്ഞ സൂചി കൊണ്ടുള്ള ഗ്രാമഫോണിൻറെ വിലാപഗാനംപോലെ ചിലമ്പിച്ചതായിരുന്നു ആ കരച്ചിൽ.

ഇടവഴികളും വയൽവരമ്പുകളും താണ്ടി മയ്യത്തുകട്ടിൽ ജനക്കൂട്ടത്തോടൊപ്പം പള്ളിപ്പറമ്പിലേക്കു നീങ്ങി. എല്ലാറ്റിൻറേയും പിന്നിൽ ഒരു വാലുപോലെ എറമുള്ളാൻ നടന്നു.

മയ്യത്തിനുവേണ്ടി അവസാനത്തെ നമസ്കാരത്തിൻറെ പുറപ്പാടായി. ശവക്കട്ടിലിൻറെ പിന്നിൽ ആൾക്കൂട്ടം പ്രാർത്ഥനയിലാണ്ടു.

പിന്നെ സംസ്കാരമായി. ശവസംസ്കാരം. പള്ളിപ്പറമ്പിൽ, നൊച്ചിൽ ക്കാടുകൾക്കിടയിൽ, അവസാനത്തെ കല്ലു നാട്ടിയതോടെ ആളുകൾ പിരിഞ്ഞു. ശവക്കല്ലറ കുഴിച്ചവർ മണ്ണുപുരണ്ട കൈകൾ കുപ്പായത്തിൽ തുടച്ചശേഷം കൂലിയും വാങ്ങി സ്ഥലംവിട്ടു.

എന്നിട്ടും എറമുള്ളാൻ നോക്കിനില്ക്കുകയായിരുന്നു; ശവം കുളിപ്പിച്ച കൂലിക്കുവേണ്ടി.

തലതാഴ്ത്തി നില്ക്കുന്ന മമ്മതുഹാജിയുടെ മകൻ ശവക്കല്ലറ അവസാനമായി നോക്കി. അത്രയും നേരം അയാളെ നോക്കിനില്ക്കുകയാണ് എറമുള്ളാൻ. എറമുള്ളാനെ ഗൗനിക്കാതെ അയാൾ നടന്നു. പള്ളിപ്പറമ്പു വിട്ടു റോഡിലിറങ്ങിയപ്പോൾ എറമുള്ളാൻ തിരക്കിട്ടു നടന്ന് അയാളെ പിന്നിൽനിന്നു തോണ്ടി.

"ഉം?"

ലോകം മുഴുവൻ വീണപോലെ തോന്നി എറമുള്ളാന്. അത്രയും ഗംഭീരമായിരുന്നു ആ മൂളൽ.

"ഉം?"

പിന്നെയും അയാൾ മൂളിക്കൊണ്ട് ഉണ്ടക്കണ്ണുകൾ വിടർത്തി. അയാളുടെ മുഖം ഇരുണ്ടു. ലോകം മുഴുവൻ ഇരുണ്ടതുപോലെ തോന്നി എറമുള്ളാന്.

എറമുള്ളാൻ പറഞ്ഞു:

"മയ്യത്ത് കുളിപ്പിച്ച കൂലി..."

"നാളെ."

ഒരൊറ്റ വാക്കുമാത്രം പറഞ്ഞ് അയാൾ നടന്നു. നടന്നുനടന്ന് അയാൾ റോഡിൻറെ വളവിൽ മറഞ്ഞു.

എറമുള്ളാൻ ഏറെനേരം ആ നില്പിൽത്തന്നെ നിന്നു.

പിന്നെ അവനും നടന്നു. റോഡിലേക്കല്ല; സ്വന്തം കുടികിടപ്പായ പള്ളിയിലേക്ക്.

രണ്ട്

ഭർത്താവില്ലാതെ ഗർഭിണിയായ നീലി ബോധംകെട്ടു നിലത്തുവീണു. നീലിയുടെ അച്ഛൻ കൊട്ടുവാളുമായി കോലായിലിറങ്ങി. ജടപിടിച്ച കാട്ടു കയറിയ തലകുലുക്കി വലത്തെ കൈയിൽ കൊട്ടുവാളുയർത്തി അയാൾ നാലഞ്ചുചാൽ ചാണകം മെഴുകിയ കോലായിലൂടെ കുട്ടിലിട്ട മെരുകിനെപ്പോലെ ഓടി. ഉയർത്തിപ്പിടിച്ച കൊട്ടുവാൾ ഇടയ്ക്കിടെ ഇറയിലെ പഴയ ഓലയിലും, കവുങ്ങിൻകഷണത്തിലും തട്ടി. കരിച്ചോലക്കഷണങ്ങളും ദ്രവിച്ച മരപ്പൊടിയും നിലത്തുവീണു.



നീലിയുടെ മുന്നിലൊരു കോമരത്തെപ്പോലെ നിന്നുകൊണ്ട് രൈരു അലറി :

“ആരാന്നുവെച്ചാൽ പറ. ഈ കൊട്ടുവാൾകൊണ്ടു നിൻറെയും ഓൻറെയും കൊടല്യ ഞാനെടുക്കും! രൈരുവാ ഞാൻ!...രൈരു!...”

പക്ഷേ, നീലിക്ക് ഉത്തരംപറയാൻ കഴിഞ്ഞില്ല. അവളുടെ ചുണ്ടുകൾ വിളർത്തും തളർന്നും അയഞ്ഞും കിടന്നു. കൺപോളകൾ അടഞ്ഞുതന്നെ കിടന്നു. മുഖം കടലാസ്സുപോലെ വെളുത്തു.

നന്നേ ചെറിയ മാറിടങ്ങൾ വല്ലപ്പോഴും മാത്രം താഴ്ന്നും പൊങ്ങിയും കൊണ്ടിരുന്നു. ഒറ്റമുണ്ട് മേലോട്ടുകയറി കണങ്കാലുകൾ നഗ്നമാക്കിക്കിടന്നു. വാടിയ ചേമ്പിൻതണ്ടുപോലെ അവൾ കോലായിൽ വീണു.

രൈരുവിൻറെ തഴമ്പുപിടിച്ച കൈകൊണ്ടു കിട്ടിയ അടിയുടെ ശക്തിയിൽ നിലത്തുവീണ നീലിയുടെ അമ്മ ഇടയ്ക്കിടെ തേങ്ങിക്കൊണ്ടിരുന്നു; അരിപ്പൂക്കാട്ടിലെ കുറുക്കൻറെ മോങ്ങലിനെക്കാളും ഉച്ചത്തിൽ.

രൈരു കൊടുവാൾ മുറ്റത്തേക്കു വലിച്ചെറിഞ്ഞു. വർഷങ്ങളായി മർദ്ദനമേറ്റുകൊണ്ടിരുന്ന ആ കൊടുവാൾ പിടി വേറെ അലകു വേറെയായി മുറ്റത്തു രണ്ടു സ്ഥലങ്ങളിലായി വീണു.

രൈരു പിന്നെയും അലറി. തൻറെ ഭാര്യയുടെ ചുറ്റും ഒരു കുറു നരിയെപ്പോലെ മുരണ്ടും ചുറ്റിയുംകൊണ്ട് അയാൾ കല്പിച്ചു:

“നായിൻറെ മോളെ, മിണ്ടരുത്. മിണ്ടിയാൽ കൊന്നുകളയും! ഇഞ്ഞി നന്നെങ്കില് ഇതു പറ്റ്വാ? പറ പൊലിയാടിച്ചീ, ഇഞ്ഞിപറ...”

രൈരു മുഷ്ടിയുയർത്തി. അതിനുള്ളിൽ എത്രയോ കാലം മുട്ടി പിടിച്ചു കിട്ടിയ തഴമ്പു കിടന്നു ഞെരിഞ്ഞു.

“ബിബരക്കേടു കാട്ടല്ലെ എൻറെ രൈരൂ.”

കോലായുടെ ഒരറ്റത്ത് എന്തു ചെയ്യണമെന്നറിയാതെ മേലോട്ടു നോക്കിയിരിക്കുന്ന രൈരുവിൻറെ കെളവിയായ അമ്മ രൈരുവിനെ താക്കീതു ചെയ്തു. രൈരുവിൻറെ അടുത്തേക്കു നീങ്ങാനായി അവർ എഴുന്നേറ്റു. കരിപുരണ്ട ഉടുതുണി അപ്പോൾ ഊരിക്കുത്തി താഴുകയായിരുന്നു. ഇടത്തെ കൈയിൽ ഉടുമുണ്ടുംതാങ്ങി കിളവി നടന്നു കൊണ്ടു പറഞ്ഞു:

“എൻറെ കണ്ണുകാണുന്നകാലാണെങ്കിൽ ഇതൊന്നും തംഭവിക്കുലായിരുന്നു. അറയ്ക്കലെ പഗവതി...ഞ്ഞിതൊണ!”

കോലായിലെ മതിലിൽ പറ്റിപ്പിടിച്ച ചിമ്മിണിവിളക്ക് അണയാറായി. ചുകന്ന തീനാളം അത്രയും കാലം ആ ചുമരിലുണ്ടാക്കിത്തീർത്ത അമൂർത്തമായ ചിത്രം നോക്കി നോക്കിക്കൊണ്ടണഞ്ഞു. കോലായും ആളുകളും ഇരുട്ടിലാണ്ടു.

രൈരു കോലായിൽ ചുമരുംചാരി തളർന്നിരിപ്പായി. വൃശ്ചികത്തിലെ കാറ്റടിച്ചിട്ടും അയാൾ വിയർത്തു. നീണ്ടുനീണ്ട് നെടുവീർപ്പുകൾ ഇടയ്ക്കിടെ ആഞ്ഞാഞ്ഞു പുറത്തുവന്നു. അതു കേട്ട് രൈരുവിൻറെ ഇളയകുട്ടികൾ പേടിച്ചരണ്ടു കോലായിലെ ഒരരുകിൽ വിരിച്ച ഓലച്ചീന്തിൽ ചുരുണ്ടുകിടന്നു. അവരുടെ കണ്ണുകൾ അടഞ്ഞുകിടന്നു; കാതുകൾ തുറന്നും.

ആരും ഒന്നും ശബ്ദിച്ചില്ല. നീലിയുടെ മുത്താച്ചിക്ക് ഇരിക്കപ്പൊറുതിയി ല്ലാതെയായി. എന്തു ചെയ്യണമെന്നറിയാതെ ആ വയസ്സി കുറെനേരം ‘പടച്ചോനേ!... പടച്ചോനെ!...’ എന്നു വിളിച്ചുകൊണ്ടേയിരുന്നു.

പിന്നെ എഴുന്നേറ്റു നടന്ന് ഒരു പഴന്തുണിപോലെ തറയിൽ വീണു കിടക്കുന്ന നീലിയുടെ അരികിലെത്തി. അവളെ പിടിച്ചു കുലുക്കിക്കൊണ്ട് മുത്താച്ചി ഉറക്കെ വിളിച്ചു:

“എടീ നീലിപ്പെണ്ണേ...എണീക്കെടീ !”

നീലി അപ്പോഴും അബോധാവസ്ഥയിലായിരുന്നു.

നീലിയുടെ മുത്താച്ചി കോലായിലെ ഇടിഞ്ഞുപൊളിഞ്ഞ ഒതുക്ക കല്ലുകൾ ചവിട്ടിയിറങ്ങി മുറ്റം വലംവെച്ച കിണറ്റിനരികിലെത്തി. പുറത്തു നാട്ടുവെളിച്ചം പടർന്നുനിന്നു; ആകാശച്ചെരുവിൽ ഇരുട്ടും.

കുത്തുപാള കിണറ്റിലിറക്കി കിഴവി വെള്ളംകോരി. ചിതമ്പലുകൾ പോലുള്ള ചുളിഞ്ഞ തോലുകൾ കണങ്കാലിലൂടെ താഴോട്ടും മേലോട്ടും ഇളകി. ചളിയിൽ പൂണ്ട കാലുകൾ പറിച്ചെടുത്തു മുറ്റത്തുരച്ച ചിരട്ടയിൽ വെള്ളവുമായി കോലായിലേക്ക കയറി.

വീട് ശ്മശാനംപോലെ നിശ്ശബ്ദമായി. ചിരട്ടയിലെടുത്ത വെള്ളം നീണ്ടു മെലിഞ്ഞ കൈകളിലാക്കി നീലിയുടെ മുഖം തടവി. കാലം തേമാനം മാത്രം നല്കിയ വിരലുകൾ തുടുത്ത കവിളിലൂടെ ഓടിയപ്പോൾ കിഴവി ഭൂതകാലത്തിലേക്കിറങ്ങി.

കിഴവിക്ക് നീലിയോട് അശേഷം വെറുപ്പുതോന്നിയില്ല. താനും ഇതുപോലെയായിരുന്നില്ലേ? വർഷങ്ങൾക്കുമുമ്പ് നീലിയുടെ സ്വന്തം അച്ഛനായ രൈരുവിനെ ഗർഭം ധരിച്ചതെങ്ങനെയായിരുന്നു! വിചാരിക്കുമ്പോൾ കോരിത്തരിക്കുന്നു! കുളിതെറ്റിയശേഷമല്ലേ പുടമുറി നടന്നതുതന്നെ! ഇഷ്ടപ്പെട്ട പുരുഷൻ വന്നു കൈപിടിച്ചാൽ മറുത്തൊരക്ഷരം പറയാനൊക്കുമോ?

കിഴവി പിന്നെയും എന്തെല്ലാമോ ഓർത്തു. ഓർത്തതു മുഴുവൻ പുടമുറിക്കു മുമ്പു കൈകടന്നുപിടിച്ച വേലുവിനെക്കുറിച്ചായിരുന്നു. രൈരുവിൻറെ സ്വന്തം അച്ഛൻ വേലു. ഒരു നെടുവീർപ്പിട്ടശേഷം കിഴവി തെക്കേക്കണ്ടത്തിലെ മാവിൻചുവട്ടിലേക്കു കുറെനേരം നോക്കി.

പിന്നെ രൈരുവിനെ നോക്കി. രൈരു മതിലും ചാരി നില്ക്കുന്നു; ഒരു കരിനിഴൽപോലെ. അവൻറെ നിശ്വാസത്തിൻറെ ചൂട് ആ കോലായ മുഴുവൻ നിറഞ്ഞുനിന്നു. തൻറെ മകൻ എങ്ങനെയാണ് ചൂടാകാതിരിക്കുക. സത്യമല്ലാതെ എൻറെ മോൻ പറഞ്ഞിട്ടില്ല. നേർവഴിക്കേ അവൻ നടന്നിട്ടുള്ളൂ. തെറ്റായ ഒരു രീതി അവനറിയില്ല.

കോഴി കൂകുന്നതിനുമുമ്പേ അവനെഴുന്നേറ്റ നാലുനാഴിക നടന്നിട്ടാണ് പട്ടണത്തിലെത്തുന്നത്. അവിടെയുള്ള ഉരുക്കുമുട്ടിയിൽ പകൽ മുഴുവൻ അടിച്ചടിച്ച പൊന്ന് ആഭരണമാക്കുന്നു. തൻറെ മോൻ പൊന്നല്ലാതെ ജീവിതത്തിൽ ചെമ്പു തൊട്ടിട്ടില്ല; മാറ്റുകുറഞ്ഞ ഒരു കച്ചവടം തൻറെ മോനുമായി ചെയ്തതായി ഒരാളും ഇന്നേവരെ ആവലാതിപ്പെട്ടിട്ടില്ല. എന്നിട്ടും രൈരുവിന് ഇതു വന്നുപെട്ടല്ലോ! എൻറെ അറയ്ക്കലെ തമ്പുരാട്ടീ !... കിഴവിക്കു വലിയ നെടുവീർപ്പിടാൻ കഴിഞ്ഞില്ല. വല്ലാതെ ശുഷ്കിച്ചിരിക്കുന്നു, വർഷങ്ങളായി ചുമയ്ക്കുന്ന ശ്വാസ കോശങ്ങൾ.

ചിരട്ടയിലെ വെള്ളം മുഴുവൻ നീലിയുടെ ദേഹത്ത് ഒഴിഞ്ഞു. കണ്ണൻ ചിരട്ടയ്ക്കു ചെറിയ ഒരു സുഷിരമുണ്ടായിരുന്നു.

മതിലും ചാരിയിരുന്ന് നീലിയുടെ നനഞ്ഞ മാറിടത്തിലും കവിളിലും തടവിയശേഷം അവളുടെ തലയെടുത്തു കിഴവി തൻറെ മടിയിൽവെച്ചു. പിന്നെ മുടിയിഴയിലൂടെ കൈവിരലുകൾ പായിക്കുവാൻ തുടങ്ങി.

നേരം പുലർന്നു.

കിഴവി ഞെട്ടിയുണർന്നു. ഉണർന്നയുടനെ തപ്പിയതു സ്വന്തം മടിയിലാണ്. തലേന്നാൾ അലക്കിയുടുത്ത ഒറ്റമുണ്ടിൽ നീലിയുടെ തല ചായ്ച്ച സ്ഥാനത്ത് എണ്ണയുടെ പാടുമാത്രം കണ്ടു. അതേ മതിലും ചാരി രൈരു തല ഒരു ഭാഗത്തു ചെരിച്ചുകൊണ്ടു മയങ്ങിയുറങ്ങുന്നു. വെറും നിലത്തു കരിപിടിച്ച കവിളുമായി രൈരുവിൻറെ ഭാര്യ. ഓലച്ചീന്തിൽ പേടിച്ചരണ്ടു ചുരുണ്ടുകിടക്കുന്ന കുട്ടികൾ!

മുത്താച്ചി എഴുന്നേറ്റുനടന്നു. ധൃതിപ്പെട്ടു കോലായിലൂടെ രണ്ടു ചാൽ നടന്നു. തെക്കും വടക്കും നോക്കി. അകം പരതി. പിന്നെ പുറത്തുവന്നു ചിലമ്പിച്ച ഒച്ചയിൽ 'നീലി...'എന്ന ഒരു വിളി ! ചെമ്പിനടിച്ച

പോലെയായിരുന്നു ആ ശബ്ദം. അതുകേട്ട് എല്ലാവരും ഞെട്ടിയുണർന്നു.

വലതു കൈയിൽ വീണ്ടും പിടിയുറപ്പിച്ച കൊടുവാളുമായാണ് രൈരു എഴുന്നേറ്റത്. അവൻറെ ചുണ്ടിൻറെ കോണിലൂടെ ഉമിനീർ കട്ടിയായി ഒഴുകുന്നുണ്ടായിരുന്നു. കൊടുവാൾ ഉയർത്തിക്കൊണ്ടു ജടപിടിച്ച തല കുലുക്കി അവൻ ചോദിച്ചു:

“എവിടെ ആ മൂധേവി ?...”

ആദ്യം പിടഞ്ഞെഴുന്നേറ്റത് രൈരുവിൻറെ ഭാര്യയായിരുന്നു. പഞ്ഞം പിടിച്ച നാട്ടിലെ ഒരുപാടു പെറ്റു തളർന്ന പട്ടിയെപ്പോലെ അവൾ കിതച്ചു. വാരിയെല്ലുന്തിയ നെഞ്ചും ചപ്പിവീണ ബ്ലാഡർപോലുള്ള മുലകളുമായി കണ്ണു തിരുമ്മുന്ന അവളുടെ നേരെ പാഞ്ഞടുത്തുകൊണ്ട് രൈരു അലറി :

“എവിടെ ആ മൂധേവി ? എവിടെയാണ് നീ അവളെ ഒളിപ്പിച്ചത് ?”

രൈരുവിൻറെ ഭാര്യ കരയാൻ തുടങ്ങി. കണ്ണീരിനുപോലും ക്ഷാമമായിരുന്നു. ഒട്ടിയ കവിളുകൾ ഇടയ്ക്കിടെ വലിഞ്ഞുകൊണ്ടു നെടുവീർപ്പുകൾ മാത്രം ഉയർന്നു.

രൈരു, കൊടുവാളും കൈയിൽപ്പിടിച്ച് ഹാലിളകിയ മട്ടിൽ പുരയ്ക്കു ചുറ്റും മണ്ടിനടന്നു. വെളിച്ചപ്പാടിനെപ്പോലെ ഓടിനടക്കുന്ന മകനെ കിഴവി ഏറെനേരം നോക്കിയശേഷം കോലായിൽ വീണു. ശരീരം നിലത്തുവീഴുന്ന കനമോ ഒച്ചയോ കേട്ടില്ല. ഒരു തുമ്പിയുടെ ലാഘവത്തിലായിരുന്നു ആ വീഴ്ച. രൈരു അവിടെയും ചാടിയെത്തി.

“അമ്മേ, ഞ്ഞീനന്നെങ്കിൽ ഇതു പറ്റ്വായിരുന്നോ?”

കലിതുള്ളി അലറിക്കൊണ്ട് രൈരു തെക്കേക്കണ്ടത്തിലേക്കു പാഞ്ഞു. മാവിൻചോട്ടിൽ അച്ഛൻറെ സമാധിക്കുമേലെ ഏറെനേരം നിന്നപ്പോൾ ചോണനുറുമ്പുകൾ കാലിൽക്കയറി. പിന്നെയും ഉറഞ്ഞ് ഉറുമ്പിനോടും മനുഷ്യനോടും പകപോക്കാനായി രൈരു തൊടി മുഴുവൻ ഓടിനടന്നു.

ഓടുമ്പോഴെല്ലാം ചോദിച്ചു:

“എവിടെ ആ മൂധേവി ?”

അയല്ക്കാർ ഓടിവന്നു. മരമുട്ടിയിൽ ചെണ്ടകൊട്ട് അഭ്യസിക്കുന്ന അപ്പുക്കുട്ടിമാരാരുടെ മകൻ ഗോവിന്ദൻ കോലുമായാണ് വന്നത്. രൈരു ഒട്ടും ആലോചിക്കാതെ ഒരു കോലു പിടിച്ചെടുത്തു. ഒരു കൈയിൽ കൊടുവാളും മറ്റേ കൈയിൽ കോലുമായി നിലവിളിച്ചു:

“കൊല്ലും ഞാനവളെ!”

എല്ലാവരുംകൂടി രൈരുവിനെ സമാധാനിപ്പിച്ചു. പലവിധ വചനങ്ങൾ ഉയർന്നു. എല്ലാം കേട്ട് രൈരു തളർന്നു.

കൂടിനിന്നവർ നീലിയെ അന്വേഷിച്ചു നാലു ഭാഗവും നടപ്പായി.

മൂന്ന്

എറമുള്ളാൻറെ ബാങ്കുവിളി കേട്ടപ്പോൾ, ഖാൻബഹദൂർ പൂക്കോയതങ്ങൾ എഴുന്നേറ്റു. വെള്ളിമൂക്കുള്ള മെതിയടിയിൽ ഇറങ്ങിനിന്നു മൂട്ടിയ സിങ്കപ്പൂർകൈലി നന്നായി കുടഞ്ഞശേഷം മുറുക്കിയുടുത്തു. ശേഷം പതിന്നാലാം നമ്പ്ര് വിളക്കിൻറെ തിരി കയറ്റി.

തങ്ങളുടെ ഭാര്യ ആറ്റബീബി അടുത്തുള്ള കട്ടിലിൽ തളർന്നുറങ്ങുകയാണ്. മെതിയടിയിട്ട കാലുകൾ അങ്ങോട്ടു നീങ്ങി. മാംസളമായ തോളിൽപ്പിടിച്ചു ഞെരുക്കിക്കൊണ്ട് അയാൾ വിളിച്ചു:

"ആറ്റേ...എണീക്ക്. സൊബഹി ബാങ്ക് കൊടുത്തു."

ആറ്റബീ ഒന്നു ഞരങ്ങിയശേഷം കിടക്കയിൽ പിരിഞ്ഞു. പിന്നെ ആലസ്യം പൂണ്ട കണ്ണുകൾ മെല്ലെ തുറന്നു.

"പല്ലുതേച്ച്, മന്ത്രിച്ച വെള്ളം കുടിക്ക്."

വിവാഹം കഴിഞ്ഞ് പതിമൂന്നുകൊല്ലത്തിനുശേഷം ആറ്റബീ ഗർഭിണി യായിരിക്കുന്നു. ആറ്റുനോറ്റു കിട്ടിയ ഗർഭം അലസിപ്പോകുമോ എന്ന പേടിയിൽ മരുന്നും മന്ത്രവുമായി തങ്ങൾ പാടുപെടുന്നു.

തങ്ങൾ മുറിയിൽനിന്നു പുറത്തുകടന്നു. ഉമ്മറവാതിലിൻറെ കരു നീക്കാൻ തുടങ്ങി. പതിവുപോലെ വാതിൽപ്പോളകൾ അലറി.

അറകളും കള്ളറകളും പത്തായവും ഇരുമ്പുസേഫുമുള്ള ആ വലിയ വീടിൻറെ വാതിലിന് ഒരു പ്രത്യേകതയുണ്ട്. അടയ്ക്കുമ്പോൾ അനങ്ങില്ല. പക്ഷേ, തുറക്കുമ്പോൾ അലറും! ആ അലർച്ച കേട്ടാണ് മരുമക്കളും ആശ്രിതന്മാരും പണിക്കാരും കാര്യസ്ഥനും ഞെട്ടിയുണരേണ്ടത്. സിങ്കപ്പൂരിൽനിന്നു കൊണ്ടുവന്ന ബുദ്ധമതക്കാരനായ ഒരാശാരിയാണ് ആ വാതിൽ പണിതത്. വാതിൽ മാത്രമല്ല, വാതിലും വീടും പണിതത്. പക്ഷേ, വീടിൻറെ പണി തീരുമ്പോഴേക്കും ബുദ്ധനാശാരി മരിച്ചു. താമസക്കാർ ആ വീട്ടിൽ കാലുകുത്തുന്നതും പാലു കാച്ചുന്നതും ബുദ്ധ നാശാരിക്കു കാണാൻ കഴിഞ്ഞില്ല.

ഖാൻബഹദൂർ പൂക്കോയത്തങ്ങളെപ്പോലെ അത്രയും പ്രതാപശാലിയായ ഒരാൾ അറയ്ക്കലെ തറവാട്ടിൽ അതുവരെ വാണിരുന്നില്ല. പൂക്കോയത്തങ്ങളുടെ പേരും പെരുമയും അക്കാലത്ത് നാടുനീളെ വാഴ്ത്തപ്പെട്ടു. നാടുനന്നാക്കാനായി വെള്ളക്കാരൻ കൊടുത്ത ഒരു ഓശാരമാണ് ഖാൻബഹദൂർ പട്ടം.

പൂക്കോയത്തങ്ങളുടെ ബാപ്പ ആറ്റക്കോയയ്ക്ക് സിങ്കപ്പൂരിൽ വലിയ കച്ചവടമായിരുന്നു. നാട്ടിൽ ഓരോ തവണ വരുമ്പോഴും ചുറ്റുപാടുമുള്ള പറമ്പുകളും വയലുകളും തുച്ഛമായ വിലയ്ക്ക് അയാൾ കൈവശമാക്കി. ആറ്റക്കോയ മരണമടയുമ്പോൾ നാടിൻറെ നല്ലൊരു ഭാഗം സ്ഥാവരജംഗമവസ്തുക്കൾ അദ്ദേഹത്തിൻറെ കൈവശം വന്നു. പുറമേ കോവിലകത്തെ തമ്പുരാൻ കഴിഞ്ഞാൽ നാട്ടിലെ ഏറ്റവും വലിയ ജന്മി ആറ്റക്കോയയായിരുന്നു.

ആറ്റക്കോയയുടെ മരണശേഷം പൂക്കോയത്തങ്ങൾ സ്വത്തും കച്ചവടവും ഏറ്റെടുത്തു. സിങ്കപ്പൂരിലെ കച്ചവടം വീണ്ടും അഭിവൃദ്ധിപ്പെടുത്തി. നാട്ടിൽ പറമ്പുകളും വയലുകളും മാത്രമല്ല, കാടും മലയും വിലയ്ക്കുവാങ്ങാൻ തുടങ്ങി. താമസിക്കുന്ന വീടൊരു കൊട്ടാരം പോലെ മനോഹരമാക്കി. വീതിയേറിയ നീണ്ട ഉമ്മറത്തു കുറ്റൻതൂണുകളും അതിൽ ചിത്രപ്പണികളും കൊത്തിവെപ്പിച്ചു. വാതിൽപ്പടികൾക്കുമേലെ സിങ്കപ്പൂർനർത്തകികളുടെ രൂപങ്ങൾ സ്ഥലംപിടിച്ചു. ജനൽപ്പാളികളിൽ പലനിറത്തിലുള്ള ജർമ്മൻഗ്ലാസ്സുകൾ. നിലത്തു കാലുവച്ചാൽ ഊരിവീണുപോകുന്ന മാർബിൾക്കല്ലുകൾ. അവയ്ക്കുമീതെ പരവതാനി. അതിനുമേലെ മുറ്റിനില്ക്കുന്ന പച്ചനിറം.

ഇത്രയും വലിയ കൊട്ടാരത്തിൽ അതിനൊത്ത ആളുകൾ. തങ്ങളുടെ മൂന്നു പെങ്ങന്മാരും അവരുടെ മക്കളും ഭർത്താക്കന്മാരുമടക്കം പത്തു മുപ്പതുപേർ അറയ്ക്കലെ തറവാട്ടിൽ തിന്നും കുടിച്ചും കുടിപാർത്തു.

പത്തു കൊല്ലം സിങ്കപ്പൂരിൽ കച്ചവടം ചെയ്തു സമ്പാദിച്ച മടുത്ത ശേഷം ധാരാളം പണവും ഒന്നാന്തരം ഒരു കുതിരയും ബുദ്ധമതക്കാരനായ ഒരു കുതിരക്കാരനുമായി തങ്ങൾ നാട്ടിലേക്കു മടങ്ങി.

പൂക്കോയത്തങ്ങൾ തൻറെ ബാപ്പമാരെപ്പോലെ അന്ധവിശ്വാസിയായിരുന്നില്ല. സിങ്കപ്പൂരിൽ ഒരുപാടുകാലം കഴിച്ചുകൂട്ടിയ അദ്ദേഹം നല്ല പരിഷ്കാരിയായി മാറി. എങ്കിലും മന്ത്രത്തിൽമാത്രം മൂപ്പർ അല്പം വിശ്വസിച്ചു.

ജപ്പാൻസില്ക്കിൻറെ കുപ്പായം ധരിച്ച്, അതിനുമീതെ അണ്ണാൻവരയുള്ള സിങ്കപ്പൂർലുങ്കിയുടുത്ത്, എല്ലാറ്റിനും മീതെ കോട്ടുമിട്ടു മീശ പിരിച്ച ചുവന്നു തുടുത്ത മുഖവും മുഖത്തെക്കാൾ തുടുത്ത ഷൂസുമിട്ടു നടക്കുന്ന തങ്ങളെ നാട്ടുകാർ ആരാധനാപൂർവം നോക്കിനില്ക്കും. അദ്ദേഹം നടന്നുപോകുന്ന വഴികളിൽ സിങ്കപ്പൂർസെൻറിൻറെ മണം പരന്നു.

അതിരാവിലെ എറമുള്ളാൻറെ ബാങ്കുവിളി കേട്ടപ്പോൾ ഖാൻബഹദൂർ പൂക്കോയത്തങ്ങൾ എഴുന്നേറ്റു. ടൂത്ത്പേസ്റ്റ് ഞെക്കി ബ്രഷിന്മേൽ ആക്കി. പിന്നെ തേയ്ക്കലായി. തങ്ങൾ സോപ്പുകൊണ്ടാണ് പല്ലുതേയ്ക്കുന്നതെന്ന് ആശ്രിതർ നാടുമുഴുവൻ ഇതിനകം പറഞ്ഞുപരത്തി.

ടർക്കിഷ് ടവ്വൽകൊണ്ടു മുഖം തുടച്ചു കസേരയിലിരിക്കേണ്ട താമസം, പണിക്കാരൻ കുട്ടി ഹൈദ്രോസ് ചൂടുള്ള കൊഴുത്ത ചായയുമായി വന്നു. അങ്ങനെ ആ ദിവസത്തിൻറെ ആരംഭം കുറിക്കപ്പെട്ടു.

ചായകുടിച്ച് ഉഷാറോടെ നിസ്കാരത്തിനു പുറപ്പെട്ടു. മാറിൽ കൈകൾ കെട്ടി കുനിഞ്ഞും കുമ്പിട്ടും അല്ലാഹുവിനെ ഓർത്തശേഷം തങ്ങൾ പുല്പായിൽനിന്നിറങ്ങി. പിന്നെ ഒരു വിളി :

"അദ്രാമാനേ!..."

സിങ്കപ്പൂരിൽനിന്നു വന്ന ബുദ്ധനായ കുതിരക്കാരൻ ഉയർത്തെഴുന്നേറ്റ പോലെ ഓടിയെത്തി. പന്തിയിൽനിന്നു കുതിരയെയും നയിച്ച് അദ്രാമാൻ, തങ്ങളുടെ മാർബിൾ പാകിയ കോലായ്ക്കടുത്തു കുതിരയുമായി വന്നു. അപ്പോഴേക്കും തങ്ങൾ കാക്കിവേഷത്തിലായിരുന്നു. തൻറെ നീണ്ടു ബലിഷ്ഠമായ കൈകൾകൊണ്ടു കുതിരയെ തടവിയശേഷം ഇണപ്പോരു കിട്ടിയ ഒരു മൃഗത്തെപ്പോലെ തങ്ങൾ കുതിരപ്പുറത്തു കയറി.

ഗേറ്റ് കടന്ന്, പള്ളിപ്പറമ്പ് പിന്നിട്ട്, നൊച്ചിൽക്കാട്ടുകൾ ചവിട്ടിമെതിച്ച്, രാജപാതയെ കീഴടക്കി. നാലിടങ്ങഴി മുതിര തിന്നുന്ന ഉശിരൻകുതിര കടപ്പുറത്തേക്കു മണ്ടി.

തങ്ങൾ തൻറെ ഭൂമിയും വയലുകളും കാടുംവിട്ട മറ്റെങ്ങും പോകാറില്ല.

കുതിര ഓടിയോടി അവസാനം പൂഴിപ്പറമ്പിലെത്തി. മണലിൽ പൂണ്ട കാലുകൾ വേച്ചുവേച്ചു വലിച്ചെടുത്ത്, ഒരുപാട്ട കുടിലുകളെ വലംവച്ച്, അവസാനം ഒരു കുടിലിൻറെ മുമ്പിൽ കുതിര നിന്നു.

നേരം കൊറ്റിയുദിച്ചിട്ടില്ല. തങ്ങൾ കുനിഞ്ഞ് കുതിരയുടെ കഴുത്തിൽ ഉമ്മവച്ചശേഷം ശബ്ദമില്ലാതെ ചാടിയിറങ്ങി.

കുടിലിൽ വെളിച്ചമില്ല. ആണുങ്ങൾ കടലിലേക്കു പോയ നേരം. തങ്ങൾ ചെറ്റപ്പുരവാതിലിൽ മാന്തി. ശബ്ദം കേൾക്കേണ്ട താമസം വാതിൽ തുറക്കപ്പെട്ടു.

കച്ചകെട്ടാത്ത മാറിടം പുറത്തുവന്നു. പിന്നെ രണ്ടു മാറിടവും ഉള്ളിലേക്കു വലിഞ്ഞു.

കുതിര ഒരുപാടുനേരം കുളമ്പിട്ടടിച്ചശേഷം കിതയ്ക്കാൻ തുടങ്ങി.

നേരം നല്ലപോലെ വെളുത്തപ്പോൾ തങ്ങൾ കുതിരയുമായി തറവാട്ട പടിക്കൽ തിരിച്ചെത്തി. പടിപ്പുരകാവൽക്കാരൻ ബുഹാരി, തങ്ങളെ കണ്ടതോടെ ബീഡി കുത്തിക്കെടുത്തി. തങ്ങളെ കാണുമ്പോൾ ബീഡി കെടുത്തലല്ലാത്ത ഒരു ജോലി ബുഹാരി ഒരിക്കലും ചെയ്തിട്ടില്ല.

പടി കടന്നതോടെ അദ്രാമാൻ സ്ഥലത്തെത്തി കുതിരയെ ഏറ്റുവാങ്ങി. അതിൻറെ താടിയിൽ തട്ടി, വായിൽ നുരച്ചിറങ്ങുന്ന പത വലതുകൈകൊണ്ടു തുടച്ചു തെറിപ്പിച്ച്, കുതിരയെ ഒരുപാടു ചീത്ത പറഞ്ഞു.

തങ്ങൾ കുളിക്കാനിറങ്ങി. വാസനസോപ്പിൻറെ മണം കോലായിലെത്തി. കുളിച്ചു കുമ്പയ്ക്കുമുകളിൽ മുട്ടിയ കൈലിയുമായി, തല തടവിക്കൊണ്ടു തങ്ങൾ കോലായിലേക്കിറങ്ങി. കോലായിൽ അപ്പോഴേക്കും കത്തലടക്കാനായി ആശ്രിതന്മാരും മരുമക്കളും വട്ടമിട്ടിരുന്നു. കഴുകിയ കൈകൾ തങ്ങളെ കാത്തുകാത്തുണങ്ങി. പണിക്കാരൻകുട്ടി കാലിയാവുന്ന ബസ്സികൾക്കായി കാത്തിരുന്നു.

സുപ്രക്കു ചുറ്റും ആർത്തിപൂണ്ട് ആണുങ്ങൾ തമ്മിൽത്തമ്മിൽ മത്സരിച്ചു. അവരുടെ കണ്ണുകൾ മിഴിഞ്ഞു. മിഴിഞ്ഞ കണ്ണുകളിൽ നിന്നു വെള്ളം പൊട്ടി. എല്ലാവരും ഏമ്പക്കവും വിട്ടുകൊണ്ടു കൈ കഴുകുവാൻ തുടങ്ങി.

തറവാട്ടിൻറെ കോലായിൽ പകൽ മുഴുവനും ചർച്ചയാണ്. തങ്ങൾ ആനക്കസേരയിലിരുന്നു. മാർബിൾ പാകിയ നിലത്തു കാര്യസ്ഥ ന്മാർ പതിയിരുന്നു. തേങ്ങപറി, പുറപ്പാട്, മൂർച്ച, മൂരിവെക്കൽ, കോടതി —എല്ലാം ചർച്ച ചെയ്തു.

ചുരുട്ടു നീട്ടിവലിച്ചുകൊണ്ട് അവസാനം ഒരു ചോദ്യം:

"ശരിയല്ലേ കണാരാ?"

"ളേ!"* കാര്യസ്ഥൻ ബാപ്പുക്കണാരൻ സമ്മതിച്ചു.

കണാരൻ സമ്മതിക്കണം. കണാരൻ എന്ന ബാപ്പുക്കണാരൻ സമ്മതിച്ചാൽ മാത്രമേ തങ്ങൾക്കു തൃപ്തിയാവൂ. ബാപ്പുക്കണാരനാണ് തങ്ങളുടെ വിശ്വസ്ത കാര്യസ്ഥൻ. കഴിഞ്ഞ പത്തു കൊല്ലമായി ബാപ്പുക്കണാരൻ തങ്ങളുടെ കൂടെ, കാര്യസ്ഥൻറെ ജോലി നോക്കുന്നു. സിങ്കപ്പൂരിൽ കണാരൻ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. സിങ്കപ്പൂരിലെ കച്ചവടം അവസാനിപ്പിച്ചു നാട്ടിൽ സ്ഥിരതാമസമാക്കാൻ ഉപദേശിച്ചതു പോലും കണാരനായിരുന്നു.

ചർച്ചകളും പ്രശ്നങ്ങളും തീർന്നപ്പോൾ ഉച്ചയായി.

ഉച്ചയുറക്കം കഴിഞ്ഞു തങ്ങൾ എഴുന്നേറ്റു. പുതീന ചേർത്ത ചായ കുടിച്ചു. ഇസ്തരിതേച്ച മലമലിൻറെ ജുബ്ബയും വെള്ളപ്പൈജാമയും തൊപ്പിയുമണിഞ്ഞ് തങ്ങൾ വൈകുന്നേരത്തെ കാറ്റുകൊള്ളാനിറങ്ങി.

അദ്രാമാനും ആമദ്സീതിയും മുഹമ്മദ്കുഞ്ഞിയും പൂച്ചോണക്കനും, മുക്രി എറമുള്ളാനും തങ്ങളെ അകമ്പടി സേവിച്ചു.

പല വർത്തമാനങ്ങളും തമാശകളും നാട്ടുകാര്യങ്ങളും പറഞ്ഞു നടക്കുമ്പോഴാണ് ആ കാഴ്ച അവർ കാണുന്നത്.

തൻറെ ബാപ്പ ആറ്റക്കോയതങ്ങളുടെ ശവക്കല്ലറയുടെ മുകളിൽ ആരോ കമിഴ്ന്നുകിടക്കുന്നു.

പെട്ടെന്നു വർത്തമാനങ്ങൾ നിലച്ചു. എല്ലാവരും ശവക്കല്ലറയുടെടുത്തേക്കു നീങ്ങി. പള്ളിപ്പറമ്പ് ഇരുണ്ടു. ചന്ദനത്തിരിയുടെ ഗന്ധം എങ്ങു നിന്നോ ഉയർന്നു വന്നു.

ഒരു നിമിഷം തങ്ങൾ അന്തംവിട്ടു നിന്നുപോയി. ഒരു പെണ്ണ് ! ബോധമറ്റു കിടക്കുന്ന സ്ത്രീയുടെ ശരീരത്തിൽ തങ്ങൾ തൊട്ടുനോക്കി.

“ഓ, ചൂടുണ്ട് !”

ഒരു സ്വപ്നത്തിൽനിന്നുണർന്നപോലെ തങ്ങൾ പറഞ്ഞു:

“കണാരാ, ഇൻറെ തിയ്യത്തീനെ ബിളിപ്പിക്ക്. പെണ്ണുങ്ങളെ ഞമ്മള്തൊടല് ശരീല്ല.”

പിന്നെ ഓട്ടവും ബഹളവുമായി. പലരും പലവഴിക്ക് ഓടി. ചിലർ തണുത്ത വെള്ളവുമായി വന്നു, മുഖത്തൊഴിക്കാൻ. ചിലർ അതു പിശാചാണെന്നു നിനച്ചു പേടിച്ചോടി.

അപ്പോഴേക്കും ബാപ്പുക്കണാരൻറെ തിയ്യത്തി പൊക്കി ഖബറിനരികെയെത്തി. കണാരനും പൊക്കിയുംകൂടി ബോധമില്ലാത്ത പെണ്ണിനെ താങ്ങിയെടുത്തു.

* അതേ

നാല്

ബാപ്പുക്കണാരൻറെ വീട്ടുമുറ്റത്ത് എവിടെനിന്നോ കൊണ്ടുവന്നിട്ട കസേരയിൽ കാലിന്മേൽ കാൽ കയറ്റിവച്ചു തങ്ങൾ ഇരുന്നു; കോലായിൽ വിരിച്ച തഴപ്പായയിൽ ആശ്രിതന്മാരും. ഗ്രഹണം പറ്റിയതു പോലെയായിരുന്നു കോലായയും മുറ്റവും. അത്രയ്ക്കും നിശ്ശബ്ദമായിരുന്നു കൂടിയിരുന്നവർ. അകത്തെ സംഗതികൾ എന്താണെന്നറിയാനായി എല്ലാവരും ഓരോന്നു നിരീക്ഷിച്ചുകൊണ്ടിരുന്നു.

കണാരൻറെ ഭാര്യ അർജ്ജുനൻറെ അമ്പുപോലെ പുറത്തുവന്നു, എന്നിട്ട് ഒരൊറ്റ പറച്ചിൽ:

“പോതം ബന്ന് !”

“റബ്ബേ, ഇൻറെ കൃപ!” തങ്ങൾ എഴുന്നേറ്റുകൊണ്ടു പറഞ്ഞു. എന്നിട്ടു ചോദിച്ചു:

“ബല്ല ബർത്താനോം പറഞ്ഞോ?”

“ഇല്ല. കണ്ണുതൊറന്നു ചിറിയൊന്ന് അനക്കിയതേയുള്ളൂ.”

എറമുള്ളാൻമുക്രി പുറത്തെ കാലൊടിഞ്ഞ ബഞ്ചിലിരുന്ന് കറുപ്പുനൂൽ മന്ത്രിച്ചുകൊണ്ടിരുന്നു. നൂറ്റൊന്നാമത്തെ കെട്ടു കെട്ടി, നൂറ്റൊന്നാം തവണ ഊതുമ്പോഴേക്കും കറുപ്പുനൂൽ ആകെ നനഞ്ഞു.

“ഇതങ്ങ് കെട്ടിക്കൊടുക്ക്. ബലത്തേ കയീൻറെ തോള്മ്മല്. ഏത് ഇഫ്രീത്തായാലും ജിന്നായാലും എറങ്ങിയങ്ങ് പോരും.”

നൂൽ അകത്തേക്കു നീട്ടിക്കൊണ്ട് എറമുള്ളാൻ പറഞ്ഞു.

കണാരൻറെ ഭാര്യ നൂലു വാങ്ങി രോഗിയുടെ തോളിൽ കെട്ടി. മന്ത്രംജപിച്ചൂതിയ വെള്ളം വീണ്ടും മുഖത്തു തളിച്ചു. അപ്പോഴേക്കും ആണും പെണ്ണുമായി ഒരുപാടാളുകൾ എത്തിക്കഴിഞ്ഞിരുന്നു. അവർ വീട്ടിനകത്തും പുറത്തുമായി തങ്ങിനിന്നു.

തങ്ങൾ അകത്തു കടന്നു.

വടിവൊത്ത മുഖം. കറുത്ത നിറം. തലയ്ക്കിരുഭാഗവും പായയിൽ പരന്നു കിടക്കുന്ന ഇടതൂർന്ന മുടി. സർവോപരി കുപ്പായമിടാത്ത മാറിടം.

“ഒരു കാര്യം. കുപ്പായം ഒടനെ ഇടീക്കണം. ഇത് ഞമ്മക്ക് കണ്ടൂടാ. മന്ത്രിച്ച വെള്ളം പിന്നെക്കൊടുത്താ മതി.”

അക്കാലത്തു നായർസ്ത്രീകളൊഴികെ മറ്റാരും കുപ്പായമിട്ടിരുന്നില്ല. സിങ്കപ്പൂരിൽ പോയി പരിഷ്കാരിയായ തങ്ങൾക്ക് ഇതു സഹിക്കാൻ കഴിഞ്ഞില്ല. ഒരു മാറ്റം വരുത്താൻതന്നെ തങ്ങൾ തീരുമാനിച്ചു. തങ്ങളുടെ അധീനത്തിലുള്ള പെണ്ണുങ്ങളെ ഓരോരുത്തരെയായി കുപ്പായമിടീക്കാൻ തുടങ്ങി. വാരക്കണക്കിനു ചീട്ടിത്തുണി വാങ്ങി തുന്നൽക്കാരനെ വീട്ടിലിരുത്തി ഒരുപാടു കുപ്പായങ്ങൾ അടിപ്പിച്ചു. ആദ്യത്തെ കുപ്പായം ഓരോ പെണ്ണിനും തങ്ങൾതന്നെ വീട്ടിൽ വിളിച്ചു വരുത്തി കൊടുത്തു. അറയ്ക്കലെ മതിൽക്കെട്ടിനകത്തുള്ള വീട്ടുമുറ്റത്തുവച്ചു പെണ്ണുങ്ങൾ മാറുമറയ്ക്കുന്ന കാഴ്ച കിളിവാതിലിനുള്ളിലൂടെ നോക്കിക്കൊണ്ട് തങ്ങളുടെ ബീബി ആനന്ദംകൊണ്ടു.

പക്ഷേ, ഇതെല്ലാമായിട്ടും പൊക്കിമാത്രം കുപ്പായമിടാൻ കൂട്ടാക്കിയില്ല. അതും, തൻറെ വിശ്വസ്തനായ കാര്യസ്ഥൻ ബാപ്പുക്കണാരൻറെ തിയ്യത്തി !

തങ്ങൾ പതിവുപോലെ നടക്കാനിറങ്ങിയ ഒരു ദിവസം പൊക്കിയെ കണ്ടു. പൊക്കിയും ഒരു മുണ്ടും മാത്രം. തങ്ങൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. കോപത്തെക്കാൾ ഏറെ വാശിയാണു തോന്നിയത്.

"ഓളെക്കൊണ്ട് ഞാനിടീക്കും. അയിന് ബേറെ പണിയെടുക്കണം കണാരാ." തങ്ങൾ ഒരു ശപഥം കണക്കെ പറഞ്ഞു.

പുകയുന്ന ചിമ്മിണിവിളക്കിൻറെ അരണ്ട വെളിച്ചത്തിൽ നിലത്തുവിരിച്ച പുല്പായയിൽ തളർന്നുകിടക്കുന്ന ചെറുപ്പക്കാരിയെ തങ്ങൾ സാകൂതം നോക്കി നിന്നു.

"ളേ." കണാരൻ മൂളി.

ചൊവ്വാഴ്ച വൈകുന്നേരം വടകരച്ചന്തയിൽനിന്നു സാധനങ്ങൾ വാങ്ങി ഒരു കുട്ടയിലാക്കി അതും തലയിൽവച്ച് പൊക്കി അടിവച്ചടിവച്ചു നീങ്ങുകയാണ്. പെരുവഴിയിലൂടെ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ട്. തങ്ങളും ആശ്രിതന്മാരും തമാശകൾ പറഞ്ഞു നടന്നപ്പോൾ എതിരെ വരികയായിരുന്ന പൊക്കിയെ കണ്ടു. തങ്ങൾ കൂടെയുണ്ടായിരുന്ന രണ്ടു വികൃതിക്കുട്ടികളോട് എന്തോ സ്വകാര്യം പറഞ്ഞു.

കുട്ടികൾ ഓടിപ്പോയി എതിരെ വരുന്ന പൊക്കിയെ തടുത്തു നിർത്തി. പിന്നെ ഏന്തിക്കൊണ്ട് അവളുടെ മാറത്തു കൈവച്ചു. അന്തം വിട്ടുപോയ പൊക്കിയുടെ തലയിൽനിന്നു കുട്ട താഴെ തെറിച്ചുവീണു. പൊക്കി ഓടി; പിറകെ കുട്ടികളും.

"ഈ ദിവസം മുഴുവനും ഈ കുട്ടികളെ ഒന്നായിട്ട് കൂട്ടി നടന്നത് ബെറുതെയല്ല." പൊട്ടിച്ചിരിക്കുന്ന ആശ്രിതരെ നോക്കി തങ്ങൾ പറഞ്ഞു.

ബാപ്പുക്കണാരൻ മാത്രം ചിരിച്ചില്ല.

ആ സംഭവത്തിനുശേഷം കുപ്പായമിടാതെ ആ പ്രദേശത്ത് ഒരൊറ്റ ച്ചെറുപ്പക്കാരിയും നടന്നിട്ടില്ല.

പിന്നെ അറിയപ്പെടാത്തവളാണെങ്കിലും കുപ്പായമിടാത്ത ഈ പെണ്ണിനെ തങ്ങൾക്ക് സഹിക്കാനാവുമോ?

പൊക്കി, തൻറെ തകരപ്പെട്ടി തുറന്ന് ഒരു കുപ്പായം പുറത്തെടുത്തു. ആ കുപ്പായം എങ്ങനെയോ കഠിനാദ്ധ്വാനം ചെയ്തു ചെറുപ്പക്കാരിയുടെ തടിയിലാക്കി.

"ഓക്ക് കുടിക്കാൻ കൊടുക്ക്." തങ്ങൾ കല്പിച്ചു.

ഒരു പിഞ്ഞാണത്തിൽ ചൂടുള്ള കഞ്ഞിവെള്ളം ആരോ കൊണ്ടുവന്നു. അവൾ തഴപ്പായയിൽ കൈകുത്തി എഴുന്നേറ്റിരുന്ന് ആ വെള്ളം മുഴുവൻ ഒരു വീർപ്പിനു കുടിച്ചുതീർത്തു.

"ഇനി ഇൻറെ പേര് ഞങ്ങളോട് പറ." തങ്ങൾ വീണ്ടും കല്പിച്ചു.

പിന്നിൽ കൈകൾ കുത്തി ചാഞ്ഞിരുന്നുകൊണ്ട് അവൾ തങ്ങളെനോക്കി. ചുവന്നു നനഞ്ഞ കണ്ണുകളിൽ റാന്തൽ പ്രതിഫലിച്ചു.

"ബേജാറാവണ്ട. ഇനിക്ക് സഹായത്തിന് ഞമ്മളുണ്ട് ഇൻറെ പേര്പറ."

ചുവന്നു മാംസളമായ മുഖവും കൊമ്പൻമീശയും വലിയ തുറിച്ച അറബിക്കണ്ണുമുള്ള തങ്ങളെ നോക്കിക്കൊണ്ട് അവൾ പറഞ്ഞു:

"നീലി."

"പഷ്ട് പേര്. ഞമ്മക്ക് പെരുത്ത് പിടിച്ചു. ഇൻറെ രാജ്യം എവിട്യാ?"

നീലി കരയാൻ തുടങ്ങി. എഴുന്നേറ്റിരുന്ന അവൾ വീണ്ടും പായയിൽ വീണു.

"ശരി. എനി എല്ലാം നേരം വെളുത്തിട്ട് മതി." തങ്ങൾ മുറ്റത്തേക്കിറങ്ങി :

"കണാരാ! ഇഞ്ഞി ഇവിടെത്തന്നെ നിന്നോ. വിശേഷം ഉണ്ടെങ്കിഞമ്മളെഅറിയിക്കണം."

തങ്ങൾ നടക്കാൻ തുടങ്ങി. പത്തുവാര നടന്നിട്ടുണ്ടാവില്ല. അപ്പോഴേക്കും ബാപ്പുക്കണാരൻ കിതച്ചുകൊണ്ടോടിവന്നു.

"ഉം, എന്തുപറ്റി ?" തങ്ങൾ തിരിഞ്ഞുനിന്നുകൊണ്ടു ചോദിച്ചു.

"ഓക്ക് വയറ്റിലുണ്ട്."

"ആരു പറഞ്ഞു?" എന്നായി തങ്ങൾ.

"പരത്തി. ബഹളം കേട്ടു വന്ന പരത്തി വയറു തടവിനോക്കിയശേഷമാ പറഞ്ഞത്."

തങ്ങൾ ഒന്നും പറയാതിരിക്കുമ്പോൾ കണാരൻ പറഞ്ഞു:

"സത്യമാ തങ്ങളെ..."

തങ്ങൾക്ക് അരിശം കയറി :

"അതിനെന്താ ചെക്ത്താനേ? വയറ്റിലുണ്ടെങ്കിൽ അവൾ പെറട്ടെ. ഈറ്റെടുക്കാൻ ഈ നാട്ടിലാളുണ്ട്."

'വേണമെങ്കിൽ ഗർഭം താങ്ങാനും.' കണാരനു പറയണമെന്നു തോന്നി. പക്ഷേ, കൈ വായമൂടി. തിന്നുന്ന കൈ. തലയും താഴ്ത്തി കണാരൻ മടങ്ങി.

വീട്ടിൽ എത്തുന്നതുവരെ തങ്ങൾ ആരോടും സംസാരിച്ചില്ല. ഓർത്തതു മുഴുവൻ എങ്ങുനിന്നോ വന്ന വയറ്റിലുള്ള പെൺകുട്ടിയെക്കുറിച്ചും ഗർഭക്കാരിയായ തൻറെ ബീബിയെക്കുറിച്ചുമായിരുന്നു.

ഉറക്കമുറിയിൽ ചെന്നപ്പോൾ ബീബി ഉറങ്ങിക്കഴിഞ്ഞിരുന്നു. അയാൾ വിളക്കിൻറെ തിരി നീട്ടി. ബീബി ആകെ വാടിത്തളർന്നപോലുണ്ട്. അവരുടെ അടിക്കുപ്പായം മാത്രമിട്ട വയറിൽ തങ്ങൾ ഏറെനേരം നോക്കി നിന്നു. ഉന്തിയ വയർ വീർപ്പിനോടൊത്തു നീങ്ങുകയാണ്. അതിനുള്ളിൽ തൻറെ ബീജം ഒരു കരുവായിക്കിടക്കുകയാണല്ലോയെന്നോർത്തപ്പോൾ തങ്ങളുടെ രോമങ്ങൾ എഴുന്നേറ്റുനിന്നു.

പതിമ്മൂന്നു കൊല്ലങ്ങളോളമുള്ള മനം മടുപ്പിക്കുന്ന കാത്തിരിപ്പി നുശേഷമുള്ള ഗർഭം. ആദ്യത്തേതു പതിമ്മൂന്നു വർഷങ്ങൾക്കു മുമ്പ്, ഒരു നാശംപിടിച്ച നാളിൽ അലസിപ്പോയി. ഒരു കഷണം കറമൂസ* യാണ് എല്ലാം അപകടത്തിലാക്കിയത്.

അന്നത്തെ പതിന്നാലാം രാവിൻറെ നിലാവിൽ പിൻപുറത്തെ മുറ്റത്തിരുന്ന് ബീബി ആകാശം നോക്കിയിരുന്നു. മുറ്റത്തിരുന്ന കറമൂസമരത്തിൻറെ കൈകൾക്കിടയിലൂടെ നിലാവിറങ്ങി വരുന്നതു കണ്ടപ്പോൾ ബീബിക്കൊരു പൂതി : ഒരു കഷണം കറമൂസ തിന്നണം.

കൊക്കയുമെടുത്തു കറമൂസമരത്തിൻറെ കീഴിൽപ്പോയി വലിയ ഒരു കറമൂസയുടെ കണ്ണിക്ക് ഒരു കുത്തു കൊടുത്തു. ഒരു ഞെട്ടലോടെ കറമൂസ വീണു. ഒപ്പം അറ്റുപോയ കണ്ണിയിൽനിന്നു കറമൂസയുടെ പാലും. ഉറ്റിവീഴുന്ന പാൽ നിലാവിൽ തിളങ്ങുന്നത് ബീബി നോക്കി നിന്നു.

കറമൂസ തിന്നതോടെ അടിവയറ്റിൽ വേദനയും ആരംഭിച്ചു. മരുന്നിനും മന്ത്രത്തിനും കറമൂസയെ തോല്പിക്കാൻ കഴിഞ്ഞില്ല.

പതിമ്മൂന്നു കൊല്ലങ്ങൾക്കു മുമ്പ് നടന്നതാണ്. തങ്ങൾ മുറിയിൽ നിന്നു പുറത്തിറങ്ങി. മുറ്റം കടന്നു പടിപ്പുരയിലെത്തി. കാവൽക്കാരൻ ബുഹാരിയെ കുറെനേരം വിളിച്ചുകൂവി. എന്നും പടിപ്പുരത്തിണ്ണയിൽ ഉറങ്ങുന്ന ഈ പന്നിക്കെന്തുപറ്റി !

പിന്നെ അധികം ആലോചിക്കാതെ പള്ളിപ്പറമ്പിലേക്കിറങ്ങി. അവിടെ നല്ല ഇരുട്ടായിരുന്നു. നൊച്ചിൽക്കാടുകളിൽ മിന്നാമിനുങ്ങുകൾ വട്ടമിട്ടു പറന്നു.

പള്ളിയിലെ വിളക്കു കെട്ടിട്ടില്ല. ഏത്തം വലിയുന്ന ഒച്ച കേൾക്കുന്നു... ദീർഘകാലരോഗിയുടെ ക്കുർക്കംപോലെ. മുക്രി എറമുള്ളാൻ ഏത്തം വലിച്ചും വെള്ളം കോരിയും പള്ളിയിലെ ടാങ്കിൽ നിറയ്ക്കുകയാണ്.

"എറമുള്ളാനെ, ഞ്ഞി കെടന്നില്ലേ?"

തങ്ങളുടെ ശബ്ദം പാതിരാവിൽ കേട്ടപ്പോൾ എറമുള്ളാൻറെ കൈയിൽനിന്നും കയർ വിട്ടു. ഏത്തം കരഞ്ഞുകൊണ്ടു പൊന്തി. പഴയ തൊട്ടി കിണറ്റിൽനിന്നു പാഞ്ഞുവന്ന് എറമുള്ളാൻറെ താടിക്കടിച്ചു.

“ഒരു കാര്യം ചെയ്യ്. ഞ്ഞി, ബാപ്പുക്കണാരൻറെ പൊരബരെ ചെല്ല്. എന്നിട്ട് ഓനോട് പറ, അതായത് ഇപ്പം ബന്ന പെണ്ണിന്, കറമൂസ കൂട്ടാൻ ബെച്ചിട്ടിണ്ടെങ്കി, അതു കൊടുക്കണ്ടാന്ന് പറ.”

എറമുള്ളാൻ മിഴിച്ചുനില്ക്കുകയാണ്. അവനൊന്നും മനസ്സിലായില്ല. അവനൊന്നും കേട്ടില്ല. അവൻറെ ചെവിയിൽ അപ്പോഴും ഏത്തത്തിൻറെ തേങ്ങലായിരുന്നു; താടിയിൽ വേദനയും. അവൻ താഴെ നോക്കി. പള്ളിപ്പറമ്പിലെ കിണർ ഇരുണ്ടുകത്തുകയാണ്.

“എടാ!” തങ്ങൾ വിളിച്ചു.

“ഏ്!”

“മനസ്സിലായോ?”

“ഹില്ല?”

തങ്ങൾ കൈകൾ കൂട്ടി ഞെരിച്ചു. പെട്ടെന്നുവന്ന ദേഷ്യം ആരോടു പറയാനാണ്?

“എടാ, കണാരൻറെ പൊരയില് ഒരു പെണ്ണ് ബന്നിറ്റ്ണ്ട്. ഓക്ക് കറമൂസക്കൂട്ടാൻ ബെച്ചിറ്റുണ്ടെങ്കി, അതു കൊടുക്കരുതെന്ന് പറ.”

എറമുള്ളാൻ ഓടാൻ തുടങ്ങി. അവനെ തടുത്തുകൊണ്ട് തങ്ങൾ ചോദിച്ചു:

“മനസ്സിലായോ?”

“മനസ്സിലായി.” എറമുള്ളാൻ പറഞ്ഞു.

“ചെകുത്താനേ അതല്ല.” തങ്ങൾ നീട്ടിപ്പറഞ്ഞു:

“ഇപ്പൊ വന്ന വാല്യക്കാരത്തിപ്പെണ്ണിന് വയറ്റിലുണ്ട്.”

എറമുള്ളാൻ മിഴിച്ചുനില്ക്കുന്നതു കണ്ടപ്പോൾ വീണ്ടും ചോദിച്ചു:

“എന്തുണ്ട്?”

“കെർപ്പം!”

എറമുള്ളാൻ പറഞ്ഞു.

* പപ്പായ

അഞ്ച്

അറയ്ക്കൽത്തങ്ങളുടെ പള്ളിപ്പറമ്പ് ഏകദേശം രണ്ടേക്കറോളം വരും. നാലു നാഴിക ചുറ്റളവിൽ ആരു മരിച്ചാലും അവിടെയാണ് കബറടക്കുക. പള്ളിപ്പറമ്പു മുഴുവൻ കാടാണ്. അതിനകത്തില്ലാത്ത പാമ്പുകളും വിഷജീവികളുമില്ല; അവയ്ക്കു കാവൽനില്ക്കാൻ അനവധി പ്രേതങ്ങളും. കാടുവെട്ടിത്തെളിയിച്ചിട്ടാണ് ഓരോ ഖബറും കുഴിക്കുന്നത്. കൊല്ലങ്ങൾ കഴിയുമ്പോൾ പഴയ ഖബറുകളിൽ കാടുകയറും. കാടു കയറിയ ഖബറുകൾ വീണ്ടും വെട്ടിത്തെളിയിക്കും. പുതിയ അംഗങ്ങൾ ഖബറിൽ പതിയടങ്ങും.

തങ്ങന്മാർക്കു വിശ്രമിക്കാൻ പ്രത്യേക ഖബറുകളാണ്. മാപ്പിളമാരെ കുഴിച്ചിടുന്ന ഖബറിനരികിൽ തങ്ങൾമാരെ വയ്ക്കാറില്ല.

ജീവിച്ചിരുന്നകാലത്ത് അത്ഭുതങ്ങൾ കാണിച്ച തങ്ങന്മാരുടെ ഖബറും തേടി എല്ലാ ജാതിക്കാരും നേർച്ചയുമായി വരുന്നു. അവരുടെ കൈയിൽ വെളിച്ചെണ്ണയും ചന്ദനത്തിരികളുമുണ്ടാവും. വെളിച്ചെണ്ണ മുഹാമിയിൽ എറമുള്ളാൻമുക്രിയെ ഏല്പിക്കും. ചന്ദനത്തിരി അവനവൻതന്നെ തീ കൊളുത്തി ഖബറിനരികിൽ കത്തിച്ചുവയ്ക്കും.

ഖാൻബഹദൂർ പൂക്കോയത്തങ്ങളുടെ ബാപ്പ വലിയ ദിവ്യനായിരുന്നു. അദ്ദേഹത്തിൻറെ മീസാൻകല്ലിനു ചുറ്റും മിക്കവാറും സമയങ്ങളിലും ചന്ദനത്തിരി പുകഞ്ഞുകൊണ്ടിരിക്കും. ആ നാട്ടിൽ ആർക്കെങ്കിലും ചെറിയ ഒരു രോഗം വന്നാൽ മതി ഉടനെ പറയുകയായി : സയ്യദ് തങ്ങളുടെ ഖബറും പുറത്തു മുക്കാലിൻറെ കൊള്ളി. എൻറെ ഉമ്മാൻറെ കവിളരശി മാറണേ!... എൻറെ തീയ്യൻറെ കുടലിറക്കം കുറയണേ!... എൻറെ നായരുടെ തല നേരെയാവണേ!... എൻറെ മോനെ നീയെനിക്കു തിരിച്ചു തരണേ!...

ഇത്തരം പ്രാർത്ഥനകൾ ഖബറിനു ചുറ്റും ഉയരും. വേദനകൾ കാറ്റിലലയും. അക്കാലത്തു തങ്ങൾ ഒട്ടേറെ അത്ഭുതങ്ങൾ കാണിച്ചു. നടക്കാത്തവനെ നടത്തിച്ചു. പൊട്ടനെ സംസാരിപ്പിച്ചു. പെറാത്ത പെണ്ണിനെ ഗർഭം ധരിപ്പിച്ചു. മാറാത്ത ചൊറി മാറ്റി. പക്ഷേ, ഇതിലെല്ലാം അത്ഭുതം ആ നാട്ടിൽ തീവണ്ടിയാപ്പീസ് ഉണ്ടാക്കിയതാണ്. അക്കാലങ്ങളിൽ അമ്പതും അറുപതും നാഴികകൾ വിട്ടാൽ മാത്രമേ തീവണ്ടി നിർത്തിയിരുന്നുള്ളൂ. കോഴിക്കോട്ടു പോയിട്ടായിരുന്നു തങ്ങൾ മദിരാശിക്കു മെയിൽ കയറി സിങ്കപ്പൂരിലേക്കു പോയത്. തങ്ങളുടെ തറവാടായ അറയ്ക്കൽത്തറവാട്ടിൽനിന്നു പെട്ടിയും കെട്ടുമെടുത്തു കോഴിക്കോട്ടേക്കു പോവുക വളരെ പ്രയാസമുള്ള കാര്യമായിരുന്നു. ബസ്സും കാറുമില്ലാത്ത കാലം.

ജഡ്ഡുക്കവണ്ടികളിലാണ് അന്നു സഞ്ചാരം. സിങ്കപ്പൂരിൽ പോകാറായാൽ തങ്ങൾ തലശ്ശേരിയിൽനിന്ന് മമ്മുക്കേയിയുടെ ജഡ്ഡുക്ക വരുത്തി അതിൽ സാധനങ്ങൾ കയറ്റി കോഴിക്കോട്ടിനു പോവുകയാണ് പതിവ്.

അങ്ങനെ ഒരു ദിവസം, തങ്ങൾക്ക് സിങ്കപ്പൂരിൽ പോകേണ്ട സമയമായി. തലശ്ശേരിയിൽ പോയി മമ്മുക്കേയിയെക്കണ്ടു വണ്ടിക്കേല്പിക്കാൻപോയ ആൾ തിരിച്ചുവന്നു. കേയി അത്യാവശ്യക്കാര്യം പ്രമാണിച്ച് കാസർകോട്ടു പോയിരിക്കുകയാണ്. തങ്ങൾക്കു പിറ്റേദിവസം പോവുകയും വേണം. നടന്നാൽക്കൂടി കോഴിക്കോട്ട് എത്താൻ സമയമില്ല. ഒരുദിവസം താമസിച്ചാൽ സിങ്കപ്പൂരിലേക്കു പിന്നെ കപ്പൽ കിട്ടാൻ മൂന്നു മാസം കാത്തിരിക്കണം.

തങ്ങൾ യഥാർഥത്തിൽ അമ്പരന്നുനിന്നു. സമയത്തിന് എത്തിയില്ലെങ്കിൽ ഉണ്ടാവാൻപോകുന്ന ഭവിഷ്യ ത്തുകളെക്കുറിച്ചോർത്തപ്പോൾ വിയർത്തു.



വീട്ടുകാരും നാട്ടുകാരും വിഷമിച്ചു. എല്ലാവരുടെ തലയിലും പ്രശ്നം. തങ്ങൾ എങ്ങനെ പോവും? പക്ഷേ, തങ്ങൾ തൻറെ വേവലാതികൾ ഒട്ടും പുറമേ കാണിച്ചില്ല. നരച്ച മീശയിൽ ചിരി പരത്തി പതിവു പോലെ ഇരുന്നു നാട്ടുവർത്തമാനങ്ങൾ തുടങ്ങി. തങ്ങൾക്ക് ഒട്ടും വേവലാതി കാണാതായപ്പോൾ ഒരാൾക്ക് ഒരു സംശയം. തൊണ്ടയനക്കി അയാൾ ചോദിച്ചു:

"എല്ലാ ലബ്ബെക്കും, നാളെ കോഴിക്കോട്ടെത്തേണ്ട കാര്യമാ ഞങ്ങൾ ആലോചിക്കുന്നത്. എന്താ ഈ ചാത്തിരം* പോകുന്നില്ലേ?"

തങ്ങൾ താൻ വലിച്ചുകൊണ്ടിരുന്ന ചുരുട്ടു കൂർത്ത ചുണ്ടിൽ നിന്നു പുറത്തെടുത്തു. അതിൽ ഒരു ഭാരമായിക്കിടക്കുന്ന അഴുക്ക തട്ടിയശേഷം ഒന്നുകൂടി ആഞ്ഞുവലിച്ചു. എന്നിട്ടു പറഞ്ഞു:

"ഞമ്മള് കോയിക്കോട്ടേക്ക്, തീവണ്ടിക്ക് പോകും."

"തീവണ്ടിക്കോ?" മൂക്കത്തു വിരലുവെച്ചുകൊണ്ടാണ് എല്ലാവരുംചോദിച്ചത്.

"അതെ; വണ്ടിക്കുതന്നെ."

"തമാശയാക്കല്ലേ തങ്ങളെ?..." എല്ലാവരും ഒന്നായിപ്പറഞ്ഞു.

"എന്ത് തമാശ! തമാശ ഞമ്മള് പറയലില്ല; കാര്യം പറയുമ്പോൾപ്രത്യേകിച്ചും––നാളെ അറയ്ക്കലെ ആറ്റക്കോയ തീവണ്ടിക്ക് പുറപ്പെടും."

പിറ്റേന്നു കാലത്ത് സിങ്കപ്പൂരിലേക്കുള്ള സാമാനങ്ങളെല്ലാം കെട്ടിവെച്ചു. നിസ്കരിക്കുന്ന മുസല്ലയും കോളാമ്പിയും കിണ്ടിയും ഹുക്കയും കിടക്കയും തലയിണയും നീളക്കുപ്പായവും അച്ചാർഭരണിയും ഇരുമ്പുപെട്ടികളും അടുക്കിലും ചിട്ടയിലും നിരത്തിവെച്ചു.

പത്തുമണിയായപ്പോൾ ചുറ്റുപാടുനിന്നു വന്നവർ തങ്ങളെ യാത്രയയയ്ക്കാൻ കൂടി. പക്ഷേ, അവരെല്ലാം അതിശയത്തോടെ നില്ക്കുകയായിരുന്നു. തങ്ങൾ എങ്ങനെയാണ് മദിരാശിയിൽ എത്തുക? വണ്ടിയില്ല. ബസ്സില്ല. അങ്ങനെ നില്ക്കുമ്പോൾ ആരും ഒന്നും ഉരിയാടാതായി.

പത്തരയായപ്പോൾ തങ്ങൾ പണിക്കാരെ നോക്കി. ആഫ്രിക്കയിൽനിന്നു വന്ന അടിമകളെപ്പോലെ നില്ക്കുകയാണ് അവർ. തങ്ങൾ കല്പിച്ചു: "ബരീൻ!"

കെട്ടുംപെട്ടിയുമെടുത്തു പണിക്കാർ തങ്ങളുടെ പിന്നിൽനിന്നു പടിപ്പുരയിറങ്ങി, പള്ളിക്കാടു കടന്ന് ഇടവഴിയിലൂടെ നടന്ന് അവസാനം റെയിൽപ്പാളത്തിലെത്തി. റെയിലിൽക്കൂടി ഇനി കോഴിക്കോട്ടുവരെ നടക്കേണ്ടിവരുമെന്ന് പണിക്കാർ ഓർത്തിരിക്കുമ്പോഴാണ് തങ്ങൾ പറഞ്ഞത് :

"സാതനങ്ങൾ ഇവിടെ വെക്ക്."

റെയിലിൻറെ വക്കത്തു പെട്ടിയും കെട്ടുകളും ഇറക്കിവെച്ചു. അതിൻറെ പിന്നിൽ പുരുഷാരം അടങ്ങിയൊതുങ്ങി നിന്നു.

മീനമാസത്തിലെ എരിവെയിലിൽ റെയിൽപ്പാളം കത്തിയെരിയുകയായിരുന്നു. തണൽ വിരിക്കാൻ ഒരു വൃക്ഷംപോലുമില്ലായിരുന്നു. റെയിൽപ്പാളങ്ങൾ അവസാനിക്കുന്ന അറ്റത്ത് ചക്രവാളത്തോടു ചേർന്ന് ഉഷ്ണം ഉരുകി മേൽപോട്ടു കയറിക്കൊണ്ടിരുന്നു.

പെട്ടെന്ന് ഒരു കൂക്കി കേട്ടു. കറുത്തു കലങ്ങിയ ഒരു പൊട്ടുപോലെ നീണ്ടുപോകുന്ന ചുട്ടുപഴുത്ത റെയിലിൻറെ അറ്റത്ത് വണ്ടി പ്രത്യക്ഷപ്പെട്ടു.

തങ്ങൾ കണ്ണടച്ചു പിടിച്ച് എന്തോ മന്ത്രിച്ചുകൊണ്ടിരുന്നു. വണ്ടി ചീറിയോടി, ഓടിയോടി, ഓടിയോടി, ഓടിയോടി, ഓടിയോടി, ഓടിയടുത്തു. പെട്ടെന്നു വീണ്ടും കൂകി. കൂകലിൻറെ ദൈർഘ്യം കൂടി. അവസാനം കൂകിത്തളർന്നതുപോലെയായി. ഗർജനത്തിൻറെ മുഴക്കം കുറഞ്ഞു. ചക്രങ്ങളുടെ ഘർഷണം കുറഞ്ഞു.

റെയിൽപ്പാളത്തിൽ തീപ്പൊരികൾ കെട്ടു. ഒരു പക്ഷിയുടെ ലാഘവത്തോടെ വണ്ടി തങ്ങളും പുരുഷാരവും നിന്ന ദിക്കിൽ നിന്നു.

തങ്ങൾ കണ്ണു തുറന്നു.

ഏറ്റവും പിന്നിൽ കൊടിപിടിച്ച ഗാർഡ് ചാടിയിറങ്ങി.

ഏറ്റവും മുന്നിൽ കരിപുരണ്ട ഡ്രൈവറും ചാടിയിറങ്ങി.

വണ്ടിയുടെ അഴിയിലൂടെ ആളുകൾ പുറത്തേക്കു നോക്കി. അന്നേരം ചിലർ പുറത്തേക്കു തുപ്പി. എഞ്ചിനു തൊട്ടു പിന്നിലുള്ള മുറിയിൽ തങ്ങൾ പിടിച്ചുകയറി. വാതിൽ തുറന്നു. അകത്തു കയറിയ തങ്ങൾ പുറത്തു നില്ക്കുന്ന ആൾക്കൂട്ടം അത്ഭുതത്തോടും പരിഭ്രമത്തോടും നോക്കിനില്ക്കുമ്പോൾ പറഞ്ഞു:

"എന്താ ചെകുത്താന്മാരേ, നോക്കിനില്ക്കുന്നത്? ബണ്ടി ഇപ്പം വിടും. സാതനങ്ങൾ കയറ്റിവെക്ക്."

വണ്ടിക്കെന്തുപറ്റിയെന്നറിയാതെ കുഴങ്ങുന്ന ഡ്രൈവർ തങ്ങൾ കയറുന്നതു കണ്ടില്ല. പക്ഷേ, ഗാർഡ് കണ്ടു. അയാൾ തങ്ങളുടെ അടുത്തു ചെന്നു. തങ്ങൾ കണ്ണുതുറന്ന് ചെറുങ്ങനെ ചിരിച്ചുകൊണ്ട് പറഞ്ഞു:

"വണ്ടി വിട്ടോ!"

ഗാർഡ് പകച്ചുനിന്നു.

"ഒന്നും പറയണ്ട, വണ്ടി വിടാനാ പറഞ്ഞത്."

ഗാർഡ് തങ്ങളോട് എന്തോ ചോദിക്കാൻ തുനിഞ്ഞെങ്കിലും തങ്ങളുടെ കണ്ണുകളിലെ തിളക്കത്തിൻറെ മുമ്പിൽ, ആജ്ഞാശക്തിയുടെ മുന്നിൽ, ഗാർഡിൻറെ ചുണ്ടുകൾ അനങ്ങിയില്ല. കൈകൾ മാത്രം ചലിച്ചു. പച്ചക്കൊടി ഇളകി. ഡ്രൈവർ വീണ്ടും വണ്ടി സ്റ്റാർട്ട് ചെയ്തു.

അതിശയമെന്നല്ലാതെയെന്തു പറയാൻ! വണ്ടി വീണ്ടും നീങ്ങി.

പിന്നെ നാട്ടുനിറയെ അതൊരു സംസാരമായി. അങ്ങനെയാണ് തങ്ങളുടെ ബഹുമാനാർത്ഥം അവിടെ റെയിൽവേസ്റ്റേഷൻ സ്ഥാപിച്ചതും ഇപ്പോഴത്തെ സ്റ്റേഷൻമാസ്റ്റർ ഗബ്രിയേലിൻറെ അച്ഛൻ അന്തോണിമാഷ് ആദ്യത്തെ സ്റ്റേഷൻമാസ്റ്ററായി വന്നതും.

* തവണ

ആറ്

ആറ്റബീബിക്ക് ഏഴാം മാസം പിറന്നു. ചരടുകെട്ടിൻറെ ദിവസം, ആറ്റബീബി എത്രയോ മണിക്കൂറുകൾ കുളിമുറിയിൽ ചെലവാക്കി ! പണിക്കാരത്തികൾ നിറച്ചുവച്ച ഒരുപാട്ട ചെമ്പുകൾ ഒഴിഞ്ഞു. കുളിമുറിയുടെ ചെറിയ ദ്വാരത്തിലൂടെ പുറത്തൊഴുകിവന്ന വെള്ളം ഓവുചാലിലൂടെ പറമ്പിൽ പരന്നു വെള്ളം വറ്റി. മണ്ണിൽ കാച്ചിയ എണ്ണയുടെ തെളിമയും സോപ്പിൻറെ കുമിളകളും ശേഷിച്ചു. കുമിളകൾ പൊട്ടിത്തകർന്നു ശാന്തരായി. എന്നിട്ടും എണ്ണ ഊറിനിന്നു.

കുളിച്ചുകഴിഞ്ഞ ബീബി പുതിയ ചരട് അരയിൽ കെട്ടി.

കനത്തുമിനുത്ത നാഭിയിൽ ചുവന്ന പട്ടുചരട് തിളങ്ങുന്നത് സ്വയംകുനിഞ്ഞുനോക്കി. ഏറെ നോക്കിനിന്നപ്പോൾ അറപ്പായി. അതിവേഗം സിൽക്കുമുണ്ടും കുപ്പായവും പട്ടിൻറെ അടിക്കുപ്പായവും തട്ടവുമിട്ട് അവർ പുറത്തിങ്ങി. എത്ര തോർത്തിയാലും വറ്റാത്ത മുടിയിഴയിലൂടെ വെള്ളം തട്ടത്തിനുമീതെ പരന്നു. നനവിൻറെ കലകൾ വിടർന്നു വലുതായി.

കുളിച്ചു കോടിത്തുണികൾ അണിഞ്ഞ ബീബിയെ നടുവകത്തെ കട്ടിലിലിരുത്തി. മറ്റു തറവാടുകളിൽനിന്നു വന്ന ബീമാരും മറ്റു വീടുകളിൽനിന്നു വന്ന മാപ്പിളപ്പെണ്ണുങ്ങളും ആറ്റബീക്കു ചുറ്റും ഇരുന്നു. നടുവകത്ത് ഇരുട്ടാണ്. കത്തുന്ന റാന്തലും തൂക്കി പണിക്കാരൻ കുട്ടി ഹൈദ്രോസ് നടുവകത്തു കടന്നു. ചെറിയ സ്റ്റൂളിൽ കയറി വളരെ പണിപ്പെട്ട് റാന്തൽ മച്ചിന്മേലുള്ള തുരുമ്പുപിടിച്ച ആണിയിൽ കൊളുത്തി.

അന്നേരത്താണ് വെള്ളിപ്പിഞ്ഞാണത്തിൽ മൈലാഞ്ചിയുമായി കുറൈശിപ്പാത്തു കടന്നുവന്നത്.

അടുക്കളയിലെ രാജാത്തിയാണ് കുറൈശിപ്പാത്തു. പത്തു പതിനഞ്ചു പണിക്കാരത്തികളുണ്ട്, തറവാട്ടിലെ അടുക്കളയിൽ. ഏഴു വയസ്സുതുടങ്ങി എഴുപതു വയസ്സുവരെയുള്ളവർ. വേണമെങ്കിൽ അവരെ ഒരു ഗോത്രം എന്നുതന്നെ വിശേഷിപ്പിക്കാം. അത്രയും സങ്കീർണമാണ് അവരുടെ പ്രശ്നങ്ങളും ലഘുവായ ഭക്ഷണങ്ങളും.

പകൽ മുഴുവനും അവർ അടുക്കളയിലും അടുക്കളക്കോലായിലും അടുക്കളമുറ്റത്തുമായി കഴിഞ്ഞുകൂടുന്നു. അടുക്കളയ്ക്ക് ഇരു പുറവുമുള്ള ഇരുണ്ട മുറികളിൽ അവർ രാവുറങ്ങുന്നു. കോഴികളും താറാവുകളും അവരുടെ കൂടുകളിലും!

എല്ലാറ്റിൻറെയും 'നായകൻ' പാത്തുവാണ്. ഓരോരുത്തർക്കും അവിടെ ജോലിയുണ്ട്. അരയ്ക്കുക, കുത്തുക, കോഴികളെയും താറാവുകളെയും നോക്കുക, വെള്ളം കോരുക, അലക്കുക, വിറകു കീറുക, വെയിലത്തിട്ട നെല്ലിന് കാക്കയെ നോക്കുക, പീടികയിൽ പോയി പച്ച മുളക്, സാബൂൻ* തുടങ്ങിയ ചില്ലറ സാധനങ്ങൾ വാങ്ങുക തുടങ്ങിയ ഒട്ടനവധി ജോലികൾക്കു പ്രായപരിധി നിർണ്ണയിച്ച് ഓരോരുത്തരെയും നിയോഗിക്കുന്നതു പാത്തുവാണ്. പക്ഷേ, എല്ലാവർക്കും ഒരു അടയാളമുണ്ട് :



മുഖത്തു കരി !

അടുക്കളയിൽനിന്നിറങ്ങിവന്ന ഒരു ലക്ഷണവും പാത്തുവിനെ കണ്ടപ്പോൾ തോന്നിയില്ല. മുഖം നന്നായി കഴുകിയിരിക്കുന്നു. അലക്കിയ കുപ്പായവും കാച്ചിയുമാണിട്ടിരിക്കുന്നത്. വിലകുറഞ്ഞ അത്തറിൻറെ രൂക്ഷമായ ഗന്ധം. എന്നിട്ടും കറുത്ത ചന്ദ്രക്കലപോലെ നഖങ്ങളിൽ ചേറു നിറഞ്ഞുതന്നെ നിന്നു.

വെള്ളിപ്പിഞ്ഞാണത്തിലെ മൈലാഞ്ചി ഒരു നുള്ളെടുത്ത് ബീവിയുടെ ഇടതുകൈയിൽ ആദ്യം ചിത്രം വരച്ചതും പാത്തുതന്നെ. നഖങ്ങളിലും കൈപ്പത്തിയിലും മൈലാഞ്ചിപ്പുള്ളികൾ നിറഞ്ഞു.

പിന്നെ കൂടിനിന്നവർ ഓരോരുത്തരും അവരവരുടെ ഇടത്തേ ചെറു വിരലിൽ മൈലാഞ്ചിയിട്ടു.

മൈലാഞ്ചി ചുകക്കാനായി പിന്നെ ഒരുപാടുനേരം അവർ കാത്തിരുന്നു. ആ നേരം നടുക്കളത്തിൽവെച്ച കോളാമ്പിയിൽ എല്ലാവരും തുപ്പിക്കൊണ്ടിരുന്നു. അത്രയും കളിയടക്ക തറവാട്ടിൽ തീർന്നു.

അടുക്കളയിൽ നെയ്യപ്പം പൊരിക്കുന്ന തിരക്കിലായിരുന്നു, അപ്പക്കാരി കദീശ, ആദ്യത്തെ നെയ്യപ്പം കറുത്ത ചട്ടകത്തിലേന്തി കദീശ നടുക്കളത്തിൽ വന്നു. ചുകന്ന അപ്പത്തിൽനിന്ന് ആവി പറന്നു. നെയ്യുരുകി ചട്ടകത്തിൻറെ വക്കിൽനിന്നും തുള്ളികളായി വീണുകൊണ്ടിരുന്നു. കൂടിനിന്നവർ പുകപൊങ്ങുന്ന നെയ്യപ്പത്തിലേക്ക് കണ്ണുകളിട്ടു. ആദ്യത്തെ നെയ്യപ്പത്തിൻറെ ആകൃതിനോക്കിയാണ് കുഞ്ഞിൻറെ ജാതി തിരിക്കുക.

“പെണ്ണ് !” മുത്തിബീ വിളിച്ചുകൂവി. അവിടങ്ങളിൽ അക്കാലത്ത് എന്നും എല്ലാ സദ്യകൾക്കും വിളിക്കപ്പെടുന്ന മാന്യവയസ്സിയാണ് മുത്തിബീ. ആരോരുമില്ലാത്ത മുത്തിബീ ദിവസം അഞ്ചുനേരം നിസ്കാരത്തിലും വർഷങ്ങളിൽ ഒരു മാസക്കാലം വ്രതത്തിലും അനുഷ്ഠാനം ചെയ്യുന്നു. ജീവിക്കാൻ മാത്രം വെള്ളം കുടിക്കുന്നു. അതുകൊണ്ട് അവരുടെ വാക്കിന് തീയുടെ വിലയാണ്.

എല്ലാവരും ഏറ്റുപറഞ്ഞു:

“പെണ്ണ്...പെണ്ണ്...”

പിന്നെ ബഹളമായി; വർത്തമാനങ്ങളുടെ തിരക്കായി. ഒരുപാടു കോളാമ്പികൾ വീണ്ടും നിറഞ്ഞു.

“ഇതാ, അത്തർ!”

വിരിക്കിടയിലൂടെ ഒരു വലിയ കൈ അകത്തേക്കു വന്നു. കൈത്തണ്ടയിൽ സർവത്ര ചുരുണ്ടുകിടക്കുന്ന കറുത്ത രോമങ്ങൾ മങ്ങിയ വെളിച്ചത്തിൽ കത്തിമിന്നി.

കുറൈശിപ്പാത്തു അത്തർ ഏറ്റെടുത്തു. പെറ്റുവീണ കുഞ്ഞിൻറെ ചെറുവിരലിനെക്കാളും ചെറിയ ഒരു കുപ്പി. അതിനൊരു കോർക്ക്. വളരെ പണിപ്പെട്ട് കീറിയ കുപ്പായം തുന്നുന്ന സൂചികൊണ്ട് കോർക്ക് പുറത്തെടുത്തു. ചൂണ്ടുവിരൽ അടപ്പിൽവച്ച് കുപ്പി കമിഴ്ത്തി. ആദ്യം ആറ്റബീയുടെ മേനിയിൽ അത്തറു പുരട്ടി. പിന്നെ എല്ലാവരുടെയും കുപ്പായങ്ങളിലും ഓരോ പൂശൽ. അപ്പോഴേക്കും പാത്തു തളർന്നു:

“നിക്കീൻ!”

“അത്തർ എനിക്കു വേണ്ട.” തങ്ങൾ പറഞ്ഞു.

“അത്തറല്ല.” പാത്തു മൈലാഞ്ചിയുരച്ചുവച്ച വെള്ളിക്കിണ്ണവുമായി വിരിക്കടുത്തേക്കു നീങ്ങി. തങ്ങളുടെ ചെറുവിരലിൻറെ വലിയ നഖത്തിൽ മൈലാഞ്ചിയണിയിച്ചു. പാത്തു തന്നെത്താൻ കോരിത്തരിച്ചു.

"എല്ലാ, ബെശക്കുന്ന്..." മുത്തിബീ വിളിച്ചുകൂവി. അന്നേരത്താണ് എല്ലാവരുടെയും വയർ കാളാൻ തുടങ്ങിയത്.

സദ്യയുടെ വട്ടമായി പിന്നെ.

നടുത്തളത്തിൽ ഒരു സുപ്രയിട്ടു പെണ്ണുങ്ങൾ വട്ടമിട്ടിരുന്നു. എല്ലാവരും ഇരുന്നപ്പോൾ പിന്നെയും ചിലർ ബാക്കിയായി.

"തിക്കിത്തിക്കിയിരിക്കിൻ!"

എവിടെനിന്നോ ഒരു വിളംബരം കേട്ടു.

തടിച്ചതും മെലിഞ്ഞതുമായ പെണ്ണുങ്ങൾക്കിടയിൽ ശേഷിച്ചവർ സ്വയം തിരുകിക്കയറാൻ തുടങ്ങി. വിങ്ങിപ്പൊട്ടുന്ന ഒരു ബന്ധനത്തിൻറെ ചങ്ങലപോലെ അവർ ഭക്ഷണത്തിനായി കാത്തിരുന്നു.

നെയ്യപ്പത്തിൻറെയും നെയ്ച്ചോറിൻറെയും തളികകൾ പുറത്തുവന്നു. പക്ഷേ, അതു നേരേ പോയതു കോലായിലേക്കാണ്.

പണിക്കാരൻ കുട്ടി ഹൈദ്രോസ് ഇടംവലം നോക്കാതെ കോലായിലേക്ക് ആഹാരങ്ങൾ എത്തിക്കാൻ തുടങ്ങി. അവിടെയും ഒരുപാട് അഭയാർത്ഥികൾ വട്ടമിട്ടു കാത്തിരിക്കുകയാണ്.

അവസാനം കുറൈശിപ്പാത്തു ഒരു വലിയ സാണിൽ നെയ്യപ്പവുമായി വന്നു. അതു സുപ്രയിൽ ആളുകൾക്കിടയിലൂടെ പ്രയാസപ്പെട്ടുവച്ചു. ചക്കരയുടെയും വെളിച്ചെണ്ണയുടെയും ഗന്ധം പുറത്തുവന്നു.

ചങ്ങലയനങ്ങി, വളയിട്ട കൈകൾ ദേഹത്തോടൊപ്പം താമരപോലെ കൂമ്പി.

തീറ്റകഴിഞ്ഞതോടെ, കോലായിൽ പാട്ടുകച്ചേരി ആരംഭിച്ചു, പട്ടാളം ഇബ്രായിയുടെ ഹാർമ്മോണിയമാണ് ആദ്യം കരഞ്ഞത്, പിന്നെ ഇബ്രായി വാപിളർന്നു കരയാൻ തുടങ്ങി.

വയറുനിറഞ്ഞ മാപ്പിളമാർ പാട്ടിനു താളംകൊട്ടി.

അന്നേരത്താണ് തങ്ങൾ അകത്തേക്കു കയറി വന്നത്.

"ഇതെന്താ ഇവിടെ? ഇവിടെ ഒരൊച്ചപ്പാട്ടുമില്ലേ?"

വടകര താഴങ്ങാടിയിൽനിന്നു വന്ന ഒപ്പനപ്പാട്ടുകാരികൾ അപ്പോൾ ജാഗരൂകരായി. ഒരു പരേഡുപോലെ ഏതാനും നിമിഷങ്ങൾക്കകം അവർ വട്ടമിട്ടു. പ്രായമായവരുടെയും പ്രായമാവാത്തവരുടെയും ഒരു സംഘമായിരുന്നു അത്. എല്ലാവർക്കും ഒരേ വേഷം. വലിയ ചുവന്ന കരയുള്ള കാച്ചി, അതു പാറുമ്പോൾ കാണുന്ന കണങ്കാലുകൾ. അടിക്കുപ്പായമില്ലാത്ത അയഞ്ഞ കുപ്പായങ്ങൾ. തലയിൽ തട്ടം. ചുണ്ടുകളിൽ പ്രായത്തിനൊത്ത ചുവപ്പും തുടുപ്പും!

പക്ഷേ, ഉള്ളംകൈകൾ ഒരുപോലിരുന്നു. എത്രയോ കാലമായി തമ്മിൽ മുട്ടിമുട്ടി അതത്രയും തഴമ്പുപിടിച്ചതും ദൃഢവുമായിരുന്നു.

അവർ എതിരാളികളെപ്പോലെ, ചാവേർപ്പടയിലെ നായന്മാരെപ്പോലെ, എതിരേവരുന്നവരുടെ കൈകളിൽ മുട്ടി. മുട്ടിമുട്ടിത്തളർന്നു. അയഞ്ഞ കുപ്പായങ്ങൾ ശരീരത്തിൽ ഒട്ടിപ്പിടിക്കാൻ തുടങ്ങി. നനഞ്ഞ കുപ്പായത്തിൽ ചില കണ്ണുകൾ തെളിഞ്ഞു. വട്ടമിട്ടവരുടെ നടുവിൽവച്ച തളികയിൽ നാണയങ്ങൾ വീണുകൊണ്ടിരുന്നു. അണകൾ, രണ്ടണകൾ... കാലുറുപ്പികകൾ... അവസാനം ഒരു വെള്ളിയുറുപ്പിക വീണു. അതോടെ വിയർത്ത ശരീരങ്ങൾ ശക്തിയാർജിച്ചു. ശബ്ദത്തിൻറെ ഈണവും നാദവും വർദ്ധിച്ചു.

"പുറപ്പെട്ടു ഹുറാനീങ്ങള് നടുവിൽ നബീ...
പെരിയോനിൽ സുജൂതായിപ്പിറന്നേ നബീ
പിരിശം ബെച്ചുമ്മത്തോലിൽ ഇരുന്നേ നബീ

പിറക്കുമ്മ കാത്താനായിട്ടുലിതേ നബീ."

പണിക്കാരൻ കുട്ടി ഹൈദ്രോസ്, ചെറിയ സിങ്കപ്പൂർ കോപ്പകളിൽ കുരുമുളകും ചക്കരയും ഏലക്കായും ചേർത്തുണ്ടാക്കിയ 'കാവ' വെള്ളം കൊണ്ടുവന്നപ്പോൾ പാട്ടുനിന്നു.

വളയിട്ട കൈകൾ കാവക്കപ്പുകൾക്കായി നീണ്ടു.

* സോപ്പ്

ഏഴ്

വൃശ്ചികത്തിലെ തണുത്ത ഒരു പ്രഭാതത്തിൽ ഖാൻബഹദൂർ പൂക്കോയത്തങ്ങൾ ജീൻസും കുപ്പായവുമിട്ട് മുറ്റത്തിറങ്ങിനിന്നു. സാധാരണ മുറ്റത്തിറങ്ങി നില്ക്കുമ്പോൾത്തന്നെ അദ്രാമാൻ കുതിരയെയുംകൊണ്ടു മുന്നിലെത്തും. അദ്രാമാൻറെ ശബ്ദമില്ല. കുതിരയുടെ ഒച്ചയില്ല. തങ്ങൾ കുറച്ചുനേരം ആകാശത്തേക്കു നോക്കി. അറയ്ക്കൽത്തറവാട്ടിനെ നോക്കിക്കൊണ്ടു തണുത്ത വെളിച്ചമിറക്കുന്ന അർദ്ധചന്ദ്രൻ. ആകാശത്തിൻറെ പടിഞ്ഞാറുനിന്നു കറുത്ത ഒരു മേഘക്കീറ് ഓടിവന്ന് ചന്ദ്രനെ മറച്ചുകൊണ്ടുകടന്നു. അത്രയും നേരം നേരിയ ഇരുട്ടു പരന്നു. എന്നിട്ടും അദ്രാമാൻ വന്നില്ല. തങ്ങളുടെ മീശ മേലോട്ടു കയറി. പിന്നെ കനത്ത ശബ്ദമുയർന്നു:

"എടാ അദ്രാമാനേ!...."

കുതിരപ്പന്തിക്കു പുറത്തുള്ള അദ്രാമാൻറെ പന്തിയിൽനിന്ന് അവൻ പുറത്തുവന്നു. അസ്തമിക്കാറായ വിളറിയ ചന്ദ്രൻറെ വെളിച്ചത്തിൽ ഒരു നിഴൽപോലെ പ്രത്യക്ഷപ്പെട്ട അദ്രാമാൻ നടന്നു നടന്നു കോലായയ്ക്കരികിൽ വന്നു. അവൻറെ മുഖം താണുകിടക്കുകയാണ്. ആ മുഖം ദയനീയമായിരുന്നു.

ചപ്പിയ മൂക്ക് ഒന്നുകൂടെ പതിഞ്ഞിരിക്കുന്നു. ചെറിയ കണ്ണുകളിൽ പതിന്നാലാംനമ്പ്ര് വിളക്കിൻറെ വെളിച്ചം ഒരു ബിന്ദുവായി പ്രകാശിച്ചു. ഇരുവിരൽ വീതിയുള്ള എഴുത്തച്ഛൻ നെറ്റിയിൽ വിയർപ്പുതുള്ളികൾ.

ഏങ്ങലടിച്ചുകൊണ്ട് അദ്രാമാൻ തങ്ങളുടെ മുന്നിൽ വന്നുനിന്നു.

തങ്ങൾ അന്തംവിട്ടു നിന്നുപോയി. അദ്രാമാൻ കരയുന്നു! അദ്രാമാൻ കരയുന്നതു തങ്ങൾ ആദ്യമായി കാണുകയാണ്. സിങ്കപ്പൂരിൽ അദ്രാമാൻറെ ഭാര്യ വിഷം കഴിച്ച് ആത്മഹത്യചെയ്തപ്പോൾ, കീറിമുറിച്ച ആ ശവശരീരം കണ്ടപ്പോൾ, സ്വദേശം വിട്ടു ദേശാടനത്തിനിറങ്ങിയപ്പോൾ, അപ്പോഴൊന്നും അദ്രാമാൻ കരഞ്ഞിട്ടില്ല; അത്രയും ലോലമായിരുന്നു അദ്രാമാൻറെ മനസ്സ്.

അദ്രാമാൻറെ ഉള്ളുനിറയെ തങ്ങൾ നിറഞ്ഞുനില്ക്കുകയായിരുന്നു. തങ്ങളുടെ സ്നേഹത്തിനുമുന്നിൽ, യജമാനൻറെ രക്ഷാകർത്തൃത്വത്തിനു മുന്നിൽ, അദ്രാമാനു ദുഃഖമുണ്ടായിരുന്നില്ല. അവൻറെ കണ്ണുകളിൽ കലവറയുമുണ്ടായിരുന്നില്ല. അതുകൊണ്ട് ഭാര്യ ആത്മഹത്യ ചെയ്തപ്പോഴും, ശവം പോസ്റ്റ്മോർട്ടം നടത്തിയപ്പോഴും, സ്വന്തം നാടിനോടു യാത്ര പറഞ്ഞ് അങ്ങു ദൂരദേശത്തേക്ക് യാത്രതിരിച്ചപ്പോഴും, അദ്രാമാൻ കരഞ്ഞില്ല.

എന്നാൽ അദ്രാമാൻ ഇപ്പോൾ, ഇപ്പോൾ കരയുന്നു: തങ്ങൾ തൻറെ അത്ഭുതം പുറത്തു കാണിച്ചില്ല. സാവധാനം നടന്ന് ഒരിക്കൽ ബുദ്ധനായിരുന്ന അദ്രാമാൻറെ അടുത്തുചെന്ന് അവൻറെ ജീവിതത്തിലെ ഏറ്റവും വലിയ അത്യാഹിതത്തെക്കുറിച്ച് സ്വതവേ ചേങ്ങലയടിക്കുന്ന പോലെ സംസാരിക്കുന്ന പൂക്കോയത്തങ്ങൾ ഒരു തുമ്പിയുടെ ലാഘവത്തോടെ ചോദിച്ചു:

"അദ്രാമാനേ, ഞ്ഞി എന്തിനാ കരയുന്നത്?"

നിമിഷങ്ങളോളം അദ്രാമാനു സംസാരിക്കാനാവതായില്ല. വിക്കിവിക്കി ക്കൊണ്ട് അവൻ പറഞ്ഞു:

"എൻറെ കുതിര..."

പിന്നെ അവനു പറയാനായില്ല. അവൻ ജീവിതത്തിൽ ഒരിക്കലും എൻറെ കുതിരയെന്നു പറഞ്ഞിട്ടില്ല. കുതിരയെ കപ്പലിൽ കയറ്റി ഇന്ത്യയിൽ ഇറക്കിയ നാൾതൊട്ട് അവൻ ഖാൻബഹദൂറിൻറെ കുതിരയെന്നേ പറയാറുള്ളൂ. അദ്രാമാന് അദ്രാമാൻറേതായ ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പൊന്നാനിയിൽപ്പോയി തൊപ്പിയിട്ടതു പോലും അവനെ സംബന്ധിച്ചിടത്തോളം പുതിയ ഒരു തൊപ്പിമാത്രമാണ് ! അത്രയും നിസ്സാരമായിരുന്നു അവൻറെ മതംമാറ്റം പോലും. അതുകൊണ്ട് അവൻ അവൻറെ വ്യക്തിത്വം മറ്റുള്ളവരുടെ വ്യക്തിമുദ്രകളിൽ പതിപ്പിക്കുകയാണ് പതിവ്. പക്ഷേ, അവൻറെ 'എൻറെ കുതിര' എന്ന വാക്ക് തങ്ങളെ അത്ഭുതപ്പെടുത്തി. പക്ഷേ, തങ്ങൾ യാതൊരു ഭാവഭേദവും പുറത്തുകാണിക്കാതെ അവനോട് ചോദിച്ചു:

"അദ്രാമാനേ, പറ; കുതിരയ്ക്കെന്തുപറ്റി ?"

അദ്രാമാൻ കണ്ണുകൾ ചിമ്മിക്കൊണ്ട് ദയനീയമായ സ്വരത്തിൽ പറഞ്ഞു:

"കുതിരയ്ക്ക് ബയറിളകീക്ക്..."

തങ്ങൾ പെട്ടെന്നു ചോദിച്ചത്, "അതിനെന്താടാ?" എന്നായിരുന്നു.

അദ്രാമാൻ വിക്കിവിക്കിക്കൊണ്ടു പറഞ്ഞു:

"കുതിര നടക്കുന്നില്ല."

തങ്ങൾ ഒന്നും പറയാതെ പന്തിയിലേക്കു നടന്നു; അദ്രാമാൻ പിന്നാലെയും. തങ്ങൾക്ക് പന്തിയിൽ കടക്കുവാൻ കഴിഞ്ഞില്ല. അത്രയും അസഹ്യമായിരുന്നു കുതിരച്ചാണകത്തിൻറെ നാറ്റം. തങ്ങൾ ടോർച്ച് മിന്നിച്ചു. പന്തി കുളംപോലെയായിരിക്കുന്നു.

തങ്ങൾ കുതിരയെ നോക്കി. കുഞ്ചിരോമങ്ങൾ താഴ്ത്തി കുണ്ടിൽ താഴ്ന്നു പോയ കണ്ണുകളോടെ വാടിയ വാഴയിലപോലെ കിടക്കുന്നു.

ഇനി കാത്തുനില്ക്കാൻ വയ്യ. ഇനി കാത്തുനിന്നാൽ കുതിര ചത്തു പോവും.

“എണീക്കെടാ, എല്ലാവരും എണീക്കിൻ!”, തങ്ങൾ കല്പിച്ചു. കോലായിലും പത്തായപ്പുറത്തും പടിപ്പുരത്തിണ്ണയിലും കിടന്നുറങ്ങുന്ന എല്ലാ ആശ്രിതന്മാരും എഴുന്നേറ്റു. അകത്തുറങ്ങുന്ന മരുമക്കൾ

ഉറക്കമുണർന്നു. പക്ഷേ, എഴുന്നേറ്റില്ല. തറവാട്ടിൽ എന്തു സംഭവിച്ചാലും അവർക്കൊന്നുമില്ല. അവർക്കൊന്നേയുള്ളു–വയറുനിറയെ ചോറു കിട്ടണം.

"ബാപ്പുക്കണാരനെ വിളിച്ചുകൊണ്ടു വാ."

എന്തു പ്രതിസന്ധി നേരിടുമ്പോഴും തങ്ങൾ ബാപ്പുക്കണാരനെയാണു വിളിക്കുക. എല്ലാ കാതലായ പ്രശ്നങ്ങളും ബാപ്പുക്കണാരനുമായാണു ചർച്ച ചെയ്യുക.

തൻറെ കുതിര, താൻ ബീബിയെക്കാൾ സ്നേഹിക്കുന്ന കുതിര, സിങ്കപ്പൂർ കുതിര, നാടുചുറ്റിയ ശേഷം കോൾമയിർക്കൊള്ളിക്കുന്ന കുതിര, അവശനായി കിടക്കുന്നു. തങ്ങൾക്ക് ഇക്കാര്യം ബാപ്പുക്കണാരനോടല്ലാതെ മറ്റൊരാളുമായി ചർച്ചചെയ്യാൻ സാദ്ധ്യമല്ല.

മിനിട്ടുകൾക്കിടയിൽ ബാപ്പുക്കണാരൻ സ്ഥലത്തെത്തി :

"എന്താ ലബ്ബൈക്കും?"

കണാരൻ കണ്ണുകളിൽ വിസ്മയം ചാലിച്ചുകൊണ്ടു ചോദിച്ചു:

"ഞമ്മടെ കുതിരയ്ക്ക് ബയറ്റുപോക്ക് പിടിച്ചിക്ക്. കോമപ്പനെ വേഗംവിളിപ്പിക്കണം."

ഉടനെ മുക്കാളിയിലേക്ക് ആളെ വിട്ടു. ആ നാട്ടിലെ മനുഷ്യരെയും മൃഗങ്ങളെയും ചികിത്സിക്കുന്ന ഉഗ്രനായ ഭിഷഗ്വരൻ കോമപ്പൻവൈദ്യരാണ്. ചരകനെയും സുശ്രുതനെയും അവതാരങ്ങളായി ഗണിച്ച വൈദ്യർ, അഷ്ടാംഗഹൃദയം ഹൃദിസ്ഥമാക്കിയ വൈദ്യർ, രോഗങ്ങളുടെ മുന്നിൽ അജയ്യനായിരുന്നു. പിന്നെ ചികിത്സയ്ക്കിടയ്ക്ക് ആരെങ്കിലും, മരിക്കുന്നുണ്ടെങ്കിൽ അത് ആയുസ്സിൻറെ കുറവുകൊണ്ടു മാത്രമാണ്. ആയുർവേദത്തിലെ നൂറ്റൊന്നു വിദ്യകളും പ്രയോഗിച്ച വൈദ്യർ, ഔഷധത്തിൻറെ വീര്യം കണ്ടെത്തിയവൻ, രോഗികളെയും മൃഗങ്ങളെയും തൻറെ ഉള്ളം കൈയിലിട്ടു പന്താടുകയാണു പതിവ്.

ഒരു മണിക്കൂറിനുള്ളിൽ വൈദ്യർ അറയ്ക്കലെ പടിപ്പുര കടന്നു മുറ്റത്തെത്തി. ഓലക്കുട കോലായിൽ വച്ചു. ഓലക്കുടയില്ലാത്ത ഒരു യാത്ര കോമപ്പൻ വൈദ്യർ നടത്തിയിട്ടില്ല.

അക്ഷമനായിരിക്കുന്ന, മുറ്റത്തുകൂടെ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്ന, തങ്ങളെ നോക്കി പറഞ്ഞു:

"അടിയൻ!"

തങ്ങളുടെ എല്ലാ രൗദ്രഭാവങ്ങളും തളർന്നു. ദയ എന്ന വികാരത്തിനു മുമ്പിൽ തങ്ങളുടെ രക്തം തണുത്തു. തങ്ങൾ പറഞ്ഞു:

"എന്നെ രക്ഷിക്കണം. എൻറെ കുതിര!"

കോമപ്പൻ വൈദ്യർ പന്തിയിലേക്കു കടന്നു.

സൂര്യൻ ഉദിച്ചിരുന്നു. പക്ഷേ, പന്തിയിൽ വെളിച്ചം ഉണ്ടായിരുന്നില്ല. മൂക്കു പൊത്തിക്കൊണ്ട് കോമപ്പൻവൈദ്യർ വിളിച്ചുപറഞ്ഞു:

"വിളക്ക്."

പതിന്നാലാംനമ്പ്ര് വീണ്ടുംതെളിഞ്ഞു. വിളക്കുമായി ആരോ പന്തിയിൽ കടന്നു. കോമപ്പൻവൈദ്യർ കുതിരയെ അടിമുടിയൊന്നു നോക്കി. പിന്നെ വയറ്റിൽ ഇടത്തെ കൈവിരൽ വച്ചു മറ്റെ കൈവിരൽകൊണ്ടു ചാട്ടി. ഭും, ഭും, ഭും എന്ന ശബ്ദം പന്തിയിൽ മുഴങ്ങി.

പിന്നെ വാൽ പൊക്കി നോക്കി. അപ്പോൾ അദ്രാമാൻ പറഞ്ഞു:

"ചബിട്ടും; ത്രച്ചിക്കണം."

കോമപ്പൻവൈദ്യർ വാൽ അതിൻറെ സ്ഥാനത്തുതന്നെയിട്ടു പുറത്തു വന്നു. എന്നിട്ടു പറഞ്ഞു:

"ഓല."

തങ്ങൾ നല്ല വൃത്തിയുള്ള മേനിക്കടലാസ് ഒരു പലകയുടെമേലേ വച്ച് ഒരു ഫൗണ്ടൻപേനയുമായി വൈദ്യരുടെ അടുത്തേക്കു വന്നു. പേന്നു കൈയിൽപ്പിടിച്ച വൈദ്യർ കവിളുകൾ വീർപ്പിച്ചു പറഞ്ഞു:

"നല്ല ഫൗണ്ടൻ!!" തങ്ങളെ തലയുയർത്തി നോക്കിയശേഷം ഒരു സംശയം കൂടി ചോദിച്ചു:

"ലീക്കുണ്ടോ?"

തങ്ങൾ കണ്ണുകൾ വിടർത്തിക്കൊണ്ടു പറഞ്ഞു:

"ങ്ങള് പെന്ന് തൊറന്നോളിൻ. എയ്ത്തുമ്പോളല്ലാതെ മഷി, മഷിയിട്ട് നോക്ക്യാ കാണൂല്ല."

വൈദ്യർ ചരകനെയും സുശ്രുതനെയും ധ്യാനിച്ച് അഷ്ടാംഗഹൃദയത്തിനു നന്ദി പറഞ്ഞ് എഴുതാൻ തുടങ്ങി.

ഓല തങ്ങളുടെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു:

"കടുക്ക, താന്നിക്ക, നെല്ലിക്ക കുരുനീക്കി, ഇഞ്ചി, പടവലം ഇവ കഴഞ്ചി അരയര, കർപ്പൂരം, രാസ്നാദി, ചെന്തെങ്ങിൻവേരു തൊട്ട, പാരിജാതപ്പൂവ്, അരശിൻ കായ്, ചെക്കിപ്പൂവാണി നീക്കി ഇവ കഴഞ്ചി ഓരോന്ന്. ആടലോടകം, കുറുന്തോട്ടി, നാരായവേര് ഇവ കഴഞ്ചി ഈരണ്ട്. എല്ലാം ചേർത്തരച്ച് വീണ്ടും അരച്ച്, ഒന്നാം പ്രസവത്തിലെ കഴുതപ്പാലിൽ മൂന്നാം തവണ വീണ്ടും ചേർത്തരച്ചു വിതുമ്പുക. അര ച്ചുകിട്ടിയ രസായനം ചവറുനീക്കിയ ഉമ്മത്തിൻകായുടെകത്തു നിറച്ച് പനങ്കണ്ണികൊണ്ടു ചേർത്തുകെട്ടി ഗോമൂത്രത്തിൽ മൂന്നു മണിക്കൂർ നേരം പുഴുങ്ങുക. പുഴുങ്ങിയ വകകൾ ഇറക്കിവച്ച് ഓരോന്നായി പുറത്തെടുത്തു വയനാടൻകാട്ടിലെ ചെറുതേനിൽ അരച്ച് രണ്ടു നേരമായി കൊടുക്കുക."

തങ്ങൾ മിഴിച്ചുനിന്നുകൊണ്ട് ഓല വാങ്ങി.

വൈദ്യർ എഴുന്നേറ്റു നിന്നു.

"ഞാനിറങ്ങട്ടെ." ഓലക്കുടയും പിടിച്ച് വൈദ്യർ ഇറങ്ങാൻ ഭാവിച്ചു.

തങ്ങൾ എന്തോ നീട്ടി.

"നമുക്ക് പണമോ?... അതു വേണ്ട."

"എന്തെങ്കിലും വാങ്ങണം." അതു തങ്ങളുടെ അപേക്ഷയായിരുന്നു.

"എന്നാ ആ ഫൗണ്ടൻപേനയിങ്ങ് തന്നേക്കൂ. നമുക്ക് മറ്റു പലർക്കായി ഓലയെഴുതാം."

തങ്ങൾ കുപ്പായക്കീശയിൽനിന്നു പേനയെടുത്തു നീട്ടി. കോമപ്പൻ വൈദ്യർ പെന്നുവാങ്ങി മടിയിൽവച്ച് ഓലക്കുടയും പിടിച്ചു പടിപ്പുരയിറങ്ങി.

ഉച്ചയാവുമ്പോഴേക്കും മരുന്ന് ഒരുവിധം തയ്യാറായി. ഒരു പ്രാവശ്യമേ കൊടുക്കേണ്ടിവന്നുള്ളൂ. പിന്നെ വയറ്റിൽനിന്നുപോയില്ല. രണ്ടാം പ്രാവശ്യം കൊടുക്കാൻ തങ്ങൾ സമ്മതിച്ചില്ല.

വൈകുന്നേരമാവുമ്പോഴേക്കും അദ്രാമാൻ വിയർത്തുപോയിരുന്നു. മരുന്നു തയ്യാറാക്കാൻ എല്ലാ പണികളും ചെയ്തത് അദ്രാമാനായിരുന്നു.

സന്ധ്യാനേരത്തു കുതിര മുതിര തിന്നതോടെ അദ്രാമാനു സന്തോഷമായി. പിന്നെ അദ്രാമാനും കഞ്ഞികുടിച്ചു.

എട്ട്

പള്ളിയിലെ റാന്തൽ കെടുത്തി എറമുള്ളാൻ ഉറങ്ങാൻ കിടന്നു. അതോടെ ആ ഗ്രാമത്തിലെ അവസാനത്തെ വെളിച്ചവും കെട്ടു.

ഖാൻ ബഹദൂർ പൂക്കോയയ്ക്ക് ഉറക്കം വന്നില്ല. റാന്തൽ പെട്ടെന്നു കെടുന്നതു തങ്ങൾ കണ്ടു. എല്ലാ രാത്രികളിലും ബീവിയെക്കുറിച്ചുള്ള ആലോചനകളാണ്. എന്നാണു പ്രസവിക്കുക? പ്രസവിക്കുമ്പോൾ വല്ല അബദ്ധവും പറ്റുമോ? പ്രസവസമയത്തു പല സ്ത്രീകളും മരിച്ചതല്ലേ. അതുപോലെ ബീവിക്കു വല്ലതും പറ്റുമോ? ഡോക്ടർമാരാണെങ്കിൽ അടുത്തായി ആരുമില്ല. ഡോക്ടർമാരെ കിട്ടണമെങ്കിൽ കോഴിക്കോട്ടു പോകണം. അവിടെയാണെങ്കിൽ ഒരേയൊരു പെണ്ണു ഡോക്ടറേയുള്ളു. ഡോക്ടർ അലമേലു. അവരെക്കുറിച്ച് ഒരുപാടു കേട്ടിട്ടുമുണ്ട്. നല്ല വെളുത്ത പാലക്കാട്ടുകാരി. മത്സ്യം കൂട്ടാത്ത സുന്ദരി. കാന്തം പോലെയുള്ളവൾ.

അലമേലുവിനെക്കുറിച്ച് ആദ്യമായി അറിയുന്നത് കുഞ്ഞിരാമൻ വക്കീലാണ്. സിവിൽക്കേസും ക്രിമിനൽക്കേസും ഒരുപോലെ വാദിച്ചു ജയിക്കുന്ന ഭയങ്കരൻ. എതിർകക്ഷികളെ, കോഴിയെപ്പോലെ കൊത്തി ചോരവരുത്തുന്നവൻ.

അലമേലുവിൻറെ ഭർത്താവും വക്കീലാണത്രേ. പക്ഷേ, പട്ടുകേസുകളേ അറ്റൻറുചെയ്യാറുള്ളൂ. എട്ടണയാണു ഫീസ്. കറുത്ത കോട്ടിൻറെ കീശയിൽ എപ്പോഴും കടല വറുത്തതുണ്ടാകും. അതു കൊറിച്ചുകൊണ്ടാണു നടത്തം. കേസ് വാദിക്കുമ്പോഴും തഞ്ചംകിട്ടിയാൽ ഒരു മണി കടല കൊറിക്കും. കുഞ്ഞിരാമൻ വക്കീലും അലമേലുവിൻറെ ഭർത്താവും ഒരുമിച്ചാണ് മദിരാശിയിൽ നിയമം പഠിച്ചത്. കുഞ്ഞിരാമൻ ഒരു ദിവസം കോഴിക്കോട്ടു ചങ്ങാതിയെ കാണാൻപോയ കഥ തങ്ങളോടു പറഞ്ഞിട്ടുണ്ട്.

കുഞ്ഞിരാമൻവക്കീൽ തലശ്ശേരിയിലും അലമേലുവിൻറെ ഭർത്താവ് കോഴിക്കോട്ടും പ്രാക്ടീസ് ചെയ്യുന്ന കാലത്ത് കോഴിക്കോട്ടുനിന്ന് കുഞ്ഞിരാമൻ വക്കീലിന് സ്വാമിയുടെ ഒരു കത്തു വന്നു, കോഴിക്കോട്ടു ചെല്ലണമത്രേ. സ്വന്തം ജഡുക്കവണ്ടിയിൽക്കയറി കുഞ്ഞിരാമൻ വക്കീൽ കോഴിക്കോട്ടു ചെന്നു. അലമേലുവിൻറെ ഭർത്താവ് സ്വാമിയെ വീണ്ടും നേരിൽക്കണ്ടു.

സ്വാമി മത്സ്യം കഴിക്കുകയില്ല. മാംസം തൊടില്ല. പക്ഷേ, മദ്യം കഴിക്കും. അതും ശീമമദ്യം. അതിൻറകൂടെ പപ്പടവും പരിപ്പുവടയും ചേമ്പില കടലമാവിൽ മുക്കി നല്ല നെയ്യിൽ പൊരിച്ച പൊക്കവടയും വയറ്റിൽ സ്ഥലം ബാക്കിയുണ്ടായാൽ അവസാനം അല്പം തൈർ സാദവും.

അന്നും മദ്യമുണ്ടായിരുന്നു. കുഞ്ഞിരാമൻവക്കീലും സ്വാമിയും ഒരുമിച്ചിരുന്നു ശീമമദ്യം കഴിക്കാൻ തുടങ്ങി. രണ്ടുപേരും കണ്ടുമുട്ടിയ സന്തോഷത്തിൽ മതിമറന്ന് ഒരുപാടു കുടിച്ചു. ഒരുപാടു തിന്നു. ഒരു പാട് അതുമിതും പറഞ്ഞു.

സ്വാമി വേഗം വീണു. ഛർദ്ദിച്ച തൈരുസാദത്തിലും ശീമമദ്യത്തിലും തല വച്ചുകൊണ്ട് സ്വാമി ജവുക്കാളത്തിൽ ബോധമറ്റുകിടന്നു. അപ്പോഴാണ് അലമേലു അടിപ്പാവാടയുമായി പ്രവേശിക്കുന്നത്. അവൾ

കുറ്റനെപ്പോലെയിരിക്കുന്ന കുഞ്ഞിരാമൻവക്കീലിനെ ഒരു നോട്ടം. അതോടെ കുഞ്ഞിരാമൻ വീണുപോയി.

പ്രസവിക്കാത്ത അലമേലുവിൻറെ മേദസ്സുകണ്ട് അയാളിലെ ബീജങ്ങൾ ചൂടുപിടിച്ചു. കുഞ്ഞിരാമൻവക്കീൽ എണീറ്റു. അവർ രണ്ടുപേരും അടുത്തുള്ള മുറിയിലേക്കു കടന്നു. അലമേലുവിനെ പുളകം കൊള്ളിച്ചിട്ടാണത്രേ കുഞ്ഞിരാമൻവക്കീൽ പുറത്തുവന്നത്.

ഇതെല്ലാം കുഞ്ഞിരാമൻവക്കീൽ നേരിട്ടുതന്നെ തങ്ങളോടു പറഞ്ഞ കഥകളാണ്. കാരണം രണ്ടാളുകളും പരസ്ത്രീകളിൽ തത്പരരാണല്ലോ.

തങ്ങൾ എല്ലാം ഓർത്തു. ആദ്യം അലമേലുവിനെ ഒരു ഡോക്ടറായും പിന്നെ ഒരു സ്ത്രീയായും ഓർത്തു. ഡോക്ടർ അലമേലുവിൻറെ ചികിത്സയ്ക്കു വിധേയനാവാൻ തങ്ങൾ കൊതിച്ചു.

തങ്ങൾ അസ്വസ്ഥനായി. ഒരു ഭാഗത്തു സുഖത്തിൻറെ ചിന്തകൾ. മറ്റൊരു വശത്ത് ആപത്തിൻറെ നേരിയ സൂചനകൾ.

തങ്ങൾ മുറ്റത്തിറങ്ങി. ആകാശം വസൂരിക്കുത്തുകളാൽ പ്രകാശിക്കുന്നു. പിന്നെ നോക്കിയതു താഴെ. ഭൂമിയിൽ അറയ്ക്കൽ വീട്. പിന്നെ പള്ളിപ്പറമ്പ്.

പെട്ടെന്നാണ് അദ്രാമാൻറെ പന്തിയിൽനിന്നു വളകിലുക്കം കേട്ടത്. ആരോ സംസാരിക്കുന്നു. തങ്ങൾ ആകാശത്തേക്കു നോക്കി. നക്ഷത്രം നോക്കി സമയമളന്നു. ഏതാണ്ട് ഒരുമണിയായിക്കാണും. അദ്രാമാൻ ഉറങ്ങിയിട്ടില്ലേ? ആരാണ് സംസാരിക്കുന്നത്? സ്ത്രീയുടെ ശബ്ദമോ!

തങ്ങൾ നിശ്ശബ്ദം കുതിരപ്പന്തിക്കടുത്തുള്ള അദ്രാമാൻറെ പന്തിയിലേക്കു നടന്നു. കിളിവാതിലിലൂടെ നോക്കിയപ്പോൾ കണ്ട കാഴ്ച തങ്ങളെ രോമാഞ്ചം കൊള്ളിച്ചു. വെറും ഒരു മരമായി കണക്കാക്കിയ അദ്രാമാൻ ഒരു പെണ്ണിൻറെകൂടെ. തങ്ങൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

പക്ഷേ, ആരാണിവൾ? ഈ പാതിരാവിൽ ഈ തറവാട്ടിൽ കയറിവന്ന് തൻറെ കുതിരക്കാരനുമായി ബന്ധപ്പെടുന്നവളാരാണ്?

തങ്ങളുടെ ഉള്ളിൽ തീ പടരാൻ തുടങ്ങി. തീ അടക്കിക്കത്തിച്ചു. പുറത്തു പുകമാത്രം പരന്നു. നാളങ്ങൾ ഉള്ളിൽ അമർത്തി. അവൾ പുറത്തുവരട്ടെ. ആരാണാ വമ്പത്തി ? ഇത്ര ധൈര്യമുള്ളവൾ പുലരുന്നതിനുമുമ്പു പുറത്തുവരുമല്ലോ. ഉറക്കമൊഴിയാൻതന്നെ തീർച്ചപ്പെടുത്തി.

തങ്ങൾ ഒരു ഈസിച്ചെയർ പൊക്കിയെടുത്തു ശബ്ദമില്ലാതെ മുറ്റത്തിട്ടു. അതിൽ കിടപ്പായി.

കുറെനേരം നിശ്ശബ്ദമായിരുന്നു. കെട്ടുപോയ ഇലക്ട്രിക് വിളക്കു കത്തുന്നപോലെയാണു പന്തിയിൽനിന്ന് അടക്കിപ്പിടിച്ച സംസാരം കേട്ടത്. അദ്രാമാൻ തളർന്നുകാണണം. അതുപോലെ പെണ്ണും.

തങ്ങൾ ആകാശത്തിലെ വെളിച്ചത്തിലേക്കും പള്ളിപ്പറമ്പിലെ ഇരുട്ടിലേക്കും മാറിമാറി നോക്കി. ദൈവങ്ങളെക്കുറിച്ചും പ്രേതങ്ങളെക്കുറിച്ചും മാറിമാറി ചിന്തിച്ചു.

പെട്ടെന്നു പന്തിയിലെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. ഒരു നിഴൽ വളക്കിലുക്കത്തോടെ പുറത്തിറങ്ങി. ആ നിഴൽ അടുക്കള ഭാഗത്തേക്കു നടക്കുവാൻ നോക്കുകയായിരുന്നു.

“നിക്കവിടെ.”

തങ്ങളുടെ സ്വരം നിശ്ശബ്ദതയിൽ മുഴങ്ങി. നിഴൽ അനക്കവും മിണ്ടാട്ടവുമില്ലാതെ നിന്നു. തങ്ങൾ കസേരയിൽനിന്ന് എഴുന്നേറ്റു മെല്ലെ നടന്നു. കാച്ചിയുടുത്ത, പെങ്കുപ്പായമിട്ട ഒരു രൂപം. തങ്ങൾ തീപ്പെട്ടിയുരച്ചു.

നെറ്റിയിലെ വിയർപ്പാണാദ്യം കണ്ടത്; പിന്നെ മുഖവും. അറബിപ്പുളി മരത്തിൻറെ കനത്ത നിഴലിലേക്കു നടന്നു മറയാൻ ശ്രമിക്കുകയായിരുന്നു അവൾ.

അടുക്കളയിലെ പണിക്കാരത്തികളെ മുഴുവനും നിലയ്ക്കുനിർത്തേണ്ടവൾ. പേരുവിളിച്ചു മുന്നിൽ വരുത്തി നാലു ചീത്തപറയാനാണ് ആദ്യം തോന്നിയത്. പക്ഷേ, ഒന്നും പറഞ്ഞില്ല. പറഞ്ഞത് അദ്രാമാനോടായിരുന്നു:

"ഇറങ്ങി വാടാ, നായിൻറെ മോനെ!"

അദ്രാമാൻ വിറച്ചുകൊണ്ടിറങ്ങി വന്നു. തങ്ങൾക്ക് അവൻറെ മുഖം കാണാൻ കഴിഞ്ഞില്ല. മുഖത്തെ ഭാവം കാണാൻ കഴിഞ്ഞില്ല, പക്ഷേ, അവൻ മലമ്പനിക്കാരനെപ്പോലെ വിറച്ചുകൊണ്ടിരുന്നു. അതുവരെ അനുഭവിച്ച സുഖത്തിൻറെ എല്ലാ ഭാരവും അവൻ വിറയ്ക്കുന്ന കാലുകളിൽ പേറി.

തങ്ങൾ ആക്രോശിച്ചു:

"എടാ അദ്രാമാനേ..."

"ളേ."

"നാളെ നിൻറെ കല്യാണമാണ്. വെപിചാരം ഞമ്മക്കിഷ്ടമല്ല."

ഒമ്പത്

ബുദ്ധൻ അദ്രാമാൻറെ ആദ്യരാത്രി.

എല്ലാവരും പോയി. കാന്തവിളക്കുമായി തങ്ങളാണ് അവസാനം പിരിഞ്ഞത്. പോകുമ്പോൾ തങ്ങൾ ഒരു തമാശ പറഞ്ഞു: "അദ്രാമാനേ, ഇൻറെ എല്ലാ പൂതി* യും ഇവിടെവെച്ച് തീരണം."

അദ്രാമാൻ പുകയില തിന്നു കറപിടിച്ച പല്ലുകൾ കാട്ടി ചിരിച്ചു.

വീടു നിശ്ശബ്ദമായി.

അദ്രാമാൻ, തങ്ങൾ തുന്നിച്ചുകൊടുത്ത അല്പാക്കിൻറെ കുപ്പായവും മൂട്ടിയ സിങ്കപ്പൂർകൈലിയുമായി ചന്ദനത്തിരി പുകയുന്ന അറയിൽ കുറൈശിപ്പാത്തുവിനെ കാത്തുകിടന്നു. പാത്തു പാലുമായി പ്രവേശിച്ചു.

പാടപോലുള്ള മൽമലിൻറെ കുപ്പായം. അതിനുള്ളിൽ തുള്ളിക്കൊണ്ടിരിക്കുന്ന മുറ്റിയ മാറിടങ്ങൾ.

അദ്രാമാൻ തരിച്ചു. തരിപ്പ് എല്ലാ അവയവങ്ങളിലും കയറി; ചോണനുറുമ്പുകൾ കയറുന്നതുപോലെ; മേലോട്ട് മേലോട്ട്, മേലോട്ട് മാത്രം.

പാത്തുവിനെ പലപ്പോഴും തൻറെ ബന്ധനത്തിലാക്കിയിട്ടുണ്ട്. പക്ഷേ, ആ ദിവസം പാത്തു പുതിയോട്ടിയാണ്.

അദ്രാമാൻ പാലു വാങ്ങി. പാൽ കുടിക്കാൻ തോന്നിയില്ല. ഗ്ലാസ്സ് ജനൽപ്പടിയിൽ വാങ്ങിവച്ചു. കിളിവാതിലിനു മുകളിലുള്ള ചന്ദ്രൻ പാലിൽ ഉദിച്ചു.

അദ്രാമാൻ പാത്തുവിനെ ഒന്നു തൊട്ടു. അത്തറിൻറെ മണവും കവിളിൻറെ മസൃണതയും അദ്രാമാനെ പുളകം കൊള്ളിച്ചു.

തരിപ്പിൻറെ ശക്തികൂടി.

സിങ്കപ്പൂർ കൈലി പെട്ടെന്നു മുഷിഞ്ഞു.

അദ്രാമാൻ വിയർത്തു. വിയർപ്പിൻറെ പുറപ്പാടിൽ അവൻ കട്ടിലിൽ തളർന്നു വീണു. കട്ടിലിൽ പാത്തു അടുത്തുകിടന്നു.

“ബല്ലാത്ത ചൂട്!”

പാത്തു കുപ്പായം ഊരി. പാത്തുവിൻറെ ഒന്നുമില്ലായ്മ, അദ്രാമാനെ ഉദ്ദമ്മി. പക്ഷേ, അദ്രാമാനു കോരിത്തരിക്കാൻ അന്നേരമായപ്പോഴേക്കും, ഒന്നുമില്ലാതായി. അവൻ പാത്തുവിനെ ഓർത്തില്ല. ഓർത്തതു തൻറെ കുതിരയെയായിരുന്നു. പന്തിയിൽ കുളമ്പടിച്ച് ഇടയ്ക്കിടെ ചാണകമിടുന്ന കുതിര.

യാമങ്ങൾ നീങ്ങി.

അദ്രാമാന് ഉറക്കം വന്നില്ല. പാത്തുവിൻറെ സൗന്ദര്യത്തിലോ അവളിൽനിന്നു പുറപ്പെടുന്ന വാസനയിലോ, കിടക്കയുടെ മാർദ്ദവത്തിലോ മയങ്ങിപ്പോയതുകൊണ്ടല്ല.

അദ്രാമാൻ കുതിരപ്പന്തിക്കടുത്തുള്ള, പായ വിരിച്ച പരുപരുത്ത കട്ടിലിനെ സ്വപ്നം കാണുകയായിരുന്നു. അതിലെ അസംഖ്യം മൂട്ടകളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

അവന് ഉറക്കം വന്നില്ല. എത്രയോ കൊല്ലങ്ങളായി അവൻറെ കിടപ്പറ നായികയായി കഴിഞ്ഞുവരുന്ന കുതിരയെ അകന്ന്, കുതിരച്ചാണകത്തിൻറെയും കുതിരമൂത്രത്തിൻറെയും ഗന്ധമേല്ക്കാതെ, അറയ്ക്കൽത്തറവാട്ടിനപ്പുറത്തുള്ള മറ്റൊരു ലോകത്തിൽ അവൻ എങ്ങനെ ഉറങ്ങും?

അവൻ കട്ടിലിൽനിന്നെഴുന്നേറ്റു. പാത്തു നല്ല ഉറക്കത്തിലാണ്.

ജനലഴികളിലൂടെ അവൻ പുറത്തേക്കു നോക്കി. പരിപൂർണചന്ദ്രൻ ഒരപരിചിതനെപ്പോലെ ആകാശത്തിൻറെ ഒരു കോണിൽ തരിച്ചുകിടക്കുന്നു. ആ തരിപ്പിലും തങ്കംപോലെ ചിരിക്കുന്ന ചന്ദ്രനെ കിഴക്കുനിന്നു വന്നകരിമേഘങ്ങൾ ഇടയ്ക്കിടെ ഇരുട്ടാക്കി.

മെല്ലെ ചെറ്റപ്പുരയുടെ മറ നീക്കി അവൻ പുറത്തിറങ്ങി.

ബീഡിക്കുറ്റികളും ചുരുട്ടിൻകണ്ടങ്ങളും മുറുക്കാൻ തമ്പലവുംനിറഞ്ഞുകിടക്കുന്ന മുറ്റം ചവിട്ടിമെതിച്ചു തെങ്ങിൻനിഴലുകളെ പിന്നിട്ട് അവൻ നടന്നു.

പാത്തു അവനെ പിന്തുടർന്നില്ല. എന്നാൽ നിലാവ് അവനോടൊപ്പം നടന്നു. അവൻറെ സ്വന്തം നിലാവ്. വേഗം വേഗം നടന്ന് അവൻ അറയ്ക്കൽത്തറവാടിൻറെ പടിപ്പുരയിലെത്തി. എത്തിയതും വാതിൽ തുറക്കപ്പെട്ടു. കത്തുന്ന ബീഡിയുമായി ബുഹാരി അവനെ അത്ഭുതപാരവശ്യത്തോടെ നോക്കി. അതുപോലെ അദ്രാമാനും അത്ഭുതപ്പെട്ടു. ഈ ബുഹാരിക്ക് ഉറക്കമില്ലല്ലോ എന്നതാണ് അദ്രാമാൻറെ ചിന്ത. പടിപ്പുരവാതിൽ അടഞ്ഞു. ബീഡി വീണ്ടും തെളിഞ്ഞു.

ബുഹാരിയുമായി പിന്നെ ലോഗ്യത്തിനൊന്നും മിനക്കെടാതെ മുറ്റത്തിറങ്ങി. ഇറങ്ങിയതും, പന്തിയുടെ ഗന്ധം അവനെ എതിരേറ്റു. കുതിര കുളമ്പിട്ടടിച്ചു. ജീവൻറെ തീനാമ്പുകൾ രാത്രിയിൽ തളിരിട്ടു.

അദ്രാമാൻ പന്തിയിൽ കയറി. കുതിര പതിവുപോലെ നില്ക്കുന്നു. ചെവി തളർത്തി, കണ്ണടച്ച്, കൊമ്പില്ലാത്ത കുതിര, ഉറക്കത്തിൻറെ കയങ്ങളിലാണ്ടിരിക്കുകയാണ്.

വാരിയെല്ലിൽ സ്നേഹാദരങ്ങളോടെ തടവിക്കൊണ്ട് അവൻ അതിനെയുണർത്തി. കുതിര കണ്ണു തുറന്നു.

അദ്രാമാൻറെ ഗന്ധം ശ്വസിച്ചപ്പോൾ കുതിര ചിരിച്ചു. അതുകണ്ട് അദ്രാമാനും ചിരിച്ചു.

പള്ളിയിൽ ഏത്തം കരയുന്ന ശബ്ദം കേട്ടു. പിന്നെ എറമുള്ളാൻ കുരയ്ക്കുന്ന ഒച്ച കേട്ടു. അദ്രാമാൻ ഓർത്തു: പാവം എറമുള്ളാൻ ഉറങ്ങിയിട്ടില്ല.

ഏത്തം ഇടതടവില്ലാതെ കരയുന്നതു കേട്ടപ്പോൾ അദ്രാമാൻ കരുതി : വെള്ളം കരകവിഞ്ഞൊഴുകുകയായിരിക്കും. എറമുള്ളാൻറെ രക്തത്തിലെ ഓരോ അണുവും ക്ഷീണിക്കുന്നതുവരെ എറമുള്ളാൻ വെള്ളം കോരിക്കൊണ്ടിരിക്കും.

അദ്രാമാൻ പായ വിരിച്ചു കിടന്നു. പായ മാത്രം വിരിച്ച കട്ടിലിൻറെ മരവിപ്പിൽ താനും മൂട്ടകളുമായുള്ള സങ്കരമായ ഇണചേരലിൽ, അദ്രാമാൻ ഉറക്കത്തിൻറെ പടവുകൾ ഇറങ്ങി.

അദ്രാമാനെ സംബന്ധിച്ചിടത്തോളം ആ രാത്രി വീണ്ടും സജീവമായി.

അതുപോലെ എറമുള്ളാൻമുക്രിയുടെ ആ രാത്രിയും പുലരുന്നതുവരെ സജീവമായി. പാത്തുവിനെക്കുറിച്ചുതന്നെയാണ് ഏത്തം വലിക്കുന്ന നേരമത്രയും അയാൾ ഓർത്തത്.

കൊല്ലങ്ങൾക്കുമുമ്പ് പാത്തുവിനു പതിനാലുവയസ്സുള്ളപ്പോൾ എറമുള്ളാനാണ് അവളെ ആദ്യമായി വിവാഹംകഴിച്ചത്. അന്ന് എറമുള്ളാൻ പള്ളിയിലെ മുക്രിയായിരുന്നില്ല. അന്ന് അവൻ മീൻകാരനായിരുന്നു. മടപ്പള്ളി കടപ്പുറത്തുനിന്നു ചെറിയ കുട്ടകളിൽ മത്തിയും ഐലയും കാവിലാക്കി വിയർത്തൊലിച്ച് പതിനാറു നാഴിക കിഴക്കുള്ള കുറ്റ്യാടിവരെ 'മീൻ... മീൻ...' എന്നു കൂവിക്കൊണ്ട് ഓടുകയാണു പതിവ്.

അന്നു പത്തിരുപതുവയസ്സേ കാണൂ. പതിന്നാലു വയസ്സുള്ള പാത്തു എന്നും മീൻ വാങ്ങാൻ തറവാടിൻറെ അടുക്കളപ്പടിപ്പുരയിൽ വരും. മീൻ വാരിക്കൊടുക്കുമ്പോൾ എറമുള്ളാൻ നോക്കിയത് പാത്തുവിൻറെ കണ്ണുകളിൽ മാത്രമായിരുന്നു. ചെറിയ പൈസയ്ക്ക് ഒരുപാടു മീൻ കിട്ടിത്തുടങ്ങിയതോടെ തറവാട്ടിൽ സംശയമായി.

അങ്ങനെയാണ് എതിർപ്പുകൾക്കുശേഷം എറമുള്ളാൻ പാത്തുവിനെ നിക്കാഹ് കഴിച്ചത്.

എന്നാൽ ഒരു രാത്രിപോലും പാത്തുവിനോടൊത്തു കഴിയാൻ എറമുള്ളാനു കഴിഞ്ഞില്ല. ആദ്യരാത്രിയിൽത്തന്നെ പാത്തുവിനെത്തൊട്ട എറമുള്ളാനെ തട്ടി ദൂരെയാക്കി പാത്തു പറഞ്ഞു:

"മണക്ക്ന്ന്..."

"എന്ത്?"

മുഖത്തടിച്ചതുപോലെ പാത്തു പറഞ്ഞു:

"മീൻ!"

"അന്ന് ആ മുറിവിട്ടു പുറത്തുവന്നതാണ്, പിന്നെ മീൻ നിറച്ച കൊട്ടകൾ തൊട്ടിട്ടില്ല. അതുപോലെ പാത്തുവിനെയും. പാത്തു തന്നെ വേണ്ടെന്നു പറഞ്ഞ പിറ്റേദിവസം പൊന്നാനിയിലേക്ക് ഓത്തു പഠിക്കാൻ പോയി എറമുള്ളാൻ."

മൂന്നുകൊല്ലം പട്ടിണി കിടന്നുകൊണ്ട് പൊന്നാനിപ്പള്ളിയിലെ റാന്തലിൻറെ വെളിച്ചത്തിൽ ഓതി.

എല്ലാം ആലോചിക്കുമ്പോഴേക്കും കിണർ വറ്റി. ഏത്തം പിടിച്ച എറമുള്ളാൻറെ ഉള്ളംകൈകൾ പൊട്ടി ചോരയും നീരും പുറത്തുവന്നു.

* ആഗ്രഹം

പത്ത്

കുരുമുളകു വില്ക്കണമെങ്കിൽ അത് തലശ്ശേരിയിൽ എത്തിക്കണം. ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾക്കാണെങ്കിൽ ചാക്കുകണക്കിനു കുരുമുളകുണ്ട്.

കുരുമുളകു പറിപ്പിക്കലും ഉണക്കലും തലശ്ശേരിയങ്ങാടിയിൽ കൊണ്ടുപോയി വില്ക്കലും ബാപ്പുക്കണാരൻറെ ജോലിയാണ്.

ആ കൊല്ലം ധാരാളം കുരുമുളകു വിരിഞ്ഞു. ഏണിയും മുക്കോണനൻ കൊട്ടയുമേന്തി ജോലിക്കാർ നാലു ദേശങ്ങളിൽനിന്നും വന്നെത്തി. പിലാവിലും അമ്പായ മരത്തിലും പടർന്നു കാടുകെട്ടിയ കുരുമുളകു പറിക്കാൻ ചുവന്ന കോണകംകെട്ടി തോർത്തുമുണ്ടുടുത്ത അവർ കച്ചകെട്ടിയിറങ്ങി. കോണകവാലിൽക്കൂടി കയറിയ ഉലാത്തിയുറുമ്പുകൾ പൃഷ്ഠത്തിൽ കടിക്കുമ്പോൾ ചൊറിയാൻ കഴിയാതെ മരത്തിൽ പിടിച്ചു പല്ലുഞെരിക്കുന്നതുനോക്കി താഴെ നിന്ന് ബാപ്പുക്കണാരൻ രസിച്ചു.

കുരുമുളകു പറിക്കലും, മെതിക്കലും ഉണക്കലും ദിവസങ്ങളോളം നീണ്ടു നിന്നു. കുഞ്ഞാമൻറെ മൂരിവണ്ടിയിൽ കുരുമുളകിൻറെ ചാക്കുകൾ ഒരു ദിവസം കൊറ്റിയുദിക്കുന്നതിനുമുമ്പു കയറ്റാൻ തുടങ്ങി.

വണ്ടി നിറഞ്ഞപ്പോൾ കുഞ്ഞാമൻ മൂരികളുടെ വാലിൽ പിടിച്ച് ഇളക്കിക്കൊണ്ടു പറഞ്ഞു:

“പഹൈ!”

മൂരിവണ്ടി നീങ്ങി.

അപ്പോൾ ബാപ്പുക്കണാരൻ പറഞ്ഞു:

“നായിൻറെ മോനെ, ഞാൻ കേറീട്ടില്ല.”

കുഞ്ഞാമൻ മൂക്കുകയർ പിടിച്ചപ്പോൾ വണ്ടിനിന്നു. കണാരൻ കയറി.

നാട്ടുവെളിച്ചം നന്നേ കുറവായിരുന്നു. കുഞ്ഞാമൻ വണ്ടിത്തണ്ടിൽ നിന്നിറങ്ങി, വണ്ടിയുടെ അടിവയറ്റിൽ തൂക്കിയിട്ട റാന്തലിൻറെ തിരി നീട്ടി. അതോടെ ചെമ്മണ്ണനിരത്തു തെളിഞ്ഞു. കട്ടക്കല്ലുകൾ നിറഞ്ഞ നിരത്തിലൂടെ മൂരിവണ്ടി നീങ്ങി. റാന്തലിൻറെ ലാഞ്ചലിൽ നിഴലുകൾ ചെറുതായും ഭീമമായും ആടിക്കളിച്ചു.

മാച്ചനാരി ഒന്തത്തിനു മുകളിലെത്തിയപ്പോൾ കുഞ്ഞാമൻ വണ്ടിയിൽനിന്നിറങ്ങി. ഇനി ഇറക്കമാണ്. എത്രയോ വണ്ടികൾ മറിഞ്ഞുവീണ ചരിത്രമുള്ള കിഴക്കാന്തൂക്കമായ ഇറക്കം. അവൻ വണ്ടിക്കടിയിൽ കുനിഞ്ഞിരുന്നു ചക്രങ്ങളെ ഒതുക്കിനിർത്തുന്ന ബടുക്കു മുറുക്കി. പിന്നെ വണ്ടിത്തണ്ടിൽ ചാടിക്കയറി മൂരികളുടെ വാലുകളിൽ ഇരുവശവും പിടിച്ചു.

ബടുക്കും വ്വിച്ചക്രത്തിൻറെ ലോഹവും ഏറ്റുമുട്ടുന്ന ഓങ്കാര ശബ്ദത്തിൽ വണ്ടി നീങ്ങി. പുത്തൻപുരയിലെ തണ്ണീർപ്പന്തലിൻറെ അടുത്തെത്തിയപ്പോൾ കുപ്പായമിടാത്ത ഒരുത്തി തലയിൽ ഒരു ചാക്കുമായി നില്ക്കുന്നു, ചാക്കുനിറയെ ചരക്ക്.

“കുഞ്ഞാമേട്ടാ!...”

കുഞ്ഞാമൻ വണ്ടി നിർത്തി ചാടിയിറങ്ങി. അവളുടെ ഭാരം വാങ്ങി വണ്ടിയിൽ വച്ചു. അതു കൊപ്പരയായിരുന്നു. അത്രയും നേരം കമിഴ്ത്തി വച്ച രണ്ടു ചിരട്ടകളിലാണ് അവൻറെ നോട്ടം. പിന്നെ

യാതൊരു സംസാര വിഷയവുമില്ലാതെ കുഞ്ഞാമനും ചെറുപ്പക്കാരിയും തണ്ണീർപ്പന്തലിനു പിന്നിലുള്ള ഇരുട്ടിലേക്കു മറഞ്ഞു.

ബാപ്പുക്കണാരൻ അന്തംവിട്ടു നിന്നു.

മിനിട്ടുകൾ കഴിഞ്ഞപ്പോൾ കുഞ്ഞാമനും പിറകേ അവളും പുറത്തുവന്നു. അവൾ തണ്ണീർപ്പന്തലിൻറെ മറയോടു പറ്റിനില്ക്കുകയാണ്.

"കണാരേട്ടാ. എനിക്കു തെരക്കില്ല."

ബാപ്പുക്കണാരൻറെ എല്ലാ രോഷവും പുറത്തുവന്നു. അവൻ പറഞ്ഞു:

"ഫ, നായിൻറെ മോനേ!"

കുഞ്ഞാമൻ ആത്മഗതമെന്നോണം പറഞ്ഞു:

'ഒരു കലത്തീന്ന്തന്നെ തിന്വാനാ ഇവൻറെയെല്ലാം യോഗം.'

വണ്ടി നീങ്ങി. കുഞ്ഞാമൻറെ വീട്ടിൽ എന്നും രാത്രികാലങ്ങളിൽകലഹമാണ്. ഭാര്യയെ പൊതിരെ തല്ലാത്ത ഒരു ദിവസമില്ല. അതിൻറെ രഹസ്യം മുഴുവനും ഇപ്പോൾ കണാരനു മനസ്സിലായി. കണാരൻ അങ്ങനെ ഓരോന്നു നിനച്ചുകൊണ്ടിരിക്കെ വണ്ടി തലശ്ശേരിയിലെത്തി.

മമ്മുക്കേയിയുടെ പാണ്ടികശാലയിൽ കുരുമുളകു ചാക്കുകളിറക്കി. തോർത്തു മുണ്ടുമാത്രമുടുത്ത, കരിവീട്ടിയുടെ നിറമുള്ള, വിയർത്ത ചെറുമന്മാർ കുരുമുളകുചാക്കുകൾ ചുമലിൽ കയറ്റി കിതച്ചുകൊണ്ട് പാണ്ടികശാലയ്ക്കകത്തു കയറ്റി.

ബാപ്പുക്കണാരൻ മമ്മുക്കേയിയുടെ മേശയുടെ മുന്നിലിട്ട സ്റ്റൂളിലിരുന്നു ചാക്കുകളുടെ തൂക്കം നോക്കി. മമ്മുക്കേയി വോയിലിൻറെ ബനിയനിലൂടെ മാറിൽ ഇടതുകൈവച്ചു കണക്കുകൂട്ടി ഇടയ്ക്കിടെ ചൊറിയുകയുംചെയ്തു.

അപ്പോഴേക്കും മസാലവടയും ചായയും വന്നു. മസാലവടയിലെ മുളകിൻറെ എരിവിൽ കണാരൻ ഊറ്റംകൊണ്ടു.

"ഇതു ബലിക്ക്."

കേയി കണാരന് ഒരു ചുരുട്ടു നീട്ടി. ബർമാ ചുരുട്ട്.

സിങ്കപ്പൂരിൽ ബർമാച്ചുരുട്ടു സുലഭമായി കിട്ടുമായിരുന്നു. സിങ്കപ്പൂരിൽനിന്നു വന്നശേഷം ബർമാച്ചുരുട്ടു വലിച്ചാസ്വദിക്കാൻ കഴിയുന്നത് കേയിയെക്കാണുമ്പോൾ മാത്രമാണ്.

മസാലവടയുടെ എരിവിൽ, ചുരുട്ടിൻറെ ഗന്ധത്തിൽ, കണാരൻ മതിമറന്നു.

"നൂറ്റിപ്പന്തിരണ്ടുറുപ്പിക."

കേയിയുടെ ശബ്ദംകേട്ട് കണാരൻ ഞെട്ടി.

കേയി വെള്ളിപ്പിടി വലിച്ചു മേശ തുറന്നു.

നൂറു റുപ്പികയുടെ ഒരു നോട്ടും പത്തു റുപ്പികയുടെ വേറൊരു നോട്ടും രണ്ടു വെള്ളിറുപ്പികയും കണാരൻറെ കൈയിൽ കൊടുത്തു. രാജാവിൻറെ തലയുള്ള നൂറു റുപ്പിക വാങ്ങുമ്പോൾ മണവാട്ടിയെ തൊട്ടതുപോലെ കണാരൻ കോരിത്തരിച്ചു. ആ നിർവൃതിയിൽ വെള്ളിയുറുപ്പിക താഴെവീണു. കണാരൻ അതെടുക്കാനാഞ്ഞു. പക്ഷേ, അത് ഉരുണ്ടുരുണ്ടു കുരുമുളകു ചാക്കുകൾക്കിടയിൽ മറഞ്ഞു.

കേയി പറഞ്ഞു:

"സാരമില്ല; വേറേ തരാം."

പുതിയ വെള്ളിയുറുപ്പിക വീണ്ടും കണാരൻറെ കൈയിലായി.

വണ്ടിക്കാരൻ കുഞ്ഞാമൻ പാണ്ടികശാലയുടെ പുറത്തു നില്ക്കുകയായിരുന്നു.

“ഇവിടെ വാ ബലാലെ:” കേയി കുഞ്ഞാമനെ വിളിച്ചു. കറപിടിച്ച പല്ലുകൾ കാട്ടി കുഞ്ഞാമൻ പാണ്ടികശാലയ്ക്കകത്തു കടന്നു. മമ്മുക്കേയി ഒരു റുപ്പികയുടെ വെള്ളിനാണയം കുഞ്ഞാമൻറെ കൈയിലും വച്ചുകൊടുത്തു. കുഞ്ഞാമൻ പിന്നെയും ചിരിച്ചു.

ഒരു റുപ്പിക!

വടകരച്ചന്തയിൽപ്പോയി മൂരികളുടെ വായിൽനിന്നു നുര വരുന്നതു വരെ പണിയെടുത്താൽപോലും കിട്ടുന്നത് എട്ടണയാണ്. തലശ്ശേരി കേയിയുടെ അടുത്ത് വരുമ്പോൾ മാത്രം വെള്ളിനാണയം കിട്ടുന്നു. തലയിൽ നിലാവുദിച്ചപോലെയായി കുഞ്ഞാമൻ.

വെയിൽ താണപ്പോൾ കാലിയായ മൂരിവണ്ടിയുമായി കുഞ്ഞാമനും ബാപ്പുക്കണാരനും പുറപ്പെട്ടു. സന്ധ്യയാവുമ്പോഴേക്കും കാരക്കാട്ടിലെത്താം.

ബാപ്പുക്കണാരൻ വണ്ടിയിലിരുന്ന് ഉറക്കം തൂങ്ങുകയായിരുന്നു. പെട്ടെന്നു വണ്ടി വല്ലാതെ പാളിയപ്പോൾ കണാരൻ ഞെട്ടി.

“എന്തു പറ്റി ?”

“ദണ്ഡു പൊട്ടി,” കുഞ്ഞാമൻ വണ്ടിത്തട്ടിൽനിന്നു ചാടിയിറങ്ങി. അപ്പോഴേക്കും ഒരു ചക്രം താഴെ വീണു കഴിഞ്ഞു. വണ്ടി ഒരു ഭാഗത്തേക്കു ചെരിഞ്ഞു. മൂരികൾ കാലുകുഴഞ്ഞു നിലത്തുവീണു മുക്രയിടാൻ തുടങ്ങി. ചക്രങ്ങളെ ബന്ധിപ്പിക്കുന്ന ഇരുമ്പുതണ്ട് രണ്ടായി നിലത്തു വീണുകിടക്കുകയാണ്.

“എൻറെ ഭഗവതീ.” കണാരൻ നെടുവീർപ്പിട്ടു.

“പടച്ചോൻ ഞങ്ങളെ രക്ഷിച്ചു. മൊളകും കേറ്റി വരുമായിരുന്നെങ്കിലത്തെ സ്ഥിതി ! എല്ലാം ബലിയ തങ്ങളുടെ കൃപ!”

കുഞ്ഞാമൻ മൂരികളെ അഴിച്ച് അടുത്തുള്ള പേരാലിൻറെ തണലിൽ പുല്ലുമിട്ടു നിർത്തി.

“കൊല്ലനെക്കാണാതെ ഒരു പണിയും പറ്റൂല്ല.”

തലശ്ശേരി വിട്ടാൽ കൊല്ലൻ പിന്നെ മയ്യഴിയിലേ ഉണ്ടായിരുന്നുള്ളൂ. മയ്യഴിയിൽ എത്തണമെങ്കിൽ മൂന്നു നാഴിക നടക്കണം.

കുഞ്ഞാമനും ബാപ്പുക്കണാരനും കൊല്ലനെത്തേടി മയ്യഴിയിലേക്കു നടത്തം തുടങ്ങി.

മയ്യഴിയിലെത്തിയപ്പോൾ കൊല്ലൻറെ ആല പൂട്ടിക്കിടക്കുന്നു. അപ്പോഴാണു വിവരം അറിയുന്നത്, കൊല്ലൻ കഴിഞ്ഞ കൊല്ലത്തെ കോളറയിൽ മരിച്ചുപോയിരിക്കുന്നു.

അവർ മടങ്ങി.

ഇനി എന്താണു വഴി ? വേറെ ഒരു വണ്ടിയും വരുന്നതു കാണുന്നില്ല. കൊല്ലനെ കിട്ടണമെങ്കിൽ നാട്ടിലെത്തണം. മൂരികളെ തെളിച്ചു നടക്കാൻ തന്നെ തീരുമാനിച്ചു.

വണ്ടിയും ചക്രങ്ങളും നിരത്തിൻറെ ഒരരുകിലാക്കി അടുത്തുള്ള ഒരു വീട്ടുകാരനെ ഒരു നോക്കു നോക്കാനേല്പിച്ചു; മൂരികളെയുംകൊണ്ട് അവർ നടന്നു. അപ്പോഴേക്കും നേരം സന്ധ്യയായി. ചുരുങ്ങിയത് അഞ്ചാറുമണിക്കൂർ നടക്കണം.

വെള്ളിയാഴ്ച രാവ്. ജിന്നുകളും മലക്കുകളും നടക്കാനിറങ്ങുന്ന രാവ്. നേരിയ നിലാവ് അരയാൽക്കൂട്ടങ്ങളുടെയും പേരാൽനിരകളുടെയും ഇടയിലൂടെ മഞ്ഞുപോലെ പെയ്തുകൊണ്ടിരുന്നു.

വിയർത്തു ദാഹിച്ചു. കാലുകൾ തളർന്നു. എന്നിട്ടും അവർ നടന്നു. മൂരികൾ നടന്നു. മൂരികൾ കിതയ്ക്കുകയും അവയുടെ വായിൽ നിന്നു നുരയും പതയും പുറത്തു വന്നുകൊണ്ടിരിക്കുകയുംചെയ്തു.

പൊടിമണ്ണ് പുരണ്ട ചെമ്പിച്ച കാലുകളുമായി മനുഷ്യരും മൃഗങ്ങളുംനീണ്ടുനീണ്ട യാത്രയിലാണ്ടു.

കുഞ്ഞിപ്പള്ളിമൈതാനിയിൽ എത്തിയപ്പോൾ അവർ നിന്നു. കുഞ്ഞി പ്പള്ളിമൈതാനം ബാപ്പുക്കണാരനെയും കുഞ്ഞാമനെയും സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമാണ്. രാത്രി ആ വഴിക്കുള്ള യാത്ര ഭയാനകമാണ്. ചെങ്കല്ല് നിറഞ്ഞ റോഡിൻറെ ഒരു ഭാഗം വിശാലമായ ശവപ്പറമ്പും പള്ളിയും. മറുഭാഗം കണ്ണെത്താത്ത കാട്ടു നിറഞ്ഞ മൈതാനം. ഇവയ്ക്ക നടുവിൽ ഇരുട്ടുപരത്തുന്ന, കള്ളന്മാരെയും രഹസ്യങ്ങളെയും കുടിയിരുത്തുന്ന, അനേകമനേകം അരയാൽ മരങ്ങൾ.

കുഞ്ഞിപ്പള്ളിയിൽ ആണ്ടിലൊരിക്കൽ നേർച്ചയുണ്ടാകാറുണ്ട്. അന്നത്തെ ദിവസം തിരക്കുപിടിച്ച ചന്തയുമുണ്ടാകും. ഇന്നു നേർച്ചയായ വിവരം കണാരനറിഞ്ഞില്ല.

ബാപ്പുക്കണാരൻ പറഞ്ഞു:

"ഞമ്മക്ക് ഓരോ ചായ കുടിക്കാം."

കുഞ്ഞാമൻ മൂരികളെ പേരാലിനോടു ബന്ധിച്ചു നിർത്തി പുല്ലു കൊടുത്തു. അധികം തിരക്കില്ലാത്ത ഒരു ചായപ്പീടികയിൽ കയറി. അവർ മുഖം കഴുകി ബഞ്ചിൽ ഇരുന്നു. നിമിഷംകൊണ്ടു വലിയ ഗ്ലാസ്സിൽ നിറയെ ചായ വന്നു. ഒരു ഭാഗം ഗ്ലാസ്സിട്ട വലിയ ടിന്നിൽ കുന്തി കണ്ടപ്പോൾ കുഞ്ഞാമൻറെ വായിൽ വെള്ളമൂറി :

"മുക്കലിന്ന് കുന്തി."

ഒരു അലൂമിനിയം പ്ലേറ്റിൽ നിറയെ കുന്തി കൊണ്ടുവന്നു. ചായയും കുന്തിയും കുടിച്ചു തീർന്നപ്പോൾ വല്ലാത്ത ക്ഷീണം.

"ഞങ്ങളൊന്നു കിടന്നോട്ടെ!" ബാപ്പുക്കണാരൻ സമ്മതം ചോദിച്ചു.

"അതിനെന്താ ബിരോധം?" എന്നായി പീടികക്കാരൻ.

"എന്നാ, ഈ പണസഞ്ചി ഇങ്ങള് ബെക്ക്. പോമ്പൊ ബാങ്ങിക്കോളാം."

കണാരൻ മടിശ്ശീല, നൂറ്റിപ്പന്ത്രണ്ടുറുപ്പികയുള്ള മടിശ്ശീല, പീടികക്കാരൻറെ നേരെ നീട്ടി.

അവർ നീണ്ട ബഞ്ചുകളിൽ വിശ്രമിക്കാനായി കിടന്നു. എപ്പോഴാണ് ഉറങ്ങിയ തെന്നോർമയില്ല.

ഉണർന്നപ്പോൾ ബാപ്പുക്കണാരൻ കിടുകിടെ വിറച്ചു. അവിടെ പീടികകളില്ല; കച്ചവടമില്ല; പുരുഷാരമില്ല.

നീണ്ടുകിടന്ന കാട്ടുകയറിയ കുഞ്ഞിപ്പള്ളിമൈതാനം മാത്രം. അക്കരെ ശവപ്പറമ്പ്. അതിനപ്പുറം വലിയപള്ളി. ആ മൈതാനത്തിലെ കാട്ടുകൾക്കിടയിലുള്ള പൂഴിമണ്ണിൽ അവർ നീണ്ടുനിവർന്നു കിടക്കുന്നു. അടുത്തുള്ള പേരാലിനു ചുവട്ടിൽ മൂരികൾ കിടന്ന് അയവിറക്കുന്നു.

കുറെനേരത്തേക്ക് അവനൊന്നും പറയാൻ കഴിഞ്ഞില്ല.

"എടാ നായിൻറെമോനേ, കുഞ്ഞാമാ, എണീക്ക്." കുഞ്ഞാമൻറെ തോളിൽ അടിച്ചുകൊണ്ട് ബാപ്പുക്കണാരൻ വിളിച്ചു.

കുഞ്ഞാമൻ എഴുന്നേറ്റു കോട്ടുവായിട്ടു. കോട്ടുവായിടുമ്പോഴാണ് യഥാർഥത്തിൽ പരിസരബോധമുണ്ടായത്. അവൻറെ കണ്ണുകൾ വികസി ക്കാവുന്നത്രയും വികസിച്ചു. ചങ്കിൽ ഇരുമ്പു കുത്തിനിറച്ചതുപോലെയായി. അത്ഭുതപരതന്ത്രനായിപ്പോയ കുഞ്ഞാമനു തുറന്ന വായ പൂട്ടാൻ കഴിഞ്ഞില്ല.

ബാപ്പുക്കണാരൻ ഒരുവിധം സമനിലയിലെത്തി. കാര്യങ്ങൾ മനസ്സിലാക്കി.

എന്തോ അത്ഭുതങ്ങൾ നടന്നിരിക്കുന്നു. ഏതോ പ്രേതങ്ങളുടെയും പിശാചുക്കളുടെയും വേലയായിരിക്കണം. എന്നാൽ ധർമസങ്കടം അതല്ല. അതിശയത്തിൻറെ ശക്തികൊണ്ടു പെട്ടെന്നു ഞെട്ടിപ്പോയ കുഞ്ഞാമൻറെ വായ തുറന്നുതന്നെ കിടക്കുന്നു. കോട്ടുവായുടെ അതേ രൂപത്തിൽ തുറിച്ച

കണ്ണുകളോടെ, ദയനീയഭാവത്തോടെ, ഒന്നും പറയാനാവാതെ, കുഞ്ഞാമൻ കഥകളി തുടങ്ങി. അവൻറെ കണ്ണിൽനിന്നും കണ്ണീർ തിളങ്ങി. അവൻറെ കൈകാലുകൾ ചലിച്ചു.

പണി പഠിച്ചതത്രയും നോക്കിയിട്ടും തുറന്ന വായ അടയ്ക്കാൻ കണാരനു കഴിഞ്ഞില്ല. അവസാനം തുറന്ന വായുമായി കുഞ്ഞാമനും മൂക്കുകയറില്ലാത്ത മൂരികളുമായി ബാപ്പുക്കണാരനും നാട്ടിലേക്കോടി.

ഓടിയോടി അവർ അറയ്ക്കലെത്തി.

പൂമുഖത്തെ ആനക്കസേരയിലിരുന്നു ചുരുട്ടുവലിക്കുന്ന തങ്ങളോട് അത്ഭുതപാരവശ്യത്തോടെ എല്ലാ കഥകളും കണാരൻ പറഞ്ഞുകൊടുത്തു.

തങ്ങൾ ഒരു സ്തോഭവും കാണിച്ചില്ല. സിങ്കപ്പൂർ ചുരുട്ടിൻറെ കഷണം മുറ്റത്തേക്കെറിഞ്ഞു. പിന്നെ അല്പം എന്തോ ആലോചിച്ചശേഷം തുറന്ന വായുമായി നില്ക്കുന്ന കുഞ്ഞാമനെ രൂക്ഷമായി നോക്കി. ഒരു നിമിഷം. ഒരു ഈറ്റപ്പാമ്പിനെപ്പോലെ കുഞ്ഞാമൻറെനേരെ ഒരു ചാട്ടം. പേടിച്ചു വിറച്ച കുഞ്ഞാമൻ ഒരട്ടഹാസം:

"ഹ്ദയീ !"

തങ്ങൾ ചിരിച്ചു. പിന്നെ പറഞ്ഞു:

"ഒന്നും പേടിക്കേണ്ട."

കണാരൻ മിഴിച്ചുനില്ക്കുമ്പോൾ തങ്ങൾ പറയുകയാണ്:

"എല്ലാം ജിന്നിൻറെ കളി !"

കണാരൻ നിരാശനായി കോലായിൽ തൂണും ചാരിയിരുന്നു. നൂറ്റിപ്പന്ത്രണ്ടുറുപ്പിക പാറയ്ക്കടിച്ചുപോയി. കസേരയിൽനിന്നെഴുന്നേറ്റ് അവൻറെ തോളിൽത്തട്ടി തങ്ങൾ പറഞ്ഞു:

"ഒന്നും പേടിക്കേണ്ട. പൈസ മടക്കിക്കിട്ടും. അടുത്ത കൊല്ലം ഇതേ ദിവസം ഇതേ സമയം കുഞ്ഞിപ്പള്ളിയിൽ പോയാൽ ഇതുപോലെയെല്ലാം കാണാം. അതേ ചന്ത; അതേ പീടിക; അതേ ചായപ്പീടികക്കാരൻ. അവിടെച്ചെന്ന് ഓനോടു പറയണം: "ഇന്നലെ സൂക്ഷിക്കാൻ തന്ന പൈസയിങ്ങു തരണം. ഞങ്ങൾ പോവുകയായി."

കണാരൻ അന്നേരവും അന്തംവിട്ടു നില്ക്കുകയാണ്. അന്നേരം തങ്ങൾ പറഞ്ഞു:

"എടാ ജിന്നിൻറെ ഒരു ദിവസം മനുഷ്യൻറെ ഒരു കൊല്ലമാണ്."

പതിനൊന്ന്

നീലിക്കു പ്രസവവേദന തുടങ്ങി.

കഴിഞ്ഞ ഒമ്പതു മാസവും ഗർഭത്തോടൊപ്പം ദുഃഖവും പേറി നടക്കു കയായിരുന്നു നീലി. ഒരേയൊരാശ്വാസം ബാപ്പുക്കണാരൻറെ ഭാര്യ പൊക്കി മാത്രമായിരുന്നു.

പൊക്കി ഒരമ്മയെപ്പോലെ നീലിയെ പോറ്റി. മൂന്നാംമാസത്തിൽ ഛർദ്ദിച്ചപ്പോൾ പുറം തടവിക്കൊടുത്തു. നാലാം മാസത്തിൽ നാഭി വേദനിച്ചപ്പോൾ കോമപ്പൻ വൈദ്യരെ വിളിച്ച് ഓലയെഴുതിച്ചു. ആറാം മാസത്തിൽ ചോര വറ്റിയപ്പോൾ 'നവലൗകിക ഭസ്മം' വാങ്ങി തേനിൽ ചാലിച്ചു കൊടുത്തു. ഏഴാം മാസത്തിൽ മൂത്രക്കുഴൽ കടഞ്ഞപ്പോൾ വെണ്ടയ്ക്കാക്കഷായം വെച്ചു കൊടുത്തു.

നീലി വേദനയെന്തെന്നറിഞ്ഞില്ല.

ഒരിക്കലും പ്രസവിക്കാത്ത പൊക്കി ഗർഭത്തിൻറെ വേദനയറിഞ്ഞു കൊണ്ടുതന്നെ എല്ലാം ചെയ്തു. നീലിക്കു പൊക്കിയോടുള്ള കടപ്പാട് ഇതൊന്നുമല്ല. ഇത്രയും ദിവസം കൂടെ താമസിച്ചിട്ടും കുട്ടിയുടെ അച്ഛനെപ്പറ്റി പൊക്കി ഒരാക്ഷേപവും പറഞ്ഞിട്ടില്ല. ആരുടെ ചതിയിലാണു വീണതെന്നു ചോദിച്ചിട്ടില്ല.

"എൻറെ പഗവാനെ!" നീലി വേദനയുടെ കൊടുമുടിയിലേക്കു കയറ്റം ആരംഭിച്ചു. നട്ടെല്ലിൻറെ കീഴിൽനിന്നാണു വേദന. ഒരു കത്തിയുടെ ചലനംപോലെ ആരംഭിക്കുന്നത്, പിന്നെ അതു തിരമാലയുടെ രൂപത്തിൽ കൊടുങ്കാറ്റിൻറെ വേഗത്തിൽ, അടിവയറ്റിലേക്കു പ്രവേശിക്കുന്നു. ഗർഭപാത്രത്തെ മുഴുവനും വലിച്ചിഴച്ചുകൊണ്ടു തുടയിലെ മാംസപേശികളിലേക്കു വേദന പാറ തുളച്ചുകയറുന്നതുപോലെ സഞ്ചരിക്കുന്നു. അതോടെ ഒരു വൃത്തം കഴിയുന്നു. രണ്ടു മൂന്നു മിനിട്ടുകൾ വേദനയില്ലാതെ കിടക്കുന്നു. വീണ്ടും വേദനയാരംഭിക്കുന്നു.

തൻറെ വയറ്റിൽ മാംസപേശികളുള്ള ഒരു കുഞ്ഞല്ല, മറിച്ച് ഇരുമ്പുരുക്കിൻറെ ഒരു വാർപ്പാണ് ഇരിക്കുന്നതെന്ന് നീലിക്കു തോന്നി. ആ ഇരുമ്പുരുക്കുവാർപ്പിനെ പുറത്തേക്കു വലിച്ചിട്ടു കാലടിക്കു കീഴിലാക്കി ഞെരിച്ചുകൊല്ലാൻ അവളാഗ്രഹിച്ചു.

വേദനയുടെ പരാക്രമങ്ങൾ നോക്കിക്കൊണ്ട് പൊക്കി, നീലിയുടെ അടുത്തിരുന്നു. നീലിയുടെ ചുണ്ടുകൾ കറുത്തു. നെറ്റിയിൽ വിയർപ്പു മണികൾ ഉരുണ്ടുകൂടി. കവിളുകൾ നീലിച്ചു. കണ്ണുകൾ പാതിയടഞ്ഞു.

"എൻറെ പഗവാനെ"—നീലി ഞെരങ്ങി.

അപ്പോൾ നീലിയെ പൊക്കി ഉപദേശിക്കുവാൻ തുടങ്ങി :

"ഇങ്ങനെയല്ല നിലവിളിക്കേണ്ടത്. പല്ലുകടിച്ചമർത്തി മുക്രയിട്ടുവേണംപഗവാനെ വിളിക്കാൻ."

നീലി എല്ലാ ശക്തികളെയും അടിവയറ്റിലേക്കു കേന്ദ്രീകരിച്ചു. പല്ലുകടിച്ചു കൊണ്ടു വിളിച്ചു:

"അറക്കലെ പഗവതീ !..."

നീലിക്കു വേദനയാരംഭിച്ച അതേ നിമിഷത്തിൽത്തന്നെ അടുത്ത വീട്ടിലെ ആറ്റബീബിക്കും നോവു തുടങ്ങി.

ഭർത്താവായ പൂക്കോയത്തങ്ങളാണ് ആറ്റബീബിയെക്കാൾ വേദനയനുഭവിക്കാൻ തുടങ്ങിയത്. തങ്ങളുടെ ചിന്തമുഴുവൻ പ്രസവത്തിൽ മരിച്ചുപോയവരെപ്പറ്റിയായിരുന്നു.

"എടോ അദ്രാമാനെ..."

തങ്ങളുടെ ചിലമ്പിച്ച ഒച്ചകേട്ട് അദ്രാമാൻ കിതച്ചെത്തി.

"കുതിരപ്പുറത്തുതന്നെ കയറിക്കോ. എന്നിറ്റ് കുഞ്ഞിരാമൻ ബക്കീലിൻറെ പൊരയിൽ പോയി ഈ കത്ത് ബക്കീലിനു കൊട്ക്ക്."

തമാശയാണെന്നാണ് അദ്രാമാൻ ആദ്യം കരുതിയത്. കുതിരപ്പുറത്തുതാനിതുവരെ കയറിയിട്ടില്ല. കുതിരയെ തീറ്റലും പോറ്റലുമാണ് തൻറെ ജോലി. കുതിരപ്പുറത്തു കയറി സവാരി ചെയ്യുന്നത് തങ്ങളുടെ ജോലിയാണ്.

"ചെയ്ത്താനെ... ബേഗം ചെല്ല് !"

തോൽവാറിൽ നീർ വന്നു വീർത്ത കാലുകൾ കയറ്റി അദ്രാമാൻ കുതിരപ്പുറത്തു കയറി.

കുതിര കുതിച്ചു പാഞ്ഞു.

ആറാം ജോർജ് ചക്രവർത്തിയുടെ കീഴിലിരുന്ന് പൂക്കോയതങ്ങളുടെ സ്നേഹിതനായ കുഞ്ഞിരാമൻവക്കീൽ ആധാരം വായിക്കുകയായിരുന്നു. മുന്നിൽവച്ച ആധാരക്കെട്ടുകളിൽനിന്നു പഴയ കടലാസിൻറെ ഗന്ധവും വാലൻമൂട്ടയും പുറത്തു വന്നുകൊണ്ടിരുന്നു.

അദ്രാമാൻ ചിനക്കി ശബ്ദമുണ്ടാക്കി.

കുഞ്ഞിരാമൻവക്കീൽ, കൊമ്പൻമീശയുള്ള, ചുവന്ന ഉണ്ടക്കണ്ണുകളുള്ള, രണ്ടു താടിയുള്ള കുഞ്ഞിരാമൻ വക്കീൽ പുറത്തേക്കു നോക്കി.

ആ രൂപവും ഭാവവും കണ്ടപ്പോൾ അദ്രാമാൻ പേടിച്ചു. അവൻ ഒരു ഭാഗത്തേക്കു മാറിനിന്നു.

വക്കീൽ വായനതന്നെ. സമയം നീങ്ങുന്നു.

വിരി പൊക്കി അദ്രാമാൻ വീണ്ടും കുരച്ചും ചിനച്ചും ശബ്ദമുണ്ടാക്കി. വക്കീൽ ആധാരത്തിൽനിന്നു കണ്ണെടുത്തു വീണ്ടും നോക്കി. അദ്രാമാൻ പേടിച്ചു വീണ്ടും മാറിനിന്നു. വക്കീൽ വീണ്ടും വായിച്ചു. അദ്രാമാൻ പരവശനായി. അവസാനം എല്ലാ ധൈര്യങ്ങളും ആവാഹിച്ച് അകത്താക്കി അദ്രാമാൻ പറഞ്ഞു:

"നാൻ ഇബിടെ ഉണ്ട്."

"ആരെടാ?" വക്കീലിൻറെ ചെമ്പിനടിക്കുന്നപോലെയുള്ള ശബ്ദം പുറത്തുവന്നു.

"നാനാ."

"അകത്തു വാടാ."

അദ്രാമാൻ പേടിച്ചു വിറച്ചുകൊണ്ടു കത്തു കൊടുത്തു.

വക്കീൽ തല അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിച്ചു കത്തുവായിച്ചു. പിന്നെ കത്തു കോട്ടിൻറെ കീശയിൽ തിരുകി.

"നീ തങ്ങളെ ആരാ?"

"കുതിരക്കാരൻ."

"നിനക്കെന്താ ഇത്ര പേടി ?"

"മീസ കണ്ടപ്പം പേടിച്ചുപോയതാ."

വക്കീൽ ചിരിയടക്കി.

"നീ ഏതു നാട്ടുകാരനാ?"

"സിങ്കപ്പൂർ."

"നീ മടങ്ങിപ്പോ. ദറസറേംകൊണ്ട് ഞാൻ വരുന്ന് തങ്ങളോട് പറ."

അദ്രാമാൻ കുതിരപ്പുറത്തു കയറി മടക്കം ആരംഭിച്ചു.

തങ്ങൾ പരിഭ്രാന്തനായി, അശരണനായി, വിയർപ്പു കവിഞ്ഞൊഴുകുന്ന ദേഹവുമായി അങ്ങോട്ടുമിങ്ങോട്ടും നടന്നു.

അവസാനം മണിക്കൂറുകൾക്കുശേഷം അഞ്ചൽക്കാരൻറെ മണിമുഴങ്ങുന്ന ശബ്ദമുണ്ടാക്കിക്കൊണ്ട് കുഞ്ഞിരാമൻവക്കീലിൻറെ കുതിരവണ്ടി അറയ്ക്കലെ പടിവാതിക്കൽ വന്നുനിന്നു.

ഡോക്ടർ അലമേലു വണ്ടിയിൽനിന്നിറങ്ങി.

തങ്കത്തിൻറെ നിറം. വിടർന്ന മനോഹരമായ കണ്ണുകൾ. ചുവന്ന ചുണ്ടുകൾക്കു മീതേ നനുനനുത്ത മീശ. മുറ്റി അഴകാർന്ന മാറിടം മറവിൽ. വാഴക്കാമ്പിൻറെ നിറമുള്ള അടിവയർ. നടക്കുമ്പോൾ ആന. പിന്നിൽ ആയ. അവളുടെ കൈയിൽ കറുത്ത ബേഗ്. അതു നിറയെ ജീവരക്ഷയ്ക്കുള്ള മരുന്നുകൾ.

അലമേലു, തങ്ങളെ കടാക്ഷിച്ചു.

തങ്ങൾ, വിയർപ്പു തുടച്ചുകൊണ്ടു പറഞ്ഞു:

"എന്നെ രച്ചിക്കണം."

അലമേലു നേരെ അകത്തേക്കു നടന്നു. കറുത്ത തോലിൻറെ ബേഗുമായി ആയയും. വാതിലടച്ചതോടെ തങ്ങൾക്കു വേവലാതിയായി. അതോടെ അകത്തു നിന്നുള്ള നിലവിളിക്കു ശക്തിയും കൂടി.

കോലായിലും അടുക്കളയിലും പുരാതന ചലച്ചിത്രത്തിലെന്ന പോലെ ആളുകളുടെ നീക്കങ്ങൾ മാത്രമേ കണ്ടുള്ളൂ.

"കുറച്ചു ചൂടുവെള്ളം. അരിച്ചതായിരിക്കണം." വാതിൽ തുറന്നു കൈയും തലയും നീട്ടിയ ആയ പറഞ്ഞു. വാതിൽ വീണ്ടും അടഞ്ഞു. തങ്ങൾക്ക് ഒന്നും കേൾക്കാൻ കഴിഞ്ഞില്ല. ലോഹങ്ങൾ ഉരയുന്ന ശബ്ദംമാത്രം ഇടയ്ക്കിടെ കേട്ടു. അവസാനം അതും കേൾക്കാതെയായി. ശൂന്യമായ മനസ്സും ദേഹവുമായി ഉലാത്തിക്കൊണ്ടിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല.

"കുട്ടി പെണ്ണ്!"

ഇടിവെട്ടുംപോലെ ഒരു ശബ്ദം തങ്ങൾ കേട്ടു. നോക്കുമ്പോൾ തുറന്ന വാതിൽ നിറയെ ആയ. അവളുടെ കറുത്ത മുഖം നിറയെ സംതൃപ്തി. പിന്നീടു വിയർത്തുലഞ്ഞ വസ്ത്രങ്ങളുമായി ഡോക്ടർ അലമേലു പുറത്തുവന്നു.

"നിങ്ങളുടെ ഭാര്യ രക്ഷപ്പെട്ടു. അതുപോലെ കുഞ്ഞും," തങ്ങളെ നോക്കി അലമേലു പറഞ്ഞു.

തൻറെ സന്തോഷം ഏതു നിലയിലാണ് പ്രകടിപ്പിക്കേണ്ടതെന്നറിയാതെ തങ്ങൾ വിഷമിച്ചു. സമനില തെറ്റിയ തങ്ങൾ ഡോക്ടർ അലമേലുവിനോടു പറഞ്ഞു:

"ബരീൻ. കുറച്ച് മോളിലിരിക്കാം."

തങ്ങളുടെ അതിഥിമുറിയിലെ വെൽവെറ്റിൻറെ കിടക്കയിൽ അലമേലു ഇരുന്നു. ബദാമും മുന്തിരിങ്ങയും അരച്ചു കലക്കി അതിൽ പഞ്ചസാരയും തേനും ചേർത്ത ദ്രാവകം രണ്ടു ഗ്ലാസ്സുകളിലായി നിറച്ചുവച്ചിരുന്നു.

"ഇതു കുടിക്ക്."

തങ്ങൾ ഗ്ലാസ്സ് അലമേലുവിനു നീട്ടി.

അലമേലു ഗ്ലാസ്സ് വാങ്ങുമ്പോൾ രോമാവൃതമായ തങ്ങളുടെ കൈത്തണ്ട നോക്കി.

തങ്ങൾക്കാണെങ്കിൽ സന്തോഷമെന്ന വികാരം മാത്രമേയുണ്ടായിരുന്നുള്ളൂ. ബലഹീനനായ ഭർത്താവുള്ള അലമേലുവിനെക്കുറിച്ച് തങ്ങൾക്കപ്പോൾ ചിന്തിക്കാൻ കഴിഞ്ഞില്ല. താൻ അനശ്വരനായ സ്ഥിതി വിശേഷത്തെക്കുറിച്ചു മാത്രമേ അയാൾക്ക് ആലോചിക്കാൻ കഴിഞ്ഞുള്ളൂ. തൻറെ തലമുറ ഇനിയും

നീളും. തൻറെ പെൺകുട്ടി വളരുകയും വിവാഹിതയാവുകയും സന്താനങ്ങളെ പെറ്റ പെരുക്കുകയുംചെയ്യും. അറയ്ക്കൽത്തറവാട്ടിൽ ജീവൻറെ കണികകൾ ഇനിയും നിലനില്ക്കും.

"എന്നാ ഞമ്മക്കിറങ്ങാം." തങ്ങൾ അലമേലുവിനെ നോക്കി പറഞ്ഞു. പക്ഷേ, അലമേലുവിൻറെ വികാരം മുഴുവൻ തങ്ങളിലായിരുന്നു. അലമേലു കാമാർത്തമായ കണ്ണുകൾ വിടർത്തി തങ്ങളെ നോക്കി. രക്തസമ്മർദ്ദം മൂർച്ഛിച്ച ഒരു രോഗിയെപ്പോലെ അവൾ തളരാൻ തുടങ്ങി. മുഖം വിളറുകയും, കാലുകൾ വിറയ്ക്കുകയും ചെയ്തപ്പോൾ തങ്ങൾ അവളുടെ അടുത്തേക്കു നീങ്ങി.

തങ്ങൾ അവളെ പിടിച്ചെഴുന്നേല്പിച്ചു. കാവിപാകിയ നിലത്തു നാലു കണങ്കാലുകൾ പിണഞ്ഞുകിടന്നു.

കുറച്ചു കഴിഞ്ഞപ്പോൾ അലമേലു പറഞ്ഞു:

"മതി. ഇതുതന്നെ ധാരാളം. എനിക്കൊരപേക്ഷയുണ്ട് : എനിക്കിനിയും ഇവിടെ വരണം."

"അതിനെന്താ വിരോധം?" എന്നായി തങ്ങൾ.

താഴത്തു പടിപ്പുരയ്ക്കു പുറത്ത് വലിയ ഒരാൾക്കൂട്ടം പെണ്ണുദാസറെ കാണാനായി കാത്തുനിന്നിരുന്നു.

ആ പ്രദേശത്ത് ആദ്യമായിട്ടാണ് ഒരു ഡോക്ടർ കാലുകുത്തുന്നത്. കോമൻ വൈദ്യരല്ലാത്ത ഒരു ചികിത്സകൻ അതുവരെ ആ പ്രദേശത്തു കടന്നുവന്നിട്ടില്ല. ദാസറെ, അതും സുന്ദരിയായൊരു പെണ്ണുദാസറെ, ഒരുനോക്കുകാണാനായി ആൾക്കൂട്ടം തിരക്കുകൂട്ടി.

അപ്പോഴാണ് ബാപ്പുക്കണാരൻറെ ഭാര്യ പൊക്കി പടിപ്പുരയും കാവല്ക്കാരൻ ബുഹാരിയെയും അതിക്രമിച്ചു കടന്നു മുറ്റത്തേക്കു വന്നത്. വലിയഭാരം ചുമന്ന ഒരു മൂരിയെപ്പോലെ അവൾ കിതച്ചുകൊണ്ടിരുന്നു. വാക്കുകൾ അവളുടെ തൊണ്ടയിൽ തങ്ങിനിന്നു.

"എന്താ?" അലമേലുവിനെ അകമ്പടി സേവിക്കുന്ന തങ്ങൾ ചോദിച്ചു.

"നീലി..."

"എന്തു പറ്റി ?"

"ബല്ലാത്ത ബര്ത്തത്തിലാ."

"പെറ്റോ?" തങ്ങൾ ചോദിച്ചു.

"പെറ്റ്." പൊക്കി കിതപ്പുമാറ്റിക്കൊണ്ടു പറഞ്ഞു: "പക്ഷേങ്കില് ചോര കുടുകുടാന്ന് പോന്ന്ണ്ട്."

"ശരി." തങ്ങൾ പറഞ്ഞു. അലമേലുവിൻറെ നേരെ നോക്കിക്കൊണ്ടു തങ്ങൾ പറഞ്ഞു:

"ഒര് പത്തു മിനുട്ടുകൂടി."

"അതിനെന്താ?" അലമേലു സമ്മതിച്ചു. അവളുടെ ചുണ്ടുകൾ അപ്പോഴും മധുരിക്കുകയായിരുന്നു.

പള്ളിയും പള്ളിപ്പറമ്പും റെയിൽവേസ്റ്റേഷനും ചവിട്ടിമെതിച്ചു നടന്ന് അവർ ബാപ്പുക്കണാരൻറെ വീട്ടിലെത്തി.

ഒരു ചെറിയ വീട്. ദുഃഖപര്യവസായിയായ ഒരു നോവൽപോലെ പഴകി ദ്രവിച്ച ഓലമേഞ്ഞ മേൽപ്പുര കോലായ മറച്ചുകിടക്കുകയാണ്. ഇരുണ്ടുകിടക്കുന്ന അകത്തേക്ക് അലമേലു കയറി, രക്തത്തിൻറെ ഗന്ധം ആ ചെറിയ പുരയ്ക്കകത്തു മുഴുവനും തളംകെട്ടിനില്ക്കുകയായിരുന്നു.

തെക്കേയകത്തെ നിലത്തു വിരിച്ച തഴപ്പായിൽ ഒരു ശവംപോലെ നീലി കിടക്കുന്നു. കാലുകൾക്കിടയിൽ പൊക്കിൾക്കൊടിയിൽനിന്നു രക്തം കിനിഞ്ഞിറങ്ങുന്ന കുഞ്ഞ്. നീലനിറത്തിലുള്ള ഒരു മാംസ പിണ്ഡം. പായനിറയെ രക്തവും, രക്തത്തിൽ ഒരു കറുത്ത നിലാവു പോലെ മറുകം. അലമേലുവിൻറെ എല്ലാ രോഷവും ആളിക്കത്തി :

"എന്താ ഇതൊന്നും മാറ്റാത്തത് !"

പൊക്കി ഓച്ഛാനിച്ചുകൊണ്ടു പറഞ്ഞു:

"പരത്തി അമ്മാള ഇതുബരെ ബന്നിറ്റില്ല."

"എന്തുപറ്റി ?"

"ഓള് ഓളെ അനിയത്തിൻറെ പൊരേല് തക്കാരത്തിനു* പോയതാ."

"ഈ പൊക്കിൾ ആരാ മുറിച്ചത്?"

"ഞാനാ." ക്ഷമാപണത്തോടെ പൊക്കി പറഞ്ഞു.

"എന്തുകൊണ്ടാണ് മുറിച്ചത്?"

"അരിവാളുകൊണ്ട്."

"അരിവാളുകൊണ്ടോ!" അരിശത്താലും അത്ഭുതത്താലും അലമേലു വിറച്ചു.

ഒരു ക്ഷമാപണത്തോടെ അന്നേരം പൊക്കി പറഞ്ഞു:

"വയലിൽ കൊണ്ടുപോണ അരിവാളല്ല. മീൻ മുറിക്കുന്ന അരിവാളാ."

അലമേലുവിൻറെ കണ്ണുകളിൽ ദേഷ്യം കത്തുന്നതു കണ്ടപ്പോൾ പൊക്കി പിന്നീടൊന്നും പറഞ്ഞില്ല. അലമേലുവിന് എന്തെന്നില്ലാത്ത രോഷമുയർന്നു. നിലത്താണ് രോഗി കിടക്കുന്നത്. വെളിച്ചമില്ല. നോക്കണമെങ്കിൽ മുട്ടുകുത്തിയിരിക്കണം. പല തവണ പരിചയിച്ചതാണ്. എന്നാലും മുട്ടുകുത്തുന്ന നേരത്തെല്ലാം രോഷം ഇഴഞ്ഞു കയറുന്നു.

അലമേലു രക്തക്കളത്തിനരികെ മുട്ടുകുത്തിയിരുന്നു. ടോർച്ചടിച്ചു. രോഗിയുടെ മുഖം നോക്കി. കടലാസുപോലെ വെളുത്തിരിക്കുന്നു; കണ്ണുകൾ ചത്ത മീനിൻറേതുപോലെയും. നെറ്റിയിൽ തണുത്ത വിയർപ്പു തുള്ളികൾ കാണാതായപ്പോൾ രക്തം കട്ടപിടിച്ച യോനിയിൽ ഗ്ലൗസിട്ടകൈവിരലുകൾ കടന്നു.

മരണത്തിൻറെ കാരണം കൈവിരലിൽ തെളിഞ്ഞു, കിണ്ണത്തിലെ വെള്ളത്തിൽ കൈകഴുകിയശേഷം ചോരക്കുഞ്ഞിനെ നോക്കിക്കൊണ്ടു ചോദിച്ചു:

"ഇതിനെ കുളിപ്പിച്ചോ?"

"ഇല്ല." പൊക്കി പറഞ്ഞു.

"എന്നാൽ കുളിപ്പിക്ക്. ഇതെങ്കിലും രക്ഷപ്പെടട്ടെ."

നീലിക്കുവേണ്ടി ആരും കരഞ്ഞില്ല. ആർക്കും കരയാൻ കഴിഞ്ഞില്ല. തൻറെ ഉദരത്തിൽ ബീജം നൽകിയവനെക്കുറിച്ച് ഗർഭം പേറിനടന്ന കാലയളവിൽ ഒരക്ഷരം ആരോടും ഉരിയാടാതെ അതൊരു പരമരഹസ്യമായി ലോകത്തിൻറെ മുഖത്തേക്കെറിഞ്ഞ് നീലി കണ്ണടച്ചു.

അതോടെ നീലിയുടെ ചരിത്രം അവസാനിച്ചു.

പക്ഷേ, നീലിയുടെ കുഞ്ഞിൻറെ ചരിത്രം അവസാനിച്ചില്ല. അത് എഴുതാനിരിക്കുന്ന ചരിത്രമാണ്. ചരിത്രകാരന്മാർക്കും ഗവേഷകന്മാർക്കും ഒരു നോട്ടഗ്രന്ഥമായി നീലിയുടെ കുഞ്ഞ് അവശേഷിച്ചു.

അതിനെ ഊട്ടാൻ മുലയില്ലായിരുന്നു.

മുലയുണ്ടായിരുന്ന നീലി ബാപ്പുക്കണാരൻറെ പറമ്പിലെ പറങ്കിമാവിൻറെ ചുവട്ടിൽ മണ്ണിനെ നെഞ്ചത്തുവച്ച് കിടന്നുറങ്ങി.

നീലിയുടെ കുഞ്ഞു കരഞ്ഞു. കരഞ്ഞപ്പോൾ ബാപ്പുക്കണാരൻറെ തിയ്യത്തി പൊക്കി, ആറിത്തണുത്ത വെള്ളം അതിനു തൊട്ടുകൊടുത്തു.

അതൊരു പ്രശ്നമായിരുന്നു. ഒരു കുഞ്ഞിനെ വളർത്തേണ്ടഭാരം പൊക്കിക്കറിയില്ലായിരുന്നു. അതുപോലെതന്നെ അജ്ഞനായിരുന്നു ബാപ്പുക്കണാരനും.

ബാപ്പുക്കണാരൻറെ വീട്ടുമുറ്റത്തിട്ട ബഞ്ചിൽ ആലോചനാമഗ്നരായി നാലഞ്ചാളുകൾ താടിക്കു കൈകൊടുത്തിരുന്നു. അപ്പോഴാണ് തങ്ങൾ ബാപ്പുക്കണാരൻറെ വീട്ടുമുറ്റത്ത് വന്നുനിന്നത്.

“കുഞ്ഞിനു ജീവനുണ്ടോ?” തങ്ങൾ ചോദിച്ചു.

പൊടുന്നനേയുള്ള ചോദ്യം എല്ലാവരെയും ഞെട്ടിച്ചു. അവർ ചാടിയെഴുന്നേറ്റു. ആരും ഒന്നും പറഞ്ഞില്ല.

“ആരാ അയിന് മൊല കൊടുക്കുന്നത്?” തങ്ങൾ ചോദിച്ചു.

ആരും ഒന്നും പറഞ്ഞില്ല. അകത്തെ തഴപ്പായിൽ കീറത്തുണിയിൽക്കിടന്നു കുഞ്ഞ് ‘ള്ളേ’ എന്നു കരഞ്ഞു.

“എന്താ മിണ്ടാത്തത്?”

“ഊടെ അടുത്തൊന്നും പെറ്റ പെണ്ണുങ്ങളില്ല.”

“എല്ലാ മൊലയും ബറ്റിപ്പോയോ?” തങ്ങൾ ചോദിച്ചു.

കുഞ്ഞു വീണ്ടും ‘ള്ളേ’ എന്നു കരഞ്ഞു.

“അതു പറയുന്നതു കേട്ടോ? അള്ളാ എന്നാ പറേന്നത്. ഓൻറെ ബാപ്പ ഇസ്ലാമാ. ഓനെയെടുക്ക്.”

ആർക്കും ഒന്നും മനസ്സിലായില്ല.

“ഓനെ എടുത്ത് എൻറെ കൂടെ വരാനാ പറഞ്ഞത്.”

ചോരക്കുഞ്ഞിനെ പഴന്തുണിയിൽ പൊതിഞ്ഞ് നീലി വിശ്രമിക്കുന്നപുതുമണ്ണിനെ പിന്നിട്ട് പൊക്കി തങ്ങളുടെ പിന്നാലെ നടന്നു.

തങ്ങൾ അറയ്ക്കലെ പടിവാതിലിൽ കയറി. പൊക്കി പിന്നാലെയും. പൊക്കി പിൻപുറത്തേക്കു നടക്കുകയായിരുന്നു. അപ്പോൾ തങ്ങൾ വിലക്കി :

“ഇതിലെ വാ; ഓൻ ഞമ്മളെ മോനാ.”

പൊക്കി കുഞ്ഞിനെയുമെടുത്ത് അറയ്ക്കലെ തറവാട്ടിലെ പൂമുഖത്തേക്കു ജീവിതത്തിലാദ്യമായി കാലെടുത്തുവച്ചു. തൂക്കുവിളക്കുകൾ കണ്ണടച്ചു നില്ക്കുന്ന പന്തപ്പാക്കിനു കീഴിലൂടെ അവൾ കുഞ്ഞിനെയും പേറി ബീബി കിടക്കുന്ന അകത്തേക്കു കടന്നു. പിന്നെ ബീബിയുടെ കട്ടിലിനരികെ വിരിച്ച പുല്പായിൽ കുഞ്ഞിനെ കിടത്തി.

“ഇഞ്ഞി പോ.” പൊക്കിയെ നോക്കി തങ്ങൾ പറഞ്ഞു. പുറത്തേക്കിറങ്ങി എറമുള്ളാനെ വിളിക്കാനായി ആളെ വിട്ടു. വിയർത്തൊലിച്ചുകൊണ്ട് എറമുള്ളാൻ വന്നു.

തങ്ങൾ പറഞ്ഞു:

“ബാങ്കു ബിളിക്ക്, ബേറൊരു കുട്ടീംകൂടിയുണ്ട്.”

"അള്ളാഹ അക്ബർ..."

എറമുള്ളാൻ തൂക്കുവിളക്കുകൾക്കു കീഴിൽനിന്ന് ചെവിയിൽ വിരലുകൾ തിരുകി ബാങ്കുവിളിച്ചു. തങ്ങൾ, അകത്തു കടന്നു. ചോരക്കുഞ്ഞിനെ സ്വന്തം കൈയിൽ എടുത്ത് അതിൻറെ കവിളിൽ മുഖമമർത്തി.

ബീബി കിടക്കുന്ന കട്ടിലിനടുത്തിട്ട സ്റ്റൂളിൽ ഒരു പ്ലേറ്റിൽ തേനിരിക്കുന്നതു തങ്ങൾ കണ്ടു. തൻറെ ചോരക്കുഞ്ഞിനു കൊടുത്ത തേൻ. തങ്ങൾ മെല്ലെ ആ പ്ലേറ്റ് കൈയിലെടുത്തു കൈവിരലിൽ നിന്നു മോതിരം ഊരി തേനിൽ തഴക്കുവാൻ തുടങ്ങി. പിന്നെ പവൻ ചാലിച്ച തേനെടുത്ത് നീലിയുടെ കുഞ്ഞിൻറെ നാവിൽ തൊട്ടുകൊടുത്തു.

കട്ടിലിൽ ബീബിയുടെ അടുത്ത് അതിനെ കിടത്തിയിട്ട പറഞ്ഞു:

"മൊല കൊടുക്ക്, ഇഞ്ഞി എരട്ടപെറ്റതാന്ന് ബിചാരിച്ചാ മതി."

ബീബി പെറ്റ സ്വന്തം കുഞ്ഞ് ഒരു നിലാവുപോലെ കട്ടിലിൽ കിടക്കുകയായിരുന്നു.

ബീബി അറച്ചു നിന്നു.

"കൊടുക്കാനാ പറഞ്ഞത്..."

തങ്ങളുടെ കണ്ണുകളിൽ അഗ്നി ആളി.

ബീവി തണുത്തു.

അവർ മനസ്സില്ലാമനസ്സോടെ കുഞ്ഞിനെ കൈയിലെടുത്തു.

"എൻറെ മോക്ക് ഇതുബരെ കൊടുത്തിറ്റില്ല."

"ഓൻ ആദ്യം കുടിക്കട്ടെ."

മഞ്ഞനിറത്തിലുള്ള പുതുപാൽ കുഞ്ഞ് ഈമ്പിക്കുടിക്കുവാൻ തുടങ്ങി.

തങ്ങളുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

"ഓൻറെ പേരെന്താന്നറിയോ?"

തങ്ങൾ ചോദിച്ചു.

ബീബി മലർന്നു മിഴിച്ചുനിന്നു.

തങ്ങൾ പറഞ്ഞു:

"കുഞ്ഞാലി."

* സൽക്കാരം

പന്ത്രണ്ട്

ബുദ്ധനദ്രാമാൻ എന്നും കുതിരപ്പന്തിയിലേ ഉറങ്ങിയിട്ടുള്ളൂ. അതെല്ലാവർക്കും അറിയാവുന്ന കഥയാണ്. പാത്തുവിനെ നിക്കാഹ് കഴിച്ച ആ രാത്രിയിൽ ഏതാനും മണിക്കൂറുകൾ പാത്തുവിൻറെ കൂടെ കിടന്നതൊഴിച്ചാൽ അദ്രാമാൻ മറ്റെവിടെയും അന്തിയുറങ്ങിയിട്ടില്ല.

മറ്റെവിടെയും അവന് ഉറക്കം കിട്ടുകയില്ല.

കുതിരക്കുളമ്പടിയുടെ സംഗീതം കേട്ട് കുതിരച്ചാണകത്തിൻറെ ചൂട്ട ശ്വസിച്ച് പന്തിക്കടുത്ത സ്വന്തം പന്തിയിൽ അദ്രാമാൻ അന്നും ഉറങ്ങുകയായിരുന്നു. അപ്പോഴാണ് ഒരു കുഞ്ഞിൻറെ കരച്ചിൽ കേൾക്കുന്നത്.

നോക്കിയപ്പോൾ കുഞ്ഞാലി.

കുഞ്ഞാലിയെയുമെടുത്ത് പാത്തു പുറത്തു വന്നിരിക്കുന്നു. പ്രസവിക്കാത്ത പാത്തു കുഞ്ഞാലിയെ മാറിലമർത്തിപ്പിടിച്ചിരിക്കുന്നു.

നേരിയ നിലാവുണ്ട്.

അദ്രാമാൻ മേലോട്ടു നോക്കി. ഒരു പുട്ടിൻറെ കുറ്റിയിൽക്കൂടിയുള്ള കാഴ്ചപോലെ മാത്രം വൃത്തത്തിൽ ആകാശം കാണാം. അത്രയും ശ്രുഷ്കിച്ചതാണ് കുതിരപ്പന്തി. അറയ്ക്കലെ നാലുകെട്ടും കുതിരപ്പന്തിയും വിറകുപുരയും വെണ്ണീർക്കുണ്ടും എല്ലാംകൂടെ അദ്രാമാനെ ഞെരുക്കി.

അവൻ എഴുന്നേറ്റു പുറത്തുവന്നു. പിന്നെ കുഞ്ഞിനെ വാങ്ങി രണ്ടു കൈയിലുമെടുത്തു മലർത്തി.

കുഞ്ഞാലിക്ക് ആറുമാസം പ്രായമായിരിക്കുന്നു.

ആറുമാസമായതോടെ ബീവി അതിനു മുലകൊടുക്കാറില്ല. ആട്ടിൻപാലിൽ അത്രതന്നെ വെള്ളവും ഒഴിച്ച് കാച്ചിത്തണുപ്പിച്ചശേഷം കൽക്കണ്ടിയും ചേർത്താണ് അവൻറെ ആഹാരം.

ചായ്പിൻറെയകത്ത് പാത്തുവിൻറെ പള്ളയുടെ ചൂടിൽ അവൻ വളർന്നു, അദ്രാമാനും പാത്തുവും കൂടി അവന് ഭക്ഷണവും കനിവും കൊടുത്തു. തൊണ്ണു കാട്ടി അവൻ അവരെ നോക്കി ചിരിച്ചു.

കുഞ്ഞാലിയുടെ മുലകുടി നിർത്തിയത് ഓർക്കാപ്പുറത്താണ്. ഒരുനാൾ പെട്ടെന്ന് ഒരിടിവെട്ടിയതുപോലെ ബീവി അലറി :

"രണ്ടാൾക്കു മൊല കൊടുക്കാനെനക്കാവൂല!"

തങ്ങൾ ബീവിയുടെ ചലനങ്ങളും വാക്കുകളും ശ്രദ്ധിച്ചു. പറഞ്ഞതിൽ കാര്യമുണ്ടെന്നു തങ്ങളും മനസ്സിലാക്കി. രണ്ടു കുഞ്ഞുങ്ങൾക്കും മുലകൊടുക്കാൻ തുടങ്ങിയതോടെ ബീവിയുടെ ആരോഗ്യം തളർന്നതു പോലെ തോന്നി. അവരുടെ കണ്ണുകൾക്കു കീഴിൽ കറുപ്പുകുടി. മുഖം വിളർത്തു. ദേഹം ക്ഷീണിച്ചു.

എല്ലാ മരുന്നുകളും മന്ത്രങ്ങളുമായിട്ടും ബീവി നന്നായില്ല. അവസാനം തങ്ങൾ പറഞ്ഞു:

"കുഞ്ഞാലിക്കിനി മൊല കൊടുക്കണ്ട."

വാസ്തവത്തിൽ ബീവി ക്ഷീണിച്ചതു രണ്ടുപേർക്കു മുല കൊടുത്തിട്ടായിരുന്നോ? പെറ്റ കുഞ്ഞിനുവേണ്ടി ആറ്റുനോറ്റുവച്ച മുലപ്പാൽ മറ്റൊരു തേവിടിശ്ശിയുടെ കുഞ്ഞ് കുടിച്ചതിൽ ബീവിക്കു പരിതാപമായിരുന്നു. തൻറെ ദുരന്തത്തെയോർത്ത് ആരോടും പറയാതെ, ആരുടെ മുമ്പിലുമല്ലാതെ, എന്നും രാത്രികളിൽ അവർ

കരഞ്ഞു. അവരെ സംബന്ധിച്ചേടത്തോളം കുഞ്ഞാലിക്ക് മുലകൊടുക്കുന്നത് ഒരപമാനമായിരുന്നു; അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖമായിരുന്നു.

വേറെ ഏതോ മതത്തിൽപ്പെട്ട ഒരു സ്ത്രീ പ്രസവിച്ച കുഞ്ഞ്. നാടറിയില്ല, കുടറിയില്ല. ഹറാത്തായി പിറന്ന സന്താനം, ഹറാത്തിൽ പിറന്ന സന്താനത്തിന് മുലകൊടുക്കുക! അതും നിർബന്ധത്തിനു മുന്നിൽ. ഇത്ര വിവേകശാലിയായ തൻറെ തങ്ങൾ ഇതെങ്ങനെ സമ്മതിച്ചു?

ബീവിക്ക് അത് അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നമായിരുന്നു. എന്തുകൊണ്ട് തൻറെ ഭർത്താവായ തങ്ങൾ, നല്ലതും ചീത്തയും തിരിച്ചറിയുന്നവൻ, അഞ്ചുനേരം കുമ്പിടുന്നവൻ, നെറ്റിയിൽ നമസ്കാരത്തിൻറെ തഴമ്പുള്ളവൻ, അത്ഭുതസിദ്ധി കാട്ടിയ വലിയ തങ്ങളുടെ മകൻ–അയാളെങ്ങനെ ഈ വലയിൽ വീണു? ഓരോ മനുഷ്യനും അവനു വീഴാനായി വലകെട്ടുകയോ? വയ്യ... വയ്യ... കണ്ണീരൊഴുകി. തൻറെ ഓമനക്കുഞ്ഞിനുവേണ്ടി ചുരത്തുന്ന പാൽ ഒരു പിശാചിനെപ്പോലെ ഈമ്പിക്കുടിക്കുന്ന കുഞ്ഞാലിയെന്ന കുഞ്ഞിനെ അവർ എന്നും വെറുത്തു.

പക്ഷേ, കുഞ്ഞാലി സുന്ദരനായ കുഞ്ഞായിരുന്നു. ഉറുമാമ്പഴത്തിൻറെ നിറം, നീലക്കണ്ണുകൾ, ചെമ്പൻമുടി, മുറംപോലെയുള്ള ചെവികൾ...

ഏതോ ഒരു വലിയ ആളുടെ മകൻ.

അതൊരു തീരാരഹസ്യമായി അവശേഷിച്ചു.

ഇതിലെല്ലാം ഏറ്റവും വേവലാതിപ്പെട്ടത് പാത്തുവായിരുന്നു. കുഞ്ഞാലിയെന്ന കുഞ്ഞിനുവേണ്ടി പല രാത്രികളും അവൾ കരഞ്ഞു. തൻറെ മുലയിൽ പാലില്ലല്ലോ എന്നോർത്ത് അവൾ ദുഃഖിച്ചു. പാൽ ചുരത്താൻ കഴിയാത്തതാണ് തൻറെ ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തമെന്ന് അവൾ മനസ്സിലാക്കി. എന്നാലും ചായ്പിൻറെ അകത്ത് കുഞ്ഞാലിയെ വയറോടൊട്ടിച്ച് കിടക്കുമ്പോൾ ആരും കാണാതെ അവൾ തൻറെ വയലറ്റു നിറമുള്ള മുലക്കണ്ണുകൾ കുഞ്ഞാലിയുടെ വായിൽ തിരുകും.

കുഞ്ഞാലി രണ്ടോ മൂന്നോ പ്രാവശ്യം ആർത്തിയോടെ തൊണ്ണുകൾ അമർത്തും. പിന്നെ നിലവിളിക്കും. ഉടനെ പാത്തു അവനെ എടുത്തു പുറത്തിറങ്ങും.

അങ്ങനെയാണ് അന്നും കുഞ്ഞാലിയെയുമെടുത്ത് അവൾ പുറത്തിറങ്ങിയത്.

കള്ളനായ അദ്രാമാൻ, കുഞ്ഞിനെ വാങ്ങി ഉമ്മവച്ചു. മീശയില്ലാത്ത മംഗോളിയൻ മുഖത്തിൻറെ ഉമ്മ കുഞ്ഞിനെ അസ്വാസ്ഥ്യപ്പെടുത്തിയില്ല. കുഞ്ഞാലിയെയുമെടുത്ത് അവൻ അറയ്ക്കൽ തറവാടിൻറെ മുറ്റത്തുകൂടെ ഉലാത്തി.

പതിന്നാലാം രാവിൻറെ ചന്ദ്രൻ ആകാശത്തിൻറെ നെറുകയിലിരുന്നു തണുപ്പുചൊരിഞ്ഞു. കുഞ്ഞാലി ചന്ദ്രനെ നോക്കി കൈകൾ കുടഞ്ഞു.

പെട്ടെന്നാണ് ഉമ്മറവാതിൽ കരഞ്ഞത്. പാത്തു പേടിച്ചുവിറച്ച് കുഞ്ഞാലിയെയുമെടുത്ത്, കിതച്ചുകൊണ്ട് പിൻപുറത്തേക്ക് ഓടി. വാതിൽ തുറന്നു പുറത്തുവന്നത് തങ്ങൾതന്നെയായിരുന്നു. തങ്ങളുടെകൈയിൽനിന്നു കരച്ചിൽ പുറപ്പെട്ടു.

തങ്ങളുടെ പിഞ്ചുകുഞ്ഞു പിടഞ്ഞു നിലവിളിക്കുകയാണ്. കഴിഞ്ഞ ഒരു മണിക്കൂർനേരത്തോളം തങ്ങളുടെ കുഞ്ഞ് മുറിയിൽക്കിടന്നു വാവിട്ടു നിലവിളിക്കുകയായിരുന്നു. മുലകൊടുത്തിട്ടും താരാട്ടു പാടിയിട്ടും പുറത്തുതട്ടിയുറക്കാൻ നോക്കിയിട്ടും മന്ത്രം ജപിച്ചിട്ടും മരുന്നുകൊടുത്തിട്ടും നേർച്ചകൾ നേർന്നിട്ടും കുഞ്ഞ് കരച്ചിൽ നിർത്തിയില്ല.

ചാരുകസേര മുറ്റത്തു വലിച്ചിട്ടു തങ്ങൾ അതിലിരുന്നു; കുഞ്ഞിനെ മടിയിലിരുത്തി. കുഞ്ഞ് കണ്ണുകൾ മിഴിച്ച് ആകാശംനോക്കി. ആകാശത്തിൽ മാത്രം ദൃഷ്ടി പതിപ്പിച്ചു പിടയുകയാണ്.

എല്ലാവരും ഉറക്കത്തിൽനിന്നുണർന്നു. പടിപ്പുരയിൽനിന്നും ബീഡിക്കുറ്റി കെടുത്തിയശേഷം ബുഹാരിയാണ് ആദ്യം എത്തിയത്. പിന്നീട് പല ദിക്കുകളിൽനിന്നുമായി മുണ്ടുകൾ കുടഞ്ഞെഴുന്നേറ്റുവന്ന മനുഷ്യക്കോലങ്ങൾ മുറ്റത്തു പരന്നുകിടക്കുന്ന നിലാവിൽ നിഴലുകൾ പോലെ തരിച്ചുനിന്നു.

പെട്ടെന്നാണ് തങ്ങളുടെ സ്വരം ഉയർന്നത്:

“ബാപ്പുക്കണാരനെ ബിളിക്കിൻ.”

അപ്പോഴേക്കും ബാപ്പുക്കണാരൻ സ്ഥലത്തെത്തിയിരുന്നു. ആരോ കാലേ കൂട്ടി ബാപ്പുക്കണാരനെ വിളിച്ചുകൊണ്ടു വന്നിരുന്നു.

“ഞാനിവിടെയുണ്ട്.” കണാരൻറെ മങ്ങിയ ശബ്ദം.

“കണാരാ, കോമപ്പൻവൈദ്യരെ ഉടനെ കൊണ്ടുവരണം.”

പാതിരാവിൽ നിലാവെളിച്ചത്തിലൂടെ മനുഷ്യക്കോലങ്ങൾ കോമപ്പൻ വൈദ്യരുടെ നാടായ ചോമ്പാൽ കടപ്പുറത്തേക്കു നീങ്ങി. അവർ ചെന്നപ്പോൾ നല്ല ഉറക്കത്തിലായിരുന്നു വൈദ്യർ.

അരമണിക്കൂറിനുള്ളിൽ കോമപ്പൻവൈദ്യർ സ്ഥലത്തെത്തി. പടിപ്പുരയിൽ കാൽപ്പെരുമാറ്റം കേട്ടപ്പോൾ, ഓലക്കുട മതിലിനോടുരയുന്ന ഒച്ചകേട്ടപ്പോൾ, തങ്ങൾക്കാശ്വാസമായി. പാതിരാത്രിപോലും ഓലക്കുടയെടുക്കാതെ വൈദ്യർ യാത്രചെയ്യാറില്ല.

അർദ്ധനഗ്നനായ കോമപ്പൻവൈദ്യർ, തങ്ങളുടെ മുമ്പിൽ കസേരയിൽ ഇരുന്നു. കുഞ്ഞിനെ അടിമുടി പരിശോധിച്ചു; കൈവിരലുകൾ കൊണ്ടും സർവോപരി കണ്ണുകൾകൊണ്ടും.

കുഞ്ഞ് അപ്പോഴും കരയുകയായിരുന്നു. സ്വർണ്ണക്കട്ടപോലുള്ള കുഞ്ഞിൻറെ മുഖം കരഞ്ഞുകരഞ്ഞ് നീലിച്ചു വീർത്തു. ദേഹത്തിലുള്ള കൊച്ചുഞരമ്പുകൾ വഴിതെളിച്ചുനിന്നു.

കുഞ്ഞ് കൈകൾ മേലോട്ടാഞ്ഞ് ആകാശംനോക്കി നിലവിളിച്ചു. വൈദ്യർ കുഞ്ഞിൻറെ വയർ തടവി. നെഞ്ചിൽ കൈവെച്ചു. വളരെ പ്രയാസപ്പെട്ട് നാഡിപിടിച്ചു.

“കണാരാ, ഓല കൊണ്ടുവാ.” പരിശോധന നിർത്തിയപ്പോൾ തങ്ങൾ പറഞ്ഞു.

“ഓല വേണ്ട.” മുണ്ടുമുറുക്കിയുടുത്തുകൊണ്ട് കോമപ്പൻവൈദ്യർ പറഞ്ഞു:

“ഒരു ചെറിയ കണ്ണാടിയാ വേണ്ടത്.”

“കണ്ണാടിയോ!” തങ്ങൾ അന്തം വിട്ടു.

“അതെ, കണ്ണാടിതന്നെ.”

“എന്തിനാ?” തങ്ങൾക്കു സംശയം കൂടിക്കൂടിവന്നു.

“കൊണ്ടു വാ. എന്നിട്ടു പറഞ്ഞുതരാം.”

സിങ്കപ്പൂരിൽനിന്നു കൊണ്ടുവന്ന ഒരു ചെറിയ കണ്ണാടി പൂമുഖത്തെ മതിലിൽ പറ്റിനില്ക്കുന്നുണ്ട്. കണാരൻ അതു പറിച്ചെടുത്തു.

കോമപ്പൻവൈദ്യർ തങ്ങളുടെ മടിയിൽക്കിടന്നു പിടയുന്ന കുഞ്ഞിനെയെടുത്ത് സ്വന്തം മടിയിൽ ഇരുത്തി. എന്നിട്ട് കണ്ണാടിയിൽ ആകാശത്തെ മുഴുവൻ പ്രതിഫലിപ്പിച്ചു കുഞ്ഞിൻറെ കൈയിൽവച്ചു കൊടുത്തു.

കുഞ്ഞ് കണ്ണാടിയിൽ നോക്കിയപ്പോൾ കണ്ണാടിയിൽ പൂർണ്ണചന്ദ്രൻ. കുഞ്ഞ് കണ്ണാടിയിളക്കിയപ്പോൾ ചന്ദ്രൻ ഇളകുന്നു. കണ്ണാടി നീക്കിയപ്പോൾ ചന്ദ്രൻ നീങ്ങുന്നു. കുഞ്ഞ് കരച്ചിൽ നിർത്തി. അവൻ ചന്ദ്രനെ കീഴടക്കി. മുറുക്കിത്തുപ്പിക്കൊണ്ട് വൈദ്യർ പറഞ്ഞു: "എന്നാൽ ഞാനിറങ്ങട്ടെ."

പതിമ്മൂന്ന്

ചോരക്കുഞ്ഞിൻറെ ചുണ്ടുകളിൽ തേനിൽ സ്വർണ്ണനാണയം ചാലിച്ച് കൊടുത്തശേഷം ഖാൻബഹദൂർ പൂക്കോയത്തങ്ങൾ വിളിച്ചു: "പൂക്കിഞ്ഞിബീ !..."

ആ പേർ വിളിച്ചിട്ട് നാലു വർഷങ്ങൾ കഴിഞ്ഞു. കരഞ്ഞും കമിഴ്ന്നും, നിന്നും നടന്നും തങ്ങളുടെ ഏകസന്താനമായ ദിവ്യസന്താനം പൂക്കുഞ്ഞിബീ നാലു സംവത്സരങ്ങൾ തള്ളിനീക്കി. പൂക്കുഞ്ഞിബീയെ വയറോട് ഒട്ടിക്കിടത്തി ചന്തിയിൽ താളം പിടിച്ചുകൊണ്ട് ഉമ്മയായ ആറ്റബീ പറഞ്ഞു: "ബീമോളുറങ്ങ്."

"ക്കൊരു കത പറഞ്ഞുതാ."

"എന്തു കത?"

"ജിന്നിൻറെ."

എന്നും ജിന്നിൻറെ കഥ കേട്ടാലേ അവളുറങ്ങൂ. ആറ്റബീ പതിവു പോലെ തുടർന്നു:

പണ്ട് പണ്ട്, പെരുത്തുപണ്ട്, ഒരു രാജാത്തി ഉണ്ടായിരുന്നു. രാജാവിൻറെ മകളായ രാജാത്തി. നിന്നെപ്പോലെ സുന്ദരിയും കുലീനയുമാണവൾ: നിഷ്കളങ്കത്തി. ആ രാജാത്തിയും മോളേപ്പോലെ ഒരേയൊരു പെൺകുട്ടിയായിരുന്നു. തങ്കത്തിൻറെ നിറം. ബുദ്ധിമതി. പട്ടു വസ്ത്രങ്ങളും ആമാടയുമണിഞ്ഞവൾ. സർവരുടെയും കണ്ണിലുണ്ണി.

അവൾ രാജാവിൻറെ ജീവനായിരുന്നു. മരിച്ചുപോയ രാജാത്തിയുടെ ജീവിച്ചിരുന്നപ്പോഴത്തെ ജീവനായിരുന്നു. കൊട്ടാരത്തിൻറെ ജീവനായിരുന്നു. രാജ്യത്തിൻറെ ജീവനായിരുന്നു.

രാജാത്തി കുട്ടിയായിരിക്കുമ്പോൾ ഉറങ്ങിയിരുന്നത് അമ്മയുടെ വയറോടൊട്ടിക്കൊണ്ടായിരുന്നു. വലിയ രാജാത്തി അവൾക്ക് ഉറക്കം വരുന്നതുവരെ കഥകൾ പറഞ്ഞുകൊടുത്തു.

ജിന്നിൻറെ കഥകൾ.

മലക്കുകളുടെ കഥകൾ.

ഇഫ്രീത്തിൻറെ കഥകൾ.

ശൈത്താൻറെ കഥകൾ.

ഉറുഹാനിയുടെ കഥകൾ.

പള്ളിപ്പറമ്പുകളുടെയും പള്ളികളുടെയും ശേഖുമാരുടെയും കഥകൾ.

കഥകൾ കേട്ടു കേട്ട് രാജാത്തി ഉറങ്ങി. കഥകൾ കേട്ടുകേട്ടു രാജാത്തി തളർന്നു. കഥകൾ കേട്ടുകേട്ട് രാജാത്തി വളർന്നു വളർന്നു വളർന്നു വലിയ സുന്ദരിയായി. നീണ്ട നീലക്കണ്ണുകളും നീണ്ട ശരീരവുമുള്ള അതിസുന്ദരി !

അവളെ കെട്ടാനായി അയൽരാജ്യങ്ങളിൽനിന്നും അനവധി രാജകുമാരന്മാർ കൊട്ടാരത്തിൽ വന്നും പോയും കൊണ്ടിരുന്നു.

പക്ഷേ, രാജകുമാരിക്കാരെയും പിടിച്ചില്ല. വലിയ സങ്കടത്തിലായി, രാജകുമാരിയുടെ പിതാവായ സുൽത്താൻ രാജാവ്.

സുൽത്താൻ ഒരു നാൾ രാജകുമാരിയെ വിളിപ്പിച്ചു. രത്നപങ്കിലമായ സിംഹാസനത്തിലിരുന്നുകൊണ്ട് രാജാവ് തൻറെ മുന്നിലെ പരവതാനിയിൽ തലതാഴ്ത്തി നില്ക്കുന്ന രാജകുമാരിയെ വിളിച്ചു:

"മോളേ, രാജകുമാരീ !..."

അവൾ വിളികേട്ടു.

"നിനക്കു ഞാൻ അനുയോജ്യനായ ഒരു പുരുഷനെ കണ്ടെത്തിയിരിക്കുന്നു. പൗരുഷത്തിലും സാമ്രാജ്യവിസ്തൃതിയിലും പാണ്ഡിത്യത്തിലും ആ രാജകുമാരനെ വെല്ലാൻ ആളില്ല. നീ നോക്ക്. അതാ രാജകുമാരൻ."

രാജകുമാരി രാജാവിൻറെ കൈ ചൂണ്ടിയ ദിക്കിലേക്ക് നോക്കി.

പുരുഷസൗന്ദര്യത്തെ ഒരു നിമിഷം അവൾ കടാക്ഷിച്ചു. പിന്നെയും തലതാഴ്ത്തി.

"എന്താണ് നിൻറെ തീരുമാനം?"

"എനിക്കു വേണ്ട."

"പിന്നെ നിനക്കാരെയാണു വേണ്ടത്?"

രാജകുമാരി തലയുയർത്തി രാജാവിൻറെ രോഷം പൂണ്ട കണ്ണുകളിൽ നോക്കി. അവിടെ കത്തുന്ന അഗ്നി അവളെ ഭയപ്പെടുത്തിയില്ല.

ഇടിവെട്ടുംപോലെ രാജാവിൻറെ ശബ്ദമുയർന്നു:

"പറയൂ, വേഗം പറയൂ. ഈ ലോകത്ത് ആരെ വേണമെങ്കിലും പറയൂ. എനിക്ക് അസാദ്ധ്യമായ ഒരു കാര്യമില്ല."

രാജകുമാരി തലതാഴ്ത്തി പറഞ്ഞു:

"എനിക്ക് ജിന്നിനെയാണ് വേണ്ടത്."

ഇതും പറഞ്ഞ് രാജകുമാരി ഒരു നടത്തം. സ്വന്തം മുറിയിൽ പോയി അവൾ വാതിലടച്ചു. തോഴിമാരില്ലാതെ ഒരുപാടുനേരം കരഞ്ഞു.

ജിന്നിനെപ്പോലെ തെങ്ങിൻറെ നീളവും പടിപ്പുരവാതിലിൻറെ വീതിയും, ആകാശംപോലെ വിടർന്ന നെഞ്ചും, ആ നെഞ്ചിൽ കാടുപോലെ വളർന്ന രോമങ്ങളുമുള്ള രാജകുമാരൻ, ഇതെല്ലാം കേട്ട് അന്തംവിട്ടു നിന്നുപോയി. രാജാവിനു വാശികയറി. അദ്ദേഹം അലറി :

"ഈ കുമാരൻതന്നെ നിൻറെ രാജകുമാരൻ."

അങ്ങനെ ആ രാജകുമാരൻ രാജകുമാരിയെ മാലയിട്ടു.

അന്നു രാജ്യം മുഴുവൻ ആഘോഷമായിരുന്നു. രാജാത്തിയുടെ കല്യാണം കഴിഞ്ഞ ദിവസം രാജ്യം മുഴുവനും രാജാവ് ധാന്യങ്ങൾ വിതരണം ചെയ്തു. ഭൂമി മുഴുവൻ ധാന്യങ്ങൾ വിതറി.

രാത്രി രാജകുമാരൻ മണിയറയിലേക്കു പ്രവേശിച്ചു. രാജകുമാരിയെ കാത്തിരുന്നു. നിലാവുദിച്ചപോലെ രാജാത്തി മണിയറയിൽ കയറി.

രാജകുമാരൻ സ്തംഭിച്ചുനിന്നു. അവളുടെ സൗന്ദര്യത്തിൻറെ പ്രകാശവലയത്തിൽപ്പെട്ട് അവൻ ബോധരഹിതനായി അരികെക്കിടക്കുന്ന പട്ടുകിടക്കയിൽ വീണു.



രാജാത്തി അതിനടുത്ത കിടക്കയിലും വീണു.

രാജാത്തി സങ്കല്പകാമുകനെ മാത്രം ഓർത്തുകൊണ്ട് കിടന്നു.

പാതിരാവിൻറെ ഏകാന്തതയിൽ, പുറത്ത് നിലാവു പൂത്തുനില്ക്കുന്ന പാതിരാവിൽ, രാജാത്തിയുടെ മുറിയുടെ കിളിവാതിലിൽ വിരലുകളുടെ ശബ്ദമുയർന്നു.

രാജാത്തി ഉണർന്നു. രാജകുമാരി അത്ഭുതപരതന്ത്രയായി. അവളുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു, ജനൽവാതിലുകൾ മലർക്കെത്തുറന്നു പിടിച്ചുകൊണ്ട് തെങ്ങോളം ഉയരമുള്ള ഒരു ജിന്ന് !

അവൾ വർഷങ്ങളായി ധ്യാനിച്ചുകൊണ്ടിരുന്ന ജിന്ന്.

ജിന്ന് ജനലഴികളിലൂടെ തൻറെ നീണ്ട ബലിഷ്ഠങ്ങളായ കൈകൾ അകത്തു കടത്തി അവളെ മാടിവിളിച്ചു. ശബ്ദമുണ്ടാക്കാതെ രാജാത്തി എഴുന്നേറ്റ് ഉറങ്ങിക്കിടക്കുന്ന രാജകുമാരനെ ഒരു നിമിഷം മാത്രം നോക്കി. മണിയറവാതിൽ തുറന്ന് അവൾ പുറത്തിറങ്ങി.

പുറത്ത് ജിന്നുരാജാവ് അവൾക്കായി കാത്തുകിടക്കുകയായിരുന്നു. തൊട്ടരുകിൽ ഒരു കുറ്റൻ കുതിര. അവളെ റാഞ്ചിയെടുത്തു കുതിരപ്പുറത്തിരുത്തി തന്നോടടുപ്പിച്ചു പിടിച്ചു കുതിരയെ ഓടിച്ചു.

കൊറ്റിയുദിക്കാൻ നേരത്തു പിറ്റേന്ന് രാജകുമാരൻ ഉണർന്നു. അടുത്ത കട്ടിലിൽ രാജകുമാരിയെ കണ്ടില്ല. രാജകുമാരി എഴുന്നേറ്റ് പുറത്തുപോയിരിക്കുമെന്നു വിചാരിച്ച് അല്പസമയം രാജകുമാരൻ ആശ്വസിച്ചു കിടന്നു.

നേരം ഒരുപാടായിട്ടും തുറന്നുകിടക്കുന്ന മണിയറവാതിലിലൂടെ രാജകുമാരി അകത്തുവരാതായപ്പോൾ അതേ വാതിലിലൂടെ രാജകുമാരൻ പുറത്തിറങ്ങി.

"എവിടെയെവിടെ എൻറെ രാജകുമാരി ? എവിടെയെവിടെ എൻറെ സഖി ?" എന്ന രാജകുമാരൻറെ നിലവിളികേട്ട് എല്ലാവരുമുണർന്നു. കൊട്ടാരം മുഴുവനും ഉണർന്നു. പക്ഷേ, രാജാത്തി കൊട്ടാരത്തിലില്ലായിരുന്നു.

സേവകർ മുഴുവൻ പുറത്തിറങ്ങി. നാലുപാടും രാജാത്തിയെ തിരക്കി, നാനാജാതിയാളുകൾ പുറപ്പെട്ടു.

അയൽപക്കങ്ങളിലേക്കും അയൽരാജ്യങ്ങളിലേക്കും ആളുകൾ രാജാത്തിയെ തേടിയിറങ്ങി.

അവസാനം ഒരു മുക്കുവൻ രാജാത്തിയെ കണ്ടെത്തി.

കടപ്പുറത്ത്, സമുദ്രത്തിൻറെ വിജനതയിൽ, പൂഴിപ്പരപ്പിൽ, രാജാത്തികിടന്നുറങ്ങുകയായിരുന്നു; ഒരു സ്വർണ്ണമത്സ്യംപോലെ.

അവസാനത്തെ ഉറക്കം—

കഥ ഇത്രയും കേട്ടുകഴിയുമ്പോഴേക്കും പൂക്കുഞ്ഞിബീ ഉറങ്ങിക്കഴിഞ്ഞിരിക്കും. അടുത്ത ദിവസം ഉണരുമ്പോൾ കരഞ്ഞുകൊണ്ടായിരിക്കും പൂക്കുഞ്ഞിബീ എഴുന്നേല്ക്കുക.

കടപ്പുറത്തെ പൂഴിമണലിൽ മരിച്ചുകിടക്കുന്ന രാജാത്തിയെ ഓർത്ത്, ജിന്ന് കൊന്നൊടുക്കിയ രാജാത്തിയെ നിനച്ച്, പൂക്കുഞ്ഞിബീ കരയും.

കരച്ചിൽകേട്ട് എല്ലാവരും ഉണരും.

തങ്ങൾ ചോദിക്കും:

"എന്താ മോളേ മോള് പേടിച്ചുപോയോ?"

ആറ്റബീ ഓടിയെത്തി കട്ടിലിൽക്കിടന്ന് അവളെ കെട്ടിപ്പിടിക്കും. അപ്പോൾ പൂക്കുഞ്ഞിബീ പറയും: "ഒന്നൂല്ലാ..."

"പിന്നെയെന്തിനാ കരഞ്ഞത്?" ആറ്റബീ ചോദിക്കും. അപ്പോൾ പൂക്കുഞ്ഞിബീ പറയും:

"കിനാവു കണ്ടിറ്റ്."

കുഞ്ഞാലിയും ഉറങ്ങുന്നത് ആ തറവാട്ടിൽതന്നെയാണല്ലോ. പക്ഷേ, അവൻ കിനാവുകൾ കാണാറില്ല. അവൻ കണ്ടതു മുഴുവൻ പേടിസ്വപ്നങ്ങളായിരുന്നു. ജിന്നിനെയും ഇഫിരീത്തിനെയും ശൈത്താനെയും മലക്കുകളെയും അവൻ കിനാവു കണ്ടില്ല. അവൻ കണ്ടതു മുഴുവൻ മനുഷ്യരെയായിരുന്നു.

അവൻ അടുക്കളയുടെ അടുത്തുള്ള ചായ്പിൽ പാത്തുവിൻറെ പള്ളയോടൊട്ടിച്ചേർന്നു മരവിച്ച കട്ടിലിൽ വിരിച്ച തഴപ്പായയിൽ അടുക്കളയുടെ പുളിച്ച ഗന്ധത്തിൽ ഇരുട്ടിൽ കാറ്റുകടക്കാത്ത ആ നാലു ചുമരുകൾക്കുള്ളിൽ എന്നും ഉറങ്ങാൻ കിടക്കുന്നു.

അവൻ ഉറങ്ങാൻ കിടക്കുന്നതോടെ അടുക്കളയിലെ ജീവിതം ആരംഭിക്കുന്നു. തമ്മിൽ കലഹിച്ചും ശണ്ഠകൂടിയും പണിക്കാരത്തികൾ ഊണുകഴിക്കുന്നു. പിന്നെ അടുക്കളയിൽനിന്നും കുളിമുറിയിൽ നിന്നും പാത്രങ്ങൾ ഉരയലും കുപ്പികരയലുമായിരിക്കും.

എങ്ങനെ ഉറക്കം വരും?

പുളിച്ച ചോറിൻറെയും മീൻകറിയുടെയും ഗന്ധം അവനെ ഉറക്കത്തിൽ എന്നും വിരട്ടി. ഇരുട്ടിൽ മനുഷ്യരെ സ്വപ്നം കാണുമ്പോൾ അവൻ അട്ടഹസിച്ചു.

അപ്പോൾ പാത്തു പറയും:

"എന്താ ബലാലെ ഒറങ്ങാത്തത്?"

ചായ്പിലെ വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽ അടിക്കുപ്പായംകൂടി അഴിച്ചുവച്ചുകൊണ്ട് കുഞ്ഞാലിയുടെ മുഖം പിടിച്ചമർത്തി പാത്തു പറയും:

"ബലാലെ, ഒറങ്ങ്."

അപ്പോൾ കുഞ്ഞാലി പറയും:

"എനിക്ക് പേടിയാവുന്ന്."

"എന്നാ മൊലകുടിച്ചോ." പാത്തു ചെറിയ മുലക്കണ്ണുകൾ കുഞ്ഞാലിയുടെ വായിൽ തിരുകും. കുഞ്ഞാലി മുലക്കണ്ണുകൾ ഈമ്പിയീമ്പി ഉറങ്ങാൻ ശ്രമിക്കും.

ആ നിർവൃതിയിൽ പാത്തു ഉറക്കത്തിൻറെ കയങ്ങളിലിറങ്ങും. പാലില്ലാത്ത മുലക്കണ്ണ് ഈമ്പിയീമ്പി ഉമിനീർകൂടി വറ്റുമ്പോൾ കുഞ്ഞാലി മിഴിച്ചിരിക്കും.

അപ്പോഴാണ് പള്ളിയിൽനിന്ന് ഏതോ വിദൂരദേശത്തുനിന്നെന്ന പോലെ എറമുള്ളാൻറെ മാപ്പിളപ്പാട്ടു കേൾക്കുക. ബദർയുദ്ധത്തിൻറെ പാട്ട്, ആ വീരപരാക്രമങ്ങൾ കേട്ടുകൊണ്ട് അവൻ മയങ്ങും.

എറമുള്ളാൻ പുലരാൻ കാലത്തു വീണ്ടും ബാങ്കുവിളിക്കുമ്പോൾ കുഞ്ഞാലി ഞെട്ടിയുണരും.

അങ്ങനെ എറമുള്ളാൻറെ ശബ്ദം കേട്ടുകൊണ്ടുറങ്ങിയും എറമുള്ളാൻറെ ശബ്ദം കേട്ടുകൊണ്ടുണർന്നും കുഞ്ഞാലി അറയ്ക്കലെ തറവാട്ടിൽ വളരാൻ തുടങ്ങി.

ആ വളർച്ചയിൽ അറയ്ക്കലെ ആറ്റബീ മാത്രം കുണ്ഠിതപ്പെട്ടു; വേവലാതിപ്പെട്ടു. അവനെ അവിടെനിന്നും പുറന്തള്ളുന്ന മുഹൂർത്തം പ്രതീക്ഷിച്ച് അവർ ഇരുന്നു.

പക്ഷേ, ആ കാത്തിരിപ്പു വെറുതെയായിരുന്നു.

മനുഷ്യനു മാത്രമല്ല, ജിന്നുകൾക്കും ഇഫിരീത്തുകൾക്കും പിടിച്ചു പറ്റാൻ കഴിയാത്തവണ്ണം അവൻറെ വേരുകൾ അവിടെ ഇറങ്ങാൻ ആരംഭിച്ചു.

എല്ലാ രാത്രികളിലും കുഞ്ഞാലിയുടെ ഓർമ്മ ആറ്റബീയെ അലോസരപ്പെടുത്തി. മനസ്സിന് എന്തു പ്രയാസം നേരിടുമ്പോഴും, തറവാട്ടിൽ ചെറിയ ചെറിയ അത്യാഹിതം സംഭവിക്കുമ്പോഴും അവർ കുഞ്ഞാലിയെ പിരാകി.

ദിവസം തികയുന്നതിനുമുമ്പ് ഏതെങ്കിലും കോഴി പൊരുത്തിനിറങ്ങിയാൽ, പൂച്ച കിണറ്റിൽ വീണാൽ, പഴത്തൊലി ചവിട്ടി ആരെങ്കിലും ഊരിവീണാൽ, പശുവിന് നാത്തോള പിടിപെട്ടാൽ ആറ്റബീ പറയും:

"ആ ചെകിത്താൻറെ കാല്വബെച്ചത് മുതൽ നാശംതന്നെ!"

അങ്ങനെ ചെറിയ ചെറിയ നാശങ്ങൾ കണ്ടും വലിയ വലിയ ശാപവാക്കുകൾ കേട്ടും കുഞ്ഞാലി എപ്പോഴും തീക്കാറ്റേല്ക്കുന്ന ഒരു പടുവൃക്ഷംപോലെ വളരാൻ തുടങ്ങി; തറവാട്ടിലും ചായ്പിനകത്തുമായി.

പതിന്നാല്

അറയ്ക്കൽത്തറവാട്ടിൽനിന്ന് ഒരു വിളിപ്പാടകലെയാണ് മാപ്പിള സ്കൂൾ.

പുലർകാലനമസ്കാരം കഴിഞ്ഞ് നാലുനാഴികചെന്ന ഒരു ദിവസം ഖാൻബഹദൂർ പൂക്കോയത്തങ്ങൾ തൻറെ മകളായ പൂക്കുഞ്ഞിബീയുടെ കൈപിടിച്ച് പോറ്റുമകനായ കുഞ്ഞാലിയെ പിന്നിൽ നടത്തിച്ച് അകമ്പടിയോടെ മാപ്പിളസ്കൂളിലേക്കു യാത്രയായി.

പള്ളിപ്പറമ്പിനെ നെടുകെ കീറുന്ന ചെമ്മൺനിരത്തിനപ്പുറത്ത് ഒരു മൈതാനത്തിൽ നൊച്ചിൽക്കാടുകൾക്കു നടുവിൽ ഓലമേഞ്ഞ മാപ്പിള സ്കൂൾ ഒരു കോഴിക്കൂടുപോലെ ദൂരെനിന്നു കാണപ്പെട്ടു.

സ്കൂളിനടുത്തെത്തിയപ്പോൾ അകത്തുനിന്നു ഭയങ്കരമായ ആരവം കേട്ടു. മാപ്പിളക്കുട്ടികൾ, മൊട്ടയടിച്ചതലയിൽ തട്ടമിട്ട, കാച്ചിയുടുത്ത മാപ്പിളക്കുട്ടികൾ ഖുറാൻ അക്ഷരങ്ങൾ എഴുതിയ മരപ്പലകയും ഖുറാൻ മുസാബും നോക്കി തകൃതിയിൽ ഓതുകയായിരുന്നു.

അപ്രതീക്ഷിതമായിട്ടാണ് തങ്ങൾ സ്കൂളിൻറെ പടിവാതിലിൽ കടന്നത്.

ശബ്ദമുഖരിതമായ അന്തരീക്ഷം പെട്ടെന്നു മൂകമായി. എല്ലാവരും എഴുന്നേറ്റുനിന്നു.

ഖാൻബഹദൂർ പൂക്കോയത്തങ്ങളുടെ വരവ് മുസലിയാന്മാരെയും മാഷന്മാരെയും അമ്പരപ്പിച്ചു. സ്കൂളിൻറെ മാനേജരും കൂടിയായ ഓത്തുപഠിപ്പിക്കുന്ന മൂസ്സമുസലിയാർക്കാണ് ആദ്യമായി ധൈര്യം തോന്നിയത്.

അയാൾ ചോദിച്ചു:

“അല്ല; ഇതെന്തു കത! ബെരുമ്മം ഞങ്ങളെ ഒന്നറിയിച്ചെങ്കില്...”

ഖാൻബഹദൂർ പൂക്കോയത്തങ്ങൾ ഹെഡ്മാസ്റ്ററുടെ ഒറ്റക്കൈയൻ കസേരയിലിരുന്നു. അപ്പോൾ കനംകൊണ്ടു കസേര കരഞ്ഞു. കസേരഅമർന്നു; തളർന്നു.

എന്നിട്ടു പറഞ്ഞു:

“ബെരുമ്മം അറീക്കണ്ട ആവശ്യം ന്താ? ഇതു ഷ്കൂളല്ലേ? ഇങ്ങളെ വീട്ടില് ബരുമ്മം അറീക്കണം.”

മൂസ്സമുസലിയാർ വെളുത്തു. സ്വതവേ വെളുത്തിട്ടാണ്.

“ഞമ്മളെ കുട്ട്യോളെ ചേർക്കണം. അയിനാ ഞമ്മളെ വന്നത്.”

“അതിനെന്താ വിരോധം?” എന്നായി ഹെഡ്മാസ്റ്റർ ശങ്കരക്കുറുപ്പ്. അധികാരിയുടെ മകൻ ശങ്കരക്കുറുപ്പ്. അഞ്ചാംതരം പാസ്സായവൻ. മഹാൻ.

കുറുപ്പ് മൽമലിൻറെ ജുബ്ബയും ഒറ്റമുണ്ടും വെള്ളക്കോണകവും ഭംഗിയായി ധരിച്ചിരുന്നു. വർത്തമാനം പറയുന്നതിനിടയിൽ ചെറിയ ജനലഴിയിലൂടെ ഇടയ്ക്കിടെ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടു കാർക്കിച്ചു തുപ്പുന്നതൊഴിച്ചാൽ അയാൾക്കു വേറേ യാതൊരു വൃത്തികേടുകളുമില്ലായിരുന്നു.

സ്കൂളിനകത്തു നാലുപാടും നോക്കിക്കൊണ്ടു തങ്ങൾ ചോദിച്ചു:

“ഇതെന്താ, ഒരൊറ്റ മുറി മാത്രമേയുള്ളൂ!”

“മുറിയൊന്നേയുള്ളൂ. പക്ഷേങ്കില് വലിയ മുറിയാ.” മാനേജർ മൂസ്സ മുസലിയാർ ഇസ്തിരിതേച്ച വെള്ളത്തൊപ്പി പുറത്തെടുത്തു മൊട്ടത്തലയിൽ വിയർപ്പു തുടച്ചുകൊണ്ടു പറഞ്ഞു.

“ഇബിടെ എത്രാം തരംബരെയുണ്ട്?”

“അഞ്ചാംതരംവരെ.”

“ഈൻറെകത്തോ! അതെങ്ങനെ?”

“ക്ലാസ്സുകൾ ബെഞ്ചിട്ടാണ് വേർതിരിച്ചത്.”

“ഹാ! മരത്തിന് വില കൊറവാണല്ലേ?” തങ്ങൾ അല്പം നിർത്തിക്കൊണ്ടു തുടർന്നു: ഞമ്മളെ കുട്ട്യോളെ ചേർക്കണം. ഓത്ത് നന്നായി പഠിപ്പിച്ചില്ലെങ്കിലും ബേണ്ടൂലാ എഴ്ത്ത് നന്നായി പഠിപ്പിക്കണം.”

മുസലിയാർ വീണ്ടും വെളുത്തു. പക്ഷേ, ഹെഡ്മാസ്റ്റർ ശങ്കരക്കുറുപ്പു ചുവന്നു.

“സന്തോഷം!” ചുവന്ന മുഖത്തോടെ ശങ്കരക്കുറുപ്പുമാസ്റ്റർ പറഞ്ഞു.

“ഇവിടെ ഇംഗ്ലിഷ് പഠിപ്പിക്കുന്നുണ്ടോ?” തങ്ങൾ ചോദിച്ചു.

“ഇല്ല.” ശങ്കരക്കുറുപ്പ് ക്ഷമാപണത്തോടെ പറഞ്ഞു.

“ആർക്കെങ്കിലും ഇംഗ്ലിഷ് അറിയോ?” തങ്ങൾ വിടാൻ ഭാവമില്ല.

“അല്പം.” ശങ്കരക്കുറുപ്പു പറഞ്ഞു.

“ആർക്കാ അറീന്നത്?”

“എനിക്കുതന്നെ.”

“ഇംഗ്ലിഷ് എത്രവരെ പഠിച്ചിട്ട്ണ്ട്?”

“ഇസെഡ്ഡ് (Z) വരെ, ഇരുപത്താറക്ഷരം ഒറ്റയായും കൂട്ടായും എഴുതാനറിയാം.”

തങ്ങൾ ചിരിച്ചു; എന്നിട്ടു ചോദിച്ചു:

“വാട്ടീസുവർ ണൈം?”

“ശങ്കരക്കുറുപ്പ്.”

“വാട്ടീസുവർ ഫാതർ?”

ശങ്കരക്കുറുപ്പ് ആലോചിച്ചു. അച്ഛൻ ആരെണെന്നാണ്. കുറുപ്പ് ഒട്ടും സംശയിക്കാതെ പറഞ്ഞു.

“അധികാരി.”

“ഹ... ഹ... ഹ...” തങ്ങൾ പൊട്ടിച്ചിരിച്ചു.

ശങ്കരക്കുറുപ്പ് മിഴിച്ചുനിന്നു. തനിക്കെന്തോ അമളി പറ്റിയെന്ന് ശങ്കരക്കുറുപ്പു മനസ്സിലാക്കി.

“അത്രയ്യൊന്നും എനക്കാവൂലാ.” കുറുപ്പ് തല താഴ്ത്തി. തങ്ങൾ തലയുയർത്തി. ശങ്കരക്കുറുപ്പ് അഞ്ചാം തരം പാസ്സായിട്ടേയുള്ളൂ.

നാട്ടിലെ അധികാരിയുടെ മകനാണ്. അധികാരികൾക്കു മക്കളായി രണ്ടാളുണ്ടായിരുന്നു. മൂത്തവനെ മദിരാശിയിൽ കോളജ്‌വരെ പഠിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഇളയവനായ ശങ്കരക്കുറുപ്പിന് അധികം പഠിക്കാനൊത്തില്ല. ഉള്ള പണം മുഴുവനും മദിരാശിക്കയയ്ക്കുകയായിരുന്നു പതിവ്. അതു കാരണം ശങ്കരക്കുറുപ്പ് അഞ്ചാംതരം പാസ്സായതോടെ പഠിപ്പു നിർത്തി.

“എന്നാ പണി ബേം നോക്കീൻ.”

അപ്പോഴേക്കും ചെവിടി തേച്ചുമിനുക്കിയ മരപ്പലകകൾ രണ്ടെണ്ണം എത്തി. ആ പലകകളിൽ ഖുർആൻ അക്ഷരങ്ങൾ എഴുതും. അതു നോക്കി പൂക്കുഞ്ഞിബീയും കുഞ്ഞാലിയും അറബി പഠിക്കാൻ ആരംഭിക്കും.

“നല്ല പല. ചെവിടി പഷ്ടായിറ്റ് തേച്ചിക്കല്ലോ.”

മൂസ്സമുസലിയാർ കലമൻ കുടുക്കമഷിയിൽ മുക്കി രണ്ടു പലകകളിലും അലിഫ് മുതലുള്ള അക്ഷരങ്ങൾ എഴുതി മൂസ്സമുസലിയാർ കുട്ടികളെ അടുത്തേക്കു വിളിച്ചു:

“ബരീൻ മക്കളെ.”

ആദ്യം പൂക്കുഞ്ഞിബീയെയാണ് പിടിച്ചത്. അപ്പോൾ തങ്ങൾ പറഞ്ഞു:

“ആങ്കുട്ടിക്ക് ആദ്യം കൊടുക്കീന്ന്.”

കുറ്റബോധത്തോടെ മൂസ്സമുസലിയാർ കുഞ്ഞാലിയെ അടുത്തേക്കു വിളിച്ചു. പിന്നെ പലക കൈയിൽ കൊടുത്തു. അറബിഅക്ഷരങ്ങൾ എഴുതിപ്പിടിപ്പിച്ച പലക. കുഞ്ഞാലി രണ്ടുകൈയും നീട്ടി പലക വാങ്ങി.

“നല്ല ബൗസുള്ള കുട്ടി !”

മൂസ്സമുസലിയാർ അഭിപ്രായം പാസ്സാക്കി. പിന്നെ കുഞ്ഞാലിയെ പഠിപ്പിക്കാൻ തുടങ്ങി. ഒന്നാമത്തെ അക്ഷരത്തിൽ കൈവച്ചുകൊണ്ടു പറഞ്ഞു:

“അലിഫ്.”

കുഞ്ഞാലി വടിവൊത്ത വാക്യത്തിൽ ചൂണ്ടുവിരൽ അക്ഷരത്തിനു ചുവടെ വച്ചുകൊണ്ടു പറഞ്ഞു:

“അലിഫ്.”

മൂസ്സമുസലിയാർ അത്ഭുതപ്പെട്ടു.

അപ്പോൾ തങ്ങൾ പറഞ്ഞു:

“നല്ല പ്രൊണൈൺസ്യേൻറ്...”

അത് ആർക്കും മനസ്സിലായില്ല. തങ്ങളുടെ ഇംഗ്ലീഷ് പാണ്ഡിത്യത്തിനുമുന്നിൽ എല്ലാവരും തലകുനിച്ചു.

ബീബിയെയും പഠിപ്പിച്ചുതീർന്നപ്പോൾ തങ്ങൾ രണ്ടു റുപ്പിക മുസലിയാർക്കു ദക്ഷിണകൊടുത്തു. അയാൾ അന്തംവിട്ടുമിഴിച്ചുനിന്നു. സാധാരണ കാലുറുപ്പികയാണ് പതിവ്. അതിൻറെ എട്ടിരട്ടിയോ! പടച്ചോൻറെ കൃപ!

പിന്നെ ശങ്കരക്കുറുപ്പ് മുന്നോട്ടുവന്നു. ഒന്നാംക്ലാസ്സിലെ റജിസ്റ്റർ കക്ഷത്തുണ്ടായിരുന്നു. റജിസ്റ്ററിൻറെ വക്ക് കക്ഷത്തിലെ വിയർപ്പിൽ നനഞ്ഞു.

റജിസ്റ്റർ നിവർത്തി ഹെഡ്മാസ്റ്റർ ചോദിച്ചു:

“എന്നാ ചേർക്കട്ടെ?”

“ചേർത്തോ; അയിനല്ലെ കുട്ട്യോള് ബന്നത്.” തലയിൽനിന്നു ചുകന്ന തുർക്കിത്തൊപ്പി എടുത്തുകൊണ്ട് തങ്ങൾ തുടർന്നു:

“അറയ്ക്കൽ കുഞ്ഞാലി ഏൻറ് അറയ്ക്കൽ പൂക്കുഞ്ഞിബീ...”

മഷി ആഞ്ഞു കുടഞ്ഞശേഷം ശങ്കരക്കുറുപ്പ് ഹാജർപട്ടികയിൽപേരുകൾ വരവുവച്ചു.

അവിടെ ആകെ മൂന്ന് അദ്ധ്യാപകരുണ്ടായിരുന്നു. മൂന്നാൾക്കും രണ്ടു റുപ്പിക വീതം തങ്ങൾ കുട്ടികളുടെ പേരിൽ ദക്ഷിണ നല്കി, ശേഷം റെയിൽവേ സ്റ്റേഷൻറെ പിന്നിലുള്ള ഒമ്പതരക്കണ്ണൻറെ ചായപ്പീടികയിൽനിന്നു ചായയും സുഗീനും വരുത്തിക്കൊടുത്തു.

“എന്നാ ഞാനിറങ്ങട്ടെ.”

തങ്ങൾ പടിയിറങ്ങി.

പുറത്തു കാത്തുനില്ക്കുന്ന പരിവാരം തങ്ങളോടൊപ്പം ഒഴുകുവാൻ തുടങ്ങി.

പെട്ടെന്നാണു കരച്ചിൽ കേട്ടത്. തിരിഞ്ഞുനിന്നു നോക്കുമ്പോൾ പൂക്കുഞ്ഞിബീ.

കണ്ണുകളിൽ ഭീതിയും മുഖത്തു വിയർപ്പും മേൽച്ചുണ്ടിൽ നേരിയ മൂക്കട്ടയുമായി കുഞ്ഞിബീ കരയുന്നു. തല നഗ്നമായിരുന്നു. ഓടുന്ന ഓട്ടത്തിൽ കസവുതട്ടം വഴിയിൽ വീണുപോയതാണ്. അഴകാർന്ന കൊച്ചുമുടിക്കെട്ടിൽനിന്നു പൂവെണ്ണയുടെ സുഗന്ധം കാറ്റിൽ പരന്നു.

അപ്പോഴേക്കും അദ്ധ്യാപകന്മാരും മൂസ്സമുസലിയാരും എത്തി.

“പേടിച്ചിട്ടാ. ഇതു പതിവാണ്.” ശങ്കരക്കുറുപ്പു പറഞ്ഞു.

“എന്നാ ഓള് നാളെ വന്നോട്ടെ.” പൂക്കുഞ്ഞിബീയുടെ കൈപിടിച്ചു കൊണ്ടു തങ്ങൾ പറഞ്ഞു.

പക്ഷേ, കുഞ്ഞാലി അനങ്ങിയില്ല. അവൻറെ ജീവിതപാഠങ്ങളുടെയും ജീവിതസമരങ്ങളുടെയും തുടക്കമായിരുന്നു ആ മാപ്പിളസ്കൂൾ. ഓല മേഞ്ഞ ആ മാപ്പിളസ്കൂളിനകത്ത് ഇനി വരാൻപോകുന്ന അഞ്ചു വർഷക്കാലം ചെലവാക്കാൻ പോവുകയാണ്; ഓത്തു പഠിച്ചും എഴുത്തു പഠിച്ചും.

കുഞ്ഞാലി ആദ്യം മേലോട്ടു നോക്കി. ഉത്തരങ്ങൾക്കു മുകളിൽ കരിഞ്ഞ ഓലയുടെ പന്തലിപ്പ്. ഓലയുടെ പന്തലിപ്പിൽ അനേകം സുഷിരങ്ങൾ. സുഷിരങ്ങളിലൂടെ ഇറങ്ങിവരുന്ന മുളങ്കമ്പുകൾ. അതവസാനിക്കുന്നയിടങ്ങളിൽ വെയിലിൻറെ മുട്ടകൾ. അവൻറെ അടുത്തുള്ള നിലത്തു കിടക്കുന്ന പരന്ന വെയിലിൻറെ മുട്ടയിൽ ആമിന ഒരു മഞ്ചാടിക്കുരുവച്ചു. എന്നിട്ട് ആമിന ചോദിച്ചു:

“മഞ്ചാടിക്കുരു നടക്കുന്നതു കാണണോ?”

കുഞ്ഞാലി ഒന്നും പറഞ്ഞില്ല.

പക്ഷേ, മിനുട്ടുകൾ കഴിഞ്ഞപ്പോൾ മഞ്ചാടിക്കുരു മെല്ലെമെല്ലെ നീങ്ങുന്നതായി അവനു മനസ്സിലായി.

അവൻ മതിലിലേക്കു നോക്കി. അവിടെ ഒരുപാടു ചിത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. വെള്ളതേച്ച മതിലിൽ ചിത്രങ്ങൾക്കുപുറമെ ധാരാളം വരകൾ. ചുകന്ന ചെങ്കുത്തായ വരകൾ. കഴിഞ്ഞകൊല്ലം മഴവെള്ളം ചിതൽപ്പുറ്റുകളിലൂടെ ചോർന്നൊലിച്ച വെള്ളത്തിൻറെ തീനാമ്പുകൾ സ്വയം വരച്ച അമൂർത്തകല.

പെട്ടെന്നൊരു ശബ്ദംകേട്ട് കുഞ്ഞാലി ഞെട്ടിപ്പോയി. നോക്കിയപ്പോൾ വിശറിപോലെയുള്ള കൈപ്പത്തി മേശയിലിടിച്ച് മൂസ്സമുസലിയാർ അലറുന്നു:

“നായിൻറെ മക്കളെ പാത്തീറ്റു ബരിൻ.”

പള്ളിക്കൂടം നിശ്ശബ്ദമായി. ഓതിക്കൊണ്ടിരുന്ന കുട്ടികൾ പലകയും ഖുർആൻപുസ്തകങ്ങളും മുഖമമർത്തി മുത്തിയശേഷം ഒരു മൂലയിൽവച്ച കട്ടിലിൽവച്ചു.

കുട്ടികൾ ഓരോരുത്തരായി പള്ളിക്കുളത്തിലേക്കു നീങ്ങി; പെൺകുട്ടികൾ അടുത്തുള്ള വീട്ടിലെ മൂത്രപ്പുരയിലേക്കും.

പള്ളിക്കുളത്തിലേക്കു പോയ കുട്ടികൾ കുളക്കടവിലും മരത്തിൻറെ മറവിലുമായി മൂത്രമൊഴിച്ചു. പിന്നെ കുളത്തിൽവന്നു കഴുകുവാനിരുന്നു.

കുഞ്ഞാലിക്കു ദാഹിച്ചു. പള്ളിക്കിണറ്റിൽനിന്ന് എറമുള്ളാൻ വെള്ളം കോരുകയായിരുന്നു. കുഞ്ഞാലി കിണറ്റിൻകരയിലേക്കു നീങ്ങി ഏത്തം വലിക്കുന്ന എറമുള്ളാനെ നോക്കി പറഞ്ഞു:

"കൊറച്ച് തണ്ണീം തര്വോ?"

"എന്തിന്?"

"കുടിക്ക്വാൻ. താഹിക്ക്ന്ന്."

എറമുള്ളാൻ ഞെട്ടിപ്പോയി. ഇന്നുവരെയായി ഒരു കുഞ്ഞുപോലും പള്ളിക്കിണറ്റിലെ വെള്ളം കുടിക്കുവാനായി ചോദിച്ചിട്ടില്ല. മൃതദേഹങ്ങളുടെ നെയ്യ് ഊറിയ വെള്ളം ആരാണു കുടിക്കുക?

എറമുള്ളാൻറെ കൈയിൽനിന്ന് ഏത്തം വിട്ടുപോയി. ശക്തിയോടെ പിന്നോട്ടു മറിഞ്ഞു. തൊട്ടി കുതിച്ച് മേല്പോട്ടുയർന്നു.

"മോനെ, ഇതു കുടിക്കാൻ പാടില്ല. ഈ തണ്ണീത്തില് മയ്യത്തിൻറെ നെയ്യ്ണ്ട്." എറമുള്ളാൻ പറഞ്ഞു.

ഓത്തുപള്ളിയിലെ കുട്ടികൾ ആ കഥ കുഞ്ഞാലിയോടു വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

അന്ന് അറയ്ക്കൽത്തറവാട്ടിൽ എത്തുന്നതുവരെ കുഞ്ഞാലി പള്ളിക്കിണറ്റിലെ നെയ്യൂറുന്ന വെള്ളത്തെക്കുറിച്ചാണ് ആലോചിച്ചത്. വീട്ടിലെത്തിയ ഉടനെ കുഞ്ഞാലി പൂക്കുഞ്ഞിബീയെ തിരക്കി നടന്നു. അവൾ പുളിമരത്തിൻറെ ചുവട്ടിൽ ഇരിക്കുകയായിരുന്നു.

കുഞ്ഞാലി അവളുടെ അടുത്തിരുന്നുകൊണ്ടു പറഞ്ഞു:

"പൂക്കുഞ്ഞീ, പള്ളിക്കിണറ്റിലെ വെള്ളം നീ ഒരിക്കലും കുടിക്കര്തേ...ദാഹിച്ചാൽക്കൂടി കുടിക്കര്തേ."

"ഉം...?" ഏതോ സ്വപ്നത്തിലിരിക്കുന്ന പൂക്കുഞ്ഞിബീ ചോദിച്ചു:

"ആ തണ്ണീത്തില് പള്ളിപ്പറമ്പിലെ മയ്യത്ത്* കളുടെ നെയ്യ്ണ്ട്..."

പൂക്കുഞ്ഞിബീ ഞെട്ടി. ഞെട്ടി വിറച്ചു. പുളിമരക്കീഴിൽനിന്നും അവൾ എഴുന്നേറ്റു. ശവം എന്നു കേട്ടപ്പോൾ അവൾ കോരിത്തരിച്ചു വിയർത്തു.

ശവത്തിൽനിന്നൂറുന്ന നെയ്യ്.

"എൻറെ പടച്ചോനേ!..."

അവൾ അറിയാതെ നിലവിളിച്ചുപോയി.

അന്നു രാത്രി അവൾക്കുറക്കം വന്നില്ല.

കണ്ണടയ്ക്കുമ്പോൾ സോഡാക്കുപ്പിയിൽ കെണിഞ്ഞ കുറയെപ്പോലെ ഓടി നടക്കുന്ന മൂസ്സമുസലിയാരുടെ കണ്ണുകൾ. ഉറക്കംവരുമ്പോൾ ദൂരെ പള്ളിപ്പറമ്പിലെ കിണറ്റിൽനിന്നു വരുന്ന മണം...ശവനെയ്യിൻറെ മണം.

* ശവങ്ങളുടെ

പതിനഞ്ച്

അക്കൊല്ലം കാലവർഷം ആരംഭിച്ചത് ഒരു പ്രഭാതത്തിലായിരുന്നു. ഒട്ടും ഓർക്കാത്തനേരത്ത് ശക്തിയായി ഇടി മുഴങ്ങി. ദിക്കുകൾ ഞെട്ടി.

പള്ളി ഒന്നടങ്കം തകർന്നു തരിപ്പണമായതുപോലെയാണ് എറമുള്ളാനു തോന്നിയത്. രാത്രിയിലെ കഠിനമായ ചൂടിൽ എറമുള്ളാൻ തളർന്നുറങ്ങുകയായിരുന്നു. മൊട്ടത്തലയിൽനിന്നൊഴുകിയ വിയർപ്പ് പള്ളിയിലെ പുൽപ്പായയിലൂടെ ഒഴുകിയതുമാത്രം ഓർമ്മയുണ്ട്. പിന്നെ പള്ളി ഇടിഞ്ഞുവീഴുന്ന ശബ്ദമാണു കേൾക്കുന്നത്.

എറമുള്ളാൻ കണ്ണുതിരുമ്മിക്കൊണ്ടെഴുന്നേറ്റു. എങ്ങും ഇരുട്ട്. റാന്തൽ കെട്ടുപോയിരുന്നു. പള്ളി ആകെ ഇരുട്ടിൽ. അവൻ ചുറ്റും മെല്ലെമെല്ലെ കൈവീശി നടന്നുനോക്കി. ഇല്ല. ഒന്നും തകർന്നിട്ടില്ല. പുറത്തു ശക്തിയായി ഇടിവെട്ടും മിന്നെറിയലും നടക്കുകയാണ്. ഒറ്റ നിമിഷം മാത്രം പള്ളിക്കെട്ടിടത്തെ ഒന്നാകെ ജ്വലിപ്പിച്ചുകൊണ്ട് ഒരു മിന്നൽ കടന്നുപോയി.

പെട്ടെന്നാണ് ഒരാരവംപോലെ മഴ പെയ്യാൻ തുടങ്ങിയത്. ഇരുട്ടിലൂടെ മണ്ണിൻറെ മണം കാറ്റിൽ പരന്നു. പള്ളിപ്പറമ്പിലെ കുറ്റൻവൃക്ഷങ്ങൾ കാറ്റിലാഞ്ഞടിച്ചു. പച്ചിലകൾ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുപറന്നു.

എറമുള്ളാൻ സമാധാനിച്ചു; ഇടവത്തിലെങ്കിലും മഴ പെയ്തല്ലോ! എവിടെയോ തപ്പിത്തടഞ്ഞപ്പോൾ അവന് ഒരു തീപ്പെട്ടി കിട്ടി. രണ്ടു മൂന്നു കോലുകൾ ഉരച്ചും നിലത്തിട്ടും തീർന്നപ്പോൾ ഒന്നു കത്തി. റാന്തൽ തെളിഞ്ഞു.

സിങ്കപ്പൂർക്ലോക്കിൽ നോക്കിയപ്പോൾ മണി ആറ്. എറമുള്ളാൻറെ നെഞ്ചു കത്തി. പള്ളിയിലെ ടേങ്കിൽ വെള്ളമില്ല. തലേന്നു രാത്രി ഉഷ്ണത്തിൻറെ തീക്ഷ്ണതയിൽ നേരത്തേ ഉറങ്ങിപ്പോയി. സാധാരണ ഏത്തം വലിച്ചശേഷമേ ഉറങ്ങാറുള്ളൂ. ഇതു ജീവിതത്തിലാദ്യമാണ്.

എറമുള്ളാൻ തിരക്കിട്ടു നടന്നു. മുണ്ടുപൊക്കി താളം മടക്കിക്കുത്തിയ ശേഷം ഏത്തംവലിക്കാൻ തുടങ്ങി. ഏത്തത്തിൻറെ കരച്ചിൽ മഴയുടെ ഇരമ്പലിൽ അന്ന് ആരും കേട്ടില്ല. ടേങ്കിൽ വെള്ളം നിറയുമ്പോഴേക്കും കോരിച്ചൊരിയുന്ന മഴയിലും എറമുള്ളാൻ വിയർത്തു. അവൻറെ എഴുന്നുനില്ക്കുന്ന വാരിയെല്ലുകൾ നനഞ്ഞു തിളങ്ങി.

ദേഹശുദ്ധി വരുത്തിയശേഷം എറമുള്ളാൻ പള്ളിക്കകത്തു കയറി. ഖാളിയാർ നിസ്കാരത്തിനു നായകത്വം കൊടുക്കുന്ന കമാനത്തിനു വലതുവശം ചേർന്നു പടിഞ്ഞാറു തിരിഞ്ഞുനിന്നു ചൂണ്ടുവിരലുകൾ ചെവിട്ടിൽ തിരുകി എല്ലാ ശക്തിയെയും ആവാഹിച്ചെടുത്തശേഷം എറമുള്ളാൻ കൂവി :

"അല്ലാഹു അക്ബർ... അല്ലാഹു അക്ബർർ..."

ഈ വിളി കേട്ടിട്ടുവേണം പള്ളിയുടെ ചുറ്റുപാടുകളിൽനിന്നും മാപ്പിളമാർ ഉണർന്നു പള്ളിയിലേക്കു വരാൻ: എറമുള്ളാൻറെ ശബ്ദം മൂന്നു നാഴിക അർദ്ധവ്യാസത്തിൽ സഞ്ചരിക്കുമെന്നാണു കേൾവി. പക്ഷേ, അന്നു ബാങ്കുവിളി കഴിഞ്ഞപ്പോൾ എറമുള്ളാനു നല്ല പന്തി തോന്നിയില്ല. അയാൾ ഒന്നു കാർക്കിച്ചുതുപ്പി വീണ്ടും ചെറുതായി ശബ്ദിച്ചു. എന്തോ ഒരു പന്തികേട്. ശബ്ദം ചിലച്ചതുപോലെ.

അന്നു സുബഹി നമസ്കാരത്തിനുവേണ്ടി ആരും പള്ളിയിൽ വന്നില്ല. യഥാസമയം നമസ്കാരത്തിനെത്തിച്ചേരാറുള്ള എല്ലാ സത്യവിശ്വാസികളും അന്നു പുതുമഴയുടെ തണുപ്പിൽ ഉറങ്ങിപ്പോയതായിരിക്കണം. അതോ, തൻറെ ശബ്ദം പതറിപ്പോയോ? എറമുള്ളാൻ സംശയസങ്കടത്തിലായി. എന്തായാലും ഖാളിയാർ കൂടി അന്നു പള്ളിയിൽ എത്തിയില്ല.

എറമുള്ളാൻ തനിച്ചു നിസ്കരിച്ചു. നൂറിലധികം സത്യവിശ്വാസികൾ ഒന്നായി നിസ്കരിക്കുന്ന പള്ളിക്കകത്ത് ഒരു കൊതുകിനെപ്പോലെ എറമുള്ളാൻ ദൈവത്തിൻറെ മുന്നിൽ മുട്ടുമടക്കി.

സൂര്യനുദിച്ചു. മഴ സൂര്യനുമീതേ അപ്പോഴും പെയ്തുകൊണ്ടിരുന്നു. പോളയില്ലാത്ത ജനാലപ്പടിയിലിരുന്ന് എറമുള്ളാൻ പുറത്തേക്കുനോക്കി. ചെമ്മൺനിരത്തിലൂടെ പാളത്തൊപ്പിയും തോർത്തുമുടുത്ത തിയ്യന്മാർ പണിക്കു പുറപ്പെട്ടിരിക്കുന്നു.

കുറെക്കഴിഞ്ഞപ്പോൾ മഴ തോർന്നു.

കറുത്ത റബ്ബറിൻറെ ചെരിപ്പുമിട്ട് എറമുള്ളാൻ പുറത്തിറങ്ങി, പള്ളിയിൽനിന്ന് ഒരു വിളിപ്പാടകലെയാണ് ഒമ്പതരക്കണ്ണൻറെ ചായപ്പീടിക. അതിനടുത്തുതന്നെയാണ് പഞ്ചായത്താപ്പീസും സ്കൂളും. എല്ലാം റെയിൽവേസ്റ്റേഷനിലേക്കു പോകുന്ന ചെമ്മൺപാതയോടു പറ്റിപ്പിടിച്ചു തന്നെ കിടക്കുന്നു.

ഒമ്പതരക്കണ്ണൻറെ പീടികയിൽ അന്ന് ആരുമെത്തിയിട്ടില്ല. കണ്ണൻറെ ഭാര്യ മുറത്തിൽ വിരിച്ച വാഴയിലയിൽ പുട്ടു കുത്തിയിടുമ്പോഴാണ് എറമുള്ളാൻ പീടികയിലേക്കു കയറിയത്. ബീഡിക്കുറ്റി പുറത്തെറിഞ്ഞ ശേഷം എറമുള്ളാൻ ബഞ്ചിലിരുന്നു കല്പിച്ചു:

“അരച്ചായ.”

“വെള്ളം ഒന്നു പതച്ചോട്ടെ.” ഒരു ക്ഷമാപണത്തോടെ കണ്ണൻ പറഞ്ഞു.

“ശരി.” കൈയിലിരിക്കുന്ന ദസ്വിയ* തിരിച്ചുകൊണ്ടു പടച്ചവനെ വിളിച്ചു കൊണ്ടിരുന്നു.

സമാവറിലെ ചെമ്പുനാണയം പൊട്ടാൻ തുടങ്ങി. ആവി പറക്കുന്ന ചായ മുന്നിൽ വന്നു; വാടിയ വാഴയിലയുടെ ഗന്ധമുള്ള പുട്ടും. എറമുള്ളാന് അന്നു തീരെ സ്വാദു തോന്നിയില്ല. ആർക്കോവേണ്ടി തിന്നുന്ന പോലെയാണ് അന്ന് അയാൾ പുട്ടുതിന്നുന്നത്. കണ്ണൻ ചോദിച്ചു:

“എന്താ, മുക്രിയാപ്ലിളേ, എന്തു പറ്റി ?”

എറമുള്ളാനു ദേഷ്യം വന്നു:

“ഇൻറെ ബെരള് പറ്റി. അര കൊറവുതന്നെ.”

എറമുള്ളാൻ ഇറങ്ങി നടന്നു. ഈറപിടിക്കുമ്പോൾ കണ്ണനെതിരേ പ്രയോഗിക്കുന്ന ഒരു ശകാരമാണ് അരവിരൽ. കണ്ണൻറെ ഇടത്തേ ചൂണ്ടുവിരൽ പകുതിയേയുള്ളൂ. നന്നേ ചെറുപ്പത്തിൽ കണ്ണൻ ഒരു തറി വൈദ്യൻറെ കൂടെയായിരുന്നു. പച്ചമരുന്നു തറിച്ചുകൊണ്ടിരുന്ന ഏതോ ഒരു ദുർദിനം അതു പറ്റി. പകുതി വിരൽ മരുന്നിനോടൊപ്പം ചേർന്നു. അന്നുമുതൽ അയാൾ ഒമ്പതരക്കണ്ണൻ.

നിരത്തിൽ ഓത്തുപള്ളിയിലെ കുട്ടികൾ പ്രത്യക്ഷപ്പെട്ടു. ഓത്തു പലകയും കൈയിൽപ്പിടിച്ചു പട്ടുറുമാലും തട്ടവുമിട്ട മൂക്കൊലിപ്പിച്ചു നടക്കുന്ന കുട്ടികൾ അട്ടഹസിച്ചുകൊണ്ടിരുന്നു. അവരുടെ ഉടു തുണികളിൽ പുതുമഴയുടെ ചളിപുരണ്ടത് അവർ അറിഞ്ഞില്ല.

എറമുള്ളാനെ കണ്ടപ്പോൾ കുട്ടികൾ അയാൾക്കു ചുറ്റും കൂടി. അവർ വിളിച്ചുകൂവി :

"എറമുള്ളാനിക്കാ, ഒരു കെസ്സ് പാട്."

എറമുള്ളാൻ നന്നായി കെസ്സ് പാട്ടുകൾ പാടും. നല്ല ഈണത്തിൽ കൈപ്പത്തി മുട്ടിക്കൊണ്ടുള്ള എറമുള്ളാൻറെ പാട്ടുകേൾക്കാൻ കുട്ടികൾക്കു വലിയ വിനോദമായിരുന്നു.

പക്ഷേ, അന്ന് എറമുള്ളാൻ പാട്ടു പാടിയില്ല. ആരോടും ഒന്നും ഉരിയാടാതെ അയാൾ പള്ളിയെ ലക്ഷ്യംവച്ചു നടന്നു.

കാലു കഴുകി വീണ്ടും പള്ളിയിൽക്കയറിയിരിപ്പായി.

റോഡിൻറെ തെക്കുഭാഗം പള്ളിയാണ്. വടക്കുഭാഗത്തുള്ള നൊച്ചിൽക്കാടുകൾക്കിടയിലാണ് ഓത്തുപള്ളി. ഓത്തുപള്ളിയിൽനിന്ന് ശബ്ദം പുറപ്പെട്ടപ്പോൾ എറമുള്ളാൻ തലപൊക്കി നോക്കി. മൂസ്സ മുസലിയാർ എത്തിയിരിക്കണം. അപ്പോഴാണ് കുട്ടികൾ അച്ചടക്കത്തോടെ ഓതാൻ തുടങ്ങുക.

പള്ളിപ്പറമ്പിലെ ഒറ്റയടിപ്പാതയിലൂടെ ആരോ നടന്നുവരുന്നു. നോക്കിയപ്പോൾ ബുദ്ധനദ്രാമാനും കുട്ടികളും. കുഞ്ഞാലിയെയും പൂക്കുഞ്ഞിബീയെയും പള്ളിയിലെത്തിക്കുന്നത് ബുദ്ധനദ്രാമാനാണ്. എറമുള്ളാനെ കണ്ടപ്പോൾ അദ്രാമാൻ വിളിച്ചുപറഞ്ഞു:

"നാൻ എത്തിപ്പോയി."

'പോ ചെകുത്താനേ' എന്നു പറയാനാണു തോന്നിയത്. തൻറെ എല്ലാമായ കുറൈശിപ്പാത്തുവിനെ കൈയടക്കി കെട്ടിയോളാക്കിയവനാണ് അദ്രാമാൻ. പക്ഷേ, സ്വന്തം പ്രതിഷേധം എറമുള്ളാൻ ഒരിക്കലും പുറത്തുകാണിച്ചില്ല. തൻറെ ആരാധനാദേവിയായ കുറൈശിപ്പാത്തുവിനെ കെട്ടിയവൻ എന്നതിൻറെപേരിൽ എറമുള്ളാന് അദ്രാമാനോട് ബഹുമാനമായിരുന്നു.

പെട്ടെന്നാണ് കുതിരക്കുളമ്പടി കേട്ടത്. വലിയ തങ്ങൾ മടങ്ങുകയാണ്. പുലരാൻകാലത്തെ കുതിരസ്സവാരി കഴിഞ്ഞു ക്ഷീണിതനായ കുതിരയുടെ മടക്കയാത്ര.

ഒറ്റയടിപ്പാതയിൽ കുതിരയും തങ്ങളും പ്രത്യക്ഷപ്പെട്ടു. പള്ളിപ്പറമ്പിലെ പടിഞ്ഞാറുഭാഗത്താണ് ഒറ്റയടിപ്പാത. അതു പൊതുവഴിയല്ല. അതവസാനിക്കുന്നത് അറയ്ക്കൽത്തറവാട്ടിലാണ്. തറവാട്ടിലെ ആളുകളല്ലാതെ മറ്റാരും ആ വഴിയിലൂടെ നടക്കാറില്ല.

കുതിരയെക്കണ്ടതോടെ അദ്രാമാൻ ഓത്തുപള്ളിയിൽനിന്നും ഓടിയെത്തി. തങ്ങളെ ഇറക്കിയശേഷം അവൻ കുതിരയെയുംകൊണ്ടു നീങ്ങി; മുന്നാലെ തങ്ങളും.

ഓത്തുപള്ളിയിൽനിന്നു പൂത്തിരി കത്തിച്ചപോലെ കുട്ടികൾ പുറത്തിറങ്ങി. രണ്ടു മണിക്കൂർ ഓതിക്കഴിഞ്ഞാൽപിന്നെ എഴുത്താണ്. മലയാളം എഴുത്ത്. അതിനിടയിൽ പത്തു പതിനഞ്ചു മിനിട്ട് ഒഴിവുണ്ട്. ആ ഒഴിവ് ആഘോഷിക്കാനായി കുട്ടികൾ നാലുപാടും പാഞ്ഞു നടന്നു.

ഒറ്റപ്പെട്ട രണ്ടു കുട്ടികൾ പള്ളിയെ ലക്ഷ്യം വച്ചുനടന്നു.

“എറമുള്ളാനിക്കാ!…”

ശബ്ദം കേട്ട് എറമുള്ളാൻ എഴുന്നേറ്റു.

“ചന്ദനത്തിരി.” കുട്ടികൾ പറഞ്ഞു.

“ഇങ്ങള് പോയി കത്തിക്കോളീൻ.”

എറമുള്ളാൻ ഒരു താൽപര്യവും കാണിച്ചില്ല. വലിയ തങ്ങളുടെ ഖബറും പുറത്ത് ഏതോ ഒരു നേർച്ചയ്ക്കുവേണ്ടി ചന്ദനത്തിരി പുകയിച്ചു കത്താനാണ് കുട്ടികൾ വന്നത്. ആരുടെയോ രോഗം മാറാനോ, ഏതോ പെൺകുട്ടിയുടെ വർഷങ്ങൾക്കുമുമ്പു നാടുവിട്ടുപോയ ഭർത്താവു മറുനാട്ടിൽനിന്നു തിരിച്ചുവരാനോ വേണ്ടി ആരോ നേർന്ന നേർച്ച.

സാധാരണയായി ഈ കർമ്മത്തിനു സഹായിക്കുന്ന എറമുള്ളാൻ അന്ന് എഴുന്നേറ്റില്ല. കുട്ടികൾ വീണ്ടും തിരക്കി.

“എറമുള്ളാനിക്കാ ഒന്നു ബരീം.”

മനമില്ലാമനസ്സോടെ എറമുള്ളാൻ എഴുന്നേറ്റു.

തീപ്പെട്ടിക്കൊള്ളിയുരച്ച് ഏഴു ചന്ദനത്തിരികൾ കത്തിച്ചു. പുകയുന്ന ചന്ദനത്തിരികളുമായി വലിയ തങ്ങളുടെ ഖബറിനടുത്തു നിന്നുകൊണ്ട് കുട്ടികളോട് പറഞ്ഞു:

“നേർച്ച വിചാരിച്ചോളീൻ.”

മടക്കിക്കുത്തിയ മുണ്ട് അഴിച്ചിട്ടശേഷം ചുണ്ടുകൾമാത്രം അനക്കിക്കൊണ്ടു കുട്ടികൾ എന്തോ പ്രാർത്ഥന മന്ത്രിച്ചു.

എറമുള്ളാൻ ചന്ദനത്തിരികൾ ഓരോന്നായി മീസാൻകല്ലിനു ചുറ്റും പഴയ മണ്ണിൽ കുത്തിവെച്ചു. അവ പുകയായി പള്ളിപ്പടർപ്പുകളിലേക്ക് കയറി.

ഓത്തുപള്ളിയിൽ മണി മുഴങ്ങി. എഴുത്തിനുള്ള നേരമായി. നേർച്ചയ്ക്കുവന്ന കുട്ടികൾ ഓത്തുപള്ളിയെ ലക്ഷ്യംവച്ചോടി.

* രുദ്രാക്ഷമാലപോലുള്ള ജപവസ്തു

പതിനാറ്

ശങ്കരക്കുറുപ്പുമാഷ് ആരെക്കാണുമ്പോഴും ചിരിക്കും. പരിചയമുണ്ടായാലും ഇല്ലെങ്കിലും ശരി. അപ്പോൾ വെളുത്ത പല്ലുകൾക്കിടയിൽ ഉമിക്കരി തെളിയും. പിന്നെ സംസാരിക്കും. അപ്പോൾ പുതുമഴയുടെ പെശറുപോലെ തുപ്പൽതെറിക്കാൻ തുടങ്ങും. ശങ്കരക്കുറുപ്പ് മാഷ് പഠിപ്പിക്കുമ്പോൾ മുൻബഞ്ചിലിരിക്കുന്ന കുട്ടികൾ കുടപിടിച്ചാൽ നന്നാകുമെന്ന് കുഞ്ഞാലി പലപ്പോഴും ഓർത്തു. അവൻ എന്നും മുൻ ബഞ്ചിലാണിരിക്കുക.

പത്തു പത്തരയാവും ശങ്കരക്കുറുപ്പ് സ്കൂളിലെത്താൻ. എത്തിയ ഉടനെ ഒരു ചോദ്യമാണ്: "എല്ലാവരും ഒപ്പിട്ടോ?" പിന്നെ സ്വന്തം കൈയൊപ്പ് പട്ടികയിൽ ചാർത്തുന്നു. അതോടെ ദിവസം സജീവമായി. ശമ്പളത്തിൽ അര ഉറുപ്പിക വർദ്ധിച്ചു. ഉടനെ ഒരു അട്ടഹാസമാണ്:

"എടാ കുഞ്ഞാലീ !"

ഓതിക്കൊണ്ടിരിക്കുന്ന കുഞ്ഞാലി ഖുർ ആൻ മുസാബിൽ ഉമ്മവച്ച് അതടച്ചുവച്ചശേഷം ഒരോട്ടം.

"ചെല്ല് ഹമ്ക്കേ. ഒരു ചായയും സിഗററ്റും."

ആ അട്ടഹാസം വീണ്ടും ഉയരുമ്പോഴേക്കും കുഞ്ഞാലി ഓടി ഒമ്പതരക്കണ്ണൻറെ പീടികയിലെത്തും.

ഒമ്പതരക്കണ്ണൻറെ പീടിക പണ്ടു പറഞ്ഞപോലെ റെയിൽവേ സ്റ്റേഷൻറെ തൊട്ടുപിറകിലാണ്. വണ്ടിക്കു പോകുന്നവരും പഞ്ചായത്താപ്പീസിലെ ക്ലാർക്കും ശിപായിയും ഓത്തുപള്ളിക്കൂടത്തിലെ അധ്യാപകരുമാണ് അവിടത്തെ സ്ഥിരം പറ്റുകാർ.

എല്ലാം അവിടെ ഒരു പതിവാണ്. പഞ്ചായത്താപ്പീസിലെ കൃഷ്ണൻ നമ്പ്യാർ വരുമ്പോൾ പൊടി കുറച്ച ഒരു ചായയും ഒരു നേന്ത്രപ്പഴവും കണ്ണൻ അയാളുടെ മുന്നിൽവയ്ക്കുന്നു. ശിപായി വരുമ്പോൾ പാലൊഴിക്കാത്ത അരച്ചായയും ആഴക്കവിലും ഗോപാലക്കുറുപ്പു മാസ്റ്റർക്ക് മൂന്നു കഷണം പുട്ടും ഒരു കടലക്കറിയും ഒരു ഫുൾ ചായയും. ഓരോ ആളുടെ വയറിൻറെയും കീശയുടെയും ആഴത്തെ ആശ്രയിച്ച് കണ്ണൻ ഓരോ ആളെയും ഊട്ടുന്നു.

കുഞ്ഞാലിയെക്കണ്ടയുടനെ നല്ല പാലുപാർന്നു തൈരുപോലെ കൊഴുത്ത ഒരു ചായയുണ്ടാക്കി. കൂടെ ഒരു കത്രികസിഗററ്റും. അതാണ് ശങ്കരക്കുറുപ്പിൻറെ ഭക്ഷണം.

ചായ കുടിച്ചശേഷം ശങ്കരക്കുറുപ്പ് താടിവടിച്ചു മിനുസപ്പെടുത്തിയ മേൽച്ചുണ്ടിലെ വിയർപ്പുമണികൾ തോർത്തുകൊണ്ട് തുടച്ചു. പിന്നെ ഏതെല്ലാമോ ശക്തികളെ ആവാഹിച്ചെടുത്തു കത്രിക സിഗററ്റ് ചുണ്ടിൽ വച്ചു.

അതിൻറെ സുഗന്ധം പള്ളിക്കൂടത്തിൽ പരക്കും. കുഞ്ഞാലി മൂക്കു വിടർത്തി സിഗററ്റിൻറെ മണം അകത്തേക്കു കടത്താൻ ശ്രമിക്കും. അതുപോലെ പല കുട്ടികളും, സിഗററ്റ് വലിക്കാത്ത മാഷന്മാരും.

അവസാനത്തെ പുകവിട്ട്, നിരാശയോടെ കുറ്റി എറിഞ്ഞശേഷം ഒരു ചോദ്യമാണ്:

"എല്ല മൂസമാഷേ, ഇന്നു വെറും ഓത്തേ ഉള്ളൂ?"

മുസലിയാരാണെങ്കിലും ശങ്കരക്കുറുപ്പ് മൂസ്സമാഷെന്നേ വിളിക്കൂ. ഒരപരാധം പറ്റിയപോലെ മൂസ്സമുസലിയാർ ശങ്കരക്കുറുപ്പിനെ നോക്കുന്നു. പിന്നെ മേശയ്ക്കടിച്ചുകൊണ്ട് പറയുന്നു:

"ഓത്ത് മതിയാക്കീൻ കുട്ടികളെ, മതിയാക്കീൻ! എല്ലാവരും ക്ലാസ്സിൽ ഇരുന്നോളീൻ!"

അന്തരീക്ഷം പെട്ടെന്നു ശാന്തമായി. ഓത്തു നിന്നു. കുട്ടികൾ പലകകളും ഖുർ ആൻ മുസാബും മടക്കിവച്ച് ക്ലാസ്സുകളിൽ കയറി. അതോടെ മൂസ്സമുസലിയാരുടെ ദിവസം യഥാർത്ഥത്തിൽ അവസാനിച്ചു.

ഓത്തു പഠിപ്പിക്കുകയാണ് മൂസ്സമുസലിയാരുടെ ജീവിതലക്ഷ്യം. പക്ഷേ, അയാൾ ആ പള്ളിക്കൂടത്തിലെ ഒരദ്ധ്യാപകൻകൂടിയാണ്. അയാൾ എങ്ങനെയോ നാലാംതരം പാസ്സായിരുന്നു. അതുകൊണ്ട് അന്നത്തെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ശിവശങ്കരയ്യരുടെ പ്രത്യേകാനുമതിപ്രകാരം മൂസ്സമുസലിയാർ അദ്ധ്യാപകനുംകൂടിയായി.

ആകെ അറുപത്തിനാലു കുട്ടികളാണ് സ്കൂളിൽ. കടപ്പുറത്തു നന്നായി മീൻ പടുന്ന ദിവസം അവരുടെ ഹാജർ ഇരുപതോ മുപ്പതോ ആയി ചുരുങ്ങും. കള്ള ഹാജർ വരച്ചിട്ടാണ് ഹെഡ്മാസ്റ്റർ കോറം തികയ്ക്കുന്നതുതന്നെ.

അന്ന് മൂസ്സമുസലിയാരുടെ ക്ലാസ്സിൽ ഒമ്പതു കുട്ടികളേ ഉണ്ടായിരുന്നുള്ളൂ; ഇരുപത്തിയൊന്നുപേർ വേണ്ട സ്ഥലത്ത്. പക്ഷേ, അതിലൊന്നും മൂസ്സ മുസലിയാർക്കു താത്പര്യമില്ല. അയാൾ പതിവുപോലെ ചൊറിഞ്ഞുകൊണ്ടിരുന്നു.

ദേഹം മുഴുവൻ വട്ടച്ചൊറിയാണ്. പാമ്പിൻറെ ഉറയുടെ നിറവും കോലവുമാണ് അയാളുടെ തടിക്ക്. ചിതമ്പലുള്ള തോൽ. വിയർപ്പു പൊടിയുമ്പോൾ ഇടതടവില്ലാതെ ചൊറിയും. ചൊറിയുന്ന ശബ്ദം മറ്റ് ഒച്ചപ്പാടുകളൊന്നുമില്ലെങ്കിൽ പള്ളിക്കൂടത്തിൻറെ മതിലുകളിൽ ചെന്നടിക്കും.

മേശയ്ക്കടിച്ചുകൊണ്ട് മുസലിയാർ ഒച്ചയെടുത്തു:

"എന്താടാ, നത്തിൻറെ മാതിരി കുത്തിരിക്ക്ന്ന്? പുസ്തകമെടുത്ത് ബായിക്ക് നായിൻറെ മക്കളെ."

കുഞ്ഞാലി ചോദിച്ചു:

"എന്താ മൊയില്യാരെ ബായിക്കണ്ടത്?"

"പാഠമാലതന്നെ ഹമ്ക്കേ."

കാച്ചിയും തട്ടവുമിട്ട പെൺകുട്ടികളും മെട്ടേവടിച്ച ആൺകുട്ടികളും ഒത്തൊരുമിച്ചു പാടിത്തുടങ്ങി :

“അരികത്തമ്പോട്ടു വരുന്നുണ്ടമ്മേ ഞാൻ
കരയായ് കോമനേ കരൾ വാടീ...”
പാഠമാല അവർ വളരെനേരം പാടിക്കൊണ്ടിരിക്കവേ ഒരട്ടഹാസം:

"മതിയാക്കടാ കാഫറിൻറെ പാട്ട്." മേശയ്ക്കടിച്ചുകൊണ്ടുതന്നെ മുസലിയാർ കൂവി. എന്തു പറയുമ്പോഴും അയാൾക്കു മേശയ്ക്കടിക്കണം. ആ അടിയിൽനിന്നു കിട്ടുന്ന ഒരു ശക്തികൊണ്ടാണ് അയാൾ അട്ടഹസിക്കുന്നതെന്നു തോന്നും.

കുട്ടികൾ ഒരു ചരടുപോലെ പെട്ടെന്നുനിന്നു.

"എല്ലാവരും പോയി പാത്തിറ്റ് ബരീൻ... തണ്ണീം കുടിക്കേണ്ട കുട്ടർ തണ്ണീരും കുടിക്കീം."

മൂത്രമൊഴിക്കാനായി പള്ളിക്കുളത്തിലേക്ക് ആൺകുട്ടികളും, അടുത്ത മാപ്പിളപ്പുരയിലേക്ക് പെൺകുട്ടികളും പതിവുപോലെ ഓടി.

മൂസ്സമുസലിയാർ അസഹ്യമായി ചൊറിഞ്ഞുകൊണ്ടിരുന്നു. ചൊറി അയാളെ അടിമപ്പെടുത്തുകയാണ്; എല്ലാവരെയും അടിമകളാക്കാൻ ശ്രമിക്കുന്ന മൂസ്സമുസലിയാരെ.

അടുത്ത ക്ലാസ്സുകളിൽനിന്നു വരുന്ന എല്ലാ പാഠമാലകളും ഭൂമി ശാസ്ത്രവും പ്രകൃതിപാഠവും തോട്ടപ്പണിയും സിവിക്സും മൂസ്സ മുസലിയാരുടെ ചെവിട്ടിലൂടെ കടന്നുപോയി. അപ്പു മാസ്റ്ററും ശങ്കരക്കുറുപ്പും ജാനകിടീച്ചറും തകർത്തു പഠിപ്പിക്കുകയാണ്. ശങ്കരക്കുറുപ്പിൻറെ നെറ്റിയിൽ വിയർപ്പും, ചുണ്ടുകളിൽ പഠിക്കാത്ത കുട്ടികളോടുള്ള കോപവും തളംകെട്ടിനിന്നു.

അപ്പോഴേക്കും കുട്ടികൾ വന്നു.

"നല്ലോണം മനാരിച്ചിക്കോ നായ്ക്കളേ...."

കുട്ടികൾ പുഴുത്ത പല്ലുകൾ കാട്ടി ചിരിച്ചു.

"ഇനി ഞമ്മക്ക് കൊറച്ച് സെയിൻസ് പഠിക്കാം; എന്താ കുഞ്ഞാലീ ?"

"ങാ, മൊയില്യാരെ."

"ബലിച്ചാൽ ബലിയുന്നതും ബലി ബിട്ടാൽ ശുരുങ്ങുന്നതും ആയ ഒരു സാതനം പറ. ചോയിക്കുന്ന ആള് പറേണം."

കുട്ടികൾ ആകാംക്ഷയോടെ നോക്കിനിന്നു.

"ഞ്ഞി പറേടാ മൊയ്തീനേ."

മൊയ്തീൻ എഴുന്നേറ്റുനിന്നു മൂക്കുവലിച്ചു കയറ്റി മൂക്കിൻ ദ്വാരം വരെ നാവു ചെല്ലിച്ചു പറഞ്ഞു:

"ചക്കപ്പഷ."

"ഫാ! ഹമ്ക്കേ!" അവനെ കുറെ സെക്കൻഡുകൾ തറച്ചുനോക്കി. പിന്നെ പറഞ്ഞു:

"ഞ്ഞി പറടീ പാത്തുട്ടീ."

ചെവിടൊലിക്കുന്ന പാത്തുട്ടി എഴുന്നേറ്റ് പറഞ്ഞു:

"ഡമ്പർ."

"പഷ്ട്. പാത്തുട്ടി മൊയ്തീനെ തോപ്പിച്ചു."

പാത്തുട്ടി തട്ടത്തിൻറെ അറ്റംകൊണ്ടു ചലം ചോരുന്ന ചെവിതുടച്ചു.

"ഭൂമി ഉരുണ്ടതോ പരന്നതോ?" വട്ടക്കണ്ണിട്ട് അങ്ങുമിങ്ങും നോക്കിക്കൊണ്ട് ചോദിച്ചു.

"ഞ്ഞി പറടാ പീടികേൻറെ വയ്യിൽ താമസിക്കും കുഞ്ഞിപ്പോക്കർ."

കുഞ്ഞിപ്പോക്കർ എഴുന്നേറ്റുനിന്നു. എന്നിട്ടു പറഞ്ഞു:

"പരന്നിറ്റ്."

"ശറി. പക്കേങ്കില് അത് ഞമ്മളെ ഇസ്ലാംദീൻ പ്രകാരം."

ഇടങ്കണ്ണിട്ട് ശങ്കരക്കുറുപ്പിനെ നോക്കിയശേഷം പറഞ്ഞു:

“സെയിൻസിൽ ഭൂമി ഉരുണ്ടതോ പരന്നതോ?...”

കുഞ്ഞിപ്പോക്കർ വിഷമിച്ചു. സയൻസിലായാലും ദീനിലായാലുംഭൂമി പരന്നിട്ടുതന്നെ.

“സയൻസിലും പരന്നിറ്റ്തന്നെ.”

മൂസ്സമുസലിയാർക്കു ഹാലിളകി :

“ഇങ്ങ് ബാ ഹമുക്കേ!”

കുഞ്ഞിപ്പോക്കർ മേശയ്ക്കടുത്തേക്കു നീങ്ങി. മൂസ്സമുസലിയാരുടെ കണ്ണുകളിൽനിന്ന് ചെങ്കല്ലിൻകഷണങ്ങൾ തെറിച്ചുകൊണ്ടിരുന്നു. തലയിൽ പട്ടുറുമാൽ കെട്ടിയ കുഞ്ഞിപ്പോക്കറിൻറെ മുഖം വിയർപ്പായി മാറി. മുസലിയാർ പട്ടുറുമാൽ വലിച്ചുനീക്കി. അപ്പോൾ മൊട്ടത്തല നിന്നു മിന്നി. തേങ്ങാക്കുടയുടെ ഇരുമ്പുതാക്കോലെടുത്ത് അയാൾ മൊട്ടത്തലയിൽ മേടി. അതുകൊണ്ടും തൃപ്തിവരാതെ ചോക്കു കൊണ്ട് മൊട്ടത്തലയിൽ ഒരു വലിയ പൂജ്യം വരച്ചു.

അപ്പോഴാണ് മണിയൊച്ച കേട്ടത്. റെയിൽപ്പാളത്തിലെ ഒരു പഴയ ഇരുമ്പുദണ്ഡിൽ ചെറിയ ഇരുമ്പുചുറ്റികകൊണ്ട് കുഞ്ഞാലി ആഞ്ഞാഞ്ഞ് അടിക്കുകയായിരുന്നു. ഓത്തുപള്ളിക്കൂടത്തിൽ ഓരോന്നിനും നിയുക്തരായവർ അവരവരുടെ ജോലിചെയ്യുന്നു. കുഞ്ഞാലി ശങ്കരക്കുറുപ്പുമാസ്റ്റർക്കു ചായയും കത്രിക സിഗററ്റും എത്തിച്ചു കൊടുക്കുന്നു. ഉച്ചയാവുമ്പോൾ ബെല്ലടിക്കുന്നു. മൂസ്സമുസലിയാർ ഖുറാൻ പഠിപ്പിക്കുകയുംചെയ്യുന്നു. ഓത്തുപള്ളിക്കൂടത്തിൽ ആളുകൾ യന്ത്രങ്ങളെപ്പോലെ പ്രവർത്തിച്ചു.

മണിയടി കഴിഞ്ഞപ്പോൾ പള്ളിക്കൂടം ഏതാനും നിമിഷങ്ങൾ നിശ്ശബ്ദമായി. പിന്നെ ഒരാരവമായിരുന്നു. പുസ്തകങ്ങളും സ്ലേറ്റും മൂലകളിലേക്കെറിഞ്ഞുകൊണ്ടു കുട്ടികൾ ചോറു തിന്നാനായി ഓടിത്തുടങ്ങി.

അപ്പുമാഷും ശങ്കരക്കുറുപ്പും ആദ്യം ഇറങ്ങി. പിന്നെ പഴകി നരച്ച മൊട്ടുക്കുടയുമെടുത്ത് ജാനകിടീച്ചറും.

ജാനകിടീച്ചർ കുടയും തുറന്നു കലുങ്ങിക്കലുങ്ങി നടക്കുന്നത് മൂസ്സമുസ്സലിയാർ കിളിവാതിലിലൂടെ നോക്കി. പഹച്ചി ഇതുവരെ പെറ്റില്ലല്ലോ എന്നോർത്ത് മുസ്സലിയാർ അസൂയപ്പെട്ടു.

മുസലിയാർ എങ്ങും പോവില്ല. പുരയിൽനിന്നു പുറപ്പെടുമ്പോൾ കഞ്ഞിയും പുഴുക്കും നന്നായി അകത്താക്കിയതാണ്. ഇനി വൈകുന്നേരം. നാലു നാഴിക നടന്നു വീട്ടിലെത്തിയിട്ടു വേണം ചോറു തിന്നാൻ. റെയിലും വയലും പുഞ്ചപ്പാടവും പാഞ്ചേരിക്കാട്ടിലെ കുന്നും കടന്നു വീട്ടിലെത്തുമ്പോഴേക്കും തളരും. പിന്നെ കാലും മുഖവും കഴുകി ഒരിരുപ്പാണ്. സാണിൽ നിറച്ച നാഴിയരിയുടെ വടക്കനരിച്ചോറും തേങ്ങയരച്ചു കുറുക്കിവച്ച മീൻകറിയും ഉപ്പിലിട്ട മാങ്ങയുംകൂടി ഒരു തീറ്റയുണ്ട്. അപ്പോഴേക്കും മുസലിയാർ വിയർക്കും.

മൂസ്സമുസലിയാർ ഒറ്റയിരുപ്പാണ്. പഴയ ചൂരൽക്കസേരയിൽ കാലത്തുവന്നിരുന്നാൽപ്പിന്നെ പള്ളിക്കൂടം വിടുന്ന മണിയടി കേട്ടാലേ എഴുന്നേല്ക്കൂ. അതിനിടയിൽ ഒരു പ്രാവശ്യം മാത്രം പള്ളിയിൽ പോയി നിസ്കരിക്കും. അപ്പോഴേക്കും ആസനം ചൂരൽക്കസേരയിലെ അന്തേവാസികളായ മൂട്ടകൾ കുടിച്ചും തിന്നും തകർത്തിരിക്കും.

കുഞ്ഞാലിയാണ് ആദ്യം മടങ്ങിയെത്തിയത്. എന്നും അവൻതന്നെയാണ് എത്തുക. പിന്നെ കുഞ്ഞിപ്പോക്കർ വന്നു. മുസലിയാർ വിളിച്ചു:

“ബരീനടാ.”

കുട്ടികൾ കസേരയ്ക്കടുത്തേക്കു നീങ്ങി. കുപ്പായം പിന്നിൽനിന്നു കയറ്റി പുറംമുഴുവനും കാട്ടിക്കൊണ്ട് മുസലിയാർ അഭ്യർത്ഥിച്ചു:

“ഒന്നു ചൊറിഞ്ഞുതാ മക്കളെ.”

മൂർച്ചയേറിയ നഖങ്ങൾ വാശിയോടെ മേലോട്ടും താഴോട്ടും വലിച്ചു കുട്ടികൾ മാന്തിത്തുടങ്ങി. കുറെക്കഴിഞ്ഞപ്പോൾ കുട്ടികൾ പറഞ്ഞു:

"മൊയ്ല്യാരെ, ചോര് വര്ന്ന്."

അവരുടെ നഖങ്ങളിൽ കറുത്ത ചന്ദ്രക്കലകൾ കുടുങ്ങിനിന്നു. കുട്ടികൾ പിന്നെയും മാന്തിക്കൊണ്ടിരുന്നു.

മൂസ്സമുസലിയാരുടെ തല സുഷുപ്തിയിൽ താഴ്ന്നു താഴ്ന്നിറങ്ങി.

പതിനേഴ്

പള്ളിപ്പറമ്പിനോടു ചേർന്നുതന്നെയാണ് അറയ്ക്കൽത്തറവാട്. നീണ്ടുയർന്ന ഒരു കന്മതിലാണ് അതു രണ്ടിനെയും വേർതിരിക്കുന്നത്. കന്മതിലിൻറെ ഒരു ഭാഗത്തു ജീവിക്കുന്നവരും അപ്പുറം മരിച്ചവരും. ജീവിതത്തിൻറെയും മരണത്തിൻറെയും ഇടയിലുള്ള ഒരു വലിയ തുലനശക്തി പോലെ ആ മതിൽ നിലകൊണ്ടു.

മതിലിനു മുകൾപ്പരപ്പിൽ കൂർത്തു നില്ക്കുന്ന അനേകം കുപ്പിക്കഷണങ്ങളുണ്ട്. മഴക്കാലത്തു മതിലിനു പച്ചനിറമായിരിക്കും. വേനലിൻറെ ആരംഭത്തോടെയാണ് മതിൽപ്പൊത്തുകൾ പ്രത്യക്ഷപ്പെടുക. അവയിലെല്ലാം അനേകായിരം ക്ഷുദ്രജീവികൾ രാപ്പകൽ വിഹരിച്ചു.

കന്മതിൽ സിമിൻറിടാനുള്ള സാമ്പത്തികശേഷി പൂക്കോയത്തങ്ങൾക്ക് ഇല്ലാഞ്ഞിട്ടല്ല. പള്ളിപ്പറമ്പിനെയും തറവാടിനെയും വേർതിരിക്കുന്ന മതിൽ പ്രാകൃതമായിത്തന്നെ കിടക്കണമെന്ന് തങ്ങൾ ശഠിച്ചു.

പള്ളിപ്പറമ്പിൽ എന്നും ഇരുട്ടായിരിക്കും. അവിടെ രാപ്പകലുകൾക്ക് വ്യത്യാസമില്ല. ഇടതൂർന്ന വൃക്ഷങ്ങളും കാടും ചണ്ടിയും രാപ്പകലുകളെ നിറഭേദമില്ലാതാക്കി. മതിലിനപ്പുറത്തുള്ള അറയ്ക്കൽത്തറവാട്ടിൽ രാത്രിയും പകലും വെളിച്ചംതന്നെ.

പള്ളിപ്പറമ്പിൻറെ അത്രതന്നെ വിസ്തീർണ്ണമുണ്ട് വീടിനും പറമ്പിനും. മതിലിൻറെ തെക്കേ അരികിലാണ് പടിപ്പുര. അവിടെയാണ് കാവൽക്കാരനായ ബുഹാരിയുടെ വിഹാരം. ബുഹാരി ശ്ഗർഖയെപ്പോലെയാണ്. പകൽ മുഴുവൻ ഉറങ്ങുകയും രാത്രി ഉണർന്നിരിക്കുകയുംചെയ്യുന്നു. ഉണർന്നിരിക്കുമ്പോൾ റാന്തൽ കത്തിച്ചുവയ്ക്കുക അയാളുടെ സ്വഭാവമാണ്.

പടിപ്പുര കഴിഞ്ഞാൽ വിശാലമായ മുറ്റം. മുറ്റത്തിൻറെ മൂന്നരികിലും പഴവർഗ്ഗങ്ങളുടെ ചെടികളാണ്. ഇന്ത്യൻ ചെടികളും അറേബ്യൻ ചെടികളും. ഇന്ത്യൻ ചെടികൾ വീട്ടുകാരനെപ്പോലെയും അറേബ്യൻ ചെടികൾ വന്നവനെപ്പോലെയും വളർന്നുനിന്നു.

കൊട്ടാരംപോലെയാണ് തറവാട്. കടപ്പുറംപോലെ നീണ്ട കോലായും: അതിൽ നിറയെ ഇരിപ്പിടങ്ങൾ; മരംകൊണ്ടും ചൂരൽകൊണ്ടും ഉണ്ടാക്കിയവ. കോലായിൽനിന്നു കടന്നാൽ വലിയ അകത്തളമാണ്. കടക്കുമ്പോൾ കാൽ വഴുതിപ്പോകും. അത്രയും മിനുസമുള്ളതാണ് താഴെ വിരിച്ച പരവതാനി. മേലേ അസംഖ്യം തൂക്കുവിളക്കുകൾ. അതു കാണുമ്പോൾ ഒരു വാളു കിട്ടിയിരുന്നെങ്കിൽ എന്നു മോഹിച്ചു പോകും.

അകത്തളത്തിൻറെ വലത്തേയറ്റത്താണ് വീട്ടികൊണ്ടുണ്ടാക്കിയ കോണി. അതു മനോഹരമായ മച്ചിനെ ചതുരത്തിൽ ഒരിടത്തു മുറിച്ചു കൊണ്ട്നിലകൊണ്ടു; ആ മുറിയിൽനിന്നു തൂങ്ങിനില്ക്കുന്ന ഒരു നട്ടെല്ലുപോലെ.

അകത്ത് ഇരുട്ടാണ്. ഇരുട്ടിൽ ഒരുപാടു മുറികളും ഇടനാഴിയും. അവിടം നിറയെ പെണ്ണുങ്ങളും മരുമക്കളും; അതവസാനിക്കുന്നതു ചായ്പിലാണ്. കുഞ്ഞാലിയുടെയും കുറൈശിപ്പാത്തുവിൻറെയും സങ്കേതം. ചായ്പിനപ്പുറമാണ് പ്രസിദ്ധമായ അടുക്കള.

അടുക്കളയ്ക്കു പുറകിൽ വലിയ മുറ്റം. മുറ്റം അവസാനിക്കുന്നേടത്ത് കനത്ത് നീണ്ട കന്മതിൽ. മുറ്റത്തു കുണ്ടിയുമാട്ടി നടക്കുന്ന കുറെ താറാവുകൾ. പിന്നെ കോഴികളും അതിൻറെ അസംഖ്യം കുഞ്ഞുങ്ങളും. മതിലിനരികിലുള്ള കൂട്ടിൽ അരിപ്രാവുകൾ. ഇതെല്ലാത്തിൻറെയും കാഷ്ഠവും അതിൻറെ നാറ്റവും. ഇത്രയുമായാൽ തറവാടിൻറെ അന്തസ്സത്ത മുഴുവനുമായി.

യഥാർത്ഥത്തിൽ അടുക്കളയിലാണ് ജീവിതം. കുറൈശിപ്പാത്തു അട്ടഹസിച്ചു:

"എന്താടീ നോക്കിനില്ക്കുന്നത്? കോയീന ബേഗം പൊളിച്ചെടുക്ക്."

കുറൈശിപ്പാത്തുവാണ് വേലക്കാരത്തിപ്പെണ്ണുങ്ങളുടെ മൂപ്പത്തി. അവളുടെ കീഴിൽ ആറേഴു പെണ്ണുങ്ങളുണ്ട്; ചെറുതും വലുതുമായി. പാത്തുവിൻറെ ആജ്ഞാശക്തിയുടെ കീഴിലാണ് മറ്റുള്ളവരെല്ലാം പണിയെടുക്കുക. അടുക്കളയിലെ രാജ്ഞി എന്നും പാത്തുവാണ്. തങ്ങളും തങ്ങളുടെ ഭാര്യപോലും അടുക്കളയിൽ പാത്തുവിനെ അനുസരിക്കാറാണ് പതിവ്. കഴുത്തിലൂടെ ചോരവാർന്നു വീഴുന്ന രണ്ടുമൂന്നു കോഴികളുമായി ഒരുത്തി മുറ്റത്തേക്കിറങ്ങി. അവളുടെ മറ്റേ കൈയിൽ അരിവാളുമുണ്ടായിരുന്നു. അവൾ എല്ലാ ശക്തിയുമുപയോഗിച്ച് ചത്ത കോഴിയുടെ ചിറകുകൾ പിടിച്ചു വലിച്ചു.

അടുക്കളക്കോലായിലിട്ട ഉരലിൽ മറ്റു രണ്ടു പെണ്ണുങ്ങൾ ഉലക്കകൾ കൊണ്ട് ആഞ്ഞാഞ്ഞു കുത്തി. വേറൊരിടത്ത് ഒരുത്തി സിമിൻറിട്ട നിലത്ത് വറുത്ത ചെറുപയറിട്ടു വാതിലിൻറെ ചീപ്പുകൊണ്ട് തരക്കി പരിപ്പാക്കി. കുളിമുറിയിൽ കപ്പിയും കയറും കരഞ്ഞു. അടുക്കളയിൽ തീയും പുകയും നിറഞ്ഞു. തീയൂതുന്ന പെണ്ണുങ്ങളുടെ കണ്ണുകൾ നിറഞ്ഞു. വയർ ഒട്ടി.

ഒമ്പതുമണിയാവുമ്പോഴേക്കും ഊൺ തയ്യാറാവണം. ഒരു മിനിട്ടു താമസിച്ചാൽ മതി, പിന്നെ തങ്ങളുടെ വരവായിരിക്കും.

കോലായിൽ ഒരുപാടാളുകളുണ്ട്. അതുപോലെ അകത്തു മരുമക്കളും. അമ്മമാർ മരിച്ചുപോയ മരുമക്കൾ. കോലായിലുള്ളവർ കഥപറഞ്ഞും നാട്ടുവർത്തമാനം പറഞ്ഞും പാട്ടും പാടിയും തങ്ങളെ രസിപ്പിക്കുകയാണ്. ആനക്കസാരയിലിട്ട വെൽവെറ്റിൻറെ വിരിപ്പിൽ കനത്തോടെ കിടന്നുകൊണ്ട് തങ്ങൾ പൊട്ടിച്ചിരിച്ചു.

ചിരിയുടെ ശബ്ദം അടുക്കളയിൽ എത്തുന്തോറും പണിക്കാരത്തിപ്പെണ്ണുങ്ങളുടെ വയർ കാളിക്കൊണ്ടിരുന്നു. അവസാനം എല്ലാം തയ്യാറായി. പത്തൽ ചുടുന്ന പാത്തുമ്മ ഒരുപാടു പത്തലുകൾ ചുട്ടെടുത്തു. ചൂടു പറക്കുന്ന പത്തലുകൾ അവൾക്കു മുമ്പിലുയർന്നു. കഞ്ഞി വെന്തു തിളച്ചു. തണുത്തപ്പോൾ അതിൽ തേങ്ങാപ്പാൽ ഒഴിച്ചു.

കോഴിയിറച്ചിയും മീൻപൊരിച്ചതും മുരിങ്ങാക്കറിയും തേങ്ങാപ്പാലിൽ പച്ചമുളകരച്ചുവെച്ച കരിമീനിൻറെ ഇഷ്ടും പാത്രങ്ങളിൽ നിറഞ്ഞു.

അടുക്കളയിൽ എല്ലാവരും പ്രവർത്തിക്കുന്നത് ഒരു യന്ത്രം പോലെയാണ്. അവർ എല്ലാവരും കോഴികൂകുന്നതിനുമുമ്പ് എഴുന്നേല്ക്കുന്നു. പാതിരാവരെ പണിയെടുക്കുന്നു. അതിനിടയിൽ മൂന്നു നേരവും മറ്റുള്ളവരെയും വീട്ടുകാരെയും ഊട്ടുന്നു. അവർ ഉണ്ടോ എന്ന് ആരും അന്വേഷിക്കാറില്ല. വേലക്കാരികൾ മിക്കവരും അടിമകളായിരുന്നു. എല്ലാവരും പൂക്കോയത്തങ്ങളുടെ പുരയിടങ്ങളിൽ താമസിക്കുന്നവരാണ്. ഏതുപെണ്ണിനെ വേണമെങ്കിലും തങ്ങൾക്ക് അറയ്ക്കലെ പണിക്കാരിയാക്കാം. പക്ഷേ, അവൾ അയാളുടെ പുരയിടങ്ങളിൽ ഉള്ളവരായിരിക്കണമെന്നുമാത്രം.

ബുഹാരിയുടെ മകൻ ഹൈദ്രോസ് ഭക്ഷണം വിളമ്പി നിറച്ച പാത്രങ്ങൾ പുറത്തേക്കെടുത്തുകൊണ്ടുപോയി. പുറത്തെ ശബ്ദകോലാഹലങ്ങൾ പെട്ടെന്നു നിലച്ചു. പിന്നെ കിണ്ടി

നിലത്തുരയുന്നതും വെള്ളം വീഴുന്നതുമാണ് കേട്ടത്.

പണിക്കാരത്തി പെണ്ണുങ്ങൾ അടുക്കളയിലെ അരണ്ട വെളിച്ചത്തിൽ മതിലും ചാരി നിലത്തിരുന്നു കിതച്ചു. അവരുടെ ഉടുതുണികളിൽ കരിയും വിയർപ്പും ഒട്ടിപ്പിടിച്ചു.

കുറൈശിപ്പാത്തു തങ്ങളുടെ ഭാര്യ ആറ്റബീക്ക് ഭക്ഷണം വിളമ്പി. നെയ്യൊലിക്കുന്ന പത്തലുകൾ. മുരിങ്ങയില താളിച്ചത്. പൊടിയരിയുടെ തേങ്ങാപ്പാലൊഴിച്ച കഞ്ഞി. ഇതാണ് ആറ്റബീയുടെ രാത്രിയിലെ ഭക്ഷണം.

ആറ്റബീയുടെ മുന്നിൽ പൂക്കുഞ്ഞിബീയും കഞ്ഞികുടിക്കാനിരുന്നു. ഒരു കയിലുകൊണ്ട് രണ്ടാളും കഞ്ഞി മാറിമാറിക്കുടിച്ചു. കുഞ്ഞിബീയുടെ കണ്ണിൽ ഉറക്കച്ചടവുണ്ടായിരുന്നു. താഴത്തെ ചുണ്ടിൽ ഒരു മുരിങ്ങയിലയും പറ്റിപ്പിടിച്ചു നിന്നു.

പൂക്കുഞ്ഞിബീ കൈകഴുകാനായി അടുക്കളയിലേക്കു പോകുമ്പോൾ ചായ്പിൻറെ അകത്തിരുന്ന് കുഞ്ഞാലി പത്തൽ തിന്നുകയായിരുന്നു. തഴപ്പായിൽ രണ്ടു പ്ലേറ്റുകൾ. അതിനരികെ കറുത്ത പുകപറക്കുന്ന ഒരു മണ്ണെണ്ണവിളക്ക്. കുഞ്ഞാലി എന്നും ചായ്പിൻറെ അകത്തിരുന്നാണ് ഭക്ഷണം കഴിക്കുക. അതുപോലെതന്നെ ഉറക്കവും. കുഞ്ഞിബീയെ കണ്ടപ്പോൾ കുഞ്ഞാലിയും കൈകുടഞ്ഞെഴുന്നേറ്റു. അവർ രണ്ടുപേരും കറമൂസ മരത്തിനു ചുവട്ടിൽപോയി കൈ കഴുകി. മുറ്റത്തു നല്ല നിലാവുണ്ടായിരുന്നു. കറമൂസ മരത്തിൻറെ നിഴൽ മുറ്റത്ത് പടർന്നു പിടിച്ചു. താറാവുകളും കോഴികളും ഉറക്കച്ചടവിൽ ഇടയ്ക്കിടെ ചിറകടിച്ചുകൊണ്ടിരുന്നു. തൂവൽ കാറ്റിൽ പാറി വീഴുന്നത്രയും ലാഘവമായിരുന്നു ആ ചിറകടികൾ. കുഞ്ഞാലിയും പൂക്കുഞ്ഞിബീയും കൈപിടിച്ചുകൊണ്ട് ആകാശത്തേക്ക് നോക്കി.

കുഞ്ഞിബീ ചോദിച്ചു:

"കുഞ്ഞാലി, ഞ്ഞി കണ്ടോ? ചന്ദ്രൻറെ അകത്തൊരു കല!"

"കണ്ട്."

"അതെന്താന്നറിയോ?"

കുഞ്ഞാലി വീണ്ടും നോക്കി. കത്തുന്ന പൂർണ്ണചന്ദ്രൻറെ അകത്തു മുയലിൻറെ ആകൃതിയിൽ ഒരു നിഴൽ. അതെന്താണാവോ? കുഞ്ഞാലി പറഞ്ഞു:

"അറിഞ്ഞൂടാ."

പൂക്കുഞ്ഞിബീ വിഷാദത്തോടെ പറഞ്ഞു:

"അതാണ് ചന്ദ്രൻറെ ഖൽബിലെ കറ. ചന്ദ്രൻ വലിയ സങ്കടക്കാരനാ." കുഞ്ഞാലി പൂക്കുഞ്ഞിബീയുടെ കൈ മുറുക്കിപ്പിടിച്ചു.

അപ്പോഴാണ് വളകിലുക്കം കേട്ടത്. ആറ്റബീ കൈകഴുകുന്ന വള കിലുക്കം. അവരുടെ ഏതു പ്രവൃത്തിയും ഒരു കിലുക്കത്തോടെയാണ് നടക്കുക. നടക്കുമ്പോൾ പാദസരം, സംസാരിക്കുമ്പോൾ ചുണ്ടുകൾ, കഴുത്തനക്കുമ്പോൾ കാതിലെ പൊന്നുകൾ. അവർ ജനിച്ചതുതന്നെ ഒരുപക്ഷേ, ജീവിക്കുന്ന ഒരു കിലുക്കാംപെട്ടിയായിട്ടായിരിക്കാം.

പെട്ടെന്നാണ് ചീത്ത കേൾക്കുന്നത്:

"എന്താ പെണ്ണേ, ഉറങ്ങണ്ടേ? എന്തിനാ ഈ ചെക്കൻറെ കൈ പിടിച്ചു നടക്കുന്നത്? മറ്റൊന്നും നിനക്കു പിടിക്കാനില്ലേ?"

പൂക്കുഞ്ഞിബീ ഇടിമുഴക്കം കേട്ടപോലെ ഞെട്ടി. ആറ്റബീ മുറ്റത്തിറങ്ങി, കുഞ്ഞാലിയെ നോക്കി. അരണ്ട വെളിച്ചത്തിൽ അവരുടെ കണ്ണുകൾ കുഞ്ഞാലിയുടെ നേരെ പറക്കുന്നത് അവൻ കണ്ടു. അപരാധബോധം

അവനെ ഞെരിച്ചു.

ആറ്റബീ പൂക്കുഞ്ഞിബീയുടെ കൈയും പിടിച്ച് ഒരു നടത്തം നടക്കുമ്പോൾ രണ്ടു ഭാഗത്തും കാറ്റടിച്ചു വീശുംപോലെ തോന്നി. അത്രയും പകയും ദേഷ്യവും അവരുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നു.

കുഞ്ഞാലി ചായ്പിൽ ഉറങ്ങാൻ കിടന്നു. എന്നും അവൻ ഒറ്റയ്ക്കാണ് കിടക്കുക. ഉറങ്ങിക്കഴിഞ്ഞാലായിരിക്കും കുറൈശിപ്പാത്തുവിൻറെ വരവ്. പക്ഷേ, അവന് ഉറക്കം വന്നില്ല. അവൻ എന്തെല്ലാമോ ആലോചിച്ചുകൊണ്ടു കിടന്നു. ആ തറവാട്ടിൽ കുഞ്ഞാലി എല്ലാവരെയും ഭയന്നു. വീട്ടിനകത്തുകൂടെ ഒന്നു നടക്കണമെങ്കിൽ അവൻ ഉടനെ ആലോചിക്കും: ഈ വഴിയിലൂടെ നടക്കാമോ? മുറ്റത്തിറങ്ങി ഓടിക്കളിക്കണമെന്നു നിരീച്ചാൽ ഉടനെ തോന്നുകയായി; ആറ്റബീ കണ്ടാൽ ചീത്ത പറയുമോ? അടുക്കളയിൽകണ്ട പലഹാരം ചോദിക്കാൻ അവനു മടിയായിരിക്കും. അവനു പരിചയമില്ലാത്ത ഏതോ ഒരാൾ എപ്പോഴും അവനെ പിന്തുടരുന്നതുപോലെ തോന്നി.

മെതിയടി ഉച്ചത്തിൽ ചവുട്ടി ഒരു ചിമ്മിനിവിളക്കുമായി കുറൈശിപ്പാത്തു ചായ്പിൻറെ അകത്തേക്കു കടന്നുവന്നു. വിളക്ക് മതിലിൽ തറച്ച ആണിയിൽ തൂക്കിയിട്ടശേഷം അവൾ ഒരു ചോദ്യം:

"എന്താ കുഞ്ഞാലി ഒറങ്ങീലേ?"

കുഞ്ഞാലി ചെറുങ്ങനെ ചിരിച്ചു. അവൻ തുണി കുടഞ്ഞുടുത്തു. അപ്പോൾ ആശ്വാസമായതുപോലെ തോന്നി അവൾക്ക്. ഏതെല്ലാമോ പ്രാണികളും ഉറുമ്പുകളും തുണിയിൽനിന്നു വീണിരിക്കണം. പിന്നെ അവൾ കുപ്പായം അഴിച്ച് കട്ടിലിൽ എറിയുമ്പോൾ ആരോടെന്നില്ലാതെ പറഞ്ഞു:

"ബല്ലാത്ത ചൂട്!"

അവൾ വിയർത്തൊലിച്ച ദേഹത്തിൽ കുഞ്ഞാലിയെ കെട്ടിപ്പിടിച്ചു. എന്നിട്ടു ചോദിച്ചു:

"മോനുറങ്ങീലേ?..."

"ഇല്ല. ഞാനോരോന്നു നിരീക്കുന്നത്."

"ആരെയാ നിരീക്കുന്നത്?"

"പൂക്കുഞ്ഞിയെ!"

കുഞ്ഞാലിയുടെ വാക്കുകൾ കേട്ട് കുറൈശിപ്പാത്തു ഞെട്ടി. കുറെ നേരത്തേക്ക് അവളൊന്നും പറഞ്ഞില്ല. അപ്പോഴേക്കും അവനുറങ്ങിക്കഴിഞ്ഞിരുന്നു.

പന്തിയിൽ കുതിര കുളമ്പിട്ടടിച്ചുകൊണ്ടിരുന്നു. അതിൻറെ താളത്തിൽ അദ്രാമാൻ ഏതോ ഒരു നാടൻ സിങ്കപ്പൂർപാട്ട് പാടിക്കൊണ്ടിരുന്നു. പാട്ടിൻറെ ഈണത്തിന് ഒരു വശ്യശക്തിയുണ്ടായിരുന്നു.

കുറൈശിപ്പാത്തു മെല്ലെ എഴുന്നേറ്റു. മുറ്റത്തിറങ്ങിയപ്പോൾ കുതിരപ്പന്തി നിലാവിൽ കുളിച്ചുനില്ക്കുന്നതു കണ്ടു. പള്ളിയിൽ വിളക്കു കെട്ടിരിക്കുന്നു. എറമുള്ളാൻ ഉറങ്ങിയിരിക്കണം.

പന്തിയുടെ വാതിലിൽ തട്ടിയപ്പോൾ ഭയചകിതമായ ഒരു ശബ്ദം:

"ആരാ അത്?"

"ഞാനാ." പാത്തുവിൻറെ ശബ്ദം കേട്ടപ്പോൾ അദ്രാമാൻ ഞെട്ടിയെണീറ്റു. പന്തിയുടെ വാതിൽ തുറക്കുമ്പോൾ ഒരു ചോദ്യം:

"നിൻറെ കുപ്പായമെവിടെ?"

അവൾ അകത്തുകയറി കട്ടിലിൽ കിടന്നു. എല്ലാം കണ്ടുനിന്ന കുതിര ശക്തിയോടെ കുളമ്പിട്ടടിച്ചുകൊണ്ടിരുന്നു.

പതിനെട്ട്

ഓത്തുപള്ളിക്കൂടത്തിൽ ഇൻസ്പെക്ഷൻറെ തിരക്ക്. രാമകൃഷ്ണയ്യരാണ് ഡെപ്യൂട്ടി ഇൻസ്പെക്ടർ. കുറുക്കൻ രാമകൃഷ്ണയ്യർ എന്ന പേരിലാണ് അയാൾ അറിയപ്പെടുന്നതുതന്നെ. അത്രയും സമർഥനാണ് അയാൾ. മാത്രമല്ല, കോഴിയിറച്ചിയില്ലാതെ ഒരൊറ്റ സ്കൂളിൽനിന്നും അയാൾ ഊണു കഴിച്ചിട്ടില്ല.

ശങ്കരക്കുറുപ്പിനാണ് വേവലാതി. ഇൻസ്പെക്ഷൻ നോട്ട്സ് കിട്ടിയതുമുതൽ അയാൾക്കു വയറ്റിളക്കം തുടങ്ങി. എല്ലാക്കൊല്ലവും ഇൻസ്പെക്ഷൻ കാലത്ത് ശങ്കരക്കുറുപ്പിനു വയറിളകും. ഇൻസ്പെക്ഷനെക്കുറിച്ച് ഓർത്താൽ മതി; ഉടനെ പോകണം കണ്ടത്തിൽ. പിന്നെ അയാൾ കുടിക്കുന്ന കുടജാരിഷ്ടത്തിനു കണക്കുണ്ടാവുകയില്ല. ഇൻസ്പെക്ഷൻറെ സമയമാവുമ്പോഴേക്കും കോമപ്പൻ വൈദ്യർ രണ്ടു കുപ്പി കുടജാരിഷ്ടം ശങ്കരക്കുറുപ്പിൻറെ വീട്ടിലേക്കു കൊടുത്തയയ്ക്കും.

"എന്താ അപ്പുമാഷേ, നിങ്ങൾക്ക് ഒരു കുലുക്കവുമില്ലല്ലേ?" ശങ്കരക്കുറുപ്പ് പരിഭവത്തോടെ അപ്പുമാസ്റ്ററോട് ചോദിച്ചു.

"എന്താ ഇത്ര കുലുങ്ങാൻ? മേപ്പുകൾ മുഴുവൻ റെഡിയല്ലേ?" അപ്പു മാഷ് ചോദിച്ചു.

"മേപ്പുമാത്രം മതിയോ? കുട്ടികളുടെ ഹാജർ തികയ്ക്കണ്ടേ?"

"മത്തിപടുന്നതിനു വല്ല കണക്കുമുണ്ടോ? സകല പന്നികളും കടപ്പുറത്താ."

"കടലു പൊട്ടിക്കാനെന്താ ഒരു വഴി ?" എന്നായി അപ്പുമാസ്റ്റർ.

"അപ്പുമാഷേ, വേണ്ടാത്തത് പറഞ്ഞ് നേരം പോക്കണ്ട. ഈ നവംബറിലാ കടലു പൊട്ടിക്കുന്നത്? കുട്ടികളെ അന്നെങ്ങനെ കൂട്ടിക്കൊണ്ടുവരുമെന്നാ നമ്മള് ആലോചിക്കേണ്ടത്?"

"സകല വീട്ടിലും കയറിയിറങ്ങുക." അപ്പുമാഷ് പറഞ്ഞു.

"അതു പറ, കാര്യം പറ." ശങ്കരക്കുറുപ്പിന് സന്തോഷമായി.

അന്നു വൈകുന്നേരം അവർ കടപ്പുറത്തെ എല്ലാ വീടുകളിലും കയറിയിറങ്ങി വലകെട്ടുന്ന മാപ്പിളപ്പെണ്ണുങ്ങളോട് മറ്റന്നാൾ കുട്ടികളെ സ്കൂളിൽ അയയ്ക്കണമെന്നു കെഞ്ചിപ്പറഞ്ഞു. ചിലർ അതു കേട്ടില്ലെന്നു നടിച്ചു. മറ്റുചിലർ നീട്ടിത്തുപ്പിക്കൊണ്ടു ചോദിച്ചു:

"സ്കൂളില് ബന്നാല് എന്താ കാര്യം? കടപ്പുറം പോയാൽ മത്തി കിട്ടും."

ഒരുത്തി പറഞ്ഞു: "ഇൻസോടറ് പരിശോതിക്കണേങ്കില് ഇങ്ങ് ബരട്ടെ."

അതുകേട്ട് എല്ലാവരും ചിരിച്ചു.

നടന്നു നടന്ന് ശങ്കരക്കുറുപ്പിൻറെ കാലിൻറെ മടമ്പു പൊട്ടി.

പള്ളിക്കൂടത്തിൻറെ അകത്തെ ചുമരിൽ വെള്ളപൂശി. അറയ്ക്കലെ പടിപ്പുര കാവല്ക്കാരൻ ബുഹാരിയാണ് വെള്ളതേച്ചത്. ബുഹാരി പകൽ ഉറങ്ങുന്നതു കൂടാതെ ഇടയ്ക്കു ചുമരുകൾക്കു വെള്ള വലിക്കുകയും ചെയ്യുന്നു. വെള്ള വലിക്കുന്നതു സ്വന്തം മനസ്സിനെ ശുദ്ധിയാക്കുന്നതിനു തുല്യമായാണ് അവൻ കണക്കാക്കുന്നത്.

വെള്ളപൂശിയ ചുമരുകളിൽ അപ്പുമാഷും ശങ്കരക്കുറുപ്പുംകൂടി ആണികൾ തറച്ചു മേപ്പുകൾ തൂക്കി. ഏതൊക്കെയോ സ്കൂളുകളിൽ നിന്നു കടംമേടിച്ചു കൊണ്ടുവന്നവയായിരുന്നു അവ. മൂസ്സമുസലിയാർ അവർ കയറിനില്ക്കുന്ന ചെറിയ ബെഞ്ച് വീഴാതിരിക്കാൻ പിടിച്ചു കൊടുത്തു. കൈകടയുമ്പോൾ അയാൾ ശപിച്ചു:

"ഹലാക്കിൻറെ മേപ്പ് !"

ചുമരുകളിൽ മേപ്പുകൾ നിരന്നു. ബ്രിട്ടീഷ് ഇന്ത്യാ, ആഫ്രിക്ക, തെക്കും വടക്കുമടങ്ങിയ അമേരിക്ക, റഷ്യയും യൂറോപ്പും. മേശപ്പുറത്തു വലിയ ഒരു ഗ്ലോബ്. തിരിച്ചാൽ തിരിയുന്നതും പല നിറങ്ങളും മഞ്ഞിമറയുന്നതുമായ ഒരു ഭൂലോകം. ആകപ്പാടെ പള്ളിക്കൂടത്തിൽ ഒരു കല്യാണത്തിൻറെ ബഹളമായിരുന്നു.

വ്യാഴാഴ്ചയാണ് ഇൻസ്പെക്ഷൻ. വ്യാഴാഴ്ച പുലർന്നത് ശങ്കരക്കുറുപ്പ് അറിഞ്ഞില്ല. അയാൾ അന്ന് ഉറങ്ങിയിട്ടില്ലായിരുന്നു. അമ്പലക്കുളത്തിൽ കുളിച്ച് ചന്ദനക്കുറിതൊട്ട് ഇഷ്ടദൈവത്തെ പ്രാർത്ഥിച്ചുകൊണ്ട് കേണപേക്ഷിച്ചു:

"ഇൻസ്പെക്ടർക്ക് നല്ല ബുദ്ധി തോന്നിക്കണേ!"

മൽമലിൻറെ മുണ്ടും പോപ്ലിൻറെ കുപ്പായവും ധരിച്ചു. അന്ന് അയാളെ പതിവുപോലെ കഞ്ഞിപ്പശ മണത്തില്ല. അന്നു മണത്തത് ചന്ദനമായിരുന്നു.

അതിരാവിലെ അയാൾ പള്ളിക്കൂടത്തിലെത്തി. അപ്പോൾ അവിടെ ആരും എത്തിയിരുന്നില്ല. നല്ല മഴക്കാറുള്ള ദിവസമായിരുന്നു. സമയമറിയാൻ ഒരു വഴിയുമില്ല. വാൾക്ലോക്കുള്ളത് അന്ന് അറയ്ക്കൽ മാത്രമായിരുന്നു. അയാൾ വിളിച്ചുകൂവി :

"എറമുള്ളാനേ!..."

പള്ളിയിൽ വെള്ളം കോരിക്കൊണ്ടിരുന്ന എറമുള്ളാൻ ഏത്തത്തിൽ പിടിയും വിട്ട് ഓടിയെത്തി വെപ്രാളത്തോടെ ചോദിച്ചു:

"എന്തുപറ്റി ?"

"ഞ്ഞി പോയി സമയം നോക്കി വാ."

എറമുള്ളാൻ നെടുവീർപ്പിട്ടു:

"ഞാൻ ബിചാരിച്ച് ആരോ കെണറ്റില് ബീണെന്ന്." മടങ്ങിവന്ന എറമുള്ളാൻ പറഞ്ഞു: 'മണി ഏയര...' ശങ്കരക്കുറുപ്പ് തലയിൽ കൈ വച്ചു കുറെനേരം ഇരുന്നു. അപ്പോഴേക്കും കാറുകൾക്കിടയിൽനിന്നു സൂര്യൻ മെല്ലെ തെളിഞ്ഞു പുറത്തുവന്നു. അതു ശരിക്കും കിഴക്കു തന്നെയായിരുന്നു.

ഏഴരമണിയേ ആയിട്ടുള്ളൂ. ധൃതിയുള്ള ദിവസങ്ങളിൽ എത്തേണ്ടിടത്തു താൻ നേരത്തേ എത്തുന്നു. ശങ്കരക്കുറുപ്പ് സ്കൂളിൻറെ അകം നന്നായൊന്ന് കണ്ണോടിച്ചു. പൊടി തുടച്ച് അടുപ്പിച്ചും വൃത്തിയിലും വച്ച ബഞ്ചുകൾ, വെള്ളതേച്ച ചുമർ, അതിൽ പല വർണ്ണങ്ങളിലുമുള്ള മേപ്പുകൾ, പിന്നെ കാക്ക വെള്ളം കുടിക്കുന്ന ചിത്രം. പക്ഷേ, എല്ലാറ്റിനും ഒരപവാദംകണക്കേ ക്ഷയം പിടിച്ച കസേരകളും മേശകളും. എത്ര വേഗത്തിലാണ് മരം ഉറക്കുത്തുന്നത് !

നാറിയ ഒരു തുണിയെടുത്ത് അയാൾ കസേരകളും മേശകളും തുടയ്ക്കാൻ തുടങ്ങി. സകല മേശകളിലും പല്ലികളും കൂറകളും കാഷ്ഠിച്ചുവച്ചിരുന്നു.

ഒരു പണിയും ചെയ്യാനില്ലാതായപ്പോൾ ശങ്കരക്കുറുപ്പ് റോഡിലേക്കു നോക്കി. പെട്ടെന്നാണ് മൂസ്സമുസലിയാർ പ്രത്യക്ഷപ്പെട്ടത്. അയാൾ പതിവിലും നേരത്തേയായിരുന്നു. അന്ന് ഓത്തു പഠിപ്പില്ലെങ്കിലും അയാൾ നേരത്തേ എത്തി. മൂസ്സമുസലിയാരോട് ശങ്കരക്കുറുപ്പിന് എന്തെന്നില്ലാത്ത ബഹുമാനം തോന്നി.

കൂട്ടായപ്പോൾ അവർ രണ്ടുചായ വരുത്തിക്കുടിച്ചു. അതു തീരുമ്പോഴേക്കും അപ്പു മാസ്റ്ററും ജാനകിടീച്ചറും എത്തി. അപ്പോഴേക്കും ഒറ്റയൊറ്റയായി കുട്ടികളും വന്നു തുടങ്ങി. കുട്ടികളെകണ്ടയുടനെ ശങ്കരക്കുറുപ്പ്മാഷ്

മേശവലിപ്പു തുറന്നു ഹാജർ പട്ടിക പുറത്തെടുത്തു വച്ചു. ഓരോ ആളുടെ പേരിൻറെ നേരെയും എഴുതി പ്രസൻറ് രേഖയാക്കി.

സമയം ഒരുപാടായി. അപ്പുമാസ്റ്ററും ജാനകിടീച്ചറും വർത്തമാനം തന്നെ. മൂസ്സമുസലിയാർ പതിവുപോലെ കുപ്പായത്തിനുള്ളിലൂടെ ചൊറിയുകയാണ്. ആർക്കും ഒരു കുലുക്കവുമില്ല. ശങ്കരക്കുറുപ്പ് മാഷ് മാത്രം വേവലാതിപൂണ്ടിരിപ്പായി. കുട്ടികളുടെ ഹാജർ ഇതുവരെ തികഞ്ഞിട്ടില്ല. ഒരാൾക്കും അതേക്കുറിച്ച് ഒരു ചിന്തയുമില്ല. പള്ളിക്കൂടത്തിൻറെ ഗ്രാൻറു കുറയട്ടെ എന്നാൽക്കാണാം എല്ലാവരുടെയും വെപ്രാളം.

സമയം ഒരുപാടായി.

നാലാം ക്ലാസ്സൊഴികെയുള്ള എല്ലാ ക്ലാസ്സുകളിലും കുട്ടികൾ തികഞ്ഞു. നാലാം ക്ലാസ്സിൽ ഇനിയും മൂന്നു കുട്ടികൾകൂടി വേണം. അപ്പോഴേക്കും രണ്ടുപേർകൂടി എത്തി. ഇനി ഒരാൾകൂടി വേണം.

ശങ്കരക്കുറുപ്പിൻറെ നെഞ്ച് ഇടിച്ചുകൊണ്ടിരിക്കുമ്പോഴാണ് സ്റ്റേഷൻ റോഡിൽ ഡെപ്യൂട്ടി ഇൻസ്പെക്ടറുടെ തല കണ്ടത്.

“ങ്ഹാ, എത്തി.” ഒരിടി മുഴക്കംപോലെയായിരുന്നു ശങ്കരക്കുറുപ്പിൻറെ ശബ്ദം. അയാളുടെ മുഖത്തുനിന്നും രക്തം കുറച്ചു നിമിഷങ്ങളോളം മാറിനിന്നു; മറ്റെന്തോ ഒന്നിനു വഴിമാറിക്കൊടുക്കുംപോലെ. എല്ലാവരും ഞെട്ടി. ജാനകിടീച്ചർ തരിച്ചു. പള്ളിക്കൂടമാകെ പെട്ടെന്നു നിശ്ശബ്ദമായി. കുട്ടികളുടെ നെടുവീർപ്പുകൾ ചെങ്കല്ലിൽ തട്ടി ശബ്ദമുണ്ടാക്കി.

കുഞ്ഞാലി ജനലഴിയിൽക്കൂടി നോക്കി. അവർ റോഡുവിട്ട് ഒറ്റപ്പാതയിലൂടെ നടന്നുതുടങ്ങി. ഒരു തീവണ്ടി വരുമ്പോലെയാണ് കുഞ്ഞാലിക്കു തോന്നിയത്. അത്രയും തടിയനായിരുന്നു രാമകൃഷ്ണയ്യർ. പോരാത്തതിനു കറുത്ത കോട്ടും കരിവീട്ടിപോലത്തെ നിറവും.

ചെരിഞ്ഞുകൊണ്ടാണ് പടിവാതിൽ കയറിയതുതന്നെ. പള്ളിക്കൂടം മുഴുവൻ എഴുന്നേറ്റുനിന്നു.

“ഇരിക്കീൻ.” തകരപ്പെട്ടി കുലുങ്ങുന്നതുപോലുള്ള ശബ്ദം.

ഒന്നാം ക്ലാസ്സിലാണ് കയറിയതുതന്നെ. അപ്പുമാസ്റ്റർ ഭവ്യതയോടെ കസേരനീക്കി. കസേരയിൽ ഇരുന്നതും, കസേര കരഞ്ഞുകൊണ്ട് പൊട്ടി പിളർന്നതും ഒന്നിച്ചായിരുന്നു. ഭാഗ്യത്തിന് രാമകൃഷ്ണയ്യർ വീണില്ല. കസേരയുടെ പിൻകാലിൽ ഒരെണ്ണം പൊട്ടിത്തകർന്നു.

ഒരു ഭാവഭേദവുമില്ലാതെ അയാൾ എഴുന്നേറ്റു നിന്നു. അപ്പോഴേക്കും വില്ലയിട്ട ശിപായി ഓടിയെത്തി.

“ഫർണിച്ചറെല്ലാം വളരെ മോശമാണല്ലോ. ആരാ മാനേജർ?”

“അടിയനാണേ...” ശങ്കരക്കുറുപ്പ് വരണ്ട നാവുകൊണ്ട് ഉച്ചരിച്ചു.

“ഹെഡ്മാസ്റ്ററോ?”

“അതും അടിയനാണേ!”

“രണ്ടും അടിയനാണോ?”

കൃഷ്ണമണികൾക്കു ചുറ്റുമുള്ള വെള്ളമാത്രമേ ശങ്കരക്കുറുപ്പ് കണ്ടുള്ളൂ.

“എന്നിട്ടാണോ ഇതൊക്കെ? വാസ്കോഡിഗാമ കപ്പലിറങ്ങിയ കാലത്തുള്ളതാണല്ലോ ഈ ഫർണിച്ചറുകൾ.”

ആരും ഒന്നും പറഞ്ഞില്ല.

അപ്പോഴേക്കും രണ്ടാം ക്ലാസ്സിലെ കസേര ഒന്നാം ക്ലാസ്സിലെത്തി. രാമകൃഷ്ണയ്യർ ഇരുന്നു.

“പട്ടിക?”

ആ ചോദ്യത്തിനുമുമ്പിൽ അപ്പുമാസ്റ്റർ തളർന്നതുപോലെ തോന്നി. യന്ത്രം കണക്കേ അയാളുടെ കൈകൾ പ്രവർത്തിച്ചു. പട്ടിക തുറന്ന രാമകൃഷ്ണയ്യർ ഹാജർ വിളിക്കാൻ തുടങ്ങി :

"എടച്ചേരി പുനത്തിൽ സൂപ്പി."

"ഹാജർ."

"പൂതങ്കുനിയിൽ മൊയ്തു."

"ഹാജർ."

"കമ്പിവേലിക്കകത്ത് മൈമു."

"കമ്പിവേലിക്കകത്ത് അയിശു."

"കമ്പിവേലിക്കകത്ത് പോക്കർ."

രാമകൃഷ്ണയ്യർ ഒരു നിമിഷം നിന്നു. പിന്നെ പറഞ്ഞു: "കമ്പിവേലിക്കകത്തുള്ള എല്ലാവരും എഴുന്നേറ്റു നിക്കീൻ."

പോക്കറും അയിശുവും മൈമുവും എഴുന്നേറ്റുനിന്നു. അപ്പോഴാണ് അടുത്തുള്ള രണ്ടാം, ക്ലാസ്സിൽനിന്ന് ഒരുത്തൻ എണീറ്റുനിന്നത്. രാമകൃഷ്ണയ്യരുടെ ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞു:

"താനെന്തിനാ എഴുന്നേറ്റുനിന്നത്?"

"ഞാനും കമ്പിവേലിക്കകത്താ."

"നീയിങ്ങുവാ."

കുട്ടി മിഴിച്ചുനിന്നു. അപ്പോൾ സൂപ്പർന്യൂമറി ജാനകിടീച്ചർ അവനെ ധൈര്യപ്പെടുത്തി :

"ചെല്ല്."

അവൻ ഒന്നാം ക്ലാസ്സിലേക്കു കയറിച്ചെന്നു. രാമകൃഷ്ണയ്യർ അവനെ അടിമുടി നോക്കി. മൊട്ടത്തല. കുടുക്കുകളില്ലാത്ത കുപ്പായം. പറങ്കി മാങ്ങാക്കറ നിറഞ്ഞ ഉടുതുണി. നടക്കുമ്പോൾ അരതൊട്ടു കാലുവരെ മുഴുവനും കാണാൻ പാകത്തിലുള്ളത്രയും നീളമേ ആ ഉടുതുണിക്കുള്ളൂ.



"നിൻറെ പേരെന്താ?"

"കമ്പിവേലിക്കകത്ത് അസ്സൻ."

"ശരി." രാമകൃഷ്ണയ്യർ അസ്സനെ നോക്കി. പിന്നെ പട്ടിക നോക്കിക്കൊണ്ടു പറഞ്ഞു:

"കമ്പിവേലിക്കകത്തുള്ള എല്ലാവരും ഇനി അടുത്ത കൊല്ലം ഞാൻ വരുമ്പോഴേക്കും കമ്പിവേലിക്കു പുറത്തു താമസിക്കണം."

അപ്പോഴേക്കും അസ്സൻറെ ഉടുതുണി നനഞ്ഞു. അതു കണ്ട രാമകൃഷ്ണയ്യർ അവനെ വേഗം പുറത്താക്കി.

അതിനുശേഷം കുട്ടികളോടു ചോദ്യമായിരുന്നു:

"നാലും മൂന്നും ഏഴും ഏഴും പതിന്നാലും എത്ര?

ഭൂമി ഉരുണ്ടതോ പരന്നതോ?

പൂവൻകോഴിയുടെ മുട്ടയോ പിടക്കോഴിയുടെ മുട്ടയോ വല്യത്?

പൂരുവിനെ തോല്പിച്ച രാജാവ്?

തക്ഷശില ആരുടെ തലസ്ഥാനമാണ്?"

എല്ലാം കഴിഞ്ഞശേഷം എല്ലാ മാഷന്മാരെയും ശാസിച്ചു. എല്ലാവരെയും ഭീഷണിപ്പെടുത്തി. അതിനിടയിൽ വലിയ രണ്ടു നേന്ത്രപ്പഴവും അവിലുകുഴച്ചതും ഒരു ഗ്ലാസ്സ് ചായയും മൂപ്പർ അകത്താക്കി. തലപ്പാവും വില്ലീസും ധരിച്ച ശിപായി ഉണ്ടാപ്പവും പാലൊഴിക്കാത്ത ചായയും കുടിച്ചശേഷം പള്ളിക്കൂടത്തിൻറെ മതിലിനപ്പുറം തിരിഞ്ഞുനിന്ന് കഷണം ബീഡികൾ തുരുതുരെ വലിച്ചു.

നാലാം ക്ലാസ്സിലെ ബഞ്ചിലിരുന്ന് ഇൻസ്പെക്ഷൻനോട്ട് എഴുതാനിരിക്കുന്നതിനുമുമ്പ് ഒരു ചോദ്യം:

"ഊണ് എത്ര മണിക്കു റഡിയാവും? എനിക്കു ധൃതിയുണ്ട്." ക്ഷമാപണത്തോടെ ശങ്കരക്കുറുപ്പ് പറഞ്ഞു:

"എല്ലാം റെഡിയാ."

"ഇത്ര വേഗമോ? എന്നാൽ ച്ചൂടൊട്ടും തണിയണ്ട." അല്പം എന്തോ ആലോചിച്ചശേഷം: "എനിക്കു രണ്ടൗൺസ് ദശമൂലാരിഷ്ടം വേണം. വയറിനു സുഖമില്ല."

"അതും ശരിയായിട്ടുണ്ട്." രണ്ടൗൺസല്ല, അരക്കുപ്പിതന്നെ. പക്ഷേ, അത് ശങ്കരക്കുറുപ്പു പറഞ്ഞില്ല. അരക്കുപ്പിയാണു വേണ്ടതെന്ന് എല്ലാവർക്കുമറിയാം.

രാമകൃഷ്ണയ്യർ കുനിഞ്ഞിരുന്ന് ചെറിയ കണ്ണുകൾ പകുതി ചിമ്മി ഇൻസ്പെക്ഷൻനോട്ടെഴുതാൻ തുടങ്ങി. എഴുത്താണി പിടിക്കുമ്പോലെയാണ് അയാൾ പേനപിടിച്ചത്. ചെറുകിഴങ്ങുപോലെയുള്ള രോമം നിറഞ്ഞ വിരലുകൾ പേനയെ അള്ളിപ്പിടിച്ചു. ഇടയ്ക്കിടെ പൊടി വലിച്ചും തുമ്മിക്കൊണ്ടുമിരുന്ന ഇൻസ്പെക്ടറുടെ എല്ലാ കേളികളും മാഷന്മാർ സാകൂതം നോക്കിനിന്നു.

അവസാനം പേനപൂട്ടി മേശപ്പുറത്തുവച്ചു. പുസ്തകം അടച്ചു കോട്ടുവായിട്ടുകൊണ്ടു കൈകൾ മേലോട്ടു പൊക്കി ക്ഷീണം മാറ്റി. അപ്പോഴേക്കും ചോറും കോഴിയും ദശമൂലാരിഷ്ടവും സ്ഥലത്തെത്തി. അതു കൊണ്ടുവന്ന ചെക്കൻ തളർന്നു വിയർത്തിരുന്നു. കുറിയ രാമകൃഷ്ണയ്യരുടെയത്രയും വലിപ്പമുണ്ടായിരുന്നു ടിഫിൻപാത്രത്തിന്. പോരാത്തതിന് ഒരു കൈയിൽ ദശമൂലാരിഷ്ടത്തിൻറെ കുപ്പിയും:

"ഇതെവിട്യാ ബെക്കണ്ടത്?"

ദശമൂലാരിഷ്ടത്തിൻറെ കുപ്പി കൈയിൽ പിടിച്ചുകൊണ്ട് ഒരപരാധബോധത്തോടെയാണ് ചെക്കൻ ചോദിച്ചത്. അതിൽ കള്ളോ മറ്റോ ആയിരിക്കണമെന്ന ധാരണയാണ് അവന്. ആരും കാണാതെ

ശങ്കരക്കുറുപ്പുമാഷെ ഏല്പിക്കണമെന്നാണ് ഒമ്പതരക്കണ്ണൻ പറഞ്ഞത്.

"അതിങ്ങോട്ടെടുത്തോളൂ." കുറുക്കൻ എല്ലാം ശ്രവിക്കുന്നുണ്ടായിരുന്നു. കുപ്പി കൈയിൽ കിട്ടിയപ്പോൾ ശങ്കരക്കുറുപ്പിനെ വിളിച്ചുപറഞ്ഞു:

"മാഷേ, ഇനി കുട്ടികൾ പൊയ്ക്കോട്ടെ. വെറുതെ എന്തിനാ അവരെ ബുദ്ധിമുട്ടിക്കുന്നത്?"

"കുഞ്ഞാലീ, മണിയടിക്ക്." എന്നും പറയാറുള്ളപോലെ അന്നും അയാൾ പറഞ്ഞു.

"മണിയും കിണിയും ഒന്നും വേണ്ട. എല്ലാരും പൊയ്ക്കോട്ടേ." രാമകൃഷ്ണയ്യർക്കു ദേഷ്യംവന്നു.

മണിയടിക്കാൻ ചെന്ന കുഞ്ഞാലി പതുക്കെ ഇരുമ്പുദണ്ഡു താഴെ വച്ചു. കുട്ടികൾ ഒച്ചയും അനക്കവും ഇല്ലാതെ പുറത്തേക്കിറങ്ങി. പുറത്തിറങ്ങിയതോടെ ബഹളം കൂട്ടി ഓടാൻ തുടങ്ങി.

രാമകൃഷ്ണയ്യർ കുപ്പി പൊതിഞ്ഞ കടലാസ് പറിച്ചുനീക്കി. കറുത്ത ദശമൂലാരിഷ്ടം വെളുത്ത കുപ്പിയിൽ തെളിഞ്ഞു. കുപ്പിയോടെ അയാൾ അത് അകത്താക്കി. മുഴുവനും ഒരു വീർപ്പിൽ തീർത്തുകൊണ്ട് ഒരു അഭിപ്രായവും പാസ്സാക്കി :

"ഭേഷ് !" വീണ്ടും ചെറുകിഴങ്ങുവിരലുകൾ പേനയിൽ അള്ളിപ്പിടിച്ച് എഴുത്താരംഭിച്ചു. ഇപ്പോൾ എഴുത്തിന് ആക്കം കൂടി. അക്ഷരങ്ങൾ തെളിഞ്ഞു. ആശയങ്ങൾ ഉദിച്ചു.

എഴുത്തിൻറെ വേഗം വർദ്ധിച്ചുകൊണ്ടേയിരുന്നു. അതിനിടയ്ക്കു വിരലുകൾക്കിടയിൽ സിഗരറ്റും പുകയിച്ചു. രാമകൃഷ്ണയ്യർക്ക് സിഗരറ്റ് വിരലുകൾക്കിടയിൽ കിടന്നു പുകഞ്ഞാൽ മതി. അയാൾ അതു വലിക്കാറില്ല. ഏതോ ഒരു അകന്ന കാരണവർ സിഗരറ്റു വലിച്ചു വലിച്ചു ക്ഷയംപിടിച്ചു മരിച്ചതുമുതൽ രാമകൃഷ്ണയ്യർ സിഗരറ്റ് വിരലുകൾക്കിടയിൽ വയ്ക്കാറേ പതിവുള്ളൂ.

പത്തുനാല്പതു പേജുകൾ അയാൾ എഴുതിത്തള്ളി. നാല് അദ്ധ്യാപകരെക്കുറിച്ചുള്ള എഴുത്തുപെട്ടിപോലെ അവസാനം പുസ്തകം പൂട്ടിവച്ചു. പിന്നെ ഒരു കൂക്കി :

"ചോറ്."

ശങ്കരക്കുറുപ്പ് ഓടിവന്ന് മേശമേൽ നാക്കിലയിട്ടു. ടിഫിൻപാത്രത്തില് തട്ടുകൾ പിരിഞ്ഞു. കോഴിയിറച്ചിയുടെ വറവുമണം പള്ളിക്കൂടത്തിൽ പരന്നു. മൂസ്സമുസലിയാരുടെ വായിൽ വെള്ളമൂറി. അയാൾ ആ ഭാഗത്തേക്കു നോക്കിയില്ല. കട്ടിലപ്പടിയിൽനിന്നു കൈകഴുകുമ്പോൾ ഒരു ചോദ്യം:

"ആരാ ഇതു വച്ചത്?"

"കുട്ടപ്പനാശാരി." ശങ്കരക്കുറുപ്പ് പറഞ്ഞു.

"കുട്ടപ്പനാശാരിയാ?" അതിശയത്തോടെ രാമകൃഷ്ണയ്യർ ചോദിച്ചു.

"ഒന്നാന്തരം ആശാരിയാ സാർ. ഈ കട്ടിലപ്പടിവെച്ച ദിവസം ഒരുറുപ്പികയാ അയാൾക്കു ദക്ഷിണകൊടുത്തത്."

"ഏമ്പക്കംവിട്ടു ചിരിച്ചുകൊണ്ട് രാമകൃഷ്ണയ്യർ പറഞ്ഞു:

"കോഴിയിറച്ചി ആരാ വെച്ചതെന്നാ ചോദിച്ചത്."

"ഒമ്പതരക്കണ്ണൻ." ശങ്കരക്കുറുപ്പു പറഞ്ഞു:

"ഭേഷ് ! പക്ഷേ, കഷ്ടം! പെണ്ണായി ജനിക്കേണ്ടവനാ അവൻ."

ശിപായിയും രാമകൃഷ്ണയ്യരും മറഞ്ഞതും, നാല് അദ്ധ്യാപകരുംകൂടി ഇൻസ്പെക്ഷൻനോട്ടെഴുതിയ നോട്ടുപുസ്തകം തുറന്ന് അതിൽ കണ്ണുകളിട്ടു. ഒരു ഇരയെ എന്നപോല അവർ ആ പുസ്തകം പിടിക്കാനും വലിക്കാനും തുടങ്ങി; ജീവിച്ചിരിക്കുന്ന തങ്ങളുടെ ചരിത്രമറിയാൻ.

പത്തൊമ്പത്

അന്നു പൂക്കിഞ്ഞിബീ തനിച്ചാണു പള്ളിക്കൂടത്തിലേക്കു പോയത്. കുഞ്ഞാലിയുടെ സുന്നത്തു കല്യാണം നിശ്ചയിച്ചതിനാൽ അതു കഴിയുന്നതുവരെ അവനെ പള്ളിക്കൂടത്തിലേക്കു പറഞ്ഞയയ്ക്കേണ്ടെന്നു പൂക്കോയത്തങ്ങൾ കല്പിച്ചു.

ഖുർആൻ മുസാബും പാഠപുസ്തകങ്ങളും താങ്ങി ബുദ്ധനദ്രാമാൻ പൂക്കുഞ്ഞിബീക്ക് അകമ്പടി സേവിച്ചു. പള്ളിപ്പറമ്പു പിന്നിട്ടപ്പോൾ കുഞ്ഞിബീ പുസ്തകങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് അദ്രാമാനോടു പറഞ്ഞു:

"ഞ്ഞി പോ."

അദ്രാമാൻ മിഴിച്ചുനിന്നു.

"പോ!" അതൊരു ശകാരമായിരുന്നു. അദ്രാമാൻ മടങ്ങി. പള്ളിപ്പറമ്പിലൂടെ ഏതോ ഒരു ഒപ്പനപ്പാട്ടിൻറെ വരികളും പാടി സ്റ്റേഷനിലേക്കു പോകുന്ന പഞ്ചായത്തു റോഡിലിറങ്ങിയപ്പോഴാണ് പെരാന്തൻ കുഞ്ഞമ്മത് ഒരു കാലിൽ ചങ്ങലയുമായി റോഡിലൂടെ നടക്കുന്നതു കണ്ടത്. ചങ്ങല പൊട്ടിച്ചുള്ള വരവാണ്. കുഞ്ഞിബീ മൂത്രമൊഴിച്ചുപോയി. മുഖം കടലാസുപോലെ വെളുത്തു. ചരൽക്കല്ലിൽ ചങ്ങല നിരക്കിക്കൊണ്ട് കുഞ്ഞമ്മത് പൂക്കുഞ്ഞിബീയുടെനേരേ നീങ്ങി. ചെറിയ നിലവിളിയേ ഉയർന്നുള്ളൂ. പൂക്കുഞ്ഞിബീ പള്ളിപ്പറമ്പിനോടു ചേർന്ന നിരത്തുവക്കിൽ വീണു. കൂക്കിവിളിച്ചുകൊണ്ടു വഴിയേപോകുന്നവർ ഓടിക്കൂടി. ഓത്തുപള്ളിയിൽനിന്ന് ഓത്തുപഠിക്കുന്ന മാപ്പിളക്കുട്ടികൾ ഓത്തു നിർത്തി. അവർ ഭീതിയോടെ നിരത്തിലേക്കു നോക്കി.

മൂസ്സമുസലിയാർ ചൂരൽവടി നിലത്തെറിഞ്ഞു പുറത്തേക്കോടി. അപ്പോഴേക്കും തീവണ്ടിയാപ്പീസിൽ പോകുന്ന ചിലരും സ്ഥലത്തെത്തി. കുഞ്ഞമ്മത് എല്ലാവരെയും കണ്ണുരുട്ടി നോക്കി. പിന്നെ റോഡരികിൽ നിന്ന് ഒരു വലിയ കട്ടക്കല്ല് കൈയിലെടുത്തു. ഓങ്ങിയേയുള്ളൂ, ആളുകൾ മാറിനിന്നു. പക്ഷേ, അവർ 'ഭ്രാന്തൻ,' 'പെരാന്തൻ' എന്നെല്ലാം വിളിച്ചുകൂക്കിയിട്ടു. കുഞ്ഞമ്മത് പള്ളിപ്പറമ്പിനരികിലൂടെ അറയ്ക്കലെ തറവാട്ടിലേക്കുള്ള വഴിയിലൂടെ നടന്നു. പള്ളിപ്പുരയിലെത്തിയപ്പോൾ കാവൽക്കാരൻ ബുഹാരി നിലവിളിച്ചോടി. കുഞ്ഞമ്മത് കൈയിലുള്ള കല്ലുമായി മുറ്റത്തേക്കിറങ്ങി. അപ്പോഴേക്കും നിലവിളിയും ബഹളവും പുറത്തു വർദ്ധിച്ചു. അവൻ മൂന്നാലു ചാൽ മുറ്റത്തുകൂടെ നടന്നശേഷം ഒരൊറ്റ ഏറ്. കല്ലുപോയി കൊണ്ടത് മുകളിലുള്ള ചില്ലുവാതിലിലായിരുന്നു. സുറുമയുടെ നിറമുള്ള ചില്ലുവാതിലുകൾ പൊട്ടിത്തകർന്നുവീണു.

"ആരെടാ?" പൂക്കോയത്തങ്ങൾ മുറ്റത്തേക്കിറങ്ങി. മെതിയടികൾ കാൽ കുടഞ്ഞു മുറ്റത്തേക്കു തെറിപ്പിച്ചശേഷം ഒരു മലപോലെ കുഞ്ഞമ്മതിൻറെ അടുത്തേക്കു നീങ്ങി. അവൻറെ കണ്ണുകൾ പെട്ടെന്ന് നിർജീവമായി. അവൻ ആകെ കുഴഞ്ഞപോലെയായി. തങ്ങൾ നീണ്ടു ബലമുള്ള കൈകൾകൊണ്ട് അവൻറെ കഴുത്തിനു കുട്ടിപ്പിടിച്ചു തന്നോടു ചേർത്തുപിടിച്ചു വലിച്ചുകൊണ്ട് പടിപ്പുരവാതിലിലൂടെ ഒരു തള്ള്. കുഞ്ഞമ്മത് മുഖം കുത്തി പൂഴിമണലിൽ വീണു.

പുറത്ത് ഓടിക്കൂടിയ മൂസ്സമുസലിയാരും എറമുള്ളാനും ബാപ്പുക്കണാരനുംകൂടി അവനെ പിടിച്ചു പള്ളിപ്പറമ്പിലെ അറബിപ്പുളി മരത്തോടുചേർത്തു കെട്ടിയിട്ടു. അവൻറെ വായിൽനിന്ന് അപ്പോഴും കേല ഒലിച്ചുകൊണ്ടിരുന്നു.

ഭ്രാന്തൻ കുഞ്ഞമ്മത് ഇടയ്ക്കിടെ ഇങ്ങനെ ചങ്ങലപൊട്ടിച്ച് പുറത്തുചാടാറുണ്ട്. കുഞ്ഞമ്മതിനെ നാട്ടുകാർക്കു മുഴുവൻ പേടിയാണ്. അത്രയും തടിയും വണ്ണവുമുണ്ട് കുഞ്ഞമ്മതിന്. മാത്രമല്ല, ഇടയ്ക്ക് അവൻറെ കൈയിൽ ഒരു കത്തിയുമുണ്ടാവും.

മുക്രി എറമുള്ളാനും മഴക്കാരൻ രാമനും കൊല്ലൻ ശങ്കരനും കരടി മൂസ്സയും കുഞ്ഞമ്മതിൻറെ പെണ്ണുങ്ങളും ചേർന്ന് അവനെ അറബിപ്പുളി മരത്തിൽനിന്ന് അഴിച്ചുകൊണ്ടുപോകുന്നതു കുട്ടികൾ പള്ളിക്കൂടത്തിൻറെ കിളിവാതിലിലൂടെ നോക്കിനിന്നു. അവരുടെ കൈപ്പിടിയിൽനിന്ന് അവൻ കുതറിമാറാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻറെ തോളിലും പുറത്തും പതിഞ്ഞുകിടക്കുന്ന കയറിൻറെ ചുവന്ന അടയാളങ്ങൾ കുട്ടികൾ കണ്ടില്ല.

അന്നു രാത്രി പൂക്കുഞ്ഞിബീക്ക് ഉറക്കം വന്നില്ല. കണ്ണടയ്ക്കുമ്പോഴേക്കും ഭ്രാന്തൻ കുഞ്ഞമ്മതായിരിക്കും മുന്നിൽ. പൂക്കുഞ്ഞിബീയുടെ നിലവിളികേട്ട് തങ്ങൾ ഓടിവന്നു. അവസാനം പള്ളിയിൽനിന്ന് എറമുള്ളാനെ വിളിച്ച് നൂലു മന്ത്രിച്ച് കെട്ടി.

അന്ന് കുഞ്ഞാലിക്കും ഒരു നൂലു മന്ത്രിച്ചു. അത് കുറൈശിപ്പാത്തുവിൻറെ ആവശ്യപ്രകാരമായിരുന്നു. സുന്നത്തു കല്യാണം ചെയ്യാൻ പോകുന്ന കുട്ടികൾക്കു രക്ഷയ്ക്കായി നൂലുകെട്ടുക പതിവാണ്. ഒസ്സാൻറെ അശ്രദ്ധകൊണ്ട് അപകടം പറ്റിയ ഒരുപാടു കഥകളുണ്ട്.

കുഞ്ഞാലിയുടെ വലത്തേ കൈത്തണ്ടയിൽ പാത്തുതന്നെയാണ് നൂലു കെട്ടിയത്. ഒരു മുഴം കറുത്ത ചരടിൽ ഇരുപത്തിയൊന്നു കെട്ടുകൾ. ഇരുപത്തിയൊന്നു ജിന്നിനെയും ചെകുത്താനെയും ഓരോ കെട്ടിലും ബന്ധിപ്പിച്ചിരിക്കുകയാണ് എറമുള്ളാൻ. അറബിവാക്കുകൾ ഉച്ചരിച്ചുകൊണ്ട് ഓരോ കെട്ടുകെട്ടുമ്പോഴും എറമുള്ളാൻ ശക്തിയായി ഊതിക്കൊണ്ടിരുന്നു. ആ ഓരോ ഊത്തും, നൂലിലും കുറൈശിപ്പാത്തുവിൻറെ കരളിലും ചെകുത്താൻറെ പ്രവർത്തനത്തിലും ഒരുപോലെ ചെന്നടിച്ചു.

അറയ്ക്കൽത്തറവാട്ടിൽ സുന്നത്തുകല്യാണത്തിൻറെ ഒരുക്കങ്ങൾ തകൃതിയായി നടന്നു. ഇനി രണ്ടേ രണ്ടു ദിവസമേയുള്ളൂ. എറമുള്ളാൻ മുക്രിയും ബുഹാരിയുംകൂടി മാപ്പിളമാരുടെ വീട്ടുകളിൽ കല്യാണം പറഞ്ഞു കയറിയിറങ്ങി. അമ്പത്തൊന്നു തറവാട്ടുകാരെ ക്ഷണിച്ചു. ക്ഷണിക്കാതെ വരുന്നവർ ഒരുപാടുണ്ടാവും.

തറവാടിൻറെ തെക്കേമുറ്റത്തു ചോറ്റുപുര വളച്ചുകെട്ടി. വലിയ ഉരുളികളും ചെമ്പുതളികകളും പുറമേരിത്തമ്പുരാൻറെ കോവിലകത്തു നിന്നു വരുത്തിച്ചു. വെപ്പുകാർ ഒരു ദിവസം മുമ്പുതന്നെ സ്ഥലത്തെത്തി.

മൂരിബിരിയാണിയാണു കോള്. അറുക്കാൻ കൊണ്ടുവന്ന കൂറ്റൻ മൂരിക്കുട്ടൻ പിലാവിൻറെ ചുവട്ടിൽനിന്നുകൊണ്ടു കടലയും പരുത്തിക്കുരുവും തിന്നു. ഇടയ്ക്കിടെ ചാണകമിട്ടും കരഞ്ഞും അവൻ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റി.

അറവുകാരൻ ഉമ്മർ കാലത്തുതന്നെ തറവാട്ടിലെത്തി. മുറ്റത്തെ കരിങ്കല്ലിലിട്ട് അറവുകത്തി അണയ്ക്കാൻ തുടങ്ങി. കത്തിയുടെ വായ്ത്തല കരിങ്കല്ലിലുരഞ്ഞു തീപ്പൊരി പാറി. ചോരയുടെ മണമുള്ള ആ കത്തിക്ക് ഒരുപാടു കഴുത്തുകളുടെ കഥ പറയാനുണ്ട്.

കല്ലിലുരച്ചു ചൂടുപിടിച്ച കത്തിയുടെ വായ്ത്തല തടവി ഉമ്മർ ക്രൂരമായ ചിരിയോടെ മൂരിക്കുട്ടനെക്കെട്ടിയ തെങ്ങിൻചോട്ടിലേക്കു നീങ്ങി. രണ്ടുമൂന്നു തീയന്മാർ കയറുകൊണ്ടു കാളയെ ബന്ധിച്ചു. പിന്നെ കയറു പിടിച്ചു വലിച്ചു. കാളക്കുട്ടൻ വീണു. എപ്പോഴും ആടിക്കൊണ്ടിരിക്കുന്ന താടയുടെ അടുത്തേക്കു കത്തി നീങ്ങി. പിന്നെ കുഞ്ഞാലി അങ്ങോട്ടു നോക്കിയില്ല. “മ്പേ... മ്പേ...” എന്ന ആക്രോശം മാത്രം അവൻ കേട്ടു. മണ്ണിൽ കാലുകളിട്ടടിക്കുന്നു... പിന്നെ പൊടിമണ്ണിൻറെ മണം.

കുറെ കഴിഞ്ഞപ്പോൾ മൂരിക്കുട്ടൻറെ തോൽ മാവിൻകൊമ്പത്തു തൂക്കിയിട്ടുന്നത് കുഞ്ഞാലി കണ്ടു. അവൻ അവിടെ ചെന്നപ്പോൾ ചെമ്പുതളികകൾ നിറയെ ഇറച്ചിക്കഷണങ്ങൾ; കുറച്ചു ദൂരെ ഒരു കുഴിയിൽ നിറയെ കട്ടപിടിച്ച രക്തം.

കത്തിയുമായി ഉമ്മർ ചെമ്പുതളികയ്ക്കരികെ വീണ്ടുമിരുന്നു. വലിയ കഷണങ്ങൾ ചെറുതാക്കാൻ തുടങ്ങി. അറവുകാരൻ ഉമ്മർ ജനിച്ചതുതന്നെ ഒരു കത്തിയുമായിട്ടായിരിക്കണം. കത്തിയില്ലാതെ അവനെ ഒരിക്കലും കുഞ്ഞാലി കണ്ടിട്ടില്ല. മൂരിക്കുട്ടനെ അറക്കാനായി മാത്രമാണ് അവനെ അള്ളാഹു പടച്ചതുതന്നെ.

സന്ധ്യയോടെ പെട്രോമാക്സുകൾ കത്തി. അതിൻറെ ശബ്ദത്തിനു മാറ്റം വരുമ്പോൾ ചാത്തു അതു നിലത്തെടുത്തുവച്ചു. മതിലോടു ചേർത്തു കാറ്റടിച്ചു. ആളുകൾ വന്നുതുടങ്ങി. വലിയതങ്ങൾ കോലായിലിട്ട ആനക്കസേരയിൽ കനത്ത ദേഹവുമായി ഇരുന്നു. വരുന്നവർ വരുന്നവർ തങ്ങളുടെ വലതുകൈപ്പത്തി ചുംബിച്ചു. ഗൗരവവും പുഞ്ചിരിയും ഇരട്ടത്താടിയുള്ള മുഖത്തു തെളിഞ്ഞു.

വെറ്റിലമുറുക്കി മാപ്പിളമാർ മുറ്റത്തേക്കു നീട്ടിത്തുപ്പി. കൈയിൽ പുരണ്ട നൂറ് മേശമേലും തൂണിലും തേച്ചു. ബീഡിയുടെയും ചുരുട്ടിൻറെയും കുറ്റികൾ മുറ്റത്തു നിറഞ്ഞു.

കീറിമുഷിഞ്ഞ മുണ്ടുമാത്രമുടുത്ത ക്ഷണിക്കപ്പെടാത്ത കുട്ടികൾ മുറ്റത്തെ കന്മതിലിനോടു ചേർത്തിട്ട ബഞ്ചുകളിലിരുന്നു ശണ്ഠകൂടി. അതിനടുത്ത ബഞ്ചുകളിൽതന്നെ ഒസ്സാന്മാരും. മാർക്കം ചെയ്യുന്ന ദിവസങ്ങളിൽ എല്ലാ ഒസ്സാന്മാർക്കും ക്ഷണിക്കാതെ ചെല്ലാം. അതവരുടെ ജന്മാവകാശമാണ്. എല്ലാവരുടെ കൈയിലും പാളയുടെ ഓരോ വിശറിയുണ്ടായിരുന്നു; മാർക്കംചെയ്തു കഴിഞ്ഞാൽ തളർന്നു വീഴുന്ന കുട്ടിയെ വീശാൻ.

മുറ്റത്തും കോലായിലും പുരുഷാരം നിറഞ്ഞു. ബഹളം വർദ്ധിച്ചു. മൂരി ബിരിയാണിയുടെ ഗന്ധം വായുവിൽ തളംകെട്ടി. മുറ്റത്ത് ഒരു മൂലയിൽകെട്ടിയ ചെറിയ പന്തലിൽ ഗ്രാമഫോൺ പാട്ടുതുടങ്ങി. സൗണ്ട് ബോക്സിൻറെ കൊക്കിൽ സൂചിപിടിപ്പിച്ചു തിരിക്കുന്നതു കുട്ടികൾ നോക്കിനിന്നു. തഴഞ്ഞ സൂചികൾക്കായി അവർ അടിപിടികൂടി. സൂചി കിട്ടാത്തവർ ഹിസ് മാസ്റ്റേഴ്സ്വോയ്സിലെ നായ തിരിയുന്നതു നോക്കി നിന്നു.

അപ്പോഴേക്കും കോല്ക്കളിക്കാർ കളി തുടങ്ങി. ഗ്രാമഫോൺ റിക്കാർഡിനൊത്ത് അവരുടെ കോലുകൾ വഴങ്ങി. മൊട്ടയടിച്ച തലയിൽ അവരുടെ പട്ടുറുമാൽ കെട്ടിയ താഴെയങ്ങാടിക്കാർ മാപ്പിളമാർ കോലുകൾ വായുവിലിട്ടു ചുഴറ്റിയടിച്ചു. അവരുടെ കാലുകൾ കലികൊണ്ടു തുള്ളി. നെറ്റിയിൽ വിയർപ്പുമണികൾ ഉരുണ്ടു.

കോല്ക്കളി മുറുകിയപ്പോൾ കുത്തിയറാത്തീബിൻറെ ആളുകൾ കോലായിലെ തിണ്ണയിൽ ഒരുമിച്ചുകൂടി.

അതിദുരന്തവും ഭീകരവുമായ ഒരു നാടകമാണ് പിന്നെ നടന്നത്. കുത്തിയറാത്തീബിന് പാറക്കടവിൽനിന്നു വന്ന റാത്തീബ് വിദഗ്ദ്ധന്മാർ 'കാവ' കുടിച്ച ശേഷം റാത്തീബ് ഓതാൻ തുടങ്ങി. അവർ പത്തുപതിനൊന്നു പേരുണ്ടായിരുന്നു. പുറക്കെട്ടിലെ തിണ്ണയിൽ അവർ വളഞ്ഞിരുന്നു. അവരുടെ നടുവിൽവച്ച വെള്ളത്തലയണയിൽ തുറന്നുവച്ച ഭക്തിഗാനങ്ങൾ. അതിനടുത്തു പനിനീർ കുടയുന്ന ഓട്ടുപാത്രം. അടപ്പുതുറന്ന് ഒരാൾ അതിൽ പനിനീർ നിറച്ചു. പിന്നെ അതു ചുറ്റുമിരിക്കുന്നവരുടെ തലയുമുകളിലൂടെ കുടഞ്ഞു. കാലിയായ പാത്രത്തിൻറെ പനിനീർ തെറിക്കുന്ന ചെറിയചെറിയ ദ്വാരങ്ങളിൽ സിങ്കപ്പൂർ ചന്ദനത്തിരികൾ കുത്തിനിർത്തി കത്തിച്ചു. സുഗന്ധത്തിൻറെ നാമ്പുകൾ വളഞ്ഞു പിരിഞ്ഞു മേല്പോട്ടുയർന്നു.

കുത്തിയറാത്തീബ് തുടങ്ങി.

ഭക്തിയും രൗദ്രവും ഇടകലർന്ന വരികൾ അവർ കണ്ഠം പൊട്ടുമാറുച്ചത്തിൽ പാടി അട്ടഹസിച്ചു. മുഷ്ടികൾ ചുരുട്ടിയും തലയാട്ടിയും അവർ കീർത്തനങ്ങളുടെ ലഹരിയിൽ മുഴുകി. അവരുടെ ശരീരങ്ങൾ വിയർത്തു. വസ്ത്രങ്ങൾ ദേഹത്തോടൊട്ടി. ഇടയ്ക്കിടെ അവർ കാവ കുടിച്ചു. അവരുടെ കണ്ണുകളിൽ ധൈര്യം മാത്രം നിഴലിച്ചു. ആദ്യത്തെയാൾ കഠാരിയൂരി.

"യാ ശൈഖ് മുഹ്യിദ്ദീന്..." എന്നലറിവിളിച്ചുകൊണ്ട് ഒരു കുത്ത്. സ്വന്തം വയറ്റത്തുതന്നെ. കഠാരി* വലിച്ചപ്പോൾ ചോര തെറിച്ചു. പക്ഷേ, ഒരു നിമിഷം: അയാൾ എന്തോ ചൊല്ലി. കുത്തിയ സ്ഥലം ഒന്നു തടവി. പെട്ടെന്നു മുറികൂടി. അവിടെ ഒരു പോറൽപോലുമില്ലാതായി.

റാത്തീബിൻറെ കരുത്തുകൂടി. കീർത്തനങ്ങൾക്കിടയിൽ കഠാരി പലയിടങ്ങളിലും അവർ കുത്തിയിറക്കി. പിന്നെ മുറി കൂട്ടി. അവസാനമായിരുന്നു ഭയാനകമായ കാഴ്ച. റാത്തീബുവിദഗ്ദ്ധൻ "യാരിഫാ ഈ ശൈഖ്..." എന്നു പറഞ്ഞുകൊണ്ട് കഴുത്തു മേലോട്ടുയർത്തി. ഒരു ലാഘവത്തോടെ കഠാരി കണ്ണിലേക്കു ചലിപ്പിച്ചു. തേങ്ങാ പൂളുന്നതു പോലെ എന്തോ പൂണ്ടെടുത്തു. തലയണയിൽവച്ച പരന്ന പിഞ്ഞാണപ്പാത്രത്തിൽ ചൂഴ്ന്നെടുത്ത സ്വന്തം കണ്ണ് വളരെ അലസമായി വച്ചു. ഒരു ഞാവൽപ്പഴംപോലെ വെളുത്ത ബസ്സിയിൽ കണ്ണു തെളിഞ്ഞുനിന്നു. പിന്നെ അയാൾ സ്ഥാനത്തുവച്ചു. ഇടിമുഴങ്ങുമ്പോലെ മറ്റുള്ളവർ 'അള്ളാഹ്' എന്നു വിളിച്ച് അവസാനത്തെ അഭ്യാസത്തിൻറെ അവസാനത്തിനു ശക്തികൂട്ടി. പക്ഷേ, കണ്ണ് കുണ്ടിൽ നില്ക്കാതെ താഴെ വീണു.

കുത്തിയറാത്തീബിൽ മുറികൂടാതിരിക്കുന്നതു വലിയ ആപത്താണ്. ഒന്നാമത്തെ പ്രാവശ്യം മുറികൂടിയില്ലെങ്കിൽ വലിയ പ്രയാസമായിത്തീരും മുറികൂടൽ. കണ്ടുനിന്നവർ നടുങ്ങി. എന്തോ ആപത്തു വരികയാണ്. ഏതോ വലിയ അത്യാഹിതത്തിൻറെ തുടക്കംകുറിക്കുന്ന കാഴ്ചയാണു കാണുന്നത്.

കണ്ണൊഴിഞ്ഞ കുഴിയിൽ ചോര തളംകെട്ടി. അതു കവിളിലൂടെ ഒഴുകി കുപ്പായത്തിൽ വീണു. വിരിക്കുള്ളിലൂടെ അത്രയും കുഞ്ഞിബീ കണ്ടു. പിന്നെ അവൾ കുഴഞ്ഞു നിലത്തുവീണു.

തങ്ങൾ ഓടിവന്ന് പൂക്കുഞ്ഞിബീയെ താങ്ങിയെടുത്തു. വീട് പെട്ടെന്നു നിശ്ശബ്ദമായി. തങ്ങൾ സ്ത്രീകൾ കൂടിനിന്നിരിക്കുന്ന സ്ഥലത്തേക്കു നോക്കി ഒരു താക്കീതു നൽകി :

"നെജ്ജീസു*ള്ള ഏതോ ഒരുത്തിയുണ്ടിവിടെ. ഉടനെ അടുക്കള മുറ്റത്തിറങ്ങിപ്പോണം അവള്."

ആരും മുറ്റത്തിറങ്ങിപ്പോകാതായപ്പോൾ തങ്ങൾക്കു കലിയിളകി :

"ഉടുതുണി കയിക്കും ഞാൻ സകലത്തിൻറേം."

പെണ്ണുങ്ങൾ നടുങ്ങി. തങ്ങളുടെ സ്വന്തം ബീവി ആറ്റബീ മുറിയിൽ നിന്നു മെല്ലെ എഴുന്നേറ്റ് തലതാഴ്ത്തി ആരും കണ്ടില്ലെന്ന ഭാവത്തിൽ ചായ്പിലൂടെ അടുക്കളയിൽക്കടന്ന് വാതിലിറങ്ങി.

തങ്ങൾ ഒരു നെടുവീർപ്പിട്ടുകൊണ്ടു പുറത്തുവന്നു.

"റാത്തീബ് തുടങ്ങീൻ..." തങ്ങളുടെ ശബ്ദമുയർന്നു. തണുത്തുറഞ്ഞു പോയ റാത്തീബിൻറെ ശക്തി വീണ്ടും കൂടി. ശൈഖിനെ വിളിച്ചുകൊണ്ട് റാത്തീബ് വിദഗ്ദ്ധർ താഴെ നിർജ്ജീവമായിക്കിടക്കുന്ന കണ്ണെടുത്തു ചോര തളംകെട്ടിയ കുണ്ടിൽവച്ചു. ഒരു പോറൽ പോലുമില്ലാതെ തെളിഞ്ഞ കണ്ണുമായി അയാൾ എഴുന്നേറ്റുനിന്നു.

"മുറികൂടി..." കോലായിൽനിന്ന് എറമുള്ളാൻ വിളിച്ചുകൂവി. പലരെയും ഒരേസമയം അറിയിക്കേണ്ട കാര്യം എന്നും എറമുള്ളാനായിരിക്കും വിളിച്ചു പറയുക.

അകത്തുള്ള ഒരുപാടു മുറികളിൽ സൊള്ളുപറഞ്ഞും വെറ്റില മുറുക്കിയും സമയംപോക്കുന്ന മാപ്പിളപ്പെണ്ണുങ്ങളുടെ ഭയം അവസാനിച്ചു. അവർ വീണ്ടും വർത്തമാനവും പരദൂഷണവും പറയാൻ തുടങ്ങി. വളകൾ കിലുങ്ങി. മുറുക്കിയവർ മുറുക്കിയവർ മുറിയുടെ മൂലകളിൽ നീട്ടിത്തുപ്പി.

"സുപ്രയിട്!" തങ്ങളുടെ സ്വരം ആയിരം സ്വരങ്ങളിലും വ്യത്യസ്തമായി ഉയർന്നു.

സദ്യയ്ക്കുള്ള സമയമായി. പരിശ്രമക്കാർ ജാഗ്രതപൂണ്ടു. അവർ കോലായിലും പന്തലിലും സുപ്രകൾ നിരത്തി. സുപ്രയ്ക്കു ചുറ്റും വട്ടത്തിൽ ആളുകൾ തിങ്ങിയിരുന്നു. ഓരോ സുപ്രയിലും കോളാമ്പിയും കിണ്ടിയുമായി ഒരാൾ വന്നു. സുപ്രയ്ക്കു നടുവിൽ കോളാമ്പിവച്ച് എല്ലാ കൈകളും കോളാമ്പിക്കുമേൽ വന്നപ്പോൾ അവയ്ക്കു മുകളിൽ വെള്ളം വീണു. വിരലുകൾ അനങ്ങി. പിന്നെ നനഞ്ഞു.

സുപ്രയിൽ കൊണ്ടുവന്നുവച്ച വലിയ സാണിലുള്ള ആവി പറക്കുന്ന മസാലയുടെ ഗന്ധം പരത്തുന്ന മൂരിബിരിയാണിയിൽ ചുറ്റുമിരിക്കുന്നവരുടെ കൈകൾ ഒന്നൊന്നായി വീണു.

ആദ്യമായിരുന്നവർ കൈകഴുകി കാർക്കിച്ചുതുപ്പാൻ തുടങ്ങിയപ്പോൾ ക്ഷണിക്കാതെവന്ന കുട്ടികളും ഒസ്സാന്മാരും ബിരിയാണിക്കായി വട്ടമിട്ടിരുന്നു.

കുഞ്ഞാലി ചായ്പിൻറെ അകത്തെ കട്ടിലിൽ പേടിച്ചരണ്ടു കിടക്കുകയായിരുന്നു. ആ വീട്ടിലുണ്ടാകുന്ന ഓരോ ഒച്ചയും അവൻറെ ഒരു ചെവിയിലൂടെ കടന്നു മറ്റേ ചെവിയിലൂടെ പുറത്തുപോയി.

ആരോ വന്ന് അവനെ പിടിച്ചു. ഒസ്സാൻറെ മണം പെട്ടെന്നു മുറിയിൽ പരന്നു. നല്ല കരുത്തുള്ള പരുപരുത്ത കൈകളായിരുന്നു. പുറക്കെട്ടിലൂടെ ഏണിയും കയറി അവനെ എടുത്തുകൊണ്ടു പോകുന്നത് അവനറിഞ്ഞു. അവന് ഉറക്കെ കരയണമെന്നു തോന്നി. പക്ഷേ, നാവു താണുപോയിരുന്നു.

മോളിലത്തെ ഒരു മുറിയിലാണ് അവനെ ഒസ്സാൻ കൊണ്ടുപോയത്. അവിടെ നാലഞ്ചാളുകൾ ഉണ്ടായിരുന്നു. വലിയതങ്ങളെ മാത്രം അവൻ കണ്ടു. കണ്ടപ്പോൾ എങ്ങുനിന്നോ വന്ന ധൈര്യവും അവനെ ഉത്തേജിപ്പിച്ചു. അവൻ ഉറക്കെ വിളിച്ചു കരഞ്ഞു:

"തങ്ങളുപ്പാപ്പാ!..."

വലിയ തങ്ങൾ കുനിഞ്ഞ് അവനെ പൊക്കിയെടുത്ത് അവൻറെ കവിളിൽ മുത്തിക്കൊണ്ടു പറഞ്ഞു:

"കുഞ്ഞാലിമോൻ പേടിക്കണ്ട. ഇനിക്ക് മരിച്ചുപോയ വലിയ തങ്ങള്ണ്ട്."

അവനെ താഴെവച്ചു തങ്ങൾ കനത്ത കാലടികൾ വച്ചു കടന്നു പോയി. കുഞ്ഞാലി അരക്ഷിതാവസ്ഥയിൽ പൊട്ടിക്കരഞ്ഞു.

ആരോ അവനെ മടിയിൽവച്ചു. വെളിച്ചെണ്ണയിൽ മുക്കിയ തിരി പൊട്ടിപ്പൊട്ടി കത്തിക്കൊണ്ടിരുന്നു. തുണി ആരോ ഊരിയെടുത്തു. കണ്ണുകൾ പൊത്തിയിരുന്നു. കത്തി പിടിച്ച കൈകൾ ഒന്നു നോക്കാൻ ഓങ്ങിയിട്ടേയുള്ളൂ. അപ്പോഴേക്കും എല്ലാം കഴിഞ്ഞു.

* കഠാരിയെന്നല്ല ദബ്ബുസ് എന്നാണ് പറയുക.

* അശുദ്ധി.

ഇരുപത്

ബുദ്ധനദ്രാമാൻ ഞെട്ടിയുണരുന്നു. ആരോ ചാട്ടവാർകൊണ്ട് തന്നെ അടിച്ചതുപോലെ അയാൾക്കു തോന്നി. പന്തിയുടെ വിള്ളലിലൂടെ പുറത്തേക്കു നോക്കി. കൊറ്റിയുദിച്ച ലക്ഷണമില്ല. എത്രയോ കാലമായി വെള്ളം കാണാത്ത തലയണയുറയിൽനിന്നു സ്വന്തം തല ഒരു ഭാരം കണക്കെ വലിച്ചുപൊക്കി നേരേ നിവർന്നിരുന്നു. വർഷങ്ങളുടെ വിയർപ്പും രാത്രിയിലത്തെ ഉമിനീരും ചേർന്ന തലയണയെ പഞ്ഞിയും ഉറയും വേർതിരിച്ചറിയാത്തവണ്ണം ഒരുണങ്ങിയ മെഴുകുപോലെ ആക്കിത്തീർത്തിരിക്കുന്നു. കരിങ്കല്ലുപോലെ കഠിനമായ തലയണയിൽ തെരുപ്പിടിച്ചുകൊണ്ട് അയാൾ അല്പനേരമിരുന്നു.

കുതിര അപ്പോഴും ഉറക്കമായിരുന്നു. സാധാരണ കൊറ്റിയുദിക്കുന്നതിനുമുമ്പ് കുതിര ഉണരുക പതിവാണ്.

"എദാ ജമാൽ!" അദ്രാമാൻ വിളിച്ചു. അവൻ ഈയിടയായി കുതിരയ്ക്കു ജമാൽ എന്നു പേരിട്ടിരിക്കുകയാണ്. വളരെ വാത്സല്യത്തോടെയാണ് അവൻ ആ പേരു വിളിക്കുക. തനിക്ക് ആദ്യം ജനിക്കുന്ന ആൺ കുഞ്ഞിനിടാൻ അവൻ കരുതിയ പേരായിരുന്നു ജമാൽ. ജമാൽ എന്നു വിളിക്കുമ്പോൾ കുതിര തലയുയർത്തും. പക്ഷേ, അന്നു കുതിര തലയുയർത്താതെ മയങ്ങുകയായിരുന്നു.

അദ്രാമാൻ റാന്തലിൻറെ തിരി നീട്ടി. എത്ര നീട്ടിയിട്ടും മുറിയിൽ ഗ്രഹണം പറ്റിയ വെളിച്ചമേ വന്നുള്ളൂ. ഒരുപാടു ദിവസമായി റാന്തലിൻറെ ചില്ലുഗ്ലാസ്സ് തുടച്ചു വൃത്തിയാക്കണമെന്നു വിചാരിക്കുന്നു. നേരിയ കരിപിടിച്ച ഉരുണ്ടഗ്ലാസ്സിലൂടെ തീനാളം ചുവന്നുകണ്ടു.

അദ്രാമാൻ കുതിരയുടെ അടുത്തേക്കു നീങ്ങിനിന്നു. എന്തോ പന്തിയില്ലാത്ത ഒരു ഗന്ധം പന്തിയിൽ തളംകെട്ടി നില്ക്കുന്നു. അദ്രാമാൻ അപ്പോഴാണു കാണുന്നത്, കുതിരയുടെ വായിൽനിന്നു നുരയും പതയും ഊറിവീഴുന്നു. നുരച്ചുവീണ വെള്ളം പന്തിയിൽ തളംകെട്ടി നില്ക്കുന്നു. കുതിര കണ്ണടച്ചു മയങ്ങുന്നു.

"എദാ മോനേ, നിനക്കെന്ത് പത്തിയെദാ?"

അദ്രാമാൻ കുതിരയുടെ തോളിൽ കൈയിട്ടു കരയാൻ തുടങ്ങി. കരച്ചിലിൻറെ ശക്തി കൂടിയപ്പോൾ മുൻപുറത്തെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു.

കൈലിമുണ്ടും കുമ്പയുമായി മെതിയടിയിൽക്കയറി വലിയ തങ്ങൾ പന്തിക്കടുത്തേക്കു വന്നു.

"എന്താടാ, എന്തു പറ്റി ?"

അദ്രാമാൻ ഗദ്ഗദത്തിനിടയിൽ പറഞ്ഞു:

"കുതിരക്ക് ദണ്ഡം പിടിച്ചിക്ക്."

"അതിനെന്താടാ നായേ മരുന്നുകൊടുത്തൂടെ?" തങ്ങൾ പന്തിക്കകത്തു കയറി. താഴെനോക്കി വളരെ കരുതലോടെയാണ് തങ്ങൾ നടന്നത്. പക്ഷേ, മെതിയടി എവിടെയോ പൂണ്ടു. നോക്കുമ്പോൾ ചാണകത്തിൻറെ ഒരു കുപ്പ, മെതിയടി ചാണകത്തിൽതന്നെ നിർത്തി തങ്ങൾ മാറി നിന്നു. ആറു ബാറ്ററിയുള്ള ടോർച്ച് മിന്നിച്ചു കുതിരയെ നോക്കി. കുതിരയുടെ കണ്ണുകൾ പാതിയടഞ്ഞു തല കുനിഞ്ഞിരിക്കുന്നു. വായിൽ വന്ന സോപ്പിൻറെ പതപോലെ നുര. തങ്ങൾ കുതിരയെ ഒന്നു തടവി, തലതാഴ്ത്തി ഒന്നും പറയാതെ പുറത്തിറങ്ങി. പോകുമ്പോൾ അദ്രാമാൻ ചോദിച്ചു:

“ഇന്ന് സബാരി പോണ്ടേ?”

“ബേണം.”

“എങ്ങനെ?” അദ്രാമാൻ മിഴിച്ചുനിന്നു.

“ഇൻറെ പൊറത്ത്.” തങ്ങൾ രൂക്ഷമായി അവനെ നോക്കിയശേഷം അകത്തേക്കു പോയി.

അന്ന് ആദ്യമായി സവാരി നടന്നില്ല.

അതുപോലെ അന്നു കുതിര മുഴുവനും കഴിച്ചില്ല.

അന്ന് അദ്രാമാനും കഞ്ഞി മുഴുവനും കുടിച്ചില്ല.

അവൻ പന്തിയിലെ തഴപ്പായിൽ കുതിരയെത്തന്നെ നോക്കിക്കൊണ്ടു കിടന്നു.

ഇതിനിടയ്ക്ക് എഴുന്നേറ്റ് ഇടയ്ക്കിടെ കുതിരയുടെ പുറം തടവിക്കൊണ്ടിരുന്നു. അവൻറെ മുഖം വാടിയിരിക്കുന്നു. മൂക്കു കുറെക്കൂടി പതിഞ്ഞപോലെ; കണ്ണ് കൂടുതൽ ചെറുതായും.

ഉച്ചയടുക്കാറായപ്പോൾ തങ്ങളും കോമപ്പൻവൈദ്യരും ബാപ്പുക്കണാരനും പന്തിയുടെ മുന്നിൽ വന്നു നിന്നു. അദ്രാമാൻ നല്ല ഉറക്കമായിരുന്നു. ആളുകളുടെ കാലൊച്ച കേട്ടപ്പോൾ അവൻ ഞെട്ടിയുണർന്നു. അവൻ അപ്പോൾ കരയുന്നുണ്ടായിരുന്നു.

“എന്താടാ, ഇനിക്കെന്തുപ്പറ്റി ?” തങ്ങൾ ചോദിച്ചു.

“കുദിത ചത്തുപോയത് കിനാക്കണ്ടു.”

തങ്ങൾ കുടവയർ കുലുക്കി പൊട്ടിച്ചിരിച്ചു:

“അതിനെന്താടാ, ബേറെ കുതിരേനെ ബാങ്ങിക്കൂടെ?”

അദ്രാമാൻറെ കരളലിഞ്ഞു. വേറൊരു കുതിര ആ പന്തിയിൽ വരുന്നത് അവന് ഊഹിക്കാൻ സാദ്ധ്യമല്ല. പ്രസവിച്ച അന്നുതുടങ്ങി താൻ ആറ്റുനോറ്റു പോറ്റിയ കുതിരയാണ്. സിങ്കപ്പൂരിൽനിന്നു മറുനാട്ടിൽ കപ്പൽ കയറാൻ കാരണം ഈ കുതിരയാണ്.

കോമപ്പൻ കുതിരയെ അടിമുടി പരിശോധിച്ചശേഷം പറഞ്ഞു: “വലിയ പ്രയാസമാണ്.”

“മനസ്സിലായില്ല.” തങ്ങൾ പറഞ്ഞു.

“കുതിരയ്ക്ക് വാതലക്ഷണങ്ങളാണ്.”

“എന്താ ഇനി വഴി ?” എന്നായി തങ്ങൾ.

“നമുക്ക് ഒരു പൊടിക്കൈ നോക്കാം.” ബാപ്പുക്കണാരനെ നോക്കിക്കൊണ്ടു ചോദിച്ചു:

“അടുത്തെങ്ങാനും പാത്തിയുണ്ടോ?”

ബാപ്പുക്കണാരൻ ഒരു മിനുട്ട് ആലോചിച്ചിട്ടു പറഞ്ഞു: “ഇപ്പോം നടയ്ക്ക താഴത്തെ കേളപ്പണിക്കർ പാത്തിയിലാണ്. രണ്ടു ദിവസം കൊണ്ട് അതൊഴിയും.”

“ശരി ! വളരെ നല്ലത് ! ഞാനൊരെണ്ണ കാച്ചിത്തരും. അതും പാത്തിയിൽ ഒഴിച്ച് ആറുമണിക്കൂറിന്നുശേഷം ആ എണ്ണയെടുത്തു കുതിരയുടെ കാലുകളിൽ പുരട്ടുക. ഒരുപക്ഷേ, ഭേദപ്പെടും.”

“ഭേദപ്പെട്ടില്ലെങ്കിൽ?” തങ്ങളുടെ സംശയമായിരുന്നു.

“അഴിച്ചുവിടണം കുതിരയെ; സംശയിക്കാനെന്താ? വേറേ കുതിരയില്ലാഞ്ഞിട്ടോ?” കോമപ്പൻവൈദ്യർ മുഖത്തടിച്ചതുപോലെ പറഞ്ഞു.

തനിക്കു ഹാലിളകുമെന്നു തോന്നി അദ്രാമാന്. കോമപ്പൻവൈദ്യരുടെ നാവരിഞ്ഞു കുതിരയെക്കൊണ്ടു ചവിട്ടിപ്പിക്കാനുള്ള രോഷംപതച്ചുയർന്നു.



പിറ്റേന്നു കാലത്തു തങ്ങൾ പതിവുപോലെ സവാരിക്കായി കാക്കിക്കുപ്പായവും ജീൻസുമിട്ട് കോലായിൽ വന്നുനിന്നു. അദ്രാമാൻ കുതിരയെപ്പിടിച്ചു കോലായോടു ചേർത്തു മുറ്റത്തു നിർത്തി. തങ്ങൾ ചാടിക്കയറി. കുതിര പടിപ്പുര കടന്ന് ഓടാൻ തുടങ്ങി. പള്ളിപ്പറമ്പും സ്റ്റേഷൻ റോഡും ചെമ്മണ്ണുനിരത്തും രാജപാതയും പിന്നിട്ടു കടപ്പുറംനിരത്തിലിറങ്ങി. കുതിര പായുകയായിരുന്നു. എങ്കിലും ആ പാച്ചിലിനു പഴയ ശക്തിയില്ലെന്നു തങ്ങൾ മനസ്സിലാക്കി.

സാധാരണ കടൽത്തീരത്തുള്ള ഗോസായിക്കുന്നിൻറെ താഴ്വരയിലുള്ള ഏതെങ്കിലും ഒരു വീടിൻറെ മുന്നിലാണ് കുതിര തങ്ങളെ ഇറക്കുക. അന്നു ഗോസായിക്കുന്നിൻറെ മങ്ങിയ നിറം കാണുമ്പോഴേക്കും കുതിര തളർന്നു. ഇനിയും മുന്നോട്ടു പോയാൽ മടക്കയാത്ര പ്രയാസമായിരിക്കും. കാക്കിയുടുപ്പും ധരിച്ച് കടിഞ്ഞാണും പിടിച്ച് താൻ നടക്കേണ്ടിവരും. തങ്ങൾ കടിഞ്ഞാൺ വലിച്ചു കുതിരയെ നിർത്തി.

പിന്നെ തിരിച്ചുനിർത്തി ഓടാൻ പറഞ്ഞു. കുതിര കുറച്ചുദൂരം ഓടി. പിന്നെ നടന്നു. കുറെക്കഴിഞ്ഞപ്പോൾ വേച്ചുവേച്ചു നടന്ന് എങ്ങനെയോ അവസാനം അറയ്ക്കലെ തറവാട്ടിൻറെ മുന്നിലെത്തി.

അവശനായ തങ്ങൾ കുതിരപ്പുറത്തുനിന്നിറങ്ങി. കുതിരയുടെ വായിൽനിന്നു നുരയും നുരകൾക്കിടയിൽ ചോരയുടെ കലർപ്പും പുറത്തുവന്നു.

കുതിര ചുമച്ചു. ജീവിതത്തിലാദ്യമായി ചുമച്ചു. അത്രയും വർഷങ്ങൾ ചെയ്ത ഭാരമേറിയ ജോലിയുടെ നല്ലെരിക്കപോലെ ചോരയും നുരയും തുരുതുരാ പുറത്തുവന്നു.

അദ്രാമാൻ കുതിരയുടെ മുന്നിൽ പുറത്തെ മതിലിൽ കുഴഞ്ഞുവീണു. സിങ്കപ്പൂരിൽവച്ചു ബാപ്പയുടെ കുതിരയ്ക്ക് ഇതേപോലെ രോഗം വന്നതു തങ്ങൾക്ക് ഓർമ്മവന്നു. ബാപ്പ യൂനാനിവൈദ്യമുറയിൽ നല്ല പോലെ വിശ്വാസമുള്ള ആളായിരുന്നു. അന്നത്തെ ഒരു പൊടിക്കൈ തങ്ങൾ പ്രയോഗിച്ചു.

ചുവന്നുള്ളിയും പഞ്ചസാരയും സോഡാക്കാരവും അരച്ച ലേപനം ഇളനീരിൽ അരച്ചുകലക്കിക്കൊടുത്തു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല.

ഇരുപത്തൊന്ന്

അന്നു തറവാട്ടിൽ കൊട്ടത്തേങ്ങ ഉരിക്കുന്ന ദിവസമായിരുന്നു. കൂടയിൽനിന്നും പത്തമ്പതിനായിരം കൊട്ടത്തേങ്ങ ഒട്ടനവധി കൂലിക്കാർ പുറത്തേക്കെറിഞ്ഞു. പത്തുപതിനഞ്ചു പാരയുമായി തേങ്ങയുരിക്കുന്നവർ കൂടയുടെ മുന്നിൽ പാര കുഴിച്ചിടാൻ തുടങ്ങി. പാര മണ്ണിൽ ഉറപ്പിച്ചശേഷം ഉള്ളം കൈയിൽ ഉമിനീർ തുപ്പി ഘർഷണം വർദ്ധിപ്പിച്ചശേഷം അവർ തേങ്ങ കൈയിലെടുത്തു. ആദ്യം തേങ്ങ പാരയിൽ കുത്തി നിർത്തുന്നു. പിന്നെ കുനിഞ്ഞു ശരീരത്തിൻറെ കനം മുഴുവൻ അതിൽ പ്രയോഗിക്കുന്നു. കൈയൊന്നു തെറ്റിയാൽ മതി പാര മുഴുവൻ വയറ്റിലായിരിക്കും.

അഞ്ചു നിമിഷംകൊണ്ട് ഒരു തേങ്ങയുടെ മടൽ അവർ പൊളിച്ചു നീക്കുന്നു. തേങ്ങ മുന്നോട്ടും മടൽ പിന്നോട്ടുമായി അവർ എറിഞ്ഞു.

കൊട്ടത്തേങ്ങ പൊളിക്കുന്ന ദിവസങ്ങൾ അദ്രാമാൻറെ സുവർണ്ണദിവസങ്ങളാണ്. തേങ്ങ വിലയ്ക്കെടുക്കുന്നവർ അന്നാണ് ഒരു വെള്ളിയുറുപ്പിക കൊടുക്കുക. പക്ഷേ, അന്ന് അവൻ അങ്ങോട്ടു പോയില്ല. കോമപ്പൻ വൈദ്യരെ കൊണ്ടുവരുവാനായി അവൻ നീരുവന്ന കാലുകളോടെ ആറുനാഴിക ദൂരത്തുള്ള മുക്കാളിയിലേക്കു നടന്നു.

വൈദ്യർ അപ്പോൾ വീട്ടിലില്ലായിരുന്നു. പുറമേരിത്തമ്പുരാൻറെ തമ്പുരാട്ടിക്കു പ്രസവരക്ഷയ്ക്കുള്ള മരുന്നെടുക്കാനായി കോവിലകത്തേക്കു പോയതായിരുന്നു. സന്ധ്യയോടെയാണു തിരിച്ചെത്തിയത്. കൈയിലെ പൊതി ഭാര്യയെ ഏല്പിച്ചു നേരേ അദ്രാമാൻറെ കൂടെ നടന്നു. ഓലക്കുടയെടുക്കാൻ മറന്നില്ല. വേണമെങ്കിൽ മഞ്ഞുകാലവും.

അവർ നടന്നു. അവർക്കെതിരെ മണികിലുക്കിക്കൊണ്ട് തോളിൽ സഞ്ചിയുമായി അഞ്ചൽക്കാരൻമാത്രം ഓടിപ്പോയി. വിജനമായിരുന്നു നിരത്ത്.

അറയ്ക്കൽത്തറവാട്ടിൽ എത്തുമ്പോഴേക്കും സന്ധ്യയടുക്കാറായി.

തേങ്ങ മുഴുവനും പൊളിച്ചുകഴിഞ്ഞിരുന്നു. ഉരിച്ച തേങ്ങ മലപോലെ കുമ്പാരമായി തറവാടോളം ഉയർന്നുകിടന്നു.

കോമപ്പൻവൈദ്യർ പെട്ടെന്നു വന്നതു കണ്ടപ്പോൾ തങ്ങൾ അത്ഭുതപ്പെട്ടു.

“വൈശ്യരെന്താ വന്നത്?” തങ്ങൾ ചോദിച്ചു.

വൈദ്യർ അന്തംവിട്ടുനില്ക്കുമ്പോൾ അദ്രാമാൻ പറഞ്ഞു:

“നാൻ ബ്ളിച്ചുകൊണ്ടുവന്നതാ.”

“ഉം?” തങ്ങൾക്കു കലി കയറിയതുപോലെയായി.

“കുദിത...” അത്രയേ പറഞ്ഞുള്ളൂ. അവൻ കരയാൻ തുടങ്ങി. തങ്ങളുടെ ദേഷ്യം പെട്ടെന്നലിഞ്ഞു. തങ്ങൾ പറഞ്ഞു:

“ഈ കുതിരേന ഇബനാ ഉണ്ടാക്കിയത്.”

കോമപ്പൻവൈദ്യർ ചിരിച്ചു. വൈദ്യർ വീണ്ടും കുതിരയെ പരിശോധിച്ചു. കുറെക്കഴിഞ്ഞപ്പോൾ നടുമുറ്റത്തുവന്നുനിന്നുകൊണ്ട് പറഞ്ഞു:

"ഇനിയിവൻ സവാരിക്ക് പറ്റൂല്ല."

ഓലക്കുടയും ചൂടി കോമപ്പൻവൈദ്യർ പടിയിറങ്ങി.

അന്നു രാത്രിക്കുരാത്രിതന്നെ തങ്ങൾ ഒരു കത്തുമായി ബുഹാരിയെ തലശ്ശേരിക്കയച്ചു. അടിയന്തരമായി ഒരു കുതിരയെ അയച്ചു വരാനുള്ള സന്ദേശമായിരുന്നു അത്. അതും കുഞ്ഞിരാമൻ വക്കീലിന്.

അന്നു രാത്രി അദ്രാമാൻ ഉറങ്ങിയില്ല. വയർ പട്ടിണിയായിരുന്നെങ്കിലും മനസ്സു സങ്കടംകൊണ്ടു നിറഞ്ഞിരുന്നു. പുലരാൻകാലത്ത് അവൻ ഒന്നു മയങ്ങി. അപ്പോൾ അവൻറെ മുന്നിൽ അറയ്ക്കലെ തറവാട്ടിൻറെ മുറ്റത്തു പുതിയ ഒരു കുതിരയും ഒരു കുതിരക്കാരനും. നല്ല ഒന്നാന്തരം കുതിര! കുതിരക്കാരൻ തന്നെപ്പോലെ സിങ്കപ്പൂർക്കാരൻതന്നെ. അദ്രാമാൻ പന്തിയിൽനിന്നെഴുന്നേറ്റു പുറത്തേക്കോടി. അവൻറെ കൈയിൽ തൻറെ കുതിരയെ കഴിഞ്ഞ പതിനേഴു വർഷം തല്ലാനോങ്ങിയ ചാട്ടവാറുണ്ടായിരുന്നു. ആ ചാട്ടവാറുമെടുത്താണ് അവൻ പുറത്തേക്കിറങ്ങിയത്. അതുമായി അവൻ പുതിയ കുതിരയുടെ അടുത്തേക്കു നീങ്ങി. ചാട്ടവാർ ഓങ്ങിയതും, പേടിച്ച കുതിര പടിപ്പുരയും കടന്ന് ഒരോട്ടം. കുതിര കുളമ്പിട്ടടിച്ചുകൊണ്ടു പള്ളിപ്പറമ്പുറോഡും മൈതാനവും കടന്ന് ഓടുകയായിരുന്നു. കുതിര കണ്ണിൽനിന്ന് അകന്നു പോവുകയാണെങ്കിലും കുളമ്പടിയൊച്ച വർദ്ധിച്ചു. പെട്ടെന്ന് ഉറക്കം ഞെട്ടി. കുതിരയില്ല. കുതിരക്കാരനില്ല. പക്ഷേ, വിദൂരതയിൽനിന്നും ഒരു കുളമ്പടിയൊച്ച അവൻ കേട്ടു. കുളമ്പടിയൊച്ച അടുത്തടുത്തു വന്നു. അവസാനം അതു പള്ളിപ്പറമ്പിലെത്തി.

പടിപ്പുരയിൽ പെട്ടെന്നു വിളക്കു തെളിഞ്ഞു. തറവാടു പെട്ടെന്നു സജീവമായി. മുറ്റത്തു പരക്കംപാച്ചിൽ. പുതിയൊരു ഗന്ധം. അദ്രാമാന് അപരിചിതമായ ഗന്ധം. അദ്രാമാൻ പന്തിക്കിടയിലൂടെ ഒരിക്കൽക്കൂടി കണ്ണുകൾ തിരുമ്മി മുറ്റത്തേക്കു നോക്കി. പുതിയ ഒരു കുതിര! അതിൻറെ പുറത്ത് ഒരു കുതിരക്കാരൻ.

അവൻ പന്തിയിൽനിന്നിറങ്ങിയില്ല.

അല്പം കഴിഞ്ഞപ്പോൾ മുറ്റത്തു വലിയ ബഹളം കേട്ടു. തങ്ങളുടെ ശബ്ദംതന്നെയാണു മുഴച്ചുനിന്നത്. ദബ്ബടിക്കുന്ന മാതിരിയായിരുന്നു ആ ഒച്ച. കൂട്ടത്തിൽ ബുഹാരിയും ബാപ്പുക്കണാരനും പട്ടാളം ഇബ്രായിയും എല്ലാവരുമുണ്ട്. അദ്രാമാൻ കണ്ണുചിമ്മിക്കിടന്നു. മുറ്റത്തേക്കു നോക്കിയതേയില്ല. അല്പം കഴിഞ്ഞപ്പോൾ തങ്ങൾ പന്തിയുടെ വാതിലിൽ മുട്ടിവിളിച്ചു:

"എടാ അദ്രാമാനേ, ബലാലേ, എണീക്ക്–പുതിയ കുതിര ബന്നിരിക്ക്ന്ന്."

അദ്രാമാൻ ഉറക്കച്ചടവിലെന്നവണ്ണം പന്തിയുടെ വാതിൽ തുറന്നുപുറത്തു വന്നു.

"നോക്ക്, കുതിരയെ നോക്ക്," പുതിയ കുതിരയെ ചൂണ്ടി തങ്ങൾ പറഞ്ഞു:

"ഇന്നുമുതൽ നിനക്ക് പറമോഷനാണ്. ഇഞ്ഞി എനിമുതൽ കുതിരക്കാരനല്ല."

അദ്രാമാൻ തലകുനിച്ചുനിന്നു.

"ഇനി താമസിക്കേണ്ട. ഇൻറെ കുതിരനെ ബേഗം കൊണ്ടുപോയി എളക്കി ബിട്. പെരിയന ബയലിൻറെ അപ്പുറത്ത് ബിട്ടേക്കണം. പിന്നെ ഓൻ മടങ്ങിവരുല്ല."

അദ്രാമാനു തല ചുറ്റുന്നതുപോലെ തോന്നി. ഒരക്ഷരം ഉരിയാടാൻ അവനു കഴിഞ്ഞില്ല. ഒരു യന്ത്രംപോലെ അവൻ കുതിരയെ പന്തിയിൽ നിന്നിറക്കി അതിൻറെ പുറം തടവി. പിന്നെ ചാടിക്കയറി.

കുതിര ഓടാൻ തുടങ്ങി. പോറ്റച്ഛനെയും കയറ്റിയുള്ള അവസാനത്തെ ഓട്ടം. അവസാന കർമ്മം നിർവഹിക്കുന്നതിൻറെ ലഹരി അതിനെ മത്തുപിടിപ്പിച്ചു. വാതംപിടിച്ച കുതിര ഓടിയോടി മുന്നേറി.

അവസാനം പെരിയന വയലിൻറെ മുന്നിലെത്തുമ്പോഴേക്കും കുതിര തളർന്നു. വായിൽനിന്നു നുരയും ചോരയും പതഞ്ഞു.

അദ്രാമാൻ കുതിരപ്പുറത്തുനിന്നിറങ്ങി. ഒരിക്കലും അവനുനേരേ ഉപയോഗിക്കാത്ത ചാട്ടവാർ ഉയർത്തി. ഏതോ ഒരു വാശി അവനെ ഉത്തേജിപ്പിച്ചു. അവൻ ചാട്ടവാർ വായുവിലുയർത്തി ആഞ്ഞൊരടി. ഞെട്ടിപ്പോയ കുതിര അടിയുടെ ശക്തിയിൽ നട്ടുവളച്ചുനിന്നു. ഒരു നിമിഷംകൊണ്ട് അവൻ പിന്തിരിഞ്ഞുനോക്കി.

കുതിരയ്ക്കു വിശ്വാസം വന്നില്ല. തൻറെ രക്ഷിതാവായ അദ്രാമാനാണോ ഇത്? നീണ്ട കഴുത്ത് ഒടിച്ചുപിടിച്ചുകൊണ്ട് ആർദ്രമായ കണ്ണുകളോടെ കുതിര അദ്രാമാനെത്തന്നെ നോക്കിനിന്നു.

പിന്നെയും അടിതന്നെയായിരുന്നു. അടിയോടടി. സഹിക്കവയ്യാതായപ്പോൾ കുതിര എടുത്തോടി. കുളമ്പടിച്ചു മണ്ണുമാന്തി അവൻ മുന്നോട്ടാഞ്ഞു. വയൽ നെടുകെ മുറിച്ച് അവൻ റെയിൽകടന്ന് അപ്പുറത്തെത്തി. നീണ്ടുപോകുന്ന റെയിലിലൂടെ കുതിര ഓടി. പിന്നെ പതുക്കെ ഓടിത്തുടങ്ങി. കുതിര ചെറുതായിത്തുടങ്ങി. അവസാനം റെയിൽപ്പാളത്തിൽ ഒരു പൊട്ടുപോലെ കുതിര അപ്രത്യക്ഷമായി.

അദ്രാമാൻറെ കണ്ണിൽ വെള്ളം നിറഞ്ഞു. അവൻ തളർന്നു താഴെയിരുന്നു. എത്രനേരം ഇരുന്നെന്നോർമ്മയില്ല. ചെറിയ ഓർമ്മക്കുറവു തന്നെയായിരുന്നു. അവൻ ഉണർന്നു. കുതിരയുടെ കുളമ്പടിയും തേടി, കനത്ത മനസ്സോടെ, നീരുവന്ന പാദങ്ങളോടെ, അവൻ റെയിൽവേപ്പാളത്തിലൂടെ നടന്നു. തീവണ്ടികൾ അവനെതിരെ പുകതുപ്പി ഗർജിച്ചു പാഞ്ഞുപോയി.

കുറെ കഴിഞ്ഞപ്പോൾ അവനെതിരെ ഒരാൾ നടന്നുവരുന്നതു കണ്ടു. അയാളുടെ തലയിൽ വലിയ ഒരു കുട്ടയുണ്ടായിരുന്നു. ചന്തയിലേക്കു പോകുകയായിരിക്കും.

ഗദ്ഗദത്തോടെ അദ്രാമാൻ ചോദിച്ചു:

“ങ്ങള് ഏടുന്നാ ബര്ന്നത്?”

“മയ്യഴീന്ന്.”

“ആടേങ്ങാനും ഒരു കുതിരേക്കണ്ടോ?”

“കുതിരയോ?”

“ങ്ഹാ എൻറെ കുതിര.”

“ഹ... ഹ...” അയാൾ ചിരിച്ചുകൊണ്ടു റെയിൽപ്പാളത്തിലൂടെ ബാലൻസിൽ നടന്നുപോയി.

ഇരുപത്തിരണ്ട്

പൂക്കോയതങ്ങളുടെ പുതിയ കുതിര വന്ന ദിവസമാണ് നാടകസംഘം കാരക്കാട്ടു റെയിൽവേസ്റ്റേഷനിൽ ഇറങ്ങിയത്. അന്നു തീവണ്ടിയിലെ ഗാർഡ് ഒരുപാടുനേരം ചുവപ്പുകൊടിയും പിടിച്ചുനിന്നു. അത്രയും സാധനങ്ങളുമായാണ് നാടകസംഘം വന്നത്. ഉച്ചഭാഷിണി തുടങ്ങി പെട്രോമാക്സുവരെ അവർ കരുതിയിരുന്നു. സ്റ്റേഷനിൽ പ്ലാറ്റ്ഫോം ഇല്ലാത്തതിനാൽ സാധനങ്ങൾ ഇറക്കാൻ നന്നേ പാടുപെടേണ്ടിയുംവന്നു.

മറ്റു കമ്പാർട്ട്മെൻറിൽ ആരും കയറാനോ ഇറങ്ങാനോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റാൻ നാടകസംഘത്തിനു കഴിഞ്ഞു. നീണ്ടു വെളുത്ത ജൂബ്ബയും വലിയ കറുത്ത വരയുള്ള ഡബിൾമുണ്ടും സിൽക്ക് വേഷ്ടിയുമായി സംഘം നേതാവു മുന്നിൽനിന്നു. തൻറെ വലിയ കൊമ്പൻമീശ ഇടയ്ക്കിടെ തടവുകയും നീണ്ടമുടി കോതിമിനുക്കുകയും ചെയ്യുന്നതിനിടയിൽ അയാൾ ഇടയ്ക്കിടെ തൻറെ പണിക്കാരെ രൂക്ഷമായി നോക്കിക്കൊണ്ടിരുന്നു. തൊഴിലാളികളെ എപ്പോഴും ഭയപ്പെടുത്തണമെന്ന് അയാളുടെ അച്ഛൻഅയാളെ പഠിപ്പിച്ചിരുന്നു.

അപ്പോഴാണ് തെക്കയിൽത്തറവാട്ടിലെ കോരൻ സ്റ്റേഷനിലെത്തിയത്.

“ക്ഷമിക്കണം. അല്പം താമസിച്ചുപോയി.” ചിരിച്ചുകൊണ്ടു പറഞ്ഞു.

“വാസ്തവത്തിൽ താമസിച്ചിട്ടില്ല. വണ്ടി ഇന്നു സമയത്തിനെത്തിയതാണ്. ഇതുവരെ ഇങ്ങനെയൊരു പതിവുണ്ടായിട്ടില്ല.”

ബ്രഹ്മവ്രതൻ തൊഴുകൈയുമായി നില്ക്കുകയാണ്. കോരനെ അയാൾക്ക് അത്രയും ആരാധനയായിരുന്നു. എല്ലാ കൊല്ലങ്ങളിലും കോരൻ ബ്രഹ്മവ്രതൻറെ ഓരോ നാടകം തൻറെ നാട്ടിൽ കളിപ്പിക്കുന്നു. ഓരോ ആഴ്ചയിൽ ഓരോ കളിവീതം മൂന്നാഴ്ചകളിലാണു കളി. ഈ മൂന്നാഴ്ചകൾക്കുള്ളിലാണ് അയാൾ അടുത്തകൊല്ലം പല ദിക്കുകളിലും കളിക്കേണ്ട നാടകം എഴുതിത്തീർക്കുക. തെക്കയിലെ പടിഞ്ഞാറ്റയിലെ അകത്ത് വീട്ടികൊണ്ടുണ്ടാക്കിയ പഴയ ഈസിച്ചെയറിലിരുന്നാണ് അയാൾ എഴുതുക. രാത്രി നാലുമണിക്കുണരും. എന്നിട്ടൊരു കുളി. കുളികഴിഞ്ഞാൽ ദേഹം തോർത്തുകയില്ല. നീണ്ട മുടിയിലെ വെള്ളം മാത്രം കുടഞ്ഞ് ഒരു തോർത്തുമുണ്ടുടുത്തുകൊണ്ടാണ് എഴുത്ത്. ഇടയ്ക്കിടെ കടലാസിൽ വെള്ളത്തുള്ളികളുറയും, മഷി പരക്കും. ആ ഇരിപ്പ് നേരം വെളുക്കുന്നതുവരെയാണ്. അപ്പോഴേക്കും പേജുകൾ നീങ്ങിയിരിക്കും. രാവിലെ ഏഴു മണിക്കു പടിഞ്ഞാറ്റയിലെ അകത്തെ വാതിലിൽ മുട്ടുകേൾക്കുമ്പോൾ നാടകകൃത്തു വാതിൽ തുറക്കും.

ഏറ്റുകാരൻ കണ്ണൻ ഓട്ടുഗ്ലാസ്സുമായി മുന്നിൽ നില്ക്കുന്നുണ്ടായിരിക്കും. ആ ചക്കരക്കള്ള് ഒരു വലിക്കു കുടിച്ചുതീർത്തശേഷം മൂപ്പർ ഒരുറക്കമാണ്. പിന്നെ എഴുന്നേല്ക്കുന്നത് ഉച്ചയൂണിനായിരിക്കും.

നാടകസംഘം നീങ്ങി. കുത്തിനിർത്തിയ കമ്പിവേലിയുടെ ഗേറ്റിൽ വെളുത്ത പാൻറു ധരിച്ച സ്റ്റേഷൻ മാസ്റ്റർ ഗബ്രിയേൽ ടിക്കറ്റിനായി നില്ക്കുന്നുണ്ടായിരുന്നു. അയാളുടെ മുഖത്ത് ആ നാട്ടിലെ ഗൗരവം മുഴുവൻ നിഴലിച്ചിരുന്നു. കാൽസറായിയിടുന്ന ഒരേയൊരാൾ ആ നാട്ടിൽ ഗബ്രിയേൽ മാത്രമായിരുന്നു.

ടിക്കറ്റുകൾ വാങ്ങി. തലയെണ്ണിയശേഷം അയാൾ അവരെ പുറത്തു വിട്ടു. പിന്നെ അയാൾ കൊടി ചുരുട്ടി കക്ഷത്തിലിറുക്കി തൻറെ ഭാര്യയുമായി ചീട്ടുകളിക്കാനായി സ്റ്റേഷൻറെ അകത്തേക്കുപോയി. അക്കാലത്തു സ്റ്റേഷൻറെ അകത്തുതന്നെയായിരുന്നു സ്റ്റേഷൻ മാസ്റ്ററുടെ കുടുംബവും.

പള്ളിപ്പറമ്പിലെ അറബിപ്പുളിമരത്തിൻറെ ചുവട്ടിൽ നില്ക്കുമ്പോഴാണ് വലിയതങ്ങൾ, നാടകസംഘം റോഡിലൂടെ നീങ്ങുന്നതു കണ്ടത്. കൂട്ടത്തിൽ പരിചയമുള്ള കോരനെ കണ്ടപ്പോൾ ബലിക്കാക്കയെ കൈമുട്ടി വിളിക്കുന്നതുപോലെ തങ്ങൾ കോരനെ കൈ തട്ടിയാകർഷിച്ചു. തങ്ങളെ കണ്ടപ്പോൾ കോരൻ ചെവി തുടങ്ങി ചെവിവരെ ചിരിച്ചു. തങ്ങളുടെ അടുത്തെത്തുന്നതുവരെ ആ ചിരി നീണ്ടുനിന്നു. ടൂത്ത് ബ്രഷ് ഉപയോഗിക്കാൻ കോരനോടു ശുപാർശ പറയാൻ തങ്ങൾ ആഗ്രഹിച്ചെങ്കിലും പറഞ്ഞില്ല. സിങ്കപ്പൂരിലും മറ്റും പോയ പരിചയം അയാളെ വിലക്കി.

“ആരാ ഇതെല്ലാം? എന്താ കഥ?”

ഏഴെട്ടു ശൊങ്കന്മാരും രണ്ടുമൂന്നു കാളവണ്ടി നിറയെ സാമാനങ്ങളും കുറെ കൂലിക്കാരും റോഡിലൂടെ നീങ്ങുന്ന കാഴ്ച കണ്ട് തങ്ങൾ ചോദിച്ചു:

“നാടകസംഘം?”

കോരൻ പറഞ്ഞു: “തങ്ങൾക്കറിയില്ലായിരുന്നോ?”

“ഞമ്മളിന്നാട്ടുകാരനല്ലാലോ കോരാ,” ഒരു കുണ്ഠിതത്തോടെതങ്ങൾ പറഞ്ഞു: “എരകിട്ടാനായി ഞമ്മള് അന്യനാട്ടില് പോകുന്നോനല്ലേ?”

കോരൻ ഒന്നും പറഞ്ഞില്ല.

“ആട്ടെ, ഏടുന്നാ നാടകം?” തങ്ങൾ ചോദിച്ചു.

“പതിവുപോലെ പെരിയവയലിൽനിന്നുതന്നെ.”

നീണ്ടു പരന്നുകിടക്കുന്ന പെരിയവയൽ പകുതിയോളം കോരൻറേതാണ്. ബാക്കി പകുതി പുറമേരിത്തമ്പുരാൻറേതും. മകരത്തിലെ കൊയ്ത്തിനുശേഷമാണ് സാധാരണ കളി. അപ്പോഴേക്കും വയൽ കട്ടയുടച്ചു പരന്നിരിക്കും. വയലിൻറെ തെക്കുഭാഗത്തായി സ്റ്റേജ് കെട്ടുന്നു. ഗ്രാമത്തിൽനിന്നും അയൽ ഗ്രാമത്തിൽനിന്നും അനേകായിരം ആളുകൾ നാടകം കാണാൻ വരിക പതിവാണ്. പക്ഷേ, ടിക്കറ്റില്ലാതെയാണ് കളി. സകല ചെലവുകളും കോരൻ വഹിക്കലാണ് പതിവ്.

കോരൻ എല്ലാക്കാര്യവും തങ്ങളോടു വിസ്തരിച്ചു പറഞ്ഞു. അത്രയും നേരം നാടകസംഘം നിരത്തിൽത്തന്നെ നില്ക്കുകയായിരുന്നു. വണ്ടിക്കാളകൾ ആ സമയംകൊണ്ടു മൂന്നുനാലുകുട്ട ചാണകം റോഡിലിട്ടു.

“സ്വാമി വരണം.” കോരൻ നാടകകൃത്തിനെ വിളിച്ചു. അയാൾക്കു പിന്നിൽ നാടകസംഘവും പള്ളിപ്പറമ്പിലേക്കു നീങ്ങി.

കോണോടുകോൺ മടക്കിവച്ച സില്ക്കുവേഷ്ടിയിട്ട നാടകകൃത്തിൻറെ കൈപിടിച്ചു കുലുക്കുമ്പോൾ തങ്ങൾ പറഞ്ഞു: “വെരി ഗ്ലേഡ് മീറ്റ് യൂ.”

കോരൻ പരിഭാഷപ്പെടുത്തി.

“സിങ്കപ്പൂരിലാ സ്ഥിരതാമസം. മലയാളം നാട്ടിൽ വന്നാലേ പറയാറുള്ളൂ.”

“ബഹുസന്തോഷം.” നാടകകൃത്തു പറഞ്ഞു.

മീശ വടിച്ചു മിനുസപ്പെടുത്തിയ സുമുഖരായ രണ്ടാണുങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു തങ്ങൾ ചോദിച്ചു:

“ഇവരേതാ?”

സംഘത്തിലുള്ളവർതന്നെ. നാടകകൃത്ത് ഒരു ക്ഷമാപണത്തോടെ പറഞ്ഞു: "പക്ഷേ, സ്ത്രീവേഷക്കാരാ."

"ശരി. എന്ന നമ്മൾക്കും കളിപ്പിക്കണം ഒരു നാടകം."

തങ്ങൾ നാടകകൃത്തിനോടും കോരനോടുമായി പറഞ്ഞു.

"അതിനെന്താ വിരോധം?"

"ബീട്ടിലേക്ക് ക്ഷണിക്കാം." തങ്ങൾ പറഞ്ഞു.

"ഇപ്പോ വേണ്ട."

"ശരി, പിന്നെ കാണാം."

നാടകസംഘം മറയുന്നതുവരെ തങ്ങൾ നോക്കിനിന്നു.

ഇരുപത്തിമൂന്ന്

കുഞ്ഞാലി മുറിയിൽ ഏകനായി നടന്നു. എത്ര ദിവസം കഴിഞ്ഞെന്നോർമ്മയില്ല. ഇനി എത്ര ദിവസം കിടക്കണമെന്നറിയില്ല. നേരം വെളുക്കുന്നു. പകൽ കണ്ടമാനം ഭക്ഷണമാണ്. കാലത്തു പത്തിരിയും മൂരിയിറച്ചിയും. പതിനൊന്നുമണിക്കു നേന്ത്രപ്പഴം പുഴുങ്ങിയതും മുട്ട പൊരിച്ചതും. ഉച്ചയ്ക്ക് പൊരിച്ചമീനും വടക്കനരിയുടെ ചോറും. വൈകുന്നേരം മുട്ടപ്പത്തിരിയും പാലൊഴിച്ചു കട്ടിയാക്കിയ ചായയും. രാത്രി കരിമീൻ കറിയും പുഴുക്കും ചെറിയരിക്കഞ്ഞിയും. തിന്നുതിന്നുമടുത്തു. ദേഹം ചീർത്തു. പക്ഷേ, സമയം പോകുന്നില്ല. കട്ടിലിൽ കിടന്നു കിളിവാതിലിലൂടെ നോക്കിയാൽ കാണുന്നത് ആകാശം മാത്രം. അങ്ങനെ നോക്കിയിരിക്കുമ്പോഴാണ് പൂക്കുഞ്ഞിബീ വന്നത്.

അവൾ മുറിയിൽക്കടന്നപ്പോൾ മുറി മുഴുവനും മാവുപൂത്ത മണം പരന്നു. കുഞ്ഞാലി മൂക്കു വിടർത്തിയപ്പോൾ അവൾ ഒരുണ്ണിമാങ്ങ അവൻറെ കൈയിൽ വച്ചുകൊടുത്തു.

“കാറ്റടിച്ചോ?” കുഞ്ഞാലി ചോദിച്ചു.

“ഒരുപാട് കാറ്റടിച്ചു. ഒരുപാട് മാങ്ങേം വീണു.” പൂക്കുഞ്ഞിബീ പറഞ്ഞു.

അവൾ അവൻറെ കട്ടിലിലിരുന്നു. ആറ്റബീ ഉച്ചയൂണുകഴിഞ്ഞ് ഉറങ്ങുന്ന സമയത്താണ് പൂക്കുഞ്ഞിബീ കുഞ്ഞാലിയുടെ മുറിയിൽ സാധാരണ ചെല്ലുന്നത്. പൂക്കുഞ്ഞിബീ അവിടെ പോകുന്നത് ആറ്റബീക്ക് ഇഷ്ടമല്ല. ആറ്റബീ പലപ്പോഴും പറഞ്ഞു:

“അവൻ ഹറാത്താ.”

പണ്ടൊരു ദിവസം പൂക്കുഞ്ഞിബീയും കുഞ്ഞാലിയെ ഹറാത്തെന്നു വിളിച്ചു. അന്നാണ് കുഞ്ഞാലി പൂക്കുഞ്ഞിബീയുടെ മുന്നിൽവച്ച് ആദ്യമായി കരഞ്ഞത്. അവൻ കരയുന്നതു കണ്ട് പൂക്കുഞ്ഞിബീ അന്തംവിട്ടു നിന്നുപോയി. ഹറാത്തെന്നതിൻറെ അർത്ഥം അവൾക്കറിയില്ലായിരുന്നു. പക്ഷേ, പലരും തന്നെ വിളിക്കുന്നതു കേട്ട് കുഞ്ഞാലിക്ക് അതറിയാമായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ അവൻ കണ്ണുകൾ മെല്ലെ തുടച്ചു ചിരിക്കാൻ തുടങ്ങി.

ഉണ്ണിമാങ്ങ കൈയിൽ വച്ചുകൊണ്ട് അവൻ അതേ ചിരി ചിരിക്കുകയാണ്. രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുമ്പു ചിരിച്ച ചിരി. പൂക്കുഞ്ഞിബീ ചോദിച്ചു:

"എന്താ ചിരിക്ക്ന്ന്?"

"നിന്നെക്കണ്ടിറ്റ്." കുഞ്ഞാലി പറഞ്ഞു.

"എന്നെക്കണ്ടിറ്റോ?" അതു മുഴുമിപ്പിച്ചില്ല. അതിനു മുമ്പ് ഏണിപ്പടികൾക്കിടയിൽ ആറ്റബീയുടെ സ്വരം ഉയർന്നു:

"എവടെ ചെക്ത്താൻ? ഹറാത്തിൻറെ അട്ത്ത് പോയി കുത്തീരുന്നിറ്റുണ്ടാവും."

പൂക്കുഞ്ഞിബീ താഴോട്ടേക്കോടി. കോണിയിറങ്ങുമ്പോൾ പൂക്കുഞ്ഞിബീ കാൽ തെറ്റി വീണു. പൂക്കുഞ്ഞിബീയുടെ നിലവിളിയുയർന്നു. വീട്ടിൽ എല്ലാവരുടെയും നിലവിളിയും ബഹളവും. തങ്ങളുടെ ശബ്ദം എല്ലാറ്റിലും മീതേ ഉയർന്നുനിന്നു.

കുഞ്ഞാലിക്കു താഴോട്ടു പോകാൻ ധൃതിയായി. എഴുന്നേല്ക്കാൻ പാടില്ല. എങ്കിലും അവൻ എഴുന്നേറ്റ് ഏണിപ്പടികൾ പിടിച്ച് താഴേക്കു നോക്കി. കുറെക്കഴിഞ്ഞപ്പോൾ താഴെ എല്ലാം ശാന്തമായി. അവൻ തിരിച്ചു നടന്നു. അപ്പോഴാണ് സിമൻറുതറയിൽ രക്തത്തുള്ളികൾ അവൻ കണ്ടത്. അവൻ ഉടുമുണ്ടിൽ നോക്കി. ചോരയുടെ ഒരു വൃത്തം, അവൻ അറിയാതെ നിലവിളിച്ചു. വലിയ തങ്ങളാണ് ഓടിയെത്തിയത്. തങ്ങൾ അവനെ ഒരുപാടു ശാസിച്ചു. പോകുന്നതിനു മുമ്പു കട്ടിലിൽ ഇരുന്നുകൊണ്ടു തങ്ങൾ ഒരിക്കൽക്കൂടി അവൻറെ തുണി പൊക്കി നോക്കി. എന്നിട്ടു പറഞ്ഞു:

"ഇനി സാരമില്ല." പിന്നെ തങ്ങൾ കോണിയിറങ്ങി താഴത്തേക്കു പോയി.

കുറച്ചുകഴിഞ്ഞപ്പോൾ തങ്ങൾ ഒരു ചെറിയ ട്യൂബുമായി വന്നു. കുഞ്ഞാലിയുടെ കട്ടിലിലിരുന്നപ്പോൾ കട്ടിൽ അമർന്നു. തുണി പൊക്കി ചോര പൊടിയുന്നേടത്തു ട്യൂബ് ഞെക്കി. മഞ്ഞമരുന്ന് അരി മുറുക്കിൻറെ മാവുപോലെ പുറത്തു വന്നു.

നാലാംദിവസം അതുണങ്ങി. വേദന തീരെ വിട്ടുമാറി. അന്നു വൈകുന്നേരം പൂക്കുഞ്ഞിബീ വീണ്ടും കയറിവന്നു. അന്ന് അവളെ മണത്തത് അത്തറായിരുന്നു.

കുഞ്ഞാലി ഞെട്ടി. "ഞാൻ ബിചാരിച്ച് തങ്ങളുപ്പാപ്പയാണെന്ന്."

"എന്തൊരു വാസന! ഞാൻ അലമാരി തുറന്നു കട്ടെടുത്തതാ. ഉപ്പാപ്പ നല്ല ഒറക്കമാ."

കുഞ്ഞാലി കുഞ്ഞിബീയുടെ കുപ്പായത്തിൽ മുഖം അമർത്തി മണത്തു.

"നാളെയാ ഇഞ്ഞി പള്ളീപ്പോക്ക്നത്."

കുഞ്ഞാലി പറഞ്ഞു.

കുഞ്ഞാലി ഉയർത്തെഴുന്നേറ്റതുപോലെ തോന്നി അവന്. സുന്നത്തു കല്യാണത്തിൻറെ അവസാന ദിവസമാണു പള്ളിയിൽപ്പോക്ക്. അന്ന് അതിരാവിലെ കുളിക്കും. കുളിച്ചു പുതിയ ഉടുപ്പുകളുടുക്കും. അത്തർ പുരട്ടും. ചമഞ്ഞശേഷം പള്ളിയിൽ പോകും. നാളെ, നാളെയാണാ ദിവസം.

ഇനി ഈ മുറിയിൽ തനിച്ചിരിക്കേണ്ട ആവശ്യമില്ല. ഈ മുറിയിലെ ഏകാന്തത അവസാനിച്ചിരിക്കുന്നു. നാളെത്തുടങ്ങി കുഞ്ഞാലിക്കു ലോകത്തിലേക്കിറങ്ങിച്ചെല്ലാം.

അവൻ അന്നാദ്യമായി പൂക്കുഞ്ഞിബീയെ സന്തോഷത്താൽ കെട്ടിപ്പിടിച്ചു.

"എടാ ഹമുക്കേ!" ആറ്റബീയുടെ ശബ്ദം കേട്ടു. കുഞ്ഞാലി ഞെട്ടിത്തെറിച്ചു. അവരുടെ മുന്നിൽ ആറ്റബീ ഒരു കൊടുങ്കാറ്റുപോലെ നില്ക്കുന്നു. അവർ കിതയ്ക്കുന്നുണ്ടായിരുന്നു. അവരുടെ മാറിടം ശക്തിയായി താഴുകയും ഉയരുകയുംചെയ്തു. കണ്ണുകൾ ചുവന്നു തിളങ്ങി. വായിൽ ചീത്തവാക്കുകൾ നിറഞ്ഞു കവിഞ്ഞു.

പല്ലുകടിക്കുന്ന ഒച്ചകേട്ടു. കുഞ്ഞിബീയെ ഒരു നീരാളിയെപ്പോലെ ഒരുപാടു കൈകാലുകൾകൊണ്ടു ചുറ്റിപ്പിടിച്ച് തന്നോടടുപ്പിച്ചു. എന്നിട്ട് അവളുടെ കവിളിൽ ആഞ്ഞൊന്നടിച്ചു. ഇളംകവിളുകൾ ചുവന്നു. കണ്ണുകളിൽ വെള്ളം നിറഞ്ഞു.

പൂക്കുഞ്ഞിബീയെയും വലിച്ചു കോണിയിറങ്ങുമ്പോൾ ആറ്റബീ പിറുപിറുത്തു: "ഹറാത്ത് !"

ഇരുപത്തിനാല്

രാത്രി വളരെ വൈകിയാണ് അദ്രാമാൻ തിരിച്ചെത്തിയത്. പള്ളിപ്പറമ്പിൽ നല്ല ഇരുട്ടായിരുന്നു. പള്ളിയിലെ തുറന്നുവച്ച ഒരു കിളിവാതിലിലൂടെ ചുകന്നരണ്ട വെളിച്ചം മാത്രം പുറത്തുവന്നു. ചമ്രം പടഞ്ഞിരുന്ന എറമുള്ളാൻമുക്രി ഖുർ ആൻ ഓതുകയാണ്. അദ്രാമാൻ കിളിവാതിലിനരികെ ചെന്നുനിന്നു. പഴകി ദ്രവിച്ച പുൽപ്പായയിൽ മലർത്തിവച്ച ഖുർ ആൻ പുസ്തകം. പലകയിൽവച്ച റാന്തൽ. ഒരു മരക്കഷണം പോലെ അതിനടുത്തിരിക്കുന്ന എറമുള്ളാൻ മുക്രി. ചുണ്ടുകൾ അനങ്ങുന്നില്ല. കണ്ണുകൾ അടഞ്ഞിരിക്കുന്നു. തല ഇടയ്ക്കിടെ ആടുന്നുണ്ട്; തലയുയർത്തിപ്പിടിച്ച പാമ്പിനെപ്പോലെ.

"എറമുള്ളാനിക്കാ!" അദ്രാമാൻ വിളിച്ചു.

"ആരാ?" എറമുള്ളാൻ ഞെട്ടി, "ഈ പാതിരാക്ക് ആരാ?"

"നാനാ, അദ്രാമാൻ."

"എന്താ ബലാലേ? ഇനിക്കൊറക്കമില്ലേ? ചെകുത്താൻറെ മാതിരി പാതിരക്ക് നടത്തം?"

"നാൻ ദൂരത്തുനിന്നു ബെരുന്നതാ. ഞമ്മളെ കുതിരയെ കൈ ബെദിഞ്ഞിത്ത്."

എറമുള്ളാൻ റാന്തലിൻറെ തിരി നീട്ടി. വെളിച്ചം ഒന്നുകൂടി പരന്നു.

"ഇപ്പൊം എന്താ മാണ്ടത്?"

"ബെളിച്ചം."

എറമുള്ളാൻ റാന്തലുമെടുത്തു കിളിവാതിലിലൂടെ പുറത്തുചാടി. പള്ളിപ്പറമ്പിലെ ഓരത്തിലൂടെ അവർ നടന്നു. പള്ളിപ്പറമ്പിലെ കനത്ത ഇരുട്ടിൽ വലിയ മിന്നാമിനുങ്ങുകളെപ്പോലെ അവർ മിന്നി മിന്നി നീങ്ങി.

പടിപ്പുരയ്ക്കടുത്തെത്തിയപ്പോൾ അദ്രാമാൻ പറഞ്ഞു:

"മതി."

എറമുള്ളാൻ റാന്തലുമായി മടങ്ങി. അദ്രാമാൻ വാതിലിൽ ഒന്നു തൊട്ടതേയുള്ളൂ. അപ്പോഴേക്കും അകത്ത് ഒരു ഞരക്കം കേട്ടു.

"ആരാ?" ബുഹാരിയുടെ തെളിഞ്ഞ ശബ്ദം.

"നാനാ, അദ്രാമാൻ."

ബുഹാരി വാതിൽ തുറന്നു. അദ്രാമാൻ മുറ്റത്തേക്കിറങ്ങി. ബുഹാരി എന്തോ പിറുപിറുത്തുകൊണ്ടിരുന്നു.

അദ്രാമാൻ നേരേ നടന്നുപോയതു പന്തിയിലേക്കായിരുന്നു. പന്തിയുടെ അഴികൾക്കിടയിലൂടെ പുതിയ കുതിര നില്ക്കുന്നത് അവൻ കണ്ടു. പന്തിയുടെ വാതിൽ തള്ളി. പക്ഷേ, അതു പൂട്ടിക്കിടക്കുകയാണ്. അപ്പോഴാണ് താൻ എത്രയോ വർഷങ്ങൾ കിടന്നുറങ്ങിയ കട്ടിലിൽ പുതിയ കുതിരക്കാരൻ കിടക്കുന്നത് അവൻ കണ്ടത്. തൻറെ കുതിര നിന്ന് ഉറങ്ങിയ സ്ഥാനത്തു മറ്റൊരു കുതിര!

"ഹെൻറെ ജമാലേ!..." കുതിരയെ വിളിച്ചുകൊണ്ട് അവൻ കരഞ്ഞു. കരച്ചിൽ ആരും കേട്ടില്ല.

അവൻ വിശാലമായ മുറ്റത്തുകൂടെ കുറെനേരം ഉലാത്തി. പഴച്ചെടികളുടെ ഇലകളിൽ മഞ്ഞുതുള്ളികൾ ഉറ്റിക്കൊണ്ടിരുന്നു. ഒരു ഇരുണ്ട കോട്ടപോലെ തറവാട്. ഇരുട്ടിലുയർന്ന കോട്ടപോലുള്ള ആ വീടിനെ അവൻ കുറെനേരം നോക്കിനിന്നു. ഒരു നെടുവീർപ്പിട്ടശേഷം പടിപ്പുരയിലേക്കു മടങ്ങി.

പടിപ്പുരയിലെ തിണ്ണയിൽ ബുഹാരി ഒരു ബീഡിയും വലിച്ച് കിടക്കുന്നു. ഒരിക്കലുണർന്നാൽപിന്നെ അവൻ ഉറങ്ങുകയില്ല. അല്ലെങ്കിൽത്തന്നെ അവൻ രാത്രി കണ്ണടച്ചാലും ഉറങ്ങാറില്ല. ശ്ലർഖയെപ്പോലെ അവനും കടവാതിലാണെന്ന് പൂക്കോയത്തങ്ങൾ പലപ്പോഴും പറയാറുണ്ട്.

"ഞ്ഞി ഇവടെ കിടന്നോ?" ഒഴിഞ്ഞുകിടക്കുന്ന മറ്റേ തിണ്ണ കാണിച്ച് കൊണ്ട് ബുഹാരി പറഞ്ഞു.

അദ്രാമാൻ തിണ്ണയിലിരുന്നു കാലുകളിലെ പൊടി തട്ടി. കീറിയ ഒരു അച്ചിപ്പായയും പഴയ ഒരു തലയണയും. വഴിയമ്പലങ്ങൾ തേടിവരുന്ന ഫക്കീറന്മാർ കിടന്നുറങ്ങുന്ന പായയാണത്. നിത്യേനയെന്നോണം ഓരോ വഴിയാത്രക്കാരനെങ്കിലും അറയ്ക്കലെ തറവാട്ടിൽ താവളം തേടിവരുക പതിവാണ്.

അദ്രാമാൻ അച്ചിപ്പായിലേക്കു ചെരിഞ്ഞു. പടിപ്പുരവാതിലടഞ്ഞു കിടക്കുകയാണ്. പിന്നിലൂടെ നോക്കിയപ്പോൾ മുറ്റവും ആകാശവും കണ്ടു. ആകാശം കറുത്തിരുണ്ടിരിക്കുന്നു. വേനലിൻറെ ആരംഭത്തിൽ തന്നെ ആകാശം മൂടിക്കെട്ടാൻ തുടങ്ങി. മകരമാസം ആരംഭിച്ചതേയുള്ളൂ. അപ്പോഴേക്കും ചൂടുതുടങ്ങി. അദ്രാമാന് ഉറക്കം വന്നില്ല. അവൻറെ ഖൽബിലും ചൂടു തുടങ്ങി.

അവന് ഉറങ്ങാൻ കഴിഞ്ഞില്ല. ഉറക്കംവരാൻനേരത്തായിരിക്കും പന്തിയിൽനിന്നു പുതിയ കുതിരയുടെ കുളമ്പടി കേൾക്കുക. അപ്പോൾ അവൻ ജമാലിനെയോർത്തു. ജമാലിനെ ഓർക്കാതിരിക്കാൻ അവൻ ശ്രമിച്ചു. പക്ഷേ, ഇടയ്ക്കിടെയുള്ള കുളമ്പടികൾ അവനെ അസ്വസ്ഥനാക്കി.

അവൻ തിണ്ണയിൽനിന്നെഴുന്നേറ്റു. മുറ്റത്തിറങ്ങി. ഇവിടെ നില്ക്കാൻ വയ്യ. പുറത്തേക്കു പോകണം. നാടും നഗരവും തെണ്ടിത്തിരിഞ്ഞ് ജമാലിനെ കണ്ടുപിടിക്കണം. അപ്പോഴാണ് കുറൈശിപ്പാത്തുവിനെ ഓർമ്മവന്നത്. അവളെ അവസാനമായൊന്നു കാണാതെ, അവളോട് അവസാനവാക്കു പറയാതെ, പോവുകയോ? അവന് ഊഹിക്കാൻ പോലും സാദ്ധ്യമായില്ല.

അടുക്കളക്കോലായിൽ വളരെനേരം അവൻ സംശയിച്ചുനിന്നു. അപ്പോഴെല്ലാം കൂട്ടിലെ താറാവുകളും കോഴികളും ഇടയ്ക്കിടെ ചിറകടിച്ചുകൊണ്ടിരുന്നു. ആ ചിറകടികൾ അവനെ പേടിപ്പിച്ചു. എല്ലാ ധൈര്യവും ഉള്ളിലാക്കി അവൻ വാതിലിൽ മുട്ടി. വളരെ നേരം മുട്ടി.

പെട്ടെന്നാണ് പാത്തുവിൻറെ ഞരക്കം അവൻ കേട്ടത്. വാതിൽതുറന്നു കൊണ്ടു ചോദിച്ചു:

"ആരാ ഇപ്പാതിരാക്ക്?..."

"ഞാനാ; അദ്രാമാൻ."

"ഉം? എന്ത് മാണം? കഞ്ഞി പാർന്ന് വെച്ചിറ്റുണ്ട്."

"കഞ്ഞി മാണ്ട."

"പിന്നെ?"



“ഞാൻ പോന്ന്…”

അവൾക്കു ദേഷ്യം വന്നു:

“ഞ്ഞി പോട്, ഏത് ജഹന്നത്തിലെങ്കിലും പോട്. പാതിരാക്ക് വന്നിരിക്കുന്ന് പെരാന്തൻ!…”

അവൾ വാതിൽ കൊട്ടിയടച്ചു.

പിറ്റേന്നു രാവിലെ ബുഹാരി എഴുന്നേറ്റപ്പോൾ അടുത്ത തിണ്ണയിലെ അച്ചിപ്പായ മടക്കിവച്ചിരിക്കുന്നതു കണ്ടു.

ഇരുപത്തഞ്ച്

വള വേണോ... വളേയ്... വളേ...യ്

മാധവിച്ചെട്ടിച്ചി പുറപ്പെട്ടിരിക്കുന്നു. അറയ്ക്കലെ പൂരമടുക്കുമ്പോഴാണ് മാധവിച്ചെട്ടിച്ചി കാരക്കാട്ടിൽ എത്തുക.

മാധവിച്ചെട്ടിച്ചി സുന്ദരിയാണ്. സാധാരണ ചെട്ടിച്ചിമാരെപ്പോലെ കറുത്തിട്ടല്ല. നല്ല മധുരനാരങ്ങയുടെ നിറം. ഇളം നീലസ്സാരി. പുള്ളിക്കുത്തുള്ള വെള്ള ജാക്കറ്റ്. അതിനടിയിൽ റൗക്ക. റൗക്കയ്ക്കുള്ളിൽ ആനന്ദം. കൊഴുത്തു മടക്കുവീണ അടിവയർ. ചെട്ടിയാരും മാധവിയൊന്നിച്ചു സ്ഥലത്തെത്തും. പക്ഷേ, അയാൾ യാത്ര വേറേ വഴിയിലൂടെയായിരിക്കും.

വലിയ ഒരു കുട നിറയെ വളകൾ. അതും തലയിൽവച്ചു കരിവീട്ടി പോലുള്ള ഒരു കുണ്ടൻ ചെക്കൻ ചെട്ടിച്ചിയുടെ മുന്നിലൂടെ നടക്കും. അവനാണ് "വള വേണോ, വള വേണോ" എന്നു വിളിച്ചുകൂവുക. അവൻറെ തൊട്ടുപിന്നിൽ ഒരു തുക്കുപെട്ടിയും കൈയിൽപ്പിടിച്ച് മാധവിച്ചെട്ടിച്ചി. തുക്കുപെട്ടി നിറയെ വിലപിടിച്ച വളകളാണ്. പൊൻവളകളെക്കാൾ വിലപിടിച്ച വളകൾ. അതും തൂക്കി മാധവിച്ചെട്ടിച്ചി ഇടംവലം നോക്കാതെ നടക്കും. അപ്പോൾ വെള്ളികൊണ്ടുണ്ടാക്കിയ പാദസരങ്ങൾ മെല്ലെ മുഴങ്ങും.

മാളികമുകളിൽനിന്നാണ് പൂക്കുഞ്ഞിബീ ചെട്ടിച്ചിയെ കാണുന്നത്. സ്റ്റേഷൻറോഡിലൂടെ സുന്ദരിയായ ചെട്ടിച്ചിയും വളക്കൂട്ടം തലയിലേറ്റിയ ചെക്കനും നടന്നുപോകുന്നു. അവൾ ഓടി താഴെയിറങ്ങി. കുറൈശിപ്പാത്തു പുറത്തേക്കോടി.

അടുക്കളപ്പടിപ്പുര തുറന്ന് മാധവിച്ചെട്ടിച്ചിയും വളയും അകത്തു കയറി.

ചെക്കനും ചെട്ടിച്ചിയുംകൂടി കുട താഴെയിറക്കിവച്ചു. പുട്ടിൽ കുറ്റി പോലെ വളകൾ അടുക്കിവച്ചിരിക്കുന്നു. ഓരോ ജോഡികൾ കൈയിലെടുത്ത് മാധവി ആദ്യം വിലപറഞ്ഞു. പിന്നെ വളയുടെ വിശേഷങ്ങൾ പറഞ്ഞു. ആറ്റബീവി രണ്ടുകൈ നിറയെ മുട്ടോളം വളയിട്ടു; പൂക്കുഞ്ഞിബീക്ക് നാലഞ്ചു കൊച്ചുവളകളും.

അപ്പോഴാണ് പൂക്കുഞ്ഞിബീ ചെറിയ കുപ്പിയിൽ സുറുമ കണ്ടത്. അതു ചൂണ്ടിക്കൊണ്ട് അവൾ കുറെനേരം നിന്നു.

"നല്ല സുറുമയാ. ഖോജാത്തി സുറുമ." ചെട്ടിച്ചി പറഞ്ഞു.

"നോക്ക് എൻറെ കണ്ണുകൾ. പതിന്നാലുകൊല്ലമായി ഞാൻ ഈസുറുമയെഴുതുന്നു. എൻറെ വയസ്സറിയിച്ച നാളുമുതൽ..."

പൂക്കുഞ്ഞിബീ മാധവിച്ചെട്ടിച്ചിയുടെ കണ്ണുകളിലേക്കു നോക്കി. വർഷകാലത്തെ നിറഞ്ഞൊഴുകിക്കിടക്കാറുള്ള കിണറിൻറെ ആഴം ആ കണ്ണുകളിൽ കണ്ടു. പക്ഷേ, കണ്ണിൻറെ കോണിൽ തീപ്പെട്ടിക്കോലിൻറെ മരുന്നുപോലെ സുറുമ ഉരുണ്ടുകൂടിയിരിക്കുന്നു.

മാധവിച്ചെട്ടിച്ചി ചെറുവിരലിൻറെ വലിപ്പമുള്ള ഒരു ചെറിയ കുപ്പിയെടുത്ത്, സുറുമക്കോലിൻറെ രണ്ടറ്റവും കുപ്പിയിലിട്ടിളക്കി. പിന്നെ അത് പൂക്കുഞ്ഞിബീയുടെ രണ്ടു കണ്ണുകളിലും എഴുതി. കണ്ണുകൾ ആദ്യം എരിഞ്ഞു. പിന്നെ തണുത്തു. പൂക്കുഞ്ഞിബീ കണ്ണുകൾ അടച്ചപ്പോൾ കോണുകളിൽ ഒരുതുള്ളി കണ്ണുനീർ വന്നുനിന്നു.

പിന്നെയും ഒരുപാടു സാധനങ്ങളുണ്ടായിരുന്നു ട്രങ്കുപെട്ടിയിൽ. തലയിൽ പുരട്ടുന്ന പൂവെണ്ണ. മുടിയിൽ ചൂടുന്ന പൂരണം. രാത്രിയെ നാണിപ്പിക്കുന്ന അത്തർ. അങ്ങു ദൂരെ കോലായിൽ കരിപുരണ്ട കാച്ചിയുടുത്ത അടുക്കളക്കാരിപ്പെണ്ണുങ്ങൾ നാലഞ്ചാളുകൾ എല്ലാം നോക്കിനിന്നു.

പള്ളിപ്പറമ്പിലൂടെ ചെട്ടിച്ചി നടന്നു. പടിപ്പുരയിലെത്തിയപ്പോൾ പാളിനോക്കി. പൂക്കോയതങ്ങൾ പൂമുഖത്തിരിക്കുന്നുണ്ട്. കുസലില്ലാതെ ചെക്കനും ചെട്ടിച്ചിയും അകത്തു കടന്നു.

കുടയിറക്കാതെ ചെട്ടിച്ചി പറഞ്ഞു:

"ഒന്നര ഉറുപ്പിക."

പണം സാധാരണ തങ്ങളാണ് കൊടുക്കുക. എല്ലാ കൊല്ലങ്ങളിലുമുള്ള പതിവാണത്.

"ഞമ്മളെ മോനും വള വേണം."

മാധവിച്ചെട്ടിച്ചി കാർപ്പെറ്റ് വിരിച്ച കോലായിലിരുന്നു. കണങ്കാലുകൾ കൂട്ടിവച്ചുകൊണ്ട്, ചെട്ടിച്ചി തുക്കപെട്ടി തുറന്നു. പൊൻവളയേക്കാൾ വിലയുള്ള വളകളിലൂടെ വിരലുകൾ പായിച്ചു. മഷിയെഴുതിയ വലിയ കണ്ണുകൾ വിടർത്തി തങ്ങളെ നോക്കി. ചുകന്ന ചുണ്ടുകളിൽ അറിയാതെ ഒരു ചിരി. മാറിടം താഴുകയും ഉയരുകയുംചെയ്തു. ചെട്ടിച്ചി സാരി ഒന്നുകൂടി വലിച്ചിട്ടു.

പൂക്കോയതങ്ങൾ വള നോക്കാതെ ചെട്ടിച്ചിയെ നോക്കി. തങ്ങളുടെ മനസ്സു മന്ത്രിച്ചു: നല്ല അഴകുള്ള ചെട്ടിച്ചി. എന്തോ അന്നു തങ്ങൾക്ക് വലിയ ആവേശം കയറി.

"ചെക്കൻ മോളിലാ ഉറങ്ങുന്നത്. ഓന് തായത്ത് ബന്നൂടാ. ബാ മോളില്."

ചെട്ടിച്ചി പെട്ടിയും തൂക്കിപ്പിടിച്ച് പൂക്കോയതങ്ങളുടെ പിന്നാലെ കോണിപ്പടികൾ കയറി.

കുഞ്ഞാലി മുറിയിലുണ്ടായിരുന്നില്ല. അവൻ പുറത്തെ വരാന്തയിൽ ജനൽപ്പാളിയിലൂടെ ആകാശം നോക്കി നില്ക്കുകയായിരുന്നു.

കുഞ്ഞാലിയെ ചൂണ്ടി ചെട്ടിച്ചി പറഞ്ഞു:

"മോനെ വിളിക്ക്..."

വാതിലടയ്ക്കുമ്പോൾ പൂക്കോയതങ്ങൾ പറഞ്ഞു:

"കുറച്ചു കഴിയട്ടെ."

ചെട്ടിച്ചി ഒന്നും പറഞ്ഞില്ല.

പക്ഷേ, അതിനടുത്തകൊല്ലം ചെട്ടിച്ചി അറയ്ക്കലമ്പലത്തിലെ പൂരത്തിനടുത്തു നാട്ടിലിറങ്ങിയില്ല. അവൾക്കു രണ്ടുമാസം പ്രായമായ ഒരു കുഞ്ഞുണ്ടായിരുന്നു. കല്യാണം കഴിഞ്ഞ് പതിനൊന്നു വർഷം തികഞ്ഞപ്പോഴുണ്ടായ ആദ്യത്തെ കുഞ്ഞ് !

അതിനടുത്തകൊല്ലം അവൾ വീണ്ടും നാട്ടിലിറങ്ങി. ആ കൊല്ലം വളക്കുടയും കുടയെടുക്കുന്ന ചെക്കനും തുക്കപെട്ടിക്കും പുറമേ ചെട്ടിയാരുടെ കൈയിൽ ഒരു കുപ്പി നെയ്യും ഒരു കെട്ടു ചന്ദനത്തിരിയുമുണ്ടായിരുന്നു.

വണ്ടിയിറങ്ങിയ ഉടനെ അവർ നേരേ നടന്നുവന്നതു പള്ളിപ്പറമ്പിലായിരുന്നു. വലിയതങ്ങളുടെ ഖബറിനടുത്ത് അവർ നിന്നു. തീപ്പെട്ടിയുരച്ചു ചന്ദനത്തിരി ഒന്നൊന്നായി കത്തിച്ചു. മീസാൻകല്ലിനുചുറ്റും പുകയുന്ന ചന്ദനത്തിരികൾ ചെട്ടിയാർ കുത്തിനിരത്തി.

ഒരു കൈയിൽ തുക്കപ്പെട്ടിയും മറ്റേക്കൈയിൽ ഒരു കുപ്പി നെയ്യുമായി അറയ്ക്കലെ പടിപ്പുരയുടെനേരേ അവർ നടന്നു.

ആ വർഷം മാധവിച്ചെട്ടിച്ചി തുക്കപെട്ടി കൈയിൽ എടുത്തില്ല. പകരം കൈയിൽ സുമാർ ഒരു വയസ്സുപ്രായമായ ഒരു കൈക്കുഞ്ഞായിരുന്നു. പള്ളിപ്പറമ്പിലൂടെ നടക്കുന്നതിനിടയിൽ ചെട്ടിയാർ തിരിഞ്ഞു നിന്ന് കുഞ്ഞിനെ തൊട്ടു കൊണ്ടു പറഞ്ഞു:

"എൻറെ നേർച്ചയുടെ ഫലം."

ഇരുപത്താറ്

പെരിയന വയലിൽ മൂന്നു നാടകങ്ങൾ കളിച്ചു. വയൽ പാറപോലെ ഉറച്ചു. വരമ്പുകൾ നിരന്നു നിലമായി.

നാടകസംഘം തളർന്നു. അവർ മടക്കയാത്രയ്ക്കുള്ള പുറപ്പാടായി. സ്റ്റേജ് പറിച്ചെടുത്തു. തിരശ്ശീലകൾ മടക്കി പായകളിൽ പൊതിഞ്ഞു. മുളങ്കാലുകൾ കെട്ടിവരിഞ്ഞു. പെട്രോമാക്സുകൾ വൈക്കോൽ നിറച്ച പെട്ടികളിലാക്കി.

തെക്കയിലെ കോലായിൽ കോരനോട്ടു യാത്രചോദിക്കാനിരിക്കുമ്പോഴാണ് പൂക്കോയത്തങ്ങളുടെ കാര്യസ്ഥൻ ബാപ്പുക്കണാരൻ കടന്നു വരുന്നത്. കോരനെയും നാടകകൃത്തിനെയും തങ്ങൾ വീട്ടിലേക്കു ക്ഷണിക്കുന്നുവത്രേ.

ഭാണ്ഡങ്ങൾ അവിടെവച്ച് കോരനും നാടകകൃത്തും അങ്ങോട്ടു പുറപ്പെട്ടു.

നാടകകൃത്ത് പടിപ്പുര കടക്കുന്നതു കണ്ടപ്പോൾ തങ്ങൾ ആനക്കസേരയിൽനിന്നെഴുന്നേറ്റു മൂട്ടിയ ലുങ്കി കുടഞ്ഞുടുത്ത് ആസനം ചൊറിഞ്ഞ ശേഷം മുറ്റത്തിറങ്ങി. നാടകകൃത്തിനെ കൈപിടിച്ചു കോലായിലേക്കു കയറ്റി. പട്ടാളം ഇബ്രായിയുമുണ്ടായിരുന്നു കോലായിൽ. ആ നാട്ടിലെ അറിയപ്പെടുന്ന ഒരു ഹാർമോണിയംവായനക്കാരനാണ് ഇബ്രായി. പട്ടാളത്തിൽ പത്തു കൊല്ലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിൻറെ ഐഎന്നേയിൽ ഒരു ഭടനായിരുന്നു. ജപ്പാൻകാർ ബർമ്മ ആക്രമിക്കുന്ന കാലത്ത് റങ്കൂണിലുണ്ടായിരുന്നു. പട്ടാളത്തിൽനിന്നു പിരിഞ്ഞു വന്നശേഷവും തൊപ്പി തലയിൽനിന്നെടുത്തിട്ടില്ല. പിഞ്ഞാണത്തിൻറെ ആകൃതിയിലുള്ള തൊപ്പി.

പട്ടാളം ഇബ്രായി എപ്പോഴും താഴോട്ടു നോക്കിയേ നടക്കൂ. കഴുത്തിൽക്കെട്ടിയ ഒരു പവൻറെ നാണയം എവിടെയോ വീണു പോയിരിക്കുന്നുവത്രേ. അതും തിരഞ്ഞുകൊണ്ടാണ് എന്നും നടത്തം.

പൂക്കോയത്തങ്ങൾ ഇത്രയും കാര്യങ്ങൾ ഒരു വീർപ്പിൻറെ നേരം കൊണ്ടു നാടകകൃത്തിനെ പറഞ്ഞു മനസ്സിലാക്കി. അത്രയും നേരം പട്ടാളം ഇബ്രായി താഴോട്ടു നോക്കിനിന്നു.

“നമ്മുടെ സംഘത്തിൽച്ചേരുന്നോ?”

നാടകകൃത്തു ചോദിച്ചു.

“ഒരു വിരോധവുമില്ല.” ഇബ്രായി പറഞ്ഞു: “പട്ടാളത്തിൽച്ചേർന്ന് തോട്ടിയായ എനക്ക് വിരോധമോ?”

കുറെനേരം നാടകകൃത്തു നിശ്ശബ്ദനായിനിന്നു. ഇടിമുഴക്കം കേൾക്കുമ്പോൾ അയാൾ അങ്ങനെയാണ്.

ആനക്കസേരയിൽ ഇരുന്നു കാലുകൾ കസേരക്കൈകളിൽ നീട്ടി വെച്ചുകൊണ്ട് തങ്ങൾ നാടകകൃത്തിനോടായി പറഞ്ഞു:

“ഇവിടെ ഒരു കളി കളിക്കണം. നല്ല ഒന്നാന്തരം കളി.”

“അതിനെന്താ വിരോധം?”

“പക്കേങ്കില് ഇന്ന് പോന്നാന്ന് കേട്ടു.”

നാടകകൃത്ത് ഒരു കുറ്റസമ്മതത്തോടെ പറഞ്ഞു:

“ഒരാഴ്ചത്തേക്ക് അടിയൻ പോകുല. അങ്ങ് കല്പിച്ചാൽ മതി.”

പൂക്കോയത്തങ്ങൾക്കു സന്തോഷമായി.

“എന്നാൽ റൈറ്റ്.” തങ്ങൾ പറഞ്ഞു.

കാരക്കാട്ടു മാപ്പിളസ്കൂളിൻറെ നൊച്ചിൽക്കാട്ടു മൈതാനിയിൽ സ്റ്റേജ് കെട്ടാൻ തുടങ്ങി. അറിഞ്ഞവർ അറിഞ്ഞവർ മാപ്പിളമാർ മൂക്കത്തു വിരൽവയ്ക്കാൻ തുടങ്ങി.

“എല്ലാ; ഞമ്മക്ക് നാടകം പാടുണ്ടോ?”

നാട്ടിൽ അതു വലിയ സംശയമായി. പിന്നെ കോളിളക്കമായി. അപ്പോഴേക്കും സ്റ്റേജ് ഉയർന്നു. ആ വെള്ളിയാഴ്ച ജുമാനമസ്കാരം പിരിഞ്ഞ് ആളുകൾ പിരിയാറായപ്പോൾ തങ്ങൾ എല്ലാവരോടുമായി ഉച്ചത്തിൽ പറഞ്ഞു:

“നാളെ രാത്രിയാണ് നാടകം. ആരും ബരാതിരിക്കരുത്.”

“നാടകമോ?” തങ്ങളെപ്പോലെ അത്രയില്ലെങ്കിലും അല്പം പ്രതാപിയായ പാറേമ്മൽത്തറവാട്ടിലെ മുത്തുക്കോയത്തങ്ങളാണു ചോദിച്ചത്:

“നാടകംതന്നെ നാടകം. കാണാൻ ബന്നില്ലെങ്കിൽ ബരാത്തോനെപള്ളീൽ കേറ്റൂല.”

ആരും ഒന്നും പറഞ്ഞില്ല. അമർഷമുള്ളവർ സ്വയം അടങ്ങിനിന്നു.

ശനിയാഴ്ച പുലർന്നപ്പോൾ ചെണ്ടക്കാരനും കുട്ടികളും പരസ്യയാത്ര ആരംഭിച്ചു. അവരും നാടകസംഘത്തിലെ ആളുകൾതന്നെ. നാടകകൃത്തിൻറെ അയല്ക്കാരൻ നാരായണമാരാരുടെ മകനാണ് കുമാര മാരാർ. അമ്പലത്തിൽ ഒഴിവില്ലാത്തതിനാൽ അയാൾ പ്രൊഫഷനൽ ചെണ്ടക്കാരനായി നാടകസംഘത്തിൽ ചേർന്നു. കുപ്പായമില്ലാത്ത ഇടത്തേ തോളിൽ ചെണ്ട തൂക്കി വലത്തേ കൈകൊണ്ടു കോലിട്ടടിച്ച് കുമാരൻമാരാർ മണ്ണുപുരണ്ട റോഡിലൂടെ നീങ്ങി. അയാളുടെ കക്ഷത്തിൽനിന്നു വിയർപ്പുചാലുകൾ താഴോട്ടിറങ്ങി. അയാൾക്കു പിന്നിൽ ബാനർപിടിച്ചു കുട്ടികൾ പാട്ടുംപാടി നടന്നു. ആ ബാനറിൽ നാടകത്തിൻറെ പേരുവിവരം മഷികൊണ്ടെഴുതിയിരുന്നു:

ഇന്നു രാത്രി ഒമ്പതു മണിക്ക്
കാരക്കാട് മാപ്പിളസ്കൂളിനുസമീപം
‘ലോകാവസാനം’
(മുസ്ലിം സാമൂഹ്യനാടകം)
വരുവിൻ! കാണുവിൻ! രസിപ്പിൻ!

വിയർത്തൊലിച്ച ചെണ്ടക്കാരനും കുട്ടികളും ഗ്രാമങ്ങളായ ഗ്രാമങ്ങൾ മുഴുവൻ തെണ്ടിത്തിരിഞ്ഞു. അവരെ സംബന്ധിച്ചിടത്തോളം ഇതും ഒരഭിനയമായിരുന്നു. നാടകസംഘത്തിലെ ഓരോ അംഗവും അഭിനയിക്കേണ്ടവരാണ്; കത്തുന്ന വിളക്കുകൾപോലും.

തളർന്ന ചെണ്ടക്കാരനും കുട്ടികളും വൈകുന്നേരം നാലുമണിയോടെ മടങ്ങിയെത്തി. കെട്ടിനിർത്തിയ സ്റ്റേജിനു മുന്നിൽ അവർ തളർന്നുവീണു. ചെമ്മണ്ണു കെട്ടിപ്പിടിച്ചു കിടക്കുന്ന അവരുടെ കാലുകൾ കുറെനേരം നോക്കിനിന്നശേഷം പൂക്കോയത്തങ്ങൾ ഒരു വെള്ളിയുറുപ്പികയുടെ നാണയം കുമാരമാരാരുടെ കൈയിൽ വെച്ചുകൊടുത്തു പറഞ്ഞു:

“എടുത്തവേലയ്ക്കടുത്തകൂലി.”

സ്റ്റേജിനു മുന്നിൽ ആദ്യം കസേരകളിട്ടു. പത്തുപതിനഞ്ചു കസേരകൾ. അവയ്ക്കു പിന്നിൽ സ്കൂളിനകത്തെ ബഞ്ചുകൾ. ചിലതിനു മൂന്നു കാലുകളേ ഉണ്ടായിരുന്നുള്ളൂ. അവ നാൽക്കാലി ബഞ്ചുകളുടെ കോണോടുകോൺ ചേർത്തിട്ടു നിലനില്പു ശരിയാക്കി.

ഇരിപ്പിടങ്ങൾ ശരിയായി. അണിയറയിൽ മേക്കപ്പുചെയ്ത നടന്മാർ ഇടയ്ക്കിടെ കിളിവാതിലിലൂടെ എത്തിനോക്കി. സ്റ്റേജിൽ പാട്ട് ആരംഭിച്ചു.

ഒമ്പതുമണി കഴിഞ്ഞിട്ടും ആരും എത്തിയില്ല. തെക്കയിൽ കോരൻ മാത്രം ഒരറ്റത്തുള്ള കസേരയിൽ ഇരിപ്പുറപ്പിച്ചു.

"എന്താ തങ്ങളേ, എന്തുപറ്റി ?"

തങ്ങൾ ശരിക്കും അപമാനിതനായി. എല്ലാവർക്കും കർശനമായ കല്പന കൊടുത്തിട്ടുപോലും ഒരു കുഞ്ഞും വന്നില്ല.

മണി പത്തായി.

ഒന്നും ആലോചിക്കാതെ തങ്ങൾ അറയ്ക്കലെ തറവാട്ടിലേക്കു നടന്നു. അയാളുടെ മനസ്സിൽ എന്തെല്ലാമോ തീരുമാനങ്ങളുണ്ടായിരുന്നു.

കുറെക്കഴിഞ്ഞപ്പോൾ പടിപ്പുരയിലൂടെ സ്ത്രീകളിറങ്ങി. ആദ്യം ആറ്റബീ; പിന്നെ പൂക്കുഞ്ഞിബീ, കുഞ്ഞാലി, കുറൈശിപ്പാത്തു. പിന്നെ പണിക്കാരൻ കുട്ടി ഹൈഡ്രോസും അടുക്കളപ്പെണ്ണുങ്ങളും ഒടുക്കം ബുഹാരിയും.

ബുഹാരി പടിപ്പുര പൂട്ടി താക്കോൽ കെടിക്കീശയിൽത്തിരുകി. അവർ പത്തിരുപതുപേരുണ്ടായിരുന്നു. മുന്നിൽ പൂക്കോയത്തങ്ങൾ. പിന്നെ ആറ്റബീയും പൂക്കുഞ്ഞിബീയും പരിവാരങ്ങളും. അവർ പള്ളിപ്പറമ്പിലെ ഓരത്തിലൂടെ നടന്നു സ്റ്റേഷൻറോഡ് മുറിച്ച് മാപ്പിള സ്കൂളിൻറെ മൈതാനിയിലേക്കു കടന്നു.

ആദ്യം തങ്ങളാണ് ഇരുന്നത്. തങ്ങൾക്ക് ഇരുവശത്തും കുഞ്ഞാലിയും മകൾ പൂക്കുഞ്ഞിബീയും. തൊട്ടടുത്ത് ആറ്റബീവി. അവർക്കു പിന്നിൽ പരിവാരം.

"തൊടങ്ങിക്കോ!" പൂക്കോയത്തങ്ങളുടെ ഘനശബ്ദം ഉയർന്നു. അതൊരാജ്ഞയായിരുന്നു.

പിന്നെ താമസമുണ്ടായില്ല; കർട്ടൻ ഉയർന്നു.

നാടകം ബഹുരസമുള്ളതായിരുന്നു. വേഷക്കാർ മുഴുവനും മാപ്പിളമാരും മാപ്പിളസ്ത്രീകളും. ഒടുക്കംനാളിൻറെ കഥയായിരുന്നു നാടകത്തിൽ.

മാപ്പിളസ്ത്രീയെ കൈചൂണ്ടി ആറ്റബീ പറഞ്ഞു:

"നല്ല മൊഞ്ചത്തി !"

തങ്ങൾ അതു തിരുത്തി.

"ബലാലേ, അത് ആൺപിറന്നോനാ."

തങ്ങളുടെ തമാശകേട്ട് ആറ്റബീ മുഖം പൊത്തിച്ചിരിച്ചു. ഒടുക്കം നാളിനെക്കുറിച്ചുള്ള ദൈവദൂതൻറെ പ്രവചനം നടക്കുമ്പോഴാണ് ആ അത്യാഹിതം സംഭവിച്ചത്. സ്റ്റേജിൻറെ ഒരുകോണിൽ പെട്ടെന്നു പുകയുയരുന്നു. സ്റ്റേജ് മുഴുവനും പുകയിലാണ്ടു. പിന്നെ പുക മാഞ്ഞു. ഒരു മഞ്ഞവെളിച്ചം പരന്നു. ചെറിയ ചെറിയ നാവുള്ള മഞ്ഞവെളിച്ചം.

ബുഹാരിയാണ് ആദ്യം അട്ടഹസിച്ചത് :

"തീ !..."

വേഷംകെട്ടിയവർ സ്റ്റേജിൽനിന്ന് എടുത്തുചാടി. അണിയറയിൽ കോലാഹലം. ചെറ്റപൊളിച്ച മേക്കപ്പ് മാസ്റ്ററും മറ്റ രംഗങ്ങളിലെ ചുട്ടി കുത്തിയ അഭിനയക്കാരും പുറത്തേക്കു രക്ഷപ്പെട്ടു.

ബുഹാരി ഒരുതൊട്ടി വെള്ളവുമായി ഓടുമ്പോൾ തങ്ങൾ അവനെ പിടിച്ചുനിർത്തി :

"കെടുത്തണ്ട. കത്തുന്നതുവരെ കത്തട്ടെ."

തങ്ങൾ എഴുന്നേറ്റ് സ്റ്റേജിലേക്കു കയറി. അയാളുടെ കൈയിൽ എവിടെ നിന്നോ പിഴുതെടുത്ത ഒരു നേന്ത്രവാഴയുണ്ടായിരുന്നു. അതിശയമെന്നല്ലാതെ എന്തു പറയാൻ! കന്യകയായ ഒരു വാഴ. ആ വാഴ കൊണ്ട് അയാൾ അടിച്ചു. ആളിക്കത്തുന്ന തീയിൽ ആഞ്ഞാഞ്ഞടിച്ചു. തീ മെല്ലെ മെല്ലെ കെട്ടടങ്ങി. പിന്നെ പുകമാത്രമായി. കുറെക്കഴിഞ്ഞപ്പോൾ പുകയും നിന്നു.

തങ്ങൾ താഴെയിറങ്ങി. നാടകകൃത്ത് ഒരു ക്ഷമാപണത്തോടെ തങ്ങളെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

"പടച്ചോൻറെ കോപം!"

"അല്ല; കുട്ടിച്ചാത്തൻറെ കോപം."

അല്പം നിർത്തിയിട്ട പറഞ്ഞു: "പക്കേങ്കില് ഞമ്മക്ക് സന്തോഷമുണ്ട്; ഓൻ തീക്കൊണ്ടാ കളിച്ചത്. അതിലും വലിയ കളി ഞമ്മള് കണ്ടതാ."

അന്നത്തെ ദിവസം അവിചാരിതമായി നാടകം പകുതിവഴി നിർത്തി വച്ച വിവരം മൈക്കിലൂടെ ഖേദപൂർവം അറിയിക്കുകയും ചെയ്തു. കാണികളില്ലെങ്കിലും നാടകത്തിൻറെ അന്തരീക്ഷത്തിനു മാറ്റം വരുത്താൻ നാടകകൃത്ത് ഒരുക്കമില്ലായിരുന്നു.

പാന്തസും കത്തിച്ച് ബുഹാരിയായിരുന്നു മുന്നിൽ. തൊട്ടുപുറകിൽ തങ്ങൾ. പിന്നെ പരിവാരം. പള്ളിപ്പറമ്പു മുറിച്ചുകടക്കാൻ തുടങ്ങുമ്പോൾ ഒരു രൂപം പതുങ്ങിപ്പതുങ്ങി വെളിച്ചത്തിലേക്കു വന്നു. വെളിച്ചം സ്വന്തം കൈയിലുള്ളതിനാൽ ബുഹാരിക്കു നന്നേ തെളിഞ്ഞുകാണാൻ കഴിഞ്ഞു. നീരുവന്നു വീർത്തകാലുകൾ. പൊട്ടിയൊലിക്കുന്ന വ്രണങ്ങൾ. അവ നിറയെ ചെമ്മൺപൊടി. ഒട്ടിയ വയർ. നീണ്ട താടിയും മുടിയും. ഒഴിഞ്ഞുപോയ കൺകുണ്ടുകൾ. മറ്റാരുമല്ല; കുതിരക്കാരൻ അദ്രാമാൻ!

മറ്റാരെങ്കിലും എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് അദ്രാമാൻ ചോദിച്ചു:

"ആരാ?"

ബുഹാരിക്കു മറുത്തൊരക്ഷരം പറയാൻ കഴിഞ്ഞില്ല. അവൻറെ ചോദ്യത്തിന് ആ സമയത്തു വളരെ പ്രസക്തി തോന്നി. ബുഹാരി പറഞ്ഞു:

"ഞാനാ, ബുഹാരി."

തൊണ്ടയിടറിക്കൊണ്ടുള്ള വരണ്ട ഒരു ശബ്ദമാണു പിന്നെ പുറത്തുവന്നത്. ഒന്നും വ്യക്തമല്ല. ബുഹാരി വീണ്ടും ചോദിച്ചു:

"ഞ്ഞി എബ്ട്യാ ഇത്രേംകാലം?"

പിന്നെ ഒരു കരച്ചിലായിരുന്നു.

"ഞ്ഞി എൻറെ കുതിരേനെ കണ്ടോ?"

തങ്ങളും സംഘവും പള്ളിപ്പറമ്പിലൂടെ നടന്നു. തങ്ങൾ ഒരക്ഷരം പറഞ്ഞില്ല. അദ്രാമാൻ വീർത്തു വ്രണമുള്ള കാലടികളുമായി അവരിൽ നിന്നും അകന്നകന്നുപോവുകയായിരുന്നു.

ഇരുപത്തേഴ്

ഒരു ദിവസം രാത്രി പെട്ടെന്ന് പൂക്കുഞ്ഞിബീയെ അവളുടെ ഉമ്മ ആറ്റബീ വേറെയാക്കി. അവർ പറഞ്ഞു:

"ഞ്ഞി ബലുതായിപ്പോയി. ഇനി ഈ അകത്ത് കെടക്കണ്ട."

കുറൈശിപ്പാത്തു കുഞ്ഞിബീയുടെ തലയണയും കിടക്കയുമെടുത്തുചായ്പിനു തൊട്ടടുത്തുള്ള ചരുവിൻറകത്തേക്കു മാറ്റി. അവിടെ രണ്ടു കട്ടിലുകളുണ്ട്. മറ്റേതിൽ പാത്തുവും പായ വിരിച്ചു. പൂക്കുഞ്ഞിബീയെ കിടത്തി പാത്തു അടുക്കളയിലേക്കു നടന്നു.

ചായ്പ് ശരിക്കും ഒഴിഞ്ഞു. കുഞ്ഞാലിയും പാത്തുവും എത്രയോ കാലം കിടന്നുറങ്ങിയ ചായ്പിൽ കൊതുകുകൾ വെറുതെ മൂളി നടന്നു. കുഞ്ഞാലി സുന്നത്തുകല്യാണം കഴിഞ്ഞതോടെ കിടപ്പു മുകളിലേക്കു മാറ്റി. തങ്ങളുടെ ആപ്പീസുമുറിയുടെ തൊട്ടടുത്ത്. പേടിതീർക്കാൻ പണിക്കാരൻ കുട്ടി ഹൈദ്രോസ് നിലത്തു പായവിരിച്ചുകിടന്നു.

അടുക്കളയിലേതൊഴിച്ച് എല്ലാ വിളക്കുകളും കെട്ടടങ്ങി. മുകളിൽ തങ്ങളുടെ മുറിയിൽനിന്നു മെതിയടിയൊച്ച കേട്ടുകൊണ്ടിരുന്നു. തങ്ങളുപ്പാപ്പാ ഉറങ്ങിയിട്ടില്ല. ഏതോ കാര്യം ഓർത്തുകൊണ്ടു നടക്കുകയായിരിക്കും.

പൂക്കുഞ്ഞിബീ കാലടിയൊച്ച ശ്രദ്ധിച്ചുതന്നെ കിടന്നു. ഓരോ കാൽവെപ്പിലും മച്ച് ഇടിഞ്ഞുവീഴുമോ എന്ന് അവൾ ഭയന്നു. അത്രയും ശക്തമായിരുന്നു ആ കുലുക്കം. അതുപോലെതന്നെ കാലടിവെപ്പുകളും.

അടുക്കളയിൽനിന്നു പാത്രങ്ങളുടയുന്ന ശബ്ദം കേട്ടു; പിന്നെ വെള്ളം കോരുന്ന ശബ്ദവും. പൂക്കുഞ്ഞിബീക്ക് ഉറക്കംവന്നില്ല. കുറെക്കഴിഞ്ഞപ്പോൾ എല്ലാം ശാന്തമായി. ഒരു ചിമ്മിനിവിളക്കുമായി തഴഞ്ഞ മെതിയടിയും ചവിട്ടി പാത്തു മുറിയിലേക്കു കടന്നുവന്നു. ഏറെ ദിവസമായി ഒരു പുതിയ മെതിയടി വാങ്ങിത്തരാൻ പറയാൻ തുടങ്ങിയിട്ട്. രണ്ടാം കൊല്ലത്തെ റംസാൻ തുടങ്ങിയപ്പോൾ വാങ്ങിത്തന്ന മെതിയടിയാണ്. പിൻഭാഗം തഴഞ്ഞുതരിപ്പണമായി. കാലിൻറെ മടമ്പു മെതിയടിയിലല്ല, ഈയിടെ നിലത്താണു കൊള്ളുന്നത്.

കട്ടിലിൽ പുല്പായ വിരിച്ചശേഷം മൂലയിൽവച്ച കൂട പുറത്തെടുത്തു. അതിൽനിന്നു നീണ്ട നിസ്കാരക്കുപ്പായം വലിച്ചെടുത്തു. കുറവൻറെ കൂടയിൽനിന്നു പാമ്പിറങ്ങുംപോലെ നീണ്ട നിസ്കാരക്കുപ്പായം പുറത്തു വലിഞ്ഞുവീണു. മുഖംമൂടിയും നീളക്കുപ്പായവുമിട്ടശേഷം അവൾ നമസ്കാരം തുടങ്ങി. അഞ്ചു നേരത്തെ നമസ്കാരവും, രാത്രി എല്ലാ ജോലിയും കഴിഞ്ഞശേഷം ഒരുമിച്ചാണു നടത്തുക. നമസ്കാരം കഴിയുമ്പോഴേക്കും പാത്തു വിയർത്തു.

പൂക്കുഞ്ഞിബീ കണ്ണുകൾ ഇറുകെ അടച്ചു. പാത്തു വിളക്കു കെടുത്തി. കട്ടിൽ പിന്നെയും കരഞ്ഞു. നല്ല ഇരുട്ട്. എങ്ങും നിശ്ശബ്ദത. കുഞ്ഞിബീവിക്ക് ഉറക്കം വന്നില്ല. അവൾ കണ്ണും കാതും തുറന്നു കിടന്നു.

അറയ്ക്കലമ്പലത്തിൽനിന്ന് ആണ്ടിമലയൻറെ ചെണ്ടകൊട്ടു കേട്ടു തുടങ്ങി. ആണ്ടിമലയൻ, തങ്ങളുടെ കുടികിടപ്പുകാരനാണ്. മാപ്പിളപ്പള്ളിക്കുടത്തിൻറെ തൊട്ടടുത്തുതന്നെയാണ് വീട്. വീടെന്നു പറഞ്ഞാൽ ചെറിയൊരു ചെറ്റപ്പുര. ഉച്ചയ്ക്കുള്ള ഒഴിവുസമയത്തു വെല്ലം നുണഞ്ഞുകൊണ്ടു നൊച്ചിൽക്കാട്ടിലിരിക്കുമ്പോൾ ആണ്ടിമലയൻറെ വീടു കാണാം. അയാൾ എപ്പോഴും ചെണ്ടമുറുക്കുകയായിരിക്കും. കുട്ടികൾ മണ്ണിൽ

കളിക്കുന്നതും ഇളയകുട്ടി മണ്ണുവാരി തിന്നുന്നതും കുഞ്ഞിബീ പലപ്പോഴും കണ്ടു. ചെറിയ കുട്ടി മണ്ണല്ലാതെ മറ്റൊന്നും തിന്നാറില്ലെന്നാണ് പൂക്കുഞ്ഞിബീയുടെ വിചാരം. കാരണം, ആ വീട്ടിൽ നോക്കുമ്പോഴെല്ലാം ആണ്ടിപ്പണിക്കർ ചെണ്ടയുടെ കയറു മുറുക്കുന്നതും ഇളയകുട്ടി മണ്ണു തിന്നുന്നതും മാത്രമേ കുഞ്ഞിബീ കാണാറുള്ളൂ.

ആണ്ടിമലയൻറെ ഭാര്യ അമ്മിണി ആൾമറയില്ലാത്ത കിണറ്റിൻകരയിൽ കുത്തുപാള എറിഞ്ഞശേഷം മുറ്റത്തേക്കോടിവരും. എന്നിട്ടു മണ്ണുവാരി തിന്നുന്ന കുട്ടിയെ വലിച്ചെടുത്ത് ഒക്കത്തുവച്ച് അതിൻറെ വായിൽ കൈയിട്ടു മണ്ണെടുക്കുമ്പോൾ പറയും:

“മാരിക്കുരിപ്പേ, ഞ്ഞി ചത്തുപോകും.”

ചെണ്ടമുട്ടു മുറുകിക്കൊണ്ടിരിക്കുന്നു. തിറ അടുക്കാറായിക്കാണും.

പൂക്കുഞ്ഞിബീ അറയ്ക്കലമ്പലം ഒരിക്കലും കണ്ടിട്ടില്ല. പക്ഷേ, തിറ വരുന്നത് അവൾക്കു വലിയ ഉത്സാഹമാണ്. അടുത്തു തിയ്യന്മാരുടെ വീടുകളിൽ ഒച്ചപ്പാടുകൾ ആരംഭിക്കും. പണിക്കാരോട് എന്തെങ്കിലുംജോലി ഏല്പിക്കുമ്പോൾ പറയും:

“തിറ കഴിയട്ടെ.”

അടുത്ത ഗ്രാമങ്ങളിൽനിന്നു ബന്ധുക്കളും സ്നേഹിതന്മാരും അക്കാലത്താണ് കുടിപാർക്കാൻ വരിക പതിവ്. പുതിയ കുപ്പായങ്ങളിട്ട് എല്ലാവരും തിറ കാണാൻ പോകുന്നത് കുഞ്ഞിബീ നോക്കിനില്ക്കും. അപ്പോൾ ആണുങ്ങളെ റാക്കു മണക്കും. പെണ്ണുങ്ങളെ പൂവെണ്ണയും.

തിറയുടെ ദിവസം അവളുറങ്ങാറില്ല. ഉറങ്ങിയാൽത്തന്നെ കരിമരുന്നിൻറെ ഒച്ച കേൾക്കുമ്പോൾ ഉറക്കം ഞെട്ടും. അവൾ എഴുന്നേറ്റു ജനലരികിൽ ചെന്നു നില്ക്കും. കുംഭത്തിലെ തെളിഞ്ഞ ആകാശത്തിൽ തീവാലോടെ വാണം പാഞ്ഞു പോയി പൊട്ടിവീഴുന്നതും അമിട്ടുകൾ ചിതറിപ്പൊട്ടുന്നതും അവൾ നോക്കിനില്ക്കും. കുറെ കഴിയുമ്പോൾ കരിമരുന്നുകൾ കെട്ടടങ്ങും. കനത്ത മനസ്സോടെ അവൾ കട്ടിലിൽ കിടന്നുറങ്ങാൻ ശ്രമിക്കും.

തിറയെക്കുറിച്ചോർത്തപ്പോൾ അവൾക്കുറങ്ങാൻ കഴിഞ്ഞില്ല.

“മോളുറങ്ങീലേ?” കുറൈശിപ്പാത്തു ചോദിച്ചു.

“ഇല്ല.” പൂക്കുഞ്ഞിബീ പറഞ്ഞു.

അവൾക്കു സന്തോഷമായി. തന്നെപ്പോലെ പാത്തുവും ഉറങ്ങാതെ കിടക്കുകയാണല്ലോ. ഒരുപക്ഷേ, അവളും ആണ്ടിമലയൻറെ ചെണ്ടമുട്ടു കേൾക്കുകയായിരിക്കും.

“നല്ല രസോണ്ട്, ല്ലേ?” പൂക്കുഞ്ഞിബീ ചോദിച്ചു.

“എന്ത്? ചോറോ?” കുറൈശിപ്പാത്തു എപ്പോഴും ആഹാരമാണോർക്കുക.

“അല്ല, ചെണ്ട.”

“ചെണ്ട, ഒലക്കയാ!” അവൾക്കു ദേഷ്യംവന്നു.

പൂക്കുഞ്ഞിബീക്കു സങ്കടം വന്നു. അവൾ കരയാൻ തുടങ്ങി. കരച്ചിൽ കേട്ടപ്പോൾ പാത്തു ഞെട്ടിയെഴുന്നേറ്റ് അവളുടെ കട്ടിലിൽ വന്നു കിടന്നു. നനഞ്ഞ ചാലുകൾ വീണ കവിളുകൾ തടവിത്തുടച്ചുകൊണ്ട് പാത്തു പറഞ്ഞു:

“മോളു കരേണ്ട, ഞാൻ നല്ല ഒരു കഥ പറഞ്ഞുതരാം.”

കഥ! പൂക്കുഞ്ഞിബീ പെട്ടെന്നു കരച്ചിൽ നിർത്തി. പകലായാലും പാതിരയായാലും കഥകേൾക്കലാണ് അവൾക്കിഷ്ടം. കഥയാണ് അവളുടെ ജീവൻ.

“ജിന്നിൻറെ കതയോ, ചെകുത്താൻറെ കതയോ?” പാത്തു ചോദിച്ചു.

“ജിന്നിൻറെ കത മതി.” പൂക്കുഞ്ഞിബീ പെട്ടെന്നു പറഞ്ഞു.

ചെകുത്താനെ അവൾക്ക് അത്രയും വെറുപ്പായിരുന്നു. മാത്രമല്ല, അറപ്പും.

പാത്തു പറഞ്ഞു തുടങ്ങി :

പണ്ടൊരിക്കൽ ഒരു രാജ്യത്ത് ഒരു രാജകുമാരിയുണ്ടായിരുന്നു. അവൾ വലിയ സുന്ദരിയായിരുന്നു. രാജാവിൻറെയും രാജ്ഞിയുടെയും കണ്ണിലുണ്ണിയായിരുന്നു. അവളെ രാജ്ഞി 'തേനേ' എന്നേ വിളിക്കാറുണ്ടായിരുന്നുള്ളൂ. അവളെ ഖുർആൻ പഠിപ്പിച്ചത് ഹാത്തുൻ എന്ന പണ്ഡിത സ്ത്രീയായിരുന്നു. അവൾക്ക് ഖുർആനിനു പുറമേ പല കഥകളും പറഞ്ഞുകൊടുത്തു. ജിന്നിൻറെയും മലക്കിൻറെയും ദേവസ്ത്രീകളുടെയും കഥ.

രാജകുമാരി വളർന്നുവളർന്ന് വലിയ സുന്ദരിയായി. സുന്ദരിയായ രാജകുമാരിയും ശത്രുരാജ്യത്തിലെ രാജകുമാരനും പ്രേമത്തിലായി. ഒരു നായാട്ടിനിടയിലാണ് അവർ കണ്ടുമുട്ടിയത്. സുന്ദരിയായ രാജകുമാരിയെ വിവാഹം കഴിക്കാനായി അയൽനാട്ടുകളിൽനിന്ന് അനവധി രാജകുമാരന്മാർ വന്നു. പക്ഷേ, രാജകുമാരി എല്ലാ ആലോചനകളും എതിർത്തു. അവൾക്കു ശത്രുരാജ്യത്തിലെ രാജകുമാരനെ മാത്രം മതി.

രാജകുമാരി ദുഃഖിതയായി. കറുത്ത വസ്ത്രങ്ങൾ മാത്രം ധരിച്ചു. പല ദിവസങ്ങളിലും വ്രതമെടുത്തു. കണ്ണീരും കൈയുമായിക്കഴിയുന്ന രാജകുമാരിയുടെ അവസ്ഥ കണ്ട് രാജാവിനു ദയ തോന്നിയില്ല.

രാജകുമാരിയുടെ ഒട്ടും സമ്മതമില്ലാതെ അയൽരാജ്യത്തിലെ ഒരു രാജകുമാരനെക്കൊണ്ട് രാജകുമാരിയെ ബലമായി വിവാഹം കഴിപ്പിച്ചു. രാജകുമാരി കണ്ണുനീർ സ്വന്തം കരളിലേക്കിറക്കുകമാത്രം ചെയ്തു.

അവരുടെ ആദ്യരാത്രിയിലാണ് ആ അത്യാഹിതം സംഭവിച്ചത്. പൂക്കളും സുഗന്ധദ്രവ്യങ്ങളും സൗരഭ്യം പരത്തുന്ന മണിയറയിൽ, പട്ടു കിടക്കയിൽ, രാത്രിയുടെ വൈകിയ യാമത്തിൽ അവർ കിടന്നുറങ്ങുകയായിരുന്നു. പെട്ടെന്നു ജനവാതിൽ ആരോ തുറന്നു. പുറത്തു നല്ല നിലാവായിരുന്നു. ജനവഴിയിലൂടെ അവൾ കണ്ടു—അവളുടെ രാജകുമാരൻ, അയാൾ അവളെ പുഞ്ചിരിയോടെ മാടിവിളിക്കുന്നു.

രാജകുമാരി അടുത്തുകിടക്കുന്ന രാജകുമാരനെ നോക്കി. അദ്ദേഹം നല്ല ഉറക്കമാണ്. രാജകുമാരി വസ്ത്രം നേരെയാക്കി പുറത്തുകടന്നു. കൊട്ടാരത്തിൻറെ ഉമ്മറവാതിൽ തുറന്ന് അവർ പുറത്തേക്കിറങ്ങി. നല്ല നിലാവ്. തെളിഞ്ഞ ആകാശം, മന്ദമാരുതൻ.

കാവൽക്കാരെല്ലാം കുന്തങ്ങൾ അടുത്തുവച്ച് നല്ല ഉറക്കമാണ്. എത്രയോ ദിവസങ്ങളായി അവർ വിവാഹത്തിൻറെ ധൃതിയിലും അദ്ധ്വാനത്തിലുമായിരുന്നു. ഈ തക്കം നോക്കി അവർ പുറത്തു കടന്നു.

കൊട്ടാരത്തിൻറെ കോട്ടമതിലും കടന്ന് അവർ പുറത്തിറങ്ങി. വിശാലമായ കടൽക്കരയായിരുന്നു മുന്നിൽ. അവർ തമ്മിൽത്തമ്മിൽ ഒരക്ഷരം പറയാതെ നടന്നു. രാജകുമാരനായിരുന്നു മുന്നിൽ. അദ്ദേഹത്തിൻറെ നീണ്ടുപരന്ന നിഴലിൽ രാജകുമാരിയും. അവർ നടന്നു നടന്നു, നടന്നു നടന്നു... ങ്ങനെ പോയി.

പിറ്റേന്നു പ്രഭാതത്തിൽ രാജകുമാരനുണർന്നപ്പോൾ രാജകുമാരിയെ കണ്ടില്ല. പുറത്തു നോക്കിയപ്പോൾ നേരം വെളുത്തിട്ടുമില്ല. രാജകുമാരൻ രാജകുമാരിയെ വിളിച്ചു; പലതവണ വിളിച്ചു. ഉത്തരമില്ല. പിന്നെ അയാൾ എഴുന്നേറ്റു. മണിയറയുടെ വാതിൽ തുറന്നുകിടക്കുന്നു. കൊട്ടാരത്തിൻറെ വാതിലും തുറന്നുകിടക്കുന്നു. കോട്ടമതിലിൻറെ വാതിലും തുറന്നുകിടക്കുകയായിരുന്നു. എല്ലാ വാതിലുകളും

തുറന്നു കിടക്കുന്നതു കണ്ടപ്പോൾ രാജകുമാരൻ വിളിച്ചുകൂവി. കൊട്ടാരം ഉണർന്നു. രാജാവും രാജ്ഞിയും കണ്ണും തിരുമ്മി പാഞ്ഞെത്തി.

"എവിടെ രാജകുമാരി ?" രാജകുമാരൻ അട്ടഹസിച്ചു. പിന്നെ എല്ലാവരും ചേർന്ന് ഒരോട്ടമായിരുന്നു.

നേരം വെളുത്തു. മന്ത്രിമാരും സേനാനികളും പട്ടാളക്കാരും രാജകുമാരിയെയും തേടി നാലു ഭാഗത്തേക്കും ഓടി. അവസാനം ഉപ മന്ത്രിയാണ് രാജകുമാരിയെ കണ്ടത്. അപ്പോഴേക്കും രാജകുമാരി മരിച്ചിരുന്നു. കടൽത്തീരത്തു തിരമാലകളാൽ ഇടയ്ക്കിടെ തഴുകപ്പെട്ട് രാജകുമാരി ഒരു സ്വർണ്ണമത്സ്യംപോലെ കിടക്കുന്നു.

ഇത്രയും പറഞ്ഞ് കുറൈശിപ്പാത്തു മിണ്ടാതിരുന്നു.

പൂക്കുഞ്ഞിബീ ചോദിച്ചു:

"എന്നിറ്റ്?"

"എന്നിറ്റോ എന്നിറ്റ് എല്ലാവരും രാജതാനിയിലേക്കു മടങ്ങി."

പൂക്കുഞ്ഞിബീ ഒന്നും മിണ്ടാതെ കുറെനേരം കിടന്നു. അപ്പോൾകുറൈശിപ്പാത്തു ചോദിച്ചു:

"ആരാ രാജകുമാരിയെ കൊന്നത്?"

"രാജകുമാരിയെ സ്നേഹിച്ച രാജകുമാരൻ–ശത്രുരാജാവിൻറെ മകൻ." പൊടുന്നനേയായിരുന്നു പൂക്കുഞ്ഞിബീയുടെ ഉത്തരം.

"അല്ല, രാജകുമാരനല്ല. രാജകുമാരൻ രാജകുമാരിയുടെ കല്യാണദിവസംതന്നെ വിഷംകഴിച്ച് ആത്മഹത്യചെയ്തു. പക്ഷേ, രാജകുമാരിയെ രാജകുമാരനെക്കാളും സ്നേഹിച്ച ഒരാളുണ്ടായിരുന്നു. ഒരു ജിന്ന്. ആൺജിന്ന്. അവനാണു രാജകുമാരിയെ കൊന്നത്."

"എന്തിന്നാ ജിന്ന് രാജകുമാരിയെ കൊന്നത്?" പൂക്കുഞ്ഞിബീ ചോദിച്ചു.

"ഹി...ഹി...ഹി !..."കുറൈശിപ്പാത്തു പൊട്ടിച്ചിരിച്ചു: അറിഞ്ഞൂടേ? സുന്ദരികളായ കന്യകളെ കൊലചെയ്യലാണ് ജിന്നുകളുടെ വിനോദം; അവരെ ഉമ്മവെച്ചശേഷം.

പാത്തു പിന്നീട് ഒന്നും പറഞ്ഞില്ല. ഒരു നെടുവീർപ്പിടുക മാത്രം ചെയ്തു. കഥ പറഞ്ഞുതീർന്നാൽ അങ്ങനെയാണ്. ഒന്നും പറയാതെ ഒരു നെടുവീർപ്പിട്ട് മിണ്ടാതെ കിടക്കും. പാത്തു എന്നു വിളിച്ചാൽ അനങ്ങുകയില്ല. പിന്നെ എന്തെങ്കിലും ഒരക്ഷരം പറയണമെങ്കിൽ നേരം വെളുക്കണം.

കുഞ്ഞിബീയുടെ കവിളുകളിലൂടെ നനഞ്ഞ ഇളംചൂടുള്ള ചാലുകളൊഴുകി. തലയിണയിൽ നനഞ്ഞ വെള്ളത്തുള്ളികൾ ഇറ്റു വീണു. അവളുടെ നെഞ്ചത്ത് ഏതോ കനമുള്ള ഒരു കല്ലുവെച്ചതുപോലെതോന്നി അവൾക്ക്. തൊണ്ടയിൽ ആരോ കയറിയിരിക്കുന്നപോലെയും.

ക്രമേണ നെഞ്ചിലെ ഭാരം കുറഞ്ഞു കുറഞ്ഞുവന്നു. തൊണ്ടയിൽ കയറിയിരിക്കുന്ന ആളുടെ കനം കുറയാൻ തുടങ്ങി. കണ്ണുനീരുണങ്ങി. കവിളുകൾ വരണ്ടു.

ആണ്ടിമലയൻറെ അയഞ്ഞ ചെണ്ടയുടെ താളം അപ്പോഴും കേട്ടു കൊണ്ടിരുന്നു.

തുടങ്ങുമ്പോൾ ചെണ്ടയുടെ മുട്ട് തകൃതിയായിരിക്കും. പിന്നെ അതു മുറുകും. ഇപ്പോൾ തളർന്നിരിക്കുന്നു.

ചെണ്ടമുട്ടിൻറെ തളർച്ചയിൽ പൂക്കുഞ്ഞിബീയും തളർന്നു.

ഇരുപത്തെട്ട്

ഒടുക്കത്തെ ബാങ്കുവിളിച്ച കഴിഞ്ഞപ്പോൾ എറമുള്ളാൻ ആകെത്തളർന്നു. ബാങ്കുവിളിക്കുമ്പോൾ മുമ്പൊന്നും ഇങ്ങനെ വിയർക്കുകയോ തളരുകയോ ഉണ്ടായിട്ടില്ല. അവസാനത്തെ അള്ളാഹു അക്ബർ എന്ന വാക്ക് തൊണ്ടയിൽ കുടുങ്ങിനില്ക്കുംപോലെ തോന്നിയപ്പോൾ പാടുപെട്ട ശബ്ദം പുറത്തേക്കെറിയുകയാണു ചെയ്തത്.

തൊണ്ട വീർത്തു വീർത്തു വരികയാണ്. ഏതെല്ലാമോ ദിക്കിൽ നിന്നും ഉറവുപൊട്ടി വരുമ്പോലെ ഏതോ ഒരു നീരു തൊണ്ടയിൽ കിനിഞ്ഞു. ഉപ്പുരസം. അയാൾ ജനലിലൂടെ പുറത്തേക്കു തുപ്പി. കൊഴുത്ത കഫം നിലത്തു വീഴാതെ ഒരു എട്ടുകാലിയെപ്പോലെ മേൽമീശയിൽ നൂലുമായി കുറച്ചുനേരം തൂങ്ങിനിന്നു.

തലയിളക്കിയപ്പോൾ അതു കുപ്പായത്തിൽ വീണു.

അയാൾ അതു വൃത്തിയാക്കാനായിപ്പോകുമ്പോൾ റാന്തൽവെളിച്ചത്തിൽ കണ്ടു, ചുകപ്പുനിറം. എറമുള്ളാൻ വിളക്കിന്നടുത്തേക്ക് അല്പംകൂടി നീങ്ങി. ചോര! റാന്തലിന്നരികെ കുറെനേരം എറമുള്ളാൻ തളർന്നിരുന്നു.

പുറത്തുനിന്നു ചുമകേട്ടു. പിന്നെ കാലുകഴുകുന്ന ശബ്ദം. ടാങ്കിന്നരികെ ജീവിതം ആരംഭിച്ചു. നാലഞ്ചാളുകൾ അവിടെയെത്തി. ബാങ്കു വിളികേട്ട് നിസ്കരിക്കാൻ വന്ന മാപ്പിളമാർ. ദേഹശുദ്ധി വരുത്തി മൂട്ടിയ ഉടുമുണ്ടുകൾ മുറുക്കിയുടുത്ത് അവർ പള്ളിക്കകത്തേക്കു കയറി. പിന്നെ വിയർപ്പുപിടിച്ച തലേക്കെട്ടുകളെടുത്തു മുഖത്തെ വെള്ളം തുടച്ചു.

സുന്നത്തു നമസ്കാരം കഴിഞ്ഞ് എല്ലാവരും തങ്ങളെയും കാത്തിരിപ്പായി. അപ്പോൾ പടിപ്പുരയിൽ റാന്തൽ തെളിഞ്ഞു. ഇരുട്ടിലൂടെ ഒരു സുപ്രവൃത്തത്തിൽ വെളിച്ചം പരത്തി, ബുഹാരി നടക്കുന്നു. പിന്നാലെ പൂക്കോയതങ്ങൾ. ചീവീടുകളുടെയും വിഷപ്പാമ്പിൻറെയും മയ്യത്തുകളുടെയും ഓരത്തുകൂടെ അവർ നടന്നു നടന്നു പള്ളിയിലെത്തി.

പൂക്കോയതങ്ങൾ കാലുകഴുകി അകത്തു കയറി. ബുഹാരി റാന്തലിൻറെ തിരി താഴ്ത്തി പള്ളിയുടെ പടിയിൽവെച്ചു. പുറത്തു നല്ല ഇരുട്ടു തന്നെ. അവൻ പള്ളിയുടെ തിണ്ണയിലൂടെ കുറെ നടന്നശേഷം മുണ്ടു മടക്കിക്കുത്തി റാന്തലിൻറെ കീഴിൽ ഒറ്റയിരുത്തം.

ബുഹാരി പള്ളിക്കകത്തു കയറാറില്ല. നിസ്കരിക്കാറുമില്ല ബുഹാരി. തങ്ങളുടെ ഗുർഖ, നിസ്കരിക്കാത്തതിൽ പലർക്കും അമർഷമുണ്ട്. പക്ഷേ, ബുഹാരി ഖുർആൻ പഠിച്ചിട്ടില്ല. ഓത്തുപള്ളിയിൽ പോയിട്ടില്ല. എങ്ങനെ നിസ്കരിക്കണമെന്നതറിയുകയുമില്ല. നിസ്കരിക്കാൻ ആരെങ്കിലും നിർബന്ധിച്ചാൽ അവൻ പറയും:

"എനക്കറഞ്ഞൂടാ."

മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്താൽ മതി. അതാണ് എഴുതപ്പെടാത്ത നിയമം. പലരും ബുഹാരിയെ നിർബന്ധിച്ചു. പക്ഷേ, ബുഹാരി പറഞ്ഞു: "അതെന്നോടു പറയരുത്. ഞാനെന്താ കുരങ്ങനാണോ? പഠിക്കാത്ത കാര്യം ചെയ്യാനെന്നോടു നിർബന്ധിക്കരുത്." അതുകൊണ്ടു പള്ളിയിൽ കയറി നിസ്കാരം നടത്താൻ പൂക്കോയതങ്ങൾപോലും അവനെ ഉപദേശിച്ചില്ല.

പള്ളിയുടെ ചേതിയിൽ തിരിതാഴ്ത്തിയ റാന്തലിന്നരികെ കുനിക്കൂടിയിരിക്കുന്ന ബുഹാരിയെ നോക്കി പൂക്കോയതങ്ങൾ പറഞ്ഞു:

"ഞ്ഞി എൻറെ ചെരിപ്പു നോക്കണം. കള്ളൻ കൊണ്ടുപോകുന്നതല്ല. നായി കടിച്ചുകൊണ്ടു പോകുന്നതു നോക്കിയാൽ മതി."

പള്ളിക്കകത്തു ചിരി മുഴങ്ങി.

എല്ലാവരും എഴുന്നേറ്റുനിന്നു. അദ്ദേഹത്തിന്നു പിന്നിൽ അനുയായികൾ. അവർ അടിമകളെപ്പോലെ കുനിഞ്ഞു. ഒരു താമരപോലെ കൂമ്പി.

നിസ്കാരം തീർന്നപ്പോൾ എല്ലാവരും പിരിഞ്ഞു. ബുഹാരിയും തങ്ങളും അവസാനമായി ഇറങ്ങി. താമസിച്ചുവരുമ്പോലെ അവരുടെ പോക്കും താമസിച്ചുതന്നെയാണ്.

എറമുള്ളാൻറെ തൊണ്ട അപ്പോഴും വീർത്തു വലുതാവുകയാണ്. അവൻ വീണ്ടും ഒരിക്കൽക്കൂടി തുപ്പി. ചോരതന്നെ ചോര. പക്ഷേ, അവൻ തളർന്നില്ല. തളർന്നാൽ ശരിയാവുകയില്ല. ടാങ്കിൽ വെള്ളം ഒഴിഞ്ഞിരിക്കുകയാണ്. അവൻ കിണറ്റിൻകരയിലേക്കു നീങ്ങി. നീണ്ട കല്ലുകൾ ചുറ്റും പാകിയ ആൾമറയില്ലാത്ത കിണറ്റിൻകരയിൽനിന്ന് അവൻ ഏത്തംവലിച്ചു. ഏത്തം കരയാൻ തുടങ്ങി. ഏത്തം പൊങ്ങുമ്പോൾ, തൊട്ടി മുഖത്തടിക്കാറാവുമ്പോൾ, അവൻ അതും പിടിച്ചുവാങ്ങി. പിന്നെ ഇരുട്ടിലൂടെ തൊട്ടിയിലെ വെള്ളം സിമൻറ് ചാലിൽ ഒഴിച്ചു. ഗ്ലു ഗ്ലു ശബ്ദമുണ്ടാക്കി സിമൻറു കുഴലിലൂടെ വെള്ളം ടാങ്കിൽ വീണു കൊണ്ടിരുന്നു.

എന്നും അതാണു പതിവ്. ഓരോ നേരത്തെ നിസ്കാരം കഴിയുമ്പോഴേക്കും അടുത്തനേരത്തെ നിസ്കാരത്തിനു വെള്ളം നിറയ്ക്കുക. തൊട്ടിയിൽ കൈ തട്ടി എവിടെയെല്ലാമോ വേദനിക്കുന്നു. തൊട്ടി അവിടവിടെ പൊട്ടി തകരക്കഷണങ്ങൾ എറിച്ചുനില്ക്കുന്നു. അടിയിലും ചില ദ്വാരങ്ങളുണ്ട്. ഏത്തം

മുകളിലെത്തുമ്പോഴേക്കും വെള്ളം പകുതിയേയുണ്ടാവുകയുള്ളൂ. ഒരു പുതിയ തൊട്ടി വാങ്ങിത്തരാൻ പറഞ്ഞിട്ടു നാവു കുഴഞ്ഞു.

അന്ന് എറമുള്ളാനു പാട്ടുപാടാൻ തോന്നിയില്ല. ഏത്തം വലിക്കുമ്പോഴെല്ലാം അവൻ പഴയ പ്രേമകവിതകൾ പാടുക പതിവാണ്. പക്ഷേ, ഇന്നത്തെ അവൻറെ ഓർമ മുഴുവനും അടഞ്ഞുപോകുന്ന തൻറെ ശബ്ദത്തെക്കുറിച്ചു മാത്രമായിരുന്നു.

കോഴിക്കോടുമുതൽ കണ്ണൂർവരെയുള്ള പള്ളികളിൽ എറമുള്ളാൻറെയത്ര ശബ്ദത്തിൽ ബാങ്കുവിളിക്കുന്ന മുക്രികൾ അക്കാലത്തില്ലായിരുന്നു. അവൻറെ ബാങ്കുവിളി പള്ളിക്കു ചുറ്റും എത്രയോ നാഴിക ചുറ്റളവിൽ വന്നുവീഴും. ഉറങ്ങുന്നവർ ഉണരും. ഉണർന്നവർ ഞെട്ടും. കുട്ടികൾ കരയും. അത്രയും പ്രശസ്തമായിരുന്നു എറമുള്ളാൻറെ ബാങ്കുവിളി.

ആ ശബ്ദമാണ് ഒച്ചയെടുക്കാൻ വയ്യാതാവുന്നത്. എന്താടാ, ബാങ്കു വിളി സ്വകാര്യംപോലെയാണോ എന്ന് പൂക്കോയത്തങ്ങൾ ഒരു ദിവസം ചോദിക്കുമെന്ന ഭയം അവനെ അലട്ടിക്കൊണ്ടിരുന്നു. റാന്തലുമെടുത്ത് ബുഹാരി നീങ്ങിയപ്പോഴാണ് അവൻറെ കരളിലെ കാളൽ നിന്നത്. തങ്ങൾ പോയ ഉടനെ തൊട്ടിയിൽനിന്ന് ഒരു കവിൾ വെള്ളം കുടിച്ചു.

ഒരു ചൂട്ടും കത്തിച്ച് എറമുള്ളാൻ അറയ്ക്കലേക്കു നീങ്ങി. ആഹാരം അവിടെയാണ്, മൂന്നു നേരവും. എല്ലാവരും കഴിച്ചുകഴിഞ്ഞിട്ടു വേണം അവനു കിട്ടാൻ.

ചൂട്ട് ആഞ്ഞാഞ്ഞു വീശി. നനഞ്ഞ ഓലക്കഷണങ്ങളാണ്. അവ നന്നായിക്കത്താൻ മടികാണിച്ചു. വെളിച്ചത്തിനു പകരം ചൂട്ട് ഒരു പാടു പുക പരത്തി. പുക ആവുന്നത്ര അവൻറെ മൂക്കിലും കയറി. ഒരു നാട്ടുവെളിച്ചത്തിൻറെയത്ര വെളിച്ചംമാത്രം ചൂട്ടയിൽനിന്നു പുറപ്പെട്ടു. എറമുള്ളാൻ പ്രയാസപ്പെട്ടു നടന്നു. ഇരുട്ടിൽ ചൂട്ടയിൽനിന്നു തെറിക്കുന്ന തീപ്പൊരികളും മിന്നാമിനുങ്ങുകളും പന്തയം വയ്ക്കുന്നത് എറമുള്ളാൻ നോക്കിനിന്നു.

പടിപ്പുരയിലെത്തിയപ്പോൾ അറയ്ക്കലെ കോലായ ഒഴിഞ്ഞിരിക്കുന്നു. എല്ലാവരും അകത്ത് അത്താഴത്തിലാണ്. ബുഹാരിക്ക് അഭിമുഖമായി അവൻ മറ്റേത്തിണ്ണയിൽ ഇരുന്നു, വെറും സിമൻറിൽ.

ബുഹാരി പതിവുപോലെ കഷണം ബീഡി വലിച്ചുകൊണ്ടിരുന്നു. ബുഹാരി ഒരു മുഴുബീഡി വലിക്കുന്നത് ഇതുവരെ ആരും കണ്ടിട്ടില്ല. അവൻ പുക വിഴുങ്ങുകയും കണ്ണിൽ വെള്ളം നിറച്ച് ഇടയ്ക്കിടെ കുരയ്ക്കുകയും ചെയ്തു. കഫം നീട്ടിവലിച്ചു മുറ്റത്തേക്കു തുപ്പി.

“ചൈത്താനേ, ഇനിക്കൊരു കോളാമ്പി ബൈക്കരുതോ?” എറമുള്ളാൻ ചോദിച്ചു.

“എന്തിനാ കോളാമ്പി ?” ബുഹാരി വിട്ടില്ല: “ഇതിലും ബലിയ കോളാമ്പിയല്ലേ മുറ്റം?”

“മുറ്റം നിറഞ്ഞാൽ?” എറമുള്ളാൻ എതിർ ചോദ്യം വിട്ടു.

“പിന്നെ നിൻറെ മോത്ത് തുപ്പും.”

എറമുള്ളാൻ പിന്നെയൊന്നും പറഞ്ഞില്ല. അത്രയും അപമാനിതനായിരുന്നു അവൻ. പടിപ്പുരയിലൂടെ ഏമ്പക്കവും വിട്ട് ആരൊക്കെയോ ഇറങ്ങിപ്പോയി. പശുവിൻനെയ്യിൻറെ ഗന്ധം വായുവിലുയർന്നു.

“ബരിൻ.” പടിപ്പുരയിൽനിന്നു പണിക്കാരൻ കുട്ടി കൂവി. ബുഹാരിയുടെയും മുക്രി എറമുള്ളാൻറെയും രാത്രിഭക്ഷണം റെഡിയായിരിക്കുന്നു.

എറമുള്ളാൻ അറയ്ക്കലെ തറവാടുമായി ബന്ധപ്പെട്ടതുമുതൽ പണിക്കാരൻ കുട്ടിയും അവിടെയുണ്ട്. അവൻറെ പ്രായം ഇതുവരെ ആർക്കും മതിക്കാൻ കഴിഞ്ഞിട്ടില്ല. ചൈനക്കാരൻറെ മുഖമാണവന്. രോമങ്ങൾ ഒരൊറ്റയെണ്ണമില്ല. എന്നും പതിനാറു വയസ്സ്. നാലരയടി ഉയരം. വെളുത്തുരുണ്ട ശരീരം.

സ്ത്രൈണമായ മാംസപേശികൾ. ചെറിയ, പാതിയടഞ്ഞ പൂച്ചക്കണ്ണുകൾ. എപ്പോഴും ഊരിക്കുത്തി വീഴുന്ന കൈലിമുണ്ട്. അതിടയ്ക്കിടെ മടക്കിക്കുത്തുകയും താനേ അഴിയുകയും ചെയ്യും. ഒരു കെട്ടു മുറുക്കുവാൻ അവനെക്കൊണ്ടാവുകയില്ല. പെണ്ണുകെട്ടുമ്പോഴെങ്കിലും അതു നന്നായി മുറുക്കിക്കെട്ടണമെന്ന് തങ്ങൾ കളിയാക്കിപ്പറയും.

തറവാട്ടിൽ വലിയ അധികാരഭാവമാണ് അവൻ പുലർത്തുന്നത്. യഥാർഥത്തിൽ അവനാണു പൂമുഖത്തെ അന്നദാതാവ്. അവൻറെ കൈയാലെ മാത്രമേ പൂമുഖത്തു വരുന്ന എല്ലാവർക്കും എന്തെങ്കിലും കുടിക്കുവാനും തിന്നുവാനും കിട്ടാറുള്ളൂ. അടുക്കളയെയും പൂമുഖത്തെയും ശാശ്വതമായി ബന്ധിപ്പിക്കുന്ന ബലമേറിയ ഒരു ചങ്ങലയാണവൻ. പക്ഷേ, അവൻറെ ചങ്ങലയ്ക്കു വലിയ നീളമില്ല. പൂമുഖം വിട്ട് അവനെങ്ങും പോയിട്ടില്ല അവൻറെ ജീവിതത്തിൽ.

പതിവായി ഉണ്ണാൻ വരുന്നവരെ അവന് അവജ്ഞയാണ്. നിലത്തു ചത്തുമലർന്നു കിടക്കുന്ന ഒരു ഗൗളിയെ നോക്കുന്നതുപോലെയാണ് അവൻ അവരെ നോക്കുക.

“എന്താടാ നോക്കുന്നത്?” എറമുള്ളാൻറെ ചോദ്യം.

“ഇൻറെ മുഖം.” ചെക്കൻ പറഞ്ഞു. പിന്നെ അവജ്ഞ നിറഞ്ഞ കണ്ണുകളാലെ, കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു:

“പോയി കഞ്ഞികുടിക്ക്.”

ഒരു വലിയ കാസയിൽ കഞ്ഞിയും മറ്റൊരു പിഞ്ഞാണത്തിൽ നേന്ത്രക്കായയും ആട്ടിൻകുടലും ചേർത്ത പുഴുക്കും. കഞ്ഞിയുള്ള കാസയിൽ രണ്ടു മരക്കയിലുകൾ. ഒന്ന് എറമുള്ളാനെടുത്തു. മറ്റേത് ബുഹാരിയും.

ബുഹാരി ആർത്തിയോടെ മരക്കയിലിൽ കഞ്ഞി കോരിക്കോരി വിഴുങ്ങി. ആട്ടിൻകുടൽ ചേർത്ത പുഴുക്ക് ചവയ്ക്കാതെ വയറ്റിലാക്കി. എറമുള്ളാനു വിശപ്പു തോന്നിയില്ല. സാധാരണ രണ്ടുപേരും മത്സരമായിരിക്കും. തീരുന്നതുവരെ വേഗം വേഗം വലിച്ചു കുടിക്കും. മരക്കയിലുകൾ തമ്മിൽ മുട്ടുമ്പോഴായിരിക്കും മതിയാക്കുക. പക്ഷേ, അന്ന് എറമുള്ളാൻ നേരത്തേ തളർന്നിരുന്നു. കാസ കാലിയാവുന്നതിനു മുമ്പുതന്നെ അവൻ എഴുന്നേറ്റു.

കൈ കഴുകുമ്പോഴാണ് ഏമ്പക്കം വന്നത്. അവൻറേതല്ല; പൂക്കോയത്തങ്ങളുടേതായിരുന്നു.

തങ്ങൾ ആനക്കസേരയിൽ മലർന്നിരുന്നു. വലിയ സിങ്കപ്പൂർ ചുരുട്ടു വലിച്ചു പുകയൂതി കാറ്റിൽ പരത്തിയശേഷം ഒരു വിളി :

“എടാ എറമുള്ളാനേ!”

“ളേ, ഹാജർ.” എറമുള്ളാൻ കസേരയുടെ അരികിൽ നിലത്തിരുന്നു.

“എന്താടാ, ബാങ്കുവിളി മന്ത്രിക്കലാക്കിയോ?”

എറമുള്ളാൻ ഒന്നും പറഞ്ഞില്ല. അപ്പോൾ തങ്ങൾ പറഞ്ഞു:

“ഒച്ചത്തില് ബിളിക്കണം. എന്നിറ്റ് ബേണം നാട്ടുകാർക്ക് പള്ളീല്ബെരാൻ. പല പ്രവർത്തീള്ള ആളുകളാ ജനങ്ങൾ. ങ്ഹാ! കണക്കാ ക്കിക്കോ.”

എറമുള്ളാൻ ആ ഇരുപ്പിൽത്തന്നെ കുറെനേരം ഇരുന്നു. പതിന്നാലാം നമ്പ്ര് വിളക്കിൻറെ വെട്ടത്തിൽ തങ്ങളുടെ മുഖം തെളിഞ്ഞു. തങ്ങൾ പറഞ്ഞു:

“ആട്ടെ, ഇഞ്ഞി ഒരു പാട്ട് പാട്...”

തൊണ്ട വേദനിക്കുകയായിരുന്നു. എന്നാലും പൂക്കോയത്തങ്ങളുടെ കല്പന നിരസിക്കുകയോ!

തൊണ്ടയിലെ വേദന മറന്നുകൊണ്ട് അവൻ പാടി :

"ചിഞ്ചിലെന്നും ചിലുചിലെന്നും

കാൽച്ചിലമ്പിൻറോശ...

ഓശകേട്ട മാമലിയാർ

പിന്തിരിഞ്ഞു നോക്കി...

നോക്കുന്നേരം കുറത്തിതൻറെ

വരവലിയാർ കണ്ട്..."

"മതി, മതി " തങ്ങൾ പുറംകൈ കുടഞ്ഞുകൊണ്ടു പറഞ്ഞു:

"നിൻറെ ക്ലറ്റിന് എന്തു പറ്റിയെടാ?"

എറമുള്ളാൻ മിണ്ടിയില്ല.

"എന്താടാ, ഞ്ഞി ഇന്നലെ രാത്രി സിന്ദാബാദ് വിളിക്കാൻ പോയിര്ന്നോ?"

എറമുള്ളാൻ എന്തോ പറയാൻ തുനിഞ്ഞു. പക്ഷേ, വാക്കുകൾ ഉരുളകളായി തൊണ്ടയിൽക്കുടുങ്ങി. തൻറെ വേദനകളും പരാധീനങ്ങളും, തങ്ങളുടെ മുമ്പിൽ നിരത്തിവെക്കാൻ ഇതിലും നല്ല സന്ദർഭം ഇനി കിട്ടുകയില്ല. പക്ഷേ, എന്തു ചെയ്യും? വാക്കുകൾ! അതു തൊണ്ടയിൽ കുടുങ്ങിനില്ക്കുന്നു.

അവൻറെ കണ്ണുകൾ നിറഞ്ഞു. തെളിഞ്ഞു കത്തുന്ന പതിന്നാലാം നമ്പ്രിൻറെ വിളക്ക് അവൻറെ തലയ്ക്കുമുകളിലായതിനാൽ അവൻറെ മുഖം വെളിച്ചത്തിൻറെ നിഴലിലായിരുന്നു.

ഇരുപത്തൊമ്പത്

പുലരാൻകാലത്തു കുതിരസ്സവാരിക്കായി പൂക്കോയത്തങ്ങൾ തയ്യാറെടുക്കുകയായിരുന്നു. അപ്പോഴാണ് ഓടിക്കിതച്ചുകൊണ്ട് ബാപ്പുക്കണാരൻ വരുന്നത്. പടിപ്പുരയിൽ എത്തിയപ്പോൾതന്നെ അവൻ ബോധം കെട്ടുവീണു. ബുഹാരി ഞെട്ടിയുണർന്നു. വാസ്തവത്തിൽ ഉണർന്നതല്ല. ഞെട്ടിയതാണ്. രാത്രി അവനൊരിക്കലും ഉറങ്ങാറില്ലല്ലോ.

"ആരാ?"

ബുഹാരി അത്രയും ചോദിച്ചില്ല. "ഊയി " എന്നു പറഞ്ഞുകൊണ്ട് ബാപ്പുക്കണാരൻ പടിപ്പുരക്കല്ലുകളിൽ മുഖംകുത്തി വീണു. ബുഹാരി റാന്തലിൻറെ തിരി നീട്ടിനോക്കിയപ്പോൾ ആണ് ആളെ മനസ്സിലായത്.

"എൻറെ പൊക്കി..." കണാരൻ നിലവിളിച്ചു.

"പൊക്കിക്കെന്തുപറ്റി ?" അവനെ എഴുന്നേല്പിക്കാൻ ശ്രമിച്ചുകൊണ്ട് ബുഹാരി ചോദിച്ചു.

"ബോതമില്ല."

അപ്പോഴേക്കും പൂക്കോയത്തങ്ങൾ സ്ഥലത്തെത്തി.

തങ്ങൾ സവാരി നിർത്തിവച്ചു. കുതിരയെ വീണ്ടും ലായത്തിലാക്കി. റാന്തലിൻറെ തിരി ഒന്നുകൂടി നീട്ടി ടോർച്ചും തെളിയിച്ച് അവർ നീങ്ങി– തങ്ങളും ബുഹാരിയും കണാരനും കുതിരക്കാരനും.

ബാപ്പുക്കണാരൻറെ ചെറ്റപ്പുരയിൽ ഒരു ചിമ്മിനിവിളക്ക് എരിഞ്ഞുകൊണ്ടിരുന്നു. അതു കെടാറായിരിക്കുകയാണ്. പൂക്കോയത്തങ്ങൾ കോലായിൽ കേറിയതും അതു കെട്ടു.

അവിടം മുഴുവനും ഭയങ്കരമായ നാറ്റമായിരുന്നു. നരി ചത്തപോലുള്ള നാറ്റം. തങ്ങൾ സിങ്കപ്പൂർ ടോർച്ചു തെളിച്ച് അകത്തുകയറി. അകം കുളംപോലിരിക്കുന്നു. മതിലോട്ടു ചേർത്ത് വിരിച്ച ഒരു പായ. അതിൽ നനഞ്ഞ ശീലപോലെ പൊക്കി മയങ്ങിക്കിടക്കുന്നു. തലയണ ഛർദ്ദിയിൽ കുതിർന്നിരിക്കുന്നു; ഉടുമുണ്ട് വെള്ളം കോരിയൊഴിച്ച പോലെ.

"കിണ്ടിയുടെ വാലിലൂടെ വെള്ളം പോകുന്നചേലിക്കാ വയറ്റീന്നു പോകുന്നത്." വയസ്സായ ഒരു പെണ്ണു പറഞ്ഞു. തങ്ങളുടെ വെളുത്ത തുടുത്ത കാലടികൾ ചാണകവും മലവും കുതിർത്ത നിലത്തു പതിഞ്ഞു. പൊക്കി കിടക്കുന്ന പായയ്ക്കരികിൽ കുനിഞ്ഞ് തങ്ങൾ പൊക്കിയുടെ മുഖത്തേക്കു ടോർച്ച് തെളിച്ചു. കണ്ണുകൾ അടഞ്ഞിരിക്കുന്നു. കൺപോളകൾ മേലോട്ടുയർത്തി വെളിച്ചം തെളിയിച്ചു. വിടർന്നു നില്ക്കുന്ന ചെറുകണ്ണ്. വെളിച്ചത്തിന് അതു വിധേയമല്ല. പിന്നെ നാഡിയാണു പിടിച്ചുനോക്കിയത്. അതും നിശ്ചലം.

ഒട്ടും താമസിച്ചില്ല, പൂക്കോയത്തങ്ങൾ പുറത്തേക്കിറങ്ങി. ബാപ്പുക്കണാരൻ തൂണു ചാരി ഇരിക്കുകയാണ്. അവൻറെ കുപ്പായമിടാത്ത പുറത്തു തട്ടിക്കൊണ്ട് തങ്ങൾ പറഞ്ഞു:

"നിനക്കു പുതിയൊരു മംഗലം കയിക്കാം."

ബാപ്പുക്കണാരൻറെ കരൾ പൊട്ടുന്ന കരച്ചിൽ കേൾക്കാൻ നില്ക്കാതെ പൂക്കോയത്തങ്ങൾ പുറത്തിറങ്ങി.

അപ്പോഴേക്കും വെള്ള കീറി. കുപ്പി പൊക്കി റാന്തൽ ഊതിക്കെടുത്തി പൂക്കോയത്തങ്ങൾ പറഞ്ഞു: "ഇനി നമ്മക്ക് വിശ്രമമില്ല. ഇതു പടർന്നു പിടിക്കും. എല്ലാ വീടുകളിലും ഇതു കയറിയിറങ്ങും. ജനങ്ങളെ

മുഴുവനും ഇവൻ കൊന്നൊടുക്കും.”

“ആര്?” ബുഹാരിക്ക് ഒന്നും മനസ്സിലായില്ല. എന്താണ സംഭവിച്ചതെന്നവനറിയില്ല. പൊക്കിക്ക് എന്തു പറ്റിയെന്ന് അവന് ഊഹിക്കാൻ കഴിഞ്ഞില്ല.

ലോകത്തിലെ ഏറ്റവും വലിയ വിഡ്ഢിയെ നോക്കുന്നപോലെ പൂക്കോയത്തങ്ങൾ അവനെ നോക്കി. എന്നിട്ടു പറഞ്ഞു:

“പഹയാ, കോളറ നാട്ടിലിറങ്ങി.”

NAMBOODIRI

“ഏേ!”

“നടപ്പുദീനം പുറപ്പെട്ടിരിക്കുന്നു.”

ബുഹാരി ഉടനെ ചോദിച്ചത് പൊക്കിയെക്കുറിച്ചായിരുന്നു:

“പൊക്കിക്കെന്തുപറ്റി ?”

രൂക്ഷമായി അവനെ നോക്കിക്കൊണ്ട് തങ്ങൾ പറഞ്ഞു:

“ശത്തുപോയി.” ഒരു നിമിഷം നിർത്തിയിട്ടു പറഞ്ഞു: “ഇത് പടരും. എല്ലാ വീട്ടുകളിലും ഞമ്മക്ക് ഒരുപാട് പണീണ്ട്.”

“മുസല്യാരെ ഉടനെ വിളിപ്പിക്കണം” എന്നായി ബുഹാരി.

“എന്തിന്?” തങ്ങൾ ചോദിച്ചു.

“ഉറുക്ക മന്ത്രിച്ചു കെട്ടാൻ.”

“ഫാ! നായേ!” തങ്ങളുടെ കോപം അപ്പോഴേ അടങ്ങിയുള്ളൂ.

ബാപ്പുക്കണാരൻറെ സ്വന്തം പറമ്പിൽത്തന്നെയാണു കുഴികുഴിച്ചത്.

അടുത്ത വീട്ടുകളിലെ ഒണക്കനും പൊക്കനുംകൂടി കുഴി കുഴിച്ചു. പടന്നയും കൈക്കോട്ടും അവർ മാറി മാറി ഉപയോഗിച്ചു. ആറടി ആഴത്തിൽ കുഴി പാകമായി.

പട്ടിൽ പൊതിഞ്ഞ പൊക്കിയുടെ ശവം നാലഞ്ചാളുകൾ താങ്ങി കുഴിയിൽവെച്ചു. പിന്നെ മണ്ണിട്ടുമൂടി.

ബാപ്പുക്കണാരൻ തലയ്ക്കു കൈയും കൊടുത്തുകൊണ്ട് അന്നേരവും കോലായിൽ ഇരിക്കുകയായിരുന്നു.

പൊക്കി മരിച്ചതിൻറെ പിറ്റേദിവസം അടുത്ത വീട്ടിലെ ചാമക്കണ്ടി കുഞ്ഞിരാമനും അവൻറെ ഭാര്യയും രണ്ടു കുട്ടികളും മരിച്ചു. ഏറ്റവും ഇളയ രണ്ടു വയസ്സായ ഒരു കുട്ടിമാത്രം അവശേഷിച്ചു.

കോളറപിടിച്ച വീട്ടിൽ ആരും കയറിച്ചെല്ലാൻ ധൈര്യപ്പെട്ടില്ല. രോഗം പിടിപെട്ട വീട്ടുകൾ ഒറ്റപ്പെട്ടു. രോഗം ബാധിച്ച അച്ഛനെ വിട്ട് മകൻ ഓടി രക്ഷപ്പെട്ടു. ഭർത്താവിനെ വിട്ടു ഭാര്യ പുറത്തേക്കോടി. രോഗികൾ മാത്രം എല്ലാ വീട്ടുകളിലും തനിച്ചായി, ഉണങ്ങിവരണ്ട നാവുമായി സ്വന്തം ദേഹം വിസർജിച്ച മലിനജലത്തിൽ അവർ മരണത്തെയും കാത്തു കിടന്നു. അവരുടെ വരണ്ട നാവുകളിൽ വെള്ളം നനയ്ക്കാൻ ആരും വന്നില്ല. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരായിരുന്നു അവർ. അത്രയും കഠിനമായിരുന്നു ആ രോഗം എന്ന് അവർ മനസ്സിലാക്കിയത് അപ്പോൾ മാത്രമായിരുന്നു.

പക്ഷേ, തങ്ങൾ എല്ലാ വീട്ടുകളിലും കയറിയിറങ്ങി. തണുത്തുമരവിച്ച ദേഹത്തെ വൃത്തികേടുകളിൽനിന്ന് അയാൾ എടുത്തുമാറ്റി. നാവു വരണ്ടവർക്ക് ഇടങ്ങഴിക്കണക്കിൽ ഉപ്പുവെള്ളം കൊടുത്തു. ഇളനീർ വെട്ടിയതിന്നു കണക്കില്ലായിരുന്നു. തെങ്ങിൻറെ കൂമ്പു നശിക്കുന്നതുവരെ ഇളനീർ പറിച്ചെടുത്തു. ഉപ്പുവെള്ളവും ഇളനീർവെള്ളവും ഇടതടവില്ലാതെ രോഗികളെ കുടിപ്പിച്ചു.

എല്ലാ വീട്ടുകളിലും കോളറ നടമാടി. വിഷംപോലെ അതു പടർന്നു. അതിൻറെ കോപത്തിന്ന് എല്ലാം ഇരയായി. ഒരുപാടു ചിതകൾ കെട്ടടങ്ങി. ഒരുപാടു കുഴിമാടങ്ങൾ പൊങ്ങി. പള്ളിപ്പറമ്പിൽ മീസാൻകല്ലുകൾ അനവധിയായി.

പൂക്കോയത്തങ്ങൾ രാവും പകലും നടന്നു ശുശ്രൂഷിച്ചു. പ്രതീക്ഷയുള്ളവർക്കു മരുന്നും വെള്ളവും കൊടുത്തു ജീവനെ നിലനിർത്തി. ചത്തവരെയും മരിച്ചവരെയും കുഴിച്ചിടുകയും ഖബറടക്കുകയും ചെയ്തു.

ഒരു വലിയ അത്യാഹിതം കേട്ടുകൊണ്ടാണു പിറ്റേന്ന് പൂക്കോയത്തങ്ങൾ ഉണർന്നത്. വലിയ കോലാഹലംതന്നെയായിരുന്നു പള്ളിപ്പറമ്പിൽ.

അറബിപ്പുളിമരത്തിൽ ആരോ കെട്ടിത്തൂങ്ങി മരിച്ചിരിക്കുന്നു. സുബഹി നിസ്കരിക്കാൻ പള്ളിയിലേക്കു പോകുന്ന തയ്യാർ സെയ്താലിയാണ് സംഗതി മനസ്സിലാക്കിയത്. അവൻ കാണുമ്പോൾ ജീവൻ പിടയുകയായിരുന്നു. അവസാനത്തെ വെപ്രാളത്തിൻറെ ആക്രാന്തങ്ങളാണ് അവനെ ഉണർത്തിയത്.

ഇരുട്ടായതിനാൽ ആളെ മനസ്സിലായില്ല. അറിഞ്ഞവർ അറിഞ്ഞവർ അറബിപ്പുളിമരത്തിൻറെ ചുവട്ടിൽ വന്നുനിന്നു. എല്ലാവരുടെയും ദൃഷ്ടി മേലോട്ടുതന്നെയായിരുന്നു. കെട്ടിത്തൂങ്ങിമരിച്ചവനെ അറിയാനായി അവരെല്ലാവരും ബീഡിവലിച്ചും മരണത്തെയും ആത്മഹത്യയെയും കുറിച്ചു സംസാരിച്ചും നേരം വെളുപ്പിക്കാൻ തുടങ്ങി.

വെള്ളകീറുകയായിരുന്നു. ബുഹാരിയാണ് സത്യം ആദ്യം മനസ്സിലാക്കിയത്. മാവിൻകൊമ്പിൽ പഴുത്തമാങ്ങ കൊത്തിപ്പിടിച്ച നില്ക്കുന്ന കാക്കയെ നോക്കുന്നപോലെ നോക്കിയിട്ട് അവൻ കൂകി :

"ബാപ്പുക്കണാരൻ!"

നേരം നല്ലപോലെ വെളുത്തു. പൂക്കോയത്തങ്ങൾ അറബിപ്പുളിമരത്തിൻറെ ചുവട്ടിൽ വന്നുനിന്നു മോലോട്ടു നോക്കി. ഒരു തോർത്തു മുണ്ടുമാത്രം ഉടുത്തിരിക്കുന്നു. കണ്ണുകൾ അടഞ്ഞുതന്നെ. വായിൽ നിന്നു കേല അപ്പോഴും ഒലിച്ചു കൊണ്ടിരുന്നു. തല ഒരു ഭാഗത്തേക്കു തിരിച്ചു കഴുത്ത് അല്പം മടങ്ങിയിരിക്കുന്നു. കോളറയിൽ മരിച്ചു പോയ സ്വന്തം ഭാര്യ എത്രയോ തവണ വെള്ളം കോരിക്കോരി പഴകിയ കുത്തുപാളയുടെ കയറുതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. പഴകിയിട്ടും കയർ പൊട്ടിയില്ല. അത്രയും അനിവാര്യമായിരുന്നു മരണം.

ഒരു കാട്ടുതീപോലെ ആ ഞെട്ടിപ്പിക്കുന്ന സംഭവം നാട്ടിലാകെ പരന്നു. അറയ്ക്കലെ തറവാട്ടിലെ സ്ത്രീജനങ്ങൾ ഒന്നടങ്കം ഭയന്നുവിറച്ചു. ഇന്നലെവരെ കണ്ട ബാപ്പുക്കണാരൻ തൂങ്ങിമരിച്ചിരിക്കുന്നു!

പൂക്കുഞ്ഞിബീ വിവരമറിഞ്ഞു നടുങ്ങി. തൂങ്ങിമരിക്കുന്ന വിവരം അവൾ ഇതിനുമുമ്പൊരിക്കൽ കേട്ടിരുന്നു. പക്ഷേ, അത് എത്രയോ നാഴിക അകലെയുള്ള കോഴിക്കോട്ടുവച്ചായിരുന്നു. കുഞ്ഞിരാമൻ വക്കീൽ പൂക്കോയത്തങ്ങളോടു പറഞ്ഞ കഥ. അന്ന് അതവളെ വളരെയധികം ഏശിയില്ല. പക്ഷേ, ബാപ്പുക്കണാരൻറെ തൂങ്ങിമരണം അവളെ ഞെട്ടിച്ചു.

കുഞ്ഞാലിയെ തൊട്ടുകൊണ്ടാണ് അവൾ പള്ളിക്കൂടത്തിലേക്കു പുറപ്പെട്ടത്. പടിപ്പുരയിറങ്ങി പള്ളിപ്പറമ്പിലേക്കു ചവിട്ടിയപ്പോൾ അവളുടെ നെഞ്ചിടിച്ചു. അറബിപ്പുളിമരത്തിൻറെ അടുത്തുകൂടിയാണു പോകേണ്ടത്. യാന്ത്രികമായിരുന്നു നടത്തം. അറബിപ്പുളിമരത്തിൻറെ ചുവട്ടിൽ പത്തുപതിനഞ്ചുപേർ മേലോട്ടു നോക്കിനില്ക്കുന്നു. വലിയ ഗൗരവത്തിൽ അടക്കി വർത്തമാനം പറയുന്നുണ്ട്. അവരുടെ കൂട്ടത്തിൽ കറുത്തുകുറിയ അധികാരി കുഞ്ഞപ്പനമ്പ്യാരെ അവൾ കണ്ടു. കുഞ്ഞാലിയെ മുറുകിപ്പിടിച്ചുതന്നെ നടന്നു. എന്തായാലും മേലോട്ടു നോക്കരുത്. പക്ഷേ, അറബിപ്പുളിമരത്തിൻറെ ചുവട്ടിലെത്തിയപ്പോൾ അറിയാതെ നോക്കിപ്പോയി.

ഒരു മുഴം നീളമുള്ള ഒരു കയറിൽ തല ഒരു ഭാഗത്തു ചെരിച്ച് ഒരു തോർത്തുമുണ്ടുടുത്ത് ബാപ്പുക്കണാരൻ!

അന്നു പാതിരാത്രി കുഞ്ഞിബീ ഞെട്ടി നിലവിളിച്ചു. ഉറങ്ങാനായി കണ്ണടച്ചാൽ മതി, ഉടനെ കാണുകയായി ബാപ്പുക്കണാരൻറെ തൂങ്ങിയ രൂപം. ഒച്ചകേട്ട് പാത്തു ചോദിച്ചു:

"എന്താ കുഞ്ഞിബീ, എന്തു പറ്റി ?"

“എനിക്കു പേടിയാവുന്നു.”
പാത്തു അവളെ കെട്ടിപ്പിടിച്ചു കിടന്നു.

മുപ്പത്

ഓത്തുപള്ളിയിൽ കൈയെഴുത്തുദിനം വന്നു. നേരം പുലരുന്നതിനു മുമ്പു തന്നെ കുഞ്ഞാലി ഞെട്ടിയുണർന്നു. ചെറിയ ജനലിലൂടെ അവൻ പുറത്തേക്കുനോക്കി. കൊറ്റിയുദിച്ചിരിക്കുന്നു.

എറമുള്ളാൻറെ ബാങ്കുവിളി പെട്ടെന്നുയർന്നു. പക്ഷേ, എന്തോ ഒരു പന്തികേടുപോലെ, ശബ്ദം ചിലമ്പിച്ചപോലെ തോന്നി കുഞ്ഞാലിക്ക്. പുറത്തു കുതിരപ്പന്തിയിൽ കുളമ്പടികൾ കേൾക്കുന്നു. തങ്ങളുപ്പാപ്പ സവാരിക്കു പുറപ്പെട്ടിരിക്കുകയായിരിക്കും. ചോറു തിന്നുന്നതു പോലെ അത്രയും കണിശമാണ് തങ്ങളുപ്പാപ്പയ്ക്ക് ഈ കുതിരസ്സവാരി.

കുഞ്ഞാലി പിന്നേയും ഒരുപാടുനേരം കിടന്നു. ഓർത്തതു മുഴുവൻ കൈയെഴുത്തിനെക്കുറിച്ചായിരുന്നു. കാക്ക കരയുന്നതുകേട്ടാണ് ഉണർന്നത്. നോക്കുമ്പോൾ നേരം വെളുത്തിരിക്കുന്നു. താഴെ അടുക്കളയിലും കുളിമുറിയിലും ശബ്ദകോലാഹലങ്ങൾ. അവൻ ഈയിടെയായി മോളിലാണു കിടക്കുന്നത്. പാത്തുമ്മയുടെ കൂടെ പൂക്കുഞ്ഞിബീ ഉറങ്ങാൻ തുടങ്ങിയപ്പോൾ തങ്ങളുപ്പാപ്പാ അവനെ മുകളിലുള്ള ഒരു ചെറിയ മുറിയിലേക്കു മാറ്റി. അവിടെ അവൻ ഒറ്റയ്ക്കാണ് ഉറങ്ങുക. ഇടയ്ക്കു പണിക്കാരൻ കുട്ടി ഹൈദ്രോസുമുണ്ടാകും; നിലത്തു വിരിച്ച പുല്പായയിൽ.

കുഞ്ഞാലി മുസാക്കുമെടുത്തു മുറ്റത്തെ മാവിൻചോട്ടിലേക്കു നടന്നു. അതിൻറെ ചോട്ടിൽനിന്നാണ് പല്ലുതേപ്പ്.

പടിപ്പുരയിൽ കുതിരക്കുളമ്പടി കേട്ടു. തങ്ങളുപ്പാപ്പ മടങ്ങിവരികയാണ്. ആദ്യം കുതിരയുടെ മുഖം. വായ നിറയെ നുര. തങ്ങളുപ്പാപ്പാ വസ്ത്രം മാറിയ ശേഷം ഉടനെ പുറത്തുവന്നു. കൈയിൽ സായ്പിൻറെ മുസാക്കും മുസാക്കിൻറെ അറ്റത്തു വാഴക്കാമ്പിൻറെ ആകൃതിയിൽ ഒരു സാധനവും. പിന്നെ ഒരു പല്ലുതേപ്പായിരുന്നു. ഒരു മിനുട്ടേ കഴിഞ്ഞുള്ളൂ. ഉടനെ വന്നു നുര. തങ്ങളുപ്പാപ്പ ഒരുപാടു കുരയ്ക്കുകയും തുപ്പുകയും ചെയ്തു. ഒരു പാന്താടകൊണ്ടുനാവു വടിച്ചു. അന്നേരത്തെ ഓക്കാനത്തിൻറെ ശബ്ദം കേൾക്കേണ്ടതുതന്നെയാണ്. കണ്ണിമാവിൻറെ കൊമ്പിലിരുന്നു കരയുന്ന സകല കാക്കകളും പറന്നകന്നു. ഓട്ടുകിണ്ടിയുടെ വാലിലൂടെ വെള്ളം വലിയ ഉള്ളംകൈയിലൊഴിച്ച് 'ഭും ഭും' എന്നു ശബ്ദമുണ്ടാക്കി മുഖം കഴുകി. പിന്നെ കൈ കുടഞ്ഞ് ബ്രഷും കുടഞ്ഞ് പോകാനാരംഭിക്കുമ്പോൾ ഒരു ചോദ്യം:

"എന്താ കുഞ്ഞാലീ, കെനാവ് കാണുകയാണോ?"

കുഞ്ഞാലി നാണിച്ചുപോയി. അവനൊന്നും പറയാതെ വായിൽ ഊറിക്കൂടിയ തുപ്പൽ തുപ്പി.

"ഇന്ന് ഓത്തുപള്ളിയില്ലേ?"

കുഞ്ഞാലി പറഞ്ഞു: "ഇന്ന് കൈയെഴുത്താ."

"വെരിഗുഡ്!" അതും പറഞ്ഞു തങ്ങൾ അകത്തേക്കു നടന്നു. കുമ്പ കുലുങ്ങുന്നത് കുഞ്ഞാലി നോക്കി. കുമ്പമാത്രമല്ല, ഓരോ അവയവവും കുലുങ്ങുന്നു. താടിപോലും ഇളകുന്നു.

എന്താണ് ഇനി ചെയ്യേണ്ടതെന്നവനറിയില്ല. കുറെനേരം തൊടിയിലൂടെ നടന്നു. ബുഹാരി തോട്ടം നനയ്ക്കുകയാണ്. തോട്ടം നനയ്ക്കുമ്പോൾ ഒരു കാക്കി ട്രൗസറും ബനിയനുമാണ് വേഷം. അപ്പോൾ ബുഹാരിയുടെ ഗൗരവം ഇരട്ടിക്കും. ഇട്ടിരിക്കുന്നത് ട്രൗസറാണല്ലോ. ട്രൗസറിടുന്ന മൂന്നാളുകളേ നാട്ടിലുള്ളൂ.

ഒന്നു സ്റ്റേഷൻമാസ്റ്റർ ഗബ്രിയേൽ, രണ്ട് പള്ളിക്കൂടം പരിശോധിക്കാൻ വരുന്ന ഡെപ്യൂട്ടി ഇൻസ്പെക്ടർ; മൂന്ന് തങ്ങൾ.

തങ്ങളുടെ ഒരു പഴയ നീളക്കാലുറ പാതിമുറിച്ചാണ് ഈ ട്രൗസർ ഉണ്ടാക്കിയത്.

തോട്ടത്തിൽ പൂക്കൾ വിരിഞ്ഞിരിക്കുന്നു. ഒരു പൂവെടുത്ത് അതിൻറെ ഞെട്ടെടുത്ത് ചുണ്ടിൽവച്ചു വലിച്ചു. നേരിയ മധുരം. തേൻ. വണ്ടുകൾ പാറിനടക്കുന്നു. ഇളം വെയിലുദിച്ചു.

പൂക്കുഞ്ഞിബീയും തോട്ടത്തിൽ വന്നു. അവൾ നന്നായി ചിരിച്ചു. കീരിപ്പല്ലുകൾ തിളങ്ങി. മേൽമോണയിൽനിന്നു രക്തം ഒലിക്കുന്നുണ്ടായിരുന്നു. അത്രയും ശക്തിയായിട്ടായിരുന്നു പാത്തുമ്മ പല്ലു തേച്ചുകൊടുത്തത്. ഉപ്പുരസം ശക്തിയായവൾ തുപ്പി. വെളുത്ത പൂവിൽ അതു ചെന്നുവീണു. പൂവു ചുകന്നു.

“ഇവിടെ വരീൻ!”

വലിയ കസേരയിലിരുന്നുകൊണ്ട് തങ്ങളുപ്പാപ്പാ അവരെ മാടിവിളിച്ചു. കുഞ്ഞാലിയും പൂക്കുഞ്ഞിബീയും മത്സരിച്ചോടി. തങ്ങളുപ്പാപ്പയുടെ രണ്ടു വശത്തും അവർ ചെന്നുനിന്നു. പൂക്കോയത്തങ്ങൾ മടിയിൽ നിന്നു രണ്ടു വെള്ളിയുറുപ്പിക കൈയിലെടുത്ത് ഓരോന്ന് കുഞ്ഞാലിയുടെയും പൂക്കുഞ്ഞിബീയുടെയും ഉള്ളംകൈയിൽ വെച്ചുകൊടുത്തു.

“കൈയെഴുത്തിൻറെ പൈസ.”

കുട്ടികൾ പൊട്ടിച്ചിരിച്ചു. ഉത്സാഹത്തോടെ അവർ അകത്തേക്കോടിപ്പോയി. അടുക്കളയിൽ പാത്തുമ്മ ഉരന്മേലിരിക്കുന്നു. നിലത്ത് ഓരോ പലകയും അവയ്ക്കു മുന്നിൽ അവർക്കുള്ള രാവിലത്തെ കത്തലടക്കലും.

അവർ ഇരുന്നു. നെയ്പ്പത്തിരിയും ആവോലിക്കറിയും. പാലു പാർന്നു കൊഴുത്ത ചായയിൽ നിന്ന് ആവി പറക്കുന്നു. കുഞ്ഞാലിക്ക് തീരെ വിശപ്പു തോന്നിയില്ല. വെള്ളിയുറുപ്പിക കൊടുക്കുമ്പോൾ

മുസലിയാർക്കുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചാണ് അവൻ ഓർത്തത്.

ആറ്റബീബി പെട്ടെന്നാണ് അതിലേ കടന്നുപോയത്. പൂക്കഞ്ഞീബീ ഞൊട്ടിവിളിച്ചു:

“ഉമ്മാ, നോക്ക്,” വെള്ളിയുറുപ്പിക കാട്ടിക്കൊണ്ടു പറഞ്ഞു.

“ആരാ തന്നത്?” സുറുമയിട്ട കണ്ണുകൾ പാതി ചിമ്മിക്കൊണ്ട് അവർചോദിച്ചു.

“ഉപ്പാപ്പ.”

“എന്തിന്?”

“ഇന്ന് കൈയെഴുത്തല്ലേ?”

അപ്പോൾ കുഞ്ഞാലി ഉള്ളംകൈ മുറുകെ പൂട്ടിക്കൊണ്ടു നില്ക്കുകയായിരുന്നു. അവൻറെ കൈ പിടിച്ചുകൊണ്ട് ആറ്റബീബി ചോദിച്ചു:

“നോക്കട്ടെ.”

ഒരു വെള്ളിയുറുപ്പിക! ആറ്റബീബിയുടെ കണ്ണുകൾ കത്തി. ദേഹം ആകെയൊന്നിളകി.

“നിനക്കും ഒരു റുപ്പികയോ?” എന്നും പറഞ്ഞ് ആ ഒറ്റനാണയം പിടിച്ചുവാങ്ങി അവർ അകത്തേക്കു വിരണ്ടുകൊണ്ടോടി. അല്പം കഴിഞ്ഞു പുറത്തുവന്ന് ഒരു നാലണ നാണയം കുഞ്ഞാലിയുടെ മുന്നിലെറിഞ്ഞുകൊണ്ടു പറഞ്ഞു:

“നിനക്കിതു മതി. ങ്ഹേ! രണ്ടാക്കും ഒരുപോലെയോ? അയിനായിറ്റില്ല. അയിനു ഞാൻ സമ്മതിക്കുല.” ആറ്റബീബിയുടെ മാറിടം വിറയ്ക്കുകയായിരുന്നു.

കരയുന്ന കുഞ്ഞാലിയെ പാത്തു സമാധാനിപ്പിച്ചു. പൂക്കഞ്ഞിബീ കൈകഴുകി അകത്തേക്കു പോയി. കുഞ്ഞാലി ഒന്നും കഴിച്ചില്ല. അവൻറെ വയർ ഒഴിഞ്ഞുകിടന്നു. പക്ഷേ, കണ്ണുകൾ നിറഞ്ഞുകിടന്നു.

പാത്തുമ്മ പറഞ്ഞു:

“മോനേ, ഞ്ഞി ബലിയവീട്ടിലെ ചെറിയ കുട്ടിയാ.” പാത്തുമ്മ അവൻറെ കൈപിടിച്ച് കുളിമുറിയിലേക്കു കൊണ്ടുപോയി.

ഓത്തുപള്ളിയിലെത്തിയപ്പോൾ അവൻറെ സങ്കടം പെട്ടെന്നു നിന്നു. കണ്ണുകൾ തെളിഞ്ഞു. മനസ്സു തണുത്തു. കുട്ടികൾ ഓടിച്ചാടി നടക്കുന്നു. എല്ലാവരും പുതിയ ഉടുപ്പുകളാണിട്ടിരിക്കുന്നത്. അൽപാക്കിൻറെ കുപ്പായം, കരയുള്ള തുരി, പട്ടുറുമാൽ, ഇത്രയുംകൊണ്ട് ആൺകുട്ടികളുടെ വേഷവിധാനമായി. കസവുതട്ടം, അതിനുള്ളിൽ കറുത്തു നീണ്ട മുടി. കോജാത്തി സുറുമയെഴുതിയ കണ്ണുകൾ, മൽമലിൻറെ കുപ്പായം, അതിൽ പൂശിയ അത്തർ, പട്ടുതുണിയും കാച്ചിയും. പെൺകുട്ടികൾ നടക്കുമ്പോൾ ഉടുമുണ്ട് പിടിച്ചുനടന്നു. കാലുകളിൽ മൈലാഞ്ചി; കൈ നഖങ്ങളിലും.

അവർ അട്ടഹസിച്ചും കൂക്കിവിളിച്ചും കൈക്കടിച്ചും ഓടിനടന്നു. റെയിലിൻമേൽ അവർ പ്രത്യക്ഷപ്പെട്ടു, മൂസ്സമുസലിയാരും ചുമട്ടു കാരനും. റെയിൽ മുറിച്ചുകടന്നു ചുമട്ടുകാരനും മൂസ്സമുസലിയാരും ധൃതിയിൽ നടന്നു. സ്റ്റേഷൻറെ പിന്നിലൂടെ ഒഴുകുന്ന ചെമ്മൺപാതയിലൂടെ അവർ നടന്നടുക്കുകയാണ്.

മൂസ്സമുസലിയാർ ആദ്യം കയറി. ഉടുമുണ്ടഴിച്ചിടാൻ മറന്നുപോയിരിക്കുന്നു. തടിച്ച കണങ്കാലുകളിൽ ചുരുണ്ടരോമങ്ങളാണ് കുട്ടികൾ ആദ്യം കണ്ടത്. മൂസ്സമുസലിയാർ മുണ്ട് മടക്കിക്കുത്തഴിച്ചിടാൻ മറക്കാറില്ല. എന്തോ തെറ്റു പറ്റിയപോലെ പെട്ടെന്ന് മടക്കിക്കുത്തിയതഴിച്ചിട്ടു. പിന്നെ തിരിഞ്ഞുനോക്കിയപ്പോൾ തലയിലെ വലിയ കുട ചെറിയ വാതിലിലൂടെ അകത്തേക്കു കടത്താൻ പാടുപെടുന്ന ചെറുമനെയാണ് കണ്ടത്.

"ബാടാ ചെക്ത്താനെ." മാണിയൂരെ അബൂബക്കറെ നോക്കി മുസലിയാർ വിളിച്ചു. അവനാണ് ക്ലാസ്സിലെ ഏറ്റവും വലിയ വിഡ്ഢി. അതു പോലെ ശക്തനും. ചെറിയ ചെറിയ ദേഹണ്ണങ്ങൾ സാധാരണയായി അവനെക്കൊണ്ടു ചെയ്യിക്കുകയാണു പതിവ്. അബൂബക്കറും മൂസ്സ മുസലിയാരും ചെറുമനുംകൂടി ചെരിച്ചും മറിച്ചും കുട അകത്തേക്കു കയറ്റി. ശങ്കരക്കുറുപ്പുമാസ്റ്ററുടെ മേശപ്പുറത്ത് വലിയ കുട വെച്ചു. കുട വെള്ളത്തുണികൊണ്ടു മൂടിയിരിക്കുകയാണ്. കുടയുടെ വിള്ളലിലൂടെ നെയ്യ് ഒലിച്ചുകൊണ്ടിരുന്നു. അതിനുള്ളിലെ വിഭവങ്ങളറിയാൻ കുട്ടികൾ അക്ഷമരായി.

എങ്ങുനിന്നോ വന്ന ഒരു മണിക്കണ്ടൻ ഈച്ച കുടയ്ക്കു ചുറ്റും വട്ടമിട്ടു പറക്കാൻ തുടങ്ങി. മൂസ്സമുസലിയാർ കസേരയിലിരുന്നു പാള വിശറിയെടുത്തു വീശി വിയർപ്പു തണുപ്പിച്ചു. തല ചൊറിഞ്ഞ് മുഖം തുടച്ചശേഷം മൂസ്സ മുസലിയാർ അട്ടഹസിച്ചു:

"ബൈത്തു ചെല്ലീൻ നായ്ക്കളെ."

കുട്ടികൾ ബൈത്തു ചൊല്ലാൻ തുടങ്ങി. ബൈത്തു ചൊല്ലി കുട്ടികൾ വിയർത്തു. കുറെ കഴിഞ്ഞപ്പോൾ മുസലിയാർ കലമനും മഷിക്കുപ്പിയും പുറത്തെടുത്തു.

"ശരി, ബരീൻ!" ഒരറ്റത്തുള്ള കുട്ടിയെ നോക്കി മുസലിയാർ വിളിച്ചു.

അവർ മുസലിയാരുടെ അടുത്തേക്കു നീങ്ങി. പട്ടുറുമാൽ അഴിച്ച്അതിൽനിന്ന് ഒരു നാലണത്തുട്ടെടുത്തു മേശപ്പുറത്തുവച്ചു.

"ഭേഷ് !" കാലുറുപ്പികയുടെ ഒറ്റനാണയം കാണുമ്പോൾ മൂസ്സമുസലിയാർ അട്ടഹസിക്കും. കലമൻ എടുത്തു കടുക്കമഷിയിൽ മുക്കി അയാൾ അവൻറെ ഉള്ളംകൈയിൽ എഴുതി.

കുട്ടികൾ ഓരോരുത്തരായി നീങ്ങി.

പൂക്കുഞ്ഞിബീ നീങ്ങിയപ്പോൾ കുഞ്ഞാലിയുടെ നെഞ്ചിടിക്കാൻ തുടങ്ങി. അടുത്തത് അവൻറെ ഊഴമാണ്. പൂക്കുഞ്ഞിബീയുടെ കൈയിൽ ഒരു റുപ്പികയും അവൻറെ കൈയിൽ വെറും കാലുറുപ്പികയുമാണ്.

പൂക്കുഞ്ഞിബീയുടെ കവിളുകളിൽ മുസലിയാർ തലോടി. പിന്നെ വെള്ളിയുറുപ്പിക മെല്ലെ കീശയിലിട്ടു. കൈയെഴുതുക മാത്രമല്ല, നെറ്റിയിൽ ഒരു കുറിയും വരച്ചുകൊടുത്തു. പിന്നെ കുഞ്ഞാലിയെ കൈചൂണ്ടി ഒരട്ടഹാസം:

"ബാ!"

കുഞ്ഞാലി തളർന്ന കാലുകളോടെ നീങ്ങി. മാവിൻപലകകൊണ്ടുണ്ടാക്കിയ മേശയുടെ അടുത്തു നില്ക്കുമ്പോൾ അവൻ വിറയ്ക്കുകയായിരുന്നു. മൂസ്സമുസലിയാർ അവനെ തോളത്തു പിടിച്ചു തന്നോടുചേർത്തു നിർത്തി. സ്വന്തം വിയർപ്പിലും ഭയാശങ്കകളിലും മൂസ്സ മുസലിയാരുടെ വിയർപ്പിൻറെ രൂക്ഷത അവന് അനുഭവപ്പെട്ടു.

മേശമേൽ പരുപരുത്ത ഉള്ളംകൈ അടിച്ചുകൊണ്ടു പറഞ്ഞു: "ബെക്ക്." മൂസ്സമുസലിയാരുടെ കിനാവ് ഒരു വെള്ളിയുറുപ്പികയാണ്.

കുഞ്ഞാലി മെല്ലെ മെല്ലെ പട്ടുറുമ്മാൽ അഴിച്ച് ഒരു നാലണനാണയം മേശപ്പുറത്തു വെച്ചു. മൂസ്സമുസലിയാരുടെ നെറ്റി ചുളിഞ്ഞു. ചുണ്ടുകൾ വലതു ഭാഗത്തേക്കു കോടി. എന്തോ പിറുപിറുത്തു.

പിന്നെ യാന്ത്രികമായി കൈയെഴുതാൻ തുടങ്ങി. മുളകൊണ്ടുണ്ടാക്കിയ കലമൻ അവൻറെ മാർദ്ദവമേറിയ ഉള്ളംകൈയിൽ കലപ്പ നീങ്ങുന്നതു പോലെ ചലിച്ചു. എഴുതിത്തീർന്നപ്പോൾ അയാൾ ഒരു ശാപംപോലെ പറഞ്ഞു:

"ഹറാത്ത് !"

ഹറാത്ത് എന്ന വാക്ക് അവൻറെ തലയിൽ മുഴങ്ങി. ഒരിക്കലല്ല ആയിരം പ്രാവശ്യം. എങ്ങനെയോ അവൻ സ്വന്തം സ്ഥാനത്തു വന്നിരുന്നു. പിന്നീടൊന്നും ആലോചിക്കാൻ കഴിഞ്ഞില്ല.

ഒരാരവം കേട്ടപ്പോഴാണ് ഉണർന്നത്. പലഹാരങ്ങൾ കൊടുക്കുകയാണ്. കുട്ട പൊതിഞ്ഞ വെള്ളവിരി നീങ്ങിയതോടെ ബഹളമായി. കൈയെഴുതിത്തീർന്നത് അവനറിഞ്ഞില്ല. നെയ്യപ്പവും കൈയിൽ പിടിച്ച് ഓരോരുത്തനും പുറത്തിറങ്ങി.

കുഞ്ഞാലി അപ്പം വാങ്ങാതെ പടിയിറങ്ങി.

കൈയിലെഴുതിയ ഖുർആൻ വാക്കുകൾ ആകാശവും കിണറും കാണിച്ചശേഷം നക്കിക്കുടിക്കുകയാണു വേണ്ടത്. കുഞ്ഞാലി വീട്ടിലെത്തിയപ്പോൾ ഉള്ളംകൈ ആരേയും കാണിക്കാതെ മുറ്റത്തെ പൂഴി മണലിലിട്ട് ഉരച്ചു നാശമാക്കി.

മുപ്പത്തൊന്ന്

വേനൽ ആരംഭിച്ചതേയുള്ളൂ; അപ്പോഴേക്കും തുടങ്ങി ചൂട്. പതിന്നാലാം രാവിൻറെ നിലാവിൻറെ കാർമേഘങ്ങൾ കൂട്ടംകൂട്ടമായി മൂടിവെച്ചു. കാറ്റുതീരാറായ കാന്തവിളക്കുപോലെ നിലാവുപൊഴിഞ്ഞു. കാറ്റിൻറെ ഒരു ലാഞ്ഛനപോലുമില്ല. സകല വൃക്ഷങ്ങളും ഇടിവെട്ടേറ്റപോലെ. ഇലകളും തെങ്ങോലകളും ഗ്രഹണം പറ്റിയപോലെ!

എറമുള്ളാന് ഉറങ്ങാൻ കഴിഞ്ഞില്ല. അത്രയും വെറുപ്പിക്കുന്നതും വെറുങ്ങലിപ്പിക്കുന്നതുമായിരുന്നു ചൂട്. കഠിനമായ ചൂടാണെങ്കിൽ അതൊട്ടില്ലാതാനും. ഒരുതരം ചൊറിച്ചിലും പുകച്ചിലും. ആദ്യം കുപ്പായം അഴിച്ചുവെച്ചു. പിന്നെ ബനിയനഴിച്ചു. കുറെനേരം പള്ളിയുടെ പടിയിലിരുന്നു. എന്നിട്ടും വെപ്രാളങ്ങൾ ശമിച്ചില്ല. അന്നേരം സിമിൻറുടാങ്കിനടുത്തു പോയിരുന്നു കുറെ തണുത്ത വെള്ളം മുഖത്തും ദേഹത്തും കോരിയൊഴിച്ചു.

നനഞ്ഞ പായയിൽക്കിടന്നു ജനവാതിലിലൂടെ ആകാശം നോക്കി. ഒരൊറ്റ നക്ഷത്രംപോലുമില്ല. ചാക്കു പുതച്ചുറങ്ങുന്നതുപോലെയുണ്ട് ആകാശം.

ഉറങ്ങിയതോർമയില്ല. പക്ഷേ, ഉണർന്നപ്പോൾ ഓർമകൾ തെളിഞ്ഞു. നേരം പുലരാറായിരിക്കുന്നു. കിഴക്കനാകാശത്തിൽ കൊറ്റിയുടെ തെളിമ.

സിമിൻറുടാങ്ക് നിറയെ വെള്ളമുണ്ട്. ഇനി വെള്ളം കോരി നിറയ്ക്കേണ്ട ജോലിയില്ല. മുസാക്കെടുത്തു പല്ലുതേച്ചു. നാവു വടിക്കുമ്പോൾ ഒരുപാടുനേരം കാർക്കിച്ചുതുപ്പി. തൊണ്ടയിൽ എന്തോ കെട്ടിനില്ക്കുംപോലെ; കഫമാണോ? അതോ നീരുകെട്ടിയതോ? എത്ര കാർക്കിച്ചിട്ടും ആ സാധനം അവിടെനിന്നുരുണ്ടു കളിക്കുന്നതല്ലാതെ, പുറത്തേക്കു തെറിച്ചുവീണില്ല.

ബാങ്കുവിളിക്കാറായി. പടിഞ്ഞാറു തിരിഞ്ഞുനിന്ന് ചെവിട്ടിൽ കൈ വിരലുകൾ തിരുകിവെച്ചപ്പോഴാണു ഞെട്ടിപ്പോയത്.

"അല്ലാഹു അക്ബർ, അല്ലാഹു അക്ബർ"–എന്നു വിളിച്ചുകൂവിയെങ്കിലും ശബ്ദം പുറത്തുവന്നില്ല. ചേങ്ങലയടിക്കുമ്പോലെ എന്നും മുഴങ്ങാറുള്ള ശബ്ദം വെറും കാറ്റിൻറെ രൂപത്തിൽ പുറത്തുവന്നു. കാറ്റാണെങ്കിൽ കാറ്റ്. ബാങ്കു മുഴുവനും വിളിച്ചുതീർത്തു. പിന്നെ പൊട്ടാതെ ചീഞ്ഞുപോയ ഒരു ഓലപ്പടക്കംപോലെ അയാൾ പുല്പായയിൽ കുറെനേരമിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ കിടക്കണമെന്നു തോന്നി. കിടന്നു. തുണ്ടിയിലെ ഇബ്രായിയാണ് ആദ്യം വന്നത്.

"എന്താ നല്ല ഉറക്കമാണല്ലോ? ബാങ്കുവിളിക്കാൻ എനി ഞമ്മള് ബരണ്ടി വരും."

"പോ ശെയ്ത്താനെ" എന്നു പറയാനാണു തോന്നിയത്. പക്ഷേ, ഒച്ച പുറത്തുവന്നില്ല.

"എന്താ, നത്തിൻറെ ചേലിക്ക് കുത്തിരിക്ക്ന്ന്?" ഇബ്രായി തമാശ പറഞ്ഞു.

"സൊഖമില്ല." എറമുള്ളാൻ പറഞ്ഞു.

കാറ്റിൻറെ രൂപത്തിൽ ശബ്ദം പുറത്തുവന്നു. ഇബ്രായിക്കു മനസ്സിലായില്ല. പിന്നേയും ചോദിച്ചു.

"സൊഹമില്ല." വീണ്ടും കാറ്റു പുറത്തുവന്നു. ഇത്തവണ ഇബ്രായി സംഗതി മനസ്സിലാക്കി. നിസ്കാരം കഴിഞ്ഞ ഉടനെ നേരേ നടന്നു പോയത് അറയ്ക്കലെ തറവാട്ടിലായിരുന്നു.

പൂക്കോയത്തങ്ങൾ സവാരിക്ക പുറപ്പെടാനായി ഒരുങ്ങിയിരിക്കുകയായിരുന്നു.

“ഇന്താ ഇബ്രായി ?”

“എറമുള്ളാനു ദീനം.”

“അയിനെന്താ? കോമപ്പൻവൈദ്യരെ വിളിക്കാം.”

“ദീനം ഒച്ചയടപ്പാ. ഒച്ച തീരെ ബരുന്നില്ല.”

“അയിനെന്താ! അയിനും ചികിത്സയ്ണ്ട്.”

“പക്കേങ്കില് ബാങ്കിൻറെ കാര്യം.”

തങ്ങൾക്കു പെട്ടെന്നു ഭൂതോദയമുണ്ടായി :

“അയിന് ബേറെ ആളെ നോക്കാം.”

എറമുള്ളാൻ പള്ളിയിൽതന്നെ കിടന്നു. ദേഹമാസകലം കടച്ചിൽ. എല്ലുകൾ പുല്പായയുമായി ഉരഞ്ഞു. പലയിടത്തും വേദന തോന്നി. എഴുന്നേല്ക്കുമ്പോൾ തല ചുറ്റുന്നു. കിടക്കുമ്പോൾ സന്ധിബന്ധങ്ങൾ ഞെരുങ്ങുന്നു. വിശപ്പു തീരെ തോന്നിയില്ല. പക്ഷേ, ദാഹിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ തുണ്ടിയിലെ ഇബ്രായി ഒരു ഗ്ലാസ്സ് കാലിച്ചായയും ഒരു ബസ്സിയിൽ പലഹാരവുമായി വന്നു. എറമുള്ളാൻ മനസ്സില്ലാ മനസ്സോടെ എഴുന്നേറ്റു. പള്ളിയുടെ ജനൽപ്പടിയിൽ ചായ നിറഞ്ഞ ഗ്ലാസ്സ്. അടുത്തായി പരസ്പരം ഒട്ടിനില്ക്കുന്ന രണ്ടു തകരബസ്സികൾ. മൂടിയ ബസ്സി പൊന്തിച്ചു. അവിലും തേങ്ങ ചുരണ്ടിയതും. തകരബസ്സി വീണ്ടും മൂടിവെച്ചു. ചായയെടുത്തു മോന്തി. ചൂടുള്ള ചായ കാറ്റുവിട്ടു കൊണ്ടു നക്കിക്കുടിച്ചു.

ഇബ്രായി പറഞ്ഞു: “നല്ല അവിലാ. വരണ്ട തേങ്ങയും.”

“ബെശപ്പില്ല. എനിക്കു മാണ്ട.”

തുണ്ടിയിൽ ഇബ്രായി തകരബസ്സികൾ വീണ്ടും വേർപെടുത്തി. ചിരിച്ചുനില്ക്കുന്ന തേങ്ങാച്ചിതറുകൾ. അതിനിടയിൽ അവിൽ. ഇബ്രായി രണ്ടും കൂട്ടിക്കുഴച്ചു. ഉള്ളംകൈയിൽ നെയ്യു നനഞ്ഞു. ഇബ്രായി വീണ്ടും പറഞ്ഞു: “നല്ല ബരണ്ട തേങ്ങാ.”

പിന്നെ ഒരിരിപ്പിന് ഉരിയവിലും ഒരുമുറി വരണ്ട തേങ്ങയും കുഴച്ചുകൊണ്ടകത്താക്കി. ഏത്തംവലിച്ച് തൊട്ടിയിൽനിന്നു പശു കുടിക്കും പോലെ വെള്ളവും കുടിച്ച് ഒരു ഏമ്പക്കം വിട്ടു.

“എന്താ എറമുള്ളാനേ, എന്തു പറ്റി ?”

വളരെ പ്രയാസപ്പെട്ട് എറമുള്ളാൻ പറഞ്ഞു:

“തൊണ്ടേല് ബേതന.”

ഉച്ചയാവുന്നതിനു മുമ്പുതന്നെ കോമപ്പൻവൈദ്യർ അറയ്ക്കലെ തറവാട്ടിലെത്തി. ഓലക്കുട കോലായിൽ കുത്തനെ വെച്ചശേഷം ഒരു ചോദ്യം:

“എവിടെ എറമുള്ളാൻ?”

അപ്പോഴേക്കും എറമുള്ളാൻ വേച്ചുവേച്ചു നടന്നുവന്ന് കോലായിലിരുന്നു.

“ബനിയനഴിക്ക്.”

വാരിയെല്ലുകൾ മുഴച്ചുനില്ക്കുന്ന നെഞ്ചിൽ കൈവിരലുകൾ മുട്ടി. മദ്ദളത്തിലടിക്കുംപോലെയുള്ള ശബ്ദം പുറത്തു വന്നു. കഴുത്തിലും കീഴ്ത്താടിക്കടിയിലും കൈവിരലുകൾകൊണ്ടു പരതി. വയർ ഉഴിഞ്ഞു. നാഡി പിടിച്ചു. നാവു നീട്ടാൻ പറഞ്ഞു. കൈനഖങ്ങൾ നോക്കിയശേഷം പറഞ്ഞു:

“എഴുന്നേറ്റോളൂ.”

ബഡാപ്പുറത്തുനിന്നും എറമുള്ളാൻ എഴുന്നേറ്റു വീണ്ടും കോലായിൽ ഇരുന്നു. കോമപ്പൻവൈദ്യർ ഓട്ടുകിണ്ടിയിലെ പച്ചവെള്ളത്തിൽ കൈകഴുകി സ്വന്തം വേഷ്ടിയിൽ തുടച്ചശേഷം തങ്ങളുടെ അടുത്തേക്കു നീങ്ങി. തങ്ങൾ ആകാംക്ഷയോടെ കോമപ്പൻവൈദ്യരെ നോക്കി. വൈദ്യർ പറഞ്ഞു: "ബാങ്കുവിളിക്കാൻ വേറെ ആളെ ഏർപ്പാടാക്കണം. ഇനിയും ബുദ്ധിമുട്ടിക്കുന്നതു ശരിയല്ല."

കോമപ്പൻ വൈദ്യർ വളരെ വിഷാദമഗ്നനായിരിക്കുന്നു. കുറെ നേരത്തേക്ക് ഒന്നും പറഞ്ഞില്ല.

പൂക്കോയതങ്ങൾ ആനക്കസേരയിൽ എഴുന്നേറ്റിരുന്നു. കാലുകൾ മടങ്ങി.

"എന്താ ദീനം?"

വൈദ്യർ ദയനീയഭാവത്തിൽ കണ്ണുകൾ നട്ടുകൊണ്ടു പറഞ്ഞു:

"സുഖമാവില്ല."

തങ്ങൾക്ക് ഉള്ളിൽ നേരിയ അസുഖം തോന്നി. പുറത്തറിയിക്കാതെ ചോദിച്ചു:

"എന്താ ദീനം?"

"എന്തു പറയാനാ?" കൈ മലർത്തിക്കൊണ്ട് കോമപ്പൻവൈദ്യർ പറഞ്ഞു: "അർബ്ബുദം."

"കവിളരശിയോ?" കസേരയിൽനിന്നെഴുന്നേറ്റുകൊണ്ട് തങ്ങൾ ചോദിച്ചു.

"അതേ," വൈദ്യർ തുടർന്നു: "ഇംഗ്ലീഷിൽ പറയുന്ന കേൻസർ."

തങ്ങൾ കസേരയിൽനിന്നെഴുന്നേറ്റ് വിരിപൊത്തി അകത്തേക്കുനോക്കി നീട്ടിവിളിച്ചു:

"എടാ ഐദ്രോസേ!"

പണിക്കാരൻ കുട്ടി അടുക്കളയിൽനിന്ന് ഓടിവന്നു വിരിപിടിച്ചു നില്ക്കുന്ന തങ്ങളെക്കണ്ടതും ഒരു ചോദ്യം:

"കൊണ്ടാക്കാനായോ?"

അവന് എപ്പോഴും ഒരു വിചാരമേയുള്ളൂ. അടുക്കളയിൽനിന്നും ഭക്ഷണം കോലായിൽ കൊണ്ടുവെക്കൽ.

"ഫാ! ഹമുക്കേ!" ഒരാട്ടാണ് ആദ്യം കൊടുത്തത്. പിന്നെ അവൻറെ കഴുത്തിനു പിടിച്ചശേഷം തങ്ങൾ പറഞ്ഞു:

"എടാ ഇന്നുമുതൽ എറമുള്ളാൻറെ കഞ്ഞി വേറേ—ബുഹാരിക്ക് കഞ്ഞി വേറേ."

എല്ലാം കേട്ടുനിന്ന കോമപ്പൻവൈദ്യർ അപ്പോൾ പറഞ്ഞു:

"തങ്ങളേ, ക്ഷമിക്കണം! അർബ്ബുദം പകരില്ല."

കോമപ്പൻവൈദ്യർ ഇതും പറഞ്ഞ് ഓലക്കുട കൈയിലെടുത്തു. വേഷ്ടി നേരെയാക്കി തങ്ങളോടു പറഞ്ഞു:

"അടിയൻ വിട!"

തങ്ങൾ മുറ്റത്തേക്കിറങ്ങി. ഒരു വെള്ളിയുറുപ്പിക കോമപ്പൻ വൈദ്യരുടെ കൈയിൽ പിടിപ്പിക്കാനോങ്ങി. തീ തൊട്ടപോലെ കൈവലിച്ചുകൊണ്ട് കോമപ്പൻ വൈദ്യർ പറഞ്ഞു:

"വേണ്ട. ഫലമില്ലാത്ത ചികിത്സയ്ക്കു പ്രതിഫലമോ?"

കോമപ്പൻവൈദ്യർ പടികടന്നു. ഓലക്കുട മറയുന്നതുവരെ ബുഹാരിആ പോക്കു നോക്കിനിന്നു.

അന്നു രാത്രി അത്താഴവും കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. അവസാനത്തെ ആൾ ചൂട്ടും കത്തിച്ചു പടിപ്പുരയിറങ്ങിയപ്പോൾ പണിക്കാരൻ കുട്ടി കഞ്ഞിക്കാസയുമായി കോലായിലിറങ്ങി. അന്നു രണ്ടു കാസകളുണ്ടായിരുന്നു. രണ്ടു പാത്രത്തിൽ പുഴുക്കും.

പാത്രങ്ങൾ അടുത്തടുത്തായാണുവെച്ചത്. കൈകഴുകി ആദ്യം എത്തിയ ബുഹാരി പാത്രങ്ങൾ രണ്ടും ഒന്നര വാര ദൂരത്താക്കി മാറ്റി വെച്ചു. ഒരു നികൃഷ്ടജീവിയെപ്പോലെ എറമുള്ളാനെ നോക്കി.

മരക്കയിലുകൊണ്ട് ബുഹാരി കഞ്ഞി വാരിക്കോരി കുടിച്ചു. കൈനിറയെ പുഴുക്ക വാരി വിഴുങ്ങി. ഓരോ വിഴുങ്ങലിനുശേഷവും കണ്ണുമിഴിച്ചുകൊണ്ട് കൈവിരലുകൾ സമ്പൂർണമായി വായിലിട്ടീമ്പി നുണച്ചു.

ഒന്നര വാര ദൂരെ ഒരു പഞ്ഞിക്കെട്ടുപോലെ എറമുള്ളാൻ ഇരുന്നു. ഒട്ടും വിശപ്പുതോന്നിയില്ല. എന്താണ് രോഗമെന്നോ, രോഗത്തിന് മരുന്നോ, കോമപ്പൻ വൈദ്യർ കുറിച്ചുതന്നില്ല. എന്തായിരിക്കും ഈ ദീനം? തൊണ്ടയിൽ കുടുങ്ങിനില്ക്കുന്ന ഈ കഷണം എന്താണ്?

അവൻ കഞ്ഞിക്കാസയും മുമ്പിൽവെച്ച് ദൂരെയിരിക്കുന്ന തങ്ങളെ നോക്കി. ആനക്കസേരയിൽ മലർന്നുകിടന്ന് അങ്ങു ദൂരെ ആകാശം നോക്കി പൂക്കോയത്തങ്ങൾ സിംഗപ്പൂർ ചുരുട്ട് വലിച്ചൂതുകയാണ്.

“ഇഞ്ഞി എന്താ കുടിക്കാത്തത്?” തൻറെ മുന്നിലെ കഞ്ഞിക്കാസയും പുഴുക്കുപാത്രവും കാലിയായപ്പോൾ ബുഹാരി ചോദിച്ചു.

“ബെശപ്പില്ല. എനക്ക് മാണ്ട.”

നിറഞ്ഞുനില്ക്കുന്ന കഞ്ഞിക്കാസ ദയനീയഭാവത്തോടെ കുറെ നേരം നോക്കി. അവൻറെ വയറിൻറെ ആഴം കണ്ടവർ ആരുമില്ല. പക്ഷേ, ബുഹാരി അന്ന് എറമുള്ളാൻറെ പാത്രം പെരുമാറിയില്ല. എറമുള്ളാൻറെ കഠിനമായ രോഗത്തിൻറെ ചിന്ത പെട്ടെന്നവൻറെ വിശപ്പിനെ തളർത്തി.

ചുരുട്ടു തീർന്നപ്പോൾ തങ്ങൾ എഴുന്നേറ്റു. കസേര കരഞ്ഞു. പതിനാലാം നമ്പ്രിൻറെ തിരി കെടുത്തിയ ബുഹാരി ഉറക്കെ ചോദിച്ചു:

“എറമുള്ളാനേ, ഇനിക്ക് പോണ്ടേ?”

എറമുള്ളാൻ ഒരടി നടക്കാനാവാത്തവിധം ക്ഷീണിച്ചവശനായിരുന്നു. ഒരക്ഷരം പറയാനാവാതെ വാടിയ വാഴയിലപോലെ അവൻ മതിലിൽ ചരിഞ്ഞുവീണു. ബുഹാരി അവനെ മെല്ലെ എടുത്തുമാറ്റി. ഒരു പലം തൂക്കമേയുള്ളൂ. ഒരു ആട്ടിൻകുട്ടിയെപ്പോലെ അവനെ രണ്ടു കൈയിലുമെടുത്ത് ബുഹാരി നിലത്തു വിരിച്ച പുൽപ്പായിൽ കിടത്തി.

പടിപ്പുരവാതിലടഞ്ഞു.

നേരം പുലരാനായപ്പോൾ എറമുള്ളാന് ഉറക്കം ഞെട്ടി. പരിസര ബോധമുണ്ടായപ്പോഴാണ് പള്ളിയിലല്ലെന്ന കാര്യം മനസ്സിലായത്. മുക്രിയായി ഓർമവെച്ചകാലം തുടങ്ങി പള്ളിക്കകത്തല്ലാതെ മറ്റൊരിടത്ത് അന്തിയുറങ്ങിയിട്ടില്ല.

ക്ഷീണം നിശ്ശേഷം വിട്ടുമാറിയിട്ടില്ലെങ്കിലും എഴുന്നേല്ക്കാനുള്ള ശക്തി തോന്നി. എഴുന്നേറ്റു നടന്ന് പള്ളിയിൽ പോയിട്ടുവേണം ബാങ്കു വിളിക്കാൻ. ഈ ലോകത്തിലിരിക്കുന്ന ഓരോ നിമിഷത്തിലും ബാങ്കു വിളിക്കാതെ ജീവിക്കാനാവില്ല. ഇത്രയും ഓർത്തുകിടക്കുമ്പോഴാണ്–

“അല്ലാഹു അക്ബർ...”

എറമുള്ളാൻ അമ്പരന്നുപോയി. പള്ളിയിൽനിന്ന് മറ്റൊരു ബാങ്കിൻറെ ശബ്ദം. അവൻ ഞെട്ടിയെണീറ്റു. സ്വയം വിശ്വസിക്കാൻ തോന്നിയില്ല. അവൻറെ അഭാവത്തിൽ മറ്റൊരു ബാങ്കുവിളിയോ?

പടിപ്പുരയിലേക്കോടി വാതിൽ തുറക്കാനാഞ്ഞു. അപ്പോൾ ബീഡിയും വലിച്ചു കിടക്കുന്ന ബുഹാരി ചോദിച്ചു:

“എന്താ ചെയ്ത്താനേ, ഇൻറെ ദീനം മാറിയോ?”

എറമുള്ളാന് എന്തു പറയണമെന്നു തോന്നിയില്ല. അവൻറെ സർവ നാഡികളും ഉത്തേജിച്ചിരിക്കുന്നു. എല്ലാ ശക്തിയും ആവാഹിച്ചുകൊണ്ട് അവൻ പറഞ്ഞു:

"തൊറക്ക്."

ബുഹാരി ബീഡി തറയിൽ കുത്തിക്കെടുത്തി. എന്നിട്ട് പുറംതിരിഞ്ഞു കിടന്നുകൊണ്ടു പറഞ്ഞു:

"എറമുള്ളാനേ, ഇഞ്ഞി കെടന്നൊറങ്ങിക്കോ. ബാങ്കുവിളിച്ചത് ശൈത്താനല്ല–പുതിയ മുക്രിയാ."

പുതിയ മുക്രി ! പള്ളിയിൽ മറ്റൊരു മേലാളൻ! എറമുള്ളാൻ പടിപ്പുരയിൽ അവശനായി കുഴഞ്ഞുവീണു.

മുപ്പത്തിരണ്ട്

അന്ന് കാരക്കാട് റെയിൽവേസ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ മൂന്നു പേരാണ് ഇറങ്ങിയത്. ഒന്ന് തമ്പുരാൻറെ കാര്യസ്ഥൻ രൈരുനായരായിരുന്നു. അയാൾ കോഴിക്കോട് തുക്ടിസായ്പിനെ കണ്ടുവരുന്ന വരവാണ്. മുഖത്തുതന്നെ ആ ഗൗരവം നിഴലിച്ചിരുന്നു. പോരാത്തതിന് ഒരു സഞ്ചി നിറയെ ആധാരക്കെട്ടുകളും. ഒരു ഗ്രാമത്തിൻറെ ഭൂമിശാസ്ത്രം മുഴുവനുമുണ്ടായിരുന്നു ആ സഞ്ചിയിൽ.

സ്റ്റേഷൻമാസ്റ്റർ ഗബ്രിയേൽ ടിക്കറ്റ് വാങ്ങിയശേഷം രൈരുനായരെ ആരാധനാപൂർവം നോക്കി. ഒരു മഞ്ഞ ടിക്കറ്റായിരുന്നു അത്. സെക്കൻറ് ക്ലാസ് ടിക്കറ്റ്. ഗബ്രിയേൽ കാരക്കാട്ടു സ്റ്റേഷനിൽ ചാർജെടുത്തതിനു ശേഷം ആദ്യമായി കൈകളിൽ വന്നുപതിഞ്ഞ മഞ്ഞ ടിക്കറ്റ്. ഗബ്രിയേൽ അത് പ്രത്യേകമായി തൻറെ നീണ്ട കാലുറയുടെ പിൻഭാഗത്തുള്ള കീശയിൽ തിരുകി. കാരക്കാട് റെയിൽവേസ്റ്റേഷൻറെ ചരിത്രത്തിൽ സ്വർണലിപിയിലെഴുതേണ്ട ദിനം. അപ്പോഴേക്കും രൈരുനായർ കുതിരവണ്ടിയിൽക്കയറി. രണ്ടു കുതിര പൂട്ടിയ തമ്പുരാൻറെ ജഡ്ക്ക പൊടി പറത്തിക്കൊണ്ടു പറന്നു.

പിന്നെ രണ്ടുപേർ ഇരുമ്പുഗേറ്റിലൂടെ കടക്കാതെ നീണ്ടുപോകുന്ന റെയിൽപ്പാളത്തെ ലക്ഷ്യമാക്കി തെക്കും വടക്കും നടക്കുവാൻ തുടങ്ങി. ഗബ്രിയേൽ, പോർട്ടർ ചന്തുവിനെയും ശിപായി രാമനെയും കൈകൊട്ടി വിളിച്ചു. അവരെ പിടിച്ചുകൊണ്ടുവരുവാൻ ആജ്ഞ കൊടുത്തു. കാക്കിട്രൗസറിട്ട നഗ്നപാദരായ മെലിഞ്ഞ പോർട്ടറും ശിപായിയും കിതച്ചുകൊണ്ടോടി. രണ്ടുപേരെയും ഒരു മിനുട്ടുകൊണ്ടു കീഴടക്കി.

ഒന്ന് ഒരു സ്വാമിയായിരുന്നു. മറ്റേത് ഒരു ഖലീഫയും. അപ്പോഴേക്കും ഇരുമ്പുഗേറ്റിനു പിന്നിൽ ഒമ്പതരക്കണ്ണൻറെ ചായപ്പീടികയിലുള്ള ആളുകൾ മുഴുവൻ ഓടിയെത്തി.

സ്വാമി നന്നേ മുഷിഞ്ഞിരുന്നു. ജടപിടിച്ച് തവിട്ടുനിറം കയറിയ മുടിക്കെട്ട്. വർഷങ്ങളുടെ വിരക്തി പൂണ്ട മുഖച്ഛായ. പാദം നിറയെ ചെമ്മണ്ണ്. മുഷിഞ്ഞു നാറിയ അങ്കി. പൊടി തട്ടിക്കൊണ്ട് സ്വന്തം നാട്ടിൽനിന്നകന്നുപോയ മരവിച്ച കാലടികൾ.

“ടിക്കറ്റെവിടെ?” ഇടിവെട്ടുംപോലെ ഗബ്രിയേൽ ചോദിച്ചു. ഒരക്ഷരം മിണ്ടിയില്ല സ്വാമി. പിറവിയിൽത്തന്നെ കൂടിനിന്നപോലെ അത്ര ദൃഢമായിരുന്നു അടച്ചുവെച്ച ചുണ്ടുകൾ. അവിടെ ഒരു നേർവരമാത്രമേ കണ്ടുള്ളൂ, അതാണെങ്കിൽ അണുപോലും ചലിച്ചില്ല. പക്ഷേ, സംസാരിച്ചതു കണ്ണുകളായിരുന്നു. എല്ലാ രോഷവും വിരക്തിയും ആ കണ്ണുകളിൽ അഗ്നിയായി ജ്വലിച്ചു. ഗബ്രിയേലിന് പിന്നെ ഒരക്ഷരം മിണ്ടാൻ കഴിഞ്ഞില്ല. ആ കണ്ണുകളിൽ നോക്കിയിരിക്കെ, അയാൾ ബോധം നശിച്ച് പ്ലാറ്റ്ഫോമിൽ വീണു.

“ഊയി !...” ഗേറ്റിനു പിന്നിൽ നിന്നവരിൽനിന്ന് ആലസ്യമുയർന്നു. അടച്ചുവെച്ച ഗെയിറ്റ് കാറ്റിലെന്നോണം തുറന്നു. സ്വാമിയുടെ കൺപോളകൾ താണു. ആദ്യം സ്വാമി പുറത്തിറങ്ങി. പുറകെ ഖലീഫയും. ഗേറ്റിനു പിന്നിലെ ആൾക്കൂട്ടം അത്ഭുതസ്തബ്ധരായി അവരെ നോക്കി നിന്നു.

“ദിവ്യന്മാർ.” ആരോ പറഞ്ഞു.

“മഹാമായ.” വേറൊരാൾ പറഞ്ഞു.

“ഏ!” ഒറ്റദിവസം മുടക്കാതെ വർത്തമാനപത്രം വായിക്കുന്ന മുണ്ടോടിക്കണ്ണൻ പറഞ്ഞു:



“രണ്ടുമല്ല. സി.ഐ.ഡി.കളാ. നായിൻ്റെ മക്കൾ. നമ്മുടെ രഹസ്യം ചോർത്താൻ വന്ന ചാരന്മാർ.” പിന്നീടൊരക്ഷരം പറയാതെ മുണ്ടോടിക്കണ്ണൻ റെയിലിൽക്കയറി മഞ്ചിയത്തേക്കു നടന്നുപോയി.

ഖലീഫ നേരേ പോയത് അറയ്ക്കലെ തറവാട്ടിലേക്കാണ്. അപ്പോൾ വിളിമ്പിമരത്തിൻറെ ചുവട്ടിൽ കുഞ്ഞാലിയും പൂക്കുഞ്ഞിബീയും കൈകോർത്തു പിടിച്ചുകൊണ്ട് വിളിമ്പിമരം പൂത്തതു നോക്കിനില്ക്കുകയായിരുന്നു. ഖലീഫ തൊണ്ടയനക്കി, പിന്നെ കാർക്കിച്ചു തുപ്പി.

ശബ്ദം കേട്ടു കുട്ടികൾ പിടിവിട്ടു.

"നേർച്ചയുണ്ടോ? നാഹ്ഗറിലേക്കു നേർച്ച?"

ഖലീഫ തൻറെ വെള്ളികൊണ്ടുണ്ടാക്കിയ പെട്ടി കോലായിൽ വച്ചു. കൈയിലിരിക്കുന്ന മേപ്പുപോലെ മടക്കിവെച്ച ഒരു തുണി നിവർത്തി. നീർത്താൻ തുടങ്ങിയപ്പോൾ അവ്യക്തങ്ങളായ ചിത്രങ്ങൾ, പാതി തെളിഞ്ഞു.

ഖലീഫ ചോദിച്ചു: "നാഹ്ഗറിലേക്കു നേർച്ചയുണ്ടോ, നേർച്ച?"

"ഉണ്ടേ!" അകത്തുനിന്ന് ഒരു വീണ കരഞ്ഞു.

പിന്നെ ഖലീഫ ഒട്ടും താമസിച്ചില്ല. അയാൾ ചിത്രങ്ങൾ വരച്ച തുണി നിവർത്തിയിടാൻ തുടങ്ങി. ആദ്യം തെളിഞ്ഞത് ഒരു മുസാക്ക്. പിന്നെ ഒരു തൈ. പിന്നെ ഒരു വൃക്ഷം. വൃക്ഷത്തിൽ കായ്കനികൾ. അതിനു പിന്നിൽ വന്നു നില്ക്കുന്ന അസംഖ്യം വിശക്കുന്നവർ. കഥ തുടങ്ങി. ഈ മുസാക്ക് (ബ്രഷ്) മുഹമ്മദ് നബിയുടെ കൈയിൽനിന്നും വീണു പോയതായിരുന്നു. അതു നശിച്ചില്ല. മണ്ണിൽ വീണു പൊടിച്ചു വൃക്ഷമായി. കായ്കനികൾ അതിൽ ഉതിർന്നു. പാവപ്പെട്ടവർ അതു തിന്നു വിശപ്പും ദാഹവും മാറ്റി. അത്രയും സമൃദ്ധമായിരുന്നു പല്ലുതേക്കുന്ന മുസാക്കു പോലും!

കഥ പറഞ്ഞുകഴിഞ്ഞതോടെ ഖലീഫ തളർന്നു. അയാൾ കഥാചിത്രങ്ങൾ വരച്ച തുണി മടക്കി. നെറ്റിയിലെ വിയർപ്പു തുടച്ച് തൂണുംചാരി കോലായിലിരുന്നു. അപ്പോഴേക്കും കഞ്ഞിയും പുഴുക്കുമായി പണിക്കാരൻ കുട്ടി ഹൈദ്രോസ് കോലായിൽ വന്നു.

ചെറിയ കണ്ണുകളിൽ ദേഷ്യം ഉദിപ്പിച്ചുകൊണ്ട് അവൻ ഖലീഫയെ നോക്കി. ഒരക്ഷരം ഉരിയാടാതെ കഞ്ഞിയും പുഴുക്കും നിലത്തുവെച്ച് അവൻ അകത്തേക്കു വലിഞ്ഞു. ഒരു പാവകളിപോലെയാണ് അവൻറെ ചലനങ്ങൾ. അവൻറെ കാലുകളിലെ നൂലുകളുടെ കേന്ദ്രം അടുക്കളയായിരുന്നു. അവിടെയാണ് അവൻറെ സ്ഥായിയായ ഇരിപ്പിടം.

പത്തുപതിനഞ്ചു മിനുട്ടുകൾകൊണ്ടു വലിയ കാസയിലെ കഞ്ഞിയും വലിയ ബസ്സിയിലെ പുഴുക്കും കാലിയായി. കോലായിൽ വയർ നിറഞ്ഞ സംതൃപ്തിയുമായിരിക്കുമ്പോൾ പഴയ ഒരീർക്കിൽക്കഷണംകൊണ്ട് ഖലീഫ പല്ലിടുക്കിൽ കുത്തുകയായിരുന്നു. അപ്പോൾ വിരിക്കു പിന്നിൽ വളകിലുക്കം കേട്ടു.

ഖലീഫ ചോദിച്ചു: "നേർച്ചയുണ്ടോ, നേർച്ച?"

വിരികിടയിലൂടെ വെള്ളികൊണ്ടുണ്ടാക്കിയ അരക്കെട്ടി*ൻറെ ഒരവയവം പുറത്തുവന്നു. ഖലീഫ തൻറെ നീണ്ട വിരലുകളിൽ ഭക്തിപുരസ്സരം അതു വാങ്ങി തൻറെ പെട്ടിയിൽ നിക്ഷേപിച്ചു. ആ സാധനങ്ങൾ യഥാർത്ഥത്തിൽ ഖലീഫയുടെ നിക്ഷേപങ്ങൾതന്നെയായിരുന്നു.

വീടുകൾതോറും കയറിയിറങ്ങി പുരാണേതിഹാസങ്ങൾ ഉരുവിട്ടു നേടുന്ന നേർച്ചസ്സാധനങ്ങൾ ഒരിക്കലും നാഹ്ഗറിൽ എത്തിയിരുന്നില്ല. അത് അയാളുടെ സ്വന്തം വീട്ടിൽപ്പോലും എത്താറില്ല. അത്രയും വലുതായിരുന്നു ഖലീഫയുടെ വയർ.

അയാൾ പടിപ്പുരയിറങ്ങി. വെള്ളിപ്പെട്ടിയും തൂക്കി വീടുകൾ തോറും നേർച്ച തേടി ഒരു വണ്ടിനെപ്പോലെ അലയുന്ന ഖലീഫയെ പൂക്കുഞ്ഞിബീയും കുഞ്ഞാലിയും വിളിമ്പിമരത്തിൻറെ ചുവട്ടിൽ നിന്നുകൊണ്ടു നോക്കിനിന്നു.

സ്വാമി അപ്പോഴേക്കും അത്ഭുതങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. അദ്ദേഹം നേരെ നടന്നുപോയത് മുട്ടുങ്ങലുള്ള ഒരു ആശാരിയുടെ വീട്ടിലേക്കാണ്. ആശാരി ആ സമയത്ത് അവിടെയില്ലായിരുന്നു. അയാൾ ഏതോ ഒരു സിങ്കപ്പൂർക്കാരൻ മാപ്പിള പുതുതായി പണിയുന്ന വീടിൻറെ തിരക്കിലാണ്. ആശാരിച്ചി രണ്ടു വിളിപ്പാടകലെയുള്ള താഴ്വരയിൽ വെള്ളം കൊണ്ടു വരാനായി പോയിരിക്കുന്നു. വീട്ടിൽ ആശാരിയുടെ തളർവാതം പിടിപെട്ട് തഴപ്പായിൽ മരണവും കാത്തുകഴിയുന്ന അമ്മ മാത്രമേയുള്ളൂ.

സ്വാമി അകത്തുകടന്നു. എത്രയോ കാലമായി വെള്ളം കാണാത്ത ഉടുവസ്ത്രത്തിൻറെ ചൂര് മുറിയിലുയർന്നപ്പോൾ ആശാരിയുടെ അമ്മ മൂക്കു വിടർത്തി. എത്രയോ കാലമായി മിണ്ടാതെകിടക്കുന്ന ആ വൃദ്ധ ചോദിച്ചു:

"ആരാ?"

സ്വാമി മിണ്ടിയില്ല. ഇരുട്ടിൻറെ ആ സാന്ദ്രതയിലും ദൃഢമായിരുന്ന ചുണ്ടുകൾ. ഒരക്ഷരം ഉരിയാടാതെ എല്ലാം മനസ്സിലാക്കിയ സ്വാമി രോഗിയുടെ ദേഹമാസകലം തടവി. ഒരിക്കലല്ല; മൂന്നു തവണ. അപ്പോഴേക്കും രോഗി തെളിഞ്ഞു. കണ്ണുകൾ വിടർന്നു. വർഷങ്ങളായി തളർന്നുകിടക്കുന്ന വലതുഭാഗം ഉത്തേജിച്ചു. ഉണർവ് ആരംഭിച്ചത് തലയിൽ നിന്നായിരുന്നു. പിന്നെ അതു കീഴോട്ടിറങ്ങി ഇറങ്ങിയിറങ്ങി അതു പെരുവിരലോളമെത്തി. രോഗിക്ക് എഴുന്നേല്ക്കണമെന്നു തോന്നി.

അപ്പോഴാണ് വെള്ളം അടുക്കളയിൽ ഇറക്കിവെച്ച് അമ്മയെ നോക്കാനായി ആശാരിച്ചി അകത്തേക്കു കടന്നത്. സ്വാമിയെ കണ്ടതും അവൾ പുറത്തേക്കു ചാടി കൂക്കിയിട്ടു:

"കള്ളൻ!... കള്ളൻ!..."

അയലത്തുനിന്ന് ആളുകൾ ഓടിക്കൂടി. ആശാരിച്ചി മുറ്റത്തുനിന്നു കിതയ്ക്കുകയായിരുന്നു. വന്നവർവന്നവർ ചോദിക്കാൻ തുടങ്ങി :

"ഉം എന്താ?..."

ആശാരിച്ചി കണ്ണുമിഴിച്ചുകൊണ്ടു പറഞ്ഞു:

"കള്ളൻ!..."

"എവിടെ?"

"അകത്തുണ്ട്."

തടിയന്മാരും പിച്ചാത്തി ഒക്കത്തുള്ളവരും അഭിപ്രായങ്ങൾ പലതും പറഞ്ഞ് പുറത്തുതന്നെ നിന്നു. ആരും അകത്തേക്കു കടക്കാൻ ധൈര്യപ്പെട്ടില്ല.

അകത്ത് എന്തോ അനങ്ങി. ഏതോ സ്വരങ്ങൾ ഉയർന്നു. മെല്ലെമെല്ലെ രണ്ടു രൂപങ്ങൾ പുറത്തുവന്നു. ആദ്യം സ്വാമി. അദ്ദേഹത്തിനു പിന്നിൽ തൊഴുകൈയോടെ ആശാരിയുടെ അമ്മ. വർഷങ്ങളായി എഴുന്നേറ്റു നില്ക്കാനാവാതെ തളർന്നുകിടക്കുന്ന ആശാരിയുടെ അമ്മ നടന്നു വരുന്നു.

അതോടെ സ്വാമി ആ നാട്ടിൽ പ്രസിദ്ധനായി, ദിവ്യനായി.

അന്നു വൈകുന്നേരം മൈതാനിയിൽ ചെറുപ്പക്കാർ ഫുട്ബോൾ കളിക്കുകയാണ്. കാണികളായി കുറെ കാലുനോക്കികളും. ആ നേരത്താണ് സ്വാമി അവിടെ കടന്നുവന്നത്. ചെമ്മണ്ണു പുരണ്ട്, അങ്കിയിട്ട, കണ്ണുകളിൽ പീള അടിഞ്ഞിരുന്ന, ആ ബ്രഹ്മചാരിയെ ആരും ശ്രദ്ധിച്ചില്ല. ഒരു ബോൾ ശക്തിയോടെ അതിർത്തിക്കപ്പുറത്തു കടക്കാനാരംഭിച്ചപ്പോഴാണ് രസമുണ്ടായത്. സ്വാമി അതു തടുത്തു നിർത്തി. പിന്നെ ഒരു നീണ്ട കിക്ക്. ബോൾ മറ്റേ ഗോൾപോസ്റ്റും കടന്നു ദൂരെ തെറിച്ചുവീണു.

പന്തു ഗോളാകുന്നതുനോക്കി രസിക്കുകയായിരുന്നു സ്വാമി. അപ്പോഴേക്കും ചുറ്റും ആളുകൾ കൂടി. ബഹുമാനപുരസ്സരം അവർ സ്വാമിയെ നോക്കി. എന്തൊക്കെയോ ചോദിച്ചു. പക്ഷേ, സ്വാമി പറഞ്ഞതു മുഴുവൻ ഇംഗ്ലിഷും അല്പം കന്നഡയുമായിരുന്നു.

അതോടെ സ്വാമിയെക്കുറിച്ചുള്ള കഥകൾ പരന്നു. സ്വാമി മംഗലാപുരത്തുള്ള വലിയ ഒരു ധനികൻറെ മകനാണ്. സെയിൻറ് എലോഷ്യസ് കോളജിൽ ബി.എ. ഓണേഴ്സിനു പഠിക്കുമ്പോൾ ആദ്യപ്രേമം തകർന്നു എന്നും തലതിരിഞ്ഞു എന്നും ജ്ഞാനോദയം ഉണ്ടായി എന്നും മാറി മാറിപ്പറഞ്ഞു. എന്തായാലും അയാൾ കോളജിൻറെ പടിയിറങ്ങി. പക്ഷേ, പഠിക്കുന്നകാലത്തുതന്നെ നല്ല അത്‌ലറ്റ് ആയിരുന്നു. ഫുട്ബോളിലും ഹൈജമ്പിലുമായിരുന്നുവത്രേ കമ്പം. അതുകൊണ്ടാണ് ഇത്രയും നീണ്ട കാലുകൾ അയാൾക്കുണ്ടായത്. പടിയിറങ്ങിയതോടെ കുറെക്കാലം വീട്ടിൽ വെറുതേ തനിച്ചിരുന്നു. പിന്നെ ദേശാടനമായിരുന്നു. ഭിക്ഷാംദേഹിയായി അലയാൻ തുടങ്ങിയ കാലത്താണ് കാരക്കാട്ടിൽ വണ്ടിയിറങ്ങാൻ തോന്നിയത്.

ആശാരിയുടെ വീട്ടിൽത്തന്നെയായി അന്തിയുറക്കം. പാതിരാത്രിയായിരിക്കും ചെന്നിറങ്ങുക. അപ്പോഴേക്കും എല്ലാവരും അന്തിയുറങ്ങിയിരിക്കും. കഞ്ഞിയും സമ്മന്തിയും ഉമ്മറത്തിണ്ണയിൽ തണുത്തുകിടക്കുന്നുണ്ടാവും. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രം സ്വാമി ആഹാരം കഴിക്കും. ബാക്കി ദിവസങ്ങളിൽ അതു പുലരുമ്പോഴേക്കും പുളിച്ചു നാറും. തുടർച്ചയായി നാലഞ്ചു ദിവസം കഞ്ഞി പുളിച്ചപ്പോൾ ആശാരിച്ചി ഒരു ദിവസം കഞ്ഞി കരുതിയില്ല. അന്നു പാതിരാത്രി വലിയ ബഹളമായിരുന്നു. ഉറങ്ങുന്ന ആശാരിച്ചിയെ സ്വാമി അകത്തുനിന്നു വലിച്ചു പുറത്തിട്ടു പൊതിരെ തല്ലി. തലയും നെറ്റിയും പൊട്ടി ചോരയൊഴുകി. എന്നിട്ടും ഒരു തുള്ളി കണ്ണീരോ കഠിനമായ ഒരു ശാപവാക്കോ ആശാരിച്ചിയിൽനിന്നു പുറത്തുവന്നില്ല. എല്ലാം സാകൂതം ക്ഷമിച്ചു. പിന്നെ കുത്തുപാളയിൽ കോരിയെടുത്ത വെള്ളത്തിൽ വാർന്നൊഴുകുന്ന ചോര കഴുകി. മുറിവായിൽ തെങ്ങിൻപൂപ്പു വച്ചശേഷം ആശാരിച്ചി ആകാശംനോക്കി കൈകൂപ്പി പ്രാർത്ഥിച്ചു:

"എല്ലാം മഹാമായ!"

സ്വാമി വീണ്ടും ഫുട്ബാൾ മൈതാനിയിൽ കടന്നെത്തുക പതിവായി. ചില ദിവസങ്ങളിൽ കളി നോക്കിനില്ക്കും. ചിലപ്പോൾ അതിർത്തിക്കപ്പുറത്തു പോകുന്ന ബോൾ തട്ടുത്തുനിർത്തി ആഞ്ഞടിക്കും.

ഒരു ദിവസം സ്വാമി കോർട്ടിലിറങ്ങി. കളിക്കാർ അമ്പരന്നു. കളി നിന്നു. മുറിയൻകാലുറകളിട്ട വിയർത്ത ചെറുപ്പക്കാർ സ്വാമിക്കു ചുറ്റും തടിച്ചുകൂടി.

സ്വാമി കുറെനേരം എല്ലാവരേയും മാറിമാറി നോക്കി. കത്തുന്നതായിരുന്നു നോട്ടം. പിന്നെ ഒരുത്തനെ രൂക്ഷമായി നോക്കി. അവൻറെ കഴുത്തിൽപ്പിടിച്ചു മെല്ലെ മുന്നോട്ടു തള്ളി അവനെ കോർട്ടിൻറെ പുറത്താക്കി. സ്വാമി അട്ടഹസിച്ചു:

"സ്റ്റാർട്ട് പ്ലേ."

കളി തുടങ്ങി. കളിക്കാർക്ക് ഉഷാർ കൂടി. സ്വാമി പുറത്താക്കപ്പെട്ട കളിക്കാരൻറെ ഭാഗത്തു ചേർന്നു. ഒരൊറ്റ പന്തും സ്വാമി തൻറെ പിന്നിലേക്കു വിട്ടില്ല. കുറെ കഴിഞ്ഞപ്പോൾ സ്വാമിക്കു കിട്ടിയ പന്തുമായി സ്വാമി മുന്നേറി. എല്ലാവരെയും വെട്ടിച്ചു ബേക്കിനെ മറികടന്നു സ്വാമി ഗോളിയുടെ മുന്നിലെത്തി. പക്ഷേ, സ്വാമി ഗോളടിച്ചില്ല. പന്തുമായി ഒരു നിമിഷം നിന്നശേഷം നേരേ തൻറെ ഭാഗത്തേക്കുതന്നെ മടങ്ങി. പന്തുമായി സ്വന്തം ഭാഗത്തേക്കു സ്വാമി മുന്നേറി. ആർക്കും സ്വാമിയെ തടുക്കാനായില്ല. സ്വന്തം ടീമിൻറെ ഗോളിയുടെ മുന്നിൽ സ്വാമി ചീറിപ്പാഞ്ഞെത്തി ഗോളടിച്ചു. 'ഗോൾ, ഗോൾ' എന്ന് ആരും അട്ടഹസിച്ചില്ല. അത്രയും

നിശ്ശബ്ദമായിരുന്നു കോർട്ട്. സ്വന്തം നെഞ്ചിൽ കഠാരി കയറ്റിയ ഒരാളെ നോക്കുന്നതുപോലെ എല്ലാവരും സ്വാമിയെ നോക്കി.

സ്വാമി, അമ്പരന്നുനില്ക്കുന്ന ഗോളിയെ നോക്കി അല്പനേരം ഒരു വിഡ്ഢിച്ചിരി ചിരിച്ചു. ഇതെല്ലാം എന്തിനെന്നമട്ടിൽ. എന്നിട്ട് ഒന്നും സംഭവിക്കാത്തപോലെ നേരേ പുറത്തിറങ്ങി ആശാരിയുടെ വീടിനെ ലക്ഷ്യംവച്ചു നടക്കാൻതുടങ്ങി.

* ഇഷ്ടസന്താനലാഭത്തിനായി നാഗ്ഗുറിലേക്കുള്ള നേർച്ച.

മുപ്പത്തിമൂന്ന്

ഒഞ്ചിയത്തു വെടിവയ്പ്പു നടന്നു. വിപ്ലവപ്രസ്ഥാനത്തിനു നാന്ദികുറിച്ച പത്തിരുപതു സഖാക്കളെ രണ്ടു കുന്നുകൾക്കിടയിൽ ഞെരുക്കി നിർത്തി മദിരാശി പോലീസ് വെടിവച്ചു. ഒഞ്ചിയത്തെ കുന്നിൻറെ താഴ്വരയിൽ ധീരരുടെ രക്തം തളംകെട്ടി. ആരൊക്കെയോ മരിച്ചു. പലരും പരിക്കേറ്റു വീണു. ശേഷിച്ചവരെ ബയനറ്റു കാട്ടി വിരട്ടിയോടിച്ചു.

കുന്നുകൾക്കു താഴെയുള്ള വയലിൻറെ കരയിൽ ആറേഴു പോലീസ് ലോറികൾ ഒഴിഞ്ഞുകിടന്നു. ഇരുട്ടായിട്ടും പോലീസുകാരാരും മടങ്ങി വന്നില്ല. അവർ ഒഞ്ചിയത്തുള്ള വീടുകൾ തോറും തെരഞ്ഞു നടക്കുകയായിരുന്നു; സഖാക്കളെയും സ്ത്രീകളെയും.

തയ്യാർ സെയ്താലി ഓടിക്കിതച്ചുകൊണ്ടു പടിപ്പുരയും കടന്നു മുറ്റത്തെത്തി. അവന് ഒരക്ഷരം പറയാൻ കഴിഞ്ഞില്ല. അവൻറെ വായിൽനിന്നു പുറത്തുവന്നതു നുരയും പതയും മാത്രമായിരുന്നു. അവൻറെ നെഞ്ചും പുറവും ഇടയ്ക്കിടെ ഒട്ടിക്കൊണ്ടിരുന്നു. അത്രയ്ക്കു കഠിനമായിരുന്നു അവൻറെ കിതപ്പ്.

തറവാട്ടിൻറെ കോലായിൽ ഒരു പാട്ടുകച്ചേരിക്കുള്ള വട്ടമായിരുന്നു. പട്ടാളം ഇബ്രായി ഹാർമോണിയവും വായയുമായി ചമ്രംപടിഞ്ഞിരിക്കുന്നു. ശ്രോതാക്കൾ ഒഴിഞ്ഞ വയറുമായി ചുറ്റുമിരിക്കുന്നു. വലിയ തങ്ങൾ കസേരയിലും. ആനക്കസേരയിൽ. ശ്രോതാക്കൾക്കു പാട്ടിനെക്കാൾ കമ്പം പാട്ടു കഴിഞ്ഞാലുള്ള കോഴിയിറച്ചിയിലും പത്തിരിയിലുമാണ്.

പൂക്കോയത്തങ്ങൾ കസേരയിൽനിന്നെണീറ്റു. തയ്യാർ സെയ്താലിയുടെ ഭാവം തങ്ങളെ അന്ധാളിപ്പിച്ചു. തയ്യാർ സെയ്താലി ഒരിക്കലും വേവലാതിപ്പെടാറില്ല. ആരും ഒരുമ്പെടാത്ത കാര്യത്തിനുപോലും തുനിയുന്ന സ്വഭാവമായിരുന്നു സെയ്താലിക്ക്. ഭ്രാന്തൻ നായയെ ജീവനോടെ അടിച്ചുകൊല്ലുക; ഫണമുയർത്തിനില്ക്കുന്ന പാമ്പിനെ പലരും നോക്കിനില്ക്കെ വടികൊണ്ടടിക്കുക; കുളത്തിൽ മുങ്ങാൻ പോകുന്ന കുട്ടിയെ രക്ഷിക്കുക; തീപിടിച്ച വീട്ടിലെ ആളുകളെ പുറത്തേക്കിറക്കുക; കിണറ്റിൽ ചാടി മുങ്ങിച്ചാവാൻ പോകുന്നവരെ കരകയറ്റുക; പല ധീരകൃത്യങ്ങൾക്കും സന്മനസ്സോടെ തയ്യാറാവുക സെയ്താലിയുടെ ഒരു സ്വഭാവമാണ്. അതുകൊണ്ട് അയാൾക്ക് തയ്യാർ സെയ്താലിയെന്ന പേരും കിട്ടി. അയാൾ എന്തിനും എപ്പോഴും തയ്യാറാണ്.

പൂക്കോയത്തങ്ങൾ ആനക്കസേരയിൽനിന്ന് എഴുന്നേറ്റു:

"എന്താടാ സെയ്താലീ, എന്തു പറ്റീ ?"

"എം.എസ്.പി. ഒഞ്ചിയത്ത് വെടിവെപ്പ്. ആരൊക്കെയോ മരിച്ചു."

"ശരിക്ക് പറേടാ. പേടിക്കാണ്ട് ശരിക്ക് പറ!" തങ്ങൾ ഇറങ്ങി മുറ്റത്തു നിന്നു. എന്തോ പന്തികേടുണ്ടെന്ന് തങ്ങൾക്കു ബോധ്യമായി. അല്ലെങ്കിൽ തയ്യാർ സെയ്താലി ഇങ്ങനെ ബേജാറാവുകയില്ല.

"ആരാടാ മരിച്ചത്? ആർക്കാ വെടികൊണ്ടത്? നീ ബേവലാതിപ്പെടണ്ടാ."

തയ്യാർ സെയ്താലി പറഞ്ഞു:

"കുറെ സഖാക്കളെ വെടിവച്ചു കൊന്നിരിക്കുന്നു. എനിയൊരു കളിയായിരിക്കും നാട്ടിൽ. പോലീസും എമ്മെസ്പിയും റോന്തു ചുറ്റി നടക്കുകയാ."

തങ്ങൾ കുറച്ചുനേരം എന്തോ ആലോചിച്ചു. കോലായിലിരിക്കുന്ന എല്ലാവരും നിശ്ശബ്ദരായി. അങ്ങു ദൂരെനിന്നു വീണ്ടും വീണ്ടും വെടി പൊട്ടുന്ന ഒച്ച കേട്ടു.

"ശരി." തങ്ങൾ പെട്ടെന്നു പറഞ്ഞു: "എല്ലാരും ഓരോരാര്ത്തരെ വീട്ടിൽ ഓടിക്കോളിൻ. സമയം മോശമായിരിക്കുകയാ."

പാട്ടിനും സദ്യയ്ക്കുമായി വന്നവർ പേടിച്ചരണ്ടു പടിയിറങ്ങി. ഓരോരുത്തരുടെ നെഞ്ചിലും പക്ഷികൾ ചിറകിട്ടടിച്ചു. ബുഹാരി പടിപ്പുരയിലെ തിണ്ണയിൽ കിടന്ന് അപ്പോഴും ബീഡി വലിച്ചുകൊണ്ടിരുന്നു. അവസാനത്തെ ആൾ ഇറങ്ങിപ്പോവുമ്പോൾ പറഞ്ഞു:

"ചെത്താനേ, ബാതിലടച്ചോ."

"ഹും! എന്തുപറ്റി ?" ബുഹാരി ചോദിച്ചു.

ഒരു വിഡ്ഢിയെന്നപോലെ അവനെ കുറെനേരം നോക്കിയശേഷം അയാൾ പറഞ്ഞു:

"ലഹള, നാട്ടിൽ ലഹള പുറപ്പെട്ടിക്ക്."

"ഫ!" ബീഡിക്കുറ്റി നിലത്തേക്കു വലിച്ചെറിഞ്ഞുകൊണ്ട് ബുഹാരി പറഞ്ഞു: "ലഹള ഇൻറെ തലേലാ. പോ ചെക്ത്താനേ."

കാളുന്ന വയറോടെ കിട്ടുകിടെ വിറച്ചുകൊണ്ട് ബുഹാരി വാതിലടച്ചു തഴുതിട്ടു.

അന്നു രാത്രിയത്തെ കഞ്ഞികുടിക്കാൻ തങ്ങൾ ഒറ്റയ്ക്കാണിരുന്നത്. കോഴിയിറച്ചിയും തേങ്ങാപ്പാലിൽ പൊതിർത്തി പശുവിൻനെയ്യ് പുരട്ടിയ പത്തിരിയും കൊഴുത്ത പാൽക്കഞ്ഞിയും വലിയ സുപ്രയിൽ ആവിപറപ്പിച്ചുകിടന്നു. അത്രയും സ്വാദേറിയതും മസാലയുടെയും നെയ്യിൻറെയും ഗന്ധം പരത്തുന്നതുമായ തീറ്റയിൽ ഏകനായ തങ്ങൾക്കു ഹരം തോന്നിയില്ല.

തങ്ങളുടെ മനസ്സ് ഒഞ്ചിയത്തെ ഓരങ്ങളിലൂടെ ഓളിയിട്ടു നടന്നു. നടക്കാനിരിക്കുന്ന ഭവിഷ്യത്തിനെക്കുറിച്ചോർത്തു നടുങ്ങി. തീരെ വിശപ്പുതോന്നിയില്ല. ഒരു ഗ്ലാസ് പച്ചവെള്ളംമാത്രം കഴിച്ചശേഷം പറഞ്ഞു:

"മതി."

പണിക്കാരൻ കുട്ടി ഹൈദ്രോസ് കോലായിൽ ചാടിവീണു. അവൻറെ മുഖത്തു വിപ്ലവത്തിൻറെയോ വിഹ്വലതയുടെയോ ഒരു ലാഞ്ഛനയും കണ്ടില്ല. അവിടെ എന്നും കാണാറുള്ള മംഗോളിയൻ മുഖം തുടുത്തു വികസിച്ചു. കാലിയാകാത്ത പാത്രങ്ങളിൽ അവൻറെ സംതൃപ്തി നിഴലിച്ചു. രണ്ടു കൈകളിലും നിറഞ്ഞ പ്ലേറ്റുകൾ എടുത്തുകൊണ്ടു പോകുന്ന അവൻ സന്തോഷത്താൽ മതിമറന്നു. ഇത്തരം അനുഭവം ഒരിക്കലുമുണ്ടായിട്ടില്ല. ഒഴിഞ്ഞ പ്ലേറ്റുകളും പിഞ്ഞാണങ്ങളുമല്ലാത്ത ഒരു വസ്തു അവൻ കോലായിൽനിന്ന് അടുക്കളയിലേക്കു കൊണ്ടു പോയിട്ടില്ല.

അന്ന് ഹൈദ്രോസിനു വലിയ സന്തോഷമായി. മുടിക്കാൻ വരുന്ന പഹയന്മാരിൽനിന്ന് ഒരു ദിവസമെങ്കിലും ഈ തറവാടു രക്ഷപ്പെട്ടല്ലോ! ഇവിടെ ഭക്ഷണം കഴിക്കാൻ വരുന്നവർക്കു വയറല്ലാതെ മറ്റൊരു അവയവവുമില്ല. ഈ ഭക്ഷണസാധനങ്ങൾ പണംകൊണ്ടും അടുക്കളക്കാരി സ്ത്രീകളുടെ അദ്ധ്വാനംകൊണ്ടും ഉണ്ടാക്കുന്നതാണെന്ന് അവർ ഓർക്കാറില്ല. തുലയട്ടെ! പഹയന്മാരുടെ വയറ് എരിഞ്ഞുകത്തി നശിക്കട്ടെ! അവസാനത്തെ നിറഞ്ഞ പ്ലേറ്റുവയ്ക്കുമ്പോൾ പണിക്കാരൻ കുട്ടി ഹൈദ്രോസ് ശപിച്ചു.

അടുക്കളയിൽ അന്നൊരുത്സവമായിരുന്നു. കുറൈശിപ്പാത്തു അന്ന് എല്ലാവർക്കും സുലഭമായി വിളമ്പി. എത്രയോ വർഷങ്ങളായി കോലായയിൽ എല്ലാ രാത്രികളിലും വിളയാടാറുള്ള സമൃദ്ധിയായിരുന്നു

അന്ന് അടുക്കളയിൽ.

അന്ന് ആറേഴ് ഏമ്പക്കങ്ങൾ അടുക്കളയിൽ മുഴങ്ങി. പലരും കൈ വിരലുകൾ നക്കി. ചട്ടിയും പാത്രങ്ങളും ആരും കഴുകിയില്ല. അത്രയും മസ്താായിരുന്നു അവരുടെയെല്ലാം തലയിൽ. കീറപ്പായയിൽ നിറഞ്ഞ വയറോടെ, കരിപുരണ്ട കവിളുകളോടെ, അവർ കൂർക്കംവലിച്ചുറങ്ങാൻ തുടങ്ങി.

പാതിരാവിൽ ഇടയ്ക്കിടെ ഒഞ്ചിയത്തെ കുന്നുകളുടെ താഴ്വരയിൽനിന്നു പുറപ്പെട്ട വെടിമുഴക്കങ്ങൾ അവരാരും കേട്ടില്ല. അതു മുഴുവനും കുഞ്ഞാലി ശ്രദ്ധിച്ചുകേട്ടു. അവന് ഉറക്കം നഷ്ടപ്പെട്ടു.

കുഞ്ഞാലി തിരിഞ്ഞും മറിഞ്ഞും കിടന്നു.

പേടിപ്പെടുത്തുന്ന വിവരങ്ങളാണ് പകൽ മുഴുവനും കേട്ടത്. കമ്യൂണിസ്റ്റുകാർ ലഹളയ്ക്കു പുറപ്പെട്ടിരിക്കുന്നത്രേ! വലിയ വലിയ തറവാടുകൾ കൊള്ളയടിക്കാനാണു പ്ലാൻ. അധികാരി കുഞ്ഞുണ്ണി നായരുടെ വീട്, തലയ്ക്കലെ പോക്കറിൻറെ വീട്, അറയ്ക്കൽ തറവാട്. ഈ മൂന്നു വീടുകളുമാണ് ലക്ഷ്യം. ഈ വീടുകൾ കൊള്ളയടിച്ചു കാരണവന്മാരെ കൊന്ന് മുതലാളിത്തത്തിനും നാടുവാഴിത്തത്തിനും എതിരേയുള്ള തൊഴിലാളിവർഗത്തിൻറെ പ്രതിഷേധത്തിൻറെ മുഖവുര കുറിക്കുക. ആലോചിച്ചപ്പോൾ കുഞ്ഞാലിക്ക് ഒരു രസം.

എല്ലാം നശിക്കട്ടെ. തനിക്ക് ഒന്നുമില്ലാത്ത, ഒരു സ്ഥാനവുമില്ലാത്ത, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട, കളിയാക്കപ്പെടുന്ന, ആളുകളുള്ള ഈ തറവാട് മുടിയട്ടെ! കൊള്ളയടിക്കപ്പെടട്ടെ! കത്തിനശിക്കട്ടെ! പക്ഷേ, തങ്ങളുപ്പാപ്പയെ ആരും ഒന്നും ചെയ്യരുതേ!



ആ രാത്രി കമ്യൂണിസ്റ്റുകൾക്കായി അവൻ സ്വപ്നം കണ്ടുകൊണ്ടുറങ്ങി. പക്ഷേ, പുലരുന്നതുവരെ അവരാരും വന്നില്ല.

തങ്ങൾ അതിരാവിലെ പതിവുപോലെ എഴുന്നേറ്റു. പുതിയ കുതിരക്കാരൻ കുതിരയെ ഒരുക്കിനിർത്തി. കൊറ്റിയുടെ വെളിച്ചത്തിൽ പുറത്തിറങ്ങിനിന്ന് തങ്ങൾ പറഞ്ഞു:

“എടാ, കുതിരയെ അകത്താക്ക്. ഇന്നു സവാരി മുടക്കമാ.” തങ്ങൾ മുറ്റത്തിറങ്ങി ഉലാത്താൻ തുടങ്ങി. പടിപ്പുരയിൽ ബുഹാരിയുടെ ബീഡി തിക്കോടി വിളക്കുപോലെ ഇടയ്ക്കിടെ പ്രകാശിച്ചു.

നേരം വെളുത്തു. അന്നത്തെ പകൽ ഗ്രഹണംപറ്റിയപോലെയായിരുന്നു. കാക്കകൾപോലും അന്നു കരഞ്ഞില്ല. പെട്ടെന്നു കിണ്ണം മുട്ടുന്ന ശബ്ദം കേട്ടു.

തങ്ങൾ പടിപ്പുര തുറന്നു പുറത്തിറങ്ങി. അധികാരി കുഞ്ഞുണ്ണി നായരും വേറേ നാലഞ്ചുപേരും സ്റ്റേഷൻ റോഡിലൂടെ നടക്കുകയാണ്. മുന്നിൽ കിണ്ണം മുട്ടുന്ന കോൽക്കാരൻ അപ്പുക്കുട്ടിമാരാർ.

അപ്പുക്കുട്ടിമാരാർ ചിള്ളിച്ച ഇടത്തെ കൈയിൽ കിണ്ണവും വലത്തെ കൈയിൽ ഇരുമ്പുകോലുയർത്തിയും നടന്നു. കൈ പൊക്കുമ്പോൾ കുപ്പായക്കൈ കക്ഷം വരെ താണു. എന്നിട്ടും മുട്ടലിൻറെ ശക്തി അത്ര കുറച്ചില്ല. അത്രയും ഭയങ്കര ശബ്ദമുണ്ടാക്കുവാൻ കഴിയുമെന്ന് അപ്പുക്കുട്ടിമാരാർ തെളിയിച്ചു.

മുന്നിലുള്ള ആമേൻ ഉറക്കെ വിളിച്ചുപറഞ്ഞു: “ഈ ഊരാളുങ്കൽ അംശത്ത് മൂന്നു ദിവസത്തേക്കു കർഫ്യൂ പാസ്സാക്കിയിരിക്കുന്നു. ആരും പുറത്തിറങ്ങാൻ പാടില്ല. എല്ലാവരും അവരവരുടെ വീട്ടിൽ വാതിലുമടച്ച് അടങ്ങിയൊതുങ്ങി കൂടിക്കൊള്ളുവിൻ. വീട്ടിൽനിന്നു പുകപോലും പുറത്തുവരാൻ പാടില്ല.”

അത്രയും കർശനമാണു നിയമം.

അധികാരി കുഞ്ഞുണ്ണിനായർ, തങ്ങളെ കണ്ടഭാവം നടിച്ചില്ല. വീർത്തതും ഗൗരവമേറിയതുമായിരുന്നു ആ മുഖം. നാട്ടിലെ അനിഷ്ടസംഭവങ്ങളുടെ മുഴുവൻ ചുമതലയും അയാൾ ഏറ്റെടുത്ത മട്ടായിരുന്നു.

അന്നത്തെ പകൽ മുഴുവനും ഏകാന്തമായിരുന്നു. അഞ്ചൽക്കാരൻ രൈരുനായരുടെ മണി കിലുങ്ങിയില്ല. മീൻകാരൻ കുഞ്ഞാമതിൻറെ കൂവൽ അന്നു കേട്ടില്ല. മൂരിവണ്ടികളുടെ ചക്രങ്ങൾ കരഞ്ഞില്ല. ഒമ്പതരക്കണ്ണൻറെ പീടിക അടച്ചുപൂട്ടിക്കിടക്കുന്നു. അന്ന് ഒരൊറ്റക്കുട്ടിയും പുറത്തിറങ്ങിയില്ല. ആകെ ഇറങ്ങിയത് സ്റ്റേഷൻ മാസ്റ്റർ ഗബ്രിയേൽ മാത്രമായിരുന്നു. അതും രണ്ടു തവണ മാത്രം. തെക്കോട്ടും വടക്കോട്ടുമുള്ള തീവണ്ടികൾ വന്നുനിന്നപ്പോൾ.

മൂന്നു ദിവസമാണു നീങ്ങിയത്. മൂന്നു വർഷങ്ങൾപോലെയായിരുന്നു ഗ്രാമത്തിൽ ആ നാളുകൾ.

നാലാം ദിവസം കർഫ്യൂ നീങ്ങി.

ഒമ്പതരക്കണ്ണൻറെ ചായപ്പീടിക തുറന്നു: തയ്യാർ സെയ്താലി, അറയ്ക്കലെ തറവാട്ടിൽ ഓടിയെത്തി. തങ്ങൾ കസേരയിൽ ചാരിയിരിക്കുകയായിരുന്നു. വന്നപാടെ പറഞ്ഞതു ദാരുണമായ ഒരു വിവരമായിരുന്നു:

“മുണ്ടോടി കണ്ണനെ പിടിച്ചു.”

“ആര്?”

“പോലീസ്.”

“ഇതെന്താടാ, വലിയ അതിശയമാ?”

അതല്ല തമാശ. കണ്ണനെ പിടിച്ച ജയിലിലടച്ചതിൻറെ പേരിലാണ് എല്ലാം നടന്നത്. കണ്ണനെ വിട്ടുകിട്ടാനാണ് സഖാക്കൾ സംഘടിച്ചത്. അവരെയാണ് മദിരാശി പോലീസ് വെടിവെച്ചത്. വടകരയിലെ ലോക്കപ്പിൽ കണ്ണനെ ബന്ധിച്ചു. ടാജ്മഹാൾ ഹോട്ടലിൽ പോയി ഒരേയൊരിരുപ്പിനു നാലു ബിരിയാണിയും അകത്താക്കി ഹെഡ്കാൺസ്റ്റബിൾ ബിരിയാണി ഗോപാലൻ നായർ നേരേ വന്നതു ലോക്കപ്പിനകത്തായിരുന്നു.

"നായിൻറെ മോനേ, ഇൻറെ വിപ്ലവം വിജയിച്ചോ?"

"വിജയിക്കും." തളർന്നിട്ടും തളരാത്ത കണ്ണൻ പറഞ്ഞു.

"ഫ!" പിന്നെ ബൂട്ടിട്ട കാലുകൊണ്ടു ചവിട്ടായിരുന്നു. ലോക്കപ്പിൻറെ മതിലുകൾ രക്തം പുരണ്ടു. രക്തം കലർന്ന മൂത്രം ലോക്കപ്പിൽ തളം കെട്ടി. നാലു ബിരിയാണിയടിച്ചു വന്ന ഹേഡ് അടിച്ചും ഇടിച്ചും ചവുട്ടിയും തളർന്നു. അപ്പോഴും കണ്ണൻ സിന്ദാബാദ് വിളിച്ചു.

നെറ്റിത്തടത്തിലെ വിയർപ്പു തുടയ്ക്കുമ്പോൾ തളർന്നവശനായ ഹേഡ് പറഞ്ഞു:

"എടാ, ഇഞ്ഞി ഒരു കമ്മ്യൂണിസ്റ്റാ—ശരിയായ കമ്മ്യൂണിസ്റ്റ് !"

ലോക്കപ്പ് പൂട്ടി അയാൾ സ്വന്തം കസേരയിൽ കുഴഞ്ഞുവീണു. സ്വന്തം തലയിൽനിന്നു വാർന്നുവീഴുന്ന രക്തം ചൂണ്ടുവിരലുകളിൽ മുക്കി കണ്ണൻ ലോക്കപ്പിൻറെ മതിലിൽ ഒരു ചിത്രം വരച്ചു.

വിപ്ലവത്തിൻറെ ഒരു ചിഹ്നം.

എന്നിട്ടും കണ്ണൻ മരിച്ചില്ല. എല്ലാ അടികൾകൊണ്ടിട്ടും എല്ലാ ഭേദ്യങ്ങൾ ഏറ്റിട്ടും ചോര ഛർദ്ദിച്ചിട്ടും കണ്ണൻ മരിച്ചില്ല. പക്ഷേ, ഒരു കൊല്ലം കഴിയുമ്പോൾ കണ്ണൻ മരിക്കുമെന്ന് ആരെങ്കിലും അപ്പോൾ ഓർത്തിരുന്നോ, ആവോ!

തങ്ങൾ അവശനായി തളർന്നു. കസേരയിൽ ചാരി, എന്നിട്ട് ഉറക്കെ വിളിച്ചു പറഞ്ഞു:

"വെള്ളം!"

ഹൈദ്രോസ് വിരിക്കു പിന്നിൽ കല്പന കാത്തുനിൽക്കുകയായിരുന്നു.

മുപ്പത്തിനാല്

ബുഹാരി വാതിലടച്ച കിടന്നു. റാന്തൽ താഴ്ത്തി. ബീഡി അപ്പോഴും തെളിഞ്ഞു. ചാരം ഇടയ്ക്കിടെ തട്ടി രസമുള്ള അവസാനത്തെ കുറ്റി വലിക്കുമ്പോൾ വായിൽ കയ്പ്പു നിറഞ്ഞു. ബുഹാരി ഓർത്തു: ഈ ബീഡിവലി നിർത്തണം. തങ്ങൾ ഇതു പല തവണ നിർത്താൻ പറഞ്ഞതാണ്. തനിക്കുവേണ്ടി ഈ പടിവാതിൽക്കൽ ഒരു ബീഡിക്കമ്പനി തന്നെ തുറക്കണമെന്നു തങ്ങൾ പറഞ്ഞിട്ടുണ്ട്.

ബുഹാരി ബീഡിക്കുറ്റി കുത്തിക്കെടുത്തി. അന്നേരമാണ് വാതിലിൽ മുട്ടുകേൾക്കുന്നത്.

"ആരാ?" ബുഹാരി ചോദിച്ചു.

പിന്നെയും വാതിലിൽ മുട്ട്.

"ആരാന്നാ ചോദിച്ചത് ! ബുഹാരിക്കു ദേഷ്യംവന്നു. അപ്പോൾ അടഞ്ഞ വാതിലിനപ്പുറത്ത് ആരോ കരയുന്നു. പരിചയമുള്ള സ്വരം."

ബുഹാരി പടിപ്പുരവാതിൽ തുറന്നു.

അദ്രാമാൻ.

റാന്തലിൻറെ തിരി നീട്ടി. മങ്ങിയ വെളിച്ചത്തിൽ എല്ലും തോലുമായ അദ്രാമാൻ. അവൻ പടിപ്പുരയ്ക്കു മുന്നിൽ പടിഞ്ഞിരുന്ന് കാലുകൾ തടവുകയായിരുന്നു. ബുഹാരി മുഖം കണ്ടില്ല. നീരു വന്ന കാലുകളിൽ വടിയുടെ പാടുകൾ. ഏതോ ഒരിടത്തു പൊട്ടി ചോരയും നീരും ഒലിക്കുന്നു. വാസ്തവത്തിൽ ചോരയും നീരുമല്ല. നീരും ചോരയുമാണ്. അത്രയും നീരുവന്നു വീർത്തതായിരുന്നു ആ പാദങ്ങൾ.

റാന്തലിൻറെ വെളിച്ചത്തിൽ അദ്രാമാൻറെ മുഖം തെളിഞ്ഞു. നഷ്ടപ്പെട്ടതിൻറെ ആർദ്രത ആ മുഖത്തു മഴക്കാറുപോലെ ഇരുണ്ടുനിന്നു. കണ്ണുനീരിൻറെ ഒരംശം പുറത്താക്കാൻ അവൻ അശക്തനായിരുന്നു. അതു മുഴുവൻ കഴിഞ്ഞ എത്രയോ കാലമായി തൻറെ കുതിരയ്ക്കുവേണ്ടി വാർത്തുകഴിഞ്ഞു.

“എവിട്യാ ഇഞ്ഞി ബീണത്?” ബുഹാരി ചോദിച്ചു.

“ബീണതല്ല.” വിക്കിവിക്കിക്കൊണ്ട് അദ്രാമാൻ പറഞ്ഞു: “പോലീസ് കാദൻ അദിച്ചതാ.”

“ഉം? എന്തിന്?”

ആ കഥ അവൻ വിവരിക്കാൻ തുടങ്ങി :

അദ്രാമാൻ തൻറെ കുതിരയേയും തേടി നടക്കുകയായിരുന്നു. അവസാനം അവൻ ഒഞ്ചിയത്തെ കുന്നിലെത്തി. പക്ഷേ, അപ്പോൾ വിപ്ലവം പുറപ്പെട്ട കാലമായിരുന്നുവെന്ന് അദ്രാമാനറിയില്ലായിരുന്നു. ഒരു പോലീസുകാരൻ അവൻറെമേൽ ചാടിവീണു.

“എവിടെപ്പോകുന്നു നായിൻറെ മോനെ?—ചാരാ?” എന്നായി പോലീസുകാരൻ.

അദ്രാമാൻ വിക്കിവിക്കിപ്പറയാൻ തുടങ്ങി.

“ഓ, നീ നിൻറെ നേതാവിനെ അനുകരിക്കുന്നോടാ നായേ...” ലാത്തി ഉയർത്തിക്കൊണ്ട് പോലീസ് ചോദിച്ചു: “നീ എന്തിനിവിടെ പാതിരായ്ക്ക വന്നു?”

അദ്രാമാൻ ഒട്ടും ഓർക്കാതെ പറഞ്ഞു:

“എൻറെ കുദിതേനേം നോക്കി.”

“ഫൂ! നായേ! കുതിരയോ? കളവുപറയുന്നോ?” എന്നുംപറഞ്ഞ് നാലഞ്ചു തവണ ലാത്തി വീശി. അദ്രാമാൻറെ കാല് ഈ പരുവത്തിലുമായി.

ബുഹാരി തണുത്ത വെള്ളംകൊണ്ട് അവൻറെ കാലു കഴുകി. കഴുകുമ്പോൾ അവൻ വേദനകൊണ്ടു പുളഞ്ഞു. റാന്തൽ ഒന്നുകൂടി തെളിയിച്ച് അവർ അടുക്കളഭാഗത്തേക്കു നീങ്ങി. പൂഴിവിരിച്ച മുറ്റത്തു രണ്ടു നിഴലുകൾ പിരിഞ്ഞു ചേർന്നിളകി.

“പാത്തു... പാത്തു...” ബുഹാരി വാതിലിനു മുട്ടിക്കൊണ്ടു വിളിച്ചു. ഒരുപാടുനേരം വിളിച്ചപ്പോൾ ചായ്പിന്നപ്പുറത്തു കുപ്പിവളകൾ കിലുങ്ങി. മെതിയടികൾ ശബ്ദിച്ചു. വാതിലിൻറെ ചീപ്പു നീക്കുമ്പോൾ അകത്തു നിന്നൊരു ചോദ്യം:

“ആരാ?”

“ഞാനാ—ബുഹാരി.”

പാത്തു പറഞ്ഞു: “അതു തിരിഞ്ഞ്.”[1]

“എന്താ കുറ്റ്[2] കേട്ടാൽ തിരിയൂലേ? ഒപ്പരം[3] ആരാന്നാ ചോദിച്ചത് !”

“വാതില് തൊറക്ക്.”

“മനസ്സിലായില്ല.”

“വാതില് തൊറന്നാല് കാണാം.”

പാത്തുമ്മ വാതിൽ തുറന്നു. റാന്തലിൻറെ വെളിച്ചത്തിൽ അവൾ അദ്രാമാനെ അടിമുടി നോക്കി. പെരുങ്കാലുപോലുള്ള നീരുവന്ന കാലുകളിൽ അവൾ ഏറെ നേരം നോക്കിനിന്നു. പിന്നെ സഹതാപമായി.

“തിന്നാനെന്താ ഉള്ളത്?” ബുഹാരി ചോദിച്ചു.

അകത്തേക്കു കടന്ന പാത്തുമ്മ അവിടെ അടുക്കളയിൽ കുറെ ശബ്ദമുണ്ടാക്കി. പിന്നെ പുറത്തുവന്നു പറഞ്ഞു:

“ബെരിൻ...”

രണ്ടു മരപ്പലകകൾ അഭിമുഖമായിട്ടിരിക്കുന്നു. രണ്ടു കാസയിൽ കഞ്ഞി. പത്തിരി. പുഴുക്ക്. മുളകിട്ട മീനിൻറെ കറി. കഷണങ്ങൾക്കു പകരം കരുവേപ്പിലയും പച്ചമുളകും ഒടിഞ്ഞു ചതഞ്ഞ മുള്ളുകളും.

അദ്രാമാന് വിശപ്പുതോന്നിയില്ല. അവൻ മരക്കയിലുകൊണ്ട് കഞ്ഞിയിലെ തെളിഞ്ഞവെള്ളം മാത്രം ഊറ്റിക്കുടിച്ചു പെരുവിരലുകൊണ്ട് ഇടയ്ക്കിടെ മുളകുകറിയിൽ കുത്തി നക്കിക്കൊണ്ടിരുന്നു.

പാത്തുമ്മ തൻറെ കെട്ടിയോനെ കുറെ നേരം നോക്കി. ആരുമറിയാതെ കുറൈശിപ്പാത്തുവിൻറെ കണ്ണിൽ വെള്ളം നിറഞ്ഞു. അദ്രാമാൻ മുഖമുയർത്തി പാത്തുവിനെ നോക്കിയില്ല.

ബുഹാരി കഞ്ഞി മുഴുവനും അകത്താക്കിയശേഷം അദ്രാമാൻറെ കാസയിൽ നോക്കി. അവന് രണ്ടാമാശയങ്ങളുണ്ടെന്നു പണ്ടേ തങ്ങൾ പറഞ്ഞിരുന്നു. ഒന്നിൽ ചവച്ചരച്ച ഭക്ഷണം. മറ്റേതിൽ വിഴുങ്ങിയ ഭക്ഷണം. ഒന്ന് ചവച്ചരച്ച് ദഹിപ്പിക്കാനും മറ്റേതു തേട്ടിയരയ്ക്കാനും.

"ഇനി ഇബ്ടത്തന്നെ നിന്നോ, കേട്ടോ?" അദ്രാമാനെ നോക്കി പാത്തു പറഞ്ഞു:

"ഹ്രം." അദ്രാമാൻ മൂളി.

പടിപ്പുരയുടെ മറ്റേ തിണ്ണയിൽ ഒരു പായ വിരിച്ചശേഷം ബുഹാരി പറഞ്ഞു.

"എനി കെടന്നോ. ഇതാ പൊതപ്പ്." ഒരു പഴയ തുണി എറിഞ്ഞുകൊടുത്തുകൊണ്ട് ബുഹാരി പറഞ്ഞു. ഒരു ബീഡി വലിച്ചശേഷം ബുഹാരി ഇനി എന്തുചെയ്യണമെന്ന് ആലോചിച്ച് കിടപ്പായി.

കുറെ കഴിഞ്ഞപ്പോൾ അദ്രാമാനെഴുന്നേറ്റു.

"ബാതില് തൊറക്ക്."

ബുഹാരി റാന്തൽ നീട്ടി. രാത്രി എന്തു ശബ്ദം കേട്ടാലും ആദ്യം അവൻ റാന്തൽ നീട്ടും.

"ഹ്രം, എന്താ?"

"പോണം."

"എങ്ങോട്ടാ?"

"ഹെൻറെ കുദിത–"

ബുഹാരി പിന്നെയൊന്നും പറഞ്ഞില്ല. ഒരു നിമിഷംകൊണ്ടു വാതിൽ തുറന്നുകൊടുത്തു. പടിപ്പുരയ്ക്കു പുറത്തെ ഇരുട്ടിൽ മിന്നാമിനുങ്ങുകളോടൊപ്പം അദ്രാമാനും മറഞ്ഞു. ശാശ്വതമായി തൻറെ തേടിനടത്തത്തിൻറെ പിന്നിൽ വീർത്തു വീർത്തുവരുന്ന രണ്ടു കാലുകൾ ബുഹാരി സ്വപ്നം കണ്ടു. ഉറക്കത്തിലല്ല; ഉണർവിൽ.

വെളുക്കാൻനേരത്ത് പാത്തുമ്മയുടെ ശബ്ദം കേട്ടപ്പോൾ ബുഹാരി എഴുന്നേറ്റു റാന്തൽ നീട്ടിക്കൊണ്ടു ചോദിച്ചു:

"ഉം, എന്താ വിശേഷം?"

"മൂപ്പരെവിടെ?"

"മൂപ്പർ പോയി."

"എങ്ങോട്ട്?"

"കുതിരേനേം തേടി." കളിയാക്കലായി പിന്നെ ബുഹാരി. "തേടിപ്പോകാനൊരു മോനെ ഇഞ്ഞി പെറ്റില്ലാല്ലോ, പഹച്ചീ."

പാത്തുവിൻറെ കരൾപൊട്ടി. ഒരുനോക്കു കാണാൻകൂടി കഴിഞ്ഞില്ല.

റാന്തൽ താണു. പാത്തുമ്മ മടങ്ങി. അന്നേരം ബുഹാരി വിളിച്ചുപറഞ്ഞു:

"ഇൻറെ വയറ്റിൽ ഏട്ടമുട്ടയാ."

കുഞ്ഞാലി രാവിലെ ഉണർന്നു. തുറന്നുകിടക്കുന്ന ഉമ്മറവാതിലിലൂടെ മുറ്റത്തിറങ്ങി. മഞ്ഞുപെയ്ത രാവിൻറെ നനവ് മണ്ണിൽ അലിഞ്ഞിരുന്നു. മുറ്റത്തെ അരിമാവുപോലുള്ള മണ്ണിൽ ബൂട്ടിൻറെ കാലടികൾ കണ്ടപ്പോൾ അവൻ ഞെട്ടി. ഇന്നലെ രാത്രി ഇവിടെ, ഈ മുറ്റത്ത്, എം.എസ്.പി.ക്കാർ വന്നിരുന്നോ? അവൻ ഭയംകൊണ്ടു വിറച്ചു.

ഈ കാലടിപ്പാടുകൾ പൂക്കുഞ്ഞിബീ കണ്ടാലെന്തായിരിക്കും സ്ഥിതി ? അവൾ ഭയംകൊണ്ടുവീണുപോകും. തൻറെ നഗ്നമായ കാലടികൾ മണ്ണിലുരച്ച് ബൂട്ടിൻറെ പാടുകൾ അവൻ മായ്ച്ചു. കുളിമുറിയിൽ എല്ലാവർക്കും വെള്ളംകോരി നിറച്ചുകൊടുക്കലാണ് പതിവ്. പക്ഷേ, കുഞ്ഞാലിക്ക് ആരും വെള്ളം നിറച്ചു കൊടുക്കാറില്ല. ആറ്റബീബിയുടെ കർശനമായ ചില നിയമങ്ങളുണ്ട്. തന്തയില്ലാത്ത തെണ്ടിക്ക് ഈ വീട്ടിൽ പരിലാളനകൾ പാടില്ല. അവനൊരു വേലക്കാരനെപ്പോലെ വളരണം. സുഖമെന്താണെന്ന് അവൻ അറിയരുത്. പക്ഷേ, അവർക്കെന്നും ഒരു വേദനയുണ്ട്. തൻറെ മുലപ്പാല് ആ പന്നി പല പ്രാവശ്യം കുടിച്ചുകളഞ്ഞിരി ക്കുന്നു. കൊടുക്കരുതായിരുന്നു. ദുർബലമായ ഒരു നിമിഷത്തിലാ യിരുന്നു മുലപ്പാൽ കൊടുക്കാൻ അവർ നിർബന്ധിതയായത്. അതും പൂക്കോയത്തങ്ങളുടെ നിർബന്ധത്തിനു മുന്നിൽ.

കുഞ്ഞാലിക്ക് ആറു മാസമായപ്പോൾ മുലകുടി നിർത്തി. പക്ഷേ, പിന്നീട് മൂന്നുനാലു മാസം കഴിഞ്ഞപ്പോൾ വീണ്ടും അവനൊരു കുടി കുടിച്ചു. ആ കുടി അവൻ ഭയങ്കരമായി കുടിച്ചു.

മകൾ പൂക്കുഞ്ഞിബീക്ക് വയറിളക്കവും ഛർദ്ദിയുമായിരുന്നു. കോമപ്പൻ വൈദ്യർ കർശനമായി താക്കീതു ചെയ്തു, മരുന്നു കൊടുത്തില്ലെങ്കിലും വേണ്ടില്ല, മുലപ്പാൽ കൊടുക്കരുത്. മുലകൾ ഏതാനും മണിക്കൂർകൊണ്ടു വീർത്തുകെട്ടി. അതു നെഞ്ചിനെ മുഴുവൻ പിടിച്ചു കുലുക്കി. അസഹ്യമായ വേദന, പനി, വിറ. കോമപ്പൻ വൈദ്യർ പറഞ്ഞു, മറ്റേ ചെക്കനു കൊടുക്ക്. ചെക്കൻ എന്ന വാക്കു തന്നെ അവജ്ഞാപൂർവമായിരുന്നു. മനസ്സില്ലാമനസ്സോടെ അവർ ഒരിക്കൽക്കൂടി കുഞ്ഞാലിയെ മാറോടടുപ്പിച്ചു. ഒരു പട്ടിക്കുഞ്ഞിനെ പ്പോലെ അവൻ മുലക്കണ്ണുകൾ ചപ്പിത്തുടങ്ങി. വേദന മാറിയപ്പോൾ അവർ അവനെ പിടിച്ചുമാറ്റി. അപ്പോഴും അവൻറെ ചോരച്ചുണ്ടുകൾ ഇളകിക്കൊണ്ടിരുന്നു. അത്രയും ദാഹിയായിരുന്നു ചെറുപ്പത്തിൽതന്നെ ആ തന്തയില്ലാത്തോൻ.

ഈ കഥ ആറ്റബീവി മറ്റാരോടോ പറയുന്നത് കുഞ്ഞാലി ഒളിച്ചു നിന്നു കേട്ടതാണ്. അന്നുമുതൽ അവൻറെ മനസ്സിൽ പകയുടെ ഉമിത്തീ എരിയാൻ തുടങ്ങി.

ഓരോ തൊട്ടി വെള്ളം കോരുമ്പോഴും അവൻ പറഞ്ഞു, ഒരുനാൾ എനിക്കു കുളിക്കാൻ വെള്ളം പൂക്കുഞ്ഞിബീ കോരും. അന്നുതുടങ്ങി എല്ലാ ദിവസവും അവളെക്കൊണ്ടുതന്നെ എല്ലാ ചെമ്പുകളും നിറപ്പിക്കും.

കുളിച്ചുകഴിഞ്ഞ് ദേഹം തോർത്തിയപ്പോൾ അവൻ ഉള്ളംകൈകൾ നോക്കി. കയറിൻറെ പാട് ഒരു വരപോലെ ചുവന്നു തുടുത്തിരിക്കുന്നു. അവൻ പല്ലു കടിച്ചുകൊണ്ട് കൈകൾ കൂട്ടിത്തിരുമ്മി.

കത്തലടക്കാനായി കുഞ്ഞാലി ചായ്പിലെ കട്ടിലിലിരുന്നു. ചായ്പിൻറെ അകത്തുവെച്ചാണ് അവൻറെ മൂന്നു നേരത്തെ ഭക്ഷണവും. ആ മുറി ഒരിക്കലും വെളിച്ചം കണ്ടിട്ടില്ല. കൈയും വായയും ചങ്ങാതികളാണെന്ന് ഓർമ്മവെച്ച കാലം തുടങ്ങി കുഞ്ഞാലി മനസ്സിലാക്കി.

പാത്തുമ്മ രണ്ടു പ്ലേറ്റുകൾ കട്ടിലിൽ വെച്ചു. പുട്ടും ചൂടുള്ള മുട്ടക്കറിയും. കുഞ്ഞാലി പുട്ടു കുഴച്ചുതിന്നാൻ തുടങ്ങി. ആറ്റബീവി ഒരു കൊടുങ്കാറ്റുപോലെ അതിലേ നടന്നുപോകുമ്പോൾ അവൻറെ ചായ നിറച്ച ഗ്ലാസ് പുറത്തേക്കെടുത്തു. അടുക്കളയിലെ വെളിച്ചത്തിറങ്ങി ചായ ഉയർത്തിക്കൊണ്ടു പറഞ്ഞു:

“ഇങ്ങനെ പാലു പാർന്നുകൊടുക്കാൻ ആരാ പറഞ്ഞത്?” ആരോടെന്നില്ലാതെ ദേഷ്യത്തിൽ ഗ്ലാസ്സും ചായയും അവർ മുറ്റത്തേക്കു നീട്ടിയൊഴിച്ചു.

കുഞ്ഞാലി അന്നു പച്ചവെള്ളം കുടിച്ചു. അപ്പോൾ അവൻ പറഞ്ഞു: “ചായയെക്കാൾ കട്ടിയുള്ള വെള്ളം, അല്ലേ പാത്തുമ്മാ?”

പാത്തു ഒന്നും പറഞ്ഞില്ല.

അവൾ എന്തു പറയാനാണ്? ഏഴാമത്തെ വയസ്സിലാണ് ആ തറവാട്ടിൽ അവൾ എത്തിപ്പെട്ടത്. ഒരു നേരത്തെ കഞ്ഞിക്കു വകയില്ലാത്ത അവളുടെ ഉപ്പ ഏഴു കുട്ടികളെ ജനിപ്പിച്ചു. ഏഴാളെയും അടുത്തും അകലെയുമുള്ള വലിയവരുടെ വീട്ടിൽ ജോലിക്കായി അയാൾ ഏല്പിച്ചു.

അന്നു തുടങ്ങിയതാണ് പാത്തുവിൻറെ അറയ്ക്കൽ തറവാട്ടിലെ ചരിത്രം. പീടികയിൽപ്പോയി ചില്ലറ സാധനങ്ങൾ വാങ്ങലായിരുന്നു അവളുടെ ആദ്യത്തെ ജോലി. പക്ഷേ, എല്ലാക്കാര്യങ്ങളും അവൾ ശ്രദ്ധിക്കാൻ തുടങ്ങി. ഒരു മുതിർന്ന മനുഷ്യൻറെ ബുദ്ധി കുട്ടിയായിരിക്കുമ്പോൾത്തന്നെ അവൾ പ്രകടിപ്പിച്ചു. അടുക്കളമുറ്റത്തും അടുക്കളയിലും കുളിമുറിയിലും അവൾ മാറി മാറി പകൽ മുഴുവൻ നടക്കും. എന്തിനും പോന്നവളായിരുന്നു പാത്തു. അവൾ വലുതായപ്പോൾ എല്ലാറ്റിൻറെയും മേധാവിയായി. ഇത്രയും കാലം എല്ലാ ഭാരവും അവൾ സഹിച്ചു. ജോലിയുടെ ഭാരം മാത്രമല്ല, വികാരജീവികളുടെ ഭാരവും.

അടുക്കളയിൽ പാത്തു രാജാത്തിയായി. എല്ലാ പണിക്കാരികളും അവളുടെ കീഴിലായി. മറ്റുള്ളവർ അവളെ എപ്പോഴും കളിയാക്കി :

"പൂക്കോയത്തങ്ങളെ സ്വന്തം."

സ്വന്തമായതിൽ ആദ്യമാദ്യം സന്തോഷവും അധികാരവുമുണ്ടായിരുന്നു. പക്ഷേ, ഉപ്പു തിന്നതിനുമാത്രം അവൾ വെള്ളം കുടിച്ചു.

ഡോക്ടർ അലമേലു ഒരുനാൾ അവളുടെ വയർ കീറി. അതോടെ കുടിച്ച വെള്ളം മുഴുവനും പുറത്തുപോയി.

1 മനസ്സിലായി
2 ശബ്ദം
3 കൂടെ (ഒരുമിച്ച്)

മുപ്പത്തഞ്ച്

മീനമാസത്തിലെ കൊടുംവേനലിലാണ് അക്കൊല്ലം റംസാൻ ആരംഭിച്ചത്. കാരക്കാട്ട പള്ളിയിൽ വെള്ളവലിച്ചു. പതിന്നാലു തീയ്യന്മാർചേർന്നു പള്ളിക്കിണറ്റിലെ വെള്ളം മുഴുവൻ കോരി വറ്റിച്ചു. പിന്നെ ഒരു കപ്പലിനോളം വരുന്ന ചളി തോണ്ടി കിണർ ശുദ്ധിയാക്കി. പള്ളിക്കകത്തുള്ള എല്ലാ പായയും പുൽപ്പായയും മുക്രിയും മകനുംകൂടി കഴുകി വൃത്തിയാക്കി. മച്ചിൽ കൂടുകെട്ടിയ അസംഖ്യം വേട്ടാളന്മാരെ കൂടടക്കം പുറത്തേക്കെറിഞ്ഞു. അന്നേരവും ഒരുപാടു മണ്ണു പൊഴിഞ്ഞു. എട്ടുകാലി വലകൾ നെയ്തവയും ജീർണിച്ചവയും തുടച്ചു മാറ്റി. മാടത്തു കൂടുകെട്ടിയ അരിപ്രാവുകളെ ഹസൈൻകോയ ഉണ്ടെങ്കിൽ പിടിച്ചു കൂട്ടിലാക്കുമായിരുന്നു. പ്രാവുകളെ പോറ്റുന്നതിൽ അതിവിദഗ്ദ്ധനായ ഒരാളായിരുന്നു ഹസൈൻകോയ. പക്ഷേ, അയാളിപ്പോൾ ജീവിച്ചിരിപ്പില്ല. ക്ഷയം പിടിച്ച് ഒരുപാടുനാൾ പനിച്ചും കുരച്ചും ഇടയ്ക്കിടെ ചോര തുപ്പിയും എല്ലും തോലുമായിത്തീർന്നശേഷം ഒരു ദിവസം ധാരാളം ചോര ഛർദ്ദിച്ചുകൊണ്ടു മരിച്ചു. മുഹാമിയോട്ടു തൊട്ടുതന്നെയാണ് ഹസൈൻ കോയയുടെ ഖബറ്. ഇരുപത്തിയഞ്ചിലധികം വർഷങ്ങൾ കഴിഞ്ഞിട്ടും അവിടെ ഇതുവരെ പുല്ലു മുളച്ചിട്ടില്ല. അത്രയും നാശിനികളായിരുന്നു ഹസൈൻകോയയെ ആക്രമിച്ച് അടിമപ്പെടുത്തിയ ക്ഷയരോഗത്തിൻറെ ബീജങ്ങൾ.

അറയ്ക്കൽത്തറവാട്ടിലും വലിയ ബഹളമായിരുന്നു. അകം മുഴുവനും കഴുകി വൃത്തിയാക്കി. ജനലഴികളിൽ ചായം തേച്ചു. കണ്ണാടികൾ തുടച്ചു. കാർപ്പെറ്റുകൾ മുട്ടി പൊടി പാറ്റി. തങ്ങൾ മുടിയും താടിയും വെട്ടി നിരപ്പാക്കി. കക്ഷങ്ങൾ വടിച്ചു വെളുപ്പിച്ചു. ബുഹാരിയും പണിക്കാരൻ കുട്ടി ഹൈദ്രോസും തല മൊട്ടയടിച്ചു മിനുക്കി.

അടുക്കളഭാഗത്താണ് റംസാൻ തുടങ്ങുന്നതിൻറെ അന്തസ്സത്ത മുഴുവനും നിഴലിച്ചത്. കുറൈശിപ്പാത്തുതന്നെയാണ് നായിക. പണിക്കാരത്തികൾ രാപകൽ ജോലി ചെയ്തു. മൂന്നുദിവസംകൊണ്ടു കിണറ്റിലെ വെള്ളം പകുതിയിലധികം വറ്റി. അതുപോലെ സമൃദ്ധമായിരുന്നു കഴുകിവൃത്തിയാക്കൽ.

കുടിയാന്മാർ കോലായിൽ ഓരോരുത്തരായി വന്നു തുടങ്ങി. കുടികിടപ്പുകാർ, പാട്ടക്കാർ, മറുപാട്ടക്കാർ, ബിനാമികൾ തുടങ്ങിയവരായിരുന്നു അവർ മിക്കപേരും.

തങ്ങൾ ആനക്കസേരയിൽ മലർന്നുകിടന്നു. നേന്ത്രവാഴക്കുലയും നെയ്യും കോഴിയുമായി ആദ്യം കടന്നുവന്നത് മുല്ലേരി കുഞ്ഞിക്കണ്ണനും മകൾ നാണിയുമായിരുന്നു. നാണിയെ കണ്ടപ്പോൾത്തന്നെ തങ്ങൾക്കു സന്തോഷമായി. കറുത്തിട്ടാണെങ്കിലും അത്രയും അഴകേറിയവളായിരുന്നു നാണി.

നേന്ത്രക്കുലകൾ തൂങ്ങുന്ന കാവടി നിലത്തു വെച്ചശേഷം കുഞ്ഞിക്കണ്ണൻ തലയിൽക്കെട്ടിയ തോർത്തെടുത്തു കക്ഷത്തിറുക്കി. നാണി ചന്തയിൽനിന്നു വാങ്ങിയ കോരപ്പുഴമണക്കുന്ന കൂട തലയിൽനിന്നു മെല്ലെ താഴ്ത്തിവെച്ചു. ആ കൂടയിൽ കാലുകൾ കെട്ടിയിട്ട ഒരു പൂവൻകോഴിയും ചെറിയ ഭരണിയിൽ പശുവിൻനെയ്യുമായിരുന്നു. കൂട താഴ്ത്തി നാണി നിവർന്നുനിന്നപ്പോഴേക്ക് പൂവൻ കോഴി നന്നായൊന്നു കൂകി.

തങ്ങൾക്കു രസിച്ചു: “കെട്ടിയിറ്റും പഹയൻറെ ഒരു ജോറ് !” തങ്ങൾ പറഞ്ഞു.

“ആട്ടെ, പാട്ടപ്പണമെവിടെ?” തങ്ങൾ ചോദിച്ചു.

കുഞ്ഞിക്കണ്ണൻ മൂന്ന് ഒറ്റയുറുപ്പികനാണയങ്ങൾ തങ്ങളുടെ കൈകളിൽ കൊടുത്തു. പിന്നെ ഒറ്റയടിവെച്ചു പിന്നോക്കം മാറിനിന്നു.

മാറു മറയ്ക്കാത്ത നാണിയെ നോക്കി തങ്ങൾ ചോദിച്ചു:

“ഇതാരാ?”

“മോൾ.”

“ഇവളെ കുപ്പായമിടീക്കണം. മാറു മറയ്ക്കാതെ നടക്കുന്നത് എനിക്കു പിടിക്കൂലാ. അതറിഞ്ഞൂടേ?”

കസേരയിൽനിന്നെഴുന്നേറ്റ് നാണിയെ കൈ മാടിവിളിച്ചുകൊണ്ടു പറഞ്ഞു: “ബാ, ഇനിക്ക് കുപ്പായവും മുണ്ടും തരാം.”

നാണി ഭയന്ന് ഒരു നനഞ്ഞ കോഴിയെപ്പോലെ ഒരു ഭാഗത്തേക്കു മാറി.

കുഞ്ഞിക്കണ്ണൻ പറഞ്ഞു: “ചെല്ല്.”

അവൾ കോലായിലേക്കു കയറി. പിന്നെ തങ്ങളെ പിന്തുടർന്നു.

അവൾ മുകളിലെത്തി. തങ്ങളുടെ മുറിയിൽ കടന്നപ്പോൾ അവൾ പകച്ചു നിന്നു.

ഇറങ്ങിവന്നതു കറുത്ത കരയുള്ള പുതിയ മുണ്ടും പുതിയ ചുകന്ന ചോളിയുമിട്ട നാണിയായിരുന്നു. പക്ഷേ, അവളുടെ മുഖം വിളറിയിരുന്നു. അവളുടെ ഇടത്തെ കൈയിൽ വരുമ്പോളുടുത്ത പഴയ മുണ്ടു മടക്കിപ്പിടിച്ചിരുന്നു. ആ മുണ്ട് അവൾ വീട്ടിലേക്കു കൊണ്ടുപോയില്ല. വഴിയിൽ പാലം കടക്കുമ്പോൾ അച്ഛൻ കുഞ്ഞിക്കണ്ണൻ കാണാതെ അതു പുഴയിലേക്കിട്ടു.

പിന്നെയും ഒരുപാടാളുകൾ കാഴ്ചയും കോഴിയുമായി അറയ്ക്കലെ മുറ്റത്തെത്തി. നെയ് നിറച്ച ഭരണി നിറയാറായി. നേന്ത്രക്കുലകൾ താങ്ങി മച്ചു വീഴാറായി. കോഴികൾ കൂകി ആകാശം ഞെട്ടി. പതിന്നാലു പെണ്ണുങ്ങൾക്കു തങ്ങൾ പുതിയ പുടവകൾ കൊടുത്തു. പതിമ്മൂന്നുപേർക്കു പുറത്തുവെച്ചും ഒരാൾക്ക് അകത്തുവെച്ചും.

വൈകുന്നേരമാവുമ്പോഴേക്കും തങ്ങൾ ക്ഷീണിച്ചു. സന്ധ്യസമയത്തെ നിസ്കാരം കഴിഞ്ഞപ്പോൾ റംസാൻ സ്ഥിരപ്പെടുത്തിയ വിവരം വടകരയിലെ കാളിയാർ കിണ്ണംമുട്ടി അറിയിച്ചു.

അറയ്ക്കൽ അത്താഴത്തിനുള്ള ശ്രമങ്ങളായിരുന്നു പിന്നെ. നാളത്തെ നോമ്പിനുവേണ്ട തയ്യാറെടുപ്പിനുള്ള അത്താഴം. അത്താഴം വേണ്ടവർ ടിക്കറ്റെടുക്കണമെന്നാണ് തങ്ങളുടെ വ്യവസ്ഥ. രാത്രി നമസ്കാരത്തിനു മുമ്പുതന്നെ അതിൻറെ കണക്കു കിട്ടി. പതിനെട്ടാളുകൾ ബുഹാരിയോടു ടിക്കറ്റ് വാങ്ങി. ക്ഷണിച്ചവർ പതിനാറും. ആകെ മുപ്പത്തിനാലുപേർക്ക് അത്താഴം. നോമ്പുകാലത്തെ പുലരുന്നതിനു മുമ്പുള്ള ഭക്ഷണം.

എല്ലാ അടുപ്പുകളും ആളിക്കത്തി. എല്ലാ പാത്രങ്ങളും പതച്ചു. പണിക്കാരത്തികൾ മുഴുവൻ വിയർത്തു കുളിച്ചു. ആണ്ടിലെ ആദ്യത്തെ രാത്രിയിൽ അടുക്കള സജീവമായി.

ഉറങ്ങാൻ കിടക്കുമ്പോൾ കുഞ്ഞാലി പാത്തുമ്മയോടു പ്രത്യേകം പറഞ്ഞു: “എന്നെ അത്താഴത്തിനു വിളിക്കണം. എനിക്കു തലനോമ്പു നോല്ക്കണം.”

എല്ലാ നോമ്പുകളും പാത്തുമ്മ നോല്ക്കും. പക്ഷേ, കുഞ്ഞാലി നോമ്പു നോല്ക്കുകയോ? സ്വന്തം മകനല്ലെങ്കിലും കുഞ്ഞാലി സ്വന്തം മകനാണെന്ന് പാത്തുമ്മ ധരിച്ചു. യഥാർഥത്തിൽ അതൊരു ധാരണയായിരുന്നില്ല. ഒരു ഭാവനയായിരുന്നു. പക്ഷേ, താളുപോലെ ഉറങ്ങിക്കിടക്കുന്ന കുഞ്ഞാലിയെ അത്താഴത്തിനു വിളിക്കാൻ പാത്തുമ്മ മടിച്ചുനിന്നു.

പുറത്തു കോലായിൽ ഭയങ്കര ബഹളമായിരുന്നു. കൈ കഴുകലും കാർക്കിച്ചുതുപ്പലും. പിന്നെ കുറെനേരം നിശ്ശബ്ദത. അത്രയും നേരം മുപ്പത്തിനാലാളുകൾ മൗനംപൂണ്ടും മന്ത്രിച്ചും ഭക്ഷണം മാത്രം കഴിച്ചു. അടുത്ത പകലിനെ തോല്പിക്കാനായിരുന്നു ഓരോ ആളുടെ വയറും ശ്രമിച്ചത്.

ബാങ്കുവിളി കേട്ടപ്പോൾ എല്ലാവരും ഏമ്പക്കം വിട്ടും പല്ലിടുക്കിൽ കുത്തിയും അങ്ങോട്ടു നീങ്ങി.

നിസ്കാരത്തിനു നില്ക്കുമ്പോഴാണ് തങ്ങൾ എറമുള്ളാനെ കണ്ടത്. പള്ളിക്കകത്തല്ല. പള്ളിക്കു പുറത്തു ചേതിയിൽ. നിസ്കാരം തീർന്നു പുറത്തിറങ്ങിയപ്പോൾ തങ്ങൾ പടിയിറങ്ങി. ചേതിയുടെ അടുത്തുവന്ന് എറമുള്ളാനെ തട്ടിവിളിച്ചു. എറമുള്ളാൻ അനങ്ങിയില്ല. തങ്ങൾ തൻെറ പാവനമായ കൈകൾകൊണ്ട് അവനെ തൊട്ടുനോക്കി.

ദേഹം തണുത്തിരിക്കുന്നു. രണ്ടു മൂന്നാളുകൾ താങ്ങി അവനെ തറവാടിൻെറ കോലായിൽ കിടത്തി. പെട്രോമാക്സ് കാറ്റടിച്ചു തെളിയിച്ചു മച്ചിൽ തൂക്കി. പതിന്നാലാംനമ്പ്ര് വിളക്കിൻെറ തിരിയും നീട്ടി. ആകപ്പാടെ പകലുപോലെയായി കോലായ.

തങ്ങൾ കുനിഞ്ഞ് സസൂക്ഷ്മം എറമുള്ളാൻെറ മുഖം നോക്കി. ചൈതന്യം പാടേ പോയിരിക്കുന്നു. രക്തത്തിനുപകരം മഞ്ഞനിറമുള്ള ഏതോ ദ്രാവകമാണ് അവൻെറ കവിളിലൂടെ ഒഴുകുന്നതെന്നു തോന്നി തങ്ങൾക്ക്. അവൻെറ ചോരയിലും നീരിലും വിഷം പടർന്നിരിക്കുന്നു.

ശരീരമാണെങ്കിൽ ഒരു പുകയിലപോലെ ശുഷ്കിച്ചിരിക്കുന്നു. വലിയ കുപ്പായക്കൈയിൽനിന്നു സ്ലേറ്റ് പെൻസിലുപോലെ കൈകൾ പുറത്തു നീണ്ടുനിന്നു. അതിൽ നിറയെ കറുപ്പും വെളുപ്പും ഇടകലർന്ന രോമങ്ങളും ചാലുപോലെ വളഞ്ഞുപിരിഞ്ഞുനില്ക്കുന്ന രക്തധമനികളും.

തങ്ങൾ നോക്കിയതത്രയും കണ്ണുകളിലായിരുന്നു. അതടഞ്ഞുതന്നെ കിടക്കുന്നു. കൂടിനിന്നവർ പലരും പിരിഞ്ഞു. തലനോമ്പിൻെറ ഉറക്കം. പകലുറങ്ങാനായി അവരെല്ലാം സ്വന്തം വീടുകളുടെ ഊടുവഴിയിലേക്കിറങ്ങി. തലേക്കെട്ടുകളും മൊട്ടത്തലകളും മറഞ്ഞു.

തങ്ങൾ അവസാനത്തെ കല്പന പുറപ്പെടുവിച്ചു: അവനെ ഡോക്ടറെ കാണിക്കണം.

തമ്പാൻഡോക്ടർ ഗവൺമെൻറ് ആശുപത്രിയിൽ വന്ന കാലമായിരുന്നു. അദ്ദേഹത്തിൻെറ ചികിത്സാമുറകളും ദണ്ഡനമുറകളും വാഴ്ത്തിക്കൊണ്ടു ജനങ്ങൾ അപലപിക്കുന്ന കാലം.

പിറ്റേന്നു പുലർന്നപ്പോൾ എറമുള്ളാൻെറ പകുതി ശവം ബുഹാരിയും തയ്യാർ സെയ്താലിയുംകൂടി മഞ്ചലിൽ കയറ്റി. പുത്തൻപുരയിൽ രാമക്കുറുപ്പിൻെറ വകയാണ് മഞ്ചൽ. പുറമേരിത്തമ്പുരാനും നായന്മാരുമല്ലാത്ത ഒരു ജീവി ആ മഞ്ചലിൽ കിടന്നിട്ടില്ല. പക്ഷേ, തങ്ങളുടെ അപേക്ഷകൾക്കു മുമ്പിൽ അവർക്കു വിലങ്ങുതടികൾ സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല.

ചൊല്ലിയയയ്ക്കേണ്ട താമസം, മഞ്ചൽ പടിപ്പുരമുറ്റത്തെത്തി. മഞ്ചൽ ചുമക്കാനായി കരിവീട്ടിപോലെ കറുത്തുരുണ്ട നാലു തീയന്മാരും.

'ഓങ്കോം ഓങ്കോം' എന്ന ശബ്ദമുണ്ടാക്കിക്കൊണ്ട് അമാലന്മാർ പെരുവഴിയിലൂടെ മഞ്ചൽ ചുമലിലേന്തി നീങ്ങി. പിറകേ ബുഹാരിയും തയ്യാർ സെയ്താലിയും. കുഞ്ഞിരാമൻ വക്കീലിൻെറ കുതിരവണ്ടിയിൽ കയറി തങ്ങളും. കുതിര വിയർപ്പുപൊടിയുന്ന മഞ്ചൽക്കാരനെ മുന്നേറാൻ ശ്രമിച്ചെങ്കിലും തങ്ങൾ അനുവദിച്ചില്ല.

കോട്ടപ്പറമ്പത്തു ബസ്സ്റ്റാൻഡിനു സമീപമാണ് ആശുപത്രി. ചെറിയ ആശുപത്രിയിൽ അകത്തും പുറത്തും നിറയെ രോഗികളായിരുന്നു. അവരെയെല്ലാം നോക്കാനായി ഒരേയൊരു ഡോക്ടർ മാത്രം.

എങ്ങനെയെല്ലാമോ പറഞ്ഞും വാദിച്ചും എറമുള്ളാൻറെ തടി ഡോക്ടർ തമ്പാൻറെ മേശമേൽ കിടത്തി.

ഡോക്ടർ കറുത്തു കുറുതായ ഒരാളാണ്. വളരെ വേഗത്തിൽ ഏതോ ഒരു പാട്ടയിൽ ചരൽക്കല്ലുകളിട്ടു കുലുക്കുംപോലെയായിരുന്നു അയാളുടെ സംസാരം. അപ്പോഴെല്ലാം കറുത്ത ആ മുഖത്തുനിന്നും മിന്നൽപ്പിണരുകൾപോലെ ഇടയ്ക്കിടെ വെളുത്ത പല്ലുകൾ പ്രകാശിച്ചു. ഡോക്ടർ കണ്ണടവെച്ചിരുന്നു. അതിൻറെ ചില്ലുകൾക്ക് ഒരു പൊട്ടക്കിണറിനെക്കാൾ ആഴവും ഫ്രെയിമുകൾക്ക് ആനക്കാലിൻറെ വണ്ണവുമുണ്ടായിരുന്നു. അയാളുടെ വസ്ത്രങ്ങൾ ദേഹത്തോടൊട്ടിയതും അതിൻറെ നിറം ദേഹത്തിനു യോജിക്കാത്തതുമായിരുന്നു. ആകപ്പാടെ ആശുപത്രിയുമായി തീരെ ലയിച്ചുചേരാത്ത ഒരു ഡോക്ടറാണയാൾ എന്നാണ് തങ്ങൾ ധരിച്ചത്.

പക്ഷേ, രോഗിയോടു സംസാരിക്കാൻ തുടങ്ങിയപ്പോഴാണ് ഡോക്ടറുടെ തനിനിറം പുറത്തുവന്നത്. അപ്പോൾ അദ്ദേഹത്തിൻറെ ശബ്ദം മറ്റേതോ ഗ്രാമത്തിൽനിന്നു വരുന്നപോലെ അത്രയും നേർത്തതും ഗഹനവുമായിരുന്നു. കാറ്റിനൊത്ത് ഓളങ്ങളൊഴുകുന്ന ഒരു പുഴയിലെ വീചികൾപോലെ ഡോക്ടറുടെ കൈകൾ ചലിച്ചു. ചലിച്ചതത്രയും എറമുള്ളാൻറെ ദേഹത്തുകൂടെയായിരുന്നു.

പൂക്കോയതങ്ങളെ നോക്കി ഡോക്ടർ ചോദിച്ചു: “നിങ്ങൾ രോഗിയുടെ ആരാണ്?”

തങ്ങൾ മേശയ്ക്കടുത്തുള്ള സ്റ്റൂളിലിരുന്നുകൊണ്ടു പറഞ്ഞു: “ഐ ആം പൂക്കോയ ഫ്രം സിങ്കപ്പൂർ. പ്രസൻറ് ഫ്രം കാരക്കാട്.” തൻറെ ആംഗ്ലേയ വിജ്ഞാനം മുഴുവനും പൂക്കോയതങ്ങൾ പ്രകാശിപ്പിച്ചു.

ഡോക്ടർ ഉള്ളു തുറന്നുകാട്ടിയില്ല. എങ്കിലും പറഞ്ഞു: “എനിക്ക് മലയാളമറിയാം. അതുകൊണ്ടാണു ഞാൻ മലയാളം പറയുന്നത്.”

“പ്രിയപ്പെട്ട ഡോക്ടറേ!” തങ്ങൾ ചിരിച്ചുകൊണ്ടെഴുന്നേറ്റു. എന്നിട്ടു പറഞ്ഞു: “എനിക്ക് ഇംഗ്ലീഷ് അറിയില്ല. അതുകൊണ്ടാണ് ഞാനിതു പറയുന്നത്. ക്ഷമിക്കുക!”

തമ്പാൻഡോക്ടർ തങ്ങൾക്കു കൈകൊടുത്തു. വൈരുദ്ധ്യം പൂണ്ട രണ്ടു നിറങ്ങൾ കൂട്ടിപ്പിടിച്ചു ഡോക്ടർ പറഞ്ഞു: “പ്ലീസ്, സിറ്റ് ഡൗൺ.”

തങ്ങൾ ഇരുന്നു.

ആനക്കാൽഫ്രെയിമുള്ള കണ്ണട മൂക്കിലുറപ്പിച്ചശേഷം ചുണ്ടുകൾ നനച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു: “നിങ്ങളുടെ രോഗിയുടെ സ്ഥിതി വളരെ മോശമാണ്. ജീവിച്ചിരിക്കുന്നതുവരെ അവനെ വേദനിപ്പിക്കാതെ ഞാൻ ശ്രമിക്കാം. അത്രമാത്രമേ എനിക്കു പറയാനുള്ളൂ.”

“എന്താ രോഗം?”—എന്നായി തങ്ങൾ.

“അർബ്ബുദം, മറ്റല്ലാതെ എന്താ?”

ഡോക്ടർ എഴുന്നേറ്റു.

അപ്പോൾ കൂടെവന്ന ബുഹാരി നെടുവീർപ്പിട്ടു.

ഡോക്ടർ ബുഹാരിയെ ചൂണ്ടിക്കൊണ്ടു പറഞ്ഞു: “വലിയ നെടുവീർപ്പുകൾ രോഗം മാറ്റിയ ഒരറിവ് എനിക്കില്ല. ദൈവം രോഗം മാറ്റുമെന്ന വെളിപാടും എനിക്കിതുവരെ ഉണ്ടായിട്ടില്ല.”

അല്പം നിർത്തി, പല്ലുകൾക്കിടയിൽ കുടുങ്ങിയ ഏതോ പച്ചക്കറിയുടെ നേർത്ത തരിമ്പു പുറത്തു തുപ്പിയശേഷം അയാൾ തുടർന്നു: “ദൈവത്തിനുകൂടി രക്ഷിക്കാൻ കഴിയാത്ത ഒരവസ്ഥയിലാണ് നിങ്ങളുടെ രോഗി.”

ഇയാളൊന്നു മരിച്ചാൽമതിയെന്നായിരുന്നു എല്ലാവരുടെയും മനസ്സിൽ. പക്ഷേ, കൃത്രിമമായ സങ്കടം പ്രകടിപ്പിക്കുന്നതിൽ പരിശീലനം നേടിയവരായിരുന്നു അവരെല്ലാം.

"നിങ്ങൾക്ക് രോഗിയെ മടക്കിക്കൊണ്ടുപോകണമെങ്കിൽ എനിക്ക് ഒരു വിരോധവുമില്ല." അയാൾ എല്ലാവരെയും നോക്കി.

തങ്ങളെ നോക്കിയപ്പോൾ തങ്ങൾ ചോദിച്ചു: "ഒന്നു ശ്രമിച്ചൂടെ?"

"ശരി."

പിന്നെ ഡോക്ടർ ഒരക്ഷരം പറഞ്ഞില്ല. വലിയ ഒരു ഫോറമെടുത്ത് അതിലെന്തെല്ലാമോ എഴുതി. ഇടയ്ക്കിടെ എഴുതിക്കൊണ്ടിരുന്ന പേന ചുണ്ടത്തു വച്ചുകൊണ്ടിരുന്നു. ഒപ്പുതന്നെയായിരിക്കണം. അതിനു ചുവടെ അടിവരയിട്ട് തീയതി എഴുതിയശേഷം മുന്നിലിരിക്കുന്ന കോളിങ്ബെല്ലിൽ ഒരടി. ഉടനെ പ്രത്യക്ഷപ്പെട്ടു വാർഡ് ബോയ്. അവനെ രൂക്ഷമായി നോക്കിയശേഷം കടലാസ് കൈയിൽ കൊടുത്തു. അവൻ അതുമായി പുറത്തേക്കു കടന്നു. ഒരു ചലനം പോലുമില്ലാതെ ഡോക്ടർ പുറത്തെ വാതിലിലൂടെ ദൂരെ ഏതോ ഒരത്യാഹിതം കാണുന്ന ഭാവത്തോടെ നോക്കിനില്ക്കുകയായിരുന്നു.

വാർഡ് ബോയ് വീണ്ടും കടന്നുവന്നു, സ്ട്രെച്ചറിൽ കിടക്കുന്ന രോഗിയെ ഉരുട്ടാൻ തുടങ്ങി.

"ശരി." ഡോക്ടർ വീണ്ടും ഒരു ശരി പറഞ്ഞു. "ഇയാൾ മരിച്ചാൽ ഞാൻ വിവരമറിയിക്കാം. ഈ ചെറിയ സ്ഥലത്ത് പ്രതീക്ഷയില്ലാത്ത ഈ രോഗിക്കുവേണ്ടി നിങ്ങൾ ഞെരുങ്ങിനില്ക്കണമെന്ന് എനിക്കാഗ്രഹമില്ല. അല്ലെങ്കിൽത്തന്നെ ഒരുപാടു വിഷവായു ഞാൻ നിത്യവും ശ്വസിക്കുന്നുണ്ട്."

തങ്ങളുടെ വായപോലും മൂടിക്കെട്ടിയിരുന്നു. തങ്ങൾ എഴുന്നേറ്റപ്പോൾ തമ്പാൻ ഡോക്ടർ പറഞ്ഞു:

"ഓകെ തങ്ങൾ! സീ യൂ." ഡോക്ടറുടെ ഉള്ളിലൂറിയ പരിഹാസത്തിൻറെ പുഞ്ചിരി തങ്ങൾ കണ്ടില്ല. തങ്ങൾ ഒരക്ഷരം പറയാതെ പുറത്തിറങ്ങി.

മഞ്ചലിൻറെ കേൻവാസ് മരത്തോടു ചുരുട്ടിക്കെട്ടി രണ്ടാൾ അതു ചുമലിൽവെച്ചു നടന്നുതുടങ്ങി. പിറകേ തങ്ങളുടെ കുതിരവണ്ടിയും.

തങ്ങൾ പടിപ്പുരയുടെ മുറ്റത്തേക്കിറങ്ങേണ്ടതാമസം, ഭാര്യ ആറ്റബീബി വിരിക്കു പിറകിൽ. അവൾ അന്ന് അസാധാരണ സുന്ദരിയായപോലെ തോന്നി തങ്ങൾക്ക്. നോമ്പുകാലമായതിനാൽ ചിന്ത മറ്റു സ്ഥലങ്ങളിലേക്കു വ്യാപിക്കുന്നതിനുമുമ്പേ തങ്ങൾ കടിഞ്ഞാൺ പിടിച്ചു.

"ഓൻ നോമ്പെടുത്തിറ്റില്ല; ആ തെമ്മാടി." ആറ്റബീബി പെട്ടെന്നു പറഞ്ഞു.

തങ്ങൾ അന്തംവിട്ടു നിന്നു. ഇത്രയും വലിയ പോക്കിരി ഇവിടെയുള്ള വിവരം ആദ്യമായി കേൾക്കുന്ന ഒരു ഭാവം തങ്ങളുടെ മുഖത്തു തെളിഞ്ഞു. എങ്കിലും ആളെ മനസ്സിലായില്ല.

"ആര്?"

"മറ്റാരാ? ഓൻതന്നെ. കുഞ്ഞാലി. തിന്നും കുടിച്ചും പോത്തിനെപ്പോലെ നടക്കുകയാ ആ കാഫർ, ഈ തലനോമ്പിൻറെ ദിവസം."

തങ്ങൾ മോളിലേക്കു കയറി. കുഞ്ഞാലി കിടന്നുറങ്ങുന്ന മുറിയിൽ നിന്നു ശബ്ദം കേട്ടു. തങ്ങൾ കയറിച്ചെന്നപ്പോൾ അപരാധബോധത്തോടെ രണ്ടുപേരും ഞെട്ടിത്തെറിച്ചു.

കുഞ്ഞാലിയും പൂക്കുഞ്ഞിബീയും.

ഏതോ തുറന്നുവെച്ച ഒരു പുസ്തകം കട്ടിലിൽ കിടക്കുന്നു. തങ്ങൾ പുസ്തകം പൂട്ടി പുറം നോക്കി. ചിത്രാവലി.

"എന്തു ചെയ്യ്വാ ഇവിടെ?"

“പാഠമാല വായിക്ക്ന്നാ.” പൂക്കുഞ്ഞിബീ പറഞ്ഞു.

“ഇനിക്കു നോമ്പുണ്ടോ?” പൂക്കുഞ്ഞിബീയോടായി തങ്ങൾ ചോദിച്ചു.

“ഇണ്ട്. പക്കേങ്കില് കുഞ്ഞാലിക്കില്ല.”

“ഇനിക്കില്ലേ? ഇഞ്ഞി എന്തൊര് തെറ്റാ കുഞ്ഞാലീ ചെയ്യുന്നത്?”

“ഉണ്ടായിനും.” കുഞ്ഞാലി വിക്കിവിക്കിപ്പറഞ്ഞു: “കൊറെക്കഴിഞ്ഞേരം എനക്ക് ബെശന്ന്.”

തങ്ങൾ ഒന്നും പറഞ്ഞില്ല. അവൻറെ തല തലോടി. മുഖത്തു കിടക്കുന്ന ചുവന്ന പാടുകൾ നോക്കി തങ്ങൾ ചോദിച്ചു: “ഇതെന്താ?”

കുഞ്ഞാലി ഒന്നും പറഞ്ഞില്ല.

പൂക്കുഞ്ഞിബീ പറഞ്ഞു: “ഉമ്മ അടിച്ചതാ. നോമ്പ് നോക്കാഞ്ഞിറ്റ്.”

കുഞ്ഞാലിയുടെ കവിളത്തെ പാടുകൾ നോക്കി അവൾ പറഞ്ഞു: “ചായ കുടിക്കാൻ കാത്തിരിക്കുമ്പാ അടിച്ചത്. ഓൻ ഒന്നും കുടിച്ചില്ല.”

തങ്ങൾ കുഞ്ഞാലിയെ ഒന്നുകൂടി ചേർത്തുനിർത്തി. എന്നിട്ടു പറഞ്ഞു: “അടുത്ത കൊല്ലം കുഞ്ഞാലി എല്ലാ നോമ്പുമെടുക്കും.”

മുപ്പത്താറ്

മൂന്നു രാപ്പകലുകൾ നീങ്ങി. എറമുള്ളാനെ സംബന്ധിച്ചിടത്തോളം ആ ദിവസങ്ങൾ മൂന്നു വർഷങ്ങൾക്കു സമമായിരുന്നു. അത്രയും ദുർഗന്ധവും കഷ്ടപ്പാടും ദണ്ഡനമുറകളും അയാൾ ആശുപത്രിക്കട്ടിലിൽ കിടന്നുകൊണ്ട് സഹിച്ചു.

ആ മുറിയിൽ പത്തുമുപ്പതു രോഗികളുണ്ട്. കട്ടിലുകൾ പതിനൊന്നെണ്ണമേയുള്ളൂ. ബാക്കിയാളുകൾ മുഴുവൻ നിലത്താണ്. അവരെയെല്ലാം കാവൽനില്ക്കുവാനായി ബന്ധുക്കളും സമുദായസ്നേഹികളുമായ കുറെയാളുകൾ. അവർ രോഗികളെക്കാൾ എണ്ണത്തിൽ അധികമായിരുന്നു.

ഞരക്കങ്ങളും ആവലാതികളുമല്ലാത്ത ഒരു ശബ്ദം ആ മുറിയിൽ നിന്നു പുറത്തുവരാറില്ല. പകൽസമയം രണ്ടു പ്രാവശ്യം മാത്രം ഏതാണ്ട് ഒരു മണിക്കൂർ വീതം അവിടെ നിശ്ശബ്ദത തളംകെട്ടാറുണ്ട്. ആ രണ്ടു തവണയും ഡോക്ടർ അവിടെ രോഗികളെ നടന്നു പരിശോധിക്കുകയായിരിക്കും. അയാൾ പുറത്തിറങ്ങേണ്ട താമസം, വീണ്ടും പഴയ കോലാഹലങ്ങൾ കേൾക്കുകയായി.

വയസ്സിയായ ഒരു നേഴ്സാണ് എറമുള്ളാനെ നോക്കിക്കൊണ്ടിരുന്നത്. അവരുടെ മുഖത്തു ലോകത്തിലെ വിദ്വേഷത്തിൻറെ മുഴുവൻ ചുളിവുകളും തെളിഞ്ഞുകണ്ടു. ഒരു സന്തോഷമോ പുഞ്ചിരിയോ അടുത്ത കാലത്തൊന്നും അവിടെ നിഴലിച്ച മട്ടില്ല.

രാവിലെ അവർ വന്നാൽ ഒരു മിനിട്ട് കൈത്തണ്ട പിടിക്കും. അതു പിടിക്കുന്നതിനു മുമ്പുതന്നെ പനി നോക്കുന്ന ഒരു സാധനം വായിൽ തള്ളും. പിന്നെ കട്ടിലിൽ തൂക്കിയ കടലാസ്സിൽ ധൃതിയിൽ എന്തോ കുറിക്കും.

കുറച്ചു കഴിയുമ്പോൾ വരുന്നതു വലിയ പുട്ടിൻകുറ്റിപോലുള്ള ഒരു കുപ്പിയിൽ കുത്തിക്കയറ്റാനുള്ള മരുന്നുമായിട്ടാണ്. അതിൻറെ സൂചി കാണുമ്പോൾതന്നെ ഭയമാകും. അതിലും ഭയം ജനിപ്പിക്കുന്ന ഒരു വസ്തുവാണ് അവരുടെ പിന്നാലെ നടന്നുവരുന്ന വാർഡ് ബോയ്.

അവൻ വന്നപാടേ ശക്തിയായി കൈത്തണ്ടയിൽ ഒരു പിടിത്തമാണ്. അതിനുശേഷമാണ് ആ വലിയ കുപ്പിക്കുമേലെയുള്ള സൂചി ഞരമ്പിൽ കയറ്റുക. മൂന്നുനാലു തവണ കുത്തണം. എന്നാലേ അവർക്കു തൃപ്തിയാവൂ. പിന്നെ കുറെനേരം കുപ്പിയുടെ അടിവശത്തു മറ്റേക്കൈക്കൊണ്ട് ശക്തിയായി ഒരു തള്ളലാണ്. അപ്പോൾ അവർ പറയും:

"ചെകുത്താനേ, ഇതു ഗ്ലൂക്കോസാണ്."

പിന്നീടുള്ള കുത്തൽ ചെറിയ സൂചികൾകൊണ്ടാണ്. അതു ചന്തിക്കും തോളിലുമായി മാറിമാറി കുത്തുന്നു. മൂന്നു ദിവസം സഹിച്ചു. മൂന്നാം ദിവസം രാത്രി വാർഡ് നിശ്ശബ്ദമായപ്പോൾ എങ്ങുനിന്നോ ഒരു പള്ളിയിൽനിന്ന് ബാങ്കുവിളി കേട്ടു. എറമുള്ളാൻ ആകെ പരാധീനനായി. ആ ബാങ്കുവിളി എവിടുന്നാണ്? എൻറെ പള്ളിയിൽനിന്നോ? അതോ മറ്റേതെങ്കിലും പള്ളിയിൽനിന്നോ?

അവൻ എഴുന്നേറ്റിരുന്നു. തല നേരേ നില്ക്കുന്നുണ്ട്. കണ്ണു കാണുന്നുണ്ട്. കട്ടിലിൽനിന്നിറങ്ങി നടക്കാൻ തുടങ്ങി. നടക്കാൻ കഴിയുന്നുണ്ട്. ഭാഗ്യത്തിന് ആരും അവനെ ശ്രദ്ധിക്കുന്നില്ല. അവൻ മെല്ലെമെല്ലെ നടന്നു പുറത്തിറങ്ങി.

ഗേറ്റ് കടന്നപ്പോൾ അവൻ റോഡിലെത്തി. റോഡിൽ വെട്ടമുണ്ടായിരുന്നില്ല.

മീനമാസത്തിലെ ഒരു ചെറിയ മഴയ്ക്കുവേണ്ടി ആകാശംപോലും മൂടിക്കെട്ടിയിരിക്കുകയായിരുന്നു. അവൻ ഇരുട്ടിലൂടെ നടന്നു. ചിള്ളിച്ച കാലുകൾ കല്ലിലും മുള്ളിലും തട്ടിയെങ്കിലും അവൻ വേദനയറിഞ്ഞില്ല. പള്ളിക്കു നേരേ മണംപിടിച്ചുകൊണ്ട് തപ്പിയും തടഞ്ഞും അവൻ നടത്തം തുടങ്ങി.

മുപ്പത്തേഴ്

സമയം പന്ത്രണ്ട് മണിയായിക്കാണും. അടുക്കളയിലെ പണി അവസാനിച്ചുവെന്നു പറയാനായിട്ടില്ല. അത്താഴത്തിൻറെ പ്രധാനപ്പെട്ട കൂട്ടാൻ ഇറക്കിവയ്ക്കാറാവുന്നതേയുള്ളൂ. കുറൈശിപ്പാത്തുവിൻറെ ശ്രദ്ധ മുഴുവൻ അതിലായിരുന്നു. അതാണ് യഥാർത്ഥത്തിൽ വലിയ തങ്ങൾ ഇഷ്ടപ്പെടുന്ന കൂട്ടാൻ. തേങ്ങാപ്പാലിൽ ധാരാളം പശുവിൻനെയ്യും കറിവേപ്പിലയും ഉണ്ടപ്പച്ച മുളകും ഇഞ്ചിയും ചേർത്തു വറ്റിച്ചെടുത്ത കരിമീൻകറി.

പണിക്കാരികൾ അടുക്കളയിലെ മതിലുംചാരി ഉറക്കം തൂങ്ങാൻ തുടങ്ങി. ചിലർ നിലത്തുകിടക്കുന്നു എന്നു വേണം പറയാൻ. നോമ്പെടുത്ത വീട്ടുടമസ്ഥന്മാർ പകൽ ഉറങ്ങുന്നു. രാത്രിമുഴുവൻ ഭക്ഷണം കഴിക്കുന്നു. പണിക്കാരത്തികളെ സംബന്ധിച്ചിടത്തോളം പകലും ജോലിതന്നെ. പകൽ ഭക്ഷണമുണ്ടാക്കലും രാത്രി അതു തീറ്റിക്കലും. വ്രതത്തിൻറെ ക്ഷീണം തീർത്ത് ഒരുനേരം മനസ്സമാധാനത്തോടെ ഭക്ഷണം കഴിക്കാനുള്ള യോഗം അവർക്കാർക്കും ഇന്നേവരെയുണ്ടായിട്ടില്ല. രണ്ടോ മൂന്നോ മണിക്കൂർ കഴിയുമ്പോൾ വീണ്ടും ഉണരേണ്ടവരാണ് എല്ലാവരും.

പെട്ടെന്നു കിണ്ണംമുട്ടു കേട്ടു. സമീപപ്രദേശത്തുള്ളവരെ അത്താഴത്തിൻറെ സമയമായെന്നറിയിക്കാൻ തങ്ങൾ ഏർപ്പെടുത്തിയ ഒരു പുതിയ സൂത്രം. മണി ഏകദേശം നാല്. ഉറങ്ങിക്കിടന്ന പണിക്കാരികൾ ഞെട്ടിയുണർന്നു. വായിൽ ഊറിക്കൂടിയ കൊഴുത്ത ഉമിനീർ അവിടവിടെ തുപ്പി മുഖം തുടച്ചുകൊണ്ട് അവർ എഴുന്നേറ്റു.

"പാത്രം കഴുകി ബെക്ക്, ചെകുത്താന്മാരേ, ഇങ്ങനെ ഒറങ്ങ്യാലോ?" പാത്തുമ്മ എല്ലാവരെയും ചീത്ത പറയാൻ തുടങ്ങി.

അപ്പോഴാണ് പണിക്കാരൻ കുട്ടി ഹൈദ്രോസ് ഒരു കൊടുങ്കാറ്റു പോലെ അടുക്കളയിൽ ഇറങ്ങിയത്. ഉറക്കച്ചടവ് അവൻറെ കണ്ണുകളിൽ ഒരു തേരട്ടയെപ്പോലെ ഇഴയുന്നുണ്ട്. പക്ഷേ, മുഖത്തെ മാംസപേശികളിൽ രോഷമാണ്.

"ആയിറ്റില്ലേ?"

അടുക്കളയിലിറങ്ങിയാൽ അവൻ എന്നും ചോദിക്കുന്ന ഒരു ചോദ്യമാണത്. അവൻറെ ലോകത്തിൻറെ രണ്ടറ്റങ്ങൾ കോലായും അടുക്കളയുമാണ്. ആ രണ്ടു സ്ഥലങ്ങളെയും രണ്ടു ചോദ്യങ്ങളിൽ അവൻ അതിർവരമ്പിട്ടു നിർത്തി. കോലായിൽ സംഹാരകന്മാരാണ്. അതുകൊണ്ടവൻ അവരോടു ചോദിക്കും: 'കൊണ്ടാക്കട്ടെ?' ഭക്ഷണം കൊണ്ടുവന്നു വിളമ്പട്ടെ എന്ന ആ ചോദ്യത്തിന് എതിരുത്തരം അവനൊരിക്കലും കേട്ടിട്ടില്ല. അടുക്കളയിൽ ഇറങ്ങിയാൽ അവൻ ചോദിക്കുകയായി, 'തയ്യാറായോ?' അല്ലെങ്കിൽ 'ആയിട്ടില്ലേ?' പലപ്പോഴും 'ഇല്ല' അല്ലെങ്കിൽ 'ആയിപ്പോയി ' എന്നായിരിക്കും ഉത്തരം.

ഹൈദ്രോസിൻറെ തലയിലും തലനോമ്പിൻറെ ക്ഷീണമാണ്. ഉറക്കവും മാംസപേശികളിലെ വേദനയും പുലരുന്നതുവരെ ഇനിയും അദ്ധ്വാനിക്കണമല്ലോ എന്ന വിചാരവും അവനെ അസ്വസ്ഥനാക്കി.

അപ്പോഴേക്കും കഴുകി വൃത്തിയാക്കിയ പാത്രങ്ങളിൽ ആവി പറക്കുന്ന ചോറും ഉമിനീർ പൊട്ടിപ്പിക്കുന്ന മണമുള്ള കറികളും നിറച്ചു വെച്ചിരുന്നു.

ഹൈദ്രോസ് ഒരു തുലാസിൻറെ തണ്ടുപോലെ രണ്ടുഭാഗത്തും താണും പൊങ്ങിയും നടന്നു. കോലായിൽ സുപ്രകൾക്കു ചുറ്റിലും വിശക്കുന്നവർ, പകലിനെ ഭയക്കുന്നവർ അക്ഷമരാണ്. അവൻറെ എല്ലാ വേഗതയുമുപയോഗിച്ച് അഞ്ചു മിനിട്ടിനുള്ളിൽ ആഹാരാദികൾ കോലായിലെത്തിച്ചു.

ചോറു തിന്നില്ല. അപ്പോഴേക്കും ഒരാൾ ദേഷ്യത്തോടെ അവനോടാവശ്യപ്പെട്ടു:

"വെള്ളം."

സകല പഹയന്മാർക്കും ദാഹമാണ്. അതില്ലാത്ത ഒരു വിശപ്പ് ഈ വീട്ടിൽ വരുന്നവർക്കില്ല. ഹൈദ്രോസ് അകത്തേക്കോടി.

കൈ കഴുകുമ്പോൾ അവരെല്ലാം പള്ളിയിൽനിന്നുള്ള ബാങ്കുവിളി കേട്ടു. വെറ്റില മുറുക്കിയും ബീഡി വലിച്ചും അവർ നടന്നു. പള്ളിയിൽ അവരെയും കാത്ത് മുക്രിയും ഇമാമും നിസ്കാരത്തിൻറെ തയ്യാറെടുപ്പിലാണ്.

റംസാൻ ഇരുപത്തിയേഴാം രാവു പുലരാറായി. സുബഹി നിസ്കാരവും കഴിഞ്ഞ് വലിയ തങ്ങൾ വീട്ടിലേക്കു മടങ്ങി. സാധാരണദിവസങ്ങളിൽ വന്നപാടേ ഉറക്കമാണ്. ആ ഉറക്കം പിന്നെ ഉണരൽ പത്തുമണിക്കായിരിക്കും. റംസാൻ കാലങ്ങളിൽ കുതിരസവാരി നിർത്തിവയ്ക്കുകയാണു പതിവ്. പക്ഷേ, ഇന്നത്തെ ദിവസം ഉറങ്ങാൻ ഒക്കുകയില്ല. വെളിച്ചമാവുമ്പോഴേക്കും വന്നുചേരും, സക്കാത്തിൻറെ പുരുഷാരം. സമീപപ്രദേശത്ത് ഏറ്റവും കൂടുതൽ ധനം സക്കാത്തായി കൊടുത്തിരുന്ന ഒരാൾ തങ്ങളായിരുന്നു.

ആറ്റബീബി ഇടയ്ക്കു പറയും: "ഇങ്ങനെ കൊടുത്താല് തറവാട്ടു മുടിയൂലൊ?"

"ധർമ്മം കൊടുത്തിറ്റ് മുടിയട്ടെ. അങ്ങനെ മുടിഞ്ഞാൽ ധർമ്മം തല കാക്കും." അതും പറഞ്ഞ് അഞ്ചുറുപ്പിക നോട്ടുമായി കോലായിൽ വന്ന ആളെ സമീപിക്കും. അധ്യാപകർക്കു മുപ്പതുറുപ്പികയും കലക്ടർക്കു നൂറ്റിയിരുപത്തഞ്ച് ഉറുപ്പികയും ശമ്പളമുള്ള കാലമായിരുന്നു അത്.

നേരം വെളുത്തു. ഒരു വടിയുമായി പടിപ്പുരമുറ്റത്തുകൂടെ ബുഹാരി ഓടി നടന്നു. അവൻ ആളുകളെ നിയന്ത്രിക്കുകയായിരുന്നു. സ്റ്റേഷൻ റോഡ് തുടങ്ങി പടിപ്പുരവരെ സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമടങ്ങിയ ജനക്കൂട്ടം. എല്ലാവരും ദരിദ്രന്മാരായിരുന്നു. കഴുത്തും കാതും നഗ്നമായ സ്ത്രീകൾ. ഉട്ടുമുണ്ടും ഗ്രഹണി പടർന്നുപിടിച്ച വലിയ വയറും വാരിയെല്ലു മുഴച്ചുനില്ക്കുന്ന നെഞ്ചുമുള്ള കുട്ടികൾ. ഒരു വടി മാത്രം ജീവിതകാലം മുഴുവനും സമ്പാദിച്ച വൃദ്ധന്മാർ, പക്ഷേ, അവർക്കു കണ്ണുകളിൽ തിമിരത്തിൻറെ പാൽക്കട്ടികളുമുണ്ടായിരുന്നു.

വലിയതങ്ങൾ ഇറങ്ങിവന്നു:

"എന്താ ഈ ഒച്ചപ്പാട്?"

അപ്പോഴേക്കും ബുഹാരി ചൂടായി. അവൻ വടിയും ഓങ്ങി ഓരോ തലകൾ ലക്ഷ്യമാക്കി ദുഷ്ടതയും അഹന്തയും നിറഞ്ഞുനില്ക്കുന്ന വാക്കുകൾ ഉപയോഗിക്കുകയായിരുന്നു.

"ബുഹാരീ..." തങ്ങൾ ശാസനയോടെ അവനെ വിളിച്ചു: "എന്താ, ഇഞ്ഞി സർക്കസിലെ മാഷാണോ? എറങ്ങിപ്പോടാ!"

ബുഹാരി അടങ്ങി.

ഒരു വലിയ കലത്തിൽ ചില്ലറയും വേറൊരു പെട്ടിയിൽ നോട്ടുമായി തങ്ങൾ പടിപ്പുരയ്ക്കു മുന്നിൽ വന്നു. ആളുകൾ ഓരോരുത്തരായി വന്നുതുടങ്ങി. മുന്നിൽ നീളുന്ന കൈകളിൽ നാണയങ്ങളും നോട്ടുകളും തങ്ങൾ മാറി മാറി വെച്ചു.

കടപ്പുറത്തുനിന്നു വന്ന ഒരു മധ്യവയസ്ക കൈ നീട്ടിയപ്പോൾ ബുഹാരിയുടെ രോഷാകുലസ്വരമുയർന്നു:

"ഓൾ രണ്ടാമതും വന്നതാ."

തങ്ങൾ കണ്ണുമിഴിച്ചുകൊണ്ടു ചോദിച്ചു:

"സത്യം പറേണം. കൊന്നുകളയും നിന്നെ ഞാൻ! നിനക്കു കിട്ടിയിരുന്നോ?"

"ഉ്ളേ!"

"എവിടെ പൈസാ?"

അവൾ ഒരു എട്ടണത്തുട്ടു പുറത്തെടുത്തു.

"ഫോ! ചൈത്താനേ! ഇനിക്ക് സക്കാത്തില്ല."

ആ എട്ടണ തിരിച്ചുവാങ്ങി അവളുടെ ചന്തിക്ക് ഒരു ചവിട്ടും കൊടുത്തു.

വൈകുന്നേരമാവുന്നതുവരെ ബഹളമായിരുന്നു. അത്രയും നേരം കുഞ്ഞാലിയും തങ്ങളുടെ അടുത്തുതന്നെ നിന്നു. വാങ്ങാൻ വരുന്ന ഓരോ മനുഷ്യരെയും അവൻ സൂക്ഷ്മമായി നോക്കുകയാണ്. ഇത്രയും ദാരിദ്ര്യവും കഷ്ടപ്പാടും ഭൂമിയിലുണ്ടെന്ന് അന്നുതന്നെ അവൻ മനസ്സിലാക്കി. അവൻറെ മനസ്സു നിറയെ കൊടുത്ത സക്കാത്ത് തിരിച്ചു വാങ്ങിയപ്പോൾ ആ പെണ്ണുങ്ങളുടെ മുഖത്തു കണ്ട നിരാശയായിരുന്നു.

തിരക്കൊഴിഞ്ഞപ്പോൾ ബുഹാരി പുറത്തിറങ്ങി. സൂര്യൻ പടിഞ്ഞാറു ചായാൻ തുടങ്ങിയിരിക്കുന്നു. നോമ്പു തുറക്കാൻ ഇനിയും രണ്ടുരണ്ടര മണിക്കൂറുണ്ട്. വയർ കത്തിക്കാളുകയാണ്. പകൽ മുഴുവനും പടിപ്പുരയിൽ കെട്ടിക്കിടക്കേണ്ടിവന്നു.

സ്റ്റേഷൻ റോഡിലൂടെ നടന്നു നടന്ന് ഒമ്പതരക്കണ്ണൻറെ പീടികയുടെ അടുത്തെത്തിയപ്പോൾ രണ്ടു ഭാഗത്തും തിരിഞ്ഞുനോക്കി. ആരുമില്ല. പിന്നെ ഇടംവലം നോക്കാതെ പിൻഭാഗത്തുകൂടെ പീടികയിലേക്കു നുഴഞ്ഞുകയറി.

പിൻമുറിയിൽ ഇരുട്ടാണ്. കണ്ണൻ ശബ്ദം കേട്ടയുടനെ എത്തി, ആരാണെന്നു നോക്കി.

"രാവിലെ കണ്ടില്ലാലോ?" കണ്ണൻ തിരക്കി.

"ഹലാക്കിൻറെ സക്കാത്ത് ! ഇഞ്ഞി വേഗം കുടിക്കാൻ കൊണ്ടുവാ. ഒരു പച്ചവെള്ളംപോലും കുടിച്ചിക്കില്ല ഇന്ന്."

ബുഹാരി നമസ്കരിക്കാത്തതുപോലെതന്നെ നോമ്പും എടുക്കാറില്ല. അവൻറെ വയർ അവനെ അതിനനുവദിക്കാറില്ല. അഗ്നിയല്ലാത്ത മറ്റൊരു വസ്തു ആ വയറ്റിലില്ല.

ചായയും സുഗീനും കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ആ ഭയാനകമായ വാർത്ത അവൻ അറിയുന്നത്. പള്ളിക്കാട്ടിൽ ഏതോ ഒരാൾ മരിച്ചുകിടക്കുന്നത്രെ. കുടിച്ച ചായ. തിന്ന സുഗീൻ. അവൻ ഓടി.

മുഹാമിയുടെ തെക്കുഭാഗത്ത് ആളുകൾ തടിച്ചുകൂടിയിരിക്കുന്നു. ആളുകൾക്കിടയിലൂടെ അവൻ തിക്കിക്കയറി. എല്ലാവരും പിറുപിറുക്കുന്നു. ചിലർ മൂക്കു പൊത്തുന്നു. തങ്ങൾ മുന്നിലുണ്ട്. പട്ടാളം ഇബ്രായിയും തയ്യാർ സെയ്താലിയും ഇടതും വലതുമായും.

നൊച്ചിൽക്കാടുകൾക്കിടയിൽ പഴയ ഏതോ ഒരു ഖബറിൻറെ പുറത്ത് ആ മയ്യത്ത് കിടക്കുന്നു. മരിച്ചിട്ട് ഒന്നോ രണ്ടോ ദിവസങ്ങളായി. വീർത്തു നീരു പൊട്ടാൻ തുടങ്ങിയിരിക്കുന്നു.

ബുഹാരിയും മൂക്കു പൊത്തി.

തയ്യാർ സെയ്താലിയാണ് ദേഹത്ത് ആദ്യം തൊട്ടത്. ചരിഞ്ഞു കിടക്കുന്ന തല നിവർത്താൻ നോക്കി. അനങ്ങുന്നില്ല. പിന്നെ രണ്ടു കൈയും ഉപയോഗിച്ചു. തലയ്ക്കുപകരം ദേഹം ആകെ ഒന്നു മറിഞ്ഞു. അപ്പോഴാണ്

മുഖം കാണുന്നത്. കുറെ നേരത്തേക്ക് ആർക്കും ഒന്നും മനസ്സിലായില്ല. പെട്ടെന്നു തയ്യാർ സെയ്താലി ഒന്നു കൂകി :

“എറമുള്ളാനിക്കാ!”

പിന്നെ ഒരു ബഹളമായിരുന്നു.

നാട്ടുകാർ തടിച്ചുകൂടുകയായി. അധികാരി വന്നു. പിറകിൽ കോൽക്കാരൻ അപ്പുക്കുട്ടിമാരാർ; കുറെക്കഴിഞ്ഞപ്പോൾ രണ്ടു പോലീസുകാർ. ഒരു എച്ച്.സി.യും ഒരു പി.സി.യും. പോലീസുകാർ ശവം പരിശോധിക്കുകയും കൂടിനിന്നവരെ ചോദ്യം ചെയ്യുകയുംചെയ്തു. അതു കഴിഞ്ഞ് അവർ മഹസ്സർ തയ്യാറാക്കി. അതോടെ എറമുള്ളാൻറെ മരണത്തിൻറെ അവസാനരംഗമായി.

പായയിൽ പൊതിഞ്ഞ എറമുള്ളാൻറെ മയ്യത്ത് ഒരു മുളയോടു ചേർത്തു കെട്ടി രണ്ടു പറയന്മാർ ചുമലിൽവച്ചു വടക്കോട്ടു നീങ്ങി. അവിടെ ഗവൺമെൻറ് ആശുപത്രിയിൽ ഡോക്ടർ പോസ്റ്റുമോർട്ടത്തിനായി കാത്തുനില്ക്കുകയായിരുന്നു.

പോസ്റ്റുമോർട്ടം കഴിഞ്ഞ് പുകയുന്ന ചന്ദനത്തിരികൾക്കടുത്തു നില്ക്കുമ്പോൾ ഡോക്ടർ പറഞ്ഞു:

“ജീവിച്ചിരിക്കുമ്പോൾ നിന്നെ ഞാൻ കണ്ടു. അന്നു നിൻറെ ദേഹം കത്തിവെക്കാനുള്ള പരുവത്തിലായിരുന്നില്ല. പക്ഷേ, നിൻറെ ദേഹത്തിൽ കത്തിവെക്കണമെന്ന് എന്നെ പടച്ച പടച്ചവൻ എൻറെ തലയിൽ എഴുതിയിരുന്നു. അതുകൊണ്ട് നിൻറെ ശവമെങ്കിലും എൻറെ മേശയിലെത്തി. നന്ദി !” അത്രയും മനസ്സിലാണ് പറഞ്ഞത്. പിന്നെ ലോകത്തോടു പറഞ്ഞു:

“എടുത്തുകൊണ്ടു പോ.”

ഡോക്ടറുടെ കല്പന കേട്ടു പറയന്മാർ ഓടിയെത്തി. അവരുടെ പിറകെ ബന്ധുമിത്രാദികളും.

അതേ പറയന്മാർ അതേ പായയിൽ അതേ മുളന്തണ്ടിൽ എറമുള്ളാൻറെ കീറിമുറിച്ച ശവക്കെട്ടുകളുമായി കാരക്കാട്ടിലേക്കു നടന്നു.

അറയ്ക്കലെ തറവാട്ടിൽവച്ചുതന്നെയായിരുന്നു ശവസംസ്കാരത്തിൻറെ ചടങ്ങുകൾ. വാസ്തവത്തിൽ അതു ശവമായിരുന്നില്ല. ആശുപത്രിക്കാർ ആവശ്യമുള്ളതെല്ലാം മുറിച്ചെടുത്തും ബാക്കി കീറിമുറിച്ചും നാശമാക്കിയ ഒരു ശവശരീരം. അതുകൊണ്ട് എന്താണ് പ്രയോജനം?

എല്ലാ മയ്യത്തുകളും, ജീവിച്ചിരുന്ന കാലമത്രയും കുളിപ്പിച്ച് ഭംഗിയായി വെളുത്ത തുണിയിൽ പൊതിയാറുള്ള എറമുള്ളാൻറെ സ്വന്തം ശരീരം നേരേചൊവ്വേ കുളിപ്പിക്കുവാനൊത്തില്ല. വിധിയെന്നല്ലാതെ എന്തു പറയാനാണ്? അല്ലെങ്കിൽ ഈ മരണവും ഈ പോസ്റ്റുമോർട്ടവും എന്തിനുവേണ്ടിയായിരുന്നു?

ഇറച്ചി കഴുകുന്നപോലെ എറമുള്ളാൻറെ ദേഹം അവർ കുളിപ്പിച്ചു. ഒരു ദേഹത്തിൻറെ ആകൃതിയിൽ അവർ അതിനെ നേരെയാക്കിവെച്ചു. പിന്നെ എല്ലാ ചടങ്ങുകളും കഴിഞ്ഞു.

വെള്ളത്തുണിയിൽ പൊതിഞ്ഞ ശവം മയ്യത്തുകട്ടിലിലേക്കെടുത്തു വെക്കുമ്പോഴേക്കും നീരു പുറത്തുവന്നു. വെളുത്ത തുണിയിൽ ഒരു പാടു മേപ്പുകൾ പരന്നുനീങ്ങി.

മുഹാബിയുടെ തെക്കുഭാഗത്ത് ക്ഷയം പിടിച്ചു മരിച്ച ഹുസ്സൈൻ കോയയുടെ ഖബറിൽനിന്നും പതിനാലു വാര അകലെയായി എറമുള്ളാനെ അടക്കം ചെയ്തു.

മുപ്പത്തെട്ട്

അറയ്ക്കലെ തറവാട് അന്നു ശരിക്കും ഒരു ചരമദിനംതന്നെ ആചരിച്ചു.

മയ്യത്ത് ഖബറടക്കം ചെയ്തശേഷം നിശ്ശബ്ദനായി മെതിയടിയും ചവിട്ടി തങ്ങൾ പടിപ്പുര കടന്നു കോലായിലെത്തി. അകത്തു കടന്നില്ല. ഏതോ വിഷാദചിന്തയിൽ അയാൾ കസേരയിലേക്കു മറിഞ്ഞു. കനത്ത ദേഹം മാത്രമല്ല, ഭാരിച്ച കുമ്പകൂടി കുറഞ്ഞപോലെ തോന്നി അയാൾക്ക്. പക്ഷേ, തലയിലെ കനം ഏറിയേറിത്തന്നെ വന്നു.

കോലായിൽ വേറെയും ഒരുപാടാളുകൾ ഇരിക്കുന്നുണ്ട്. ആരും ഒരക്ഷരം പറയുന്നില്ല. പശുക്കളെപ്പോലെ എല്ലാവരും തേട്ടിയരയ്ക്കുക മാത്രം ചെയ്തു. ഒരുപക്ഷേ, എറമുള്ളാൻറെ ഓർമ്മകൾ, അല്ലെങ്കിൽ സ്വന്തം അവസാനത്തിൻറെ ഓർമ്മകൾ.

'ഏതായാലും ബലിയ ഒരു സങ്കടമായിപ്പോയി.'

ആരോ ഒരാൾ പറഞ്ഞു. പക്ഷേ, ആരും ഒരുത്തരം പറഞ്ഞില്ല.

റംസാൻകാലമായതിനാൽ പണിക്കാരൻ കുട്ടി കൈയും കെട്ടി നിന്നു. സാധാരണ ആളുകൾ കൂടുന്ന ദിവസങ്ങളിൽ പണിയെടുത്തെടുത്ത് അവൻറെ ഊര തളരും. ഇന്ന് ഒരു ചുരുട്ടുപോലും ഒരാൾക്കും കൊടുക്കേണ്ടതില്ല.

അടുക്കളയിൽ അന്നു ശരിയായ പണിമുടക്കുതന്നെ. ആരും ഒന്നും ചെയ്തില്ല. എല്ലാ പണിക്കാരത്തികളും മതിലും ചാരിയിരുന്നു.

പാത്തു ഇടയ്ക്കിടെ നെടുവീർപ്പിട്ടുകൊണ്ടിരുന്നു. തൻറെ ബാല്യകാലത്തുതന്നെ കെട്ടാൻ കൊതിച്ച പൂങ്കുയിലിൻറെ മരണം അവളെ സ്തബ്ധയാക്കി. മറ്റുള്ളവരെ മൂകകളും.

പൂക്കുഞ്ഞിബീ കുഞ്ഞാലിയുടെ മുറിയിൽ ഭീതിപൂണ്ട മുഖവുമായി കയറിച്ചെന്നു. കുഞ്ഞാലിയെ സംബന്ധിച്ചിടത്തോളം എറമുള്ളാൻറെ മരണം അത്ര കാര്യമായ സംഭവമൊന്നുമല്ലായിരുന്നു. അഞ്ചാം ക്ലാസ് പാസ്സായ ആഹ്ലാദമാണവന്.

പൂക്കുഞ്ഞിബീയെ കണ്ടയുടനെ അവൻ എഴുന്നേറ്റ് അവളുടെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു:

"ഞാൻ ജയിച്ചു."

"ഇഞ്ഞി ജയിച്ചോ?" പൂക്കുഞ്ഞിബീ അത്ഭുതം കാണിച്ചു. എന്നിട്ടു ചോദിച്ചു: "ആരാ പറഞ്ഞത്?"

"ബുഹാരി."

"ഓനൊരു പഹയൻതന്ന്യാ." ഇത്രയും വലിയ രഹസ്യം ചോർത്തിയെടുത്ത ബുഹാരിയെ അവൾ അല്പനിമിഷങ്ങളോളം ആരാധിച്ചു. പിന്നെയാണ് സ്വന്തം കാര്യം ഓർമ്മവന്നത്. "ഞാനോ?"

കുഞ്ഞാലി ഒരു നിമിഷം ആലോചിച്ചു. എന്നിട്ടു പറഞ്ഞു: "അറിഞ്ഞൂടാ."

അപ്പോൾ അവൾ പറഞ്ഞു: "എനിക്കറിയാം. ഞാൻ ജയിക്കൂലാ."

അക്കാലത്ത് മാപ്പിളപ്പെൺകുട്ടികളെ അഞ്ചാംതരം പാസ്സാക്കാറില്ല. അവർ സാധാരണ അഞ്ചാംതരം എത്തുന്നതോടെ എഴുത്തു പഠിപ്പു നിർത്തുകയാണു പതിവ്. അതുകൊണ്ട് ശങ്കരക്കുറുപ്പ് ഒരൊറ്റ

പെൺകുട്ടിയെയും അഞ്ചാംതരം പാസ്സാക്കിയില്ല. ഈ രഹസ്യം കുഞ്ഞാലിക്കറിയാമായിരുന്നിട്ടും അവൻ പറഞ്ഞില്ല.

കുറെനേരം അവർ മിണ്ടാതിരുന്നു. ജനലഴികളിലൂടെ അവർ ആകാശം നോക്കി. അറബിപ്പുളിമരങ്ങളും മാവും പ്ലാവും എല്ലാം. ഇലകൾ കൊഴിഞ്ഞു വാരിയെല്ലുകളുമായി നില്ക്കുന്ന തോട്ടത്തിലെ ചെടികൾ വാടിക്കരിയാറായി. ഉറുമ്പിൻകായമരം ശോഷിച്ചവശയായി.

മേടത്തിൻറെ അവസാനദിവസങ്ങൾ. ആകാശം കാർ മൂടിക്കെട്ടി നില്ക്കുന്നു. പെട്ടെന്നു കാറ്റടിക്കാൻ തുടങ്ങി. തണുത്ത കാറ്റ്. കുഞ്ഞാലി പറഞ്ഞു:

"കുറ്റ്യാടിമലയിൽ മഴ പെയ്ന്ന്ണ്ടാവും."

ആകാശം വീണ്ടും കനത്തിരുണ്ടു. മഴ പെയ്യും പെയ്യില്ല എന്ന മട്ടായി. കാറ്റിനു ശക്തികൂടി. മരത്തലപ്പുകൾ ആർത്തലച്ചു. മഴ ഒന്നു ചിണുങ്ങി. രണ്ടുമൂന്ന് ഇടികൾ മുഴങ്ങി. മിന്നൽപ്പിണരുകൾ മിന്നി. അത്രമാത്രം. അപ്പോഴേക്കും കാറ്റടങ്ങി. കാർമേഘങ്ങൾ മെല്ലെ മെല്ലെ നീങ്ങി പടിഞ്ഞാറോട്ടേക്കു യാത്രയായി.

ആകാശം വീണ്ടും തെളിഞ്ഞു.

കുഞ്ഞിപ്പള്ളിയിൽനിന്നു പെട്ടെന്നു കതിനവെടി മുഴങ്ങി. നോമ്പു തുറക്കേണ്ട സമയമായി.

കോലായിലിരിക്കുന്നവർക്കെല്ലാം ഓരോ കാരക്കായും ഓരോ ഗ്ലാസ് വെള്ളവും മാത്രം കൊടുത്തു. അത്രമാത്രമേ ആ വലിയ തറവാട്ടിൽ ഉണ്ടായിരുന്നുള്ളൂ.

എന്നിട്ടു തങ്ങൾ പറഞ്ഞു: "എല്ലാവരും പോയി നിസ്കരിക്കീൻ."

ആളുകളൊഴിഞ്ഞ കോലായിൽ ഹൈദ്രോസ് മാത്രം ബാക്കിയായി. എറമുള്ളാൻറെ മരണം അവനെ സംബന്ധിച്ചിടത്തോളം സ്വർണലിപിയിലെഴുതേണ്ട ഒരു ദിവസമാണ്. എല്ലാവരും ഒഴിഞ്ഞ വയറുമായി എഴുന്നേറ്റുപോയ ഒരേയൊരു റംസാൻദിവസം. ഒരു ഗ്ലാസ് വെള്ളമെടുത്ത് അവനും കുടിച്ചു. ഇന്ന് എൻറെ സന്തോഷദിവസമാ. എനിക്ക് ഇന്നു പച്ചവെള്ളം മതി.

വിശപ്പല്ലാത്ത ഒരു വികാരം മനുഷ്യർക്കുണ്ടോ? അവൻ സംശയിച്ചു. വയറല്ലാത്ത ഒരവയവം മനുഷ്യർക്കില്ല എന്ന ശാസ്ത്രം അവൻ സ്വയം പഠിച്ചു. ഭക്ഷണമല്ലാത്ത ഒരു വസ്തു ലോകത്തില്ലെന്നവൻ മനസ്സിലാക്കി. അവൻറെ ജീവിതം വിശപ്പും വയറും ഭക്ഷണവുമായി ഒരു കൊടിയുടെ മൂന്നു നിറങ്ങൾപോലെ അസ്തിത്വം പൂണ്ടു നിന്നു.

ആറ്റബീബി ഒരു കൊടുങ്കാറ്റുപോലെ അടുക്കളയിൽ കയറിവന്നു. വെള്ളമൂക്കു പതിച്ച മെതിയടിയുടെ ശബ്ദം അടുക്കളത്തളത്തിൽ മുഴങ്ങി. പൂനിലാവുദിച്ച നെറ്റിയിലെ വിയർപ്പ് വെളുത്തു നേർത്ത തള്ള വിരൽകൊണ്ടു തുടച്ചശേഷം പുരികക്കൊടികളുയർത്തിക്കൊണ്ടു പറഞ്ഞു:

"എന്താ എല്ലാം മിണ്ടാണ്ടിരിക്ക്ന്ന്? എൻറെ ആരും മരിച്ചിറ്റില്ല."

പണിക്കാർ ചടപടാ എഴുന്നേറ്റു.

"ബേഗം ചോറും ചായയും ഉണ്ടാക്ക്. അല്ലെങ്കിൽ സകലത്തിനേം തച്ച് പൊറത്താക്കും ഞാൻ."

വിളക്കുകൾ തെളിഞ്ഞു. ഉരുളുകൾ അലറി. അമ്മി പാട്ടുപാടി. അടുപ്പ് മിന്നാമിനുങ്ങുകളെ ഉയർത്തി. അങ്ങനെ അടുക്കള വീണ്ടും സജീവമായി.

പകൽ മുഴുവനും പട്ടിണികിടന്നിട്ടും കുഞ്ഞാലിക്കു വിശപ്പു തോന്നിയില്ല. അവൻറെ മനസ്സ് ഒരു വിജയത്തിൻറെ ലഹരിയിലായിരുന്നു. താൻ അഞ്ചാംതരം പാസ്സായിരിക്കുന്നു. ഇനി ഹൈസ്കൂളിൽ പോയി ചേരണം. പഠിച്ചു പഠിച്ചു പത്താംതരം പാസ്സാവണം. പിന്നെ ഒരു ഡെപ്യൂട്ടി ഇൻസ്പെക്ടരാവണം.

പന്ത്രണ്ടു വയസ്സുവരെയുള്ള അവൻറെ ഹ്രസ്വമായ ജീവിതയാത്രയിൽ അവൻ പലതുമാവാൻ കൊതിച്ചു. ഒഞ്ചിയത്തു വെടിവെപ്പു നടന്ന കാലത്ത് ഒരു പോലീസുകാരനാവാനായിരുന്നു അവൻ

കൊതിച്ചത്. അമ്മായി അബ്ദുറഹിമാൻറെ കാർ കൈകൊണ്ടു തൊടാനുള്ള ഭാഗ്യമുണ്ടായപ്പോൾ ഒരു ഡ്രൈവറാവാനായിരുന്നു മോഹം. പട്ടാളത്തിൽ നിന്നു പട്ടാളവേഷത്തിൽ വണ്ടിയിറങ്ങിവരുന്ന രൈരുക്കുറുപ്പിൻറെ മകൻ കമ്മാരൻനായരെ കണ്ടപ്പോൾ പട്ടാളക്കാരനാവാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, എല്ലാറ്റിലും മറികടന്നാണ് അവൻറെ ആഗ്രഹം തളിരിട്ടത്. ശങ്കരക്കുറുപ്പു മാസ്റ്റർകൂടി ഭയപ്പെടുന്ന ഡെപ്യൂട്ടി ഇൻസ്പെക്ടരെ കണ്ടപ്പോഴാണ്. ഒരേ ഇരുപ്പിൽ ഇരുനാഴി അവലും പതിനാറു മൈസൂർപ്പഴവും അരപ്പൊതി ചക്കരയും കുഴച്ചു തിന്നശേഷം രണ്ടു ഫുൾ ചായയും കുടിച്ച് പത്തുമിനിട്ടു കഴിയുന്നതിനു മുമ്പുതന്നെ വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തിനിരുന്ന കുറുക്കൻ രാമകൃഷ്ണയ്യർ. വലിയ പരാക്രമിതന്നെയായിരുന്നു അയാൾ.

മുറിയിൽ ശബ്ദം കേട്ട് അവൻ തിരിഞ്ഞുനോക്കി. ചുമരും നോക്കിക്കൊണ്ടാണ് അവൻ കിടന്നിരുന്നത്.

“ഉം? എന്താ?” തന്നെ സ്വപ്നങ്ങളിൽനിന്നുണർത്തിയ പൂക്കുഞ്ഞിബീയോടു വല്ലാത്ത നീരസം തോന്നി. പക്ഷേ, കാണിച്ചില്ല. പൂക്കുഞ്ഞിബീയല്ലേ?

“എനിക്ക് പേടിയാവുന്നു.”

“പേടിയോ?” കുഞ്ഞാലി ചോദിച്ചു.

പൂക്കുഞ്ഞി കട്ടിലിലിരുന്നുകൊണ്ടു പറഞ്ഞു: “എറമുള്ളാൻറെ ബാങ്കുവിളി ഞാനിപ്പം കേട്ടു!”

ആദ്യം അവനു ചിരിയാണു വന്നത്. പിന്നെ അവനൊന്നു വിയർത്തു.

“ഇഞ്ഞി പോയി പാത്തുവിൻറെകൂടെ കിടന്നോ.”

“പാത്തുമ്മ ഹാലിളകി പോതം കെട്ടു കിടക്ക്ന്നാ.” പൂക്കുഞ്ഞി പറഞ്ഞു.

എന്തെങ്കിലും അത്യാഹിതങ്ങൾ സംഭവിക്കുന്ന ദിവസങ്ങളിലെല്ലാം പാത്തുമ്മ ബോധമില്ലാതെ തളർന്നുവീഴും. ഇസ്റ്റീരിയ രോഗം എന്നോ മറ്റോ ആണ് ഒരിക്കൽ അവളെ പരിശോധിച്ച തമ്പുരാൻ ഡോക്ടർ പറഞ്ഞത്.

അവനൊന്നും പറഞ്ഞില്ല. ജനലഴിയിലൂടെ അവൻ പുറത്തേക്കു നോക്കി. പുറത്തു നല്ല ഇരുട്ട്. ഇരുണ്ട കിഴക്കനാകാശത്തിൻറെ പശ്ചാത്തലത്തിൽ അറബിപ്പുളിമരത്തിൻറെ തലപ്പുകൾ നരച്ച കുടത്തുണിയിൽ മഷി വീണപോലെ നിലനിന്നു.

കുറച്ചു കഴിഞ്ഞപ്പോൾ അവൻ ചോദിച്ചു:

“ഇഞ്ഞിയെന്താ താഴോട്ടു പോകാത്തത്?”

“എനക്ക് പേടിയാവുന്നു.”

പൂക്കുഞ്ഞിബീക്ക് എന്നും പേടിയാണ്. രാത്രിയാകുന്നതോടെ പേടി വർദ്ധിക്കുന്നു. കുറുക്കന്മാർ ഓളിയിടുമ്പോൾ; മൂങ്ങ മൂളുമ്പോൾ, നെടുമുള്ളാനലറുമ്പോൾ, എവിടെനിന്നെങ്കിലും വെടി മുഴങ്ങുമ്പോൾ, അമ്പലത്തിൽനിന്നു വാണമുയരുമ്പോൾ, പുറത്തു കാറ്റടിക്കുമ്പോൾ, പള്ളിപ്പറമ്പിൽ കരിയിലകൾ അനങ്ങുമ്പോൾ അവൾ പേടിച്ചുവിറച്ചു. രാത്രികാലങ്ങളിൽ ജിന്നിനെയും ചെകുത്താനെയും മാത്രം അവൾ സ്വപ്നം കണ്ടു. ഇരുട്ടിനു നീരാളിയെപ്പോലെ ഒരുപാടു കൈകളുണ്ടെന്ന് അവൾ വിശ്വസിച്ചു. എന്നെങ്കിലും തൻറെ പഴയ കിനാവിലെ ജിന്നുരാജകുമാരൻ തന്നെ അവൻറെ കുതിരപ്പുറത്തു റാഞ്ചിക്കൊണ്ടുപോകുമെന്ന് പൂക്കുഞ്ഞിബീ ഭയന്നു.

എന്തെല്ലാമോ ആലോചിച്ചാലോചിച്ച് കുഞ്ഞാലി ഉറങ്ങിപ്പോയി. പാതിരാത്രി എന്തോ ശബ്ദംകേട്ട് ഉറക്കു ഞെട്ടിയപ്പോൾ തൻറെ ദേഹത്തിൽ ഒരു കൈ! ആദ്യം അവൻ ഭയന്നു നിലവിളിക്കാൻ നോക്കി. പക്ഷേ, ആ കൈകൾ അവനു പരിചയമുള്ള കൈകളായിരുന്നു. പൂക്കുഞ്ഞിബീയുടെ തളർന്നുറങ്ങുന്ന കൈ.

ഒരു പൂപോലെ അവൻ അതെടുത്ത് അവളുടെ ദേഹത്തിൽതന്നെ വെച്ചു. പിന്നെ മെല്ലെമെല്ലെ മതിലോട്ടു നീങ്ങിക്കിടന്നു; രണ്ടാൾക്കുമിടയിൽ ഒരു ചെറിയ വിടവുണ്ടാക്കിക്കൊണ്ട്.

പുലരാൻകാലത്ത് പാത്തുമ്മയ്ക്കു വീണ്ടും ബോധക്ഷയമുണ്ടായി. നിലത്തുകിടന്നുരുണ്ടുകൊണ്ട് അറക്കാൻ കെട്ടിയ കാളയെപ്പോലെ മുക്രയിട്ടു. ആറ്റബീബിയാണ് ആദ്യം എത്തിയത്. മുട്ടവിളക്കിൻറെ തിരി നീട്ടി.

പാത്തുമ്മ കട്ടിലിൽനിന്നു നിലത്തു വീണിരിക്കുന്നു. മലർന്നു നിശ്ചലമായാണു കിടപ്പ്. കണ്ണിൻറെ പുരികങ്ങളും തള്ളവിരലും മാത്രം ഇളകിക്കൊണ്ടിരുന്നു.

“ഹെൻറെ എറമുള്ളാനെ!” അവൾ വീണ്ടും കൂകി. നെടുമുള്ളാനെപ്പോലെ നാലഞ്ചു പ്രാവശ്യം കൂകി. പിന്നെ കൂകലിനു ശക്തികൂടി. ആഴം വർദ്ധിച്ചു. പിന്നെയതു മെല്ലെമെല്ലെയായി നേർത്ത് ഇല്ലാതായി. ശ്വാസഗതി മന്ദീഭവിച്ചു. നെടുവീർപ്പുകൾ നിന്നു. ശാന്തമായി. പണിക്കാരത്തികൾ വിയർത്തവശയായി കുഴഞ്ഞുകിടക്കുന്ന പാത്തുവിനെ പൊക്കിയെടുത്തു കട്ടിലിൽ കിടത്തി വിയർപ്പു തുടച്ചു.

പാത്തുമ്മ മെല്ലെ കണ്ണു തുറന്നു.

“ഇനിക്ക് കുടിക്കണോ!” ആരോ ചോദിച്ചു.

പാത്തുമ്മ ചുണ്ടുകൾ ഒന്നിളക്കുകമാത്രം ചെയ്തു. പിന്നെ ചുണ്ടുകളിൽ ഒരു പുഞ്ചിരിയുമായി ഉറങ്ങാൻ കിടന്നു. അപ്പോഴാണ് മറ്റേ കട്ടിൽ ഒഴിഞ്ഞുകിടക്കുന്നത് ആറ്റബീബി കണ്ടത്. എവിടെ പൂക്കുഞ്ഞിബീ ? അവർ ഉറക്കെ വിളിച്ചു, പക്ഷേ, പൂക്കുഞ്ഞിബീയെ കണ്ടില്ല.

മുട്ടവിളക്കുകൾ കൈയിലെടുത്തു പലരും പല ദിക്കിലേക്കും ഓടി. കുളിമുറിയിൽ, അടുക്കളയിൽ, അകങ്ങളിൽ, മുറ്റത്ത്, പുറക്കെട്ടിൽ, കോലായിൽ, കട്ടിലിനടിയിൽ. പക്ഷേ, ആരും കണ്ടില്ല.

ആറ്റബീബി പരിഭ്രാന്തയായി നില്ക്കുമ്പോൾ ഒരു പണിക്കാരത്തി മോളിൽനിന്നിറങ്ങിവന്ന് അപരാധബോധത്തോടെ അവരുടെ മുമ്പിൽ നിന്നു.

“എന്താടീ നത്തിനെപ്പോലെ?” ആറ്റബീബി ചോദിച്ചു.

“ബീക്കുട്ടി മോളിലുണ്ട്.”

എല്ലാവരും ഓടി. ഏണിപ്പടികൾ ആർത്തലച്ചു.

മുട്ടവിളക്കുകൾ കൈയിൽ പിടിച്ചുകൊണ്ട് അവരെല്ലാം ആ കട്ടിലിനു ചുറ്റുംനിന്നു. ഒരാളുടെ നെഞ്ചിൽമാത്രം തീ ആളിക്കത്തി. ആ തീ തുപ്പിക്കൊണ്ട് അവർ പറഞ്ഞു:

“ഹറാത്ത് ! ഓൻ ഇതും ഇതിനപ്പുറോം ചെയ്യും.” മുഷ്ടികൾ മടക്കിക്കൊണ്ട് അവർ പറഞ്ഞു: “നേരം വെളുക്കട്ടെ!”

വെള്ളിമൂക്കുള്ള മെതിയടി മെല്ലെമെല്ലെ അടിയിലേക്കു താളമിട്ടു. താളമില്ലാത്ത താളമായിരുന്നു അത്. അവയ്ക്കു പിറകെ ദാസികൾ ശബ്ദമില്ലാതെയിറങ്ങി. അവരുടെ കാലടികൾ വെറും കാലടികളായിരുന്നു. അതിനാൽ കയറുമ്പോൾ കേൾക്കാൻ കൊതിച്ച കാലടിയൊച്ചകൾ ഇറങ്ങുമ്പോഴും ആരും കേട്ടില്ല.

മുപ്പത്തൊമ്പത്

തറവാട്ടിൽ മുഴവനും അതൊരു പാട്ടായി. കുഞ്ഞാലിക്ക് പുറത്തിറങ്ങാൻ തന്നെ മനസ്സുവന്നില്ല, പൂക്കുഞ്ഞിബീ പറ്റിച്ച ഒരു പണി. ആ രാത്രി അവിടെ കിടക്കേണ്ട വല്ല ആവശ്യവുമുണ്ടോ അവൾക്ക്.

പൂക്കുഞ്ഞിബീക്ക് തീരെ കൂസലില്ലായിരുന്നു. ബോധക്കേടു മാറിയപ്പോൾ പാത്തുമ്മ ചോദിച്ചു:

"പൂക്കുഞ്ഞിബീക്ക് നാണമില്ലേ?"

"ഉം?" അറിയാത്തപോലെയായി പൂക്കുഞ്ഞി.

"ബീക്കുട്ടിയെന്തിനാ കുഞ്ഞാലീൻ്റെ കട്ടിലിൽ, കെടന്നത്?"

"ഓ!" ആ ചെറിയ പുരികങ്ങളിൽ പരിഹാസം നിറഞ്ഞു. അവൾ പറഞ്ഞു: "ഒറക്കം ബന്നിറ്റ്."

പല്ലുതേച്ച്, ഒരു പിഞ്ഞാണം ചായയും കുടിച്ച് സ്ലേറ്റിൽ ഒരു കൂമൻ്റെ ചിത്രം വരച്ചുകൊണ്ടിരുന്നപ്പോൾ ബുഹാരി മുകളിൽ കയറിവന്നു. എന്നിട്ട് ഇടംവലം നോക്കാതെ ഒരു താക്കീത്:

"തങ്ങള് ബിളിക്ക്ന്ന്."

കുഞ്ഞാലി ഞെട്ടിത്തെറിച്ചു.

"എന്താ പേടിയാക്ക്ന്നോ? ഉം, നല്ല കോളുതന്നെ! ബേഗം ചെല്ല്." അവൻ കോണിപ്പടികളിറങ്ങി.

കുഞ്ഞാലിയുടെ ചങ്കിൽ ഒരു വലിയ തവളയിരിക്കുന്നതുപോലെ തോന്നി അവന്; കാലുകളിൽ വലിയ ഭാരക്കട്ടികളും.

എങ്ങനെയോ അവൻ കോലായിലെത്തി. അവിടെ തങ്ങൾ ആനക്കസേരയിലിരുന്ന് സിങ്കപ്പൂർ ചുരുട്ടു പുകയ്ക്കുന്നു. പട്ടാളം ഇബ്രായി തൊട്ടരികെ അതിൻ്റെ പുകച്ചുരുളുകൾ നോക്കിക്കൊണ്ടിരിക്കുന്നു. തൂണുകൾചാരി വേറേ ഒട്ടനവധി പേർ. ഇറയത്തു പാട്ടക്കാരായ കുറെ തീയർ.

കസേരയിൽ വലിയ ഗൗരവത്തിൽ ശങ്കരക്കുറുപ്പു മാസ്റ്റർ വെറ്റില മുറുക്കിയും തുപ്പിയും കൊണ്ടിരുന്നു. ശങ്കരക്കുറുപ്പിനെ കണ്ടതോടെ കുഞ്ഞാലി ഉരുകാൻ തുടങ്ങി.

"വാ." ശങ്കരക്കുറുപ്പ് അവനെ കൈകാട്ടി വിളിച്ചു.

അവൻ നടന്ന് ശങ്കരക്കുറുപ്പുമാസ്റ്ററുടെ അടുത്തുചെന്നു.

അയാൾ അവനെ ചേർത്തു നിർത്തി. പുളിച്ച കഞ്ഞിവെള്ളത്തിൻ്റെ മണം അവൻ്റെ മനംപുരട്ടി. ശങ്കരക്കുറുപ്പിൻ്റെ കണ്ണുകൾ നിറഞ്ഞു; അതവൻ കണ്ടില്ല. കൈത്തണ്ടയിൽ ചുടുനീരിറ്റിയപ്പോളാണു മനസ്സിലായത്.

ശങ്കരക്കുറുപ്പിൻ്റെ ശബ്ദത്തിനു കനമുണ്ടായിരുന്നു.

"നീ ഞങ്ങളെ വിട്ടാലും തരക്കേടില്ല. നന്നായിവാ. കാരക്കാട് മാപ്പിള സ്കൂളിന് നീ ഒരഭിമാനമായിരിക്കണം."

അപ്പോഴേക്കും കുഞ്ഞാലിയുടെ കണ്ണുകളും നിറഞ്ഞു. അവൻ രക്ഷപ്പെട്ടിരിക്കുന്നു.

ശങ്കരക്കുറുപ്പു ചോദിച്ചു:

"നീ പഠിച്ച് പത്താംതരം പാസ്സായാൽ ആരാകും?"

ഒരു നിമിഷംപോലും കാത്തുനില്ക്കാതെ അവൻ പറഞ്ഞു: "ഡെപ്യൂട്ടി ഇൻസ്പെക്ടർ."

ശങ്കരക്കുറുപ്പ് ചിരിച്ചു. പിന്നെ ഏറെനേരം ചിന്തിച്ചശേഷം പറഞ്ഞു:

"ശരിതന്നെ. പക്ഷേ, നീ ആരെയും സൂപ്പർന്യൂമറിയായിത്തന്നെ നിർത്തരുതേ."

അത് കുഞ്ഞാലിക്കു മനസ്സിലായില്ല.

പിറ്റേന്ന് അതിരാവിലെ ശങ്കരക്കുറുപ്പു മാസ്റ്ററുടെ കൈയുംപിടിച്ച് അവൻ ഹൈസ്കൂളിലേക്കു യാത്രയായി. പോകാൻനേരത്തു പത്തുറുപ്പികയുടെ രണ്ടു നോട്ടുകൾ വലിയതങ്ങൾ ശങ്കരക്കുറുപ്പിൻറെ നേരേ നീട്ടി. ശങ്കരക്കുറുപ്പ് പകച്ചുനോക്കുന്നതു കണ്ടപ്പോൾ തങ്ങൾ പറഞ്ഞു:

"ഫീസും മറ്റും അബ്ടെ കൊടുക്കണ്ടേ?"

"വളരെ നന്നായി." അതു കീശയിലിട്ടുകൊണ്ട് ശങ്കരക്കുറുപ്പ് പറഞ്ഞു.

വയൽവരമ്പിലൂടെ തോടും പാലവും അറയ്ക്കലമ്പലവും കടന്നു പൂഴിപ്പറമ്പിലൂടെ അവർ നടന്നു. ദൂരെനിന്നുതന്നെ കടലിൻറെ ഇരമ്പൽ കേട്ടു.

കടലിനോടു ചേർന്നുതന്നെയായിരുന്നു സ്കൂൾ.

ഹെഡ്മാസ്റ്റർ സദാശിവൻപിള്ളയുടെ മുറിയുടെ മുന്നിൽ പുരുഷാരം. ഒരുപാട് അധ്യാപകന്മാരും ചേരാൻ വന്ന കുട്ടികളും.

കുഞ്ഞാലി സ്കൂളിൻറെ നീണ്ട വരാന്തയിൽനിന്നുകൊണ്ടു മൂന്നു ഭാഗവും നോക്കി. പടിഞ്ഞാറ് ആർത്തലയ്ക്കുന്ന കടൽ. അങ്ങു ദൂരെ ചക്രവാളത്തിനപ്പുറം കറുത്ത പൊട്ടുകൾപോലെ നില്ക്കുന്ന തോണികൾ. കിഴക്കും വടക്കും മുകയന്മാരുടെ കുടിലുകൾ. കുടിലുകൾക്കു മുന്നിൽ വലകെട്ടുന്ന വൃദ്ധന്മാരും നൂൽ പിരിക്കുന്ന വെളുത്ത സുന്ദരികളായ മുകയികളും.

ശങ്കരക്കുറുപ്പുമാസ്റ്റർ അവൻറെ ചുമലിൽ തട്ടിക്കൊണ്ടു പറഞ്ഞു:

"വാ."

അവർ സ്കൂളിൻറെ തൊട്ടു മുന്നിലുള്ള ചായപ്പീടികയിൽ കയറി. അതായിരുന്നു കുഞ്ഞിരാമൻറെ പീടിക. എത്രയോ ദിവസങ്ങൾ കുഞ്ഞാലി ഉച്ചയ്ക്കു വിശപ്പുമാറ്റിയ കുഞ്ഞിരാമൻറെ ചായപ്പീടിക.

കുഞ്ഞിരാമൻറെ പീടിക നിറയെ സ്കൂളിൽ ചേരാൻ വന്നവരാണ്. കുഞ്ഞിരാമൻ തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും ഓടി. നാലും അഞ്ചും ഒഴിഞ്ഞ ഗ്ലാസ്സുകൾ ഒന്നിനുമേൽ മറ്റൊന്നുവച്ച് ഒരു സർക്കസ്സുകാരൻറെ മാതിരി അവൻ ബാലൻസിൽ പ്രവൃത്തികൾ ആരംഭിച്ചു. അവൻറെ വെളുത്ത

കുറുതായ ഭാര്യ ഒരു കിണ്ണത്തിലെ കുഴമ്പുപോലുള്ള വെള്ളത്തിൽ ഗ്ലാസ്സുകളും ബസ്സികളും കഴുകിക്കൊണ്ടിരുന്നു. മൂക്കട്ടയൊലിക്കുന്ന ഒരു കുട്ടി അവളുടെ മുണ്ടും പിടിച്ചുതൂങ്ങി അവൾക്ക് ഒരു താങ്ങായി നിന്നു.

കുഞ്ഞിരാമൻ ചോദിച്ചു:

“എന്താ?”

ശങ്കരക്കുറുപ്പുമാഷ് പറഞ്ഞു:

“ഒരു ഫുൾ ചായയും ഒരരച്ചായയും...” അല്പം നിർത്തിയിട്ടു ചോദിച്ചു: “എന്താ കൂട്ടാൻ?”

“ചൂടുള്ള പിട്ടും ചെറുപയരുകറിയും.”

“പിന്നെ?”

“ചൂടുള്ള സുഗിയൻ.”

“പിന്നെ?”

“ചൂടുള്ള ബന്ന്.”

അവിടെ ചൂടില്ലാത്തതൊന്നുമില്ല. ശങ്കരക്കുറുപ്പുമാസ്റ്റർക്ക് ആകെ രസമായി.

“ശരി. പിട്ടും കറിയുമായ്ക്കോട്ടെ.”

കുഞ്ഞിരാമനെ അപ്പോഴാണ് കുഞ്ഞാലി നോക്കിയത്. ഒറ്റക്കണ്ണൻ. വലത്തെ കണ്ണിനു കൃഷ്ണമണിയില്ല. അതിനു പിഞ്ഞാണത്തിൻറെ കലങ്ങിയ നിറം. അതുകൊണ്ട് അവൻ കഴുത്ത് ഇടത്തും വലത്തുമായി ഇടതടവില്ലാതെ തിരിച്ചുകൊണ്ടിരുന്നു.

ഹെഡ്മാസ്റ്റർ സദാശിവൻപിള്ളയുടെ മുറിയിലേക്ക് അവരെ വിളിക്കുമ്പോൾ മണി ഏകദേശം മൂന്നാകാറായി. ഒരുപാടു കടലാസ്സുകളും ഫയലുകളും പുസ്തകങ്ങളും വച്ച മേശയ്ക്കു പിന്നിൽ ഹെഡ്മാസ്റ്റർ സദാശിവൻപിള്ള ഇരിക്കുന്നു. നല്ല കണ്ണട. തലയോട് ഒട്ടിനില്ക്കുന്ന നീണ്ടമുടി. ബ്രിൽക്രീമിൻറെ മണം. മഞ്ഞ ബുഷ്കോട്ടും പാൻറും കറുത്ത ഷൂസും. വെളുത്തു ചുവന്ന നിറം. രസികൻ പുഞ്ചിരി. ചുവന്ന ചുണ്ടിൽ ഇടതടവില്ലാതെ സിഗരറ്റ്.

സദാശിവൻപിള്ളയ്ക്ക് ഇരുപത്തഞ്ചിലധികം പ്രായമില്ല. വൈക്കമാണ് സ്വദേശം. മലബാറിൽ ആദ്യം വന്ന തിരുവിതാംകൂറുകാരൻ അധ്യാപകൻ. ബി.എ.ബി.ടി. പാസ്സായ ഉടൻ ഫിഷറീസിൽക്കയറി. ഡിപ്പാർട്ടുമെൻറിലെ ആദ്യത്തെ ഗ്രാജ്വേറ്റ് ആയിരുന്നു. കിളവന്മാരായ മറ്റധ്യാപകർ പറഞ്ഞു:

“മഹാഭാഗ്യവാൻ!”

ആ മഹാഭാഗ്യവാൻ കുഞ്ഞാലിയോടു ചോദിച്ചു:

“നീ നന്നായി പഠിക്കുമോ?”

കുഞ്ഞാലിക്കു വല്ലാത്ത നാണമായി. ഒന്നും പറയാതെ അവൻ തല താഴ്ത്തി.

“എന്നാൽ നിനക്കു സീറ്റില്ല.” എന്നായി ഹെഡ്മാസ്റ്റർ.

കുഞ്ഞാലി ഞെട്ടിയുണർന്നു:

“ഞാൻ പഠിക്കും സാർ.”

“മിടുക്കൻ! നീ എന്തൊക്കെ പഠിക്കും?”

അതിൻറെ ഉത്തരം അവനറിയില്ലായിരുന്നു. അവൻ വീണ്ടും തല താഴ്ത്തി. ആ തല അവൻ പിന്നെ ഒരിക്കലും സദാശിവൻപിള്ളയുടെ മുന്നിൽ ഉയർത്തിയിട്ടില്ല.

ആദ്യത്തെ ദിവസംതന്നെ മഴയായിരുന്നു. ഇടവം പതിന്നാലിനാണ് സ്കൂൾ ആരംഭിച്ചത്. നേരം പുലർന്നതുതന്നെ ഇരുട്ടിലായിരുന്നു. കുഞ്ഞാലിക്കു വലിയ നിരാശ തോന്നി. തുറക്കുന്ന ദിവസംതന്നെ മഴ. പുതിയ കുപ്പായവും പുതിയ തുണിയും പുതിയ കുടയും മൊട്ടത്തലയും മഴയിൽ നനഞ്ഞു. നനഞ്ഞുനനഞ്ഞ് അവൻ സ്കൂളിൻറെ വരാന്തയിൽക്കയറി.

ആറാം ക്ലാസ്സിൽക്കയറി കുട പൂട്ടി മൂലയിൽ ചാരിവെച്ചു ബഞ്ചിലിരുന്നു. ബെല്ലടിച്ചിട്ടില്ല. ക്ലാസ്സിൽ പഴയ കുട്ടികൾ തകൃതിയായി കളിച്ചു കൊണ്ടിരുന്നു. ആരോ വന്ന് അവൻറെ തലയിൽ തൊട്ടു എന്നിട്ടു കൂവി :

“മാപ്പളമൊട്ട

ചോക്കിൻറെ കട്ട

ഇപ്പോൾ പൊട്ടും

ട്ടോ!”

കുഞ്ഞാലിക്കു വലിയ സങ്കടമായി. മൊട്ടയടിച്ച ഒരു കുട്ടിപോലും ആ ക്ലാസ്സിൽ ഇല്ലായിരുന്നു.

പെട്ടെന്നു മണിയടിച്ചു.

ആണ്ടിമാസ്റ്റർ, റജിസ്റ്റർ കക്ഷത്തും ചൂരൽ കൈയിലുമായി ക്ലാസ്സിൽ വന്നു കയറി. കുട്ടികൾ ഭയവിഹ്വലരായി വിറച്ചു. ആണ്ടിമാസ്റ്റർ കുട്ടികൾക്ക് ഒരു പേടിസ്വപ്നമാണ്. ചൂരൽ അയാളുടെ ഒരവയവമായിരുന്നു. അതു പൂശാത്ത ഒരു കുട്ടിയും അയാളുടെ ക്ലാസ്സിൽ ഉണ്ടാവുകയില്ല.

കസേരയിലിരുന്നു റജിസ്റ്റർ മേശപ്പുറത്തെറിഞ്ഞ് ചൂരൽ മേശയ്ക്കടിച്ചു കൊണ്ടു ചോദിച്ചു:

“കടപ്പുറത്തിൻറെ മക്കളേ, നിങ്ങൾക്കു വലകെട്ടാനറിയ്യോ?” ആരും മിണ്ടിയില്ല.

“നിങ്ങൾക്ക് മീൻ പിടിക്കാൻ അറിയ്യോ ചെക്ത്താന്മാരേ?”

ആരും മിണ്ടിയില്ല.

ചൂരൽക്കസാലക്കാലിലും മേശമേലും അടിച്ചുകൊണ്ട് അട്ടഹസിച്ചു:

“ഇതു രണ്ടും ഞാൻ നിങ്ങളെ പഠിപ്പിക്കും. ഇത് ഗവർമ്മണ്ട് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളാണ്. ഓർമ്മയിരിക്കട്ടെ തന്തകളേ!”

കുട്ടികൾ ആലിലകൾപോലെ വിറച്ചു.

ആണ്ടിമാസ്റ്റർ ഒരു ബീഡിക്കു തീകൊളുത്തി. അയാളുടെ ജുബ്ബയുടെ കീശയ്ക്കു വലിയ ആഴമുണ്ടായിരുന്നു. ഒരു വില്ലുപോലെ ഒരു ഭാഗത്തേക്കു വളഞ്ഞുകൊണ്ടാണ് അയാൾ ബീഡിയും തീപ്പെട്ടിയും കീശയിൽനിന്നെടുത്തത്. ബീഡി ആഞ്ഞുവലിച്ചുകൊണ്ട് ആണ്ടിമാസ്റ്റർ പറഞ്ഞു:

“നിങ്ങളെയെല്ലാം ഞാൻ പഠിപ്പിക്കും. പ്രകൃതിപാഠവും തോട്ടപ്പണിയും വലകെട്ടലും ഫീഷറീസ് സൈൻസും.”

ചുവന്ന കണ്ണുകൾകൊണ്ട് അയാൾ ക്ലാസ്സിനെ ആകമാനം നോക്കിയ ശേഷം ഇടത്തേ കീശയിൽനിന്നു ഡപ്പി പുറത്തെടുത്ത് ഒരു നുള്ളു പൊടിയെടുത്തു വലിച്ചു. ഉള്ളംകൈകൊണ്ടു മൂക്ക് ഇടത്തോട്ടും വലത്തോട്ടും തടവി. പിന്നെ ഒരുപാടുനേരം തുമ്മി.

“മക്കളേ! പ്രകൃതിപാഠവും തോട്ടപ്പണിയും നിങ്ങൾ പഠിച്ചില്ലെങ്കിൽ ഞാൻ ക്ഷമിക്കും. ഫിഷറീസ് സൈൻസ് നിങ്ങൾ പഠിച്ചില്ലെങ്കിൽ ഞാൻ ക്ഷമിക്കും. എന്നാൽ മക്കളേ, വലകെട്ടാൻ നിങ്ങൾ പഠിച്ചില്ലെങ്കിൽ അടിച്ച് എല്ലാറ്റിൻറെയും പുറം ഞാൻ ചോമ്പാൽ കടപ്പുറമാക്കും.”

“എന്താ നിൻറെ പേര്?” ആണ്ടിമാസ്റ്റർ കുഞ്ഞാലിയെ പെരുവിരൽ ചൂണ്ടി ചോദിച്ചു. എപ്പോഴും പെരുവിരലാണു ചൂണ്ടുക. ഒരു തോക്കുചൂണ്ടുന്ന മാതിരി.

"കുഞ്ഞാലി." ബഞ്ചിലിരുന്നുകൊണ്ട് കുഞ്ഞാലി പറഞ്ഞു.

"നീ ഏതു സ്കൂളിൽനിന്നാടാ വരുന്നത്?"

"കാരക്കാട് മാപ്പിളസ്കൂൾ."

"അവിടെ മര്യാദപഠിപ്പിക്കലില്ലേടാ ചെകുത്താനേ?" കുഞ്ഞാലി അന്തംവിട്ടു നിന്നു.

അപ്പോൾ ആണ്ടിമാസ്റ്റർ അലറി :

"എണീറ്റുനിന്നുകൊണ്ട് ഉത്തരം പറടാ പന്നീ !"

കാരക്കാട് മാപ്പിളസ്കൂളിൽ അതൊന്നും പതിവില്ലായിരുന്നു. അതു സയ്യിദ്മാരുടെ സ്കൂളായതിനാൽ ഉത്തരം പറയുമ്പോൾ എഴുന്നേറ്റു നില്ക്കുന്ന കീഴ്വഴക്കം അവിടെയില്ലായിരുന്നു. സയ്യിദ്മാർ ആരുടെ മുമ്പിലും നില്ക്കേണ്ടതില്ല. അതൊരു പുരാണമാണ്. അവർ നബിയുടെ നേരെയുള്ള അനുയായികളായതിനാൽ വിശ്വാസികളുടെ മുമ്പിലും അവിശ്വാസികളുടെ മുമ്പിലും ഒരിക്കലും എഴുന്നേറ്റു നിന്നില്ല.

കുഞ്ഞാലി എഴുന്നേറ്റു നിന്നു. കണ്ണുകൾ മഴക്കാറുപോലെ തുടുത്തു.

"എന്താടാ കുഴിയാമയെപ്പോലെ കളിക്കുന്നത്?"

അവൻ കരയാറായെന്നു മനസ്സിലായപ്പോൾ ആണ്ടിമാസ്റ്റർ അലിഞ്ഞു:

"ശരി. ഇരുന്നോ, എന്തു ചോദിച്ചാലും എഴുന്നേറ്റുനിന്നേ ഉത്തരം പറയാവൂ. പിന്നെ ഒരു കാര്യം; നീ ഇവിടെ വാ."

കുഞ്ഞാലി അടുത്തു ചെന്നു. മൊട്ടത്തലയിൽ കുറെനേരം തടവിക്കൊണ്ടു പറഞ്ഞു:

"ഇനി നമുക്കിതു വേണ്ട. ഇവിടെ ഇങ്ങനെയൊരു തല ഇതുവരെ വന്നിട്ടില്ല." അല്പം നിറുത്തിയിട്ട് ക്ലാസ് മുഴുവനും നോക്കിയശേഷം ചോദിച്ചു: "മനസ്സിലായോ?"

കുഞ്ഞാലിക്ക് യഥാർത്ഥത്തിൽ മനസ്സിലായില്ല.

ആണ്ടിമാസ്റ്റർ തുടർന്നു: "മനസ്സിലായില്ല, അല്ലേ? ഇനിമുതൽ മൊട്ടയടിക്കരുത്. ഓസ്സാനെ കാണുമ്പോൾ ഓടിക്കളയണം. ബാക്കികാര്യം ഞാനേറ്റു. തങ്ങൾ സമ്മതിച്ചാലും ഒസ്സാൻ നിന്നെ പിന്തുടരും."

ക്ലാസ്സിലെ കുട്ടികൾ ഒന്നാകെ ചിരിച്ചു. ക്ലാസ്സുമുറി ചിരികൊണ്ടു മുഴങ്ങി.

"മിണ്ടാതിരി നായ്ക്കളേ, നിങ്ങളെ മുഴുവൻ മൊട്ടയടിപ്പിക്കും ഞാൻ."

ഷോക്കേറ്റപോലെ കുട്ടികൾ പെട്ടെന്നു നിശ്ശബ്ദരായി.

പിന്നെ കുഞ്ഞാലി മുടി കളഞ്ഞിട്ടില്ല. ആണ്ടിമാഷ് തന്നെ മുൻകൈയെടുത്തു. തങ്ങളെക്കണ്ട് കുഞ്ഞാലിക്കുവേണ്ടി ആണ്ടിമാസ്റ്റർ ശുപാർശ പറഞ്ഞു.

തലയിൽ മുടി മുന്തിയപ്പോൾ ഒരു ദിവസം അവൻ കണ്ണാടിയിൽ നോക്കി. ഹോ! തല കറുത്തു സുന്ദരമായിരിക്കുന്നു. മുഖമാകെ മാറിയിരിക്കുന്നു. താൻ ഇത്രയും നല്ല സുന്ദരനാണെന്ന സത്യം അന്ന് കുഞ്ഞാലി ആദ്യമായി മനസ്സിലാക്കി.

പക്ഷേ, പുറത്തിറങ്ങാൻ വയ്യായിരുന്നു. ഒരുദിവസം സ്റ്റേഷൻ റോഡിലൂടെ നടക്കുമ്പോൾ പിന്നിൽനിന്ന് ഒരു വിളി : 'എടാ കാഫറേ!'

തിരിഞ്ഞപ്പോൾ മൂസ്സമുസലിയാർ. കണ്ണുകളിൽ വിദ്വേഷം ആളിക്കത്തുന്നു.

"ഇഞ്ഞി ഷ്കൂളിൽ ചേർന്ന്, അല്ലേടാ പന്നീ ? ഇഞ്ഞി ഇംഗ്രീസ് പഠിച്ച് കാഫറാകും. അല്ലേടാ പന്നീ ?"

കുഞ്ഞാലി ഒരക്ഷരം പറഞ്ഞില്ല.

മുസലിയാർ പറഞ്ഞു:

“ഞമ്മക്ക് ഒരു ബിരോതോം ഇല്ല. പക്കേങ്കില്, ഈ തലമുടി ! അതു ഞമ്മക്ക് സഹിക്കൂല.”

കുഞ്ഞാലിയുടെ മുടിയിൽ തടവി മുസലിയാർ പറഞ്ഞു:

“ഇഞ്ഞി ക്രോപ്പടിച്ചടാ ചെക്കാ. പക്കേങ്കില്, നെരത്തിക്കൂടി നടക്കുമ്പം തലയില് ഒരുറുമാല് കെട്ടണം.”

കുഞ്ഞാലി എല്ലാം അനുസരിക്കാമെന്ന വ്യവസ്ഥപൂണ്ട മുഖഭാവത്തോടെ വീണ്ടും നടക്കാൻ തുടങ്ങി.

“ബാ മോനെ, കണ്ണൻറെ പീട്യേല് ബാ. അരച്ചായ ബാങ്ങിത്തരാം.”

“ബേണ്ട സീതി. ഞാൻ പോവട്ടെ.” പോക്കറ്റിൽനിന്നു പട്ടുറുമാലെടുത്ത് അവൻ തലയിൽ കെട്ടി. ആരെ നിഷേധിച്ചാലും മൂസ്സമുസലിയാരെ വയ്യ.

നാല്പത്

തിരുവാതിര ഞാറ്റുവേല ആരംഭിച്ചു. തോരാത്ത മഴതന്നെ. രാവും പകലും കണ്ണിമുറിയാത്ത മഴ. വീടായ വീടുകളിൽ ജലദോഷവും പനിയും പിടിച്ചുകിടക്കുന്ന ആളുകൾ മഴയെ ശപിച്ചു. ഭൂമി മുഴുവനും വെള്ളമായിരുന്നു. ആകാശത്തിൽ വെള്ളമല്ലാതെ മറ്റൊന്നില്ലായിരുന്നു. സൂര്യനെ കണ്ടതേയില്ല. അതുപോലെ നക്ഷത്രങ്ങളെയും.

കുട്ടികൾ ഇടയ്ക്കിടെ നനഞ്ഞ കോലായിലേക്കിറങ്ങി ഇറയത്തു കൂടെ ഉറ്റിവീഴുന്ന മഴയുടെ നീർനാമ്പുകളിലേക്കു കൈനീട്ടി. വൃദ്ധന്മാർ തീക്കനലിൻറെ മുന്നിലിരുന്ന് ഉണങ്ങിയ ദേഹം പിന്നെയും ഉണക്കി. കൂലിപ്പണിക്കാർ ആകാശവും നോക്കി ഒഴിഞ്ഞ വയറുമായി ഉടുത്തമുണ്ടും പുതച്ചു കട്ടിലിൽ കണ്ണും തുറന്നു കിടന്നു.

അറയ്ക്കലെ തറവാട്ടിൽ കോളുതന്നെയായിരുന്നു. മഴക്കാലമാണ് തങ്ങളുടെ യഥാർത്ഥ സുഖദിവസങ്ങൾ. മഴ പെയ്യുന്ന ദിവസങ്ങളിൽ കുതിരസ്സവാരിയില്ല.

തങ്ങൾ കാലത്തെഴുന്നേറ്റു നിസ്കാരം കഴിച്ചു. അപ്പോഴേക്കും ഹൈദ്രോസ് പുഴുങ്ങി തോടുനീക്കിയ ആറേഴു മുട്ടയും പുട്ടിൻകുറ്റി പോലുള്ള ഒരു ഗ്ലാസ്സിൽ പാലുമായി വന്നു. ഒരു വീർപ്പിന് തങ്ങൾ മുട്ടയത്രയും പാലും അകത്താക്കി. ചെറിയൊരേമ്പക്കം വിട്ടശേഷം കോലായിൽ ആനക്കസേരയിൽ വന്നിരിപ്പായി.

മുന്നിൽ ധാരമുറിയാത്ത മഴയുടെ ചങ്ങലകൾ. ഇടതടവില്ലാതെ അതു മുറ്റത്തു വീണലിയുന്നത് എത്രനേരം നോക്കിയിരുന്നെന്നോർമ്മയില്ല. അതൊരു പതിവാണ്. കുളിരു കയറിയപ്പോഴാണ് പരിസരബോധമുണ്ടായത്. എഴുന്നേറ്റ് അകത്തുപോയി. കൊക്കയിൽ തൂക്കിയിട്ട രോമക്കുപ്പായമെടുത്തിട്ടു. വീണ്ടും വന്നു കോലായിലിരിപ്പായി.

പടിപ്പുരയുടെ വാതിൽ ഇതുവരെ തുറന്നിട്ടില്ല. പടിപ്പുരത്തിണ്ണയിൽ പുതച്ചുമൂടിയ ഒരു രൂപം അനങ്ങാതെ കിടക്കുന്നു. എത്ര മഴയായാലും കുളിരായാലും ബുഹാരി പടിപ്പുരത്തിണ്ണയിലല്ലാതെ മറ്റൊരിടത്തു കിടക്കാറില്ല. ആരെങ്കിലും വന്നു ശല്യപ്പെടുത്തിയാലല്ലാതെ എഴുന്നേല്ക്കാറുമില്ല.

തങ്ങൾ അകത്തു നോക്കി വിളിച്ചുപറഞ്ഞു:

"എടാ ഐദ്രോസേ!"

ഒരു കാവൽനായ കണക്കേ ഹൈദ്രോസ് ഓടിയെത്തി.

"ചൂടുള്ള ഒരു നല്ല ചായ."

കല്പന കേൾക്കേണ്ട താമസം, കോച്ചുന്ന കൈവിരലുകൾ തമ്മിലുരച്ചു ചൂടാക്കിക്കൊണ്ട് അവൻ അകത്തേക്കു വലിഞ്ഞു.

ചൂടുള്ള ഒരു ചായ കുടിച്ചപ്പോൾ തങ്ങൾക്കാകപ്പാടെ രസംപിടിച്ചു. സംസാരിക്കാനൊരാളില്ല; നേരംപോക്കിനൊരു പരിപാടിയില്ല. തങ്ങൾ ആകെ കുഴപ്പത്തിലായി. അപ്പോഴാണ് തലേന്ന് ആരോ അവിടെ ഇട്ടേച്ചുപോയ പുസ്തകത്തെക്കുറിച്ചോർമ്മവന്നത്. ഹുസുനുൽ ജമാലും ബദറുൽ മുനീറിൻറെയും കഥ. എത്ര തവണ വായിച്ചാലും കൊതിതീരാത്ത പ്രേമകഥ.

തങ്ങൾ അതെടുത്ത് ഉച്ചത്തിൽ പാടാൻ തുടങ്ങി.

നാല്പത്തൊന്ന്

രണ്ടു ദിവസം തുടർച്ചയായി മഴ പെയ്തില്ല. മഴക്കാലത്തെ ഒരത്ഭുതമായിരുന്നു അത്. മൂന്നാം ദിവസം വേനലിൻറെ ദിവസംപോലെ വെളിച്ചം പരക്കാൻ തുടങ്ങിയ ആകാശം തെളിമയാർന്നുനിന്നു. കുളിച്ചുണങ്ങിയ ഒരു പ്രൗഢയെപ്പോലെ നിസ്കാരം കഴിഞ്ഞു കാക്കിക്കുപ്പായവും ജീൻസും ധരിച്ച തങ്ങൾ കോലായിൽ വന്നു.

കുതിരക്കാരൻ പതിവുപോലെ കടിഞ്ഞാണുമായി മുറ്റത്തുനിന്നു. മഴയായാലും മഞ്ഞായാലും വേനലായാലും കുതിരയെ സവാരിക്കായി അവനെന്നും തയ്യാറാക്കും. ഇന്നു സവാരിയില്ല എന്നു തങ്ങൾ പറഞ്ഞാൽ മാത്രം താഴ്ന്ന തലയുമായി അവൻ പന്തിയിലേക്കു മടങ്ങും.

പുതിയ കുതിരക്കാരനെ സംബന്ധിച്ചിടത്തോളം കുതിര ഒരു പ്രശ്നമല്ല. അവൻറെ ഏറ്റവും വലിയ പ്രശ്നം കടിഞ്ഞാണാണ്. അവൻ പലപ്പോഴും പറഞ്ഞു:

“കടിഞ്ഞാണിലാണു ശരിയായ ജീവൻ. അതിൻറെ ഒരറ്റത്ത് കുതിര കിടക്കുന്നുവെന്നേയുള്ളൂ.”

വന്നദിവസം തങ്ങൾ അവനോടു ചോദിച്ചു:

“നിൻറെ പേര്?”

അവൻ പറഞ്ഞു: “കുതിരക്കാരൻ.”

“ഇതുതന്നെയാണോ ഇൻറെ പേര്?”

“അതെ.” കൂസലില്ലാതെ അവൻ പറഞ്ഞു.

തങ്ങൾ അപ്പോൾ ആലോചിച്ചു: വണ്ടിയോട്ടുന്നവൻ വണ്ടിക്കാരൻ. മൂരി വെക്കുന്നവൻ മൂരിക്കാരൻ. കക്കുന്നവൻ കള്ളൻ. അവർക്കൊന്നും പേരില്ല. അവരെല്ലാം അവരുടെ ജോലിയുടെ പേരിനാൽ അറിയപ്പെടുന്നു.

അന്നുതുടങ്ങി അവനെ എല്ലാവരും കുതിരക്കാരനെന്നു വിളിച്ചു. കുതിരക്കാരാ കുതിരയുടെ മുതിര. കുതിരക്കാരാ, തങ്ങൾ വിളിക്കുന്നു. കുതിരക്കാരാ, നിൻറെ ചോറ്. ഇത്രയും കല്പനകൾ മാത്രമാണ് അവിടെ വന്ന കാലമത്രയും അവൻ കേട്ടത്.

കുതിരക്കാരൻ അധികം സംസാരിക്കാറില്ല. കഴുതയുടെ മുഖമാണവന്. നീണ്ട എറിച്ചുനില്ക്കുന്ന ചെവികൾ. താഴ്ന്ന കീഴ്ത്താടി. അഗാധമായി ചിന്തിക്കുന്ന കണ്ണുകൾ. എപ്പോഴും നുര പതയുന്ന ചുണ്ടുകൾ.

ആവശ്യത്തിനുമാത്രം അവൻ സംസാരിച്ചു. വിശപ്പിനായി മാത്രം അവൻ ഭക്ഷണം കഴിച്ചു. ക്ഷീണം തീർക്കാൻമാത്രം ഉറങ്ങി. ബാക്കി സമയമത്രയും അവൻ കുതിരയുമായി സംസാരിച്ചു. മൃഗങ്ങളുടെ ഭാഷയറിയുന്ന ഒരേയൊരാൾ ആ നാട്ടിൽ അവൻ മാത്രമായിരുന്നു. അതുകൊണ്ട് അവൻറെ മുഖത്തു നോക്കി അവനെ വിളിച്ചു:

“കുതിര.”

തങ്ങൾ കടിഞ്ഞാൺ കൈയിൽ വാങ്ങി ഗ്യാലപ്പിൽ കാൽവെച്ചു ചാടിക്കയറി. അറബിക്കഥകളിലെ കുതിരയെപ്പോലെ അവൻ പടിപ്പുര എടുത്തുചാടി. കഴിഞ്ഞ എത്രയോ ദിവസങ്ങളിലെ ശക്തി അവൻ സംഭരിച്ചുവെച്ചിരിക്കുകയായിരുന്നു.

പള്ളിപ്പറമ്പിലെ നടവഴിയിലൂടെ കുഴിമാടങ്ങൾ ചവിട്ടിപ്പിന്നിലാക്കി കുതിര പാഞ്ഞു. കുളമ്പടികൊണ്ടു ഭൂമിയെ ഞെട്ടിക്കുകയായിരുന്നു കുതിരയുടെ ലക്ഷ്യമെന്നുതോന്നും ഓട്ടം കണ്ടാൽ. തലയുയർത്തി ഇടത്തോട്ടും വലത്തോട്ടും കാണിച്ചുകൊണ്ട് കുതിര ഓടി. ഓടിയ ദിക്കിൽ പിന്നീട് എത്രയോ വർഷങ്ങൾ പുല്ല് മുളച്ചിട്ടില്ല. അത്രയും ചരിത്രപ്രസിദ്ധമായിരുന്നു കുതിരയുടെ ആ ഓട്ടം.

തങ്ങളും വലിയ ആവേശത്തിലായിരുന്നു. കുനിഞ്ഞ് വിശാലമായ നെഞ്ച് കുതിരയുടെ പുറത്തോടു ചേർത്തു കാൽമുട്ടുകൾകൊണ്ട് ഇടയ്ക്കിടെ കുതിരയുടെ വാരിയെല്ലുകളിൽ മർദ്ദിച്ച് തങ്ങൾ വായുവേഗം പറക്കാൻ തുടങ്ങി.

സ്റ്റേഷൻ നിരത്തും മെയിൻ റോഡും പിന്നിട്ട് മടപ്പള്ളിക്കടപ്പുറത്തേക്കുള്ള ഇടുങ്ങിയ റോഡിലൂടെ കുതിര ഓടി. അപ്പോഴും നേരം പുലർന്നിട്ടില്ല. കടപ്പുറത്തെ പൂഴിപ്പറമ്പിലൂടെ, ഗോസായിക്കുന്നിൻറെ താഴ്വരയിലൂടെ കുതിര പൂഴിയിൽപൂണ്ട കാലുകൾ വലിച്ചെടുത്തു യാത്രയായി. അവൻറെ വായിൽ നുര വന്നു. നുരവരലാണ് യാത്രാന്ത്യത്തിൻറെ ലക്ഷണം.

കല്ലിൻറവിടത്തെ പുഴ തുടങ്ങി ഗോസായിക്കുന്നുവരെ തങ്ങളുടെ സാമ്രാജ്യമാണ്. അത്രയും നീണ്ടുനീണ്ടു കിടക്കുന്ന തെങ്ങിൻതോപ്പുകളും അനേകം ചെറ്റപ്പുരകളും അതിലെ മനുഷ്യജീവികളും തങ്ങളുടെ സ്വന്തമാണ്.

നുര വാർന്നൊഴുകി ക്ഷീണിച്ച കുതിര അവസാനം ഒരു ചെറ്റപ്പുരയുടെ മുന്നിൽ വന്നു നിന്നു. ചെറ്റപ്പുര അടച്ചിരുന്നു.

തങ്ങൾ ഇറങ്ങി.

ചെറ്റപ്പുരയുടെ മറ നീക്കി അകത്തേക്കു നോക്കി. കടൽ ആർത്തിരമ്പുന്ന ശബ്ദം. അകത്തേക്കു കടന്നു.

തഴപ്പായിൽ കിടന്നുറങ്ങുന്ന ചെറുപ്പക്കാരി ഞെട്ടിയുണർന്നു. എലത്തൂർ കടപ്പുറത്തുനിന്ന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അവിടെയെത്തിയ പെരച്ചൻറെ പുതിയ വധു. കടലിൽപ്പോയ ഏതോ ചെറുപ്പക്കാരനായ മുകയൻറെ മുകയി. പുതുതായി കെട്ടിയുണ്ടാക്കിയ ചെറ്റപ്പുരയിൽ മധുവിധു ആഘോഷിക്കുന്നവർ.

തഴപ്പായിൽനിന്നും അവൾ കുതറിയെഴുന്നേറ്റു. നീണ്ടുനിവർന്ന ശരീരം. പുറം മുഴുവൻ നിറഞ്ഞുനില്ക്കുന്ന തലമുടി. മിനുസമുള്ള അടിവയർ. ചെറുതാണെങ്കിലും സമ്പൂർണമായ മുലകൾ. ഒരു നാട്ടു മുഴുവൻ നിഴലിക്കുന്ന കണ്ണുകൾ.

തങ്ങൾ പിന്നെ ഒട്ടും താമസിച്ചില്ല. ശൃംഗാരത്തിൻറെ ചങ്ങലക്കണ്ണികൾ ഒന്നൊന്നായി പൊട്ടാൻ തുടങ്ങി. ഒരു പുഞ്ചിരിയിലാണ് അത് ആദ്യം തുടങ്ങിയത്. പിന്നെ ആ രൂപം മെല്ലെമെല്ലെ മുന്നോട്ടുനീങ്ങി.

സുന്ദരിയായ മുകയി പേടിച്ചരണ്ടു പിന്നോട്ടു നീങ്ങി. അവൾ വരണ്ട നാവു കൊണ്ടു ചോദിച്ചു:

"ആരാ?"

പുഞ്ചിരി ചിരിയായി മാറി. ചുണ്ടുകൾ വലിഞ്ഞു വലിഞ്ഞു ചെവി വരെ നീണ്ടു.

"എന്നെ അറിയില്ലേ? പൂക്കോയയെ അറിയില്ലാന്നോ? ഇൻറെ മൊകയൻ ഒന്നും പറഞ്ഞിറ്റില്ലേ?"

"ഹില്ല...ഹില്ല... ഒന്നും പറഞ്ഞിറ്റില്ല. ഒന്നും പറഞ്ഞിറ്റില്ല..."

നിങ്ങൾ പോകൂ എന്നു പറയാനാണ് പിന്നെ ചുണ്ടുകൾ അനങ്ങിയത്. അപ്പോഴേക്കും നീരാളിയുടെ കൈകൾ വായയിൽ ഒരു കനത്ത താമര പോലെ വീണു. അശരണയായ ചെറുപ്പക്കാരി നിലത്തു കുഴഞ്ഞുവീണു. അതിനു മീതെ വലിയ ഭാരവും.

"ആരെടാ?"

മൂന്നു ദിവസമായി മഴ തുടർച്ചയായി പെയ്തിരുന്നില്ലെങ്കിലും ഇടി വെട്ടി. വീണ്ടും ഇടിവെട്ടി.

"ആരെടാ?"

തങ്ങൾ എഴുന്നേല്ക്കാനാഞ്ഞു. പക്ഷേ, ആ കിടപ്പിൽനിന്നെഴുന്നേല്ക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്ക് പെരച്ചൻറെ നീണ്ട കഠാരി തങ്ങളുടെ പുറത്തുവീണു. അതു നാലഞ്ചു തവണ മാറിമാറിയിറങ്ങി. പിന്നെ തങ്ങൾ മലർന്നുവീണു. നെഞ്ചിലാണു പിന്നെ കുത്തുകൾ കൊണ്ടത്. തളരുന്നതുവരെ പെരച്ചൻ ആഞ്ഞാഞ്ഞു കുത്തി. അവസാനത്തെ കുത്തും കഴിഞ്ഞു കഠാരി വലിച്ചെടുത്തു മണത്തശേഷം ആരോടെന്നില്ലാതെ പറഞ്ഞു: "നാറുന്ന ചോര." പിന്നെ കഠാരിയിൽ പറ്റിയ രക്തം കൈവിരലുകൾകൊണ്ടു തുടച്ചുമാറ്റി. രക്തംപുരണ്ട വിരലുകൾ തങ്ങളുടെ മുഖത്തുതന്നെ ഉരച്ചു വെടിപ്പാക്കി, കഠാരി മടക്കി അവൻ കിഴക്കോട്ടേക്കു നടന്നു.

അവൻറെ മുകയി, മരണവെപ്രാളത്തിൽ പിടയുന്ന തങ്ങളുടെ തടിക്കരികെ തളംകെട്ടിയ ചോരയിൽ ബോധമറ്റു കിടന്നു.

സൂര്യനുദിച്ചു. നല്ലപോലെ ഉദിച്ചു. ചെറ്റപ്പുരയിലെ കോലായിൽ തളംകെട്ടി നില്ക്കുന്ന രക്തത്തിൽ സൂര്യൻ പ്രതിഫലിച്ചില്ല. അതുകൊണ്ട് പൂക്കോയത്തങ്ങളുടെ രക്തം തണുത്തുറഞ്ഞുകിടന്നു.

ഒഞ്ചിയത്തെ വെടിവെപ്പുപോലെ ആ നാടിനെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു പൂക്കോയത്തങ്ങളുടെ കൊലപാതകം. വിവരമറിഞ്ഞവർ അറിഞ്ഞവർ ചെറ്റപ്പുരകൾ വിട്ടോടി. സ്ത്രീകൾ കൂട്ടമായി നിലവിളിച്ചു കൊണ്ടു കിഴക്കോട്ടേക്കു പാഞ്ഞുപോയി. പീടികകൾ പൂട്ടി. കടപ്പുറം വിജനമായി. മീൻപിടിക്കാൻ പോയ തോണികൾ മാത്രം കറുത്ത പൊട്ടുകൾപോലെ നിലകൊണ്ടു.

വിജനമായ ആ കടപ്പുറത്ത് ആദ്യം എത്തിയത് അധികാരി കുഞ്ഞുണ്ണിനായരാണ്. പിറകെ കോല്ക്കാരൻ അപ്പുക്കുട്ടിമാരാരും. അവർ രണ്ടു പേരുമല്ലാതെ ആ ദേശത്ത് ഒരു കുഞ്ഞുപോലുമില്ലായിരുന്നു.

കോല്ക്കാരൻ അപ്പുക്കുട്ടിമാരാരെ ശവത്തിനു കാവൽ നിർത്തി അധികാരി പോലീസ്സ്റ്റേഷനിലേക്കു നടന്നു.

അപ്പോഴേക്കും കിഴക്കു വിവരമറിഞ്ഞു. കേട്ടവർ കേട്ടവർ ഓടിയെത്തി. പെരച്ചൻറെ ചെറ്റപ്പുരയ്ക്കു മുന്നിൽ വേലിയേറ്റംപോലെ മാപ്പിളമാരും ജനങ്ങളും പെരുകി. പൊട്ടിക്കരച്ചിൽ, കരച്ചിൽ, വായ്പൊത്തിക്കരച്ചിൽ, അടക്കിപ്പറച്ചിൽ, മൂക്കുചീറ്റൽ, ചെകിടിൽപ്പറച്ചിൽ, അന്യോന്യം തോണ്ടൽ തുടങ്ങിയ പല സംഭവങ്ങളും ആൾക്കൂട്ടം നടത്തി.

പിന്നീട് പോലീസ് എത്തി. ഒരു വാൻ നിറയെയാണ് അവർ വന്നത്. കോഴിക്കോട്ടുനിന്നു സർക്കിളും എത്തിയിരുന്നു. മാത്രമല്ല, അതിനു പുറകിൽ കമ്പികെട്ടിയ ഒരു ലോറി നിറയെ എം.എസ്.പി.ക്കാരും തോക്കുകളും വന്നിറങ്ങിയപ്പോൾ കൂടിനിന്ന ആൾക്കൂട്ടം ഒന്നു വിരണ്ടു. ഓരോരുത്തരും മെല്ലെ രക്ഷപ്പെടേണ്ടമട്ടായി.

ചെറിയ തലയും വലിയ ഉടലുമുള്ള സർക്കിൾ ഇൻസ്പെക്ടർ മുൻസീറ്റിൽ നിന്നിറങ്ങിയപ്പോൾ വാഹനം ചെറുതായൊന്നു പൊങ്ങി. അയാളുടെ വലിയ മീശയും വീർത്ത വയറും ചുവന്ന കണ്ണുകളും കൈയിൽ കുറുവടിയും നോട്ടത്തിലെ തീയും കണ്ടപ്പോൾ ആദ്യം കുട്ടികൾ നീങ്ങി. നീക്കം പിന്നെ ഓട്ടത്തിലായി. തോക്കുപിടിച്ച എം.എസ്.പി.ക്കാരെയും സർക്കിളിനെയും കണ്ടപ്പോൾ ബുഹാരി, "ഇതാ, ഇപ്പം പൊട്ടും വെടി " എന്നും പറഞ്ഞ് ഓടാൻ തുടങ്ങി. ആൾക്കൂട്ടം ഭയന്നു. ആകപ്പാടെ ഒരിരണ്ടൽ, പിന്നെ സർക്കിൾ ഇൻസ്പെക്ടർ താമസിച്ചില്ല. അയാൾ അട്ടഹസിച്ചു:

"ചാർജ്!"

ലോറിയിൽനിന്നിറങ്ങിയ എം.എസ്.പി.ക്കാർ തലങ്ങും വിലങ്ങും ലാത്തിച്ചാർജ് നടത്തി. മരിച്ചു മരവിച്ചുകിടക്കുന്ന തങ്ങളുടെ ശവവും വിട്ട് ബന്ധുക്കളും അയൽക്കാരും നാട്ടുകാരും ഓടിയകന്നു. ചിലർ കിഴക്കോട്ടോടി. അതിനു മുന്നിൽ സ്ഥലം നീണ്ടുകിടക്കുകയായിരുന്നു.

ചിലർ പടിഞ്ഞാറോട്ടോടി. അവർ കടൽത്തിരകൾക്കു മുന്നിലെത്തിയപ്പോൾ മടങ്ങിയോടി. മടങ്ങിയോടിയവർ വീണ്ടും അടിവാങ്ങിവെച്ചു. സൂത്രക്കാരായവർ ഗോസായിക്കുന്നിൻറെ താഴ്വരയിൽ അഭയംതേടി.

ചെറ്റക്കുടിലിനു മുന്നിൽ ശാന്തത തളംകെട്ടി. പോലീസും അധികാരിയും എം.എസ്.പി.യും ശവവും തനിച്ചായി.

എഴുത്തുകുത്തുകൾക്കുശേഷം പറയന്മാർ പൂക്കോയത്തങ്ങളുടെ ശവം പച്ചോലയിൽ പൊതിഞ്ഞു.

ശവം പറയന്മാർ പോലീസുവാനിൽ എടുത്തുവെച്ചു. വണ്ടി വലയ്ക്കുള്ളിൽ എം.എസ്.പി.ക്കാർ ഒന്നൊന്നായി ചാടിക്കയറി. ആദ്യം ജീപ്പു നീങ്ങി. പിന്നെ വാൻ. പിന്നെ കമ്പിവലകെട്ടിയ ലോറി. എല്ലാറ്റിനും പുറകെ കാൽനടയായി പറയന്മാർ; പച്ചോലയിൽക്കെട്ടിയ ശവവുമായി മടങ്ങാൻ.

ഇവരെയെല്ലാം കാത്തുകൊണ്ട് അങ്ങകലെ തമ്പാൻ ഡോക്ടർ പോസ്റ്റ്മോർട്ടത്തിനായി തയ്യാറെടുത്തു നില്ക്കുകയായിരുന്നു.

നാല്പത്തിരണ്ട്

മയ്യത്തുകട്ടിൽ മുഹാമിക്കകത്താണ് സൂക്ഷിക്കുക. നാലു കൊല്ലന്മാർ ശ്രമിച്ചാൽതന്നെ അതു പൊക്കിയെടുക്കുക പ്രയാസമാണ്. നാട്ടിലെ കരുത്തന്മാരായ നാലു ചെറുപ്പക്കാർ കട്ടിലും പൊക്കി അറയ്ക്കലെ മുറ്റത്തെത്തി. ഇത്രയും ഭീമമായ കട്ടിൽ പണിയിച്ചത് തങ്ങൾതന്നെയായിരുന്നു.

മയ്യത്തുകട്ടിൽ കോലായിൽ വെച്ചു.

തറവാട്ടിൻറെ അകത്തും വളപ്പിലും കന്മതിലുകൾക്കു പുറത്തും ജനങ്ങൾ തിങ്ങിവിങ്ങിനിന്നു. യഥാർഥത്തിൽ എല്ലാവരും സങ്കടപ്പെട്ടു. ഏവർക്കും താങ്ങും തണലുമായ ഒരാൾ ഓർക്കാപ്പുറത്തു മൺമറഞ്ഞു പോകുന്നത് അവരെയെല്ലാം ദുഃഖത്തിലാഴ്ത്തി. എല്ലാ മുഖങ്ങളും കറുത്തിരുണ്ടു. എല്ലാ തലപ്പാവുകളും താഴ്ന്നുനിന്നു.

വെള്ളത്തുണിയിൽ പൊതിഞ്ഞ് മൂന്നു കെട്ടു കെട്ടിയ ശവശരീരം രണ്ടുമൂന്നു പേർ ചേർന്ന് തുറന്നുവെച്ച ശവക്കട്ടിലിലേക്കു പിടിച്ചുവെച്ചു. ആരോ ഒരാൾ ശവക്കട്ടിലിൻറെ മലർന്നുകിടക്കുന്ന വാതിലുകൾ അടച്ചു. ശവം അകത്തായി.

"എന്നാ പൊറപ്പെടുകയല്ലേ?" ആരോ ചോദിച്ചു. അവിടെ അപ്പോൾ ആർക്കും പ്രസക്തിയില്ലായിരുന്നു. എല്ലാ വചനങ്ങളും എല്ലാ ശബ്ദങ്ങളും ഒരുപോലെയായിരുന്നു.

നായകനില്ലാത്ത ഒരു നാടകംപോലെ എല്ലാ രംഗങ്ങളും അവസാനിച്ചു.

ശവക്കട്ടിൽ ഉരുക്കുപോലെ ശക്തിയാർജിച്ച ചുമലുകളിൽ ഉയർന്നു.

"ലാ ഇലാഹാ ഇല്ലള്ളാ!...ലാ ഇലാഹാ ഇല്ലള്ളാ!" ശവപ്പെട്ടി നീങ്ങി.

അകത്തുനിന്നു പൊട്ടിക്കരച്ചിലുയർന്നു. ആറ്റബീബിയുടെ ഹൃദയം നൊന്ത കരച്ചിൽ. അന്നുവരെ കോലായിലിരിക്കുന്ന ഒരാൾക്കും കേൾക്കാൻ കഴിയാത്ത ആറ്റബീബിയുടെ ശബ്ദം. തങ്ങൾ ജീവിച്ചിരുന്ന കാലത്ത് അവർ അകത്തുനിന്ന് ഉച്ചരിച്ച ഒരക്ഷരം കോലായിൽ കേട്ടിരുന്നില്ല. പക്ഷേ, ഇന്നു കേട്ടു. ഇന്നു പുറത്തുകേട്ടതു വാക്കുകളല്ല, കരച്ചിലായിരുന്നു.

ആ കരച്ചിലും പൊട്ടിത്തെറിയും എല്ലാവരെയും വികാരഭരിതരാക്കി. ചെറിയ യാത്രയാണെങ്കിലും, നിശ്ശബ്ദരായിരുന്നു ആളുകൾ. ഒരു തീപ്പെട്ടിക്കോൽ കത്തുന്ന ഒച്ചപോലും കേട്ടില്ല.

ശവക്കട്ടിൽ പള്ളിക്കകത്തു കയറി. മയ്യത്തുനമസ്കാരത്തിനായി ഒട്ടനവധി ആളുകളുണ്ട്. പള്ളിക്കകത്തു കൊള്ളാത്തവർ പുറത്തു നിന്നു. നിന്നുതന്നെയായിരുന്നു ശവസംസ്കാര നമസ്കാരം. കനത്ത ശബ്ദത്തിൽ കാളിയാർ അന്തിമ വാചകങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. അറയ്ക്കലെ ഖാൻ ബഹദൂർ പൂക്കോയതങ്ങൾക്കുവേണ്ടി ഇനിയൊരിക്കലും ചൊല്ലിക്കൊടുക്കേണ്ടതില്ല.

നമസ്കാരം തീർന്നപ്പോൾ ആളുകൾ ഖബറിനു ചുറ്റും കൂടി. എന്നെന്നേക്കുമായി മാഞ്ഞുപോകുന്ന ആ മുഖം ഒന്നുകൂടി കാണാൻ, ഒരു നോക്കു കാണാൻ.

കമ്പപോലെ പിരിച്ചു നീണ്ട തുണികൊണ്ടുണ്ടാക്കിയ കയറുകൾ ആധാരമാക്കി കനമുള്ള ശവശരീരം കുഴിയിലിറക്കി. അപ്പോഴാണു സംഗതി മനസ്സിലായത്. ശവക്കുഴിക്കു നീളം പോരാ. മുട്ടുകൾ മടക്കിത്തന്നെ കിടന്നു. ജീവിച്ചിരുന്ന കാലത്ത് ഒരിക്കലും ആരുടെ മുന്നിലും മടക്കാത്ത മുട്ടുകൾ.

മുമ്മൂന്നു പിടി മണ്ണ് എല്ലാവരും വാരിയിട്ടു. അതുതന്നെ മതിയായിരുന്നു ശവം മൂടാൻ. പിന്നെ കല്ലുകളും മീസാൻകല്ലും ഉയർന്നു.



അങ്ങനെ പള്ളിക്കാട്ടിൽ ഒരു മീസാൻകല്ലുകൂടി വർദ്ധിച്ചു.

പള്ളിക്കാട്ടിൽനിന്ന് ഓരോരുത്തരായി മടങ്ങാൻ തുടങ്ങി. കൂടിനിന്ന ആൾക്കൂട്ടം പല ഭാഗങ്ങളിലേക്കായി നടന്നകന്നു.

നാല്പത്തിമൂന്ന്

ഒമ്പതരക്കണ്ണൻ വലിയതങ്ങളുടെ ശവസംസ്കാരം ദൂരെനിന്നു നോക്കിയ ശേഷം മടങ്ങുകയായിരുന്നു. അപ്പോഴാണ് കണ്ണപുരാൻ സ്വാമി സ്റ്റേഷൻ റോഡിലൂടെ നടന്നുവരുന്നത്. നന്നേ മുഷിഞ്ഞു നാറുന്ന കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ. കരുവാളിച്ച മുഖം. രക്തം ജടകെട്ടിയ തലമുടി. വ്രണമൊലിക്കുന്ന കണങ്കാലുകളിൽ ഇടവിടാതെ തട്ടിക്കൊണ്ടിരിക്കുന്ന അങ്കി.

എന്തോ പന്തികേടുണ്ടെന്നുതോന്നി കണ്ണന്. സ്വാമിയുടെ കണ്ണുകളിൽ എന്നും കാണാറുള്ള തേജസ്സ് അന്നു കണ്ടില്ല. പകരം ഒരു പുച്ഛമായിരുന്നു.

അപ്പോഴേക്കും സ്റ്റേഷനിൽ വാർത്ത പരന്നു. സ്വാമിയെ കമ്യൂണിസ്റ്റാണെന്നു സംശയിച്ച് എം.എസ്.പി.ക്കാർ അറസ്റ്റ് ചെയ്തുകൊണ്ടു പോയതാണത്രേ. മൂന്നു രാപകലുകൾ ലോക്കപ്പിലെ മർദ്ദനമേറ്റശേഷവും സ്വാമി ഒരു വഴുതനങ്ങപോലെ നിന്നു. ഒരു രഹസ്യവും സ്വാമിയിൽനിന്നു കിട്ടിയില്ല. അന്നേരം സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു:

“ഇവൻ ശരിയായ സന്ന്യാസിതന്നെ!”

സ്വാമിയുടെ നാറുന്ന വേഷവും പരാധീനതയും കണ്ട് കണ്ണൻറെ മനസ്സലിഞ്ഞു. അപ്പോഴേക്കും ചായപ്പീടികയിൽ ഒരുപാടാളുകളുണ്ടായിരുന്നു.

“നമ്മക്ക് ഒര് പിരിവെടുക്കണം.”

എല്ലാവരും കണ്ണനെ നോക്കി.

“ഇഞ്ഞീ ഒരു ചായയിങ്ങു പാര്. നല്ല കടുപ്പത്തിൽ. ഇൻറെയൊരു പിരിവെടുക്കലും ലൊട്ടയും!”

കക്കൊത്തിക്കണാരൻ ഇരിക്കപ്പൊറുതിയില്ലാതെ പറഞ്ഞു:

“ലൊട്ടയല്ല.” കണ്ണനു ഹാലിളകി.

“നോക്കി. സാമീൻറെ കോലം! നമ്മക്ക് എല്ലാർക്കുംകൂടി സാമിക്ക് ഒരു പുതിയ നീളക്കുപ്പായം തുന്നിച്ചു കൊടുക്കണം.”

അങ്ങനെ സംഭാവന പിരിക്കാൻ തുടങ്ങി. തെക്കയിലെ കോരൻമുതലാളി തങ്ങളുടെ ശവസംസ്കാരത്തിൽ പങ്കെടുക്കാൻ വന്ന സമയമായിരുന്നു. കൈനീട്ടം കോരൻതന്നെ നൽകി. ഒരുറുപ്പിക, പിന്നീടു പലരും സംഭാവനയായി ഒരണ, രണ്ടണ, അരയണ, ഒരു മുക്കാൽ, രണ്ടു മുക്കാൽ, കാലുറുപ്പിക. ഒരു മണിക്കൂർ കൊണ്ട് ഉറുപ്പിക നാലായി.

നാണുവിൻറെ തുണിപ്പീടികയിൽനിന്ന് ആറുവാര കോറ വാങ്ങി. എന്നിട്ടും മൂന്നുറുപ്പികയേ ആയുള്ളൂ. ബാക്കി ഒരുറുപ്പിക. അതിൽ തുന്നൽക്കൂലി പന്ത്രണ്ടണ കഴിച്ച് ബാക്കി നാലണ. അതിനു നിറയെ മലരും പൊരിയും. സ്വാമിക്കു സന്തോഷമാവട്ടെ.

നാണു നീളക്കുപ്പായം തുന്നാൻ തുടങ്ങി. എല്ലാവരുംകൂടി സ്വാമിയെ റെയിൽവേസ്റ്റേഷൻറെ പിന്നിലുള്ള കിണറ്റിൻകരയിലേക്കു പിടിച്ചുകൊണ്ടു വന്നു.

കപ്പി കരഞ്ഞു. കൊട്ടക്കോരി കിണറ്റിലേക്കു താണു. മേലേ എത്തുമ്പോഴേക്കും വെള്ളം പകുതിയേ ഉണ്ടായിരുന്നുള്ളൂ. ഒരു വലിയ ഓട്ടയുണ്ടായിരുന്നു കൊട്ടക്കോരിയുടെ അടിയിൽ.

അവർ സ്വാമിയുടെമേൽ വെള്ളം കോരി പാരുവാൻ തുടങ്ങി.

ജടയിൽനിന്നും ചേറൊഴുകി. സോപ്പിട്ടു കഴുകാൻ തുടങ്ങിയപ്പോൾ ഓവുചാലിലെ വെള്ളത്തിൻറെ നിറം മാറാൻ തുടങ്ങി. ഓവുചാലിലെ കൊതുക്കളും ക്ഷുദ്രജീവികളും സ്ഥലം വിട്ടോടി. അത്രയും രൂക്ഷമായിരുന്നു ഗന്ധം.

ഒരു മണിക്കൂർകൊണ്ട് സ്വാമിയെ കുളിപ്പിച്ചു വെളുപ്പിച്ചു. കിണറ്റിൻ കരയിൽ പുഴപോലെ വെള്ളവും ചളിയും. ഭ്രാന്തൻ കുഞ്ഞമ്മദിൻറെ തലയിൽക്കൂടി ഇത്രയധികം കൊട്ടക്കോരി വെള്ളം ആ നാട്ടുകാർ ഒഴിച്ചിട്ടില്ല.

സ്വാമിയുടെ ജടയിൽനിന്നും താടിയിൽനിന്നും ഈറൻ ഉറ്റിവീണു കൊണ്ടിരുന്നു. ചുണ്ടുകളിൽ സംതൃപ്തിയുടെ പുഞ്ചിരി.

നാണു പുതിയ നീളൻകുപ്പായവുമായി കിണറ്റിൻകരയിലേക്കു വന്നു. വെള്ളം ഉണങ്ങിത്തീർന്ന ദേഹത്തുനിന്ന് ഈറൻ ഒന്നൊന്നായി അഴിച്ചെടുത്തു.

പഴകിയുലഞ്ഞ മാതൃഭൂമിയിൽ പൊതിഞ്ഞ കോറയുടെ നീളൻ കുപ്പായത്തിൻറെ കെട്ട് നാണുതന്നെയാണ് അഴിച്ചത്. പെരുതേരിതന്നെയാണല്ലോ ഗൃഹപ്രവേശം നടത്തേണ്ടത്. കുപ്പായം രണ്ടു കൈയിലും അകറ്റിപ്പിടിച്ച് ഒന്നു കുടഞ്ഞു. പൊടി പാറി. കോറയുടെ ഗന്ധം കാറ്റിൽ പരന്നു. അതു നേർത്തു നേർത്ത് നെൽവയലിലേക്കു കാറ്റിനൊപ്പം മറഞ്ഞകന്നു.

പുതിയ നീളക്കുപ്പായവുമിട്ട് സ്വാമി നാലഞ്ചു ചാൽ നടന്നു. വാസ്തവത്തിൽ നടന്നതല്ല. ചുറ്റിയതാണ്. കിണറ്റിനു ചുറ്റും. തന്നെ വൃത്തിയാക്കിയെടുത്ത കിണറിനോടുള്ള ആദരവ്.

കുളിപ്പിച്ചവർ ഒമ്പതരക്കണ്ണൻറെ പീടികയ്ക്കകത്തിരുന്നു കാലിച്ചായ കുടിക്കാൻ തുടങ്ങി. അന്നു വൈകുന്നേരം പാൽ കിട്ടിയില്ല. കണ്ണൻറെ പശു പെട്ടെന്നു ചത്തുപോയി. മരക്കിഴങ്ങിൻറെ ചപ്പ് ചാവുന്നതിനു മുമ്പ് അതു തിന്നിരുന്നുവത്രേ.

അതുകൊണ്ടും കണ്ണൻറെ ബദ്ധപ്പാടുകൾ തീർന്നില്ല. പശു ചത്തു പോയ സങ്കടം നിമിത്തം കണ്ണൻറെ തീയത്തി നെഞ്ചത്തടിച്ചു കരഞ്ഞു. അവളിപ്പോൾ സഹിക്കാൻ കഴിയാത്ത നെഞ്ചുവേദനയാൽ അബോധാവസ്ഥയിൽ കിടക്കുകയാണ്.

ആ വിവരമറിഞ്ഞു വീട്ടിലേക്കു പോകാൻ നോക്കുമ്പോഴാണ് സ്വാമിയുടെ കുശുമ്പു കാണുന്നത്.

കിണറിൻറെ കരയിലെ സിമിൻറുതിണ്ണയിലിരുന്ന സ്വാമി തന്നെ കുളിപ്പിച്ച ചളിയും വെള്ളവും നോക്കിനില്ക്കുകയായിരുന്നു. സ്വാമി മെല്ലെ എഴുന്നേറ്റ് ഒരു ചക്കരത്തുമ്പിയെപ്പോലെ കിണറ്റിൻകരയിൽ ചളിവെള്ളത്തിൽ മലർന്നു വീണു. പിന്നെ നാലഞ്ചുതവണ ചളിവെള്ളത്തിൽ കിടന്ന് ഉരുണ്ടു.

എഴുന്നേറ്റപ്പോൾ മാവിൽ മുക്കിയെടുത്തപോലെയുണ്ട് സ്വാമി. കാലിച്ചായ കുടിച്ചുകൊണ്ടിരുന്നവർ മൂക്കത്തു വിരൽവെച്ചു!

സ്വാമി ചളിവെള്ളം നിറഞ്ഞ ജടയും താടിയുമായി ആശാരിച്ചിയുടെ വീട്ടിലേക്കു നടന്നു. അപ്പോൾ വീട്ടിൽ ആരുമുണ്ടായിരുന്നില്ല. ആശാരി ഒരു കട്ടിളവെക്കാൻ പോയിരിക്കുന്നു. ആശാരിച്ചി കണ്ടത്തിൽ രണ്ടു തെങ്ങുകൾക്കിടയിൽ നിന്നുകൊണ്ടു കയർ പിരിക്കുകയാണ്. സ്വാമി വന്നത് ആശാരിച്ചി കണ്ടില്ല. കയർ പിരിച്ചു പിരിച്ച് ഉള്ളംകൈയിലെ തഴമ്പ് വേദനിച്ചപ്പോൾ അവൾ നിർത്തി.

നേരേ കിണറ്റിൻകരയിലേക്കു നടന്നു. കുത്തുപാള കിണറ്റിലിറക്കി വെള്ളം കോരിക്കുടിച്ചു. ദാഹം മാറിയപ്പോഴേക്കും വയറും നിറഞ്ഞു. അവൾ നേരേ വീട്ടിലേക്കു നടന്നുവന്നു.

അകത്ത് എന്തോ ഒരു ശബ്ദവും മണവും. നോക്കിയപ്പോൾ സ്വാമി ചമ്രം പടിഞ്ഞു വടിപോലിരിക്കുന്നു. സ്വാമി ഇന്നേവരെ അകത്തു കടക്കാറില്ല. കോലായിലാണു സ്ഥിരം പ്രതിഷ്ഠ. ആശാരിച്ചിക്കു പേടിയായി. യാതൊരു ഒച്ചപ്പാടുമുണ്ടാക്കാതെ അവൾ പുറത്തു കോലായിൽ ത്തന്നെ ഇരുന്നു.

സന്ധ്യ പടരുകയായിരുന്നു.

അങ്ങു ദൂരെ വയലിൽനിന്നു വടക്കൻപാട്ടിൻറെ താളം കുറഞ്ഞുവന്നു. തച്ചോളി ഒതേനൻറെ പതനത്തിൻറെ കഥയാണ് തീയത്തികൾ പാടുന്നത്. ഒരു വലിയ വീരകഥയുടെ അവസാനത്തെ ഈരടികൾ. അയഞ്ഞ, ഇഴഞ്ഞ വിലാപത്തിൻറെ നാടൻശീലുകൾ.

വടക്കൻപാട്ട് അവസാനിച്ചു. അങ്ങു ദൂരെ വയലിൻറെ വരമ്പിലൂടെ കറുത്ത രൂപങ്ങൾ നീങ്ങിക്കൊണ്ടിരുന്നു.

ആശാരി കയറിവന്നതറിഞ്ഞില്ല.

"ഉം? എന്താ ഒരിരിപ്പ്?" ഉളിയും പണിയായുധങ്ങളും നിലത്തേക്കിട്ടു കൊണ്ട് ആശാരി ചോദിച്ചു.

"സ്വാമി." ഇതും പറഞ്ഞ് ആശാരിച്ചി അകത്തേക്കു ചൂണ്ടി.

ആശാരി അകത്തേക്കു തലയിട്ടു. അകത്തിരുട്ടായിരുന്നു. തീപ്പെട്ടിക്കോലുരച്ചു മണ്ണെണ്ണവിളക്കു കത്തിച്ചു. തീനാളം സ്വാമിയുടെ മുഖത്ത് അടുപ്പിച്ചു. ഒരു ചലനവുമില്ലാത്ത മുഖം. തുറന്നുവെച്ച കൺപോളകൾ. പരിപൂർണമായും മേലോട്ടു മറിഞ്ഞുപോയ കൃഷ്ണമണികൾ. രക്തക്കുഴലുകളില്ലാത്ത കൺവെള്ളകളിൽ ചിമ്മിണിവിളക്കിൻറെ നാളം പ്രകാശിച്ചു.

ആ നിശ്ചലത കണ്ട് ആശാരി പുറത്തുവന്നു. അടുത്ത വീട്ടിലെ നാരായണക്കുറുപ്പിനെ വിളിക്കാൻ ചെന്നു. അപ്പോൾ കുറുപ്പ് നാരായണീയം വായിക്കുകയായിരുന്നു.

കുറുപ്പ് വന്ന് ടോർച്ച് തെളിയിച്ചു. ആ ദിക്കിൽ ടോർച്ച് കൈവശമുള്ള ചുരുക്കം ചിലരിലൊരാളാണ് മണ്ടോടൻ നാരായണക്കുറുപ്പ്. വലിയ ഭക്തനാണ്. കുളിയും ജപവുമാണു സ്ഥിരം ജോലി. രണ്ടേ രണ്ടു ദോഷമേയുള്ളൂ. വൈകുന്നേരമായാൽ അല്പം കള്ളു കഴിക്കും. രാത്രിയായാൽ വേണ്ടാത്തിടത്തെല്ലാം ടോർച്ച് തെളിയിച്ചുനോക്കും.

കുറുപ്പ് ഇറങ്ങി മുറ്റത്തു നിന്നശേഷം മൂക്കത്തു വിരൽവെച്ചു. എന്നിട്ടു പറഞ്ഞു:

"കഷ്ടമായിപ്പോയേ!"

"എന്തു പറ്റി ?" എന്നായി ആശാരി.

"ഇതുവരെ എൻറെ ഉമ്മറത്തൊന്നു ചവിട്ടാൻ പറ്റിയില്ല. ആ പാദങ്ങൾ എൻറെ വീട്ടിൽവച്ചു തൊടാനൊത്തില്ല." കുറുപ്പ് ടോർച്ചും തെളിയിച്ചു നടക്കാൻ തുടങ്ങി.

"എല്ലാ, എനീപ്പം എന്താ വേണ്ടത്?" ആശാരി ഭവ്യതയോടെ ചോദിച്ചു.

"എന്തു വേണ്ട്യാൻ? ഇൻറെ ഭാഗ്യത്തോടു വല്ല ശരണവുമുണ്ടോ?" കുറുപ്പിൻറെ മുഖത്തെ നിരാശ ആരും കണ്ടില്ല.

"അടിയനെ രക്ഷിക്കണേ!" ആശാരി കേണപേക്ഷിച്ചു.

"ഇഞ്ഞി രക്ഷപ്പെട്ടിരിക്ക്ന്ന്. ഇതിലപ്പുറം ഇനി എന്തു നേടാനാണ്?" നടന്നു. ടോർച്ച് തെളിയിച്ചുംകൊണ്ടു പറഞ്ഞു: "സ്വാമികൾ സമാധിയിലേക്കുള്ള പുറപ്പാടാ." നടക്കുമ്പോൾ നാരായണക്കുറുപ്പ് പരാതിപ്പെട്ടു: "ഈ പാപിയെ സ്വാമികൾ കൈവെടിഞ്ഞല്ലേ!"

മൂന്നു രാപകലുകൾ അതേ ഇരുപ്പ്. നാലാം ദിവസം തുടങ്ങാറായില്ല. അപ്പോഴേക്കും അവസാനത്തെ നിശ്വാസവും പുറത്തുവന്നു. പിന്നെ ആ നാഡികളൊന്നും ചലിച്ചില്ല. ആ ഗ്രാമത്തിലെ ഒരുപാടാളുകൾ

ആശാരിയുടെ വീട്ടിനുമുന്നിൽ അക്ഷമരായി നിൽക്കുകയാണ്. പെട്ടെന്നാണ് മുറ്റത്തുള്ള മാവിൻറെ ഇലകളിൽനിന്നു വെള്ളത്തുള്ളികൾ ഉറ്റിവീഴാൻ തുടങ്ങിയത്. ഏറെ നേരം അതു വർഷിച്ചു.

സ്വാമിയുടെ സമാധിയിൽ മനുഷ്യരാരും കരഞ്ഞില്ല. പക്ഷേ, ആ മാവിൻറെ ഓരോ ഇലയും സ്വാമിക്കുവേണ്ടി കണ്ണീരൊഴുക്കി.

നാല്പത്തിനാല്

തങ്ങളുടെ മരണത്തോടെ തിറ കഴിഞ്ഞ ഉത്സവപ്പറമ്പുപോലെയായി അറയ്ക്കൽത്തറവാട്. ആളില്ല; അനക്കമില്ല, വെട്ടമില്ല, ശബ്ദമില്ല.

പടിപ്പുരയിൽ ബുഹാരി രാവും പകലും ഒരുപോലെ ഉറങ്ങി. അവൻറെ പകലുറക്കത്തിൻറെ നാളുകൾപോലെ രാവുറക്കത്തിൻറെ നാളുകളും വന്നു. ഇനി അവൻ ആരെ പേടിക്കാനാണ്? അവൻറെ താഴെ തിണ്ണ, അവനു മുകളിൽ പടിപ്പുരയുടെ മേല്പുര. അതിനും മുകളിൽ ആകാശം.

തറവാട്ടിലെ കോലായിൽ ഒരു കുഞ്ഞിനെയും കണ്ടില്ല. ഇടയ്ക്ക് ഒരു കസേരയിലിരുന്ന് ഏതോ പുസ്തകം വായിക്കുന്ന കുഞ്ഞാലിയെ കാണാം. അതല്ലാത്ത ഒരു ജീവിതം കുറെ ദിവസത്തേക്കു കോലായിലുണ്ടായില്ല.

അകത്തും അതുപോലെതന്നെ. പണിക്കാരത്തിപ്പെണ്ണുങ്ങൾ പൊരുത്തിനിരിക്കുന്ന കോഴികളെപ്പോലെ ഓരോ മൂലയിൽ ചിറകും വിരിച്ച് അഭയംതേടി. പണിക്കാരൻ കുട്ടി ജോലി നഷ്ടപ്പെട്ട യുവാവിനെപ്പോലെ ഉമ്മറപ്പടിക്കും അടുക്കളയ്ക്കുമിടയിൽ നടന്നും ഇരുന്നും ഉറങ്ങിയും സമയം നീക്കി.

പൂക്കുഞ്ഞിബീ കരഞ്ഞു.

ആറ്റബീ മറയിലായിരുന്നു. പാപത്തിൻറെ മറയിൽ.

ഭർത്താവു മരിച്ചാൽ മറയിലിരിക്കണം. തൊണ്ണൂറു ദിവസം ആരും കാണാതെ, ആരെയും കാണാതെ, ആണിൻറെ ഒരു ശബ്ദവും കേൾക്കാതെ അജ്ഞാതവാസം നടത്തണം. ആ ഭഗീരഥപ്രയത്നത്തിലാണ് ആറ്റബീ.

പൂക്കോയത്തങ്ങളോടൊത്ത് അനേകരാവുകളുറങ്ങിയ അതേ മുറിയിലാണ് അവർ രാപകലുകൾ കഴിച്ചുകൂട്ടുന്നത്. ജാലകങ്ങൾ മുഴുവൻ കൊട്ടിയടച്ചു. വാതിൽ അകത്തുനിന്നും ബന്ധിച്ചു. രണ്ടുമൂന്നു കോളാമ്പികൾ അകത്തുവെച്ച് മലമൂത്രങ്ങൾ അതിനകത്തു മാത്രമാക്കി. ആറ്റബീക്ക് സ്വന്തം മുഖംകാണാൻ കഴിഞ്ഞില്ല. സ്വന്തം മുഖം കണ്ണാടിയിൽ നോക്കാൻതന്നെ പാടില്ല. അല്ലെങ്കിൽ ആ മുഖം എങ്ങനെയാണ് ഒരുനോക്കു കാണുക?

മൊട്ടയടിച്ച തല. സ്വർണാഭരണങ്ങൾ വെട്ടിയെടുത്ത കാതുകൾ. ഒഴിഞ്ഞ മനോഹരമായ കഴുത്ത്. കറുപ്പു വസ്ത്രങ്ങൾ.

പുറത്തു മഴ പെയ്യുന്നുണ്ടെങ്കിലും അകത്ത് എന്നും ചൂടുതന്നെയായിരുന്നു. പുകക്കുണ്ടിൽവെച്ച ഒരു നേന്ത്രക്കുലപോലെയായിരുന്നു അവർ, പക്ഷേ, വേദനയോടെ അവർ ഒരു സത്യം മനസ്സിലാക്കി—താനിനി ഒരിക്കലും പഴുക്കാൻ പോകുന്നില്ല.

പാത്തുമ്മ ദിവസത്തിൽ മൂന്നോ നാലോ തവണ വാതിൽ മുട്ടും. മിക്കവാറും ഭക്ഷണവുമായിട്ടായിരിക്കും വരവ്. കടന്നയുടനെ വാതിലടയ്ക്കും. നേരിയ വെട്ടത്തിൽ ഭക്ഷണം നിറച്ച ബസ്സികൾ മേശമേൽ നിരത്തും. മൂക്ക് അടഞ്ഞു പോയതിനാൽ ഒന്നിൻറെയും സ്വാദ് ആറ്റബീബി അറിഞ്ഞില്ല. ഏതോ വൈക്കോൽക്കഷണങ്ങൾ കടിച്ചിറക്കുംപോലെ അവർ മൂന്നു നേരം ഭക്ഷണം കഴിച്ചു. വെള്ളമായിരുന്നു മൂന്നു

നേരവും പ്രധാനം. അതു കുടിക്കുന്നതിനു കണക്കില്ല. അതുപോലെ വിയർക്കുകയും മൂത്രമൊഴിക്കുകയും ചെയ്തു.

ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പാത്തുമ്മ കോളാമ്പികൾ ചെറുതും വലുതും പുറത്തേക്കെടുത്തു ശുദ്ധിയാക്കിക്കൊണ്ടുവരും. അവൾ ശരിക്കും ആറ്റബീബിയെ സേവിക്കുകയായിരുന്നു. മറയിൽനിന്നു പുറത്തുവന്നാൽ പാത്തുമ്മയുടെ കരിവളയണിഞ്ഞ കൈകളിൽ ഓരോ സ്വർണവള സമ്മാനിക്കാൻതന്നെ ആറ്റബീബി തീരുമാനിച്ചു. വളരെ നിസ്വാർഥമായിരുന്നു പാത്തുമ്മയുടെ സേവനം.

അങ്ങനെയിരിക്കുമ്പോഴാണ് ആറ്റബീബിക്കു വയറിളകിയത്. ആദ്യം അടിവയറ്റിൽനിന്നു ഭയങ്കരമായ വേദനയിളകി. വേദന താഴോട്ടും മേലോട്ടും പടർന്നു. മണിക്കൂറുകൾ കഴിഞ്ഞില്ല. അപ്പോഴേക്കു കോളാമ്പികൾ നിറഞ്ഞു. പാത്തുമ്മ കോളാമ്പിയുമായി അകത്തും പുറത്തും അമ്മാനമാടി.

വൈകുന്നേരമാവുമ്പോഴേക്കും ആറ്റബീബി കട്ടിലിൽ വാടിത്തളർന്നു വീണു. പിന്നെ നനഞ്ഞതു മുഴുവനും കിടക്കയും കട്ടിലുമാണ്. മുറി നാറി. പാത്തുമ്മ എങ്ങുനിന്നോ തേടിപ്പിടിച്ചു കൊണ്ടുവന്ന ചന്ദനത്തിരികൾ പുകഞ്ഞു.

കോമപ്പൻവൈദ്യർ അപ്പോഴേക്കും ഓലക്കുടയും വേഷ്ടിയുമായി മുറ്റത്തെത്തി. രോഗലക്ഷണവും രോഗവിവരവും പാത്തുമ്മ വിരിയുടെ മറവിലിരുന്ന് വിസ്തരിച്ചുപറഞ്ഞു.

അരിഷ്ടവും ഗുളികയും രണ്ടുനേരമേ കഴിച്ചുള്ളൂ. കോർക്കിട്ടതുപോലെ വയറിളക്കം നിന്നു. ഒരു ചെമ്പുനിറയെ കഞ്ഞിവെള്ളം കുടിച്ചു ദാഹം തീർത്തപ്പോൾ ആറ്റബീബിയുടെ ക്ഷീണം മാറി. അതുവരെ സ്തംഭിച്ചുനിന്ന വയർ അയഞ്ഞു.

സമയമറിഞ്ഞില്ല. രാവും പകലും ആറ്റബീബിയെ സംബന്ധിച്ചിടത്തോളം ഒന്നായിരുന്നു. ചൂടു സഹിക്കവയ്യാതായപ്പോൾ വടക്കേ ജാലകത്തിനരികിൽ പോയി ജനലഴി തുറന്നു. നല്ല നിലാവ്. ആകാശം പൂത്തിരികത്തിച്ചപോലെ. തെങ്ങോലകളിൽ വെളിച്ചവും തണുപ്പും ഇണചേരുന്നു.

ജനലഴിയിലൂടെ പുറത്തേക്കു നോക്കി. മാച്ചനാരിക്കുന്നിൻറെ ചരിവിലൂടെ ആൾക്കൂട്ടം നീങ്ങുന്നു. ഒരു വരിയായി. ഒരു ജാഥയായി. സ്ത്രീകളും പുരുഷന്മാരും. അവർ പള്ളിയിലേക്കു പോകുകയാണ്. മതപ്രസംഗം കേൾക്കാൻ, അവരോടൊത്തുചേരാൻ ആറ്റബീബി കൊതിച്ചു.

കൊതിപൂണ്ട മനസ്സുമായി എന്തോ ഓർത്തുകിടക്കുമ്പോഴാണ് കല്യാണസദ്യയ്ക്ക് അരയ്ക്കുന്ന തീയത്തികളുടെ പാട്ടുകേൾക്കുന്നത്. എവിടെയോ നാളെ കല്യാണമാണ്. കല്യാണത്തിലും ജോറാണ് തലേന്നാളത്തെ അരവ്. തേങ്ങയും മുളകും ഭസ്മമാക്കുന്ന വിദ്യ അവർക്കറിയാം. അരവിലും ജോറാണ് പാട്ട്. ആ പാട്ടു ശ്രദ്ധിച്ചുകൊണ്ട് കുറെനേരം അവർ കിടന്നു.

"നാരേരിമന ശുത്തൻ നമ്പൂരിക്ക്,

വായിക്ക് വേണ്ട വയറ്റിന് വേണ്ട

അടിവയറ് താണും കനത്തിക്കോളീ

നീരി, മറപ്പേന് വെള്ളോക്കാനം

കാലി തരിപ്പോറ് ച്ചൂടാന്തിരി.

ആറ്റക്കെറുപ്പാണ, നമ്പൂരിക്ക്

തിങ്ങളും നാളും കണക്കൊത്താല്

പേറ്റീനത്തേടി വരിത്തീട്ടണ്ടി.
കയ്യരിക മെയ്യരിക ചെല്ലന്നോള്
അടിവയറ് തൊട്ടോള് നോവ് നോക്കി
തടിതടവീട്ടാങ്കോലത്തെണ്ണയിട്ട്
അരിതിരിയും നാനായി നീരും വെച്ച്
നാല്നാള് കാത്തിറ്റും നാളെത്തീറ്റും
നാരേറിമന ശ്രുത്തൻ പെറ്റില്ലേലോ
കാത്തിര്ന്ന് പേറ്റിച്ചിക്കരിശംവന്ന്
നാഷതിനാൾ തേച്ചകുളിപ്പിച്ചൂട്ട്...”

പാട്ട കേട്ട മടുത്തപ്പോൾ അവർ എഴുന്നേറ്റ് മെല്ലെ ജാലകത്തിനരികെ വീണ്ടും വന്നു; പൂർണചന്ദ്രൻ. പെട്ടെന്നാണ് അപരാധബോധം മനസ്സിലായത്. ഒരു വിലങ്ങുതടിപോലെ അത് നെഞ്ചിൽ വിലങ്ങനെ നിന്നു. അവർ കതകടച്ചു. മറയിലിരിക്കുന്ന പെണ്ണിനു നിലാവുകാണാൻ പാടില്ല. ആണിനെ കാണാൻ പാടില്ല. ആണിൻറെ ഒച്ച കേൾക്കാൻ പാടില്ല. പൂവൻകോഴി കൂവുന്നതുപോലും കേൾക്കാൻ പാടില്ല.

ആറ്റബീബി തളർന്നു കട്ടിലിൽ വീണു. കൊട്ടിയടച്ച വാതിലിനും ജനലുകൾക്കുമപ്പുറം ചലനങ്ങൾ മാത്രം കേട്ടു. കാലടിയൊച്ചകൾ മാത്രം കേട്ടു.

കതകിൽ ആരോ ശക്തിയായി മുട്ടിയപ്പോഴാണ് അവർ ഉണർന്നത്. ഇന്നേവരെ ഇത്ര ശക്തിയായി ആരും മുട്ടിയിട്ടില്ല. ആറ്റബീബി ആലസ്യം പൂണ്ട ദേഹവുമായി എഴുന്നേറ്റ് വാതിലിൻറെ കുറ്റിനീക്കി. പെട്ടെന്നു ആരോ വാതിൽ മലർക്കെ തുറന്നു. പാത്തുമ്മയും ഒരുപാടു പെണ്ണുങ്ങളും. അവർ ചിരിക്കുന്നു. ചിരിയുടെ മാറ്റൊലികൾ എങ്ങും മുഴങ്ങി.

“പൊറത്തേക്കു ബെരീൻ.” പാത്തുമ്മ ആറ്റബീബിയുടെ കൈ പിടിച്ചു വലിച്ചു.

തൊണ്ണൂറു ദിവസം നീങ്ങിപ്പോയത് അവർ അന്നേരമാണറിയുന്നത്. ജയിലഴിയിൽനിന്നു പുറത്തു വന്നതുപോലെയായിരുന്നു. മൊട്ടത്തലയിൽ പൊടിച്ചു തുടങ്ങിയ മുടിനാരിഴകൾ. കുണ്ടിൽ പോയ കണ്ണുകൾ. മുഖത്തും കാലിലും നീര്. ചീർത്തുവിളറിയ ദേഹം.

കുളിച്ച് ഉടുതുണികൾ മാറ്റി അത്തർ പുരട്ടി അവർ മുറ്റത്തിറങ്ങി. ലോകത്തിൻറെ കാറ്റുകൊണ്ടപ്പോൾ വീണ്ടും ഒരു മനുഷ്യസ്ത്രീയായതു പോലെ തോന്നി ആറ്റബീബിക്ക്.

കോലായിൽ അനവധി ആണുങ്ങൾ എത്തിയിരുന്നു: അവിടെയും വലിയ ബഹളം, അടുക്കളയിൽ നെയ്ച്ചോറിൻറെ മണം. പണിക്കാരത്തിപ്പെണ്ണുങ്ങളുടെ തിറ.

ആരാണ് ഇതിന്നു പിന്നിൽ? ആരോടു ചോദിച്ചിട്ടാണ് ഇതൊക്കെ ഏർപ്പാടാക്കിയത്? ആറ്റബീബി അമർഷം പുറത്തുകാട്ടിയില്ല. പിന്നീടാണു മനസ്സിലായത്. കോലായിലെ വിരിയും പൊക്കി പട്ടാളം ഇബ്രായി പുറക്കെട്ടിലേക്കിറങ്ങി ആറ്റബീബിയെ നോക്കി സ്ഥായിയായ പുഞ്ചിരി കാണിച്ച് ചുവന്ന കവിളുകൾ ചലിപ്പിച്ചു പറഞ്ഞു:

“ഇതെല്ലാം എൻറെ ഏർപ്പാടാ.”

ആറ്റബീബി ഒരക്ഷരം പറഞ്ഞില്ല. പട്ടാളം ഇബ്രായി ഏതോ ഒരു സെയ്യിദിൻറെ മകനാണെന്ന് പൂക്കോയത്തങ്ങൾ പറഞ്ഞ കഥ അവർ അയവിറക്കാൻ തുടങ്ങി. തറവാടിത്തം അവൻ ആദ്യമായി കാണിച്ചു.

ആരുമറിയാതെ ആരുമാരും ചർച്ചചെയ്യാതെ എല്ലാം അവൻ ശരിയാക്കി വെച്ചിരിക്കുന്നു.

കേമമായ സദ്യയായിരുന്നു പുറത്ത്. കോഴിബിരിയാണിയും അലീസയും.

ആറ്റബീബി അടുക്കളയിലിരുന്ന് എല്ലാം ശ്രദ്ധിച്ചു. ഇനി ശ്രദ്ധിക്കാതെയിരിക്കാൻ വയ്യ. പണിക്കാരൻ കുട്ടി ഹൈദ്രോസ് ചാലിയൻറെ ഓടം പോലെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങി. എപ്പോഴും അവൻറെ കൈകൾ മലർന്നുനിന്നു; പ്രാർത്ഥനയിലെന്നപോലെ. പക്ഷേ, കൈകളിൽ തകരത്തിൻറെയും പിഞ്ഞാണത്തിൻറെയും ബസ്സികളുണ്ടായിരുന്നു. ഒഴിഞ്ഞതും നിറഞ്ഞതും.

ആറ്റബീബിക്ക് ഹൈദ്രോസിനോട് ഒരിക്കലും വെറുപ്പ് തോന്നിയിട്ടില്ല. കാരണം, അവൻറെ കൈകളിൽനിന്ന് ഇന്നുവരെയായി ഒരു സാധനവും നിലത്തു വീണുടഞ്ഞില്ല. അത്രയും കേമനായ ഒരു പണിക്കാരൻ കുട്ടിയാണ് ഹൈദ്രോസ്.

തറവാട്ടിലുള്ളവർക്കെല്ലാം ആറ്റബീബിയുടെ പെരുമാറ്റം കണ്ട് ഒരത്ഭുതം തോന്നി. അന്നുവരെ ഒരു കാര്യവും ശ്രദ്ധിക്കാത്ത അവർ ഓരോ കാര്യവും മഷിയിട്ടുനോക്കുന്നു. അതും പുറത്തു വന്ന അതേ ദിവസം.

മുറ്റത്ത് ഏമ്പക്കങ്ങൾ കേട്ടു. പിന്നെ കുറെ ചൂട്ടുകൾ കത്തി. കാർക്കിച്ചു തുപ്പലുകൾ അടങ്ങി.

ആറ്റബീബി വിരി പൊക്കി പുറത്തേക്കു നോക്കി. പട്ടാളം ഇബ്രായി പോയിട്ടില്ല. പിന്നെ ആരെല്ലാമോ ഉണ്ട്.

ഒരു മൂലയിലിരുന്ന് ബുഹാരി ഊണുകഴിക്കുകയാണ്. ഇടയ്ക്കിടെ എല്ലുകൾ പൊട്ടുന്ന ശബ്ദം കേട്ടപ്പോൾ ബുഹാരി ഒരു മനുഷ്യനല്ല, യഥാർത്ഥ കാവൽക്കാരൻതന്നെയെന്ന് അവർ മനസ്സിലാക്കി. ചിരി വരാതെ ആറ്റബീബി ചിരിച്ചു.

അവസാനത്തെ ചൂട്ടയും മറഞ്ഞപ്പോൾ പട്ടാളം ഇബ്രായി എഴുന്നേറ്റു. വിരി പൊക്കി എന്തോ പറയാൻ ഭാവിച്ചപ്പോൾ ആറ്റബീബി മുന്നിൽ. ഒരിക്കലും മുന്നിലിറങ്ങാത്ത ആറ്റബീബി. തീക്കട്ടപോലെ അവർ പിന്നോട്ടു നീങ്ങി. ഇബ്രായി പറഞ്ഞു:

"ഞാൻ പോട്ടെ."

"ചോറു ബെയിച്ചോ?" ആറ്റബീബി ചോദിച്ചു.

"ഒരുപാട്."

"ശരി." അല്പം നിർത്തി അവർ പറഞ്ഞു: "എന്നാ, രാവിലെ ബരണം."

പട്ടാളം ഇബ്രായി കോരിത്തരിച്ചു. ടോർച്ചും തെളിയിച്ച് അവൻ പടിപ്പുരയിറങ്ങി. പടിപ്പുരത്തിണ്ണയിലിരുന്നു ബീഡിവലിക്കുന്ന ബുഹാരിയെ നോക്കി അവൻ പറഞ്ഞു: "വാതിലടച്ചേക്ക്."

'ഫ! നായേ', എന്നു പറയാനാണ് ബുഹാരിക്കു തോന്നിയത്. പക്ഷേ, പറഞ്ഞില്ല, അവൻറെ ചുണ്ടിൽ എന്നും ഒരു പൂട്ടു കിടന്നിരുന്നു. വലിയ ഒരാമപ്പൂട്ട്. വല്ലപ്പോഴും അതു തുറക്കുന്നതു തുപ്പുവാനായി മാത്രമാണ്.

പിറ്റേന്ന് അതിരാവിലെ പട്ടാളം ഇബ്രായി പടിവാതില്ക്കലെത്തി. വാതിൽ തുറന്നിട്ടില്ല. ബുഹാരി മയങ്ങാൻ തുടങ്ങുകയായിരുന്നു.

"തൊറക്ക് ചെക്ത്താനേ!" മുട്ടിക്കൊണ്ട് അവൻ വിളിച്ചു.

അധികാരഭാവത്തിൽ, തുറന്ന വാതിലിലൂടെ ഇബ്രായി അകത്തുകടന്നു നേരേ കോലായിലേക്കു കയറി.

പൂമരത്തിൻറെ ചുവട്ടിൽ കുഞ്ഞാലിയും പൂക്കുഞ്ഞിബീയും പല്ലു തേക്കുകയാണ്. രണ്ടുപേരുടെ കൈയിലും മുസാക്ക്. പട്ടാളം ഇബ്രായിയെ കണ്ടപ്പോൾ രണ്ടുപേരും ചിരിച്ചു. പൂക്കുഞ്ഞിബീയുടെ മോണയിൽ പൊടിയുന്ന ചോര. സുന്ദരികളായ പെൺകുട്ടികളുടെ ലക്ഷണമാണത്. എവിടെ തൊട്ടാലും ചോരവരിക.

“പോയി കൊപ്ലിക്കിൻ.”

കുട്ടികൾ രണ്ടുപേരും വായിൽ വെള്ളം നിറച്ചും തുപ്പിയും ഒരു പാടു സമയം കഴിച്ചു.

ഇബ്രായി കോലായിലെ ബഡാപ്പുറത്തിരുന്നു. അപ്പോഴാണ് പാത്തുമ്മ ഇറങ്ങിവന്നത്. കൈയിൽ പാലു പാർന്നു തിളപ്പിച്ച നല്ല ഒന്നാംതരം ഒരു ഗ്ലാസ് ചായ. പിന്നിൽ ആറ്റബീബി.

ചായ കുടിച്ച് ഒരു ബീഡിയും വലിച്ചപ്പോൾ പിന്നെ ഒന്നും ചെയ്യാനില്ലാത്ത ഒരവസ്ഥയിലായി പട്ടാളം ഇബ്രായി. എന്തു പറയണം? ആരോടു പറയണം?

ആറ്റബീബി ചോദിച്ചു:

“ഇബ്രായി ചായ കുടിച്ചോ?”

“കുടിച്ച്.”

“ചായ നന്നോ?”

“പഷ്ട് !” ഇബ്രായി പറഞ്ഞു.

“എന്നാ ഒരു കാര്യം. ഇബ്രായി നേരം വെളുക്കുമ്മം ഇങ്ങ് ബരണം. ഇബ്ട്ത്തെ കാര്യങ്ങള് നോക്കണം.”

വാണംകെട്ടി മേലോട്ടു വിട്ടതുപോലെ തോന്നി ഇബ്രായിക്ക്. അവൻ പറക്കുകയായിരുന്നു, ചെവിട രണ്ടും അടഞ്ഞിരിക്കുന്നു. കുറെ കഴിഞ്ഞപ്പോൾ ബോധം വന്നു.

അപ്പോൾ കുഞ്ഞാലി രണ്ടുമൂന്നു പുസ്തകങ്ങളുമായി കോലായിലേക്കു വന്നു. അവൻ ആനക്കസേരയിലിരുന്നു പുസ്തകങ്ങൾ നിവർത്തി.

എത്രയോ വർഷങ്ങൾ ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ ഇരുന്ന ആനക്കസേരയിൽ ചെക്കൻ ഇരുന്നതുകണ്ടപ്പോൾ ഇബ്രായിക്കു സഹിച്ചില്ല. അവൻ പൊള്ളലേറ്റപോലെ ചാടിയെഴുന്നേറ്റു. ഒരു നിമിഷം കൊണ്ട് അവൻ ഓടിവന്ന് കുഞ്ഞാലിയെ പുസ്തകങ്ങളോടെ പൊക്കിയെടുത്തു. അടുത്തുള്ള ഒരു ബഞ്ചിൽ അവനെ ഇരുത്തിയശേഷം പറഞ്ഞു: “ഇക്കസേല ഇൻറെതല്ല.”

കുഞ്ഞാലി നിറഞ്ഞ കണ്ണുകൾ പുസ്തകത്തിലേക്കിട്ടു. കടലാസ് നനഞ്ഞു.

ആറ്റബീബിക്കു സന്തോഷമായി. ഇബ്രായി ശരിയായ കാര്യസ്ഥൻ തന്നെ. ഇവൻ യഥാർത്ഥ തറവാടിതന്നെ.

നാല്പത്തഞ്ച്

സ്കോളർഷിപ് പരീക്ഷയ്ക്കിരിക്കേണ്ട ഫോറം പൂരിപ്പിക്കുകയായിരുന്നു ആണ്ടിമാസ്റ്റർ. കുഞ്ഞാലിയുടെ ഊഴം വന്നു. ആണ്ടിമാസ്റ്റർ വെളുത്ത ഫോറം നിവർത്തി സ്വെൻ പേനായുടെ ടോപ് തുറന്നു ബോഡിയിലിട്ടുറപ്പിച്ചു. പിന്നെ കുറെ നിമിഷങ്ങളോളം ടോപ്പിൻറെ അറ്റത്തിരിക്കുന്ന അരയന്നത്തെ നോക്കി.

കുഞ്ഞാലിക്ക് അതു കണ്ടപ്പോൾ മരിച്ചുപോയ പൂക്കോയത്തങ്ങളെ ഓർമ്മ വന്നു. തങ്ങളുപ്പാപ്പ ഒരിക്കലും പെന്നിൻറെ ടോപ് ബോഡിയുടെ പിന്നിൽ ഇടാറില്ല, അതു വേറേ വെക്കുകയാണു പതിവ്. ബോഡിയിൽ ടോപ്പിൻറെ കല വീഴുന്നത് തങ്ങൾക്ക് ഇഷ്ടമല്ലായിരുന്നു. വലിയ സൗന്ദര്യാരാധകനായിരുന്നു തങ്ങൾ.

“പേര്?” ആണ്ടിമാസ്റ്റർ ചോദിച്ചു.

കുഞ്ഞാലി അന്നേരവും തങ്ങളെ ഓർക്കുകയായിരുന്നു.

“അടിച്ചു പൊറം ചോമ്പാക്കടപ്പൊറമാക്കും ഞാൻ. എന്താടാ ആലോചിക്കുന്നത്? എന്താ പേര്?”

“കുഞ്ഞാലി.” ഞെട്ടിത്തെറിച്ച കുഞ്ഞാലി പറഞ്ഞു.

“ബാപ്പയുടെ പേര്?”

“ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ.”

ആണ്ടിമാസ്റ്റർ കുറെനേരം കുഞ്ഞാലിയെ നോക്കി. നരച്ച പുരികക്കൊടികളുയർന്നു. നെറ്റിയിൽ ഒരുപാടു ചുളിവുകൾ വീണു. ബീഡിക്കറപുരണ്ട ചുണ്ടുകളിൽ പരിഹാസം വിടർന്നു വലിഞ്ഞു.

“ഓഹോ! ഇത്രയും വലിയ ആളുടെ മോനാണോ നീ?”

കുഞ്ഞാലി തലതാഴ്ത്തി.

“നീ തല താഴ്ത്തണം. അഹമ്മതിക്കും ഒരു കണക്കുണ്ട്. തെണ്ടി !” ആണ്ടിമാസ്റ്റർ ഒരു ഫാറത്തിൽ എന്തോ എഴുതാൻ തുടങ്ങി. മഷി വരണ്ടിരിക്കുന്നു. ഇടത്തെ ചൂണ്ടുവിരൽകൊണ്ടു നിബ്ബ് തടവി. എന്നിട്ടും ശരിയാവാഞ്ഞപ്പോൾ രണ്ടുമൂന്നു തവണ പേന കുടഞ്ഞു. വെളുത്തു മുഷിഞ്ഞ ഖദർമുണ്ടിൽ മഷിത്തുള്ളികൾ മേഘ്യപോലെ പടർന്നു.

“ഹൊ! എന്തൊരു കരട്!” ആരോടെന്നില്ലാതെ പറഞ്ഞു. പിന്നെ കുഞ്ഞാലിയോട് എന്തെല്ലാമോ ചോദിക്കുകയും എഴുതുകയും ചെയ്തു.

ഉച്ചയ്ക്കുള്ള ബെല്ലടിച്ചു. ആർപ്പുവിളികളോടെ കുട്ടികൾ പുറത്തേക്കിറങ്ങി. സ്കൂളിനു ചുറ്റുമുള്ള കാപ്പിപ്പീടികകളിൽ തിരക്കുകൂടി. ചുരുട്ടിയ ഇല നെറുകയിൽവെച്ച ടിഫിൻപാത്രങ്ങൾ സ്കൂളിലേക്കു നീങ്ങി. കുട്ടികൾ കാപ്പിയും മരക്കിഴങ്ങു പുഴുങ്ങിയതും കടലക്കറിയും പുട്ടും കഴിച്ചു. മാസ്റ്ററന്മാർ സാമ്പാറും മോരുമൊഴിച്ചു ചോറുതിന്നു. കുഞ്ഞാലി ഒന്നും കഴിച്ചില്ല. കാപ്പി കുടിക്കാൻ കിട്ടിയ രണ്ടണ മുഴുവനും അവൻ നിലക്കടലയ്ക്കുള്ള ചക്രം തിരിച്ചു. എട്ടു പ്രാവശ്യം തിരിച്ചപ്പോൾ മൂന്നു പൂജ്യമടക്കം എൺപതു മണി നിലക്കടല കിട്ടി. നടു കീറാത്ത കുപ്പായത്തിൻറെ മുൻഭാഗം പൊക്കിപ്പിടിച്ച് അതിൽ കടല എണ്ണിവാങ്ങി. അപ്പോഴേക്കും കുട്ടികൾ പിന്നിൽ കൂടി. അവർ കൂക്കിവിളിച്ചു. കടലവില്പനക്കാരൻറെ അരികിൽനിന്നും നീങ്ങേണ്ട താമസം മറ്റു കുട്ടികൾ കുഞ്ഞാലിയുടെ കടലവാരാൻ തുടങ്ങി. ആർപ്പുവിളി മുഴങ്ങി. ഒരു നിമിഷംകൊണ്ട് അവൻറെ

കടല മുഴുവനും മറ്റുള്ളവരുടെ കൈകളിലായി. എങ്ങുനിന്നോ വന്ന രോഷം അവൻറെ മൂർദ്ധാവിൽ പുകഞ്ഞുകത്തി. അവസാനം വാരിയവനുമായി അടിയായി. അവൻറെ തലയിൽ കുത്തി. രണ്ടുപേരും കെട്ടിമറിഞ്ഞു വീണു.

തോറ്റവൻ കുഞ്ഞാലിയെ നോക്കി പറഞ്ഞു: "തന്തയില്ലാത്തോൻ!"

കുഞ്ഞാലി രണ്ടാമതും തളർന്നു. ആ സ്കൂളിലും താൻ ഒരധികപ്പറ്റാണ്. ഉച്ചയ്ക്കുശേഷമുള്ള ക്ലാസ്സുകളിൽ അവനു ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല.

കുഞ്ഞമ്പുമാസ്റ്റർ ചരിത്രം പഠിപ്പിക്കുകയായിരുന്നു. ഖൈബർ പാസ്സും ബോളൻ പാസ്സും കടന്നുവന്ന മദ്ധ്യേഷ്യക്കാരായ ആര്യന്മാരെപ്പറ്റിയായിരുന്നു കഥകൾ. അവർ പശുക്കളുടെ കയറുംപിടിച്ചു പുല്ലും വെള്ളവുമന്വേഷിച്ച് ഇന്ത്യയിൽ വന്നു. പിന്നെ അവർ നദീതടങ്ങളിൽ കൃഷി ചെയ്തു. ഒന്നിനു പത്തായിരുന്നു വിള. ജീവിതം സമൃദ്ധമായി. അപ്പോഴാണവർ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ആയി തിരിഞ്ഞത്. പിന്നെ വേദങ്ങളുണ്ടായി. ജന്മിമാരായ ദ്രാവിഡരെ തോല്പിച്ചു തെക്കോട്ടോടിച്ചു. അവരാണ് നമ്മൾ. ക്ലാസ് നിശ്ശബ്ദമായിരുന്നു. അത്രയും അന്തസ്സായിട്ടാണ് കുഞ്ഞമ്പുമാസ്റ്റർ പഠിപ്പിച്ചത്.

ചരിത്രം അവസാനിച്ചപ്പോൾ മൂന്നുകാലുള്ള കസേരയിലിരുന്നു തൻറെ കൈത്തറിക്കുപ്പായത്തിൻറെ പോക്കറ്റിൽനിന്ന് അയാൾ ഒരു ബീഡി പുറത്തെടുത്തു ചുണ്ടിൽ വെച്ചു. തീപ്പെട്ടിയുരച്ചപ്പോൾ ഒന്നാമത്തെ കോലു പൊട്ടിപ്പോയി. രണ്ടാമത്തേതു മൂന്നുതവണയുരച്ചിട്ടും കത്താതെ മരുന്നു തെറിച്ചുപോയി. പിന്നെ കൊള്ളിയില്ലായിരുന്നു. കാലിത്തീപ്പെട്ടി രോഷത്തോടെ ജനലിലൂടെ പുറത്തെറിഞ്ഞശേഷം ക്ലാസ്സ് ലീഡർ— കെ.ഡി. ബാലകൃഷ്ണൻനായരോടു പറഞ്ഞു: "കുറച്ചുതീ."

അവൻ ഓടി. കുഞ്ഞിരാമൻറെ പീടികയിൽനിന്ന് ഒരു ചിരട്ടയിൽ കനലുമായി വന്നു. ബീഡി പിടിപ്പിച്ചു കസേരയിലിരുന്ന് ആവേശത്തോടെ നാലഞ്ചു പുകവിട്ടു. പിന്നെ എഴുന്നേറ്റു ജനലഴിയിലൂടെ ചുണ്ടിൽ രണ്ടു വിരലുകൾ കൊലുന്നനേവെച്ചു കുറെനേരം തുപ്പി.

ഏതു ചരിത്രം പഠിപ്പിച്ചു കഴിയുമ്പോഴേക്കും കുഞ്ഞമ്പുമാസ്റ്റർക്ക് ഒരു ബീഡി വലിക്കണം, ഇതെല്ലാം കഴിഞ്ഞപ്പോൾ പതിവുപോലെ എഴുന്നേറ്റു ക്ലാസ്സ് ആകമാനം നോക്കി.

"നീ നില്ക്ക്, ആ കറുത്ത കുപ്പായത്തിൽ വെളുത്ത വരയുള്ളവൻ."

കുഞ്ഞമ്പുമാസ്റ്റർ ആരെയും പേരുവിളിക്കാറില്ല. കോഴിക്കോട്ടു നോക്കുമ്പോൾ കൊയിലാണ്ടി കാണുന്നവൻ, അരുണാചലം ചെട്ടിയാർ, കാലിന്മേൽ നാറുന്ന പൊട്ടുള്ളവൻ, കോണകമുടുക്കാത്തവൻ, പിത്തപ്പിറിയൻ, കുട്ടിക്കഷണ്ടി ഇങ്ങനെ നീണ്ടുപോകും പേരുകൾ.

കുഞ്ഞാലി എഴുന്നേറ്റു നിന്നു.

"നീ പറയ്. ആര്യന്മാർ എവിടെ നിന്നാണു വന്നത്?"

എന്നും ഉത്തരം പറയാറുള്ള കുഞ്ഞാലി അന്നു മിഴിച്ചുനിന്നു. ആരും ഉത്തരം പറയാഞ്ഞാലാണ് കുഞ്ഞാലിയോടു ചോദിക്കുക. ഇത്രയും കഥകൾ കേട്ട അവൻറെ മുഖം ഒരു ഒഴിഞ്ഞ പളുങ്കുപാത്രം പോലെയിരുന്നു.

"ഇര്ന്നോ."

കുഞ്ഞാലി ഇരുന്നു. കുഞ്ഞമ്പുമാസ്റ്റർ ആ ചോദ്യം പിന്നീട് ആരോടും ചോദിച്ചില്ല. കുഞ്ഞാലി പറഞ്ഞില്ലെങ്കിൽ പിന്നെ ആരു പറയാനാണ്? കുഞ്ഞമ്പു മാസ്റ്റർ അന്നു പിന്നീട് ഒരു ചോദ്യവും ചോദിച്ചില്ല. രണ്ടുമൂന്നു ബീഡികൾ മാത്രം വലിച്ചു. അത്രയും തവണ ക്ലാസ്സ് ലീഡർ കെ.ഡി. ബാലകൃഷ്ണൻനായർ കുഞ്ഞിരാമൻറെ പീടികയിൽ ചിരട്ടക്കനലിനായി ഓടുകയും ചെയ്തു.

വലിയ നിരാശയോടെയാണ് കുഞ്ഞമ്പുമാസ്റ്റർ ക്ലാസ്സ് വിട്ടത്.

ഒരു കാറ്റുപോലെയാണ് കുഞ്ഞാലി വീട്ടിലെത്തിയത്. വൈകുന്നേരത്തെ ചായ കുടിക്കാതെ കട്ടിലിൽ തളർന്നു കിടക്കുന്ന അവൻറെ അടുത്തേക്കു വന്ന പൂക്കുഞ്ഞിബീ ചോദിച്ചു:

"എന്താ പഠിക്കാത്തത്?"

കുഞ്ഞാലി എന്നും വൈകുന്നേരങ്ങളിൽ പഠിക്കുകയാണു പതിവ്. കുഞ്ഞാലി പറഞ്ഞു: "സ്കൂളു പൂട്ടി ഓണത്തിന്."

പൂക്കുഞ്ഞിബീ അവൻറെ അടുത്തു കട്ടിലിലിരുന്നു. കുഞ്ഞാലിക്ക് എന്തോ ദുഃഖമുണ്ടെന്ന് അവൾക്കു മനസ്സിലായി. പൂക്കുഞ്ഞിബീ അവൻറെ തലയിൽ തടവി. ഏതോ ഒരരുവി ദേഹത്തിലൂടെ ഒഴുകുന്നതു പോലെ തോന്നി കുഞ്ഞാലിക്ക്. കുറച്ചു കഴിഞ്ഞപ്പോൾ അവൻ എഴുന്നേറ്റിരുന്നു. പൂക്കുഞ്ഞിബീയുടെ സുറുമയിട്ട കണ്ണുകളിലെ നനവ് അവൻ കണ്ടു. കുഞ്ഞാലി മെല്ലെ മുഖം താഴ്ത്തി അവളുടെ കവിളിൽ ആദ്യത്തെ ഉമ്മവച്ചു.

ഏതോ വലിയ ഭാരമിറക്കിയതുപോലെതോന്നി കുഞ്ഞാലിക്ക്. അന്നേരമാണ് പട്ടാളം ഇബ്രായി കടന്നുവന്നത്. തങ്ങൾ ജീവിച്ചിരുന്ന കാലത്ത് അവൻ കോലായിൽ ഇരിക്കുകയല്ലാതെ അകത്തെ വിരി പോലും തൊട്ടിട്ടില്ല. ഇപ്പോൾ അവൻ തറവാട്ടിൽ സർവവ്യാപിയാണ്. കോലായി തുടങ്ങി അടുക്കളവരെ അവൻ സഞ്ചരിക്കുന്നു.

പൂക്കുഞ്ഞിബീയെ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു:

"ബീക്കുട്ടീ, ഇതു ശരിയല്ല. ഇങ്ങള് കുഞ്ഞനല്ല. ബലിയ ബീക്കുട്ടികള് ആണ്ങ്ങളുടെ അടുത്ത് ഇരിക്കരുത്."

പൂക്കുഞ്ഞിബീ തീ ചവിട്ടിയപോലെ പെട്ടെന്നെഴുന്നേറ്റു.

"ബീക്കുട്ടി തായത്ത് പോയിം."

പൂക്കുഞ്ഞിബീ ഏണിപ്പടികളിറങ്ങുന്ന ശബ്ദം കുഞ്ഞാലി കേട്ടു. പട്ടാളം ഇബ്രായി ഒരുതോക്കുപോലെ തൻറെ വലത്തെ കൈ കുഞ്ഞാലിടെ നേരേ നീട്ടി മുന്നേറി കണ്ണുകളുരുട്ടി പറഞ്ഞു:

"ഇഞ്ഞി അഹമ്മതി കാണിക്കര്ത്, പറഞ്ഞേക്കാം. തോഴനായി നിന്നാൽ പട്ടിണിയില്ലാതെ ഇനിക്കിവ്ടെ കയിച്ചുകൂട്ടാം."

ഇത്രയും പറഞ്ഞു കനമില്ലാത്ത കാലടികൾ കനത്തിൽവച്ച് അവൻ നടന്നു. പിന്നെ കോണിപ്പടികളിറങ്ങി.

അറയ്ക്കലെ തറവാട്ടിൽ ഒട്ടേറെ മാറ്റങ്ങൾ വന്നു.

ബുഹാരിക്കു പടിപ്പുരകാവലിനു പുറമേ തോട്ടം നനയ്ക്കുക, പീടികയിൽ പോയി സാമാനങ്ങൾ വാങ്ങുക, മുമ്പുറത്തുള്ള കിണ്ടിയിൽ വെള്ളം കോരി നിറയ്ക്കുക, പകൽ ഉറങ്ങാതിരിക്കുക തുടങ്ങിയ ജോലികൾകൂടി ഏല്പിക്കപ്പെട്ടു. ബുഹാരിയെ സംബന്ധിച്ചേടത്തോളം എല്ലാം സഹിക്കാമായിരുന്നു. പക്ഷേ, പകൽ ഉറങ്ങാതിരിക്കുക, അതവനു സഹിക്കാൻ വയ്യാതായി. അവൻ ഇബ്രായിയെ ശപിച്ചു. അവൻ മാത്രമല്ല പലരും ശപിക്കാൻ തുടങ്ങി. പണിക്കാരൻ കുട്ടി ഹൈദ്രോസ്, അടുക്കളയിലെ പണിക്കാരത്തികൾ, പള്ളിയിലെ മുക്രി. എന്തിനധികം കുതിരക്കാരൻപോലും.

നാല്പത്താറ്

ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ മരിച്ചിട്ട് ഏറെ ദിവസങ്ങളായി. എന്നാൽ പുതിയ കുതിരക്കാരനെ സംബന്ധിച്ചേടത്തോളം ഒരുദിവസം തികഞ്ഞിട്ടില്ല. അവൻറെ ഓരോ ദിവസവും ആരംഭിക്കുന്നത് തങ്ങളുടെ സവാരിയോടെയാണ്. തങ്ങളുടെ അവസാനയാത്ര കഴിഞ്ഞിട്ട മണിക്കൂറുകൾ നീങ്ങിയതായി മാത്രം അവനു തോന്നി.

കുതിരയുടെ മൂക്കിലും താടിയിലും പറ്റിയ ചോര തുടയ്ക്കുമ്പോൾ അവൻ ആകെ വിറച്ചിരുന്നു. ആഴമേറിയ മുറിവുകളിൽ സാന്ത്വനം പകർന്നത് ആ കുതിരയുടെ മുഖം മാത്രമാണ്. ഒരുപക്ഷേ, അവസാനത്തെ വചനങ്ങൾ ചൊല്ലിക്കൊടുത്തതും ആ കുതിരതന്നെയായിരിക്കും. ആരും തുണയില്ലാത്തോർക്ക് മൃഗമെങ്കിലും തുണ.

കുതിരക്കാരന് ഉറക്കംവന്നില്ല; അതുപോലെ കുതിരയ്ക്കും. അതു കുളമ്പിട്ടടിച്ചുകൊണ്ടിരുന്നു. അസ്വസ്ഥനായി ഇരുട്ടിൻറെ മാളങ്ങളിലൂടെ കുതിര പുറത്തേക്കുള്ള മാർഗം തേടുകയായിരുന്നു. അതിനെ സംബന്ധിച്ചും സവാരിയായിരിക്കണം സ്ഥായിയായ രസം.

നാട്ടുതെണ്ടുന്ന ബുദ്ധനദ്രാമാൻറെ കട്ടിലിൽ കിടന്നുകൊണ്ടു കുതിരക്കാരൻ ഉറക്കത്തിൻറെ കയങ്ങളിലേക്കിറങ്ങാൻ ശ്രമിച്ചു. പലതും ഓർത്തും പേർത്തും.

ഉറക്കം വന്നു; വന്നില്ല.

"എടാ കുതിരക്കാരാ!" ആകാശം പൊട്ടുമാറുച്ചത്തിൽ പൂക്കോയത്തങ്ങൾ വിളിക്കുന്നു.

കുതിരക്കാരൻ ഉണർന്നു. ഒരപരാധബോധത്തോടെ തങ്ങളുടെ മുന്നിൽ വന്നു നിന്നു.

"എന്തുറക്കമാടാ ഹമ്ക്കേ! ബാങ്കുവിളിക്കുന്നതു കേട്ടില്ലേ?"

അങ്ങ് പള്ളിയിൽനിന്നും എറമുള്ളാൻറെ വിളി അവസാനിക്കുകയായിരുന്നു.

"എന്താടാ നോക്കിനിക്കുന്നത്? കുതിരേനെ ശരിയാക്ക്." മീശ പിരിച്ചുകൊണ്ട് തങ്ങളവനെനോക്കി.

കുതിരക്കാരൻ പന്തിയിലേക്കു ചാടിക്കയറി. അന്നു വലിയ ആവേശമായിരുന്നു. നിന്നുറങ്ങുന്ന കുതിരയുടെ പുറം തട്ടി അതിനെ ഉണർത്തി. കുതിര മുഖം കുടഞ്ഞുകൊണ്ടുയർത്തി.

പുളിച്ച കഞ്ഞിവെള്ളം കുടിച്ചു. പിന്നെ തോൽവാറണിഞ്ഞു. മുറ്റത്തു വന്നു നിന്നു.

പെട്ടെന്നു വിളക്കു കെട്ടതുപോലെ തോന്നി കുതിരക്കാരന്. തോന്നിയതല്ല. വിളക്കുകളില്ല. വെളിച്ചമില്ല. അവൻ അന്തം വിട്ടുനില്ക്കുമ്പോൾ നാട്ടുവെളിച്ചം പരക്കാൻ തുടങ്ങി.

പള്ളിയിൽനിന്നും പുതിയ മുക്രിയുടെ ബാങ്കുവിളി ഉയർന്നു. പൂക്കോയത്തങ്ങളില്ല. ബാങ്കുവിളിക്കുന്ന എറമുള്ളാനില്ല.

അറയ്ക്കൽത്തറവാടിൻറെ ഉമ്മറവാതിൽ അടഞ്ഞുകിടക്കുന്നു.

കുതിരക്കാരൻ കോരിത്തരിച്ചു.

സവാരിക്കു കാത്തുനില്ക്കുന്ന കുതിരയും കോരിത്തരിച്ചു.

കുതിരക്കാരൻറെ ധമനികളിലൂടെ എന്തോ കയറി മൂർദ്ധാവിലേക്കിഴയാൻ തുടങ്ങി. വിഷംപോലെ.

തങ്ങൾ അവസാനത്തെ യാത്രയ്ക്കുമുമ്പണിഞ്ഞ കാക്കിക്കുപ്പായവും ജീൻസും കുതിരപ്പന്തിയിൽ അലക്കിവെച്ചിട്ടുണ്ട്. തങ്ങളുടെ പോസ്റ്റ്മോർട്ടം കഴിഞ്ഞപ്പോൾ കുതിരക്കാരൻ പ്രത്യേകമായി സൂക്ഷിച്ചുവെച്ചതാണ് ഉടുപ്പുടകൾ. കുതിരക്കാരൻ അതെടുത്തണിഞ്ഞു.

കാക്കിക്കുപ്പായത്തിൻറെ മാറിലും പുറത്തും പത്തുപതിമൂന്നു തുളകളുണ്ടോ എന്ന സംശയമായി കുതിരക്കാരന്. ഇല്ല. ആ കുപ്പായം പോലീസിൻറെ പക്കലായിരിക്കും.

കുതിരയെ പടിപ്പുരയ്ക്കകത്തു കൊണ്ടുവന്നു പുറം തടവിയ ശേഷം അവൻ ചാടിക്കയറി. കുഞ്ഞാലി അപ്പോഴും ഒന്നുമറിയാത പടിപ്പുരത്തിണ്ണയിൽ ഉറങ്ങുകയാണ്.

കുതിര പാഞ്ഞു. കുതിരക്കാരൻറെ ചിന്തകൾ മുഴുവനും പട്ടാളം ഇബ്രായിയെക്കുറിച്ചായിരുന്നു. അവനെ ഒരു പാഠം പഠിപ്പിക്കണം. ഈ കുപ്പായത്തിലും വേഷത്തിലും താൻ സഞ്ചരിക്കുന്നത് അവൻ കാണണം.

പള്ളിപ്പറമ്പും റേഷൻഷാപ്പും ബീച്ച് റോഡും പിന്നിട്ട് കുതിര ഗോസായിക്കുന്നിൻറെ താഴ്വരയിലെത്തി. പിന്നെ അല്പം വിശ്രമിച്ചു. എന്നിട്ട് ഒരു കുതി.

കുതിച്ചെത്തിയത് ഒഴിഞ്ഞു കിടക്കുന്ന പെരച്ചൻറെ വീട്ടിനു മുമ്പിലായിരുന്നു. പൂക്കോയതങ്ങൾ മരിച്ചു വീണ ആ വീട്ടിനുചുറ്റും കുതിര മൂന്നു തവണ വലംവച്ചു. പിന്നെ കോലായിൽ തങ്ങൾ മരിച്ചു വീണ സ്ഥലം കുറെനേരം നോക്കിനിന്നു. അതുവരെ കുതിരക്കാരൻ, കുതിരപ്പുറത്തുതന്നെയായിരുന്നു. അവൻ ഒരു മായാലോകത്തായിരുന്നു.

കുതിര പിന്നെ വായുവേഗം ഓടാൻ തുടങ്ങിയപ്പോൾ കുതിരക്കാരനു പരിസരബോധമുണ്ടായി. കുതിര നേരെ പടിഞ്ഞാറോട്ടാണു നീങ്ങിയത്. ചെറ്റപ്പുരകളും പൂഴിപ്പറമ്പുകളും താണ്ടി ഓടി കുതിര കടൽത്തീരത്തെത്തി.

കടൽ ഉണരുന്ന സമയമായിരുന്നു. തിരമാലകൾ ചിരിച്ചാർത്തു കരയിൽ വന്നടിയുന്നതുവരെ കുതിര ഒരു നിമിഷം നോക്കി. വീണ്ടും ഒരു കുതി. ആ കുതിക്കലിൽ കുതിരയും കുതിരക്കാരനും കടലിൽ. കടലിൽ കുതിര ചാടിയതും അവർ വേർപെട്ടു. കുതിരയെ പിന്നെ ആരും കണ്ടില്ല. അതുപോലെ കുതിരക്കാരനെയും.

നാല്പത്തേഴ്

പട്ടാളം ഇബ്രായി അറയ്ക്കലെ തറവാട്ടിൽ സ്ഥിരതാമസമായി. തങ്ങൾ എത്രയോ കാലം ഇരുന്ന ആനക്കസേരയിൽ ഇബ്രായി ഇരിപ്പുറപ്പിച്ചു.

തങ്ങളേക്കാൾ അല്പം പ്രായം കുറവാണെങ്കിലും ഇബ്രായിയെ കണ്ടാൽ തങ്ങളുടെ മൂത്തതാണെന്നേ തോന്നൂ. മുഖച്ഛായ ഏകദേശം ഒന്നുതന്നെയായിരുന്നു. ബാപ്പയും ഒന്നുതന്നെയാണെന്നാണ് നാട്ടുകാർ അതുവരെ പറഞ്ഞു നടന്നത്. ഇപ്പോഴും പറഞ്ഞുനടക്കുന്നതും അതു തന്നെയാണ്.

തങ്ങളുടെ ബാപ്പ ഖാൻ ബഹദൂർ തങ്ങൾ തറവാടു ഭരിക്കുന്ന കാലത്ത് ഇബ്രായി ജനിച്ചിട്ടില്ല. പക്ഷേ, ഇബ്രായിയുടെ ഉമ്മ വലിയ ഖാൻ ബഹദൂറിൻറെ സമകാലികയായിരുന്നു.

കൈകൊട്ടിപ്പാട്ടിലും ഒപ്പനപ്പാട്ടിലും കോൽക്കളിയിലും വലിയ കമ്പമുള്ള ആളായിരുന്നു വലിയ ഖാൻ ബഹദൂർ. ഇബ്രായിയുടെ ഉമ്മ ഖദീജ ഒപ്പനപ്പാട്ടിൽ അക്കാലത്തെ പേരെടുത്ത ഒരു സുന്ദരിയായിരുന്നു. നീണ്ടുനിവർന്ന ശരീരം. തേനിൻറെ നിറം. ആരെയും ആകർഷിക്കുന്ന വലിയ നീലക്കുളംപോലുള്ള കണ്ണുകൾ.

ഖദീജ അക്കാലങ്ങളിൽ പ്രസിദ്ധി നേടി; ഒപ്പനപ്പാട്ടിനും സൗന്ദര്യത്തിനും. അവളുടെ ഒച്ചകേട്ട് ആണുങ്ങൾ മത്തരായി. അവളുടെ കോലം കണ്ട അവർ കാമംപൂണ്ടു. പാട്ടിൽ കമ്പം പിടിച്ച വലിയ തങ്ങൾ ഖദീജയെ തറവാട്ടിൽ ഇടയ്ക്കിടെ വിളിപ്പിച്ചു. കൂടെ മറ്റ് ഒപ്പനപ്പാട്ടുകാരികളുമുണ്ടാകും. പിന്നീടു പിന്നീട് ഖദീജമാത്രം പാടിയാൽ മതിയെന്നായി തങ്ങൾക്ക്.

രാത്രികാലങ്ങളിൽ പാട്ടും കഴിഞ്ഞു സാധാരണ വീട്ടിലേക്കു മടങ്ങുകയാണു പതിവ്. പക്ഷേ, പാടുന്ന ദിവസങ്ങളിൽ പുലരുന്നതുവരെ പാട്ടുകേൾക്കുക തങ്ങൾ പതിവാക്കി. അങ്ങനെയാണ് ഖദീജ ഗർഭിണിയായത്. അതോടെ അവൾ താമസസ്ഥലത്തുനിന്നും അടിച്ചു പുറത്താക്കപ്പെട്ടു. സ്വന്തമായി ആരുമില്ലാതിരുന്ന അവൾ ഒരു അകന്ന കുടുംബക്കാരുടെ വീട്ടിലാണു താമസിച്ചിരുന്നത്.

പരിത്യക്തയായ ഖദീജ വലുതായിക്കൊണ്ടിരിക്കുന്ന വലിയ വയറും താങ്ങി ഊരുചുറ്റി. സഹതാപവും ശാപവാക്കുകളും മാത്രമായിരുന്നു അക്കാലങ്ങളിൽ അവളുടെ ഭക്ഷണം. കൊട്ടിയടയ്ക്കപ്പെട്ട വാതിലുകളേ അവൾ കണ്ടുള്ളൂ. ധാർമികരോഷം പൂണ്ട ആളുകളെ മാത്രം അവൾ നേരിട്ടു. അവസാനം ഒരു രക്ഷയുമില്ലാതായി. മാച്ചനാരിക്കുന്നിൻറെ താഴ്വരയിലുള്ള, പുതുമഴയുടെ വെള്ളം കുത്തിയൊലിക്കുന്ന ഓവുപാലത്തിൻറെ ചുവട്ടിൽ അവൾ സങ്കേതം കണ്ടെത്തി.

എട്ടുകാലിയും തവളയും അരണയും കുടിപാർക്കുന്ന പാലത്തിൻറെ ഇരുണ്ട കവാടത്തിൽ ആദ്യവേദനയുമായി അവൾ കിടന്നു. പ്രസവവേദനയുടെ നിലവിളി പുറത്തു കേട്ടില്ല. കഠിനമായ ആ നൊമ്പരങ്ങൾ ഓരോന്നും അവൾ കടിച്ചിറക്കി. പക്ഷേ, കുഞ്ഞിൻറെ കരച്ചിൽ പാലത്തിനു മുകളിൽ കേട്ടു. വഴിപോക്കർ വീണ്ടും ധാർമ്മികരോഷം പൂണ്ടു.

മരിച്ച തള്ളയെ അവർ ഖബറടക്കി. ജീവിച്ച കുഞ്ഞിനെ അവർ ഏറ്റെടുത്തു.

എങ്ങനെയെല്ലാമോ ഇബ്രായി വളർന്നു. അവൻ വളർന്നു വലുതായ കാര്യം അവനുതന്നെ നിശ്ചയമില്ലായിരുന്നു. പള്ളിക്കൂടത്തിൽ പോയതും ഭ്രാന്തൻനായ കടിച്ചപ്പോൾ വയറ്റത്തു പതിന്നാലു സൂചി

വെച്ചതും ഒരു പ്രഭാതം തുടങ്ങി മറ്റേ പ്രഭാതംവരെ പട്ടിണി കിടന്നതും പട്ടാളത്തിൽ പോയതും അവനോർമയുണ്ട്.

പട്ടാളത്തിൽനിന്നു പിരിഞ്ഞു നാട്ടിൽ വന്നപ്പോഴാണ് യഥാർഥത്തിൽ താൻ അഗതിയായെന്ന് ഇബ്രായി മനസ്സിലാക്കിയത്. പട്ടാളത്തിലുള്ള കാലമത്രയും ശത്രു എന്ന ഒരു ലക്ഷ്യം അവൻറെ മനസ്സിലുണ്ടായിരുന്നു. സ്ത്രീ എന്ന ഒരു സ്വപ്നം അവനിൽ പൂത്തുനിന്നു. ആ ശത്രുവിനും സ്വപ്നത്തിനും വേണ്ടിയായിരുന്നു, പത്തു കൊല്ലം അവൻ ജീവിച്ചത്.

നാട്ടിൽ വന്നപ്പോൾ വീടില്ല. കുടുംബമില്ല. പൂക്കോയത്തങ്ങൾ മാത്രമായി ആധാരം. അയാളുടെ ഒരു പറമ്പിൽ കുത്തിനിർത്തിയ ചെറ്റപ്പുരയിൽ ഏകനായി കഴിച്ചുകൂട്ടി.

പെണ്ണുകെട്ടിക്കാൻ പലരും വന്നു. തന്തയില്ലാത്തവൻ പെണ്ണുകെട്ടേണ്ട എന്നുതന്നെ ഇബ്രായി ശഠിച്ചു. പക്ഷേ, തൻറെ തന്ത ആരാണെന്ന് അവനറിയാമായിരുന്നു. ഉമിത്തീപോലെ അത് അവൻറെ മനസ്സിൽ എരിഞ്ഞു.

ഇപ്പോഴും എരിയുകയാണ്.

ആ എരിച്ചിലിൻറെ നീറ്റലാണ് അവനെ പൂക്കോയത്തങ്ങളുടെ ആനക്കസേരയിലെത്തിച്ചത്.

തങ്ങൾ മരിച്ചു രണ്ടു കൊല്ലം കഴിയുന്നതിനുമുമ്പുതന്നെ പടിപ്പുരയിൽനിന്നും അവൻ ആനക്കസേരയിലേക്ക് എഴുന്നള്ളപ്പെട്ടു. അത്രയും കാലം ആ തറവാട്ടിലെ എല്ലാ കാര്യവും ഇബ്രായി നോക്കിപ്പോന്നു.

തേങ്ങാപറിക്കൽ, നെൽക്കൃഷി, പാട്ടം പിരിപ്പിക്കൽ, കോടതികേറൽ എല്ലാം ഇബ്രായി ചെയ്തുപോന്നു.

തറവാട്ടിൽ എല്ലാവരും അവന് അധീനപ്പെട്ടു. ആറ്റബീബിപോലും. പക്ഷേ, ഒരാളെ അവൻ എന്നും ഭയന്നു. കുഞ്ഞാലിയെ. അവനായിരിക്കും തൻറെ സ്ഥായിയായ ശത്രു. ഒന്നുകിൽ അവൻ. അല്ലെങ്കിൽ താൻ. രണ്ടുപേരും ഈ തറവാട്ടിൽ ഒരേസമയം ജീവിക്കുകയില്ല.

അക്കാലത്ത് കുഞ്ഞാലി ഒമ്പതാം തരത്തിൽ പഠിക്കുകയായിരുന്നു. ഒരോണക്കാലത്താണ് അതു സംഭവിച്ചത്. ഓണം ഒഴിവിനു സ്കൂളു പൂട്ടിയ കാലം.

ആകാശം നന്നായി തെളിഞ്ഞു. എങ്ങും പൂക്കൾ. കുന്നിൻറെ ചെരുവിൽ കുട്ടികളുടെ ഓണപ്പാട്ട്. ചുറ്റുമുള്ള വീടുകളിൽ പൂക്കളങ്ങൾ.

കുഞ്ഞാലിയുടെ മുറി മുകളിൽത്തന്നെ. അതിനു മാറ്റമൊന്നും വന്നില്ല. ആ മുറിയിലിരുന്നു ജനാല തുറന്ന് കുഞ്ഞാലി പുറത്തുനോക്കി. അതു തുറന്നുവെച്ചാൽ പള്ളിക്കാടും റെയിൽവേസ്റ്റേഷനും സ്റ്റേഷനപ്പുറത്തെ വയലുകളും വയലിൻറെ അതിർത്തിയായ കുന്നും കാണാം. കുന്നിൻറെ ചെരിവിൽനിന്ന് അപ്പോഴും പാട്ടു കേൾക്കുന്നുണ്ട്. നേരം സന്ധ്യയാകാറായി. എന്നിട്ടും കുട്ടികൾ പൂവിറുക്കുന്നതു നിർത്തിയിട്ടില്ല.

കുഞ്ഞാലിക്ക് ആകെ ഒരു ഹാലിളകി. അന്നേരമാണ് പൂക്കുഞ്ഞിബീ കടന്നുവന്നത്. അവൾ സമയം കിട്ടുമ്പോൾ, ആരുമില്ലാത്തപ്പോൾ, കുഞ്ഞാലിയുടെ മുറിയിൽ വരും. അവൻറെ മുറിയിൽ വന്ന് അവനെ നോക്കുന്നതാണ് പൂക്കുഞ്ഞിബീക്ക് ഏറ്റവുമിഷ്ടം.

പൂക്കുഞ്ഞീബീയുടെ സുറുമയിട്ട കണ്ണുകൾക്ക് അന്ന് കറുപ്പു കൂടുതലുണ്ടെന്നു തോന്നി. അന്നേരം അവൾ പറഞ്ഞു:

“ഇത് കോജാത്തി സുറുമയാ.”

കുഞ്ഞാലി പിന്നെ ഒട്ടും താമസിച്ചില്ല. അവൻ അവളെ കെട്ടിപ്പിടിച്ച് ഉമ്മവെച്ചു.

അവൻ ആകെ വിറച്ചു. അവൻറെ കണ്ണുകൾ മങ്ങി. കാൽമുട്ടുകൾ അലിഞ്ഞലിഞ്ഞ് ഇല്ലാതാവുകയാണ്. തലയിൽ ഇരുട്ടു കയറി.

അവൻറെ മുന്നിൽ കിതച്ചുകൊണ്ട് പട്ടാളം ഇബ്രായി നില്ക്കുന്നു. അവൻറെ കണ്ണുകളിൽ തീ. വലത്തെ കൈയിൽ മുഷ്ടി. പക്ഷേ, അവൻ ഒന്നും പറയാതെ തിരിഞ്ഞു നടന്നു. ഒച്ചയില്ലാതെ കോണിപ്പടികൾ ഇറങ്ങി. കയറിയതുപോലെ.

ആറ്റബീബി അടുക്കളക്കോലായിൽ മറിച്ചിട്ട ഉരലിന്മേലിരിക്കുന്നു. ഒരു കൂസലുമില്ലാതെ ഇബ്രായി കടന്നുചെന്നു. ആറ്റബീബിയുടെ തലയിൽ തട്ടമില്ല. കറുത്തവാവുപോലെ മുടി പരന്നു കിടക്കുന്നു. മുടിയിലൂടെ കുപ്പിവളയിട്ട രണ്ടു കൈകൾ പേനിനെയും തേടി നടക്കുന്നു.

ഇബ്രായി ഒച്ചയനക്കുന്നതു കേട്ടപ്പോൾ പേനെടുപ്പുകാരിയാണു ഞെട്ടിയത്. ആറ്റബീബി ഞെട്ടിയില്ല. എത്രയോ വർഷങ്ങൾ തങ്ങളുടെ കാൽപെരുമാറ്റം കേട്ടിട്ടുപോലും അവർ ഞെട്ടിയിട്ടില്ല.

ഇബ്രായിയുടെ ചുവന്ന കണ്ണുകൾ കണ്ടപ്പോൾ പേനെടുപ്പുകാരി ഓടി അകത്തേക്കു കടന്നു. ആറ്റബീബി മെല്ലെ എഴുന്നേറ്റു തലയിൽ കസവുതട്ടം ചുറ്റിയശേഷം കൈ ചൂണ്ടിക്കൊണ്ട് ഇബ്രായിയോടു പറഞ്ഞു:

“പോയി കോലായില് നില്ക്ക്. എന്നിറ്റെന്നെ ബിളിപ്പിക്ക്. തറവാടിയുടെ മാതിരി പെരുമാറ്.”

ഒരപരാധബോധത്തോടെ ഇബ്രായി കോലായിലേക്കു നടന്നു. പിറകെ ആറ്റബീബിയും. വിരിക്കു പിറകിൽ നിന്നുകൊണ്ട് അവർ ചോദിച്ചു: “ഉം, എന്താ?”

“ഒന്നൂല്ലാ.”

“പിന്നെ ഇഞ്ഞിയെന്തിനാ അടുക്കളേൽ കയറി ബന്നത്?”

“ബെറ്തെ.”

“എന്നാ, ബെറ്തെ എനി അടുക്കളേൽ കയറരുത്, ഞാൻ പറ ഞ്ഞേക്കാം.”

വിരിവിട്ട് അവൻ നടന്നു. മെതിയടികൾ ശബ്ദിച്ചു.

“ബീ,” അവൻ വിളിച്ചു.

“ഉം എന്താ?”

“കാര്യം വലിയ മോശമാ.”

“ആരെ കാര്യം?”

“പൂക്കുഞ്ഞിബീൻറെ.”

ഇബ്രായി എല്ലാം വിസ്തരിച്ചു. പൊടിപ്പും തൊങ്ങലും വെച്ചപ്പോൾ ആറ്റബീബി പറഞ്ഞു: “ഉടനെ നടത്തണം കല്യാണം.”

“ആര്ടെ?”

“ഓലെ.”

“ആരെ?”

“കുഞ്ഞാലീൻറേം പൂക്കുഞ്ഞിബീൻറേം.”

പട്ടാളം ഇബ്രായി ഏറെനേരം അന്തംവിട്ടു നിന്നുപോയി. എന്താണ് ആറ്റബീബി പറയുന്നത്? ഇവർക്കു സ്വബോധമുണ്ടോ? അവൻ ഇടി വെട്ടിയപോലെ തരിച്ചുനില്ക്കുമ്പോഴാണ് ആറ്റബീബി കഥ പറയുന്നത്. പഴയ ഒരു കഥ. പത്തുപതിന്നാല് കൊല്ലങ്ങൾക്കു മുമ്പു നടന്ന കഥ.

കുഞ്ഞാലിയും പൂക്കുഞ്ഞിബീയും കുഞ്ഞുങ്ങളായി നടക്കുന്ന കാലത്ത് തങ്ങൾ ആറ്റബീബിയോടു പറഞ്ഞേല്പിച്ച ഒരു സത്യമുണ്ട്. ആറ്റബീബിയെ തൻറെ ഇടത്തു കൈകൊണ്ടു പിടിച്ചടുപ്പിച്ച് വലത്തെ

കൈകൊണ്ട് കളിച്ച നടക്കുന്ന കുഞ്ഞുങ്ങളെ രണ്ടിനെയും ചൂണ്ടിക്കൊണ്ട് പറഞ്ഞത്രേ:

ഇവരെ രണ്ടുപേരെയും പുറത്തു കൊടുക്കരുത്.

ഇത് കേട്ട് ഇബ്രായി കുറെനേരം ആലോചിച്ചു. പിന്നെ പറഞ്ഞു:

"നോക്ക്, ഇതു വലിയ ഒര് തറവാടാ. പൂക്കുഞ്ഞിബീ ഈ തറവാട്ടിലെ അവസാനത്തെ കണ്ണിയാണ്. അതിനെ ഉമ്മയും ബാപ്പയുമില്ലാത്ത ഒരുത്തനോട് ചേർത്താൽ നാട്ടു ചിരിക്കും. നാട്ടുകാർ മുഴുവനുംചിരിക്കും."

വെറ്റില മുറുക്കിയ ചുണ്ടുകൾ കൂർപ്പിച്ചുകൊണ്ട് ആറ്റബീബി കുറെ നേരമിരുന്നു. അത്രയും നേരം ഇബ്രായി അവരുടെ മുഖത്തു നോക്കി നിന്നു. പിന്നെ ആറ്റബീബിയെ സാകൂതം നോക്കി. വിടർന്ന നെറ്റി. നെറ്റിയിൽ കസവുതട്ടത്തിനു കീഴെ ഇടയ്ക്കിടെ പാറുന്ന കുറുനിരകൾ. വലിയ ഇരുണ്ട കണ്ണുകൾ. തുടുത്ത കവിളുകളും ഇരട്ടത്താടിയും. ക്ഷീണിക്കാത്ത മാറിടങ്ങൾ. അതിനൊത്ത തടി.

ഇബ്രായി തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നു മനസ്സിലാക്കിയപ്പോൾ ആറ്റബീബി തല താഴ്ത്തി. തട്ടം ഒന്നുകൂടി ഒതുക്കിക്കൊണ്ട് അവർ ചോദിച്ചു:

"എന്താ ഒരു വഴി ?"

ഇബ്രായി താമസിച്ചില്ല:

"പൂക്കുഞ്ഞിബീക്ക് ഒരു പുതിയാപ്ലേനെ ഒടനെ വേണം."

"ആയിക്കോട്ടെ." പിന്നെ ഒരക്ഷരം അവർ ഉരിയാടിയില്ല. ഇബ്രായിഎന്തെല്ലാമോ പറഞ്ഞു.

രാത്രിയായിരുന്നു. വിളക്കുകെടാൻ പോകുന്നു. തിരി ഒന്നുകൂടി നീട്ടിയശേഷം ഇബ്രായി പുറത്തേക്കും ആറ്റബീബി അകത്തേക്കും വഴികൾ മാറ്റി.

രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും തിരുവോണമായി. പൂവിറുക്കലും പൂപ്പാട്ടും നിന്നു. പക്ഷേ, ഓണപ്പൊട്ടൻറെ വരവായിരുന്നു പ്രധാനം.

ആണ്ടിമലയൻറെ ഓണപ്പൊട്ടനെ കാണാൻ കുഞ്ഞാലിയും പൂക്കുഞ്ഞിബീയും ഉറക്കമൊഴിച്ചിരുന്നു.

നേരം പുലർന്നില്ല എന്നായതേയുള്ളൂ. മണികിലുക്കം കേട്ടു; അങ്ങു ദൂരെ കുന്നിനപ്പുറത്തുനിന്ന്. ആണ്ടിമലയൻ ഓണപ്പൊട്ടൻറെ വേഷവും കെട്ടി ഓട്ടം തുടങ്ങിയിരിക്കുന്നു.

കുഞ്ഞാലിയും പൂക്കുഞ്ഞിബീയും പിടഞ്ഞെഴുന്നേറ്റു. മുഖം കഴുകി കാലിച്ചായ കുടിച്ചശേഷം അവർ കന്മതിലിനരികിൽ പോയി നിന്നു. അന്നേരമാണ് ഇടത്തേ ചുമലിൽ കാക്കൊടയും വലത്തേ കൈയിൽ കുടമണിയുമായി തലയിൽ കഥകളിക്കിരീടം ചാർത്തിയ ഓണപ്പൊട്ടനെ അവർ കാണുന്നത്. അവർ ആർത്തു വിളിച്ചു.

പെട്ടെന്ന് കുഞ്ഞാലിയുടെ കഴുത്തിൽ ഏതോ ഒരു കൈ വീണു. തിരിഞ്ഞു നോക്കാൻ കഴിഞ്ഞില്ല. പിടുത്തത്തിൻറെ ശക്തിയിൽ അവൻ താഴെ വീണു. വീണപ്പോഴാണ് ആളെ കണ്ടത്–പട്ടാളം ഇബ്രായി !

കുഞ്ഞാലി എഴുന്നേറ്റു. അവൻറെ കഴുത്തിൽ കുറെനേരം പിടിച്ച ശേഷം തള്ളിക്കൊണ്ട് ഇബ്രായി പറഞ്ഞു:

"ഇഞ്ഞി ഇൻറെ പാട്ടിനു പോ ചെക്ത്താനേ!"

കുഞ്ഞാലി മുഖംകുത്തിവീണു. മൂക്കിൽനിന്നു ചോര ധാരയായൊഴുകി. ചെമ്മണ്ണിലും കുപ്പായത്തിലും പുരണ്ടു.

ഓണപ്പൊട്ടൻറെ മണിയടിയൊച്ച അപ്പോഴും കേട്ടു. അതു കിഴക്കൻ ദിക്കിലേക്ക് അലിഞ്ഞലിഞ്ഞില്ലാതായി.

നാല്പത്തെട്ട്

ഒരു ദിവസം നേരം വെളുത്തപ്പോൾ പടിപ്പുര തുറന്നുകിടക്കുന്നു. മലർന്നുകിടക്കുന്ന പടിപ്പുരവാതിലിലൂടെ കിഴക്കൻകാറ്റു ചീറിയടിച്ച് അകത്തേക്കുവന്നു. കോലായിൽ ചണ്ടി കയറി. ഉമ്മറവിരി അടി പൊങ്ങി; അകത്തേക്കു വലിഞ്ഞു കിഴക്കാംതൂക്കായി നിലകൊണ്ടു.

ആദ്യം പുറത്തുവന്നത് പട്ടാളം ഇബ്രായിയാണ്. ഈയിടെ അവൻ തറവാട്ടിൽ സ്ഥിരതാമസം തുടങ്ങി. ആദ്യമാദ്യം ഇടയ്ക്കിടെ അന്തിയുറങ്ങുക പതിവാക്കി. പിന്നെ രണ്ടുംമൂന്നും നാൾ ഒരുമിച്ചു പാർക്കലായി. അവസാനം സ്ഥിരതാമസവും തുടങ്ങി.

ആദ്യമെഴുന്നേല്ക്കുന്ന പണിക്കാരത്തി ഉമ്മറവാതിൽ തുറന്നു കോലായ അടിച്ചുവാരി ഓട്ടുകിണ്ടികളിൽ വെള്ളം നിറയ്ക്കണം. പിന്നെ തീയത്തിയെ വിളിപ്പിച്ചു മുറ്റമടിപ്പിക്കണം. അതും കഴിഞ്ഞാൽ ഒരു ഗ്ലാസ്സ് നിറയെ കാലിച്ചായയുമായി ഇബ്രായിയെ സമീപിക്കണം. എല്ലാം ഇബ്രായിയുടെ ഭരണപരിഷ്കാരങ്ങളായിരുന്നു.

പടിപ്പുരവാതിൽ തുറന്നുകിടക്കുന്നതു കണ്ടപ്പോൾ ഇബ്രായിക്കു ഹാലിളകി :

“എടാ നായേ!” എന്ന ഒരു വിളി. പക്ഷേ, ആരും വിളികേട്ടില്ല.

“ഹമ്ക്കേ! ഇഞ്ഞി എവ്ടെപ്പോയി ” വീണ്ടും വിളിച്ചു. പടിപ്പുരയിൽപ്പോയി. തിണ്ണയിൽ നോക്കി. എത്രയോ വർഷങ്ങൾ പഴക്കംപൂണ്ട കോസടിയും തലയണയും മടക്കിവെച്ചിരിക്കുന്നു. തലയണ അവിടവിടെ ദ്രവിച്ചു പഞ്ഞി പുറത്തു വന്നുതുടങ്ങിയിട്ടുണ്ട്.

ബുഹാരിയുടെ പേര് വളരെ മാന്യമായരീതിയിൽ വിളിച്ചുകൊണ്ടും അമർഷവും ധിക്കാരവും കാണിച്ചുകൊണ്ടും ഇബ്രായി തറവാട്ടിൻറെ കന്മതിലിനു ചുറ്റും മണ്ടിനടന്നു. അതുകൊണ്ടും അരിശം തീരാഞ്ഞപ്പോൾ അവൻ പള്ളിപ്പറമ്പു മുഴുവനും പരതിനടന്നു.

ബുഹാരി സ്ഥലംവിട്ടിരിക്കുന്നു. ആറരമണിയുടെ വണ്ടിക്ക് ഗബ്രിയേലിൻറെ കൈയിൽനിന്നു കോഴിക്കോട്ടേക്കു ടിക്കറ്റു വാങ്ങി ബുഹാരി വണ്ടികയറി. അതു പിന്നീടാണു മനസ്സിലായത്. അതിനുശേഷം ബുഹാരിയെ ആരും കണ്ടിട്ടില്ല.

ബുഹാരിയുടെ തിരോധാനം ഒമ്പതരക്കണ്ണൻറെ ചായപ്പീടികയിൽ വിഷയമായി. ബുഹാരിയെ പട്ടാളം ഇബ്രായി വിരട്ടിയോടിച്ചതാണെന്നു തയ്യാർ സെയ്താലി പറഞ്ഞു. അതല്ല, സ്വമേധയാ പൊന്നാനിക്കു പോയതാണെന്ന് ആന്തീൻ ചന്തുനായർ പറഞ്ഞു. സത്യം ഇതൊന്നുമല്ല. പട്ടാളം ഇബ്രായി ബുഹാരിയെ അടിച്ചുകൊന്നു പള്ളിക്കിണറ്റിലിട്ടിരിക്കുകയാണെന്നായിരുന്നു പോസ്റ്റ്മാഷ് ഗോവിന്ദക്കുറുപ്പിൻറെ ബലമായ സംശയം.

അന്നു വൈകുന്നേരം പലരും പള്ളിക്കിണറ്റിനു ചുറ്റും കൂടി കിണറ്റിലേക്കു നോക്കി. അവിടെ മയ്യത്തുകളുടെ നെയ്യൂറിയ വെള്ളമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. നിരാശരായി എല്ലാവരും പീടികയിലേക്കു മടങ്ങി. ഓരോ ചായ കുടിച്ചശേഷം അവർ വീണ്ടും പരദൂഷണം പറയാൻ തുടങ്ങി.

അറയ്ക്കലെ തറവാട്ടിലെ സംഭവവികാസങ്ങൾ നാട്ടുകാരെ മുഴുവനും ഒന്നൊന്നായും ഞെട്ടിച്ചു. അന്നുവരെ അറിയപ്പെടാത്ത ഒരാൾ മന്ത്രിയായപോലെയായിരുന്നു പട്ടാളം ഇബ്രായിയുടെ

ഉയിർത്തെഴുന്നേല്പ്. അവൻ തറവാട്ടിലെ എല്ലാമായി. ഭരണം അവൻറേതായിമാറി. ആറ്റബീബിപോലും അവൻറെ ചൊല്പടിയിലായി.

"എന്താ ബലിയ അതിശയം!" തയ്യാർ സെയ്താലി പറഞ്ഞു.

"ഓൻ തങ്ങളുടെ സ്വന്തം അനിയനാ."

"അതെങ്ങനെ?" എന്നായി വണ്ടിക്കാരൻ കുഞ്ഞാമൻ.

"ഓൻറെ ഉമ്മ ഒപ്പനപ്പാട്ടുകാരത്തി കദീശു വലിയ തങ്ങളുടെ വെപ്പാട്ടി യായിരുന്നു. സ്വന്തം അനിയനാ ആറ്റബീബിയെ കെട്ടിയത്." സെയ്താലി ചായഗ്ലാസ്സ് ശക്തിയോടെ ബഞ്ചിൽവെച്ചു.

"ശരിയാ." പഞ്ചസാരയില്ലാത്ത ഓട്ടുസ്പൂൺ വെറുതെ ഇളക്കിക്കൊണ്ട് ഒമ്പതരക്കണ്ണൻ പറഞ്ഞു.

പട്ടാളം ഇബ്രായിയോ കൊല്ലത്തെ തറവാട്ടിലെ അന്തേവാസികളോ ഇതൊന്നുമറിഞ്ഞില്ല. പാത്തുമ്മ മാത്രം പുറത്തു നടക്കുന്ന വിവരമറിയാൻ ശ്രമിച്ചു. പക്ഷേ, അവളുടെ വായ മൂടിക്കെട്ടി. അവളുടെ അധികാരങ്ങൾ കുറച്ചു. തനിക്ക് പാത്തു ഒരു വിലങ്ങുതടിയാവുകയാണെന്നു കണ്ടപ്പോൾ ഇബ്രായി അവളുടെ തസ്തിക മാറ്റി. പാത്തുവിൻറെ ജോലി അടുക്കളത്തോട്ടം നനയ്ക്കലും താറാവിനെ നോക്കലുമായി.

അങ്ങനെയിരിക്കെ പൂക്കുഞ്ഞിബീ ഋതുവായി. അവൾ ആരോടും പറഞ്ഞില്ല. പണ്ടൊരിക്കൽ കുഞ്ഞാലിയുടെ മൂക്കിൽനിന്നു രക്തം കിനിഞ്ഞത് അവൾ കണ്ടിരുന്നു. പേടിച്ചരണ്ട കുഞ്ഞാലി പാത്തുവിൻറെ അടുത്തേക്കോടി. അപ്പോൾ പാത്തു പറഞ്ഞു: "കുഞ്ഞാലീ, ഇതൊക്കെ പടച്ചോൻറെ കളികളാ. ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ഇങ്ങനെയൊക്കെ വരും. അതൊന്നും ആരോടും പറയരുത്."

അതുപോലെ പൂക്കുഞ്ഞിബീയും ഒരക്ഷരം പറഞ്ഞില്ല. എന്നാൽ കുറൈശിപ്പാത്തുവിനെ ആർക്കെങ്കിലും തോല്പിക്കുവാൻ പറ്റുമോ? അടുക്കളമുറ്റത്തേക്കിറങ്ങിവന്ന പൂക്കുഞ്ഞിബീയെ അവൾ കെട്ടിപ്പിടിച്ചുമ്മ വെച്ചു. എന്നിട്ടൊരു ചിരി. ആ ചിരിയുടെ ലഹരികേട്ട് അടുക്കളക്കാരിപ്പെണ്ണുങ്ങൾ മുഴുവനും മുറ്റത്തേക്കിറങ്ങി നിന്നു.

"പോ പഹച്ചികളേ!" പാത്തുമ്മ അലറി. പിന്നീട് പൂക്കുഞ്ഞിബീയുടെ ചന്തി ഇടത്തെ കൈകൊണ്ടു മറച്ച് അവളെ കുളിമുറിയിലേക്കു കൊണ്ടു പോയി.

പൂക്കുഞ്ഞിബീ പൂത്തപോലെയായി. ഒരുപാടുദിവസം അവൾ കുഞ്ഞാലിയുടെ മുന്നിൽ ഇറങ്ങിയില്ല. അവിചാരിതമായി ഒരുനാൾ അവനെ കണ്ടുമുട്ടിയപ്പോൾ അവൾ തലതാഴ്ത്തിനിന്നു. പിന്നെ വിയർത്തു. വിയർത്ത മേൽച്ചുണ്ടിന്മേൽ കുഞ്ഞാലിയുടെ നനുത്ത മീശ നനഞ്ഞു.

അന്നു വൈകുന്നേരം ഊണും കഴിഞ്ഞ് കുഞ്ഞാലി മുറിയിൽ പഠിക്കാനിരുന്നു. പണിക്കാരൻ കുട്ടി ഹൈദ്രോസ് മുറിയിൽ കടന്നുവന്നു. അവൻറെ തസ്തികയും മാറ്റിയിരിക്കുകയാണല്ലോ.

"ഇന്നെ ബിളിക്ക്ന്ന്."

"അര്?"

"ഇബ്രായിക്ക."

മുറിക്കു പുറത്തെ ഇരുട്ടിലൂടെ കുഞ്ഞാലി ഏണിപ്പടികളിറങ്ങി. കോലായിൽ പതിന്നാലാം നമ്പ്ര് വിളക്കിൻറെ വെട്ടത്തിൽ ഇബ്രായി ആധാരം നോക്കിക്കൊണ്ടിരിക്കുന്നു. തൊട്ടടുത്തു നിലത്തു വിരിച്ച പുല്പായയിൽ വക്കീൽ ഗുമസ്തൻ നാരായണക്കുറുപ്പ്. നാരായണക്കുറുപ്പ് ശരീരവും മനസ്സും പൂർണമായും ആധാരത്തിനടിമപ്പെടുത്തിയ പോലെയാണ് ഇരുന്നത്. പുല്പായയിൽ മലർത്തിവെച്ച ആധാരത്തിൽ കുനിഞ്ഞു കണ്ണട തൊട്ടു തൊട്ടില്ല എന്ന മട്ടിലാണു വായന. കണ്ണടയാണെങ്കിൽ കട്ടിയുള്ള ചില്ലുകൾ.

ചില്ലുകളെ വലയംചെയ്ത വെള്ളി വളയങ്ങളെ കറുത്ത ചരടുകൾ ഇരുപുറവും ബന്ധിച്ചു. ചരടിൻറെ കെട്ട് പിൻകുടുമകണക്കെ രോമമില്ലാത്ത തലയിൽ ഒരു മേക്കപ്പ് പോലെ നിലകൊണ്ടു.

പെട്ടെന്ന് നാരായണക്കുറുപ്പ് ആധാരം ഒന്നാകെ കുടഞ്ഞു. ഒരു വലിയ വാലൻമൂട്ട കത്രികയിളക്കിക്കൊണ്ടു സിമൻറിലൂടെ പാഞ്ഞു. ഇടത്തെ പെരുവിരലിൻറെ നഖവുമായി അതിനെ ഞെരിച്ചു കൊല്ലാൻ നാരായണക്കുറുപ്പ് ഒരു വൃഥാശ്രമവും നടത്തി.

അപ്പോൾ ഇബ്രായി തലയുയർത്തി :

"കുഞ്ഞാലിയോ, കുറുപ്പേ കുഞ്ഞാലി വന്നിരിക്ക്ന്ന്."

കുറുപ്പ് ആധാരത്തിൽനിന്നു തൻറെ ദേഹം പറിച്ചെടുത്തു:

"ങ്ഹാ, ന്തെല്ലാ കുഞ്ഞാലി വർത്താനം?"

കുഞ്ഞാലിക്ക് ഒരു വർത്താനവുമില്ലായിരുന്നു. അവനെ സംബന്ധിച്ചേടത്തോളം നഷ്ടപ്പെട്ട ഭൂതവും ഭീതിജനകവുമായ ഭാവിയുമേയുള്ളൂ.

"എത്രാം ക്ലാസ്സിലാ ഇപ്പോൾ?"

"ഒമ്പതിൽ."

"ഭേഷ്" എന്നായി കുറുപ്പ്. പിന്നെ നീട്ടിയൊന്നു തുപ്പി. നാവുകൊണ്ട് മോണകളിൽ മർദ്ദിച്ചു. എന്നിട്ടു പറഞ്ഞു: "ഇതുതന്നെ ധാരാളം. എഴുതാനും വായിക്കാനുമായി. ഇത്രയും ഭാഗ്യം വടക്കേ മലബാറിലെ ഏതു മാപ്പ്ലക്കാ കിട്ടിയത്?"

കുഞ്ഞാലി മിണ്ടാതിരുന്നു.

അപ്പോൾ ഇബ്രായി ചോദിച്ചു: 'മനസ്സിലായോ?'

കുഞ്ഞാലി വിടർന്ന കണ്ണുകളോടെ ഇബ്രായിയെ നോക്കി.

"നാളെത്തൊടങ്ങി ഷ്ക്കൂളിപ്പോകണ്ട. ഇബ്ടെ ഒരുപാടു പണീണ്ട്. കൂലിക്ക് ആളെ നിർത്താനെനക്കാവതില്ല."

കുഞ്ഞാലിയുടെ കാതുകൾ അടഞ്ഞു. പക്ഷേ, കണ്ണുകൾ നിറഞ്ഞു. അവൻ ഒരക്ഷരം ഉരിയാടിയില്ല. നേരേ വിരിപൊക്കി അകത്തേക്കു വലിഞ്ഞു.

അപ്പോൾ ഇബ്രായി പറഞ്ഞു:

"പക്ഷേ, നാളെത്തൊടങ്ങി ഇനിക്കൊറക്കമുണ്ടാവൂല്ല."

കുഞ്ഞാലി മുകളിൽ തൻറെ മുറിയിൽ വന്നു കിടന്നു. മാവുകട്ടിലിലെമൂട്ടകൾക്കിടയിൽ കിടന്നുകൊണ്ടും കരഞ്ഞുകൊണ്ടും അവനുറങ്ങി. ഉറങ്ങിയതേ ഓർമയുള്ളൂ. ആരോ പുറത്തു തടവി. കവിളിലും തലയിലും തടവി. തലമുടിയിലൂടെ വിരലോടിച്ചു.

അവൻ തണുപ്പിൻറെ സുഖത്തിൽ കണ്ണുകൾ തുറന്നു.

പൂക്കോയത്തങ്ങൾ!

പൂക്കോയത്തങ്ങൾ!

തൻറെ ദേഹത്തിലൂടെ നീങ്ങുന്ന ആ കൈ പിടിച്ചു ചുംബിക്കാൻ അവൻ ഒരുങ്ങി. കൈത്തണ്ട പിടിക്കേണ്ട താമസം പൂക്കോയത്തങ്ങൾ പിന്നോട്ടു നീങ്ങിനീങ്ങി മതിലിനോടടുത്തില്ലാതെയായി.

അവൻ ഉറക്കെ നിലവിളിച്ചു. ഭയം, അറുത്തിട്ട ഒരു കോഴിയെപ്പോലെ അവൻറെ ചങ്കിൽ ചിറകും കാലുമിട്ടടിച്ചു.

കുഞ്ഞാലി കണ്ണു തുറന്നു. കാതു തുറന്നു.

അപ്പോഴാണ് ഇബ്രായിയുടെ ശബ്ദം മുറിക്കു പുറത്തു കേൾക്കുന്നത് :

“ചെക്ത്താനേ ഒറങ്ങിക്കോ! കരഞ്ഞ് ബഹളമുണ്ടാക്കിയിറ്റ് കാര്യമില്ല. ഇൻറെ ഇസ്ക്കൂളില്പ്പോക്ക് നിന്നു.”

കുഞ്ഞാലി കണ്ണടച്ച്, മനസ്സടച്ച് ഉറങ്ങാൻ കിടന്നു.

നാല്പത്തൊമ്പത്

നേരം പുലർന്നപ്പോൾ കുഞ്ഞാലി അനാഥനെപ്പോലെയായി. ഇനി എവിടെപ്പോകാനാണ്? പല്ലുതേച്ച് ഒരു ചായയും കുടിച്ച്, കുളിക്കാതെ, കക്കൂസിൽപോകാതെ, അമ്പായമരത്തിൻറെ ചുവട്ടിലിരുന്ന് പഴയ ഒരു പത്രത്തിൻറെ കടലാസുകൾ മറിച്ചിടാൻ തുടങ്ങി.

"ഏയ്, ഇവിടെ വാ."

ശബ്ദം പുറത്തുവന്നത് കോലായിൽനിന്നുതന്നെ. പട്ടാളം ഇബ്രായി കൈമുട്ടിക്കൊണ്ട് വിളിക്കുന്നു. കുഞ്ഞാലിയെ നോക്കി അവൻ പറഞ്ഞു:

"ഇൻറെ പഠിപ്പ് നിർത്തിയത് ഒര് തമാശക്ക് ബേണ്ടീറ്റല്ല. ഇഞ്ഞി പണിയെടുക്കണം. ഒരു നേരത്തെ ഭക്ഷണം ബെറ്തെ ഞാനാർക്കും കൊടുത്തിട്ടില്ല."

കുഞ്ഞാലി അന്ധനെപ്പോലെ നിന്നു.

"എന്താ ഇനിക്ക് മനസ്സിലാകുന്നില്ലേ? പൂക്കോയത്തങ്ങളുടെ കാലം കഴിഞ്ഞ്. ഇത് ഒസീറി* ൻറെ ഭരണമാ."

കുഞ്ഞാലിയുടെ പിരടിയിൽ പിടിച്ചുകൊണ്ട് ഇബ്രായി പറഞ്ഞു:

"ഇഞ്ഞി തേങ്ങാക്കാരൻ മൊയ്തുവിൻറെ പീടികയിൽ പോയി ഓനോട് ഇങ്ങ് വരാൻ പറയണം."

വിദ്യാഭ്യാസമില്ലെങ്കിലും കഴിയുന്നതും സാഹിത്യത്തിലേ ഇബ്രായി സംസാരിക്കാറുള്ളൂ.

അവൻ പടിപ്പുരയിറങ്ങി പള്ളിപ്പറമ്പിലൂടെ ധൃതിയിൽ നടന്നു. അറബിപ്പുളിമരത്തിനു ചുവട്ടിലെത്തിയപ്പോൾ അറിയാതെ മേല്പോട്ടുനോക്കിപ്പോയി. ബാപ്പുക്കണാരൻ തൂങ്ങിമരിച്ച കൊമ്പ്. എത്ര പ്രാവശ്യം അവൻ പള്ളിപ്പറമ്പിലൂടെ നടക്കുന്നുവോ അത്രയും തവണ അറിയാതെ മേല്പോട്ടു നോക്കിപ്പോകുന്നു.

അപ്പോഴെല്ലാം കാണുന്നത് ഒരേയൊരു കൊമ്പുമാത്രം. തെക്കോട്ടു നീണ്ടുപോകുന്ന ആ കൊമ്പിന് ഒരു കൊലമരത്തിൻറെ ശക്തിയുണ്ട്.

കുഞ്ഞാലി അറബിപ്പുളിമരത്തിനു ചുവട്ടിലിരുന്നു. മരിച്ച പോയ എറമുള്ളാൻ മുക്രി കിടക്കുന്ന അതേ സ്ഥലത്ത് പുതിയ മുക്രി കിത്താബും നെഞ്ചത്തുവെച്ചു മയങ്ങുന്നു. അതു നോക്കി മാടപ്പിറാവുകൾ കുറുകുന്നു. ഇടയ്ക്കിടെ പച്ചോലപ്പാമ്പിൻറെ കരച്ചിൽ. ഓരോ കരച്ചിൽ തീരുമ്പോഴും ആ പാമ്പു മറ്റൊരു പച്ചിലമരത്തിലേക്കു പറന്നകലുന്നു. ഇവ കഴിഞ്ഞാൽ പള്ളിപ്പറമ്പു നിശ്ശബ്ദവും വിജനവുമാണ്.

ഏറെനേരം കഴിഞ്ഞു. പെട്ടെന്നാണ് കൈക്കോട്ടു മണ്ണിൽ തട്ടുന്ന ശബ്ദം കേട്ടത്.

ആരോ ഒരാൾകൂടി മരിച്ചിരിക്കുന്നു.

അവൻ എഴുന്നേറ്റു. സ്റ്റേഷൻറോഡിലൂടെ നടക്കുമ്പോൾ പള്ളിയുടെ തെക്കുഭാഗത്തു ഖബറു കുഴിക്കുന്ന മൂസ്സയെയും അദ്രുമാനെയും കണ്ടു. അദ്രുമാൻറെ കറുത്ത ദേഹത്തിൽ സൂര്യൻ മിന്നി. വിയർപ്പുമണികൾ അതേറ്റു മുത്തുമണികളായി. ഇനി കുറച്ചു കഴിഞ്ഞാലായിരിക്കും ബഹളം. ശവക്കട്ടിലും പുരുഷാരവും പള്ളിപ്പറമ്പിൽ വന്നടിയും. മരിച്ചവനെ പള്ളിക്കകത്താക്കി അവനുവേണ്ടി നമസ്കരിച്ച് എല്ലാവരും പിരിയും. ഖബറു കുഴിച്ചവർ കൂലിയും വാങ്ങി സ്ഥലംവിടും. എല്ലാവരും സ്ഥലംവിടും. പള്ളിപ്പറമ്പു വീണ്ടും വിജനമാകും. ഒന്നോ രണ്ടോ ദിവസം കഴിയുമ്പോൾ വീണ്ടും കൈക്കോട്ടിൻറെ ശബ്ദം കേൾക്കും.

കുഞ്ഞാലി മടങ്ങി പടിപ്പുരമുറ്റത്തിറങ്ങിയപ്പോഴും ഇബ്രായി അതേ ഇരിപ്പുതന്നെ. അവനെ കണ്ടപ്പോൾ പതിയിരിക്കുന്ന ഒരു സിംഹത്തെപ്പോലെ ചാടിയെഴുന്നേറ്റു.

“മൊയ്തുനെക്കണ്ടോ?”

“കണ്ട്.”

“എന്തു പറഞ്ഞ്?”

“ഇപ്പൊ ബരാന്ന്.”

അത്രയും പറഞ്ഞ് കുഞ്ഞാലി വിരി പൊക്കി അകത്തേക്കു കടന്നു. ഇബ്രായി അവനെ കത്തുന്ന കണ്ണുകളോടെ നോക്കി. ഏണിപ്പടികൾ കയറി അവൻ സ്വന്തം മുറിക്കു മുന്നിലെത്തി. മുറി പൂട്ടിയിരിക്കുന്നു. അകത്തളം മുഴുവൻ ഇരുട്ട്.

ഒന്നും മനസ്സിലായില്ല. ആരാണ് ഇതു പൂട്ടിയത്? പൂക്കുഞ്ഞിബീയായിരിക്കുമോ? തമാശകളിക്കൽ പൂക്കുഞ്ഞിബീയുടെ സ്ഥിരംതൊഴിലായിരിക്കുകയാണിപ്പോൾ.

കുഞ്ഞാലി ഏണിപ്പടികളിറങ്ങി താഴെ വന്നു. അകത്തെ വിരി പൊക്കി അടുക്കളഭാഗത്തേക്കു നീങ്ങാൻ നോക്കുമ്പോൾ കൈമുട്ടുന്ന ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ മുട്ടാനോങ്ങിയ കൈ ഉയർത്തി ഇബ്രായി അവനെ മാടി വിളിക്കുന്നു.

“എങ്ങോട്ടാ പോക്കുന്നത്?”

“അടുക്കളേല്.”

“എന്തിന്?”

അതിനുത്തരം പറയാൻ കുഞ്ഞാലിക്കു കഴിഞ്ഞില്ല.

“മിസ്റ്റർ ഇഞ്ഞി ഒരു വാലിയക്കാരനാ. അടുക്കളയിലും അകത്തും മുഴുവനും സ്ത്രീകളും കുട്ടികളുമാ.”

“അതു മനസ്സിലായി.” കുഞ്ഞാലി പറഞ്ഞു.

“മനസ്സിലായോ?”

“മനസ്സിലായി.”

“എന്നാൽ” എന്നും പറഞ്ഞ് കുഞ്ഞാലിയുടെ കഴുത്തിനു പിടിച്ച് കോലായിലൂടെ, മുറ്റത്തൂടെ പടിപ്പുരയിൽ കൊണ്ടുവന്നു. പിന്നെ കഴുത്തിൻറെ പിടിവിട്ട് പടിപ്പുരത്തിണ്ണ ഇരുപുറവും ചൂണ്ടിക്കൊണ്ടു പറഞ്ഞു:

“നോക്ക്.”

കുഞ്ഞാലി നോക്കി. രണ്ടു പടിപ്പുരത്തിണ്ണകളും നിറയെ അവൻറെ സ്വന്തമായ സാധനസാമഗ്രികൾ. കിടക്കതൊട്ടു മുട്ടവിളക്കുവരെ. ഒരു തരം കുടിയൊഴിപ്പിക്കലായിരുന്നു. അവൻറെ ക്രിമിൻസ്പിന്നുവരെ സ്ഥലംമാറ്റപ്പെട്ടിരിക്കുന്നു. ഒരുപാടുനേരം കുഞ്ഞാലി അതു നോക്കി നിന്നു.

അന്നേരം ഇബ്രായി പറഞ്ഞു:

“ഇഞ്ഞി ഇനി വീട്ടിൻറെ അകത്തുപോകരുത്. ഇനിമുതൽ ഇൻറെ മുറി പടിപ്പുരയാണ്. ഇൻറെ ജോലി ബുഹാരിയുടേതും.”

അന്നുരാത്രി കുഞ്ഞാലിക്ക് ഉറക്കം വന്നില്ല. പടിപ്പുരത്തിണ്ണയിൽ നിറയെ മൂട്ടയാണ്. അന്നുവരെ ബുഹാരിയുടെ ചോര കുടിച്ച മൂട്ട. ഇത്രയും കാലം പട്ടിണികിടന്ന പകയും വിദ്വേഷവും വീട്ടാൻ തുടങ്ങിയ മൂട്ട. അന്നേരമാണ് ഇബ്രായിയുടെ ശബ്ദം:

“പടിപ്പുര പൂട്ടിയോ?”

കുഞ്ഞാലി പിടഞ്ഞെണീറ്റു. പടിപ്പുര പൂട്ടി. പിന്നെയും കിടന്നു.

"പൂട്ടിയോന്നാ ചോദിച്ചത്. ഇനിക്ക് നാവില്ലേ?"

"പൂട്ടി."

കോലായിലെ വിളക്കു കെട്ടു. മുറ്റം ഇരുട്ടിലായി. ഉമ്മറവാതിൽ കരഞ്ഞുകൊണ്ടടഞ്ഞു.

കുഞ്ഞാലിക്ക് ഉറക്കംവന്നില്ല. പൂട്ടിയ പടിപ്പുരവാതിൽ തുറന്ന് അവൻ പുറത്തിറങ്ങി. പള്ളിപ്പറമ്പിലൂടെ അവൻ നടന്നു. പള്ളിയിൽ റാന്തൽ കെടുത്തി മുക്രി ഉറക്കം തുടങ്ങിയിരിക്കുന്നു.

പള്ളിക്കാട്ടിലൂടെ നടന്നുനടന്ന് അവൻ പൂക്കോയതങ്ങളുടെ ഖബറിനടുത്തെത്തി. പിന്നെ അവന് സഹിക്കാൻ കഴിഞ്ഞില്ല. ശവക്കല്ലറയുടെ വരണ്ട മണ്ണിൽ കുഞ്ഞാലിയുടെ ചൂടുള്ള കണ്ണീർത്തുള്ളികൾ വീണു.

അന്നുരാത്രി ഉറക്കത്തിൽ അവൻ പൂക്കോയതങ്ങളെ കിനാവു കണ്ടു. പൂക്കോയതങ്ങൾ ജീവിച്ചിരിക്കുന്നു. കോലായിൽ ആനക്കസേരയിൽ കിടന്നുറങ്ങുന്ന പൂക്കോയതങ്ങളോട് ഇബ്രായിയുടെ കഠിന തന്ത്രങ്ങളെക്കുറിച്ചു പറയാനായി ഒരുങ്ങിയതാണ്. അപ്പോഴേക്കും ഉറക്കം ഞെട്ടി.

പടിപ്പുരത്തിണ്ണയിലെ മൂട്ടകൾ അവനെ ആക്രമിക്കുകയാണ്. പുലരുന്നതുവരെ അവനുറക്കം വന്നില്ല. പുലരാൻകാലത്താണു വീണ്ടും കണ്ണടച്ചത്. പിന്നെ ഉണരുന്നതു ഭയങ്കര തെറി കേട്ടുകൊണ്ടാണ്. കണ്ണു തിരുമ്മിയപ്പോൾ ഇബ്രായി.

"ചെക്ത്താൻകുടി ഇപ്പോൾ ഉറങ്ങൂല." ചൂണ്ടുവിരൽ ചൂണ്ടി ഇബ്രായി അലറുന്നു.

അവൻ പിടഞ്ഞെഴുന്നേറ്റു. പായയും കിടക്കയും മടക്കാൻ തുടങ്ങി. ഇബ്രായി പടിപ്പുരയിൽത്തന്നെ കുറെനേരം നിന്നു. കുഞ്ഞാലി എന്തു ചെയ്യണമെന്നറിയാതെ പുറത്തേക്കിറങ്ങാൻ നോക്കുമ്പോൾ ഇബ്രായി അവൻറെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു:

"ചെടികൾക്കു വെള്ളമൊഴിക്കണം. പിന്നെ ബാജാറിൽപ്പോയി മീൻ വാങ്ങണം." ഇതും പറഞ്ഞു മുറ്റത്തേക്കിറങ്ങിയ ഇബ്രായി വീണ്ടും തിരിഞ്ഞ് പടിപ്പുരയിൽ വന്നു:

"പിന്നെ ഒരു കാര്യം. ബാജാറിപ്പോയി മീൻ വാങ്ങലും തോട്ടം നനയ്ക്കലും എന്നും നിൻറെ പണിയാണ്. ഓർമ്മയിരിക്കട്ടെ."

കുഞ്ഞാലി തലകുനിച്ചു കേട്ടുനിന്നു.

പൂക്കുഞ്ഞിബീയെ കണ്ടിട്ട് രണ്ടാഴ്ചകൾ കഴിഞ്ഞു. കുഞ്ഞാലിയുടെ ജീവിതം പടിപ്പുരയിലും കോലായയിലും മാത്രമായി നീണ്ടു പരന്നുകിടന്നു. ഉമ്മറവിരി അതിനുശേഷം അവൻ തൊട്ടിട്ടില്ല.

അതിരാവിലെ എഴുന്നേറ്റു പല്ലുതേക്കുമ്പോഴേക്കും പണിക്കാരൻ കുട്ടി ഹൈദ്രോസ് ചായയും പിട്ടും പടിപ്പുരയിൽ കൊണ്ടുവന്നുവയ്ക്കും. വിശക്കുമ്പോഴേക്കും പിട്ടും ചായയും തണുത്തിരിക്കും. ഉച്ചയൂണ് എല്ലാവരും കഴിച്ച ശേഷമാണ് കിട്ടുക. അപ്പോഴേക്കും വിശന്നു പൊരിയും. രാത്രിയിൽ പള്ളിയിലെ മുക്രിയും കുഞ്ഞാലിയും ഒരു പാത്രത്തിലെ കഞ്ഞി ഒരേ ചിരട്ടക്കയിലുകൊണ്ടു കോരിക്കുടിക്കണം. ആദ്യത്തെ ഒരുപാടുദിവസം കുഞ്ഞാലി കഞ്ഞി കുടിച്ചില്ല. മുക്രി കയിൽ ചുണ്ടോടടുപ്പിച്ചു വായ തുറക്കുമ്പോഴേക്കും ഉമിനീർ കഞ്ഞിയിലുറ്റും. അത്രയും ദിവസം പുഴുക്കുമാത്രം തിന്നു കുഞ്ഞാലി വിശപ്പടക്കി.

ഒരു രാത്രി അവനുറങ്ങുമ്പോൾ ആരോ അവൻറെ പുറത്തുതട്ടി. അടച്ച പടിപ്പുരവാതിൽ കടന്നുവന്ന പ്രേതം ഏതാണെന്നു നോക്കാനായി കുഞ്ഞാലി ഞെട്ടിയുണർന്നു. നോക്കുമ്പോൾ പാത്തുമ്മ.

ആരും ഒന്നും പറഞ്ഞില്ല. രണ്ടുപേരുടെ ചങ്കിലും ഇരുമ്പുകട്ടികൾ നിറഞ്ഞുനിന്നു. പക്ഷേ, കണ്ണുകൾ സംസാരിച്ചു. കുഞ്ഞാലിയുടെ തലമുടിയിൽ കൈവിരലുകൾ നടത്തിയ പാത്തുമ്മ അവൻറെ മുഖത്ത് ഒരുപാടു കണ്ണീരു വീഴ്ത്തി.

"മോനെ, ഞമ്മക്ക് എവിടെങ്കിലും പോണം. ഈ നരകത്തില് എനി നിന്നൂടാ."

കുഞ്ഞാലി ഒന്നും പറഞ്ഞില്ല. അവൻ എഴുന്നേറ്റിരിക്കുകമാത്രം ചെയ്തു.

"ഈ തറവാട് മുടിഞ്ഞ്പോകും!"

പട്ടാളം ഇബ്രായി ആറ്റബീയെ ദോഷപ്പണിയെടുത്തു മയക്കി. പൂക്കോയത്തങ്ങൾ രാത്രിയുറങ്ങുന്ന കട്ടിലിലാണ് അവനിപ്പോൾ ഉറക്കം.

പാത്തുമ്മ ഇറങ്ങി നടന്നു. പിന്നെ സംസാരിക്കുവാനുള്ള ശക്തി അപ്പോഴേക്കും ചോർന്നുപോയി. അതു മുഴുവനും കണ്ണീരായിരുന്നു.

അപ്പോഴാണ് പൂക്കുഞ്ഞിബീയുടെ മണം പടിപ്പുരയിൽ പടർന്നത്. കുഞ്ഞാലിക്കു സ്വന്തം മൂക്കിനെ വിശ്വസിക്കാനായില്ല. കണ്ണുതുറന്നപ്പോൾ പൂക്കുഞ്ഞിബീ.

പൂക്കുഞ്ഞിബീ വലുതായിരിക്കുന്നു. അവളുടെ മാറിടത്തിൻറെ മുഴക്കം നെഞ്ചോടു ചേർന്നപ്പോഴാണ് ആ സത്യം കുഞ്ഞാലിക്കു മനസ്സിലായത്.

ഒരക്ഷരം അവർ ഉരിയാടിയില്ല. അവിടെയും ഭാഷ കണ്ണീരുതന്നെയായിരുന്നു. ചുവന്ന കവിളുകളോടെ പൂക്കുഞ്ഞിബീയും മടങ്ങി. നിലാവിൽ ആ ചുവപ്പ് ആരും കണ്ടില്ല.

കുഞ്ഞാലി മുറ്റത്തിറങ്ങി. പാത്തുമ്മയും പൂക്കുഞ്ഞിബീയും കുതിരപ്പന്തിക്കരികിലൂടെ, കറമൂസമരങ്ങൾക്കിടയിലൂടെ അടുക്കള മുറ്റത്തേക്കു കടന്നു. പൂക്കുഞ്ഞിബീ മതിലിനപ്പുറം മറഞ്ഞിട്ടും അവളുടെ നിഴൽ ഒന്നുരണ്ടു സെക്കൻറ് നേരം കുഞ്ഞാലി കണ്ടു. ഇരുണ്ട പുഴയിലേക്കിറങ്ങുന്ന ഒരു താമരത്തണ്ടുപോലെ നിഴൽ മതിലിൻറെ കനത്ത നിഴലിൽ മുങ്ങിമറഞ്ഞു. അത്രയും പടിഞ്ഞാറായിരുന്നു പതിന്നാലാം രാവിൻറെ ചന്ദ്രൻ.

പിറ്റേന്നു രാത്രിയും പടിപ്പുരയിൽ അനക്കം കേട്ടു. കുഞ്ഞാലി പുതപ്പുമാറ്റി എഴുന്നേറ്റു.

പൂക്കുഞ്ഞിബീ !

അവൻ റാന്തലിൻറെ തിരി നീട്ടി. ബുഹാരി എത്രയോ കാലം നീട്ടിയ തിരി !

"പൂക്കുഞ്ഞിബീ !"

"എന്താ?"

അവൾ കിതയ്ക്കുകയായിരുന്നു.

"എന്താ?"

കിതപ്പുതന്നെ. വാക്കുകളില്ല. കണ്ണുകളിലെ ഭാഷ അരണ്ട വെളിച്ചത്തിൽ മനസ്സിലായില്ല.

"ഉം?" കുഞ്ഞാലിയുടെ നിഘണ്ടു വളരെ വളരെ ശുഷ്കിച്ചു.

"ഹെന്നെ, ഹെന്നെ..."

ഗദ്ഗദമാണു മുഴുവനും. വലിയ വലിയ നെടുവീർപ്പുകളോടെ ചുണ്ടും മുഖവും ഒരുപാടുനേരം മേലോട്ടുയർന്നു.

"ഹെന്നെ എവിടെങ്കിലും കൊണ്ടുപോകു..."

മുകളിലെ ചില്ലുവാതിലുകളിലൊന്നു പെട്ടെന്നു തുറക്കപ്പെട്ടു. അരണ്ട നീലവെളിച്ചത്തിൻറെ പശ്ചാത്തലത്തിൽ ഇബ്രായിയുടെ തല. അതിനു പിന്നിൽ തട്ടമിടാത്ത മറ്റൊരു തല. പക്ഷേ, അരണ്ട വെളിച്ചത്തിലും ആ കവിളുകൾ മിന്നി. നാല്പത്തിയഞ്ചിലും അതു തുടുത്തുതന്നെ നില്ക്കുന്നു. നെയ്യൂറുന്ന കീഴ്ത്താടി പെട്ടെന്നു മറഞ്ഞു.

പൂക്കുഞ്ഞിബീ ഭയന്നു.

ആറ്റബീബി !

കുഞ്ഞാലി ഒന്നുമറിയാത്തവനെപ്പോലെ പടിപ്പുരയിൽ കയറി. പുതപ്പും പുതച്ച് ഒരു കിടപ്പ്. പൂക്കുഞ്ഞിബീ പതുങ്ങിപ്പതുങ്ങി മുറ്റമിറങ്ങി. കാലിയായ കുതിരപ്പന്തിക്കടുത്തുടെ തറവാട്ടിൻറെ മതിലോടു ചേർന്നു തറവാട്ടിനകത്തേക്കു വലിയാൻ തുടങ്ങി.

അടുക്കളവാതിൽ അടച്ചുവെച്ചിരിക്കുന്നു. ഒരിക്കലും ഇത്രയും നേരത്തേ ആ വാതിൽ അടയ്ക്കുക പതിവില്ല. പൂക്കുഞ്ഞിബീ വാതിൽ കുറെനേരം മുട്ടി. പിന്നെ പാത്തു പാത്തു എന്ന് ഒരുപാടു തവണ ശപിച്ചും ശാപവാക്കുകളുച്ചരിച്ചും പതുക്കെ വിളിച്ചു.

വാതിൽ തുറന്നു. ആശ്വാസത്തോടെ അകത്തു കടന്നപ്പോൾ വാപിളർന്നു പോയി. മുന്നിൽ പാത്തുവിനു പകരം ഇബ്രായി.

ഒരക്ഷരം മിണ്ടിയില്ല. ഇബ്രായി വാതിൽ പൂട്ടിയശേഷം അവൻ നേരേ മുകളിലേക്കുള്ള കോണിപ്പടികൾ ചവിട്ടി.

* മന്ത്രി

അമ്പത്

പൂക്കുഞ്ഞിബീയെ കാണാനായി കൊയിലാണ്ടിയിൽനിന്നും നാലഞ്ചു ബീവികൾ വന്നു. കൂട്ടത്തിൽ രണ്ടുമൂന്നു ദാസികളും. ദാസികൾ ചോദിക്കാനില്ല. മാപ്പിളപ്പെണ്ണുങ്ങൾതന്നെ. കൂടെ കുറെ കുട്ടികളും പെണ്ണുങ്ങളും.

പൂക്കുഞ്ഞിബീ പുതുവസ്ത്രങ്ങളണിഞ്ഞു കണ്ണിൽ കോജാത്തി സുറുമയിട്ടു, കൈയിൽ മൈലാഞ്ചി ചാർത്തി കാണാൻ വന്ന പെണ്ണുങ്ങളുടെ മുന്നിൽ ഒരു കൗതുകവസ്തുപോലെ നിന്നു.

ആകപ്പാടെ ബഹളമായി തറവാട്ടിൽ.

പടിപ്പുരയ്ക്കു മുന്നിൽ രണ്ടു ജഡ്ക്കവണ്ടികൾ. അതു തെളിക്കുന്ന കുതിരക്കാർ. പടിപ്പുരയിൽ ഒരു ദീപസ്തംഭംപോലെ കുഞ്ഞാലി.

അന്നേരമാണ് ഇബ്രായി പടിപ്പുരയിൽ കയറിവന്നത്. തിണ്ണയിൽ കാൽമുട്ടുകളിൽ തലയമർത്തിയിരിക്കുന്ന കുഞ്ഞാലിയുടെ വളഞ്ഞ നട്ടെല്ലിൽ ആഞ്ഞടിച്ചുകൊണ്ട് ഇബ്രായി വിളിച്ചു:

“നോക്ക്.”

കുഞ്ഞാലി ഞെട്ടിയെഴുന്നേറ്റു കാലുകൾ താഴെയിട്ടു.

“ഒരു കാര്യം. ഇഞ്ഞി ഇവിടെനിന്ന് ഇളകരുത്. അവര് പോകുന്നതുവരെ ഇഞ്ഞി ഇവിടെ ഇരുന്നുകൊള്ളണം. എൻറെ കൈയിൻറെ ബലം ഇഞ്ഞി പരീക്ഷിക്കാനിടവരുത്തരുത്. ഓർമ്മയിരിക്കട്ടെ.”

കോലായിൽ ഒരുപാടാളുകൾ. എല്ലാം ഇബ്രായിയുടെ ശിങ്കിടികൾ. കൂട്ടത്തിൽ തങ്ങന്മാർ ഒന്നോ രണ്ടോ പേരേ ഉണ്ടായിരുന്നുള്ളൂ. ഒരു മാപ്പിള ആ തറവാട്ടിൽ അധിവാസിയായതോടെ തറവാട്ടുകാരായ

എല്ലാ തങ്ങന്മാരും അറയ്ക്കൽത്തറവാട്ടു വെടിഞ്ഞു. തറവാട്ട മുടിയണമേയെന്ന് അവർ ശപിച്ചു. അഞ്ചു നേരവും അതു പറഞ്ഞ് അവർ പ്രാർത്ഥിച്ചു.

ഇബ്രായി സല്ക്കാരത്തിൻറെ അദ്ധ്വാനത്തിൽ വിയർത്തു. വന്നവരെ മുഴുവനും കെട്ടിപ്പിടിച്ചു സ്വീകരിച്ചു. അവർക്കെല്ലാം സിഗരറ്റും വെറ്റിലടയ്ക്കയും സ്വന്തം കൈകൊണ്ടുതന്നെ കൊടുത്തു.

അകത്തായിരുന്നു തിരക്കായ തിരക്കു മുഴുവനും. ആറ്റബീ നിരന്തരം അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. പെണ്ണുങ്ങളെ സല്ക്കരിച്ചു. വന്നവരുടെ തലയിൽ ഒന്നായി പനിനീർ കുടഞ്ഞു. കുട്ടികളുടെ കണ്ണിൽ സുറുമയെഴുതി. ഇടയ്ക്കിടെ അകത്തുപോയി സ്വന്തം കുപ്പായത്തിൽ അത്തർ പൂശി.

കൊയിലാണ്ടിയിൽനിന്നു വന്നവരിൽ നാലഞ്ചു ബീകളും രണ്ടു മൂന്നു ദാസികളും ഉണ്ടായിരുന്നു. ബീകളിൽ മൂപ്പത്തിയും പുതിയാപ്പിളയുടെ ഉമ്മയുമായ കദീശ്ശക്കുട്ടിബീബി ഒരു കസേരയിൽ ചക്കിൻ കുറ്റിപോലെ ഇരുന്നു. അത്രയും തടിയുണ്ടായിരുന്നു അവർക്ക്. നരച്ച മുടിയെ ചുറ്റിപ്പറ്റിയിട്ട സിൽക്കുതട്ടം. പഴകി ദ്രവിക്കാറായ വിടർന്ന പൂച്ചക്കണ്ണുകൾ. കഴുത്തിൽ പതിന്നാലു പവൻറെ ചവിടി. നാഭിവരെ നീണ്ടുകിടക്കുന്ന വലിയ മാറിടങ്ങൾ. കാലുകളിൽ പാദസരം. നഖങ്ങളിൽ തീ കത്തുന്ന കൊയിലാണ്ടി മൈലാഞ്ചി.

അവർ ഇരിക്കുമ്പോഴും നടക്കുമ്പോഴും കിതച്ചുകൊണ്ടിരുന്നു. അവരുടെ ശ്വാസകോശങ്ങളിൽ അപ്പോൾ മാത്രം വിരിഞ്ഞു പുറത്തു വന്ന ആയിരമായിരം കോഴിക്കുഞ്ഞുങ്ങളുണ്ടായിരുന്നു. അതിൻറെ ശബ്ദങ്ങൾ മുഴുവനും നാസാരന്ധ്രങ്ങളിലൂടെ പുറത്തുവന്നു.

കിതപ്പിനിടയിൽ അവർ ചോദിച്ചു:

“പൂക്കുഞ്ഞിബീയെവിടെ?”

പാത്തുമ്മ പൂകുഞ്ഞിബീയെ ഉന്തിത്തള്ളി അവരുടെ മുന്നിൽ കൊണ്ടുവന്നു നിർത്തി.

കദീശ്ശക്കുട്ടി മാംസം തൂങ്ങിനില്ക്കുന്ന കൈ ഉയർത്തി പൂക്കുഞ്ഞിബീയെ വിളിച്ചു:

“വാ മോളേ.”

പൂക്കുഞ്ഞിബീ നീങ്ങിനിന്നു. അവർ അവളെ രണ്ടു കൈകൊണ്ടും വാരി. പൂക്കുഞ്ഞിബീ അവരുടെ കൈകളാണ് നോക്കിയത്. കൈവിരലുകൾ തമ്മിൽത്തമ്മിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു. മലയിഞ്ചിപോലെ! പുറംകൈകൾ വെള്ളാപ്പംപോലെ തുടുത്തുനില്ക്കുന്നു. മാത്രമല്ല, ചെറുവിരലിൽനിന്നും ഇപ്പോൾ പൊട്ടി വീഴും എന്ന കണക്കിന്നു തൂങ്ങി നില്ക്കുന്ന ഓരോ കൊച്ചുവിരലുകൾ.

അവർ പൂക്കുഞ്ഞിബീയെ പിടിച്ചു മടിയിലിരുത്തി. ഏതോ വലിയ പഞ്ഞിക്കെട്ടിലിരിക്കുമ്പോലെ തോന്നി പൂക്കുഞ്ഞിബീക്ക്.

തിന്നലും കുടിക്കലും കഴിഞ്ഞപ്പോൾ കദീശ്ശക്കുട്ടിബീ വീണ്ടും ചോദിച്ചു:

“എവിടെ പൂക്കുഞ്ഞിബീ ?” പൂക്കുഞ്ഞിബീ പിന്നെയും എഴുന്നള്ളി.

മോതിരവിരലിൽ ഒരു പവൻറെ കട്ടിമോതിരം ഇട്ടുവിക്കുമ്പോൾ ബീ പറഞ്ഞു:

“നീതന്നെ എൻറെ പുന്നാരമോൻറെ ബീ.”

കദീശ്ശക്കുട്ടിബീ ഏറെനേരം പൂക്കുഞ്ഞിബീയെ മടിയിലിരുത്തി. തൻറെ കൂട്ടിപ്പിടിച്ച വിരലുകളുള്ള കൈകൾകൊണ്ടു മുടിയിൽ തടവി. തടവിത്തടവി കൈകൾ കഴുത്തിലൂടെ, മാറിലൂടെ സഞ്ചരിക്കുമ്പോൾ കദീശ്ശക്കുട്ടിബീ ഒരു പോരായ്ക പറഞ്ഞു:

“പോരാ.”

“എന്താ?” എന്നായി ആറ്റബീബി.

"ഒന്നുല്ല." കൈ വയറ്റിലൂടെ താഴ്ത്തിക്കൊണ്ട് കദീശുക്കുട്ടിബീ പറഞ്ഞു: "അതെല്ലാം എൻറെ മോൻ ശരിയാക്കും."

പിന്നീട് എന്തോ ഓർത്തും കിതച്ചും അവർ ഏറെനേരം പൊട്ടിച്ചിരിച്ചു. അവർക്കു ഭ്രാന്താണോ എന്നുകൂടി സംശയിച്ചു ചുറ്റും നില്ക്കുന്നവർ.

പൂക്കുഞ്ഞിബീയെ മടിയിൽനിന്നിറക്കി അവളുടെ മൂർദ്ധാവിൽ അമർത്തി ചുംബിച്ചശേഷം കദീശുക്കുട്ടിബീ യാത്രചോദിച്ചു:

"ഞാനിറങ്ങട്ടെ."

കോലായിൽ ആണുങ്ങൾ ഒരു ഭാഗത്തേക്കു കണ്ണുമടച്ചു മാറി നിന്നു. ഈ തക്കംനോക്കി ബീവികളും ദാസികളും പടിപ്പുര കടന്നു നാട്ടുവഴിയിലിറങ്ങി. എല്ലാറ്റിൻറെയും മുന്നിലും പിന്നിലും ഇബ്രായി.

ജഡ്ക്കവണ്ടികൾ തയ്യാറായി. കുതിരകൾ കഴുത്തുയർത്തി തെക്കും വടക്കും തിരിച്ചു; കുളമ്പിട്ടടിച്ചു.

ആദ്യത്തെ വണ്ടികൾ നിറഞ്ഞപ്പോൾ രണ്ടാമത്തെ വണ്ടിയിൽ ആളുകൾ കയറി. തിക്കിത്തിരക്കിയാണ് എല്ലാവരും ഇരുപ്പുറപ്പിച്ചത്. കുട്ടികളുടെ ബഹളവും വലിയവരുടെ ശാസനകളും വണ്ടിയിൽനിന്നുയർന്നു. അവസാനം എല്ലാവരെയും നോക്കി ഒന്നു ചിരിച്ചശേഷം കദീശുക്കുട്ടിബീ യാത്രചോദിച്ചു:

"ശെരി ഞാള് പോയിവരട്ടെ."

അവർ വലതുകാൽ വണ്ടിയുടെ ചവിട്ടുപടിയിൽവെച്ചു തുറന്ന വാതിലിലൂടെ അകത്തുകടക്കാൻ ശ്രമിച്ചു. പക്ഷേ, എവിടെ പിടിച്ചു കയറണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുള്ളപോലെ അവർ വണ്ടിയുടെ പല ഭാഗങ്ങളിലും പിടിച്ചു കയറാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നിട്ടും ആ തടി പൊങ്ങിയില്ല. അവസാനം പട്ടാളം ഇബ്രായി ഒന്നു താങ്ങി. അവർ ചവിട്ടുപടിയിലായി. വണ്ടി ഒന്നുകൂടി ഞെരങ്ങിത്താണു. അപ്പോഴേക്കും കിതപ്പു പുറത്തുവന്നു. പിന്നെ എല്ലാ സിൽക്കുവിരികളും താണു.

വണ്ടി നീങ്ങി.

പട്ടാളം ഇബ്രായി ഉമ്മറത്തേക്കു തിരിച്ചു.

കുഞ്ഞാലി സർവതും നോക്കിനിന്നു. അവൻറെ ചങ്കിൽ മാടപ്പിറാവുകൾ കുറുകി.

അന്നേരമാണ് പണിക്കാരൻ കുട്ടി ഹൈദ്രോസ് തണുത്ത നെയ്ച്ചോറും ഇറച്ചിയുമായി പടിപ്പുരയിൽ വന്നത്. മറ്റേത്തിണ്ണയിൽ പ്ലേറ്റുകൾ വെച്ചുകൊണ്ടു അവൻ ചോദിച്ചു:

"എന്താ തിന്ന്ന്നില്ലേ? അവസാനത്തെ നെയ്ച്ചോറാ."

കുഞ്ഞാലി അവൻറെ മുഖത്തേക്ക് ഏറെനേരം തറപ്പിച്ചു നോക്കി. പരന്ന മൂക്ക് ഒന്നുകൂടി പരന്നു. മഞ്ഞച്ച മുഖത്തു പരിഹാസത്തിൻറെ നിലാവ്. 'ഹി ഹി ' എന്നു ചിരിച്ചു കൈകൊട്ടി ഹൈദ്രോസ് മുറ്റത്തേക്കിറങ്ങി. മുറ്റത്തെ പൂഴിമണലിൽ അവൻറെ കൊച്ചു കാല്പാടുകൾ നോക്കി കുറെനേരം കുഞ്ഞാലി ഇരുന്നു.

ഒരു ഫക്കീർ പടിപ്പുരയിൽ വന്നു. അവൻറെ തോളിൽ വലിയ ഭാണ്ഡം. കൈയിൽ കുത്തിപ്പിടിക്കാനുള്ള വടി. മുഖം നിറയെ ചുളിവുകൾ. പാദങ്ങളിൽ ചെമ്മണ്ണ്.

"ഉം?" കുഞ്ഞാലി ചോദിച്ചു.

"വിശക്കുന്നു."

പിന്നീട് ഒന്നും ആലോചിച്ചില്ല. മറ്റേ തിണ്ണയിൽ കിടക്കുന്ന പ്ലേറ്റുകൾ ചൂണ്ടിക്കൊണ്ട് കുഞ്ഞാലി പറഞ്ഞു:

"തിന്നോ."

അതു കേൾക്കേണ്ട താമസം, ഫക്കീർ ഒരു കിതപ്പോടെ തിണ്ണയിലേക്കു കുതിച്ചു. ആർത്തിയോടെ ഭക്ഷണം വാരിവാരി വിഴുങ്ങി. കണ്ണുകൾ തുറിക്കുകയും നെറ്റിയിൽ വിയർപ്പു പൊട്ടുകയും ചെയ്തു. അവസാനം വസ്സികൾ കാലിയായി. കൈവിരലീമ്പി കൈ കഴുകുമ്പോൾ ഒരു ഏമ്പക്കം പുറത്തുവന്നു. അതോടെ കുഞ്ഞാലിക്കു സംതൃപ്തിയായി.

തിണ്ണയിലിരുന്നു ചുരുട്ടിന് തീ കൊളുത്തി ഒന്നാമത്തെ പുകവിട്ട ശേഷം ഫക്കീർ കുഞ്ഞാലിയെ നോക്കി. എന്നിട്ടു ചോദിച്ചു:

"എവിട്യാ നാട്?"

കുഞ്ഞാലിക്ക് ഒരു സങ്കടവും തോന്നിയില്ല. ഒരു നിസ്സംഗനെപ്പോലെ കുഞ്ഞാലി പറഞ്ഞു:

"നാടില്ല."

"പിന്നെ?" വലിയ സംശയത്തിലായി ഫക്കീർ.

"ഞാനും ഒരു ഫക്കീർ."

പിന്നെ ആരും ഒരക്ഷരം പറഞ്ഞില്ല. ചുരുട്ടു തീർന്നപ്പോൾ ഫക്കീർ പടിപ്പുരയിറങ്ങി, പിറകെ കുഞ്ഞാലിയും.

കുഞ്ഞാലി നേരേപോയതു പള്ളിപ്പറമ്പിലേക്കാണ്.

ആദ്യം അവനെ എതിരേറ്റത് അറബിപ്പുളിമരമാണ്. തെക്കുവടക്കായി നീണ്ടുന്ന ആ കൊമ്പ് ഒരു തവണയേ നോക്കിയുള്ളൂ. ഇപ്പോഴും ബാപ്പുക്കണാരൻ അതിൻറെ കൊമ്പിൽ തൂങ്ങിക്കിടക്കുമ്പോലെ തോന്നി കുഞ്ഞാലിക്ക്.

ആൾമറയില്ലാത്ത കിണറ്റിനരികിൽ ചെന്നപ്പോൾ എറമുള്ളാൻറെ ഗന്ധം എങ്ങുനിന്നോ പറന്നെത്തി. എറമുള്ളാൻ എപ്പോഴും തലവെച്ചു കിടക്കുന്ന ജനല്പടി ഒഴിഞ്ഞുകിടക്കുന്നു. പുതിയ മുക്രി മറ്റേപ്പടിയിൽ തലവെച്ചു കിടക്കുകയാണ്. എറമുള്ളാൻ എത്രയോ വർഷങ്ങൾ കിടന്ന ജനല്പടി അത്രയും കുഴിഞ്ഞിരിക്കുന്നു.

കിണറ്റിലെ വെള്ളത്തിൽ അല്പനേരം നോക്കിനിന്നു. നെയ്യൂറുന്ന വെള്ളത്തിൽ തെക്കുഭാഗത്ത് ഒരു പ്രകാശം. പൂക്കോയത്തങ്ങളുടെ നെയ്യ്. അപ്പോഴേക്കും കണ്ണുകൾ മഞ്ഞളിച്ചു ദേഹം ആകെ കോരിത്തരിച്ചു. തല അവിടെയില്ലെന്നു തോന്നി.

അവൻ പിന്നെ നേരേ പൂക്കോയത്തങ്ങളുടെ ഖബറിനടുത്തേക്കു നീങ്ങി. വലിയ തങ്ങളുടെ തൊട്ടരികിൽത്തന്നെയാണ് മകനും. ആരോ കത്തിച്ചു കുത്തിയ ചന്ദനത്തിരികൾ അപ്പോഴും പുകയുന്നു. അതിൻറെ സുഗന്ധം പള്ളിക്കാടു മുഴുവൻ നിറഞ്ഞുനില്ക്കുമ്പോലെ തോന്നി കുഞ്ഞാലിക്ക്.

തങ്ങളുടെ മീസാൻകല്ലിൽ മുഖമമർത്തി അവൻ ഒരുപാടുനേരം ഇരുന്നു. നേരം പോയതറിഞ്ഞില്ല. ഇരുട്ടിയപ്പോഴാണ് പരിസരബോധമുദിച്ചത്.

അപ്പോഴേക്കും സന്ധ്യയുടെ ബാങ്കുവിളി മുഴങ്ങി. എറമുള്ളാൻറെയും പുല്ലുമുളയ്ക്കാത്ത ഹുസൈൻകോയയുടെയും ശവക്കല്ലറകൾ താണ്ടി അറയ്ക്കലെ പടിപ്പുരയിലേക്ക് അവൻ കിതച്ചുകൊണ്ടോടി.

അമ്പത്തൊന്ന്

പൂക്കുഞ്ഞിബീയുടെ കല്യാണരാത്രി. പടിപ്പുരയും മുറ്റവും പകലു പോലെയാക്കി പെട്രോമാക്സുകൾ തീ തുപ്പിക്കൊണ്ടു കത്തിജ്വലിച്ചു. പെണ്ണുങ്ങളുടെ മൈലാഞ്ചിയണിഞ്ഞ കൈകൾ ചോരപോലെ തിളങ്ങി. അതും പ്രകാശത്തിനു മാറ്റു കൂട്ടി.

മുകളിലത്തെ മുറിയിൽ പൂക്കുഞ്ഞിബീയെ ചമയിച്ചിരുത്തി. കസവിൽ പണിതീർത്ത ചെരിപ്പ്. കാലനങ്ങുമ്പോൾ കിലുങ്ങാത്ത പൊന്നിൻറെ പാദസരങ്ങൾ. ജപ്പാൻസില്ക്കിൻറെ ഉടുമുണ്ട്. പാരച്ചൂട്ടിൻറെ കുപ്പായം. സാക്ഷാൽ പവൻറെ അരഞ്ഞാണം. അത് പൂക്കുഞ്ഞിബീയുടെ അരയിൽനിന്നും താണുപോവാൻ ശ്രമിച്ചുകൊണ്ടിരുന്നു. കഴുത്തിലെ സ്വർണാഭരണങ്ങളുടെ ഭാരം സഹിക്കാനാവാതെ കഴുത്തു മുന്നോട്ടൊടിഞ്ഞു. കാതുകൾ കാണാനില്ലായിരുന്നു. തലയിൽ നീണ്ട മുടിയും മുടിയെ പാടേ പൊതിഞ്ഞശേഷം നിലംവരെ എത്തുന്ന ബനാറസ് തട്ടവും.

നെറ്റിയിൽ വിയർപ്പ്.

കണ്ണുകളിൽ നിരാശയും ദുഃഖവും.

ഖൽബിൽ പ്രതിഷേധം.

പൂക്കുഞ്ഞിബീ പാലുമായി അറയിലേക്കു കയറി. കയറിയ ഉടനെ അവൾ നോക്കിയതു കട്ടിലിലാണ്. കൊയിലാണ്ടിയിലെ വലിയതങ്ങളുടെ മകനായ പുതിയാപ്പിള മുരിങ്ങക്കായപോലെ മെലിഞ്ഞു കൊലുന്നനെയുള്ള ഒരു ചെറുപ്പക്കാരനാണ്.

വീതിയേറിയ, മുന്നോട്ടുന്തിനില്ക്കുന്ന നെറ്റി. ചെറിയ തല. കുണ്ടിൽപ്പോയ കണ്ണുകൾ. ഒട്ടിയ കവിൾ. ഇടതുഭാഗത്തേക്കു കോടിപ്പോയ ചുണ്ടുകൾ. എപ്പോഴും തുറന്നുനില്ക്കുന്ന വായിൽ പുഴു തിന്നുതീർത്ത കുഴിയുള്ള പല്ലുകൾ. ഒരുപാടു ചുളിവുകളുള്ള മുഖം. മുഖം നിറയെ വസൂരിക്കലകൾ.

വിയർത്തു നാറുന്ന കക്ഷങ്ങൾ. എല്ലുന്തിനില്ക്കുന്ന മാറിടം. അവടെ ഒരൊറ്റ രോമം കണികാണാൻകൂടിയില്ല. ഉന്തിയ വയർ. അതിലത്രയും വിരയായിരിക്കും. മേലോട്ടു കയറിയ തുണിയുടെ താഴെ ചൂരലിൻറെ തണ്ടുപോലെയുള്ള കണങ്കാലുകൾ. ചെറിയ ചിള്ളിച്ച പാദങ്ങൾ. ഉറക്കത്തിൽകൂടി ഇളകുന്ന ആ പാദങ്ങളിൽ ദ്രവിച്ച, ചിതലു തിന്നപോലുള്ള നഖങ്ങൾ. വരണ്ടു ചതുപ്പു നിലംപോലെ വിണ്ടുകീറിയ കാലടികൾ.

മിനിട്ടിൽ പത്തു പ്രാവശ്യംമാത്രം ശ്വാസംവലിക്കുന്ന നെഞ്ച്.

ഒരിക്കൽകൂടി ആ മുഖം പൂക്കുഞ്ഞിബീ നോക്കി. പുതിയാപ്പിള മയങ്ങിക്കിടക്കുകയാണ്. ഇടത്തെ ചുണ്ടുകളുടെ കോണിലൂടെ കട്ടിയേറിയ ഉമിനീർ ഒലിക്കുന്നതു കണ്ടപ്പോൾ ഓക്കാനംവന്നു.

പൂക്കുഞ്ഞിബീ പാൽ നിറച്ച ഗ്ലാസ് മേശപ്പുറത്തുവെച്ചു.

മുറിയുടെ പുറത്തു വലിയ ബഹളവും ചിരിയും. അകത്താക്കാൻവന്ന പെണ്ണുങ്ങളിൽ ചിലർ ജനലഴിയിലൂടെ എത്തിനോക്കുന്നു. പൂക്കുഞ്ഞിബീ ജനൽപ്പാളികൾ അടച്ചു. പുറത്തു ചിരിയും വളകിലുക്കങ്ങളും അട്ടഹാസങ്ങളും കൊണ്ടു നിറഞ്ഞു.

പൂക്കുഞ്ഞിബീക്കു വീർപ്പുമുട്ടി. തലയിലെ നീണ്ട തട്ടവും പാരച്ചൂട്ടിൻറെ കുപ്പായവും അഴിച്ചുവെച്ചു.

അടിക്കുപ്പായത്തോടെ അടുത്ത കട്ടിലിൽ കിടന്നു. അപ്പോഴാണു ചുമ കേൾക്കുന്നത്. മനുഷ്യൻറെ ചുമയ്ക്ക് അത്തരം ഒച്ച അവൾ അതു വരെ കേട്ടിട്ടില്ല. വാറു പൊട്ടിയ ചെണ്ടയ്ക്കിട്ടടിക്കുമ്പോലത്തെ ശബ്ദം.

പുതിയാപ്പിള കുരയ്ക്കുന്നു. കഫംനിറഞ്ഞ വായുമായി എഴുന്നേറ്റു കട്ടിലിലിരുന്നു മുഖം മുകളിലാക്കിപ്പിടിച്ചുകൊണ്ടു ചോദിക്കുകയാണ്:

"എവിടെ എൻറെ കോളാമ്പി ?" ഒരു കൊഴുത്ത ദ്രവംപോലെ വാക്കുകൾ പുറത്തുവന്നു. ആ മുറിയിൽ കോളാമ്പിയില്ലായിരുന്നു. പിന്നെയും അയാൾ എന്തോ സംസാരിച്ചു. അപ്പോഴും വേഴാമ്പലിനെപ്പോലെ മേലോട്ടുതന്നെ നോക്കുകയായിരുന്നു. വാക്കുകൾ വ്യക്തമായില്ല. വലിയതങ്ങൾ ഹുക്ക വലിക്കുന്ന ശബ്ദംപോലെ തോന്നി പൂക്കുഞ്ഞിബീക്ക്.

പുതിയാപ്പിള ഒട്ടും കാത്തുനിന്നില്ല. കട്ടിലിനു താഴെ തുപ്പി. അദ്രാമാൻറെ കുതിര ചാണകമിടുന്ന ശബ്ദത്തോടെ കഫവും തുപ്പലും നിലത്തുവീണു. പിന്നെ പരന്നു. അയാൾ ഒരുപാടുനേരം കുരച്ചു. കുരയ്ക്കുമ്പോഴെല്ലാം തുപ്പുകയും ചെയ്തു.

അവൾ തിരി നീട്ടി. മഞ്ഞക്കഫവും ചോരയും കട്ടിലിനടിയിൽ തളം കെട്ടിക്കിടക്കുന്നു. ചോര കട്ടിലിനടിയിലേക്കു പുഴപോലെ ഒഴുകുന്നു.

അവൾ നിലവിളിച്ചു. അതു കേട്ട പലരും അടുക്കളയിൽനിന്നു മുകളിലേക്കോടി. കോണികയറാൻ തുടങ്ങുന്ന പെണ്ണുങ്ങളെ തടഞ്ഞു കൊണ്ട് ഇബ്രായി പറഞ്ഞു:

"എങ്ങോട്ടാ?"

ആരും ഒന്നും മിണ്ടിയില്ല.

"ഇതൊക്കെ സാധാരണയല്ലേ! ഇത്ര പേടിക്കാൻ പൂക്കുഞ്ഞിബീ ചെറിയ കുട്ടിയൊന്നുമല്ലല്ലോ!"

പക്ഷേ, നിലവിളി തുടർന്നുകൊണ്ടേയിരുന്നു.

ഇബ്രായിയുടെ കൈ തട്ടിമാറ്റി പാത്തുമ്മ കോണി കയറി മുകളിലേക്കോടി. അവൾ വാതിലിൽ മുട്ടി. പൂക്കുഞ്ഞിബീ വാതിൽ തുറന്നു. പാത്തുവിനെ കണ്ടതും അവളെ കെട്ടിപ്പിടിച്ച് പൂക്കുഞ്ഞിബീ കരയാൻ തുടങ്ങി.

പലരും ഓടി മുകളിലെത്തി. അപ്പോഴേക്കും പുതിയാപ്പിളയുടെ ആളുകൾ സ്ഥലംവിട്ടിരുന്നു.

മണിയറയിൽ ആകെ ബഹളം. ഇബ്രായി അഞ്ചു ബേറ്ററിയുടെ ടോർച്ച് തെളിയിച്ചു. കട്ടിലിനടിയിലേക്കൊഴുകിപ്പോകുന്ന ചോരയും കഫവും നോക്കിക്കൊണ്ടു പറഞ്ഞു:

"പതിനായിരംപറ നെല്ലു പാട്ടം പിരിക്കുന്നവനാ. അമ്പത്തൊന്നു കണ്ടിപ്പറമ്പിൻറെ ജന്മിയാ. നോക്കിയാൽ നോക്കെത്താത്ത തെങ്ങിൻ തോപ്പിൻറെ ഉടമയാ. ചോര ഛർദ്ദിച്ചാലെന്താ കുഴപ്പം? ഒന്നോ രണ്ടോ മാസം എല്ലാം സഹിക്കണം, അത്രമാത്രം."

ഇബ്രായി തളർന്നുകിടക്കുന്ന പുതിയാപ്പിളയുടെ നെറ്റിയിൽ കൈ വച്ചു.

"നല്ല പനി. തീപോലത്തെ പനി."

അയാളെ കുറെനേരം കലുക്കിവിളിച്ചുകൊണ്ടു ചോദിച്ചു:

"കുടിക്കണോ?"

ചുണ്ടുകളുടെ കോണിൽ കട്ടപിടിച്ച ചോരയുടെ അംശവുമായി തല ഒരു ഭാഗം ചരിച്ചു പുതിയാപ്പിള അവശനായി കിടന്നു.

രാത്രിക്കുരാത്രിതന്നെ കോമപ്പൻവൈദ്യരെത്തി. ഓലക്കുട കോലായിൽവെച്ചു വേഷ്ടികുടഞ്ഞു പിന്നെയും ചുമലിലിട്ടു. നൂൽക്കണ്ണട ഉറപ്പിച്ചശേഷം കൈവിരലുകൾ പരത്തി രോഗിയുടെ നെഞ്ചിൽ മുട്ടി.

കണ്ണും മൂക്കും പരിശോധിച്ചു. കഴുത്തിലും ചങ്കിലും വിരലുകളമർത്തി. നാഡിപിടിച്ചു. എന്നിട്ടു പറഞ്ഞു:

"കഷ്ടം!"

ഇബ്രായി വൈദ്യരുടെ അടുത്തേക്കു നീങ്ങി. ചുമലിൽ കൈവച്ച് വൈദ്യരുടെ ചെവിട്ടിൽ എന്തോ മന്ത്രിച്ചു. വൈദ്യർ ഇബ്രായിയുടെ കൈ ചുമലിൽനിന്നു തട്ടിമാറ്റി. കട്ടിയേറിയ ചില്ലുകളിലൂടെ ഇബ്രായിയെ രൂക്ഷമായി നോക്കി.

"എല്ലാവരും അറിയട്ടെ. ക്ഷയംതന്നെ രോഗം. അറിഞ്ഞുകൊണ്ടെടുത്ത പണിയല്ലേ?"

ഉത്തരീയം തട്ടി പ്രതിഷേധത്തോടെ വാതിലിറങ്ങുമ്പോൾ ഇബ്രായി ഒരു നോട്ടു നീട്ടി. അപ്പോൾ കോമപ്പൻവൈദ്യർ ഇബ്രായിയെ നോക്കി ഒരാട്ട് :

"ഫ!"

പിന്നെ കോമപ്പൻവൈദ്യർ ആ തറവാട്ടിൽ കാലെടുത്തു വെച്ചിട്ടില്ല.

തമ്പാൻ ഡോക്ടറാണു പിന്നെ ചികിത്സിച്ചത്. മൂന്നു രാപകലുകൾ മരുന്നും ഇഞ്ചക്ഷനുമായി അയാൾ രോഗിയോടു മല്ലടിച്ചു. രാവിലെയും വൈകുന്നേരവും രോഗിയെ വന്നു പരിശോധിച്ചു. അത്രയുംതവണ ജഡ്ക്കവണ്ടി ആശുപത്രിയിലേക്കു പാഞ്ഞു.

നാലാം ദിവസം രോഗി കണ്ണുതുറന്നു സംസാരിച്ചപ്പോൾ തമ്പാൻ ഡോക്ടർ ഇബ്രായിയെ ഒരു മൂലയിലേക്കു വിളിച്ചുകൊണ്ടുപോയി :

"ഇതു തൽക്കാലത്തെ ശമനമാ. ഈ രോഗത്തിന് ഇനി മരുന്നില്ല. രോഗം മൂർച്ഛിച്ചുപോയി."

"അപ്പോൾ എന്തു ചെയ്യും?" ഇബ്രായി പകച്ചു.

ഒട്ടും സംശയിച്ചില്ല. തമ്പാൻ ഡോക്ടർ ഉടനടി പറഞ്ഞു: "ഒരു ഖബർ കുഴിക്കണം. പുതിയാപ്പിളയല്ലേ, പുതിയ ഖബർതന്നെയാവട്ടെ."

ഒരു ബോംബ് വീണപോലെയായി അവിടെ.

അന്നുരാത്രി പൂക്കുഞ്ഞിബീ മുറിയിൽ വന്നപ്പോൾ പുതിയാപ്പിള എഴുന്നേറ്റിരിക്കുകയായിരുന്നു. പൂക്കുഞ്ഞിബീയെ കണ്ടപ്പോൾ ഒരു ചിണുങ്ങനെപ്പോലെ അവൻ ചിരിച്ചു. ചോര വറ്റിയ മുഖം ഒന്നുകൂടി വിളറി. കണ്ണുകൾ കുഴിയാനയെപ്പോലെ പിന്നോട്ടുപോയി.

ഒരു പക്ഷിയുടെ ലാഘവത്തോടെ അയാൾ എഴുന്നേറ്റ് ഒന്നുരണ്ടു ചാൽ നടന്നു. അപ്പോഴേക്കും കിതച്ചു. പിന്നെ വീണ്ടും കട്ടിലിലിരുന്നു. കുറെ ഇരുന്നു കിതപ്പു മാറ്റിയപ്പോൾ അവൻ ഒരു ചോദ്യം:

"ഇവിടെ നല്ല അരിമുറുക്കു കിട്ടുമോ?"

പൂക്കുഞ്ഞിബീ അല്പനിമിഷങ്ങൾ അന്ധാളിച്ചു നിന്നു. അരിമുറുക്കു തിന്നതല്ലാതെ ഇവിടെ കിട്ടുമോ എന്ന് അവൾക്കറിയില്ല. എന്തു പറയണമെന്നറിയാതെ അവൾ കുഴയുമ്പോൾ അവൻ ചോദിക്കുകയാണ് :

"നീ തിന്നിട്ടുണ്ടോ അരിമുറുക്ക്?"

"ഇല്ല."

"പൊണ്ണത്തി." വലിയ ഒരു ജീവിതാനുഭവം നഷ്ടപ്പെടുത്തിയ ഒരു മനുഷ്യനെ നോക്കുമ്പോലെ അവൻ കുറെനേരം അവളെ നോക്കി. എന്നിട്ടു പറഞ്ഞു: "നീ കരയണ്ട. ഞാൻ നാളെ കൊയിലാണ്ടിയിൽ നിന്നു വരുമ്പൊ, രണ്ടെണ്ണം കൊണ്ടുവരും." അല്പം നിർത്തിക്കൊണ്ടു പറഞ്ഞു: "ഒന്നു നിനക്ക്, ഒന്നെനിക്ക്."

ഇത്രയും പറഞ്ഞപ്പോഴേക്കും അവൻ കിതച്ചു. അവശത വീണ്ടും മുഖത്തു നിഴലിക്കാൻ തുടങ്ങി. അവൻ പൊടുന്നനേ കട്ടിലിൽ വീണു മയങ്ങി.

പൂക്കുഞ്ഞിബീ തളർന്നുകിടക്കുന്ന ആ ജീവിയെ ശ്രദ്ധിക്കാതെ എന്തോ ഓർത്തുകൊണ്ടു ജനലിനരികെ നീങ്ങി. വിളക്ക് ഒന്നുകൂടി താഴ്ത്തി. മുറിയിൽ എല്ലാം അവ്യക്തമായി.

ജനൽ തുറന്നപ്പോൾ തണുത്ത കാറ്റ് അകത്തേക്ക് ആഞ്ഞടിച്ചു. പള്ളിയിൽ വിളക്കു കെട്ടിട്ടില്ല. മുക്രി എന്തോ ഓതിക്കൊണ്ടിരിക്കുകയാണ്. ആ മങ്ങിയ വിളക്കൊഴിച്ചുനിർത്തിയാൽ പള്ളിക്കാടു നിറയെ ഇരുട്ട്. ഇരുട്ടിൽ വട്ടമിട്ടു പറക്കുന്ന അസംഖ്യം മിന്നാമിനുങ്ങുകൾ. അവ ശവക്കല്ലറയ്ക്കുമീതെ നൃത്തംവയ്ക്കുകയാണ്. ആ നൃത്തത്തിനു താളമിട്ടു കൈകൊട്ടുന്ന ഒട്ടനവധി പ്രേതങ്ങൾ, ജിന്നുകൾ, ചെകുത്താന്മാർ.

ഇതെല്ലാം നോക്കി മടുത്ത പൂക്കുഞ്ഞിബീ ജനവാതിലടച്ചശേഷം ഒന്നു മറിയാത്തവളെപ്പോലെ കട്ടിലിൽ വീണു. മറ്റേ കട്ടിലിൽനിന്നു ഹുക്കവലിക്കുന്നപോലെ ഒച്ച അപ്പോഴും കേട്ടുകൊണ്ടിരുന്നു.

എപ്പോഴാണ് ഉറങ്ങിയതെന്ന് ഓർമ്മയില്ല. എത്ര നേരം ഉറങ്ങിയെന്നും ഓർമ്മയില്ല. ജനവാതിലിൽ തുടർച്ചയായ മുട്ടു കേട്ട് അവളുണർന്നു. അരണ്ട വെളിച്ചത്തിൽ അവൾ കണ്ണുതുറന്നു. ഒരു മായാപ്രപഞ്ചം.

ഒരു മായാപ്രപഞ്ചം അവളുടെ മുന്നിൽ തുറന്നുകിടക്കുമ്പോലെ തോന്നി അവൾക്ക്. പുതിയ അന്തരീക്ഷം പുതിയ ഗന്ധം. പുതിയ വെളിച്ചം.

അപ്പോഴും ജനൽപ്പാളികളിൽ കൈമടക്കിക്കൊണ്ടുള്ള മുട്ടൽ. പുതിയാപ്പിള നല്ല ഉറക്കത്തിലാണ്.

അവൾ എഴുന്നേറ്റു ജനൽ തുറന്നു.

പുറത്തു പതിന്നാലാം രാവ്. ആ നിലാവിൽ അവളുടെ രാജകുമാരൻ നില്ക്കുന്നു. അരികെ കുതിര. എത്രയോ കാലമായി അവൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന അവളുടെ രാജകുമാരൻ.

“വാ.”

അവൻ നേർത്ത ശബ്ദത്തിൽ പൂക്കുഞ്ഞിബീയെ വിളിച്ചു. ആ വിളിക്ക് ഒരു സ്വർഗീയസ്വരം ഉള്ളപോലെ തോന്നി അവൾക്ക്. രാജകുമാരൻ പിന്നെ ശബ്ദമുണ്ടാക്കാതെ കൂർപ്പിച്ച ചൂണ്ടുവിരൽ അടച്ചു പിടിച്ച ചുണ്ടുകളിൽ കുത്തനെ വെച്ച് അന്തരീക്ഷത്തിൻറെ ഗൗരവവും, ജാഗ്രത പാലിക്കേണ്ട ആവശ്യവും പ്രകടിപ്പിച്ചു.

പുതിയാപ്പിള നല്ല ഉറക്കംതന്നെ. അവൾ വിളക്ക് ഒന്നുകൂടെ താഴ്ത്തി. പിന്നെ വാതിലിനടുത്തു പോയി. കുറെനേരം ചെകിടോർത്തു നിന്നു. ഇല്ല, ഒരൊച്ചയുമില്ല.

അപ്പോൾ രാജകുമാരൻറെ ശബ്ദം കാന്തവിളക്കിൻറെ ഒച്ചപോലെ പുറത്തുവന്നു:

“വാ...വാ...വാ...”

പൂക്കുഞ്ഞിബീ യാതൊരു ശബ്ദവുമുണ്ടാക്കാതെ വാതിലുകൾ ഒന്നിനു പിറകെ ഒന്നായി തുറന്നു. എല്ലാ വാതിലുകളും മലർക്കെ അകത്തേക്കു വീണു.

അതിരാവിലെ ഇബ്രായി എഴുന്നേറ്റു പുറത്തുകടക്കുമ്പോഴാണ് അത്ഭുതപ്പെട്ടുപോയത് ! അകത്തളത്തിലെ വാതിൽ മലർക്കെ തുറന്നു കിടക്കുന്നു. തൻറെ ഓർമ്മക്കുറവിൽ കുണ്ഠിതപ്പെട്ടു മുന്നോട്ടുപോയപ്പോഴാണ് എല്ലാ വാതിലുകളും തുറന്നുകിടക്കുന്ന ഭയാനകമായ കാഴ്ച അവൻ കണ്ടത്. അവൻ നേരേ മുറ്റത്തിറങ്ങി. പടിപ്പുരവാതിലും തുറന്നുകിടക്കുന്നു. രോഷത്തോടെ തിണ്ണയിൽ കയറിച്ചെന്ന് അവൻ കുഞ്ഞാലിയെ നോക്കി. അവൻ നല്ല ഉറക്കമാണ്.

“എണീക്ക് ചെകുത്താനേ!” കുഞ്ഞാലിയെ തട്ടിവിളിച്ചുകൊണ്ടു അവൻ കൂവി.

ഇടിവെട്ടു കേട്ടപോലെ കുഞ്ഞാലി എഴുന്നേറ്റു.

“ഇഞ്ഞി പടിപ്പുരവാതില് പൂട്ടിയില്ലേടാ തെമ്മാടീ ?”

അപ്പോഴാണ് അകത്തുനിന്നു നിലവിളി കേൾക്കുന്നത്. ആദ്യം കേട്ടത് പാത്തുമ്മയുടെ നിലവിളി. പിന്നെ കേട്ടത് ആറ്റബീബിയുടെ:

"പൂക്കുഞ്ഞിബീയെ കാണ്ന്നില്ല."

പൂക്കുഞ്ഞിബീയെ കാണാനില്ല. എല്ലാവരും പരക്കംപാച്ചിലായി. അടുക്കളയിൽ, അടുക്കളക്കോലായിൽ, കുളിമുറിയിൽ, കക്കൂസിൽ, കുതിരപ്പന്തിയിൽ, നെല്ലറയിൽ. പക്ഷേ, പൂക്കുഞ്ഞിബീയെ എവിടെയും കണ്ടില്ല.

എല്ലാവരും പടിപ്പുരവാതിലും കടന്നു പുറത്തേക്ക് ഓടിത്തുടങ്ങി, സ്ത്രീകളും കുട്ടികളും വലിയവരും ചെറിയവരും. അട്ടഹാസങ്ങളും നിലവിളികളും നാടു മുഴുവൻ മുഴങ്ങി. ഒമ്പതരക്കണ്ണൻ തൻറെ പീടിക ഒരു ഹർത്താൽ കണക്കെ പൂട്ടി. ചായ കുടിക്കാനിരുന്ന ആളുകൾ തെരുതെരെ പല ദിക്കിലേക്കും ഓടിത്തുടങ്ങി.

ബഹളംകേട്ട സ്റ്റേഷൻമാസ്റ്റർ ഗബ്രിയേലും ഭാര്യയും ചീട്ടു കൈയിൽ പിടിച്ചുകൊണ്ടു പുറത്തുവന്നു. അപ്പോൾ റെയിൽപ്പാളത്തിലൂടെ ആളുകൾ ഓടുന്നതു കണ്ടു. തെക്കും വടക്കുമായി അവർ പിരിഞ്ഞകലുന്നതും കണ്ടു.

കുഞ്ഞാലി അന്തംവിട്ടു നിന്നതേയില്ല. അവൻ കുറെനേരം മൂക്കു പിടിച്ചിരുന്നു. പൂക്കുഞ്ഞിബീയുടെ നേരിയ ഗന്ധം എങ്ങുനിന്നോ വരുന്നു. ഏതോ കാറ്റിലൂടെ വരുന്നു. പിന്നെ അവൻ പടിപ്പുരയിറങ്ങി. അവനു ലക്ഷ്യമില്ലായിരുന്നു. അവൻറെ ലക്ഷ്യം അവൻറെ നാസാരന്ധ്രങ്ങൾ മാത്രമായിരുന്നു.

ഓരോ കാലടി മുന്നോട്ടുവയ്ക്കുന്തോറും പൂക്കുഞ്ഞിബീയുടെ ഗന്ധം അവൻറെ നാസാരന്ധ്രങ്ങളെ ആകർഷിച്ചു. അവൻ മുന്നോട്ടു നീങ്ങി.

സ്റ്റേഷൻ റോഡും രാജപാതയും കടപ്പുറം റോഡും പിന്നിടുമ്പോഴേക്കും പൂക്കുഞ്ഞിബീയുടെ മണം അവൻ ശരിക്കും മനസ്സിലാക്കി. മൂക്കിനു നേരേ മുന്നോട്ട് അവൻ കുതിച്ചു. മടപ്പള്ളിപ്പള്ളിയും ഹൈസ്കൂളും കടപ്പുറവും കടൽത്തീരത്തെ നെടുകെ മുറിക്കുന്ന പുഴയും കല്ലുമ്മക്കായകൾ വിരിയുന്ന പാറകളും പിന്നിട്ട് അവൻ ഗോസായിക്കുന്നിൻറെ താഴ്വരയിലെത്തി.

ഗോസായിക്കുന്നിൻറെ താഴ്വരയിൽ, കടപ്പുറത്തെ വിജനതയിൽ, ഒരു സ്വർണമത്സ്യംപോലെ പൂക്കുഞ്ഞിബീ അടിഞ്ഞുകിടക്കുന്നു. നനഞ്ഞ പൂഴിയിൽ നുരയ്ക്കുന്ന തിരമാലകൾ തണുത്ത ശരീരത്തെ ഇടയ്ക്കിടെ നനച്ചുകൊണ്ടിരുന്നു.

ഒരുപാടുനേരം അവനവിടെ നിന്നു. അത്രയും നേരം അവൻ പൊട്ടിയലറുന്ന, കരയുന്ന കടലിനെയും നീണ്ടു നീണ്ടു മറയുന്ന കടൽത്തീരത്തെയും നോക്കിനിന്നു. ഏതോ മായാലോകത്തിൽ കുടുങ്ങിയ അവസ്ഥയായിരുന്നു അപ്പോൾ. എപ്പോഴാണ് ഉണർന്നതെന്നോർമ്മയില്ല. വലിയ ഒരാരവം കേട്ടു. അങ്ങു ദൂരെനിന്നു പുറപ്പെടുന്ന ആരവം. പിന്നെ കാഹളംവിളികൾ. കാലടിയൊച്ചകൾ.

കുഞ്ഞാലി വടക്കോട്ടു നോക്കി. കടപ്പുറത്തെ നീണ്ടു വിശാലമായ പൂഴിപ്പരപ്പിലൂടെ ഒരു കൂട്ടം ആളുകൾ നടന്നു നടന്നു തെക്കോട്ടടുക്കുന്നു. എല്ലാവരും പരിചയമുള്ളവരും പരിചയമില്ലാത്തവരും.

പട്ടാളം ഇബ്രായിയാണു മുന്നിൽ. പിറകെ ഒരുപാട് ആണുങ്ങൾ.

പിന്നെ കുഞ്ഞാലി കാത്തുനിന്നില്ല. അവൻ തെക്കോട്ടു നടന്നു. നടന്ന് പൂക്കുഞ്ഞിബീയുടെ ശരീരം പിന്നിടുമ്പോൾ അവൻ വേവലാതി പൂണ്ടു. എവിടെയാണ് ഇനി പോകേണ്ടത്? എങ്ങോട്ടാണ് ചെല്ലേണ്ടത്?

പെട്ടെന്നാണ് ഒഞ്ചിയത്തെ മലയിടുക്കുകളെക്കുറിച്ച് ഓർമ്മവന്നത്. ആ മലയിടുക്കുകൾ ലക്ഷ്യംവെച്ച് അവൻ കടപ്പുറം താണ്ടി കരയിലൂടെ നടന്നു.

ആധുനികതയെ അതിജീവിച്ച നോവൽ

ഏറ്റവും സ്വകാര്യവും വ്യക്തിപരവുമായ അനുഭവങ്ങളിൽനിന്ന് പിറക്കുമ്പോൾപോലും നോവലിൻറെ യഥാർത്ഥ പിതൃത്വം ചരിത്രത്തിനും സമൂഹത്തിനും അവകാശപ്പെട്ടതാണ്. സാമാന്യജനങ്ങൾക്ക് വായിച്ചുരസിക്കാൻ പാകത്തിൽ പാശ്ചാത്യമാതൃകകളുടെ അനുകരണങ്ങളായി എഴുതപ്പെട്ട ആദ്യകാല നോവലുകളിലും അന്നത്തെ സാമൂഹിക ജീവിതസങ്കീർണ്ണതകൾ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുകയുണ്ടായി. നവോത്ഥാന കാലഘട്ടംമുതൽക്കാണ് അനുഭവയാഥാർത്ഥ്യങ്ങൾ മൂർത്തരൂപത്തിൽ നോവലുകളിൽ ആവിഷ്കരിക്കപ്പെട്ടുതുടങ്ങിയത്. വ്യക്തിസമസ്യകൾക്ക് ഉപരിയായ ഒരു സാമൂഹിക സ്വത്വം നിലനില്ക്കുന്നുണ്ടെന്നും അതിൻറെ ഉറവിടം ചരിത്രത്തിൻറെ അടിയൊഴുക്കുകളാണെന്നും മലയാളികൾ തിരിച്ചറിഞ്ഞത് നവോത്ഥാന നോവലുകളിൽനിന്നാണ്. തുടർന്ന് ഉറൂബിൻറെയും കോവിലൻറെയും എം.ടി. യുടെയും കാലംവരെ പല രൂപങ്ങളിൽ ഈ സാമൂഹികത നോവലുകളിൽ ഇടം നേടി. എന്നാൽ ആധുനികതയുടെ വരവോടെ ഈ സാമൂഹികത നോവലിൽനിന്ന് ക്രമേണ അപ്രത്യക്ഷമാകാൻ തുടങ്ങി. ചരിത്രത്തിൻറെ തുറസ്സുകളിൽനിന്ന് വ്യക്തിപരതയുടെ ഇടുക്കങ്ങളിലേക്കു സർഗ്ഗാത്മകത പിൻവാങ്ങിയ കാലമായിരുന്നു അത്. രൂപപരമായ പരീക്ഷണങ്ങൾക്കും ഭാഷാപരമായ ഞെട്ടിച്ചുണർത്തലുകൾക്കും ആഖ്യാനത്തിൻറെ സത്താശൂന്യതയെ മറച്ചുവയ്ക്കാനായില്ല. അപൂർവ്വം രചനകളിലൊഴിച്ച്, നോവലുകളിലെ ജീവിതം അർത്ഥരഹിതവും ചരിത്രനിരപേക്ഷവുമായ വ്യർത്ഥതയുടെ ഉപാഖ്യാനങ്ങളായി മാറി. മലയാളത്തിലെ ആധുനികത പൊതുവായി പിൻതുടർന്നുപോന്ന ഈ ശീലനങ്ങളെയും ശൈലികളെയും തിരസ്കരിച്ച ഒരെഴുത്തുകാരനായിരുന്നു പുനത്തിൽ കുഞ്ഞബ്ദുള്ള. നിരൂപകരുടെയും സാഹിത്യചരിത്രകാരന്മാരുടെയും അളവുകോലുകൾക്കനുസരിച്ച് ഇപ്പോഴും അദ്ദേഹം ആധുനികരുടെ ഗണത്തിലാണ് പരിഗണിക്കപ്പെട്ടുപോരുന്നത്.

ആധുനികതയിൽനിന്ന് വേറിട്ട ഭാവുകത്വത്തിൻറെയും ദർശനപരതയുടെയും അംശങ്ങൾ പുനത്തിലിൻറെ ആദ്യകാലകഥകളിൽത്തന്നെ പ്രകടമായിരുന്നു. ഭാഷയെ നിഗൂഢവത്കരിച്ചും ബിംബങ്ങളെ അമൂർത്തവത്കരിച്ചും ആധുനികർ കൊണ്ടുവന്ന സങ്കേതങ്ങൾക്കെതിരെയുള്ള ഒരു നിശ്ശബ്ദ കലാപം പുനത്തിലിൻറെ കഥകൾ സാക്ഷ്യപ്പെടുത്തി. ഏറ്റവും ലളിതവും അനാർഭാടവുമായ ആഖ്യാനഭാഷയിലൂടെ ഏറ്റവും സൂക്ഷ്മമായ അനുഭവാഖ്യാനങ്ങൾ സാധ്യമാക്കാമെന്നു തെളിയിച്ച ആ കഥകൾ ആധുനികതയുടെ വായനാശീലങ്ങളെ അക്കാലത്തുതന്നെ ചോദ്യം ചെയ്തു. ആധുനിക നോവലുകളിലെയും കഥകളിലെയും കഥാപാത്രങ്ങൾക്കു വിരുദ്ധമായി പച്ചമണ്ണിൻറെ ചൂടും ചൂരുമുള്ള

ഗ്രാമീണ മനുഷ്യരെയാണ് പുനത്തിലിൻറെ കഥാലോകം അനാവൃതമാക്കിയത്. അന്നത്തെ പ്രച്ഛന്നമായ രാഷ്ട്രീയ സാമൂഹിക കാലാവസ്ഥയിൽ വർത്തമാനജീവിതവുമായി സമരസപ്പെടാനാവാത്ത സാധാരണ മനുഷ്യരുടെ ഒറ്റപ്പെടലും വിഭ്രാന്തിയുമായിരുന്നു ആ കഥകളുടെ അനുഭവലോകം. മനുഷ്യജീവിതത്തിൻറെ ആത്യന്തികമായ വ്യർത്ഥതയെക്കുറിച്ചും മരണത്തിൻറെയും ശൂന്യതയുടെയും സങ്കീർണ്ണതകളെക്കുറിച്ചും ഒരേ സ്വരത്തിൽ വാചാലരായ സമകാലികരിൽനിന്നും ചരിത്രപരമായി വേറിട്ടുനില്ക്കുന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സർഗ്ഗാത്മക വ്യക്തിത്വം അതിൻറെ ഏറ്റവും സഫലമായ ആവിഷ്കാരം കണ്ടെത്തുന്നത് 'സ്മാരകശിലകൾ' എന്ന നോവലിലാണ്.

ജീർണ്ണിച്ചതും പുരാതനവുമായ ഒരു പള്ളിയുടെയും അതിനു ചുറ്റുമുള്ള മനുഷ്യസാന്നിദ്ധ്യങ്ങളുടെയും കഥയാണ് 'സ്മാരകശിലകൾ.' മനുഷ്യരെയും പ്രകൃതിയെയും ചൂഴ്ന്നുനില്ക്കുന്ന ഒരുപാട് മിത്തുകളും കെട്ടുകഥകളും ഏതു പ്രദേശത്തുമുണ്ടാകാം. ഇവിടെ പക്ഷേ, മിത്തുകളെ പൊലിപ്പിച്ച് നോവലിൻറെ രൂപസൗകുമാര്യം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളൊന്നും കാണുന്നില്ല. ജീവിതത്തിൻറെ സ്വാഭാവികമായ പരിണതികൾക്കിടയിൽ ഏതു മനുഷ്യനും കെട്ടുകഥയായിത്തീരുന്ന അനുഭവം എവിടെയുമുണ്ട്. ആ അനുഭവസാക്ഷ്യങ്ങളെ ഇതൾവിരിക്കുകയും മിത്തുകൾക്ക് ജീവത്തായ മനുഷ്യമുഖം നൽകുകയുമാണ് നോവലിസ്റ്റ് ചെയ്യുന്നത്. ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾക്ക് ചുറ്റും കറങ്ങുന്ന ജീവിതങ്ങളിലോരോന്നിനും അവരുടേതായ സ്വന്തം ലോകവും ചരിത്രവുമുണ്ട്. ആ ചരിത്രത്തിൻറെ വിശദാംശങ്ങൾ ഏറക്കുറെ നിർമ്മമനായിത്തന്നെയാണ് കുഞ്ഞബ്ദുള്ള രേഖപ്പെടുത്തിവയ്ക്കുന്നത്. ആധുനികതയുടെ കാലത്തെ മറ്റു നോവലുകളിലെന്നപോലെ വക്രീകരണങ്ങളോ വളച്ചുകെട്ടുകളോ ഒട്ടുമില്ലാതെ സ്വച്ഛന്ദമായ ഒരാഖ്യാനരീതിയാണ് നോവലിസ്റ്റ് പിൻതുടരുന്നത്. ഒരു കഥാപാത്രവും മഹത്ത്വവത്കരിക്കപ്പെടുന്നില്ല. പക്ഷേ, ഓരോരുത്തരും സ്വന്തം ശക്തിദൗർബല്യങ്ങളോടെ ജീവിതമെന്ന മഹാനാടകത്തിൽ അവരവരുടെ വേഷങ്ങൾ കെട്ടിയാടുന്നു. പൂക്കോയത്തങ്ങൾ ഇതിഹാസമാനമുള്ള ഒരു കഥാപാത്രമാണ്. നിഗ്രഹാനുഗ്രഹശേഷിയുള്ള ഒരു ഫ്യൂഡൽകർത്തൃത്വമായാണ് ആ കഥാപാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അധികാരപ്രമത്തതയും വിഷയലമ്പടത്വവും പ്രകടിപ്പിക്കുന്ന നിഷ്ഠുരനായ ഒരു ഫ്യൂഡൽപ്രഭുവിൻറെ അടയാളങ്ങളത്രയും പൂക്കോയത്തങ്ങളിൽ കണ്ടെത്താനാകും. നീലിയെന്ന സ്ത്രീയുടെ അച്ഛനാരെന്നറിയാത്ത കുട്ടിയെ കുഞ്ഞാലിയെന്ന് പേരിട്ട് സ്വന്തം മകൾ പൂക്കുഞ്ഞിബീക്കൊപ്പം അറയ്ക്കൽ തറവാട്ടിലെ ഒരംഗത്തെപ്പോലെ വളർത്തുന്ന പൂക്കോയത്തങ്ങളുടെ മനസ്സ് മനുഷ്യവ്യാപാരങ്ങളുടെ സങ്കീർണ്ണതകളെക്കുറിച്ച് നോവലിസ്റ്റിനുള്ള ആഴമേറിയ തിരിച്ചറിവാണ് സാക്ഷ്യപ്പെടുത്തുന്നത്. നിർദ്ധനരും മൂകരുമായ തൻറെ സഹചാരികളോടെല്ലാം നിർണ്ണായകനിമിഷങ്ങളിൽ പൂക്കോയത്തങ്ങൾ കാണിക്കുന്ന അനുഭാവവും കാരുണ്യവും ശ്രദ്ധേയമാണ്. എറമുള്ളാനും അദ്രമാനും ബുഹാരിയും ബാപ്പുകണാരനും പാത്തുവും ഹൈദ്രോസും അവരവരുടെ ദുരിതങ്ങളിൽനിന്ന് രക്ഷപ്പെടാനായി ഉറ്റു നോക്കുന്നത് പൂക്കോയത്തങ്ങളെ മാത്രമാണ്. തങ്ങളുടെ മരണം അദ്ദേഹത്തിൻറെ അനിയന്ത്രിതമായ ലൈംഗികജീവിതത്തിനുള്ള സ്വാഭാവികമായ അന്ത്യംതന്നെ.

നോവലിസ്റ്റായ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ മനുഷ്യോന്മുഖമായ രാഷ്ട്രീയബോധം വെളിപ്പെടുത്തുന്നവരാണ് നോവലിലെ നിർദ്ധനരും അധഃസ്ഥിതരുമായ കഥാപാത്രങ്ങൾ. ജീവിതവ്യവഹാരത്തിൻറെ സമസ്ത മണ്ഡലങ്ങളിലും മനുഷ്യദൈന്യതയുടെ ആഴം അന്വേഷിക്കുന്ന സവിശേഷമായ ഒരു സർഗ്ഗാത്മകമനസ്സ് ഈ എഴുത്തുകാരനുണ്ട്. അറയ്ക്കൽ തറവാട്ടിലെ അടുക്കളയിലും പരിസരങ്ങളിലുമായി അദ്ധ്വാനിക്കാൻ മാത്രം വിധിക്കപ്പെട്ട അശരണരായ സ്ത്രീപുരുഷന്മാരുടെ ഒരു വലിയ

സമൂഹം നോവലിലുണ്ട്. അവരോടുള്ള നോവലിസ്റ്റിൻറെ അനുഭാവവും അതുണർത്തുന്ന സമഗ്രജീവിതബോധവുമാണ് 'സ്മാരകശിലകൾ' എന്ന നോവലിൻറെ ഏറ്റവും വലിയ സവിശേഷത. പാചകത്തിൻറെയും ആഹാരത്തിൻറെയും മഹോത്സവംതന്നെ നടത്തുന്ന അറയ്ക്കൽ തറവാട്ടിൽ ഉച്ഛിഷ്ടങ്ങൾ മാത്രം ഭക്ഷിച്ചുകഴിയുന്ന കുറെ മനുഷ്യരുണ്ട്. ഈ വൈരുദ്ധ്യത്തെ ആഖ്യാനത്തിൻറെ മാന്ത്രികസ്പർശംകൊണ്ടാണ് നോവലിസ്റ്റ് വെളിപ്പെടുത്തുന്നത്. മാർകേസിൻറെ നോവലുകളെ ഓർമ്മിപ്പിക്കുന്ന വിധത്തിലുള്ള കഥാപാത്രങ്ങളും പരിചരണരീതിയും നോവലിൻറെ മാനുഷികാംശത്തെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമാണ്. പൂക്കുഞ്ഞീബിയുടെ ജീവിതദുരന്തം അവൾ കുട്ടിക്കാലത്ത് പറഞ്ഞുകേട്ട ജിന്നുകളുടെയും മലക്കുകളുടെയും കഥകളുടെ ഒരു പാരഡിയായിത്തീരുന്നുണ്ട്. അവരുടെ മൃതദേഹം കടൽക്കരയിൽ ഉപേക്ഷിച്ച് കുഞ്ഞാലി നടന്നുചെല്ലുന്നത് ഒഞ്ചിയത്തെ മലയിടുക്കുകളിലേക്കാണ്. അതാകട്ടെ കുഞ്ഞാലിയുടെ വ്യക്തിത്വം മുന്നോട്ടുവയ്ക്കുന്ന ദർശനപരതയുടെ സഫലമായ സൂചകവുമാണ്.

ആധുനികതയുടെ കാലത്ത് എഴുതപ്പെട്ട നോവലുകളിൽ പലതും ഇന്നത്തെ വായനയിൽ രണ്ടാംകിട കൃതികൾ മാത്രമാണ്. 'സ്മാരകശിലകൾ' ഈ അർത്ഥത്തിൽ ആധുനികതയെ അതിജീവിച്ച രചനയാണ്. 'ഉമ്മാച്ചു'വിൻറെയും 'അസുരവിത്തി'ൻറെയും താവഴിയിൽ പിറന്ന കാലത്തെ അതിജീവിക്കുന്ന ഒരു നോവൽ.

എൻ. ശശിധരൻ

പുനത്തിലിന്റെ പ്രശസ്ത കൃതികൾ



എന്റെ സ്വത്വാന്വേഷണപരീക്ഷകൾ
പുനത്തിലിന്റെ 101 കഥകൾ
പുനത്തിലിന്റെ യാത്രകൾ

ഡി സി ബുക്ക്സ്

Buy books online at
http://onlinestore.dcbooks.com

Enhance your literature world on
www.dcbooks.com

We will help you
customercare@dcbooks.com
9846133336

സ്മാരക ശിലകൾ

പുനത്തിൽ കുഞ്ഞബ്ദുള്ള

"മനുഷ്യജീവിതത്തിന്റെ ആത്യന്തികമായ വ്യർത്ഥതയെക്കുറിച്ചും മരണത്തിന്റെയും ശൂന്യതയുടെയും സങ്കീർണതകളെക്കുറിച്ചും ഒരേ സ്വരത്തിൽ വാചാലരായ സമകാലികരിൽനിന്നും ചരിത്രപരമായി വേറിട്ടുനില്ക്കുന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സർഗ്ഗാത്മകവ്യക്തിത്വം അതിന്റെ ഏറ്റവും സഫലമായ ആവിഷ്കാരം കണ്ടെത്തുന്നത് സ്മാരകശിലകൾ എന്ന നോവലിലാണ്."

- എൻ. ശശിധരൻ

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

നോവൽ

This file was downloaded from Z-Library project

Your gateway to knowledge and culture. Accessible for everyone.

z-library.se singlelogin.re go-to-zlibrary.se single-login.ru

Official Telegram channel

Z-Access

https://wikipedia.org/wiki/Z-Library